# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 29, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം CXX—നമ്പർ 10

വില: ₹ 40.00

©
കേരള സർക്കാർ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കപ്പെട്ടത്—2012.

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 29, വ്യാഴം

സ്പീക്കർ

ശ്രീ. വക്കം പുരുഷോത്തമൻ

ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. എൻ. സുന്ദരൻ നാടാർ

സെക്രട്ടറി

ശ്രീ. കെ. ആർ. ഉദയഭാനു

ചീഫ് എഡിറ്റർ

ശ്രീമതി എസ്. വിജയമ്മാൾ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

2/610/2012—1

LIBRARY ARCHIVES Kerala Legislative Assembly

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | .. | ശ്രീ. എ. കെ. ആന്റണി |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | .. | ശ്രീ. ചെർക്കളം അബ്ദുള്ള |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | .. | ശ്രീ. ബാബു ദിവാകരൻ |
| ഗതാഗത വകുപ്പുമന്ത്രി | .. | ശ്രീ. ആർ. ബാലകൃഷ്ണപിള്ള |
| കൃഷിയും കയറും വകുപ്പുമന്ത്രി | .. | ശ്രീമതി കെ. ആർ. ഗൗരിയമ്മ |
| ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി | .. | ശ്രീ. എം. എം. ഹസ്സൻ |
| ജലവിഭവ വകുപ്പുമന്ത്രി | .. | ശ്രീ. ടി. എം. ജേക്കബ് |
| ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി | .. | ശ്രീ. ജി. കാർത്തികേയൻ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | .. | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി | .. | ഡോ. എം. എ. കുട്ടപ്പൻ |
| റവന്യൂവും നിയമവും വകുപ്പുമന്ത്രി | .. | ശ്രീ. കെ. എം. മാണി |
| മരാമത്ത് വകുപ്പുമന്ത്രി | .. | ശ്രീ. എം. കെ. മുനീർ |
| സഹകരണവും തുറമുഖവും വകുപ്പുമന്ത്രി | .. | ശ്രീ. എം. വി. രാഘവൻ |
| ആരോഗ്യ വകുപ്പുമന്ത്രി | .. | ശ്രീ. പി. ശങ്കരൻ |
| ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി | .. | ശ്രീ. കെ. ശങ്കരനാരായണൻ |
| വിദ്യുച്ഛക്തി വകുപ്പുമന്ത്രി | .. | ശ്രീ. കടവൂർ ശിവദാസൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | .. | ശ്രീ. നാലകത്ത് സൂപ്പി |
| വനവും സ്പോർട്ട്സും വകുപ്പുമന്ത്രി | .. | ശ്രീ. കെ. സുധാകരൻ |
| ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | .. | ശ്രീ. സി. എഫ്. തോമസ് |
| ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | .. | പ്രൊഫ. കെ. വി. തോമസ് |

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം

പേജ്


I. ചോദ്യോത്തരങ്ങൾ :

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 25

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 25

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 46

(3) വൈകികിട്ടിയ ഉത്തരങ്ങൾ .. 148

II. ശ്രദ്ധക്ഷണിക്കൽ :

(1) പി. എസ്. സി. റാങ്ക് ജേതാക്കളായ തൊഴിൽരഹിതരുടെ പ്രശ്നങ്ങൾ—ശ്രീ. എം. വി. ജയരാജൻ .. 167

(2) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള അനാശാസ്യ പ്രവർത്തനങ്ങളെയും മയക്കുമരുന്ന് മാഫിയകളെയും തടയേണ്ടതിന്റെ ആവശ്യകത— ശ്രീ. കെ. എൻ. എ. ഖാദർ .. 171

III. സബ്മിഷൻ :

(1) പത്തനംതിട്ട ജില്ലയിലെ പന്നിക്കുഴി ചെന്നീർക്കര അമ്പലത്തുപാട് പി. സി. ജി. ഭവനിലെ മറിയാമ്മയുടെ കൊലപാതകം—ശ്രീ. രാജു എബ്രഹാം .. 174

(2) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം പ്രവർത്തിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ— ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ .. 175

(3) തീരദേശ നിയമം മൂലമുള്ള പ്രശ്നങ്ങൾ—ശ്രീ. സി. കെ. നാണു .. 175

(4) ചെറുകിട കളിമൺ വ്യവസായികൾ നേരിടുന്ന പ്രതിസന്ധി—ശ്രീ. കെ. പി. വിശ്വനാഥൻ .. 176

(5) ഉമയനല്ലൂർ സർക്കാർ പ്രിന്റിംഗ് പ്രസ്സിന് സ്വന്തമായ കെട്ടിടവും കട്ടിംഗ് മെഷീനും ലഭ്യമാക്കാൻ നടപടി—ശ്രീ. എ. എ. അസീസ് .. 177

(6) ഉടുമ്പൻചോല താലൂക്കിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിക്കാൻ നടപടി—ശ്രീ. കെ. കെ. ജയചന്ദ്രൻ .. 177

(7) അടൂർ താലൂക്കിൽ വരൾച്ചാ ദുരിതാശ്വാസത്തിന് അടിയന്തിര സഹായം ലഭ്യമാക്കണമെന്ന ആവശ്യം—ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 178


LIBRARY ARCHIVES Kerala Legislative Assembly

IV. റിപ്പോർട്ട് സമർപ്പണം : പേജ്

(1) 2004-ലെ കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് .. 178

(2) 2004-ലെ കേരള ടോൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് .. 179

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് .. 179

(4) പിന്നോക്ക സമുദായക്ഷേമ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് .. 179

V. ക്രമപ്രശ്നം :

ബി. എഡ്. കോളേജുകളുടെ ലിസ്റ്റ് റദ്ദാക്കുന്നത് സംബന്ധിച്ച സത്യവാങ്മൂലം .. 179

VI. ധനകാര്യം :

2004-05 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച) .. 182

VII. വ്യക്തിപരമായ വിശദീകരണം : .. 226

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി)

ധനകാര്യം (തുടർച്ച) .. 227

VIII. പ്രമേയം :

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച് .. 236

അനുബന്ധം :

I മുതൽ XV വരെ .. 237

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 29, വ്യാഴം

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2004 ജനുവരി മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ചോദ്യം നമ്പർ 181

കുറ്റിയാടി ജല വൈദ്യുത പദ്ധതിയുടെ വികസനം

*1 [181] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് കുറ്റിയാടി ജല വൈദ്യുത പദ്ധതിയുടെ വികസനത്തിന് മറ്റേതെങ്കിലും ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എത്ര കോടി രൂപയുടെ പദ്ധതിയാണ് ഇപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകും;

(ഇ) ഇതു മുഖേന എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) ഉണ്ട്.

(ബി) നിലവിൽ നടന്നുവരുന്ന ആഗ്മെന്റേഷൻ ടെയിൽ റേസ് പദ്ധതികൾക്കു പുറമെ കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടി ബി.എച്ച്.ഇ.എൽ., എൽ. ആന്റ് ടി. എന്നിവയുടെ സംയുക്ത സംരംഭത്തിന് കരാർ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരാർ തുക 168.28 കോടി രൂപയാണ്.

(ഡി) 2007 മേയ് മാസം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) 100 മെഗാവാട്ട്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, കുറ്റിയാടി ആഗ്മെന്റേഷൻ അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടി ബി.എച്ച്.ഇ.എൽ., എൽ. ആന്റ് ടി. എന്നിവയുടെ സംയുക്ത സംരംഭത്തിന് കരാർ നൽകിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി. അങ്ങനെയെങ്കിൽ വികസനവുമായി ബന്ധപ്പെട്ട കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കടവൂർ ശിവദാസൻ: അതിലെ പ്രധാന വ്യവസ്ഥകൾ ഇതാണ്. 2007 മേയ് മാസത്തിനകം പൂർത്തീകരിക്കാൻ കഴിയും. പിന്നെ സാധാരണ വ്യവസ്ഥകൾക്ക് അനുസരിച്ച് കഴിയുന്നില്ലായെങ്കിൽ അവരുടെ റിസ്ക് ആന്റ് കോസ്റ്റിൽ ആയിരിക്കും ഇലക്ട്രിസിറ്റി ബോർഡ് പൂർത്തീകരിക്കുക.

ശ്രീ. റോഷി അഗസ്റ്റിൻ : സാധാരണ ജലവൈദ്യുതപദ്ധതികൾ പലപ്പോഴും എസ്റ്റിമേറ്റ് സംഖ്യയുടെ അഞ്ചും പത്തും ഇരട്ടി ചെലവഴിച്ചാണ് പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കാൻ നിശ്ചിതസമയത്തിനുള്ളിൽ കഴിയുന്നില്ലായെങ്കിൽ അവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ഈ കരാറിലുണ്ടോ ?

ശ്രീ. കടവൂർ ശിവദാസൻ : അതാണ് റിസ്ക് ആന്റ് കോസ്റ്റ് എന്നുപറഞ്ഞത്. അങ്ങനെ ഉണ്ടാകുന്നില്ല എങ്കിൽ അവരിൽനിന്നും ഈടാക്കും. ഇപ്പോൾ ചെറുകിട ജലസേചന പദ്ധതികളായ ചെമ്പുകടവ്, ഉറുമി എല്ലാം പറഞ്ഞസമയത്തുതന്നെ ചെയ്തുതീർത്തു. മുമ്പൊക്കെ അങ്ങനെ സംഭവിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കാര്യത്തിൽ അങ്ങനെ വരില്ല എന്നാണ് എന്റെ വിശ്വാസം. കാരണം അതിന് ഒരു ഷെഡ്യൂൾ ഉണ്ട്. ആ ഷെഡ്യൂൾ അനുസരിച്ച് ചെയ്യുന്നുണ്ടോ എന്ന് ഒന്നുരണ്ടു മാസം കഴിയുമ്പോൾ റിവ്യൂ ചെയ്യും. ബോർഡുതലത്തിലും മിനിസ്ട്രി തലത്തിലും റിവ്യൂവിന്റെ സംവിധാനമുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ മറുപടിയിൽ ഈ പദ്ധതിയുടെ എക്സ്റ്റൻഷൻ പ്രോജക്ടുകൊണ്ട് 100 മെഗാവാട്ട് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നാണ് വിശദീകരിച്ചത്. നിലവിൽ എത്ര മെഗാവാട്ടാണ് ഈ പദ്ധതിയിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യം വ്യക്തമാക്കാമോ?

ശ്രീ. കടവൂർ ശിവദാസൻ: തുടക്കത്തിൽ ഇത് 75 മെഗാവാട്ടിന്റെ ഒരു പദ്ധതിയായിരുന്നു. പിന്നീട് 50 മെഗാവാട്ട് കൂടെ ചേർത്തു. ഇപ്പോൾ 100 മെഗാവാട്ട് കൂടെ ചേർത്തു.

ശ്രീ. തോമസ് ചാഴികാടൻ : ഈ തവണത്തെ ബഡ്ജറ്റിൽ ചെമ്പുകടവ്, ഉറുമി, മലങ്കര തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുപറയുകയുണ്ടായി. നേരത്തെ ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞതുപോലെ സാധാരണ നമ്മുടെ പദ്ധതികൾക്കുള്ള ഏറ്റവും വലിയ പോരായ്മ അത് നടപ്പാക്കുന്നതിനുള്ള കാലതാമസമാണ്. ഇപ്പോൾ ബി.എച്ച്.ഇ.എൽ.-ഉം എൽ. ആന്റ് ടി.-യുമായിട്ടുള്ള എഗ്രിമെന്റ് അനുസരിച്ച് ഒരു നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും അല്ലെങ്കിൽ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും കെ.എസ്.ഇ.ബി. പറഞ്ഞു. പുതുതായി ആരംഭിക്കുന്ന എല്ലാ പദ്ധതികൾക്കും ഈ തരത്തിലുള്ള ക്ലോസ് ചേർത്തുകൊണ്ട് എഗ്രിമെന്റ് ഉണ്ടാക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ : ഈ ബോർഡ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയത് ചെമ്പുകടവ് I & II-ഉം ഉറുമി I & II-ഉം ആണ്. അവ പറഞ്ഞസമയത്തുതന്നെ പൂർത്തിയാക്കുകയും കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അതിനുശേഷം ഇപ്പോൾ നടന്നുവരുന്നതിലെല്ലാംതന്നെ ഷെഡ്യൂൾ അനുസരിച്ച് റിവ്യൂ ചെയ്ത് ഓരോ കാലയളവിലും ചെയ്തുതീർക്കേണ്ടത് ചെയ്തുതീർക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നുമുണ്ട്. അതുകൊണ്ട് കാലതാമസം വരാനിടയില്ല. അഥവാ കോൺട്രാക്ടറുടെ ഭാഗത്ത് കുഴപ്പമുണ്ടായാൽ അപ്പോൾ തന്നെ നോട്ടീസ് കൊടുത്ത് നടപടിയെടുക്കും.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, കുറ്റിയാടി പദ്ധതിയുടെ വികസനത്തിന് ഏതൊക്കെ സ്ഥാപനങ്ങളുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത് എന്ന് പറയാമോ?

ശ്രീ. കടവൂർ ശിവദാസൻ: അത് ഞാൻ ഉത്തരം വായിച്ചപ്പോൾ തന്നെ പറഞ്ഞു. ബി.എച്ച്.ഇ.എൽ, എൽ. ആന്റ് ടി. എന്നിവരടങ്ങുന്ന കൺസോർഷ്യമാണ്. ബി.എച്ച്.ഇ.എൽ. എന്നുപറയുന്നത് ഒരു പൊതുമേഖലാ സ്ഥാപനമാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ പദ്ധതി നടപ്പാക്കാൻവേണ്ടി കൂടുതൽ വനഭൂമി ആവശ്യമായി വരുമോ; എങ്കിൽ എത്ര ഹെക്ടർ ഭൂമി ആവശ്യമായി വരും?

ശ്രീ. കടവൂർ ശിവദാസൻ: ഇതിന് കൂടുതൽ വനഭൂമിയൊന്നും ആവശ്യമില്ല. ഇത് എക്സ്റ്റൻഷനിൽ വരുന്നതാണ്. അതിന്റെ ക്ലിയറൻസ് കിട്ടിയിട്ടുള്ളതുമാണ്.

ശ്രീ. എം.വി. ജയരാജൻ: സർ, കേന്ദ്ര ഇലക്ട്രിസിറ്റി ബോർഡ് നിയമത്തിന്റെ പശ്ചാത്തലത്തിൽ, ഈ കമ്പനികളൊക്കെ മാറ്റണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡ് ഉണ്ടാക്കിയിട്ടുള്ള നിലവിലുള്ള കരാറുകളുടെ സ്ഥിതി എന്തായിരിക്കും എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കടവൂർ ശിവദാസൻ : ആ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ഈ കമ്പനിയിലെ അസ്സറ്റ്സ് ആന്റ് ലയബിലിറ്റീസ്, തൊഴിലാളികളുടെ കാര്യങ്ങൾ ഇതിലെല്ലാംതന്നെ അവർ പറഞ്ഞിരിക്കുന്ന ഒരു പ്രത്യേക മാനദണ്ഡം ഉണ്ട്. അതനുസരിച്ച് വില നിശ്ചയിക്കപ്പെടും. അങ്ങനെ ചെയ്തുകഴിഞ്ഞാൽ ഉടൻതന്നെ the entire thing will vest in the Government. നിശ്ചിത കാലയളവിൽ, ഒരു മണിക്കൂർ അല്ലെങ്കിൽ, ഒരു ദിവസം, അല്ലെങ്കിൽ ഒരാഴ്ച ഇത്രയും കൂടെ ഗവണ്മെന്റിൽ vest ചെയ്യും. By the time ഗവണ്മെന്റ് വേറെ കമ്പനിയൊക്കെ രജിസ്റ്റർ ചെയ്ത് ഉണ്ടാക്കിയിരിക്കണം. എന്നിട്ട് കമ്പനിയിലേക്ക് ഇത് ഏതേതെല്ലാം പോർഷനിലും ഏതേതെല്ലാം കമ്പനിയിലും കൊടുക്കണം എന്ന് ഗവണ്മെന്റ് തീരുമാനിച്ചിട്ട് അതിനൊരു സ്കീം ഉണ്ടാക്കും. അതനുസരിച്ച് ഉടൻ തന്നെ divest ചെയ്യാൻ ഓർഡർ കൊടുക്കും. അപ്പോൾ അതെല്ലാം കമ്പനിയുടേതാകും.

ശ്രീ. ടി.എൻ. പ്രതാപൻ : സർ, മൂന്ന് ഘട്ടങ്ങളിലായാണ് കുറ്റിയാടി ജലവൈദ്യുത പദ്ധതി പൂർത്തിയായതെന്ന് പറയുകയുണ്ടായി. ഓരോ ഘട്ടത്തിലും വേണ്ടിവന്നിട്ടുള്ള എസ്റ്റിമേറ്റ് സംഖ്യ എത്രയാണ് എന്നും ഉൽപാദനത്തിനനുസരിച്ചാണോ സംഖ്യ അനുവദിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ?

ശ്രീ. കടവൂർ ശിവദാസൻ : ഒറിജിനലായിട്ടുള്ളത് ഏകദേശം 1975-ലോ മറ്റോ ആണ്. അത് വളരെ പഴയതാണ്. അതുകൊണ്ട് തുക വളരെ കുറവാണ്. നിശ്ചയമായ കണക്ക് എന്റെ കൈയിൽ ഇല്ല. 50 മെഗാവാട്ട് ഉണ്ടാക്കുന്നതിന് 224 കോടിയും, ഇപ്പോൾ ഉണ്ടാക്കുന്നതിന് 168 കോടിയും ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ : മനുഷ്യശരീരത്തിന്റെ ജീവശ്വാസംപോലെ, സമൂഹം ചലിക്കണമെങ്കിൽ വൈദ്യുതി ഒരു അത്യാവശ്യ ഘടകമാണ്. കേരളത്തിൽ ഏറ്റവും ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന സംവിധാനമാണ് ജലവൈദ്യുത പദ്ധതികൾ. ഇപ്പോൾ കുറ്റിയാടിയിൽ തന്നെ തുടക്കത്തിൽ ഒരു യൂണിറ്റിന് ഒരു രൂപ 30 പൈസ, 5 വർഷം കഴിഞ്ഞാൽ 80 പൈസ, 15 വർഷം കഴിഞ്ഞാൽ വെറും 23 പൈസയ്ക്ക് വൈദ്യുതി ഉണ്ടാക്കാൻ കഴിയും. ഏതാണ്ട് പള്ളിവാസൽ പദ്ധതിയും സമാനമായ സ്ഥിതി തന്നെയാണ്. അതുപോലെതന്നെ വളരെ ചുരുങ്ങിയ ചെലവിൽ ലിക്വിഫൈഡ് നാച്വറൽ ഗ്യാസ് ഉപയോഗിച്ച് കായംകുളത്ത് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിഞ്ഞാൽ ചുരുങ്ങിയ ചെലവിൽ കേരളത്തിൽ ആവശ്യത്തിന് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും. ഈ പദ്ധതികൾ ഒരു നിശ്ചിത സമയത്തിനകം പൂർത്തീകരിക്കുന്നതിനാവശ്യമായ യുദ്ധകാലാടിസ്ഥാനത്തിലുള്ള പരിപാടികൾ വൈദ്യുതിബോർഡ് ആവിഷ്കരിക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ: ഈ പറഞ്ഞ മൂന്ന് പദ്ധതികളും ഗവണ്മെന്റ് പരിശോധിച്ചുവരികയാണ്. ഇനി ഇവിടെ അവയിലബിളായിട്ടുള്ള എല്ലാ വാട്ടർ റിസോഴ്സസിനും ഹൈഡൽ പവർ എടുക്കുന്നതിനുള്ള തീവ്ര ശ്രമം നടത്തുകയും കേന്ദ്ര ഗവണ്മെന്റിന്റെ ക്ളിയറൻസ് വാങ്ങുകയും ചെയ്യും. ഇപ്പോൾ ഇവിടെ 169 മെഗാവാട്ടിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. രണ്ട് കൊല്ലത്തിനകം 200 മെഗാവാട്ടിന്റെ കൂടെ നിർമ്മാണം ആരംഭിക്കും. കായംകുളത്തെ സംബന്ധിച്ചിടത്തോളം എൽ ആന്റ് ടി കൊണ്ടുവരുന്നതിനുള്ള കരാറിൽ ഗവണ്മെൻറ് ഒപ്പുവച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഏതാണ്ട് 825 ൽ ചില്വാനം മെഗാവാട്ട്, വളരെ ചീപ്പായിട്ട്, രണ്ട് രണ്ടര രൂപയ്ക്ക് കിട്ടും. ഇതെല്ലാം കൂടിയാകുമ്പോൾ അഫോർഡബിൾ റേറ്റിൽ ക്വാളിറ്റി ഇലക്ട്രിസിറ്റി കേരളത്തിൽ ലഭ്യമാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി : സർ, കുറ്റിയാടി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായിട്ടാണ് വയനാട്ടിലെ ബാണാസുരസാഗർ കുറ്റിയാടി ആഗ്മെന്റേഷൻ സ്കീം. ഏതാണ്ട് പത്തിരുപത് വർഷം മുമ്പ് ഏകദേശം അറുപത്തഞ്ചു കോടിയിൽ തുടങ്ങിയ പദ്ധതി ഇപ്പോൾ ഇരുന്നൂറ്റി ചില്വാനം കോടിയായിട്ടും പൂർത്തിയായിട്ടില്ല. ഇങ്ങനെവരുമ്പോൾ കോടിക്കണക്കിന് രൂപ കെ.എസ്.ഇ.ബി.-ക്ക് നഷ്ടം വരും. ഇത്തരം പദ്ധതിയിലൂടെയാണ് കോടിക്കണക്കിനു രൂപ നഷ്ടം വരുന്നത്. ഇത് കുറയ്ക്കുന്നതിനും പെട്ടെന്ന് കമ്മിഷൻ ചെയ്യുന്നതിനും പരിപാടിയുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ കമ്മിഷൻ ചെയ്യും എന്ന് പറയാമോ ?

ശ്രീ. കടവൂർ ശിവദാസൻ : ഇതുസംബന്ധിച്ച് 2007 എന്നുപറയുന്ന പീരീയഡിൽ ചെയ്യത്തക്കനിലയിൽ തന്നെ ചെയ്യണം. നിർഭാഗ്യവശാൽ ഒരു കേസുണ്ടായി. ആ കേസ് സുപ്രീംകോടതി വരെ പോകുന്നതിനിടയിലുള്ള 14, 15 കൊല്ലം പോയി. ആ സുപ്രീംകോടതി വിധി വന്നതിനുശേഷം അത് നോക്കി വളരെ വേഗം ഇത് സ്റ്റാർട്ട് ചെയ്തു. ഇപ്പോൾ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നുനാലു മാസം കഴിയുമ്പോൾ പാർഷ്യൽ കമ്മിഷൻ നടത്താം എന്നാണ് എന്റെ വിശ്വാസം.

ശ്രീ. ടി.പി. രാമകൃഷ്ണൻ : സർ, കുറ്റിയാടി ആഗ്മെന്റേഷൻ പദ്ധതിക്ക് ആവശ്യമായ രൂപം നൽകിയത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ്. കുറച്ച് കാലതാമസം വന്നുവെങ്കിലും ആ പദ്ധതി പൂർത്തീകരിക്കത്തക്കനിലയിൽ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻകൈയെടുത്ത ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്.

**Mr. Speaker:** Very good.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.പി. രാമകൃഷ്ണൻ : ഈ പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഈ ജലവൈദ്യുത പദ്ധതിയുടെ കേന്ദ്രമായ ഡാംസൈറ്റ് കാടുപിടിച്ചുകിടക്കുകയാണ്. ആവശ്യമായ വെളിച്ചം അവിടെ ലഭിക്കുന്നില്ല. ഈ ഡാംസൈറ്റ് സംരക്ഷിക്കുന്ന നിലയിൽ ഒരു നടപടിയും ഉണ്ടാകുന്നില്ല എന്നുള്ളതാണ് ഖേദകരമായ സ്ഥിതി. ഡാംസൈറ്റ് സംരക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനും അതിനാവശ്യമായ പരിരക്ഷ നൽകുന്നതിനും വൈദ്യുതി ബോർഡിന്റെ ഉദ്യോഗസ്ഥന്മാരെപോലും നിശ്ചയിക്കപ്പെടുന്നില്ല. കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള ആളുകളാണ് അവിടെ ജോലി ചെയ്യുന്നത്. ആവശ്യമായത്ര സ്റ്റാഫിനെ നിശ്ചയിക്കുന്നതിനും ഡാംസൈറ്റ് പരിരക്ഷിക്കുന്നതിനും കാട് വെട്ടിത്തെളിച്ച് ആവശ്യമായ വെളിച്ചം ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് അങ്ങ് മുൻകൈയെടുക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ : അതിന്റെ ഉദ്ഘാടനസമയത്തുതന്നെ ബഹുമാനപ്പെട്ട അംഗം എന്റെ ശ്രദ്ധയിൽ ഇത് കൊണ്ടുവന്നു. എം.എൽ.എ. ആവശ്യപ്പെട്ടതുപോലെ കാര്യങ്ങൾ ചെയ്യുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്താൽ നമ്മളിപ്പോൾ ഉൽപ്പാദന മേഖലയിൽ കൈക്കൊണ്ടിട്ടുള്ള മുൻകരുതലുകളൊന്നും പര്യാപ്തമാണെന്ന് തോന്നുന്നില്ല. ഈ സാഹചര്യത്തിൽ ജലവൈദ്യുത പദ്ധതികളെമാത്രം ആശ്രയിച്ച് വൈദ്യുതി ഉൽപ്പാദന രംഗം മുന്നോട്ടു പോകുന്നതിനു പകരം മറ്റ് നൂതന അണുശക്തി സങ്കേതങ്ങളോ അതല്ലെങ്കിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് പുതുതായി ഇതിനു പരിഹാരമായി ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ : അണുശക്തി നിലയം ഗവണ്മെന്റ് റൂളൗട്ട് ചെയ്തിട്ടില്ല. അത് പഠിക്കുന്നതിന് 'ടെൽക്ക്'-നെ നിയോഗിച്ചിട്ടുണ്ട്. അവർ പഠിച്ച് റിപ്പോർട്ട് തരുമ്പോൾ ഗവണ്മെന്റ് വേണ്ടത് ചെയ്യും. പിന്നെ ഏറ്റവും പ്രധാനമായിട്ട് 820 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കായംകുളത്ത് വളരെ കുറഞ്ഞ വിലയ്ക്ക് എൽ.എൻ.ജി. കിട്ടുന്നതിനുള്ള പദ്ധതിക്ക് ഗവണ്മെന്റ് കെ.എസ്.ഐ.ഡി.സി.-യുമായി ഒപ്പു വച്ചിട്ടുണ്ട്. പദ്ധതി വളരെവേഗം നടക്കുന്നുണ്ട്. അത് കിട്ടുമ്പോൾ നമുക്ക് ആശ്വാസമാകും. അതുപോലെ ഹൈഡൽ പ്രോജക്ട് മാക്സിമം നമുക്ക് ഉപയോഗിക്കാനുള്ള ശ്രമവും ഗവണ്മെന്റ് നടത്തുന്നതാണ്.

ശ്രീ. മത്തായി ചാക്കോ : കക്കാട് ജലവൈദ്യുത പദ്ധതിയുടെ പവ്വർ ജനറേറ്റർ കേന്ദ്രം കക്കയത്താണ്. കോഴിക്കോട്, വയനാട് ജില്ലകളുടെ ബോർഡറിലുള്ള വനപ്രദേശം യഥാർത്ഥത്തിൽ വൃഷ്ടി പ്രദേശമെന്നാണ് പറയുന്നത്. അവിടെ ഡാമിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അഞ്ച് പത്ത് വർഷം കഴിഞ്ഞാൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത രീതിയിൽ വെള്ളത്തിന്റെ കുറവ് ഉണ്ടാകുമെന്നുള്ളത് വൈദ്യുതി ബോർഡിന്റെ പഠനത്തിൽ വെളിപ്പെട്ടിട്ടുണ്ടോ; അതിന്റെ അടുത്ത പ്രദേശത്ത് മൂവായിരത്തോളം ഏക്കർ വരുന്ന വനഭൂമി സ്വകാര്യ വ്യക്തികൾ കൈയേറിയതു സംബന്ധിച്ച കേസിൽ ഗവണ്മെന്റ് കേസ് തോറ്റുകൊടുത്തതിന്റെ ഭാഗമായി ആ വനം കൈയേറി വെട്ടി നശിപ്പിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ വനം വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഇതിന്റെ വൃഷ്ടി പ്രദേശത്തെ വനപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടിക്ക് ഇലക്ട്രിസിറ്റി ബോർഡ് മുൻകൈയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ : ബാണാസുരസാഗർ കംപ്ളീറ്റായി. അവിടെ നിന്ന് വെള്ളം വരുമ്പോൾ ഈ മൂന്നു സ്കീമുകളും നന്നായി നടക്കുമെന്നാണ് പ്രതീക്ഷ. വൃഷ്ടി പ്രദേശത്തു നിന്നുള്ള കുഴപ്പങ്ങൾ മെമ്പർ പറഞ്ഞത് അന്വേഷിക്കുകയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ കൊണ്ട് നടപടിയെടുപ്പിക്കുന്നതിന് വേണ്ട കാര്യങ്ങൾ ചെയ്യുകയും ചെയ്യാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നമ്മുടെ വൈദ്യുതി ഉൽപ്പാദന രംഗത്ത് രണ്ട് കോൺട്രഡിക്ഷൻസ് നിലനിൽക്കുന്നുണ്ട്. ഒന്ന്, ഹൈഡൽ പ്രോജക്ട് മുഖാന്തിരം നമ്മുടെ നാട്ടിൽ ഏറ്റവും കുറഞ്ഞ ചെലവുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പറ്റുന്നത്. മറ്റേത്, നമ്മുടെ താപനിലയം പോലെ, അല്ലെങ്കിൽ അതുപോലുള്ള നാഫ്ത ഉപയോഗിച്ച് നമുക്ക് വൈദ്യുതി ഉണ്ടാക്കുന്ന നിലയങ്ങൾ വരുമ്പോൾ വൈദ്യുതിയുടെ Cost of production വർദ്ധിക്കുകയാണ്. ചിലപ്പോൾ കായംകുളം താപനിലയത്തിൽ ചില സന്ദർഭങ്ങളിൽ വൈദ്യുതിയുടെ വില 12 രൂപ വരെ പെർ യൂണിറ്റിന് വർദ്ധിക്കുന്നു. ഇവിടെ 23 പൈസക്ക് നമുക്ക് കിട്ടുന്നു. ഈ സാഹചര്യം ഉപയോഗിച്ച് നമ്മുടെ ജലവൈദ്യുത പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ട ശ്രമം നടത്തുന്നതിൽ വിദേശ കമ്പനികളുടെ ഇൻവോൾവ്മെന്റ് ചിലത് വരികയാണ്. ഇൻഡ്യയിലെ സ്വദേശ കമ്പനികൾ ക്വാട്ട് ചെയ്ത സ്ഥലത്തുപോലും വിദേശ കമ്പനികൾക്ക് കരാർ കൊടുത്ത് ചില അന്വേഷണങ്ങൾ കേരള സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ആ അന്വേഷണത്തിന്റെ സ്ഥിതി എന്തായി എന്ന് ഈ സഭയെ അറിയിക്കാമോ ?

ശ്രീ. കടവൂർ ശിവദാസൻ: ഒരു സ്പെസിഫിക്കായിട്ടുള്ള ചോദ്യം ചോദിക്കാതെ ഞാൻ എങ്ങനെയാണ് ഉത്തരം പറയുന്നത്. എസ്.എൻ.സി. ലാവ്ലിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് സബ്ജക്ട് കമ്മിറ്റി റെക്കമെന്റ് ചെയ്ത് ഗവണ്മെന്റിലേക്ക് അയച്ചിട്ടുണ്ട്. അത് വിജിലൻസിലേക്ക് പോയി വന്നതിനുശേഷം ഉള്ള സ്ഥിതി എനിക്ക് അറിഞ്ഞുകൂട.

ശ്രീ. ബിനോയ് വിശ്വം : 2007 ആകുമ്പോഴേയ്ക്കും കുറ്റിയാടി പദ്ധതിയുടെ പ്രവൃത്തി പൂർത്തിയാകും. ഇല്ലെങ്കിൽ risk and cost-നെപ്പറ്റിയൊക്കെ ഇവിടെ പറയുകയുണ്ടായി. പക്ഷെ, പുറകോട്ടു നോക്കിയാൽ '1971-ലൊക്കെ ആരംഭിച്ച ധാരാളം പദ്ധതികൾ നീണ്ടുപോകുന്നു. കരാർ പണി മുടങ്ങുന്നു. കോടതിയിൽ കേസുണ്ടാകും. ബോർഡ് കേസ് തോൽക്കുന്നു. 10 കോടി രൂപയും പലിശയും ബോർഡ് കൊടുത്തു. അതിന്റെയെല്ലാം പുറമെ 2003 ജനുവരി മാസം 17-ാം തീയതി ബോർഡിന്റെ ഉത്തരവു പ്രകാരം വീണ്ടും 3 കോടി രൂപയോളം കരാറുകാരന് കൊടുക്കാൻ ഉത്തരവിറക്കിയിട്ടുണ്ട്. ബോർഡിലെ പാഴ്ചെലവ് കുറയ്ക്കാൻ വേണ്ടി പറയുന്ന അതേ ആളുകൾ തന്നെയാണ് വകമാറ്റി തെറ്റായ വഴിയിൽകൂടി ഇത്രയും വലിയ സംഖ്യ കൊടുക്കുന്നത്. ഈ പോക്ക് ബോർഡിനെ സഹായിക്കുമോ, ഈ പദ്ധതിയെ സഹായിക്കുമോ, എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ : സഹായിക്കും. അതായത്, ബോർഡ് അടുത്ത കാലത്ത് ചെയ്ത ഏറ്റവും നല്ല കാര്യവും മോശമായി അങ്ങേക്ക് ചിത്രീകരിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഒരുപക്ഷേ വിജയമായിരിക്കും. വസ്തുത എങ്ങനെയെന്നു വച്ചാൽ 14 വർഷമായി കേസ് നടത്തി. ഈ പതിനാല് വർഷത്തിൽ ബോർഡ് ലേബർ കോടതിയിൽ തോറ്റു. ഹൈക്കോടതിയിലും തോറ്റു. സുപ്രീം കോടതിയിലും തോറ്റു. ബോർഡിന് absolutely no respect for law. ഇവരെ ഒന്നിനും കൊള്ളുകയില്ല എന്ന് സുപ്രീം കോടതി ഉൾപ്പെടെ എല്ലാപേരും പറഞ്ഞു. അവർക്ക് 9 കോടി രൂപ കൊടുക്കാൻ പറഞ്ഞു. പലിശ കൊടുക്കാൻ പറഞ്ഞു. ഈ പരിതഃസ്ഥിതിയിൽ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇതെല്ലാം പരിശോധിച്ചിട്ട് ഉടൻതന്നെ അയാളുടെ ബില്ലുകൾ കൊടുത്തു കൊള്ളണമെന്നും അയാളെ കൊണ്ടുതന്നെ പണി ചെയ്യിക്കണമെന്നും, കരാർ ക്യാൻസൽ ചെയ്തത് absolutely illegal ആണെന്നും he must be put it back in the old position എന്നും സുപ്രീം കോടതി പറഞ്ഞാൽ കേട്ടല്ലേ ഒക്കുകയുള്ളു. അതാണ് ഈ 3 കോടി രൂപ എന്നു പറഞ്ഞത്. സുപ്രീം കോടതി ജഡ്ജ്മെന്റ് അനുസരിച്ച് അയാളെ കൊണ്ടു മാത്രമേ നടത്തിക്കാൻ കഴിയൂ അയാളെക്കൊണ്ട് ചെയ്യിപ്പിച്ചുകൊണ്ടിരുന്നു. ബോർഡിൽ നടന്ന ഏറ്റവും നല്ല കാര്യങ്ങളിലൊന്ന്, ഈ പതിനാലു വർഷം പഴക്കമുള്ള 100 മെഗാവാട്ടിനും, 50 മെഗാവാട്ടിനും വെള്ളം വരേണ്ട ബാണാസുരസാഗർ ചെയ്തുവെന്നതാണ്. അത് ചെയ്തില്ലെങ്കിൽ ഇതെല്ലാം വെറുതെയാകും.

ശ്രീ. എ. കെ. മണി : വിദ്യുച്ഛക്തി വകുപ്പുമന്ത്രി അധികാരത്തിൽ വന്നതിനുശേഷം ധാരാളം സ്കീമുകൾ കേരളത്തിൽ നടന്നതിൽ സന്തോഷമുണ്ട്. ഏറ്റവും കൂടുതൽ ജല വൈദ്യുത പദ്ധതികൾ എന്റെ മണ്ഡലമായ ഇടുക്കിയിലെ ദേവികുളത്താണ്. ആദ്യത്തെ ജലവൈദ്യുത പദ്ധതി തന്നെ പള്ളിവാസൽ സ്കീമാണ്. എന്റെ മണ്ഡലത്തിൽ ഇപ്പോഴും ജനങ്ങൾ ഇരുട്ടിലാണ്. മാങ്കുളം വില്ലേജിലെ ചില ഗ്രാമങ്ങളിലെ ജനങ്ങൾ മുഴുവൻ ഇത്രയും കാലം വെളിച്ചമില്ലാതെ കഴിയുകയാണ്. മാങ്കുളത്ത് ഒരു ഹൈഡൽ സ്കീം നിലവിലുണ്ട്. ഈ സ്കീമിന് എപ്പോഴാണ് തുടക്കം കുറിക്കുക. ആ ഗ്രാമത്തിൽപെട്ട ജനങ്ങൾക്ക് എപ്പോൾ വൈദ്യുതി കൊടുക്കാൻ സാധിക്കുമെന്ന് ബഹുമാനപ്പെട്ട ഗവണ്മെന്റ് വ്യക്തമാക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ : സെൻട്രൽ ഗവണ്മെന്റിൽ നിന്നുള്ള ക്ളിയറൻസ് കിട്ടണം. ആ ക്ളിയറൻസ് ഏകദേശം കിട്ടി. സെൻട്രൽ ഗവണ്മെന്റിൽ ആ വകുപ്പിലെ മന്ത്രിക്ക് മാറ്റമുണ്ടായതുകൊണ്ടാണ് ഡിലേ ആയത്. ഉടൻതന്നെ ക്ളിയറൻസ് മേടിച്ച് സ്റ്റാർട്ട് ചെയ്യുന്നതാണ്. ചില സ്ഥലത്തൊക്കെ ഇപ്പോഴും കറണ്ട് എത്തിയിട്ടില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : വടക്കേ മലബാറിൽ അൽപ്പം കറന്റ് ഉൽപ്പാദിപ്പിക്കുന്ന പവ്വർ സ്റ്റേഷനാണ് മൈലാട്ടി ഡീസൽ പ്ളാന്റ്. അവിടെ കുറേ മാസങ്ങളായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ മണ്ഡലത്തിലെ സംഗതിയാണ്. അതിന്റെ ശേഷി വർദ്ധിപ്പിക്കാൻ ചുരുങ്ങിയ ചെലവിൽ കുറേക്കൂടെ നല്ല ഇന്ധനമുപയോഗിച്ച് ആ പവ്വർ സ്റ്റേഷൻ പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും പദ്ധതി വൈദ്യുതി ബോർഡിന്റെ മുൻപിലുണ്ടോ ?

ശ്രീ. കടവൂർ ശിവദാസൻ: നാഫ്ത ഉപയോഗിച്ചും എൽ.എസ്.എച്ച്.എസ്. ഉപയോഗിച്ചുമുള്ള ബ്രഹ്മപുരം, കോഴിക്കോട് ഉൾപ്പെടെയുള്ള എല്ലാ സ്റ്റേഷനുകളിലെയും വൈദ്യുതി ഉൽപ്പാദനം ഇപ്പോഴത്തെ രീതിയിൽ നഷ്ടമാണ്. ഇപ്പോൾ സെൻട്രൽ ഗവണ്മെന്റിൽ നിന്നും കറന്റ് എടുക്കുന്നതിന് പുതിയ ABC (Available Based Current) സിസ്റ്റം എടുത്തിട്ടുണ്ട്. കറന്റിന്റെ അവൈലബിലിറ്റിയുടെ അടിസ്ഥാനത്തിൽ എടുക്കുന്നതാണ്. ചില സമയത്ത് ഒന്നര രൂപയ്ക്ക് കിട്ടും. ചില സമയത്ത് 5 രൂപയാകും. അത് കൃത്യമായി അതിന്റെ ഓഫീസർമാർ ഓരോ പതിനഞ്ചും പത്തും മിനിറ്റ് ഇത് നോക്കിയെടുക്കുമ്പോൾ നമുക്ക് രണ്ട്, രണ്ടര രൂപയ്ക്ക് കറന്റ് കിട്ടും. നേരെമറിച്ച് ഇവിടെ കൂട്ടിയപ്പോൾ അവിടെയെല്ലാം ഒരു യൂണിറ്റിന് 50 പൈസയ്ക്ക് മുകളിലാകുന്നു. അത് നഷ്ടമായതുകൊണ്ട് തൽക്കാലം പ്രൊഡക്ഷൻ നിർത്തിവച്ചു എന്നുമാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഇതൊരു ബിസിനസ് സ്ഥാപനം എന്നുള്ള നിലയിൽ നഷ്ടം ഏറ്റെടുക്കാൻ ഒക്കുമോ when it is available elsewhere in a cheap manner—ചീപ്പായി വേറെ ഇലക്ട്രിസിറ്റി കിട്ടാനുള്ളപ്പോൾ കൂടിയവിലയ്ക്ക് മേടിക്കുന്നത് ഒരു ബിസിനസ് സ്ഥാപനത്തിന് ശരിയല്ല എന്നുള്ളതുകൊണ്ട് അങ്ങനെ ചെയ്യുന്നില്ല.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : കുറ്റിയാടി പദ്ധതി നടപ്പാക്കിയതിനുശേഷം അതിന്റെ പ്ലാനിൽ അടിസ്ഥാനപരമായ മാറ്റം വരുത്തിയതായാണ് മനസ്സിലാക്കുന്നത്. ഇതിനു കാരണമെന്താണ്; ഇതിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടോ; ഇനി റിവിഷൻ വേണ്ടിവരുമോ ?

ശ്രീ. കടവൂർ ശിവദാസൻ : അങ്ങനെ ബേസിക്കായിട്ട് ഒന്നുമില്ല. ആദ്യമായിട്ട് ഇത് കൊടുക്കുമ്പോൾ തന്നെ ഒരു ഡിസൈനോ ഒന്നും പ്രത്യേകമായി ബോർഡ് തയ്യാറാക്കിയല്ല ചെയ്തത്. അതുകൊണ്ട് ഓരോ കോൺട്രാക്ടർമാരും ഓരോ ഡിസൈൻ കൊടുക്കും. അതെല്ലാം പഠിച്ച് ഡിസൈനുണ്ടാക്കുന്നു. അങ്ങനെയാണ് ഇപ്പോൾ നടക്കുന്നത്. ഇനി അത് മാറ്റേണ്ട ആവശ്യമൊന്നും തൽക്കാലമില്ല.

ശ്രീ. എം.എ. വാഹീദ് : രാത്രികാല ലോഡ് ഷെഡ്ഡിംഗ് വലിയ ദുരിതമായി മാറുകയാണ്. എം.എൽ.എ. ഹോസ്റ്റലിൽ 10 മിനിറ്റിലൊരിക്കലാണ് കറണ്ട് പോകുന്നത്. കുറ്റിയാടി വൈദ്യുത പദ്ധതി ഉൾപ്പെടെ എത്ര പദ്ധതികൾ പൂർത്തിയാക്കിയാൽ നമ്മുടെ കേരളത്തിലെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ കഴിയുമെന്ന് മന്ത്രി വ്യക്തമാക്കുമോ ?

ശ്രീ. കടവൂർ ശിവദാസൻ : ഇതൊക്കെ നിയന്ത്രണാതീതമായ സാഹചര്യങ്ങളിൽ സംഭവിക്കുന്നതാണ്. കേരളമൊഴിച്ച് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വളരെ സിവിയറായ പവർ കട്ട് ഉള്ളപ്പോൾ നമുക്ക് ഏതാണ്ട് 50 ശതമാനത്തിനു മുകളിൽ മഴ കുറവായിട്ടും പവർ കട്ടില്ലാതെ ബോർഡ് ഇത് കൊണ്ടുപോകുന്നുവെന്നുള്ളത് വലിയ കാര്യമാണ്. ഇത് പവർ കട്ടല്ല. ലോഡ് ഷെഡ്ഡിംഗാണ്. നിയസഭാ ഹോസ്റ്റലിലെ പ്രശ്നത്തെപ്പറ്റി അന്വേഷിക്കാം. തിരുവനന്തപുരത്ത് പത്ത് മിനിറ്റിനുള്ളിൽ കംപ്ലയിന്റ് പരിഹരിക്കാൻ മൊബൈൽ യൂണിറ്റ് സിസ്റ്റമുണ്ട്. അവിടെ വിളിച്ചാൽ ഉടൻതന്നെ അവർ പരിഹരിക്കും. എങ്കിലും ഞാൻ ഇപ്പോൾതന്നെ അന്വേഷിക്കാം.

ശ്രീ. ടി. കെ. ദേവകുമാർ: കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ചുള്ള ചോദ്യത്തിന്റെ ഭാഗമായി കായംകുളം താപനിലയം സംബന്ധിച്ച് ഒരു കാര്യം പറയുകയുണ്ടായി. അങ്ങനെ തീരുമാനമെടുത്തതിൽ സന്തോഷമുണ്ട്. ഞാൻ ചൂണ്ടിക്കാണിക്കുന്നത് കായംകുളം ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തിയാകുന്നതോടുകൂടി കായംകുളം കായൽ ഉപ്പുജല തടാകമായി മാറുകയാണ്. പൊഴി അഴിയായി മാറുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതുകാരണം ഇപ്പോൾതന്നെ എൻ.ടി.പി.സി.-ക്ക് ആറ്റിൽ ഉപ്പുവെള്ളം കയറിയിട്ട് നിർത്തി വയ്ക്കേണ്ട സ്ഥിതി വരുന്നു. ആറിരട്ടി വെള്ളമാണ് 2-ാം ഘട്ടത്തിൽ വേണ്ടത്. അപ്പോൾ ഉപ്പുവെള്ള ഭീഷണി ഒഴിവാക്കാൻ കായംകുളം കായലിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ഒരു പഠന റിപ്പോർട്ട് ഇപ്പോഴുണ്ട്. ആ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് എൻ.ടി.പി.സി.-യുമായി ചർച്ച ചെയ്ത് അതിന് ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: ഉപ്പ് വെള്ളത്തിന്റെ കാര്യം ഇപ്പോൾ ഇവിടെ പറയുന്നതുപോലെയല്ല. മഴ കുറവായതുകൊണ്ട് നദികളിൽ വെള്ളം കുറഞ്ഞതുകൊണ്ട് ഇങ്ങോട്ട് കയറി. ഇപ്പോൾ ഒരു ബണ്ട് നിർമ്മിച്ച് ഈ പ്രശ്നം പരിഹരിച്ചു. വ്യാപകമായി ഇങ്ങനെയൊരു പ്രശ്നമുണ്ടോ എന്നത് സംബന്ധിച്ച് ഞാൻ അന്വേഷിക്കാം.

ശ്രീ. സി. മോയിൻ കുട്ടി : ജലവൈദ്യുത പദ്ധതികൾ വളരെയേറെ അനുഗ്രഹമാണ്. പക്ഷേ ഈ പദ്ധതികൾ വരുന്നതിനുമുമ്പ് തദ്ദേശിയർ അനുഭവിച്ചുവന്ന മറ്റുപല സൗകര്യങ്ങളുമുണ്ട്. പ്രധാനമായും യാത്രാ പ്രശ്നം, സ്വൈരമായി സംസ്ഥാനത്തുള്ളവർക്ക് അന്തിയുറങ്ങുവാനുളള സാഹചര്യം ഒക്കെ. പക്ഷേ ഈ പദ്ധതി പുരോഗമിക്കുന്നതുകൊണ്ട് പദ്ധതി പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് വളരെയേറെ പ്രയാസങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്. യാത്രാ ദുരിതം, ഭൂപ്രദേശമാകെ മാറ്റിമറിക്കുകയാണ്. പുനരധിവാസത്തിന് അനിവാര്യമായ നടപടികൾ ഉണ്ടാവുന്നില്ല. കാലതാമസം വരുകയാണ്. ഇത്തരം കാര്യങ്ങൾ ഗൗരവമായി ഗവൺമെന്റ് കണ്ടുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് സമയപരിധിയിലൂടെ എന്തെങ്കിലും കർമ്മ പരിപാടി ആവിഷ്കരിക്കുന്നതിന് തയ്യാറാകുമോ?

മി. സ്പീക്കർ : ഈ ചോദ്യം ഇതുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. കെ. ബാബു: സർ, പുതിയ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് ഏത് ഭാഗത്തു നിന്നും ഏത് പ്രദേശത്തേക്കും വൈദ്യുതി കൊണ്ടുവരാം എന്നുളള വ്യവസ്ഥ നിലവിൽ വന്നിരിക്കുകയാണ്. കുറഞ്ഞ നിരക്കിൽ വൈദ്യുതി പല കേന്ദ്രങ്ങളിൽനിന്നും സുലഭമാണ്. ഈ സാഹചര്യത്തെ ഇലക്ട്രിസിറ്റി ബോർഡ് എങ്ങനെ നേരിടാൻ ആലോചിക്കുന്നുവെന്ന് വ്യക്തമാക്കുമോ; രണ്ടാം ഇടുക്കി എന്ന് അറിയപ്പെടുന്ന ഇടമലയാർ പദ്ധതിയുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടവൂർ ശിവദാസൻ : ഇലക്ട്രിസിറ്റി ആക്ട് ഈ രാജ്യത്തെ ഒരു നിയമമാണ്. അത് അനുസരിക്കാതെ പറ്റില്ല. ഇൻഡ്യൻ പീനൽ കോഡിനെ ഒരു പ്രക്ഷോഭണത്തിലൂടെ മാറ്റാൻ കഴിയുമോ? അതുപോലെ ഇതും സാധിക്കുന്ന കാര്യമല്ല. ഓപ്പൺ എക്സസ് ഉണ്ട്. ഓപ്പൺ എക്സസിൽ ആരെങ്കിലും അപേക്ഷിച്ചാൽ അതിന്റെ വാല്യു എന്താണെന്ന് റഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ആർക്ക് വേണമെങ്കിലും കൊണ്ടുവരാം. ബോർഡിനും കൊണ്ടുവരാം. നിയമാനുസരണം ഇതെല്ലാം ചെയ്ത് നടത്തുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ ചില പ്രഖ്യാപനങ്ങൾ ഉണ്ടായി. കഴിഞ്ഞ സഭാ സമ്മേളനത്തിൽ എന്റെ നിയോജക മണ്ഡലത്തിന്റെ കിഴക്കൻ മേഖലയിൽ മൂന്ന് ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഈ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചു. വക്കല്ലാർ, ചെളിക്കല്ലാർ, അച്ചൻകോവിൽ ഈ പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ ഒന്നുംതന്നെ കാണുന്നില്ല. ഈ പദ്ധതി നടപ്പാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഈ വർഷംതന്നെ ആരംഭം കുറിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: മൂന്നുംകൂടിചേർന്ന ഒരു പദ്ധതിക്ക് സെൻട്രൽ ഗവൺമെന്റിന്റെ ക്ളിയറൻസ് കിട്ടാത്തതിന്റെ പരിതഃസ്ഥിതിയിൽ 'ടിൻകല്ലാർ' എന്ന പേരിൽ കുറേ വനഭൂമി ഉൾപ്പെടുത്തി ഒരു പദ്ധതി ഇപ്പോൾ ഇൻവെസ്റ്റ്ഗേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അത് നടപ്പാക്കും. അല്ലെങ്കിൽതന്നെ തമിഴ്നാട്ടിൽ വെള്ളം കൊണ്ടുപോകുന്ന പ്രശ്നമുണ്ട്. അത് തടയുന്നതിനും 'ടിൻകല്ലാർ' എന്ന പ്രോഗ്രാം നടപ്പാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ 182. ശ്രീ. കെ. കെ. ജയചന്ദ്രൻ.

ആദിവാസികൾക്ക് സൗജന്യ റേഷൻ

*2 [182] ശ്രീ. കെ.കെ. ജയചന്ദ്രൻ:
" വി. കെ. ചന്ദ്രൻ:
" എം. വി. ജയരാജൻ:
" കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മയും പട്ടിണിയും രോഗങ്ങളുംമൂലം പൊറുതിമുട്ടുന്ന ആദിവാസികൾക്ക് സൗജന്യറേഷൻ നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് എത്ര അരി വീതം എത്ര നാളത്തേക്ക് സൗജന്യമായി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ വാഗ്ദാനം ചെയ്ത ഭൂമി ലഭിക്കുന്നതിലേക്ക് വിവിധ സ്ഥലങ്ങളിൽ കുടിൽകെട്ടി താമസിച്ചുകൊണ്ട് സമരത്തിലേർപ്പെട്ടിരിക്കുന്ന ആദിവാസികൾക്ക് സൗജന്യറേഷൻ ലഭ്യമാക്കുകയുണ്ടായോ;

(ഡി) ഈ ആവശ്യം ഉൾപ്പെടെയുള്ള അടിയന്തിര ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ആദിവാസി ക്ഷേമ സമിതി പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനം സർക്കാർ പരിഗണിക്കുകയുണ്ടായോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 88738 ആദിവാസി കുടുംബങ്ങൾക്ക് 2003 സെപ്റ്റംബർ മാസം 15-ാം തീയതി വരെയുള്ള കാലയളവിൽ ഒരാഴ്ചത്തേക്ക് ഒരു കുടുംബത്തിന് പത്ത് കിലോ എന്ന നിരക്കിൽ സൗജന്യ റേഷൻ വിതരണം ചെയ്തിട്ടുണ്ട്. ആദിവാസികൾ പട്ടിണി കിടക്കാൻ ഇടയാവരുതെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സമരം ചെയ്യുന്നവരെന്നോ അല്ലാത്തവരെന്നോ ഉള്ള വ്യത്യാസം കൂടാതെ അർഹരായ എല്ലാ ആദിവാസികൾക്കും സൗജന്യ റേഷൻ നൽകിയിട്ടുണ്ട്.

(ഡി) ഇത് സംബന്ധമായി ലഭിച്ച നിവേദനങ്ങൾ പരിഗണിച്ചുവരുന്നു.

ശ്രീ. കെ.കെ. ജയചന്ദ്രൻ : സർ, 2003 സെപ്റ്റംബർ മാസം 15-ാം തീയതിവരെയുള്ള കാലയളവിൽ പത്ത് കിലോ അരിവീതം നൽകിയിട്ടുണ്ടെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. തൊഴിലില്ലായ്മയും പട്ടിണിയും രോഗങ്ങളുംമൂലം നരകയാതന അനുഭവിക്കുന്നവർക്ക് ഈ സഹായം എത്തിക്കണം. സൗജന്യ റേഷൻ വിതരണത്തിൽ വലിയ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി അറിയുന്നു. യഥാർത്ഥത്തിൽ എല്ലാ മേഖലയിലും അവർക്ക് ഇത് ലഭിച്ചിട്ടില്ല എന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : സൗജന്യ റേഷൻ വിതരണം ചെയ്തപ്പോൾ എല്ലായിടത്തും കിട്ടിയില്ല എന്ന ഒറ്റപ്പെട്ട പരാതി ലഭിച്ചിട്ടുണ്ട്. അത് റേഷൻ കടകൾ വഴിയാണ് വിതരണം ചെയ്തത്. നിശ്ചയമായും എല്ലായിടത്തും എത്തിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൽ ക്രമക്കേടുകൾ ഉണ്ടായതായി പരാതികൾ ലഭിച്ചിട്ടില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ : ആദിവാസികൾക്ക് റേഷനും അതുപോലെ ഭൂമിയും നൽകുന്ന വിപുലമായ പരിപാടികൾ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; അതോടൊപ്പംതന്നെ കമ്പ്യൂട്ടർ പഠനത്തിന് പ്രാധാന്യം നൽകുന്ന രീതി നടപ്പാക്കിവരുകയാണല്ലോ, പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 16 കോടി രൂപയുടെ വെട്ടിപ്പ് നടന്നതായും അറിയുന്നു. ഇതിന്റെ പേരിൽ എസ്.സി.ക്കാരനായ ഡയറക്ടറുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ, അദ്ദേഹത്തെ മാറ്റിനിർത്തുകയോ ചെയ്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വ്യക്തമാക്കാൻ തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ ചോദ്യം സൗജന്യ റേഷന്റേതാണ്. ഇതുമായി യാതൊരു ബന്ധവുമില്ലാത്ത ചോദ്യമാണിത്.

**Mr. Speaker:** I am sorry.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ആദിവാസികൾക്ക് അരി കൊടുക്കുന്ന കാര്യം ബഹുമാന്യനായ മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേരള നിയമസഭയുടെ പട്ടികജാതി/ പട്ടികവർഗ്ഗ, ക്ഷേമസമിതി വിവിധ ജില്ലകളിൽ പര്യടനം നടത്തുകയുണ്ടായി. ഞങ്ങൾ പത്തനംതിട്ട മൂഴിയാർ എന്ന പ്രദേശത്ത് ചെന്നപ്പോൾ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒട്ടനവധി കുടുംബങ്ങൾ ഞങ്ങളോട് വന്ന് പരാതി പറഞ്ഞത്, ആ പ്രദേശത്ത് സൗജന്യ റേഷൻ കിട്ടുന്നില്ല എന്നാണ്. മാത്രമല്ല പല പട്ടികവർഗ്ഗ കോളനികളിൽനിന്നും ലഭിച്ച പരാതികളിലും ആദിവാസികൾക്ക് ഒരിക്കലും അരി കിട്ടുന്നില്ല എന്നാണ്. അതിന് കാരണമായി പറയുന്നത്, റേഷൻകാർഡുള്ള ആദിവാസികൾക്ക് മാത്രമേ അരി കൊടുക്കൂ എന്നാണ്. ആദിവാസികൾക്ക് താമസയോഗ്യമായ വീടില്ല. അതുകൊണ്ട് റേഷൻ കാർഡ് അവിടെ സൂക്ഷിക്കുവാൻ കഴിയില്ല. റേഷൻകാർഡുകൾ കട ഉടമകളുടെ കൈവശമാണ്. അതുകൊണ്ട് ആദിവാസികൾക്ക് ഒരിക്കലും ഈ അരി കിട്ടുന്നില്ല.

മി. സ്പീക്കർ : ചോദ്യം ചോദിക്കൂ.

ശ്രീ. വി.കെ. ചന്ദ്രൻ : എസ്. സി. കോ-ഓർഡിനേറ്റർമാരാണെങ്കിൽ അരി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമില്ല. പട്ടികവർഗ്ഗ കോളനികളിൽ വലിയ രൂപത്തിൽ രോഗവും പട്ടിണി മരണവും നടക്കുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അരി കൊടുക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. എം.എ. കുട്ടപ്പൻ : 2003 ജൂലൈ മാസം മുതൽ സെപ്റ്റംബർ മാസം 15-ാം തീയതിവരെ സംസ്ഥാനത്ത് ഒട്ടാകെ 88000 ആദിവാസി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ കൊടുക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ചിലയിടത്ത് കിട്ടുന്നില്ലായെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. അത് നൽകുന്നതിനുവേണ്ടി ബന്ധപ്പെട്ട കളക്ടർമാർ അടക്കമുള്ളവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുവേണ്ടിതന്നെ 305.46 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. റിമോട്ട് ഏരിയായിൽ താമസിക്കുന്നവർക്ക് ചിലപ്പോൾ കിട്ടിയിട്ടുണ്ടാവില്ല. അവിടെ അരി നൽകുവാൻ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കും ട്രൈബൽ വകുപ്പ് ഉദ്യോഗസ്ഥർക്കും



LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല ഏത് ആദിവാസി മേഖലയിലാണോ പട്ടിണി അനുഭവപ്പെടുന്നത് അവിടെ സർക്കാരിന്റെ ഉത്തരവ് ഇല്ലാതെതന്നെ റേഷൻ കൊടുക്കുവാനും അതിനുശേഷം അത് റാറ്റിഫൈ ചെയ്യാൻവേണ്ടി സർക്കാരിനെ അറിയിച്ചാൽ മതിയെന്നും ഉത്തരവ് നൽകിയിട്ടുണ്ട്. എവിടെയാണ് പട്ടിണിയുള്ളത് അവിടെ അരി കൊടുക്കുവാനുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ : കോളനികളിൽ ഭക്ഷണം കിട്ടാത്തതുപോലെ പട്ടികവർഗ്ഗ കുട്ടികൾ പഠിക്കുന്ന ഹോസ്റ്റലുകളിൽ മെനു അനുസരിച്ച് ഭക്ഷണം കൊടുക്കുവാൻ കഴിയുന്നില്ല. 500 രൂപയാണ് ഒരു കുട്ടിക്ക് പ്രതിമാസം കൊടുക്കുന്നത്. ഇറച്ചി കൊടുക്കുവാൻ കഴിയുന്നില്ല, ഫിഷ് കൊടുക്കുവാൻ കഴിയുന്നില്ല. അങ്ങനെ പല ഹോസ്റ്റലുകളിലും ഭക്ഷണം തന്നെ കിട്ടുന്നില്ല എന്നത് ഈ കമ്മിറ്റി പരിശോധിച്ചപ്പോൾ മനസ്സിലായതാണ്. കേരളത്തിലെ ഒറ്റ എസ്.റ്റി. ഹോസ്റ്റലുകളിലും സ്ട്രെങ്ത്ത് അനുസരിച്ചുള്ള കുട്ടികളില്ല. കുട്ടികൾക്ക് ഭക്ഷണം കിട്ടാത്തതുകൊണ്ട് അവിടെനിന്നും പോകുന്നു. വയനാട് ജില്ലയിൽ...

മി. സ്പീക്കർ : അത് ഇതുമായി ബന്ധമുണ്ടോ?

ശ്രീ. വി.കെ. ചന്ദ്രൻ : ഇതുമായി ബന്ധപ്പെട്ടതാണ്.

മി. സ്പീക്കർ : അല്ല.

ശ്രീ. വി.കെ. ചന്ദ്രൻ : ഞാൻ പറഞ്ഞുവരുമ്പോൾ അങ്ങേയക്ക് മനസ്സിലാകും. ഈ ഹോസ്റ്റലുകളിലെ കുട്ടികൾ വീട്ടിൽ ചെല്ലുമ്പോൾ സൗജന്യ റേഷൻ കിട്ടാത്തതിന്റെ ഭാഗമായി അവിടെയും പട്ടിണിയാണ്. ഇതുമൂലം ഈ കുട്ടികൾ ഗൗരവമേറിയ ജോലിക്ക് വിധേയമാവുകയാണ്. വയനാട് ജില്ല സന്ദർശിച്ചപ്പോൾ,...

മി. സ്പീക്കർ : ചോദ്യം ചോദിക്കൂ.

ശ്രീ. വി.കെ. ചന്ദ്രൻ : വളരെ പ്രധാനപ്പെട്ട ചോദ്യമാണ്.

മി. സ്പീക്കർ : അങ്ങനെയൊന്നും പറഞ്ഞാൽ ശരിയാവില്ല. ചോദ്യം ചോദിക്കൂ.

ശ്രീ. വി.കെ. ചന്ദ്രൻ : 13, 14 വയസ്സ് പ്രായമായ പെൺകുട്ടികളെ ഇഞ്ചികൃഷിക്ക് എന്നുപറഞ്ഞ് കൊണ്ടുപോവുകയാണ്. അരി കിട്ടാത്തതിന്റെ ഭാഗമായി ഈ കുട്ടികൾ കഞ്ചാവ് കൃഷി ചെയ്യുന്ന മദ്യലോബികളുടെ കയ്യിൽ അകപ്പെടുകയും ചെയ്യുന്നു.

മി. സ്പീക്കർ : ഇതുമായി എന്തെങ്കിലും ബന്ധമുണ്ടോ?

ശ്രീ. വി.കെ. ചന്ദ്രൻ : വല്ലാത്ത രൂപത്തിൽ മാറിയിരിക്കുകയാണ്. അതുകൊണ്ട് നിർബന്ധമായും ഉടനെ അരി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ : ആദിവാസികൾക്ക് അരി ലഭിക്കുന്നതിനുവേണ്ടി നാലു പദ്ധതികളുണ്ട്. ഒന്ന്, ഇവിടെ പറഞ്ഞ സൗജന്യ റേഷൻ. രണ്ട്, food support programme മൂന്ന്, കേരളാ വികസന വകുപ്പുമായി സഹകരിച്ചുകൊണ്ടുള്ള food for work programme നാല്, grain bank പദ്ധതി. ഏതെങ്കിലും ഭാഗത്തുള്ള ആദിവാസികൾ പട്ടിണിയിലാണെങ്കിൽ ഈ നാല് പദ്ധതികളിലൂടെ അവർക്ക് അരി എത്തിക്കുവാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഈ വർഷം പുതുതായി ഡിപ്പാർട്ടുമെന്റുതന്നെ food grain bank പദ്ധതി നടപ്പാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ വർഷംവരെ പട്ടികജാതി/പട്ടികവർഗ്ഗ Co-operative federation ആണ് നടത്തിക്കൊണ്ടിരുന്നത്. ഈ വർഷം ഡിപ്പാർട്ടുമെന്റ് മുൻകയ്യെടുത്ത് നൂതനമായിട്ട് food grain പദ്ധതി ആവിഷ്ക്കരിക്കുകയാണ്. അതുകൊണ്ട് എവിടെയൊക്കെയാണ് പട്ടിണി ഉണ്ടാകുവാൻ സാദ്ധ്യതയുള്ളത് അവിടെയൊക്കെ ഇത് എത്തിക്കുവാനുള്ള സംവിധാനമുണ്ടാകും.

ശ്രീ. എം.വി. ജയരാജൻ: സർ, അങ്ങ് ചോദ്യത്തിനുത്തരമായി പറഞ്ഞത്, 88,738 ആദിവാസി കുടുംബങ്ങൾക്ക് സെപ്റ്റംബർ 15 വരെ അരി നൽകിയിട്ടുണ്ട് എന്നാണ്. ആ എണ്ണത്തിൽപ്പെടാത്ത 2,000-ത്തോളം കുടുംബങ്ങൾ വയനാട് ജില്ലയിൽ ഉണ്ട്. ഒരു തുണ്ട് ഭൂമിപോലും അവർക്ക് ഇല്ലാത്തതുകൊണ്ട് നിക്ഷിപ്ത വനഭൂമിയിൽ മുളകൊണ്ട് കുടിൽ ഉണ്ടാക്കിയാണ് താമസിക്കുന്നത്. അങ്ങനെ താമസം തുടങ്ങിയിട്ട് ഒരു വർഷത്തിലേറെയായി. പല കുടുംബാംഗങ്ങളുടേയും വിവാഹമൊക്കെ അവിടെ നടന്നിട്ടുണ്ട്. പത്തു പേർ ആ മണ്ണിൽ മരിച്ച് അവിടെത്തന്നെ ശവസംസ്കാരവും നടത്തിയിരിക്കുകയാണ്. അവിടെയുള്ള കുട്ടികൾ സ്ക്കൂളുകളിലേയ്ക്ക് പോകുകയാണ്. അങ്ങനെയുള്ള 2,000-ത്തോളം കുടുംബങ്ങളുണ്ട്. കഴിഞ്ഞ ദിവസം അവിടെയുള്ള ചില കോളനികളിൽ പോയപ്പോൾ ചില സ്ത്രീകൾ പ്രസവിച്ചിട്ട് കുട്ടികൾക്ക് അവിടത്തെ വനത്തിനിട്ടിരിക്കുന്ന പേരിട്ടിരിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. അങ്ങനെയുള്ള 2,000-ത്തോളം കുടുംബങ്ങളെക്കൂടി സൗജന്യ റേഷൻ കൊടുക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തുമോ? അവർക്ക് റേഷൻ കാർഡില്ല, മറ്റു രേഖകൾ ഇല്ല. അതുകൊണ്ട് അവർക്ക് റേഷൻ കാർഡും അരിയും കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എം.എ. കുട്ടപ്പൻ: സർ, റേഷൻ കാർഡില്ലെങ്കിൽപ്പോലും പട്ടികവർഗ്ഗ ഉദ്യോഗസ്ഥന്മാർ പരിശോധിച്ചിട്ട് യഥാർത്ഥ ആദിവാസി അവിടെ ഉണ്ടെന്നുണ്ടെങ്കിൽ ആ ശുപാർശയുടെ അടിസ്ഥാനത്തിൽ റേഷൻ കൊടുക്കാനുള്ള ഉത്തരവ് നൽകിയിട്ടുള്ളതാണ്.

ശ്രീ. എം.വി. ജയരാജൻ: സർ, ബഹുമാനപ്പെട്ട മന്ത്രി (ഡി) ചോദ്യത്തിനുള്ള മറുപടിയായി പറഞ്ഞത് ആദിവാസി ക്ഷേമസമിതി അങ്ങേയ്ക്ക് നൽകിയിട്ടുള്ള നിവേദനത്തിലെ കാര്യങ്ങൾ പരിഗണിച്ചുവരുന്നു എന്നാണ്. സൗജന്യ റേഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ ആ നിവേദനത്തിൽ ഉണ്ട്. കഴിഞ്ഞ ദിവസം ആദിവാസി ക്ഷേമസമിതി ഈ നിവേദനങ്ങൾ മന്ത്രിക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ അതാവശ്യപ്പെട്ടുകൊണ്ട് സമരവും നടത്തുകയുണ്ടായി. അതിലെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് 2002 ജൂലായ്-1, ജൂൺ -20 എന്നീ തീയതികളിൽ അങ്ങുമായി നടത്തിയിട്ടുള്ള ചർച്ച. ചർച്ചയിൽ വനംവകുപ്പുമന്ത്രിയുമുണ്ടായിരുന്നു. ചർച്ചയെത്തുടർന്ന് ഒരു ഒത്തുതീർപ്പ് വ്യവസ്ഥ ഉണ്ടാക്കിയിരുന്നു. ആ ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം ഭൂമിക്കു വേണ്ടിയുള്ള സമരത്തിൽ പങ്കെടുത്തിട്ടുള്ള ആദിവാസികളെ ,ജയിലിൽ അടയ്ക്കപ്പെട്ട ആദിവാസികളുടെ പേരിൽ ചാർജ് ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ ഒഴിവാക്കുമെന്നായിരുന്നു പറഞ്ഞത്. പക്ഷേ മിനിഞ്ഞാന്നും അവിടെ 18 ആദിവാസികളെ അറസ്റ്റു ചെയ്തുകൊണ്ടുപോയിരിക്കുകയാണ്. അതുകൊണ്ട് ഒത്തുതീർപ്പ് വ്യവസ്ഥ അംഗീകരിക്കാനും അതു നടപ്പാക്കാനും വേണ്ടി അങ്ങ് തയ്യാറാകണം. അങ്ങയുടെ നാലാമത്തെ ചോദ്യത്തിനുള്ള മറുപടിയായി പറഞ്ഞ കാര്യം അങ്ങ് ഗൗരവമായി പരിഗണിക്കണം. അത് പരിഗണിക്കാൻ ഗവൺമെന്റ് സന്നദ്ധമാണോ?

മി. സ്പീക്കർ: No answer.

ശ്രീ. എം.വി. ജയരാജൻ: സർ, നാലാമത്തെ ചോദ്യം ആദിവാസിക്ഷേമ സമിതി നൽകിയിട്ടുള്ള നിവേദനം പരിഗണിക്കുന്നുണ്ടോ എന്നുള്ളതാണ്. നിവേദനത്തിന്റെ കോപ്പിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് അരിയുടെ കാര്യമല്ലേ? ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ടെങ്കിൽ പറഞ്ഞോളൂ.

ഡോ. എം.എ. കുട്ടപ്പൻ: സർ, ആദിവാസിക്ഷേമ സമിതി ചർച്ച ചെയ്തപ്പോൾ ഉന്നയിച്ച ഒരു വിഷയമാണിത്. കേസ് എടുത്തിട്ടുള്ളവരുടെ പേരിലുള്ള കേസ് പിൻവലിക്കാനാണ്. ആ കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കാമെന്ന് വനം വകുപ്പും സമ്മതിച്ചതാണ്. ആ വിഷയം വനം വകുപ്പിന്റെ പരിഗണനയിലാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: ആദിവാസിക്ഷേമ സമിതി ബഹുമാനപ്പെട്ട മന്ത്രിക്ക് പരാതി നൽകിയെന്ന് അദ്ദേഹം സൂചിപ്പിച്ചു. ആ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്, അതോടൊപ്പം ആദിവാസി മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച്, ആ പരാതിയുടെ അടിസ്ഥാനത്തിൽ വീണ്ടും ആദിവാസിക്ഷേമ സമിതിയുമായിട്ട് ഒരു ചർച്ച നടത്തി ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, എല്ലാ ഭൂരഹിതരായിട്ടുള്ള ആദിവാസികൾക്കും ഭൂമി നൽകണമെന്നുള്ളതുൾപ്പെടെയുള്ള ഒട്ടേറെ ആവശ്യങ്ങളാണ് ആദിവാസിക്ഷേമ സമിതി ഉന്നയിച്ചിരിക്കുന്നത്. അതിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ് ആദിവാസികൾക്ക് സൗജന്യ റേഷൻ കൊടുക്കുക എന്നുള്ളത്. ആ കാര്യത്തിൽ ഗവൺമെന്റിന് ഒരു വിട്ടുവീഴ്ചയുമില്ല. ഒരൊറ്റ ആദിവാസിപോലും പട്ടിണി കിടക്കാൻ പാടില്ലെന്ന് നിർബന്ധമുണ്ട്. എവിടെയെങ്കിലും പട്ടിണിയുണ്ടായാൽ കളക്ടറെ അറിയിച്ചാൽ അപ്പോൾ തന്നെ അരി കൊടുക്കും, അതിനുശേഷം അത് റാറ്റിഫൈ ചെയ്യാൻ വേണ്ടി ഇങ്ങോട്ട് എഴുതിയാൽ മാത്രം മതി.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒട്ടേറെ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. അടിമവേലയിൽ നിന്നൊക്കെ മോചിപ്പിക്കാൻ വേണ്ടി അവർക്ക് ജോലിയും കൂലിയും ലഭിക്കാൻ വേണ്ടിയാണ് പദ്ധതികളെല്ലാം നടപ്പാക്കുന്നത്. പക്ഷേ ആ പദ്ധതികളെല്ലാം പിരിച്ചുവിടാൻ തീരുമാനിച്ചതിന്റെ ഭാഗമായി വയനാട് ജില്ലയിലെ സുഗന്ധഗിരി പ്രോജക്ട് ഇപ്പോൾ വലിയ നാശത്തിലാണ്. ആ പ്രോജക്ടിൽ പണിയെടുത്തുകൊണ്ടിരുന്ന ആദിവാസികൾക്ക് നേരത്തെ പണിയും കൂലിയും ഒരു ജീവിതവുമുണ്ടായിരുന്നു. എല്ലാ മാധ്യമങ്ങളും അതിനെക്കുറിച്ച് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആ പ്രോജക്ട് പിരിച്ചുവിട്ടതിന്റെ ഫലമായി സുഗന്ധഗിരി പ്രോജക്ടിലെ തൊഴിലാളികൾ മുഴുവനും പട്ടിണിയിലും ദുരിതത്തിലുമാണ്. അങ്ങനെ പട്ടിണിയിലും ദുരിതത്തിലും ആയിട്ടുള്ള പദ്ധതി പ്രദേശത്തെ ആളുകളെ സഹായിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, സുഗന്ധഗിരി കാർഡമം പ്രോജക്ട് പിരിച്ചുവിട്ടിട്ട് അത് അവിടത്തെ ആദിവാസികൾക്ക് വിതരണം ചെയ്യാൻ തീരുമാനമെടുത്തതാണ്. ആ ഭൂമിയുടെയെല്ലാം സർവ്വേ നടത്തി അക്വയർ ചെയ്യാനുള്ള എല്ലാ നടപടികളും പൂർത്തിയായി. പക്ഷേ അത് വിതരണം ചെയ്യുന്നതിൽ ആദിവാസികൾക്ക് തർക്കമുള്ളതുകൊണ്ട് നീണ്ടുപോയി എന്നു മാത്രമേയുള്ളൂ. അവിടെ ആദിവാസിമേഖലയിൽ പട്ടിണിയുണ്ടെങ്കിൽ അരി കൊടുക്കാനുള്ള ഏർപ്പാടും ചെയ്തിട്ടുണ്ട്. ബുദ്ധിമുട്ടുണ്ടാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൗജന്യ റേഷൻ നല്കിയെന്നും അതു ലഭിച്ച ആദിവാസികളുടെ എണ്ണവും അതിനുവേണ്ടി സർക്കാർ ചെലവഴിച്ച തുകയുടെ കണക്കും പറഞ്ഞു. യഥാർത്ഥത്തിൽ ആദിവാസികളുടെ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പല പരിപാടികളുടേയും ഗുണഫലം ആദിവാസികൾക്ക് എത്തുന്നുണ്ടോ, സൗജന്യറേഷൻ പൊതുവിതരണ വകുപ്പ് വഴിയാണ് വിതരണം നടത്തുന്നതെന്ന് സൂചിപ്പിച്ചു. ഇത് അവർക്ക് ലഭിക്കുന്നുണ്ടോ എന്നറിയാൻ പട്ടികക്ഷേമ വകുപ്പിൽ എന്തു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗസ്ഥന്മാരും റവന്യൂ ഉദ്യോഗസ്ഥന്മാരും പുറമേ ട്രൈബൽ പ്രൊമോട്ടർമാരും ചേർന്നുകൊണ്ടാണ് ഇതിന് നേതൃത്വം വഹിക്കുന്നത്. റേഷൻകടകൾ വഴിയാണ് വിതരണം ചെയ്യുന്നത്. ഇത് എല്ലാവർക്കും ലഭ്യമായി എന്ന് ഉറപ്പു വരുത്താനുള്ള സംവിധാനം റവന്യൂ വകുപ്പ് വഴി നടത്തിക്കൊണ്ടിരിക്കുകയാണ്. ട്രൈബൽ വകുപ്പും ഇടപെടുന്നുണ്ട്.

ശ്രീ. പി. ജയരാജൻ: സർ, കേരളത്തിലെ പല ആദിവാസി ഊരുകളിലും പട്ടിണി നടമാടുകയാണ്. ഇതിന് അൽപ്പം ആശ്വാസമാകുന്ന നിലയിലാണ് ഗവൺമെന്റ് സൗജന്യറേഷൻ അനുവദിച്ചത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, 304 ലക്ഷം രൂപ സൗജന്യ റേഷനുവേണ്ടി ചെലവഴിച്ചിട്ടുണ്ട് എന്നാണ്. പല സ്ഥലങ്ങളിലും സൗജന്യ റേഷൻ കിട്ടിയിട്ടില്ലാ എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ചു. കടലാസിൽ കൊടുത്തെങ്കിലും യഥാർത്ഥത്തിൽ ആദിവാസികൾക്ക് കിട്ടിയിട്ടില്ലായെന്ന് മന്ത്രി സമ്മതിച്ച സാഹചര്യത്തിൽ നേരത്തേയുള്ള ഗവൺമെന്റ് ആദിവാസിക്ഷേമ പദ്ധതികൾ (സൗജന്യറേഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ) ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെയാണ് നടപ്പാക്കിയിരുന്നത്. ബഹുജനങ്ങളുടെ, ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയ താണ്. ഈ ഗവൺമെന്റ് തീരുമാനിക്കുന്ന സൗജന്യ റേഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ യഥാർത്ഥത്തിൽ അർഹരായിട്ടുള്ള ആളുകൾക്ക് കിട്ടുമെന്നതാണ് അനുഭവം. അതിനെ അടിസ്ഥാനപ്പെടുത്തി ത്രിതല പഞ്ചായത്ത് സംവിധാനം വഴി ആദിവാസിക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി ഗവൺമെന്റ് ആവശ്യമായിട്ടുള്ള നടപടികൾ കൈക്കൊള്ളുമോ?

ഡോ. എം.എ. കുട്ടപ്പൻ: സർ, Food for work programme ഗ്രാമവികസന വകുപ്പിന്റെ എസ്.ജി.ആർ.വൈ.-യുമായി സഹകരിച്ചുകൊണ്ട് ത്രിതല പഞ്ചായത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ക്യാഷ് കംപോണന്റ് ട്രൈബൽ വകുപ്പിന് കൊടുക്കുന്നുണ്ട്. അരിയും മറ്റും കൊടുക്കുന്നത് ത്രിതല പഞ്ചായത്തു വഴി തന്നെയാണ്.

ശ്രീ. കെ. മോഹൻ കുമാർ : സർ, അംഗീകൃത കോളനികളിലും ആദിവാസി ഊരുകളിലും മാത്രമാണ് ആദിവാസികൾ താമസിക്കുന്നതെന്നുള്ള തെറ്റായ ധാരണ അധികൃതർക്കുള്ളതു പോലെ തോന്നുന്നു. നെടുമങ്ങാട് താലൂക്കിലെ മലയോരങ്ങളിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികളിൽ ഏറെക്കുറെ പേരും കർഷകത്തൊഴിലാളികളാണ്. സൗജന്യറേഷൻ പോലുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നില്ല. . ഒപ്പം ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികൾക്കും ആദിവാസികളായ കർഷക ത്തൊഴിലാളികൾക്കും സൗജന്യറേഷന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ: സർ, ആദിവാസികൾ തിങ്ങിപ്പാർക്കുന്ന കോളനികളാകട്ടെ, അവർ ഒറ്റപ്പെട്ടു പാർക്കുന്നതാകട്ടെ, ഒരു ആദിവാസിയായാലും റേഷൻ നിർബന്ധമായും കൊടുക്കണമെന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഏതെങ്കിലും ഒറ്റപ്പെട്ട ആദിവാസികൾക്ക് കൊടുക്കാൻ പാടില്ലെന്ന് ഒരു നിർദ്ദേശവും നൽകിയിട്ടില്ല. എല്ലാവർക്കും കൊടുക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. രാജു എബ്രഹാം.: സർ, ശബരിമല വനപ്രദേശങ്ങളിൽ ആദിവാസികൾ വളരെ ദുരിതത്തിലാണ്. സായിപ്പിൻകുഴിയിലും മൂഴിയാറിലും പട്ടിണികിടന്ന ആദിവാസികൾക്ക് അങ്ങും ഞാനുമുൾപ്പെടെയുള്ളവർ ബന്ധപ്പെട്ടാണ് അരി എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ഏതെങ്കിലും രണ്ടു വ്യക്തികൾ തമ്മിൽ അടിപിടി ഉണ്ടായാൽ ഒരാൾ ജാതി പറഞ്ഞ് പരാതി അയച്ചാൽ പിന്നെ ആ കോളനിക്കാകെ ആദിവാസി ആനുകൂല്യങ്ങൾ, സൗജന്യ റേഷനടക്കം നിഷേധിക്കുന്ന ഒരവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. അട്ടത്തോട് കോളനിയിലാണെങ്കിൽ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യംപോലുമില്ല. ഇത്തരം പ്രശ്നങ്ങളിൽ മോണിറ്റർ ചെയ്യാനുള്ള അടിയന്തിര നടപടി അങ്ങ് സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, പത്തനംതിട്ടയിലെ nomadic tribe ആയിട്ടുള്ള മലപ്പണ്ടാരം സ്ഥിരമായി അവിടെ പാർക്കുന്നില്ല. nomadic ആണ്. എങ്കിൽപ്പോലും പട്ടിണിയുണ്ടെന്ന വിവരം കിട്ടുമ്പോൾ തന്നെ കളക്ടറെ അറിയിച്ച് അരി കൊടുക്കുന്നുണ്ട്. ഗവൺമെന്റ് ഉത്തരവ് കൊടുത്ത് അത് റാറ്റിഫൈ ചെയ്യും. എവിടെ പട്ടിണിയുണ്ടോ അവിടെയുള്ള ആദിവാസികൾക്ക് അരി കൊടുക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഷെഡ്യൂൾഡ് ട്രൈബ് എന്ന വിഭാഗത്തിൽപ്പെട്ട ആദിവാസികളിൽ ബഹുഭൂരിപക്ഷവും കാടുമായി ബന്ധപ്പെട്ടവരാണ്. പക്ഷേ നമ്മുടെ നാട്ടിൽ ചില ട്രൈബ്സുണ്ട്. ഉദാഹരണത്തിന് ഉള്ളാള വിഭാഗം, അവരും ട്രൈബാണ്, അവർ വളരെ കഷ്ടപ്പാടിലാണ്. പലപ്പോഴും സൗജന്യമായി അരി കൊടുക്കുമ്പോൾ ഇവർ ഇതിൽപ്പെടുന്നില്ല. അതുകൊണ്ട് അരി കൊടുക്കുമ്പോഴൊക്കെ ഷെഡ്യൂൾഡ് ട്രൈബിൽപ്പെട്ട ഈ ഉള്ളാള വിഭാഗത്തെക്കൂടി പരിഗണിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഉള്ളാളന്മാർ സമതലങ്ങളിൽ പാർക്കുന്ന ആദിവാസികളാണ്. അവർ ആദിവാസി പട്ടികയിലുള്ളവരാണ്, അതുകൊണ്ട് അവർക്കുകൂടി കൊടുക്കണമെന്നു തന്നെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. അവരെ ഒഴിവാക്കാൻവേണ്ടി ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, വരൾച്ച മൂലം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പാവപ്പെട്ടവർ മുഴുവൻ പട്ടിണിയിലാണ്. സൗജന്യ റേഷൻ കൊടുക്കുന്നുവെന്ന് പറയുമ്പോഴും യഥാർത്ഥത്തിൽ ഈ കാടിന്റെ മക്കൾ ആരോഗ്യപച്ച എന്നുപറയുന്നതിന്റെ ഇല ചുടുവെള്ളത്തിലിട്ട് ആ വെള്ളം കുടിക്കുകയും അതിന്റെ പിണ്ടി തിന്നുകയുമാണ് ചെയ്യുന്നത്. ഞങ്ങൾ കഴിഞ്ഞ വർഷം വയനാട്ടിൽ പോയപ്പോൾ അത് നേരിട്ടു കണ്ടതാണ്. അപ്പോഴും സൗജന്യ റേഷൻ കൊടുക്കുന്നു എന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ അവർക്ക് അത് കിട്ടുന്നില്ല. അതുകൊണ്ട് വരൾച്ച രൂക്ഷമായ ഈ സാഹചര്യത്തിൽ ഈ പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിൽ സൗജന്യ റേഷൻ, ജില്ല തിരിച്ചല്ല ഞാൻ പറയുന്നത്, കേരളത്തിലെല്ലാസ്ഥലത്തും ഇതുണ്ട്, അവർക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: വളരെ റിമോട്ടായിട്ടുള്ള ആദിവാസി ഏരിയാകളിൽ പലപ്പോഴും അരിയെത്തുന്നില്ല എന്നുള്ള ആക്ഷേപമുള്ളതുകൊണ്ട് ഈ വർഷം മുതൽ കേന്ദ്ര സർക്കാരുമായി സഹകരിച്ചുകൊണ്ട് ഒരു പുതിയ സംവിധാനം ആരംഭിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതായത് ഇപ്പോൾ തന്നെ 50 ആദിവാസി ഊരുകളിലായി, വില്ലേജുകളിലായി ധാന്യ ബാങ്ക് ഗോഡൗൺ, (food grain godown) നിർമ്മാണം ആരംഭിക്കുകയാണ്. അതിൽ ഒരറയിൽ നാം അരി സപ്ലൈ ചെയ്യുന്നു, മറ്റേ അറയിൽ ആദിവാസികൾക്ക് അവരുടെ വിളവെടുപ്പുകാലത്ത് അരിയോ മറ്റെന്തെങ്കിലുമോ ഇടാം. അങ്ങനെ ഒരു ബാർട്ടർ സമ്പ്രദായം ഏർപ്പെടുത്താൻ പോവുകയാണ്. അത് ഈ വർഷം 50 സ്ഥലത്ത് ആരംഭിക്കുന്നു, 40 ലക്ഷം രൂപ കൊടുക്കുന്നുണ്ട്, ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഇതിനുവേണ്ടി 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആ ഫണ്ട് റിലീസ് ചെയ്തു കിട്ടിയാൽ 234 വില്ലേജുകളിൽ ഈ food grain bank godown സ്ഥാപിക്കും. അങ്ങനെ വന്നുകഴിഞ്ഞാൽ അവർക്കവിടെ പഞ്ഞ മാസങ്ങളിൽ ബുദ്ധിമുട്ടില്ലാതെ അരി കൊടുക്കാൻ സാധിക്കും, അങ്ങനെ ഒരു സംവിധാനം ആരംഭിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദിവാസി മേഖലയിൽ ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്ത കൂട്ടത്തിൽ ഒരു നല്ല നടപടിയാണ് ഈ സൗജന്യറേഷൻ. സൗജന്യ റേഷൻ കൊടുക്കുന്നതിൽ ഇവിടെ നേരത്തേ പലരും ചൂണ്ടിക്കാണിച്ചതുപോലെ ചില പോരായ്മകളുണ്ട്. ട്രൈബൽ വോളന്റിയർമാരും മറ്റും ഇത് ശ്രദ്ധിക്കുന്നു എന്ന് പറയുകയുണ്ടായെങ്കിലും അത് പരിഹരിക്കുന്നതിന് സ്ഥിരമായി ടി.എസ്.ഒ. തലത്തിൽ ആദിവാസികളുടെ പ്രതിനിധിയെ ഉൾപ്പെടുത്തി police atrocities കാര്യങ്ങളൊക്കെ പരിശോധിക്കാനുള്ള സമിതിപോലെ, ഒരു സമിതി രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: എല്ലാ ആദിവാസികൾക്കും അരി കിട്ടുന്നുവെന്ന് ഉറപ്പു വരുത്താൻ ഫലപ്രദമായി എന്തെങ്കിലും സംവിധാനമുണ്ടെങ്കിൽ അത് ആലോചിക്കാവുന്നതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, സൗജന്യ റേഷൻ ആദിവാസികൾക്ക് ശരിയായ രീതിയിൽ കൊടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ അതാതു ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതുസംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും ശരിയായ രീതിയിൽ ഇത് വിതരണം ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും ജില്ലാ കളക്ടർമാർ തങ്ങളുടെ അതിർത്തിയിലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങൾ സന്ദർശിച്ച് കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കിയതായി എന്തെങ്കിലും റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ആ റിപ്പോർട്ട് വാങ്ങാൻ തയ്യാറാകുമോ? ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന ആളെന്നുള്ള നിലയിൽ ഇത്തരം സങ്കേതങ്ങൾ നേരിട്ട് സന്ദർശിക്കുകയോ ബോധ്യപ്പെടുകയോ ചെയ്യാൻ തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: പല കളക്ടർമാരും ആദിവാസി സങ്കേതങ്ങൾ വിസിറ്റുചെയ്ത് ആ വിവരം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ എല്ലാവരിൽ നിന്നും റിപ്പോർട്ട് വാങ്ങിയിട്ടില്ല. അങ്ങനെ പ്രത്യേകമായി പ്രശ്നമുള്ള ഏരിയയിൽ കളക്ടർ നേരിട്ട് വിസിറ്റ് ചെയ്യണമെന്നും ആ റിപ്പോർട്ട് തരണമെന്നും ആവശ്യപ്പെടുന്നതാണ്. അത് വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല.

ശ്രീ. എം. കുമാരൻ: സർ, ആദിവാസികൾക്ക് സൗജന്യ റേഷൻ നൽകുന്നതിനുവേണ്ടി 5 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. പക്ഷെ ആദിവാസികൾക്കിടയിൽ പട്ടിണിയും ദാരിദ്ര്യവും നിലനിൽക്കുന്ന സമയത്ത് അവർ പല പ്രലോഭനങ്ങൾക്കും വഴങ്ങുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത്. അവർ വന്ധ്യംകരണത്തിനുപോലും വിധേയരാകുന്ന ഒരു സാഹചര്യം ഇന്ന് നിലവിലുണ്ട്. അതിന് അവരെ പ്രേരിപ്പിക്കുന്നത് പട്ടിണിയും ദാരിദ്ര്യവുമാണ്. അതുകൊണ്ട് സൗജന്യ റേഷൻ കൊടുക്കുന്നതിന്റെ കാലാവധി 6 മാസമായി നീട്ടാനും, അതുപോലെ അവർക്കു കിട്ടുന്ന റേഷൻ ശാശ്വതമായി കൊടുക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്താനും ഗവൺമെന്റ് പ്രത്യേക സമിതിയെ നിയമിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: പഞ്ഞമാസങ്ങളിൽ മാത്രമാണ് ഇപ്പോൾ ഫ്രീ റേഷൻ കൊടുക്കുന്നത്. അത് വർഷം മുഴുവൻ കൊടുക്കുന്നതിനു ബുദ്ധിമുട്ടുണ്ട്. മറ്റുള്ള സമയത്ത് food for work programme, food support programme, grain bank system തുടങ്ങിയ സ്കീമുകൾ വഴി അരി കൊടുക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. കെ. ഷാജു: സർ, ആദിവാസി ഊരുകളിലും കോളനികളിലുമെല്ലാം ഇപ്പോൾ ദുരിതമുണ്ടാകുമ്പോൾ അതവിടുത്തെ പ്രൊമോട്ടർമാർ താലൂക്ക് ആഫീസർമാർക്കും താലൂക്ക് ആഫീസർമാർ കളക്ടർക്കും കളക്ടർ ഡയറക്ടർക്കും ഡയറക്ടർ മന്ത്രിക്കും എന്നുള്ള ശ്രേണിയിൽ റിപ്പോർട്ടുചെയ്ത് ആശ്വാസം എത്തിക്കുമ്പോൾ സമയം കഴിയുകയാണ്. ആദിവാസികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കുമൊക്കെയുള്ള ആനുകൂല്യങ്ങളിൽ ബഹുഭൂരിപക്ഷവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണവും കാര്യങ്ങളുമെല്ലാം കൈമാറിയിരിക്കുകയാണ്. ഇവിടെയിപ്പോൾ നടക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവിടെയുള്ള മൊത്തം മെമ്പർമാരുടെ കണക്കനുസരിച്ച് ഇത് വീതം വയ്ക്കുകയാണ്. അതിനാൽ ശരിക്കും ആനുകൂല്യം കിട്ടേണ്ടവർക്ക് അത് കിട്ടുന്നില്ല. ആദിവാസികൾക്ക് റേഷൻ കൊടുക്കുന്ന സ്കീമടക്കം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിച്ച് അവർ ഓരോ പ്രദേശത്തിന്റേയും ആവശ്യമനുസരിച്ച് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കിയാൽ ഈ ഗവൺമെന്റിനുമേൽ ഇത്തരത്തിലുള്ള ആരോപണം വരുന്നത് ഒഴിവാക്കാൻ കഴിയും. ഇക്കാര്യത്തിൽ ഒരു നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: ആദിവാസികൾക്കുവേണ്ടി മാറ്റിവയ്ക്കപ്പെടുന്ന ടി.എസ്.പി. ഫണ്ടിന്റെ നേർപകുതി, ഇപ്പോൾ 48 കോടി രൂപ പഞ്ചായത്തുകൾക്കാണ്. പകുതിമാത്രമേ ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ളൂ. അതുകൊണ്ട് ഇതിന് പഞ്ചായത്തിനുംകൂടി മുൻകൈ എടുക്കാവുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ആദിവാസികൾക്ക് റേഷൻ കൊടുക്കുന്നത് മുഴുവൻ കിട്ടുന്നില്ല എന്നുള്ള ആക്ഷേപങ്ങളൊന്നും തന്നെ കിട്ടിയില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. സൗജന്യ റേഷൻ കൊടുത്തത് ലഭിക്കാത്ത വളരെയധികം ആദിവാസികളുണ്ട്. ഇത് മനസ്സിലാക്കുന്നതിനുവേണ്ടി, ഇത് കണ്ടുപഠിക്കുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള ജനപ്രതിനിധികളുടെ ഒരു സംഘത്തെ നിയോഗിക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഇപ്പോൾതന്നെ എവിടെയൊക്കെയാണോ അരി കിട്ടാത്തത് അവിടെ ലഭ്യമാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. റവന്യൂ ഉദ്യോഗസ്ഥന്മാർ, ട്രൈബൽ ഉദ്യോഗസ്ഥന്മാർ, ട്രൈബൽ പ്രൊമോട്ടേഴ്സ് എന്നിവരൊക്കെ ഇതിനുവേണ്ടി ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് അംഗങ്ങൾക്കും ഇതിൽ സഹകരിക്കാവുന്നതാണ്. അതിനുവേണ്ടി പ്രത്യേകമായി യോഗം വിളിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ: പഞ്ഞമാസങ്ങളിൽ ആദിവാസികൾക്ക് സൗജന്യ അരി കൊടുത്തത് വലിയ ആശ്വാസമാണ്. പറമ്പിക്കുളം ഭാഗത്ത് ആദിവാസികൾക്ക് വനംവകുപ്പ് നൽകുന്ന ജോലിയും കൂലിയുമാണ് പ്രധാനമായിട്ടുള്ളത്. അത് ഇന്ന് വേണ്ടത്ര ലഭിക്കാത്തതുകൊണ്ട് അവിടെയുള്ള ആദിവാസികൾ ജോലിയും കൂലിയുമില്ലാതെ പട്ടിണിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. ഈ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്ത് അവർക്ക് സൗജന്യ റേഷൻ നൽകുകയും ഈ മേഖലയിൽ food for work-നുവേണ്ടി കൊടുത്ത അരി ഉപയോഗിച്ച് വനംവകുപ്പാണ് ജോലികൾ ചെയ്യിച്ചുകൊണ്ടിരിക്കുന്നത്. അത് പ്രത്യേകിച്ചും 30 ഏക്കർ കോളനിയിൽ വേണ്ടതുപോലെ നടക്കുന്നില്ല. ഇത് അടിയന്തിരമായി നടത്താനും ആദിവാസികൾക്ക് ജോലിയും കൂലിയും ലഭ്യമാക്കാനും സൗജന്യ റേഷൻ നൽകാനും വേണ്ട നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: Food for work പദ്ധതി നടപ്പാക്കുന്നത് പഞ്ചായത്തുകളും വനം വകുപ്പുമാണ്. അത് നൽകിയിട്ടുപോലും വീണ്ടും പട്ടിണിയുണ്ടെന്ന് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആ കാര്യം കളക്ടറെ അറിയിക്കുക, കളക്ടർക്ക് ബോധ്യപ്പെട്ടാൽ അവിടെ അരി സപ്ലൈ ചെയ്യും, എന്നിട്ട് ആ വിവരം സർക്കാരിനെ അറിയിച്ചാൽ മാത്രം മതി.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ആദിവാസികളുടെ ജീവിതം കാലാകാലങ്ങളിൽ മുന്നോട്ടു കൊണ്ടുപോകുന്നതിന് സൗജന്യ റേഷൻ കൂടിയേതീരൂ എന്ന ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. ഇപ്പോൾ കേരളത്തിലെ വിവിധ കോളനികളിൽ ക്യാൻസർ, കുഷ്ഠം, ക്ഷയം, വ്യത്യസ്ത രീതിയിലുള്ള ചൊറി, വിട്ടുമാറാത്ത മറ്റുരോഗങ്ങൾ ഒക്കെ പിടിപെട്ട് നൂറുകണക്കിന് ആദിവാസികൾ കിടപ്പിലാണ്. അവരെ തൊടുന്നതിന് ആളുകൾക്ക് സാധിക്കുന്നില്ല, കാരണം അവരെ ആശുപത്രിയിലെത്തിക്കുമ്പോൾ, അവർക്കാവശ്യമായ ചികിത്സ കൊടുക്കുക എന്നു പറയുമ്പോൾ, ആശുപത്രികളുള്ളതുകൊണ്ടോ, ഡോക്ടറുള്ളതുകൊണ്ടോ, മരുന്നുള്ളതു കൊണ്ടോ, ചികിത്സ കിട്ടുന്നില്ല. അവിടെ ചികിത്സയ്ക്കു പോകുന്ന ആദിവാസി മരുന്ന് കഴിച്ച് ശരിയായ രീതിയിൽ ചികിത്സയ്ക്ക് വിധേയമാകുന്നില്ല. അതിന് കഴിയാതിരിക്കുന്നതിനു പ്രധാന കാരണം ചികിത്സയ്ക്ക് വിധേയമാകുന്നവർക്കും അതുപോലെ തന്നെ ആശുപത്രിയിൽ ഒപ്പം നിൽക്കുന്നവർക്കും ഭക്ഷണമില്ല. അവർക്ക് ഭക്ഷണം കൊടുക്കാതെ ഒരു ചികിത്സയും ഫലപ്രദമാകില്ല. ഇങ്ങനെ ആശുപത്രിയിൽ എത്തുന്ന, അല്ലെങ്കിൽ ആശുപത്രിയിൽ എത്തിക്കേണ്ടുന്ന ആളുകൾക്കും അവർക്കൊപ്പം നിൽക്കുന്നവർക്കും ഭക്ഷണം കൊടുക്കാനുള്ള ഒരു സംവിധാനം ഇതിന്റെ ഭാഗമായി കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: ആശുപത്രികളിൽ അഡ്മിറ്റു ചെയ്യപ്പെടുന്ന രോഗികൾക്ക് നിർബന്ധമായും മരുന്നും മറ്റു സൗകര്യങ്ങളും ചെയ്യാൻ പറഞ്ഞിട്ടുണ്ട്. കൂടെ നിൽക്കുന്ന ആളുകളുടെ കാര്യത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തുക എന്നു പറയുന്നത് ഫലപ്രദമല്ല, എല്ലാവർക്കും ഭക്ഷണം കൊടുക്കാൻ കഴിഞ്ഞു എന്നുവരില്ല. രോഗികളുടെ കാര്യത്തിൽ ഒരു അനാസ്ഥയും പാടില്ല, അവർക്ക് മരുന്നു നൽകണമെന്നും അതിന് പൈസ പോരാതെ വരികയാണെങ്കിൽ ഡിപ്പാർട്ടുമെന്റിൽ നിന്നും പൈസ കൊടുക്കണമെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ.പി. മോഹനൻ: സൗജന്യറേഷൻ വിതരണം ചെയ്യുന്നതോടൊപ്പംതന്നെ ആദിവാസികൾക്ക് വസ്ത്രവും വിതരണം ചെയ്യാൻ ജില്ലകൾക്ക് ഫണ്ട് നൽകിയിട്ടുണ്ടെങ്കിലും കണ്ണൂർ ജില്ലയിലെ കണ്ണമൻ, ചിറ്റാരിമ്പറമ്പ്, നരിക്കോടുമല തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

പണിയക്കോളനികളിലൊക്കെ സൗജന്യറേഷനും വസ്ത്രവും വിതരണം ചെയ്യുന്നത് ശരിയായ രീതിയിലല്ല. അതു അവർക്ക് ലഭ്യമാക്കാൻ എന്തു നടപടിയാണ് സർക്കാരിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, അരി വിതരണം സുഗമമായി നടത്താൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. വസ്ത്രം ചില പ്രത്യേക ഏരിയായിൽ കൊടുക്കുന്നു എന്നല്ലാതെ എല്ലാവർക്കും കൊടുക്കുന്നില്ല.

ആക്കുളം കായൽ കയ്യേറ്റം തടയുന്നതിന് നടപടി

*3 [183] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ആക്കുളം കായൽ ഏതെല്ലാം വില്ലേജുകളിലാണ് സ്ഥിതി ചെയ്യുന്നത് എന്നറിയിക്കാമോ;

(ബി) ഈ കായൽ പ്രദേശങ്ങളിൽ വ്യാപകമായ കയ്യേറ്റം നടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ആക്കുളം കായലിന്റെ ആഴവും കനാലുകളിലെ ഒഴുക്കും ക്രമാതീതമായി കുറഞ്ഞുവരുന്നതിനാൽ നഗര മേഖലകളിൽ വെള്ളപ്പൊക്കവും പരിസര മലിനീകരണവും ആവർത്തിക്കുന്നത് പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഇ) ടൂറിസം വകുപ്പുമായി സഹകരിച്ച് ആക്കുളം കായലിന്റെ ആഴവും വിസ്തൃതിയും ശുദ്ധിയും സൗന്ദര്യവും നിലനിർത്താൻ പുതിയ പദ്ധതികൾക്ക് രൂപം നൽക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) ആക്കുളം കായൽ, ചെറുവയ്ക്കൽ, കടകംപള്ളി എന്നീ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്നു.

(ബി) ചില ഭാഗങ്ങളിൽ കയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കയ്യേറ്റത്തെക്കുറിച്ചുള്ള നിജസ്ഥിതി പഠിച്ചുവരുന്നു.

(ഡി) ആക്കുളം കായലിലേക്കുള്ള നിർഗ്ഗമന തോടായ ആമയിഴഞ്ചാൻ തോടിന്റെ ആഴവും വീതിയും കൂട്ടിയും, മൺസൂൺ കാലങ്ങളിൽ സമയാസമയം പൊഴിമുറിച്ചും, മാലിന്യം നീക്കംചെയ്തും വെള്ളപ്പൊക്കവും മലിനീകരണവും നിയന്ത്രിക്കാവുന്നതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ടൂറിസം വകുപ്പുമായി സഹകരിച്ച് ആക്കുളം കായലിന്റെ ആഴവും വിസ്തൃതിയും ശുദ്ധിയും സൗന്ദര്യവും നിലനിർത്താനുള്ള പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻകുമാർ: ആക്കുളം കായലിന്റെ വടക്കൻ ഭാഗങ്ങൾ ആറ്റിപ്ര വില്ലേജിനെ ചുറ്റിപ്പറ്റിയാണ് നിൽക്കുന്നത്. നമ്മുടെ തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്ക പരിഹാരത്തിനുവേണ്ടി ദൈവം കനിഞ്ഞനുഗ്രഹിച്ച ഒരു സ്വാഭാവിക ഘടകമായിരുന്നു വളരെ വിസ്തൃതമായിരുന്ന ആക്കുളം കായൽ. അനവധി തോടുകളിലൂടെ മഴവെള്ളം വളരെ പെട്ടെന്ന് ഒഴുകിപ്പോകുമായിരുന്ന ആ കായലിന്റെ കൈകളും കാലുകളും അരിഞ്ഞു തള്ളുന്നത് നമ്മുടെ സർക്കാർ വളരെ നിസ്സഹായകമായി കണ്ടുനിൽക്കുകയാണ്. അനവധി വർഷങ്ങളായി നിർബാധം നടന്നു വരുന്ന കയ്യേറ്റം തടയുന്നതിന് നിലവിൽ നമ്മുടെ വകുപ്പിന് എതിരായിട്ടുള്ള ഏതെങ്കിലും നിയമഘടകങ്ങളുണ്ടോ? റവന്യൂ, പോലീസ് അധികൃതരുടെ സഹായത്തോടുകൂടി അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: സ്വാഭാവികമായിട്ടുള്ള കായലുകളും നദികളുമൊക്കെ നികത്തുന്നത് നിയമവിരുദ്ധമാണ്. അങ്ങനെ സ്വീകരിക്കുന്ന നടപടികൾക്കെതിരെ ഫലപ്രദമായി ഗവൺമെന്റ് നീങ്ങുന്നുണ്ട്. റവന്യൂ വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും സഹായം പല സന്ദർഭങ്ങളിലും ഡിപ്പാർട്ടുമെന്റ് അഭ്യർത്ഥിക്കാറുണ്ട്. അതനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. മോഹൻകുമാർ: വളരെ മിടുക്കനായ അങ്ങയിൽ നിന്നും വളരെ ഒഴുക്കൻ മട്ടിലുള്ള ഒരു മറുപടിയാണ് കിട്ടിയിരിക്കുന്നത്. ആക്കുളം കായലിന്റെ ആഴവും വിസ്തൃതിയും സൗന്ദര്യവും ശുദ്ധിയും നിലനിർത്താനുള്ള പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നുണ്ട് എന്ന് അങ്ങ് മറുപടി നൽകുകയുണ്ടായി. അങ്ങ് സദയം ആ പ്രദേശമൊന്ന് സന്ദർശിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ചോദ്യത്തിലേയ്ക്കു ഞാൻ കടക്കുകയാണ്. നമ്മുടെ കായലിൽ മനുഷ്യമാലിന്യങ്ങൾക്കൊണ്ട് പരിസ്ഥിതിക്കും ആരോഗ്യത്തിനും സൗന്ദര്യത്തിനും കോട്ടം തട്ടുന്ന പ്രവർത്തനങ്ങൾ നടത്താൻ അനുവദിച്ചു കൊണ്ടിരിക്കുകയാണ്. പട്ടം ആമയിഴഞ്ചാൻ, പാർവ്വതി പുത്തനാർ ഈ കായലുകളിലേയ്ക്കു കടന്നുവരുന്ന തോടുകളുടെ പരിസര പ്രദേശങ്ങളിൽ സ്വീവറേജ് ലൈനുകൾ ദീർഘിപ്പിക്കുകയും ഒപ്പം പട്ടം, മുറിഞ്ഞപാലം പമ്പുഹൗസുകൾ കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുകയാണെങ്കിൽ മനുഷ്യമാലിന്യങ്ങളുടെ സങ്കലനം നമുക്ക് ഒഴിവാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട ഗവൺമെന്റ് തലസ്ഥാന വികസന പദ്ധതിയിലും മറ്റു വികസന പദ്ധതികളിലും ഉൾപ്പെടുത്തിക്കൊണ്ട് പരിസര പ്രദേശങ്ങളിലേയ്ക്ക് സ്വീവറേജ് ലൈനുകൾ ദീർഘിപ്പിക്കുവാനും കണക്ഷൻ നൽകാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം രണ്ടു കാര്യങ്ങളാണ് ചോദിച്ചത്. ഈ ഭാഗങ്ങളുടെ ബ്യൂട്ടിഫിക്കേഷനുവേണ്ടി നടപടികൾ ഫലപ്രദമായി സ്വീകരിച്ചിട്ടില്ല എന്നു പറഞ്ഞു. അതു ശരിയല്ല. ആക്കുളം കായലിന്റെ സൗന്ദര്യം വർദ്ധിപ്പിക്കാനായി വേളി മുതൽ ആക്കുളം വരെ കായലിനോട് ചേർന്ന് ഒരു നടപ്പാത നിർമ്മിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. അതിനു 265.18 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടൂറിസം ഡിപ്പാർട്ടുമെന്റാണ് ആ പണം ഡെപ്പോസിറ്റു ചെയ്തിരിക്കുന്നത്. ഇതിൽ 50 ലക്ഷം രൂപ സെൻട്രൽ അസിസ്റ്റൻസും 215.18 ലക്ഷം രൂപ സംസ്ഥാനത്തിന്റെ വിഹിതവുമാണ്. ഇതിൽ 1200 മീറ്റർ ഭാഗത്തെ പണികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതു 2004 ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാകും. രണ്ടാമത്തെ ഭാഗം 2004 ജൂലൈ, ആഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ടാമതായി അദ്ദേഹം ചോദിച്ച ചോദ്യം

LIBRARY ARCHIVES Kerala Legislative Assembly

സ്വീവറേജ് സൗകര്യത്തെ സംബന്ധിച്ചാണ്. കേരളം മൊത്തമെടുത്താൽ സ്വീവറേജ് സൗകര്യം കുറച്ചെങ്കിലും ചെയ്തുകൊടുക്കാൻ കഴിഞ്ഞിട്ടുള്ളത് തിരുവനന്തപുരം നഗരത്തിൽ മാത്രമാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ പല പ്രാവശ്യം എം. എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. സ്വീവറേജ് സ്കീം കുറച്ചുകൂടി നന്നായി പുരോഗതി പ്രാപിക്കണം. അതിനുള്ള നടപടികൾ ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞ നിർദ്ദേശങ്ങൾകൂടി കണക്കിലെടുക്കാം. തലസ്ഥാനനഗരിയുടെ മനോഹാരിത വർദ്ധിപ്പിക്കുന്നതിനും തലസ്ഥാന നഗരിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി നമ്മൾ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയിൽ മാലിന്യ നിർമ്മാർജ്ജനം ഒരു പ്രധാനപ്പെട്ട ഘടകമാണ്. അതു പ്രധാനപ്പെട്ട ഒരു ഘടകമായി എടുത്തുകൊണ്ട് അതിനുള്ള നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നുണ്ട്.

മി. സ്പീക്കർ: ആമയിഴഞ്ചാൻ തോടിലെ വെള്ളമൊഴുക്ക് സുഗമമാക്കിയാൽ തമ്പാനൂരിലെ വെള്ളപ്പൊക്കംപോലും ഇല്ലാതാകുമെന്നാണ് പറയുന്നത്. അതിനെക്കുറിച്ച് എന്തു പറയുന്നു?

ശ്രീ. ടി. എം. ജേക്കബ്: അങ്ങു പറഞ്ഞതും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതും ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. കുറെ നടപടികൾ ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് സ്വന്തമായി ചെയ്യുന്ന പണികളുണ്ട്. അതിനുംപുറമെ തലസ്ഥാന നഗരിയുടെ വികസനവുമായി ബന്ധപ്പെട്ട വന്നിരിക്കുന്ന സ്കീമിനകത്ത് ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. എ. വാഹീദ്: എന്റെ നിയോജകമണ്ഡലത്തിലെ ആറ്റിപ്ര പഞ്ചായത്തിന്റെ മൂന്നിലൊന്നു ഭാഗം ആക്കുളം കായലിന്റെ ഭാഗത്താണ്. ചോദ്യം (എ) യുടെ മറുപടിയിൽ അതു പറഞ്ഞിട്ടില്ല. ഈ മാലിന്യങ്ങൾ മുഴുവൻ സഹിക്കുന്നത് കഴക്കൂട്ടത്തുകാരാണ്. ആക്കുളം കായലിൽ നിന്നും ടി.എസ്. കനാലാണ് പോകുന്നത്. ടി. എസ്. കനാൽ വഴി കഠിനംകുളം കായലിലാണ് ചേർക്കുന്നത്. ഇതെല്ലാം ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രിയുടെ അധികാരപരിധിയിൽപ്പെട്ടതാണ്. ടി.എസ്. കനാൽ ഇപ്പോൾ മൂടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഈ മാലിന്യക്കൂമ്പാരം ആക്കുളം കായലിൽ കൂടുന്നത്. അതുകൊണ്ട് ടി. എസ്. കനാൽ വികസിപ്പിച്ച് വെള്ളത്തിന്റെ ഒഴുക്ക് ശരിയാക്കാൻ ആവശ്യമായ നടപടിയും ആക്കുളം കായലിന്റെ വികസനവും നഗരത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ടി.എസ്. കനാലിന്റെ വികസനംകൂടി ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: അതു സ്വാഭാവികമാണ്. ഒരു തോട് അല്ലെങ്കിൽ കനാൽ, ഇവയിൽ മാലിന്യം വന്നു പെട്ടാൽ, അതു ചെന്നവസാനിക്കുന്നിടത്തുതന്നെ ഇതെല്ലാം വന്നു ചേരും. കുറെയൊക്കെ ജനങ്ങളുടെ സഹായം കൂടിയുണ്ടായാലേ ശരിയാക്കാൻ പറ്റൂ. നാം ഓരോ ഭാഗവും ക്ളീൻ ചെയ്തുവരുമ്പോൾ, അതിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾത്തന്നെ മാലിന്യങ്ങളുടെ കൂമ്പാരവും കൂടിവരുന്നുണ്ട്. ഇതുസംബന്ധിച്ച് ചർച്ച ചെയ്തിട്ടുള്ള കാര്യം ജനപ്രതിനിധികൾക്കും അറിയാവുന്നതാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഒരു ബൃഹത്തായ സ്കീം തയ്യാറാക്കിയിട്ടുള്ളത്. മുഖ്യമന്ത്രി തന്നെ അധ്യക്ഷനായിട്ടുള്ള ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയാണ് തിരുവനന്തപുരം നഗരത്തിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റി ഫോം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുന്നത്. അവർ വളരെ ഫലപ്രദമായി ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മുഖ്യമന്ത്രി തന്നെ പല പ്രാവശ്യം മറ്റു മന്ത്രിമാരെ വിളിച്ചിരുത്തി വികസന കാര്യങ്ങൾ ചർച്ച ചെയ്യുകയും വിവിധ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റു ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് മുൻതൂക്കം കൊടുത്തു ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ് തലസ്ഥാന നഗരത്തിന്റെ വികസനവും അതിന്റെ പ്രാന്തപ്രദേശങ്ങൾ ഭംഗിയായി സംരക്ഷിക്കലും.

## കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ നടപടി

*4 [184 ] ശ്രീ. കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മേഖലകളിൽനിന്നും ലഭിക്കുന്ന ശുദ്ധജലമാണ് കുടിവെള്ളത്തിന് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിയുടെ ടാപ്പ്, ഹാന്റ് പമ്പ്, ട്യൂബുകൾ എന്നിവ മുഖേന കുടിവെള്ളം ലഭിക്കുന്ന എത്ര വീടുകൾ ഇപ്പോൾ സംസ്ഥാനത്തുണ്ട്;

(സി) ഈ രൂപത്തിൽ കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് അവ എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) ജലസംഭരണികൾ, നദികൾ, കുളങ്ങൾ, അരുവികൾ, നീരുറവകൾ, ശുദ്ധജല തടാകങ്ങൾ, കിണറുകൾ എന്നിവയിൽ നിന്നുള്ള വെള്ളവും മഴവെള്ളവും കുടിവെള്ളത്തിന് ഉപയോഗിച്ചുവരുന്നു.

(ബി) 30-11-2003-ലെ കണക്കു പ്രകാരം സംസ്ഥാനത്ത് 8,39,742 ഗാർഹിക വാട്ടർ കണക്ഷനുകൾ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. കൂടാതെ 1,79,826 പൊതുടാപ്പുകൾ വഴിയും കേരള വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്.

(സി) കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കാനായി കേരള വാട്ടർ അതോറിറ്റിയുടെ പണി നടന്നു വരുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനും ധനലഭ്യതയ്ക്കു വിധേയമായി നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും ഇക്കാര്യത്തിൽ പരമാവധി പ്രയോജനപ്പെടുത്താൻ നടപടികളെടുത്തുവരുന്നു. ജെ. ബി. ഐ. സി. സഹായത്തോടെ സംസ്ഥാനത്തു നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളും ലോകബാങ്ക് സഹായത്തോടെ 4 ജില്ലകളിൽ നടപ്പാക്കി വരുന്ന ജലനിധി പദ്ധതിയും കൂടുതൽ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ സഹായകരമാകും. ജലനിധി പദ്ധതി ബാക്കി 10 ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. താല്ക്കാലിക നടപടി എന്ന നിലയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിലും മറ്റും കുടിവെള്ളമെത്തിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള മറ്റൊരു പദ്ധതിയാണ് സ്വജൽധാരാ പദ്ധതി. ഈ സ്വജൽധാരാ പദ്ധതി പ്രകാരം പീപ്പിൾസ് കോൺട്രിബ്യൂഷൻ അടച്ചവർക്ക് പദ്ധതി നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. പ്രൈവറ്റ് സ്കൂൾ, അതുപോലെയുള്ള സ്ഥാപനങ്ങളിൽ ഈ പദ്ധതികൾ എത്തിക്കാൻവേണ്ടി പണമടച്ചിട്ടും എത്തിക്കാൻ സാധിച്ചിട്ടില്ല എന്ന മറുപടിയാണ് കിട്ടിയത്. ഇതിനു എന്തു നടപടികളാണ് അങ്ങു സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കേന്ദ്ര ഗവൺമെന്റ് അസിസ്റ്റൻസുള്ള ഒരു പ്രോഗ്രാമാണ് ഈ സ്വജൽധാരാ പദ്ധതി. ഇതിനകത്ത് 10 ശതമാനം കോൺട്രിബ്യൂഷനാണ് ബെനിഫിഷ്യറീസിന്റെ ഭാഗത്തുനിന്നും വരിക. സ്കൂളുകളുടെ പ്രോഗ്രാം എടുക്കാമെന്നു കേന്ദ്ര ഗവൺമെന്റ് ആദ്യം അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ നിന്നും പ്രൊപ്പോസലുകൾ ഞങ്ങൾ വാങ്ങുകയും ചെയ്തു. പക്ഷേ വീണ്ടും കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചത് ഈ പദ്ധതി ഗവൺമെന്റ് സ്കൂളുകളിൽ മാത്രമായി ഒതുക്കി നിർത്തണമെന്നാണ്. കേരളത്തിന്റെ ഒരു പ്രത്യേക സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകളെക്കൂടി ഈ പട്ടികയിൽ പെടുത്തേണ്ടതാണെന്ന അഭിപ്രായം ഗവൺമെന്റിനുണ്ട്. അതു അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ഞങ്ങൾ എഴുതിയിട്ടുമുണ്ട്. അനുകൂലമായ ഒരു മറുപടി ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ: വരൾച്ച കൂടുതൽ അനുഭവപ്പെടാൻ പോകുകയാണ്. ഇപ്പോൾതന്നെ അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പല പദ്ധതികളും തുടങ്ങിയിട്ടു പൂർത്തീകരിച്ചിട്ടില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തലശ്ശേരി വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പാത്തിപ്പാലം. മൂന്നു പഞ്ചായത്തുകൾക്ക് വെള്ളം നൽകാൻ പാകത്തിലുള്ള ഒരു പദ്ധതിയാണിത്. പക്ഷേ ഇതുവരെ ഉദ്ഘാടനം ചെയ്യപ്പെട്ടില്ല. എന്നിട്ടും പമ്പ് ചെയ്യുമ്പോൾ പൊട്ടിപ്പൊളിഞ്ഞുപ്പോകുകയാണ്. അതു പരിശോധിച്ചുകൊണ്ട് അവിടെ സുഗമവും സുതാര്യവുമായ ശുദ്ധജലവിതരണം ഉടൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം ഒരു പ്രധാന പദ്ധതിയെ സംബന്ധിച്ചാണ് ചോദിച്ചത്. അതിന്റെ ഡീറ്റെയിൽസ് ഇപ്പോൾ എന്റെ കയ്യിലില്ല. എങ്കിലും ഞാൻ അതു പരിശോധിക്കാം. പൊതുവായി കമ്മീഷൻ ചെയ്ത പദ്ധതികൾ നടത്തിക്കൊണ്ടു പോകണം എന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനേക്കാൾ ഉപരിയായി ഇപ്പോൾ കേരളത്തിൽ പണിനടന്നു കൊണ്ടിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളെ സംബന്ധിച്ച് ഒരു റിവ്യൂ എന്റെ തലത്തിൽതന്നെ ഞാൻ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുറെ പ്രോഗ്രസ്സ് ഉണ്ടായിട്ടുണ്ട്. തടസ്സങ്ങൾ ഉണ്ടായ കാര്യങ്ങളിൽ ഞാൻ എം. എൽ. എ.-മാരെ നേരിട്ടു കത്തുവഴി അറിയിച്ചിട്ടുണ്ട്. ഇന്നയിന്ന തടസ്സങ്ങൾ ശുദ്ധജലവിതരണ പദ്ധതിയിൽ നേരിടുന്നുണ്ട്, അതു പരിഹരിക്കാൻ നിങ്ങളുടെ സഹകരണം വേണം എന്നു പറഞ്ഞിട്ടുണ്ട്. എം. എൽ. എ.-മാർ റെസ്പോണ്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. അങ്ങനെയൊരു കോ-ഓർഡിനേഷൻകൂടി ഇക്കാര്യത്തിൽ ഉണ്ടാക്കിക്കൊണ്ട് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി വാഗമൺ പ്രദേശത്ത് നിർമ്മിച്ചിട്ടുള്ള തടാകങ്ങൾ

*5 [185] ശ്രീ. പി. ടി. തോമസ്:
„ എം. എ. ചന്ദ്രശേഖരൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ലൂഡി ലൂയിസ്:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി വാഗമൺ പ്രദേശത്ത് എത്ര തടാകങ്ങൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഈ തടാകങ്ങളെ സംരക്ഷിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്;

(സി) പ്രസ്തുത തടാകങ്ങൾ കയ്യേറ്റത്തിന് വിധേയമായിട്ടുണ്ടോ;

(ഡി) ഈ തടാകങ്ങളിൽനിന്ന് എവിടേക്കെല്ലാമാണ് ശുദ്ധജലവിതരണം നടത്തുന്നത് എന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി വാഗമൺ പ്രദേശത്ത് തടാകങ്ങളൊന്നും തന്നെ നിർമ്മിച്ചിട്ടില്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

### വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് മുൻകരുതലുകൾ

*6 [186] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് വൈദ്യുതി ഉൽപ്പാദന വിതരണ മേഖലകളിൽ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിച്ച് വൈദ്യുതി ഉൽപ്പാദന വിതരണ രംഗത്ത് മുന്നോട്ട് പോകുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി പരിഗണിച്ച് ജല വൈദ്യുതിയുടെ ഉൽപ്പാദനം മുൻകരുതലോടെ നിയന്ത്രിച്ച് വരികയാണ്. 2004-ലെ കാലവർഷവും താമസിച്ചു വന്നാലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനുവേണ്ടി 31-5-2004-ൽ 400 മില്ല്യൻ യൂണിറ്റ് ഉൽപ്പാദനത്തിനുവേണ്ടത്ര ജലം കരുതലായി നിലനിർത്തുന്ന വിധവും 31-5-2004 വരെ പ്രതിദിനം ശരാശരി 11 മില്ല്യൻ യൂണിറ്റ് ഉൽപ്പാദിപ്പിക്കത്തക്കവിധവും, ആണ് ഉൽപ്പാദനം ക്രമീകരിക്കുന്നത്. വൈദ്യുതിയുടെ വില കുറവായ അവസരങ്ങളിൽ കൂടുതൽ വൈദ്യുതി സെൻട്രൽ പൂളിൽനിന്നു ലഭ്യമാക്കിയും വിലകൂടുന്ന സമയത്ത് ഇപ്രകാരമുള്ള ഇറക്കുമതി കുറച്ച് ജലവൈദ്യുതി ഉൽപ്പാദനം കൂട്ടി ആവശ്യം നിറവേറ്റാനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പവർട്രേഡിംഗ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി ന്യായമായ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള ശ്രമങ്ങളും തുടർന്നു വരുന്നുണ്ട്. പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുവാനും തദ്ദേശ വിൽപ്പനയ്ക്ക് കൂടുതൽ വൈദ്യുതി ലഭ്യമാക്കാനും വേണ്ട പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. തുടങ്ങിവെച്ച ജലവൈദ്യുത പദ്ധതികൾ താമസംവിനാ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി (25 മെഗാവാട്ട്), കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (100 മെഗാവാട്ട്), ശബരിഗിരി റിനോവേഷൻ, നേര്യമംഗലം റിനോവേഷൻ എന്നീ പദ്ധതികളുടെ പണികളും ആരംഭിച്ചിട്ടുണ്ട്. 60 MW ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ആതിരപ്പള്ളി, മാങ്കുളം, തോട്ടിയാർ എന്നീ പദ്ധതികൾക്കുള്ള കേന്ദ്രാനുമതി ലഭ്യമാക്കാനുള്ള നടപടികളും ധൃതഗതിയിൽ പുരോഗമിക്കുകയാണ്. കൂടംകുളം, താൽച്ചർ, നെയ്‌വേലി എന്നീ കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദ്രവീകൃത പ്രകൃതി വാതകം ഉപയോഗിച്ച് കായംകുളം താപനിലയത്തിൽനിന്ന് ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി എൻ. ടി. പി. സി.-യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ നിലയത്തിൽനിന്ന് മൊത്തം 820 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനുള്ള മുൻകരുതലും എടുത്തിട്ടുണ്ട്. പുറമേനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ മധുര-തിരുവനന്തപുരം 400 കെ. വി. ലൈനിന്റെ പണി പൂർത്തീകരിച്ചുവരുന്നു. മൈസൂർ-കോഴിക്കോട് 400 കെ. വി. ലൈനിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞു.

(ബി) ഇല്ല.

## തീരക്കടലിലെ സീവീഡ്

*7 [187] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ജോർജ് ജെ. മാത്യു:
,, ടി. എൻ. പ്രതാപൻ:
,, സി. പി. മുഹമ്മദ്:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീവീഡ് കൃഷി ചെയ്യുന്നുണ്ടോ;

(ബി) വ്യാവസായികമായും ഭക്ഷ്യ വസ്തു എന്ന നിലയിലും ഉപയോഗിക്കാവുന്ന സീവീഡ് സംസ്ഥാന തീരക്കടലിൽ ലഭ്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള കൃഷിയെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം വിധത്തിലുള്ള സീവീഡുകൾ സംസ്ഥാനത്ത് ആദായകരമായി തീരക്കടലിൽ കൃഷിചെയ്യുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി) ലഭ്യമാണ്.

(സി) പരിഗണിച്ചിട്ടില്ല.

(ഡി) ബ്ലൂഗ്രീൻ ആൾഗെ, റെഡ് ആൾഗെ, ബ്രൗൺ ആൾഗെ എന്നീ ഗ്രൂപ്പിൽപ്പെട്ട സീവീഡുകളാണ് സംസ്ഥാനത്ത് കൃഷി ചെയ്യുവാൻ കഴിയുന്നത്.

## ഭൂഗർഭ ജലചൂഷണം

*6 [186] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
" കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നത് തടയാനും അപ്രകാരം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ;

(ബി) ഭൂഗർഭജലം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത് സംബന്ധിച്ച് എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(സി) ഇത്തരം കേസുകളിൽ തക്ക സമയത്ത് ഇടപെടാൻ ഭൂഗർഭജല വകുപ്പിന് കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) ഭൂഗർഭജല ചൂഷണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ഇ) ജലചൂഷണം സംബന്ധിച്ച് ഏറ്റവും ഒടുവിൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഭൂഗർഭ ജലവിനിയോഗം നിയന്ത്രിക്കുന്നതിന് ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 16-12-2003 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ കൈക്കൊള്ളാൻ കഴിയും.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂഗർഭജലം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത് സംബന്ധിച്ച് പ്രധാനമായും പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ കേസും തിരുവാണിയൂർ വാട്ടർ ബോട്ടിലിംഗ് പ്ലാന്റ് എന്നിവയുടെ കേസും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭൂഗർഭ ജലവകുപ്പ് ഇത്തരം കേസുകളിൽ തക്കസമയത്ത് ഇടപെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ക്രമീകരണത്തിനും നിയന്ത്രണത്തിനുമായി "ഭൂജല ആക്ട്" 16-12-2003 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ഭൂജലത്തിന്റെ വിനിയോഗത്തിൽ ക്രമീകരണം ഏർപ്പെടുത്തുവാൻ കഴിയുന്നതാണ്. ഭൂജലത്തിന്റെ അളവ് കൂട്ടുന്നതിനായി മഴവെള്ള ശേഖര പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി എന്നിവയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഇ) പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ ജലചൂഷണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 19-1-2003-ലെ ഡബ്ല്യു. എ/2125/2003 നമ്പർ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## തീരക്കടലിൽ മെർക്കുറിയുടെ അവശിഷ്ടങ്ങൾ തള്ളുന്നതുനിമിത്തം മൽസ്യ സമ്പത്തിന് ഉണ്ടായിട്ടുള്ള ഭീഷണി

*9 [189] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ:
,, ഇ. എം. അഗസ്തി:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ മെർക്കുറിയുടെ അവശിഷ്ടങ്ങൾ തള്ളുന്നതുനിമിത്തം മൽസ്യസമ്പത്തിന് ഏതെങ്കിലും വിധത്തിലുള്ള അപാകത ഉണ്ടായിട്ടുണ്ടോ; ഇതു സംബന്ധിച്ച എന്തെങ്കിലും പരീക്ഷണ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫലമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ തീരക്കടലിൽ എവിടെയെല്ലാം മെർക്കുറിയുടെ അവശിഷ്ടം തള്ളുന്നു എന്നു വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല. കേന്ദ്ര സമുദ്ര വികസന വകുപ്പ് പഠനം നടത്തിയിട്ടുണ്ട്.

(ബി) കോസ്റ്റൽ ഓഷ്യൻ മോണിട്ടറിംഗ് ആന്റ് പ്രഡിക്ഷൻ സിസ്റ്റം (സമുദ്ര തീര നിരീക്ഷണ നിയന്ത്രണ പ്രവചന സംവിധാനം) എന്ന പദ്ധതി പ്രകാരം കേരളത്തിന്റെ തീരക്കടലിൽ കേന്ദ്ര സമുദ്ര വികസന വകുപ്പ് കഴിഞ്ഞ കുറേ വർഷങ്ങളായി സമുദ്ര ജല നിലവാര ഗുണ നിർണയം നടത്തിവരുന്നു. ഈ പഠനപ്രകാരം കേരള തീരത്ത്

LIBRARY ARCHIVES Kerala Legislative Assembly

അനുവദനീയമായ പരിധിക്ക് വളരെ താഴെയാണ് മെർക്കുറിയുടെ സാന്നിദ്ധ്യം. കുടിവെള്ളത്തിൽ അനുവദനീയമായ പരിധിയിലും താഴെയാണ് തീരക്കടലിൽ മെർക്കുറിയുടെ അളവ്.

(സി) സംസ്ഥാനത്തിന്റെ തീരക്കടലിൽ എവിടേയും മെർക്കുറിയുടെ അവശിഷ്ടം ബോധപൂർവ്വം തള്ളുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന്

അനുയോജ്യമായ പദ്ധതി

10 [190] ശ്രീ. ടി. കെ. ബാലൻ:
„ എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ പിരപ്പൻകോട് മുരളി:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലക്ഷാമം ഏറ്റവും കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) വരൾച്ച ബാധിത പ്രദേശങ്ങളായി പരിഗണിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ്; വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ;

(സി) അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജലസംഭരണികളേയും തടാകങ്ങളേയും അപകടനിലയിൽനിന്ന് സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) ശുദ്ധജലവിതരണം ബഹുരാഷ്ട്ര കുത്തക കമ്പനികളെ ഏൽപ്പിക്കാതെ കേരളത്തിന് അനുയോജ്യമായ പദ്ധതികളിൽ ശ്രദ്ധിക്കാൻ തയ്യാറാവുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) കണ്ണൂർ, കാസർഗോഡ്, കോട്ടയം, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളെ പൂർണ്ണമായി വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രത്യേക കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

(സി) അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വലുതും ചെറുതുമായ പദ്ധതികൾക്ക് പുറമെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയും സാങ്കേതികമായി സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ചും വിതരണ ശൃംഖല നീട്ടിയും അഡീഷണൽ പമ്പിംഗ് ഏർപ്പെടുത്തിയും സ്രോതസ്സുകൾ പുനരുദ്ധരിച്ചും വിപുലീകരിച്ചും

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈ വാൽവുകൾ നിയന്ത്രിച്ചും ജലസ്രോതസ്സുകളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ കേരളാ വാട്ടർ അതോറിറ്റി എടുത്തുവരുന്നു. കേരളാ റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി നടപ്പാക്കുന്ന ജലനിധി പദ്ധതി അനുസരിച്ചുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കേന്ദ്ര സഹായ ത്തോടെ നടപ്പാക്കുന്ന സെക്ടർ റിഫോം കീഴിലുള്ള കുടിവെള്ള പദ്ധതികളും കുടിവെള്ള പ്രശ്നപരിഹാരത്തിന് സഹായകരമാണ്. പഞ്ചായത്തുകൾ നടപ്പാക്കുന്ന പദ്ധതികളും സ്വജലധാരാ പദ്ധതിയും കുടിവെള്ളക്ഷാമത്തിന് പരിഹാരമാണ്.

കൂടാതെ പഴയ കിണറുകളും കുളങ്ങളും ശുചീകരിക്കുന്നതിനും, ജലസ്രോതസ്സുകൾ നവീകരിക്കുന്നതിനും, കുഴൽ കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാ ക്കുന്നതിനും, ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനും വേണ്ട നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ജലസംഭരണികളും ജലസ്രോത സ്സുകളും അറ്റകുറ്റപ്പണികൾ നടത്തി വാട്ടർ അതോറിറ്റി സംരക്ഷിച്ചുവരുന്നുണ്ട്. ജല സേചന വകുപ്പും ജലസംഭരണികളുടേയും പുഴകളുടേയും സംരക്ഷണം നടത്തുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുളങ്ങളുടെ പുനരുദ്ധാരണ നടപടികളും ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്തുവരുന്നു.

(ഇ) ശുദ്ധജല വിതരണം ബഹുരാഷ്ട്ര കമ്പനികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

## തീർത്ഥാടക ടൂറിസം

*11 [191] ശ്രീമതി രാധാ രാഘവൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ജോർജ് ജെ. മാത്യു:
" പി. ജെ. ജോയി:
" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടക ടൂറിസത്തിന് സംസ്ഥാനം വേണ്ടത്ര പരിഗണന നൽകുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് തീർത്ഥാടക ടൂറിസത്തിന്റെ ഭാഗമായി എവിടെയെല്ലാം കൂടുതൽ തീർത്ഥാടകരും മറ്റുള്ളവരും എത്തിച്ചേരുന്നുണ്ട്;

(സി) ഈ സ്ഥലങ്ങളിൽ തീർത്ഥാടക ടൂറിസ്റ്റുകൾക്ക് കൂടുതൽ സൗകര്യം ചെയ്തു കൊടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ഡി) ശബരിമല, ഗുരുവായൂർ, മലയാറ്റൂർ എന്നിവിടങ്ങളിൽ എത്തുന്ന വിദേശികളും സ്വദേശികളുമായ തീർത്ഥാടകർക്ക് ടൂറിസം വകുപ്പ് എന്തെല്ലാം പ്രത്യേക സൗകര്യങ്ങൾ ഈ വർഷം ഏർപ്പെടുത്തുകയുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്. ടൂറിസം വകുപ്പ് തീർത്ഥാടക ടൂറിസത്തിന് വേണ്ടത്ര പ്രാധാന്യം നൽകിക്കൊണ്ട് ഈ മേഖലയിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്ന തിന് ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളായി അറിയപ്പെടുന്ന ശബരിമല, ഗുരുവായൂർ, മലയാറ്റൂർ, കാലടി തുടങ്ങിയ സ്ഥലങ്ങളിൽ നിരവധി തീർത്ഥാടക ടൂറിസ്റ്റുകൾ എത്തിച്ചേരുന്നുണ്ട്.

(സി) ശബരിമല തീർത്ഥാടക ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് ഏകദേശം 2 കോടി രൂപ ചെലവിൽ എരുമേലിയിലും 1.75 കോടി രൂപ ചെലവിൽ കുളനടയിലും രണ്ട് തീർത്ഥാടക സൗകര്യകേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതേപോലെ മലയാറ്റൂരിലും കാലടിയിലും ഗുരുവായൂരും ഏറ്റവും ബൃഹത്തായ ടൂറിസ്റ്റു കോംപ്ലക്സുകൾ പണി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ കാലടിയിലും, മലയാറ്റൂരിലും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ശബരിമലയിലേക്കുള്ള മാർഗ്ഗമദ്ധ്യേ കുളനടയിൽ ഒരു പിൽഗ്രിം സെന്റർ പണി കഴിപ്പിച്ചിട്ടുണ്ട്. കൂടാതെ എരുമേലിയിലും തീർത്ഥാടകർക്കായി ഒരു പിൽഗ്രിം സെന്റർ ഈ വർഷം പ്രവർത്തനമാരംഭിച്ചു. ഗുരുവായൂർ ഗസ്റ്റ് ഹൗസിനു സമീപം ഒരു തീർത്ഥാടക സമുച്ചയം പണി കഴിപ്പിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. മലയാറ്റൂരിൽ ഒരു ഇൻഫർമേഷൻ സെന്ററിന് അനുമതി നൽകിയിട്ടുണ്ട്.

## ഭൂഗർഭജലം ഊറ്റിയെടുക്കുന്നത് തടയുന്നതിന് നടപടി

*12 [192] ശ്രീ. പി. എസ്. സുപാൽ:
„ ബിനോയ് വിശ്വം:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും നിയമവിരുദ്ധമായി ഭൂഗർഭജലം ഊറ്റിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പഠനങ്ങളിൽ കണ്ടെത്തിയ വിവരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനത്ത് നിയമവിരുദ്ധമായി ഭൂഗർഭജലം ഊറ്റിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ഭൂജലബോർഡും കേന്ദ്ര ഭൂജല ബോർഡും ചേർന്ന് ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ ഭൂജലത്തിന്റെ അമിത ചൂഷണം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മൂന്നു ബ്ലോക്കുകളായ ചിറയിൻകീഴ്, കാസർഗോഡ്, കൊടുങ്ങല്ലൂർ എന്നിവ ഓവർ എക്സ്പ്ലോയിറ്റഡ് കാറ്റഗറിയിൽപ്പെടുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ്

*13 [193] ശ്രീ. ജോണി നെല്ലൂർ:
,, ഉമ്മേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് വകുപ്പിൽനിന്ന് നൽകുന്നുണ്ടോ;

(ബി) പുതുതായി ആരംഭിച്ചതും ആരംഭിക്കാനിരിക്കുന്നതുമായ സ്വാശ്രയ സ്ഥാപനങ്ങളിൽ ചേരുന്ന വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാണോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്

(ബി, സി) പരിശോധിച്ചുവരുന്നു.

ഗൃഹനിർമ്മാണ പദ്ധതി

*14 [194] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി പുതിയ ഗൃഹനിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിപ്രകാരം എത്ര വീടുകളാണ് നിർമ്മിച്ചു നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) വീട് അനുവദിച്ചു നൽകുന്നതിന്റെ മാനദണ്ഡം വിശദീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 13559-ഉം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 2470 വീടുകളുമാണ് നിർമ്മിച്ചു നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിൽപ്പെട്ടവരും 3 സെന്റ് ഭൂമിയുള്ളവരും ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായത്തിന് അർഹതയുണ്ട്.

70 % ഗുണഭോക്താക്കളെ അർഹതയുള്ള മുഴുവൻ അപേക്ഷകരിൽനിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നു. ബാക്കി 30 % ഗുണഭോക്താക്കളെ പ്രത്യേക പരിഗണന അർഹിക്കുന്ന വിധവകൾ, അംഗവൈകല്യമുള്ളവർ, പെൺകുട്ടികൾ കൂടുതലുള്ള കുടുംബങ്ങൾ, ഗുരുതരമായ രോഗം പിടിപെട്ടവർ, പട്ടികജാതിയിലെത്തന്നെ ജനസംഖ്യ വളരെ കുറവുള്ള വിഭാഗക്കാർ, അപകടത്തിൽപെട്ട് ജോലി ചെയ്യാൻ കഴിയാത്തവർ മുതലായ പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകരിൽ നിന്നും ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നു. രണ്ടാമത്തെ വിഭാഗത്തിൽ ആവശ്യമായ അപേക്ഷകരില്ലെങ്കിൽ ബാക്കിയുള്ളവരേയും ഒന്നാം വിഭാഗത്തിൽപ്പെടുത്തി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിൽ കുടുംബ വാർഷികവരുമാനം 18000 രൂപയിൽ താഴെയുള്ള സ്വന്തം പേരിലോ, ഭാര്യ, ഭർത്താവ്, അവിവാഹിതരായ മക്കൾ എന്നിവരുടെ പേരിലോ അനുയോജ്യമായ ഭൂമിയുള്ളവരെ ഭവനനിർമ്മാണ ധനസഹായത്തിന് തെരഞ്ഞെടുക്കുന്നു. ഊരുകൂട്ടം വഴി ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

## പൂർത്തിയാക്കപ്പെട്ട ടൂറിസം പദ്ധതികളും ചെലവും

*15 [195] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയാക്കിയ ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും എന്തു തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) പുതുതായി സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും, ഓരോന്നിനും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ 5 വർഷത്തിനിടെ സംസ്ഥാനത്തേക്ക് ഓരോ വർഷവും വന്ന വിനോദസഞ്ചാരികൾ എത്രയെന്നുള്ള കണക്ക് വ്യക്തമാക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ടൂറിസം വകുപ്പിലൂടെ പൂർത്തിയാക്കിയ പദ്ധതികളുടെ വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. †

(ബി) സംസ്ഥാന ടൂറിസം വകുപ്പ് ഈ സാമ്പത്തിക വർഷം പുതിയ പദ്ധതികളൊന്നും ഇനി അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല. അടുത്ത സാമ്പത്തിക വർഷം തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. മൊത്തം 74.25 കോടി രൂപയാണ് ടൂറിസം വകുപ്പിന് വിവിധ പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ളത്.

(സി) വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം I, I എ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി മേഖലയിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ

*16 [196] ശ്രീ. എൻ. രാജൻ:
,, കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് വർദ്ധനവ് സംബന്ധിച്ച് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ടോ;

(ബി) ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി മേഖലയിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കായംകുളം (എൻ. ടി. പി. സി.) പദ്ധതിയുടെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യവസ്ഥകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) 2003-04-ലെ വൈദ്യുതി ബോർഡിന്റെ മൊത്ത റവന്യൂ ആവശ്യകതയും ചാർജുകളിൽനിന്ന് പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ച നിവേദനത്തിന്മേൽ നിലവിലുള്ള ചാർജുകൾ തുടരാൻ കമ്മീഷൻ ഉത്തരവായിട്ടുണ്ട്.

(ബി) വൈദ്യുത ഉൽപ്പാദന-വിതരണ മേഖലകളിൽ ചിലവു കുറയ്ക്കുകയും വൈദ്യുതി ബോർഡിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുകയുമാണ് കമ്മീഷന്റെ പ്രധാന പരിപാടി. ഇതിലേക്കായി താഴെപറയുന്ന കാര്യങ്ങളിൽ എടുക്കേണ്ട നടപടികളെക്കുറിച്ച് കമ്മീഷൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(1) പ്രസരണ നഷ്ടം കുറയ്ക്കുക.

(2) പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക അടിയന്തിരമായി പിരിച്ചെടുക്കുക.

(3) വായ്പകളുടെ പലിശയും വൈദ്യുതി വാങ്ങൽ ചെലവും കുറയ്ക്കുക.

(4) വസ്തു വിവരപ്പട്ടിക കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിനും ആവശ്യമില്ലാതെ കെട്ടിക്കിടക്കുന്ന സാധനങ്ങൾ ലേലം ചെയ്ത് കമ്മി കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(5) പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

(6) കളക്ഷൻ കാര്യക്ഷമത ഇപ്പോഴത്തെ 94%-ത്തിൽനിന്നും 98-99% ആയി വർദ്ധിപ്പിക്കുക.

2004 മാർച്ച് 31-ന് മുമ്പ് സംസ്ഥാനത്തെ എല്ലാ വൈദ്യുത ഓഫീസുകളിലും ബില്ലിംഗ് കമ്പ്യൂട്ടർവൽക്കരിക്കുക.

(സി) കായംകുളം (എൻ. ടി. പി. സി.) പദ്ധതിയുടെ സ്ഥാപിത ശേഷി 350 M. W.-ൽനിന്നും 2300 M.W. ആയി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കെ. എസ്. ഐ. ഡി. സി.-യും എൻ. ടി. പി. സി.-യും ധാരണാപത്രത്തിൽ ഒപ്പിടുകയുണ്ടായി. ധാരണാപത്രം അനുസരിച്ച് പദ്ധതി നിർവ്വഹണത്തിനാവശ്യമായ എല്ലാവിധ സഹായസഹകരണങ്ങളും കെ. എസ്. ഐ. ഡി. സി. നൽകുന്നതോടൊപ്പം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും ലഭിക്കേണ്ടുന്ന അനുവാദങ്ങളും അനുമതികളും നേടിക്കൊടുക്കുന്നതുമാണ്.

## വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന് സെസ്സ് ഏർപ്പെടുത്തുന്ന നടപടി

*17 [197] ഡോ. തോമസ് ഐസക്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾ വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന് സെസ്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇത്തരമൊരു ശുപാർശ ഏത് ഏജൻസിയിൽനിന്നാണ് സർക്കാരിന് ലഭ്യമായതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതു സംബന്ധിച്ച ശുപാർശയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) എല്ലാ വിഭാഗം ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുവാനുള്ള ഉത്തരവാദിത്വത്തിൽനിന്നും സർക്കാർ പിൻവാങ്ങുന്നതിന്റെ ആദ്യപടിയാണ് ഈ നടപടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ നടപടി പിൻവലിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി—ഇ) ചോദ്യം ഉദിക്കുന്നില്ല.

## കേന്ദ്രത്തിന് സമർപ്പിച്ച വിനോദസഞ്ചാര വികസന പദ്ധതികൾ

*18 [198] ശ്രീ. എ. സുജനപാൽ:
,, ഡി. സുഗതൻ:
,, വി. ബാലറാം:
,, എം. പി. ഗംഗാധരൻ:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര വികസനത്തിനുള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾ സമർപ്പിച്ചു എന്ന് വിശദീകരിക്കാമോ;

(സി) ഈ പദ്ധതികൾക്ക് എന്തു ചെലവ് വരുമെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതികളെപ്പറ്റി കേന്ദ്ര ഗവൺമെന്റുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി, സി) (1) ഇൻറർനാഷണൽ കൺവെൻഷൻ സെന്റർ, ആക്കുളം .. 1000 കോടി

(2) എഡ്യൂറ്റൈൻമെന്റ് സെന്റർ, തൃപ്പൂണിത്തുറ .. 60 കോടി

(3) ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ്, കാലടി .. 19.20 കോടി

(4) ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ്, ഗുരുവായൂർ .. 13.20 കോടി

(5) ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് സെൻട്രൽ ടൂറിസം സർക്യൂട്ട് .. 21.50 കോടി

(6) ബാക്ക് വാട്ടേഴ്സ് മലബാർ .. 11 കോടി

(7) ഡവലപ്പ്മെന്റ് ഓഫ് ആർട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജ്, വിഴിഞ്ഞം .. 18 കോടി

(8) ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഉപയോഗം കിറ്റ്സിൽ ഏർപ്പെടുത്തുന്നതിന് .. 35 ലക്ഷം

(9) ഇൻഫർമേഷൻ ടെക്നോളജിയുടെ ഉപയോഗം .. 2.46 കോടി

(10) ഉൽസവങ്ങൾ .. 25 ലക്ഷം

(11) സോളാർ ഹൈബ്രിഡ് ബോട്ടുവാങ്ങുന്നതിന് .. 6.70 കോടി

(12) ആറന്മുളയിൽ പവലിയൻ .. 57 ലക്ഷം

എന്നീ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.) †

(സി) ഈ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച് ടൂറിസം മന്ത്രിയും മുഖ്യമന്ത്രിയും കേന്ദ്ര ടൂറിസം മന്ത്രിയുമായി ചർച്ച നടത്തുകയും മുഖ്യമന്ത്രി നേരിട്ട് ആക്കുളത്തെ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ തുടങ്ങുന്ന പ്രോജക്ട് പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

## വാഗമൺ ടൂറിസം പദ്ധതി

*19 [199] ശ്രീ. സാജു പോൾ:
,, കെ. കെ. ജയചന്ദ്രൻ:
,, രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ ടൂറിസം പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിക്ക് വാഗമൺ, കോലാഹലമേട് പ്രദേശത്തെ എത്ര ഏക്കർ ഭൂമി നൽകാനുദ്ദേശിക്കുന്നുണ്ട്; ഏതെല്ലാം വകുപ്പുകളുടെ കൈവശമുള്ള എത്ര ഏക്കർ ഭൂമിയാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ടോ;

(ഡി) വിദ്യുച്ഛക്തി ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിലപാടുകൾ വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്. നിർദ്ദിഷ്ട വാഗമൺ പദ്ധതിക്കുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായിട്ടുള്ള PKF വേൾഡ് വൈഡ് എന്ന ഏജൻസിയും, അമേരിക്കൻ കമ്പനിയായ 'എഡ്സാ' ഗ്രൂപ്പും സംയുക്തമായിട്ടാണ് ഈ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. 741.846 ഹെക്ടർ സ്ഥലമാണ് ഈ പദ്ധതിക്കായി സർക്കാർ മാറ്റിവച്ചിട്ടുള്ളതെങ്കിലും 611.6651 ഹെക്ടർ സ്ഥലമാണ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ പ്രസ്തുത സ്ഥലത്തായിരിക്കും വികസന പ്രവർത്തനങ്ങൾ നടത്തുക. ഇതിനായി ലഭിച്ച മാസ്റ്റർ പ്ലാൻ വിശദമായ ചർച്ചകൾക്ക് വിധേയമാക്കിയായിരിക്കും നടപ്പാക്കുക.

(ബി) കോലാഹലമേടും വാഗമണും ഉൾപ്പെടെ 611.6651 ഹെക്ടർ സ്ഥലമാണ് ഈ പദ്ധതിക്കായി ടൂറിസം വകുപ്പ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത്. കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ കൈവശമുള്ള ഭൂമിയും റവന്യൂ വകുപ്പിന്റെ പുറമ്പോക്കു ഭൂമിയുമാണ് മേൽപ്പറഞ്ഞതിൽ ഉൾപ്പെടുന്നത്.

(സി) ഇല്ല.

(ഡി) പദ്ധതിക്ക് അന്തിമരൂപം നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത വകുപ്പുകളുമായി ഇപ്പോൾ ആലോചന നടത്തിയിട്ടില്ല.

(ഇ) പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് മാസ്റ്റർ പ്ലാൻ അവലോകനം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തുടർച്ചയായി ജനറേറ്റർ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കൽ

*20 [200] ശ്രീ. എൻ. ശക്തൻ:
,, വി. ഡി. സതീശൻ:
,, ബി. വിജയകുമാർ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യങ്ങൾക്ക് തുടർച്ചയായി ജനറേറ്റർ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് തൊഴിൽ നിയമങ്ങളനുസരിച്ച് അനുവദനീയമാണോ;

(ബി) അല്ലാത്തപക്ഷം ഇപ്രകാരം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നവരെ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുവാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(സി) പ്ലാച്ചിമടയിൽ കൊക്കകോള ഫാക്ടറി വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി ഇരുപത്തിനാലുമണിക്കൂറും ജനറേറ്റർ ഉപയോഗിച്ച് വൈദ്യുതി നിർമ്മിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രകാലം ഇപ്രകാരം വൈദ്യുതി ഉൽപ്പാദിപ്പിച്ചു എന്നും ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) അനുവദനീയമാണ്.

(ബി) പ്രസക്തമല്ല.

(സി) ഉണ്ട്. ടി ഫാക്ടറി ജനറേറ്റർ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. വൈദ്യുതി ബോർഡിൽ നിന്ന് വൈദ്യുതി ഉപയോഗിക്കുന്നില്ല.

(ഡി) വൈദ്യുതി നിയമമനുസരിച്ച് ജനറേറ്റർ പ്രവർത്തിക്കുന്നതിനുള്ള അനുമതി 19-4-2000-ൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നും നൽകിയിട്ടുണ്ട്. നിയമപരമായ അനുമതി നൽകിയിട്ടുള്ളതിനാൽ മറ്റ് നടപടികൾക്ക് പ്രസക്തിയില്ല.

ഇലക്ട്രോണിക് മീറ്ററുകൾക്ക് കനത്തവാടക

*21 [201] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, ഇ.ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് മീറ്ററുകൾക്ക് ഉപഭോക്താക്കൾ കനത്ത വാടക നൽകേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്കുണ്ടാകുന്ന ഈ അധിക ചെലവ് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) പഴയ മീറ്ററുകൾ മാറ്റി പകരം പുതിയ ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുമ്പോൾ ത്രീ ഫേസ് ഉപഭോക്താക്കൾ 75 രൂപ വരെ വാടക നൽകേണ്ടി വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ഉണ്ട്. ഇലക്ട്രോ മെക്കാനിക്കൽ, ഇലക്ട്രോണിക്, വൈഡ് റേഞ്ച് എന്നീ വ്യത്യാസമില്ലാതെ എല്ലാം ത്രീഫേസ് മീറ്ററുകളുടേയും പ്രതിമാസ വാടക 20 രൂപയായി 1-1- 2004 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം 24-12-2003-ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## മഴയുടെ ദൗർലഭ്യം മൂലം വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം

*22 [202] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മഴയുടെ ദൗർലഭ്യം മൂലം വൈദ്യുതി ബോർഡിന് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെന്ന് വിശദമാക്കാമോ;

(സി) വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം ഉപഭോക്താക്കളിൽനിന്നും ഈടാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ഡി) വൈദ്യുതി ഉപഭോക്താക്കളിൽ ഭൂരിഭാഗവും സബ്സിഡി ലഭിക്കുന്നവരാകയാൽ സാമ്പത്തിക പ്രതിസന്ധിക്ക് ആക്കംകൂട്ടി എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം ബോർഡ് നടത്തിയിട്ടുണ്ടോ;

(എഫ് ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ, ബി) ഉണ്ട്. മഴയുടെ ദൗർലഭ്യം മൂലം വൈദ്യുതി ബോർഡിന് 2003-2004 സാമ്പത്തിക വർഷം 720 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി—എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2002-03-ൽ ബോർഡിന് സബ്സിഡി ഇനത്തിൽ വഹിക്കേണ്ടിവന്ന ബാദ്ധ്യത 1209.75 കോടി രൂപയാണ്. വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.†

## മൽസ്യകൃഷിക്കാർക്ക് വിതരണം ചെയ്യുന്ന കൃത്രിമ മൽസ്യ ഭക്ഷ്യ വസ്തുക്കൾ

*23 [203] ശ്രീ. കെ. മുഹമ്മദാലി:
,, കെ. ബാബു:
,, കെ. സി. ജോസഫ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള മൽസ്യകൃഷിക്കാർക്ക് കൃത്രിമ മൽസ്യ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുവാൻ ഗവൺമെന്റിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) മൽസ്യങ്ങൾക്കു കൊടുക്കുന്ന കൃത്രിമ ഭക്ഷണ പദാർത്ഥങ്ങളിൽ എന്തെങ്കിലും വിധത്തിലുള്ള വിഷാംശം അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം വിഷാംശങ്ങളെന്ന് അറിയിക്കാമോ;

(ഇ) ഇതു വളർത്തുമൽസ്യ കയറ്റുമതിയെ ഏതുവിധം ബാധിക്കുമെന്ന് വിശദീകരിക്കുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

## ശുദ്ധജലവിതരണത്തിനുള്ള ഹഡ്കോ വായ്പ

*24 [204] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലവിതരണത്തിനു വേണ്ടി എന്തു തുകയ്ക്കുള്ള വായ്പ നൽകാമെന്ന് ഹഡ്കോ സമ്മതിച്ചിരുന്നു;

† അനുബന്ധം III.

(ബി) ഈ തീരുമാനത്തിൽനിന്നും ഹഡ്കോ പിൻവാങ്ങിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം എത്ര ശുദ്ധജല വിതരണ പദ്ധതികളുടെ പണിയാണ് പ്രതിസന്ധിയിലായിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഹഡ്കോ സഹായത്തോടെ തുടങ്ങിയ 19 പദ്ധതികൾക്കായി 193.77 കോടി രൂപ വായ്പ നൽകാമെന്ന് സമ്മതിച്ചിരുന്നു.

(ബി) മേൽസൂചിപ്പിച്ച പദ്ധതികളിൽ പൂർത്തിയാക്കാനുള്ള 6 പദ്ധതികൾക്ക് നൽകാനുള്ള ബാക്കി ലോൺ തുക നൽകുന്നതിൽ നിന്നും ആലപ്പുഴ പദ്ധതിക്ക് ലോൺ വാഗ്ദാനം ചെയ്തതിൽ നിന്നും ഹഡ്കോ പിൻവാങ്ങിയിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റിയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ഹഡ്കോ ലോൺ യഥാസമയം തിരിച്ചടയ്ക്കാൻ സാധിച്ചില്ല. അതിനാൽ തുടർന്ന് ലോൺ നൽകുന്നത് ഹഡ്കോ നിർത്തിവച്ചു.

(ഡി) ഇതുമൂലം ഹഡ്കോ സഹായത്തോടെ പണി നടന്നുവന്നിരുന്ന 4 പദ്ധതികളായ പാലക്കാട്, തിരൂർ, കോഴിക്കോട്, കൊച്ചി എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. അതോടൊപ്പം ആലപ്പുഴ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനും സാധിച്ചില്ല.

### എ. ഡി. ബി. സാങ്കേതിക സഹായ പദ്ധതിയുടെ ശുപാർശകൾ

*25 [205] ശ്രീ. രാജു എബ്രഹാം:
„ ടി. കെ. ബാലൻ:
„ എം. വി. ജയരാജൻ:
„ എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലക്ക് ലഭ്യമാക്കുന്ന എ. ഡി. ബി. വായ്പയുടെ ഭാഗമായി എ. ഡി. ബി.-ക്കുവേണ്ടി 'നെക്സന്റ്', 'ക്രിസിൽ' എന്നീ കൺസൾട്ടൻസി സ്ഥാപനങ്ങൾ നടത്തിയ സാങ്കേതിക സഹായ പദ്ധതിയുടെ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിൽ ഘടനാപരമായ എന്തൊക്കെ മാറ്റങ്ങൾ നടപ്പാക്കണമെന്ന ശുപാർശകളാണ് ഇവർ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി മേഖലയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മറ്റെന്തൊക്കെ ശുപാർശകൾ ഇവർ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സാങ്കേതിക സഹായ പദ്ധതിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ശുപാർശകളിന്മേൽ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) ലാഭകേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്ന കെ. എസ്. ഇ. ബി.-യെ ഉൽപ്പാദനം, പ്രസരണം, വിതരണം, എന്നീ മേഖലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്വതന്ത്ര കമ്പനികളാക്കി പുനഃസംഘടിപ്പിക്കുകയും പിന്നീട് പ്രവർത്തനക്ഷമത വിലയിരുത്തി ഉടമസ്ഥത പുനഃപരിശോധിക്കുകയും ചെയ്യുക തുടങ്ങിയവയാണ് വൈദ്യുതി ബോർഡിന്റെ ഘടനാപരമായ മാറ്റങ്ങളെ സംബന്ധിച്ച് എ. ഡി. ബി.-യുടെ കൺസൾട്ടന്റുമാരായ 'ക്രിസിൽ ആന്റ് നെക്സന്റ്' സമർപ്പിച്ച ശുപാർശകൾ.

(സി) സംസ്ഥാന വൈദ്യുതി മേഖലയുടെ നവീകരണം, നടപ്പിലാക്കേണ്ട രീതി, അതിനാവശ്യമായ നിയമപരവും നിയന്ത്രണ വിധേയമാകേണ്ടതുമായ കാര്യങ്ങൾ, എ. ഡി. ബി.-യുടെ സാമ്പത്തിക സഹായം ലഭ്യമാകേണ്ടതായ പദ്ധതികൾ, അവയുടെ സാമ്പത്തിക സാമൂഹിക പാരിസ്ഥിതിക സംബന്ധമായ നിർദ്ദേശങ്ങൾ എന്നിവയാണ് മറ്റു ശുപാർശകളായി 'ക്രിസിൽ ആന്റ് നെക്സന്റ്' സമർപ്പിച്ചിട്ടുള്ളത്.

(ഡി, ഇ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമം സംസ്ഥാനത്ത് നിലവിൽ വന്നതോടുകൂടി ടി റിപ്പോർട്ട് ഇപ്പോൾ പ്രസക്തമല്ല. ടി നിയമപ്രകാരമുള്ള വൈദ്യുതി മേഖലയുടെ പുനഃസംഘടനയ്ക്ക് സർക്കാർ തലത്തിൽ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ വായ്പ

*26 [206] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള ഭവനനിർമ്മാണ വായ്പകൾ എഴുതി തള്ളി അവർക്ക് കടാശ്വാസം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാകാത്തതിൽ മൽസ്യതൊഴിലാളികൾക്കിടയിൽ ആശങ്കയും പ്രതിഷേധവും ഉണ്ടായിട്ടുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) കടാശ്വാസം നൽകാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി) വിശദമായി പഠിച്ച് ഇതു സംബന്ധിച്ച് ഉചിതമായ തീരുമാനം കഴിയുന്നത്ര വേഗത്തിൽ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ശുദ്ധജലവിതരണത്തിനുള്ള ആൾട്ടർനേറ്റ് ടെക്നോളജി

*27 [207] ശ്രീ. എം. പി. ഗംഗാധരൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എ. സുജനപാൽ:
,, ഡി. സുഗതൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിനുള്ള എന്തെങ്കിലും ആൾട്ടർനേറ്റ് ടെക്നോളജി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് എപ്പോൾ മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) പ്രായോഗികമാണെന്നും പ്രയോജനപ്രദമെന്നും ഇതിനകം തെളിഞ്ഞു കഴിഞ്ഞ മഴവെള്ള സംഭരണപദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി 'വർഷ' എന്ന പേരിൽ മഴവെള്ളക്കൊയ്ത്ത് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പതിനൊന്നാം ധനകാര്യകമ്മീഷൻ അവാർഡുപയോഗിച്ചു നടപ്പാക്കി വരുന്ന പദ്ധതികളിലും മഴവെള്ളക്കൊയ്ത്ത് പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. കൂടാതെ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടപ്പാക്കി വരുന്ന ചെറിയ ഗ്രാമീണ കുടിവെള്ള പദ്ധതികളിലും മഴവെള്ള സംഭരണം ഒരു ഘടകമാണ്.

വരും വർഷത്തിൽ മഴവെള്ള സംഭരണ പദ്ധതികൾ കൂടുതൽ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു.

## പെനിൻസുലാർ മേഖലയിലെ നദികളിലെ ജലലഭ്യതയെപ്പറ്റി നടത്തിയ പഠനം

*28 [208] ശ്രീ. വർക്കല കഹാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ വാട്ടർ ഡവലപ്പ്മെന്റ് ഏജൻസി ഇൻഡ്യയുടെ പെനിൻസുലാർ മേഖലയിലെ നദികളിലെ ജല ലഭ്യതയെപ്പറ്റി നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പഠനത്തിൽ വൈപ്പാറിനും കന്യാകുമാരിക്കും ഇടയിലുള്ള മിച്ച വെള്ളത്തെപ്പറ്റി നടത്തിയിട്ടുള്ള 66-ാം നമ്പർ ടെക്നിക്കൽ സ്റ്റഡിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വൈപ്പാറിനും കന്യാകുമാരിക്കും മദ്ധ്യേയുള്ളതായ പർണ്ണിച്ചിന്നാർ, മണിമുത്താർ ഉൾപ്പെടെയുള്ള നദികളിലെ ജല ലഭ്യത എത്രയായിരിക്കുമെന്നാണ് പ്രസ്തുത ഏജൻസി കണക്കാക്കിയിരിക്കുന്നത്;

(ഡി) ഈ ജലത്തിൽനിന്നും എല്ലാ ഉപയോഗങ്ങൾക്കും എടുത്തശേഷം എത്ര വെള്ളം ബാക്കിയുണ്ടാകുമെന്നാണ് നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി കണക്കാക്കിയിട്ടുള്ളത്;

(ഇ) തമിഴ്നാട്ടിൽ തന്നെ മിച്ച വെള്ളമുള്ളപ്പോൾ കേരളത്തിൽനിന്നും തമിഴ്നാട്ടിലേക്ക് വെള്ളം കൊണ്ടുപോകേണ്ട ആവശ്യമില്ല എന്ന വാദം ഗവൺമെന്റ് ഉയർത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദമാക്കാമോ;

(എഫ്) വാദം ഉയർത്താത്ത പക്ഷം അതിനുള്ള കാരണം വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്

(ബി) ടെക്നിക്കൽ സ്റ്റഡി റിപ്പോർട്ടിൽ വൈപ്പാറിനും കന്യാകുമാരിക്കും ഇടയിലുള്ള അരുവികളുടെ വാട്ടർ ബാലൻസ് സ്റ്റഡിയുടെ വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ ഉപരിതല ഭൂഗർഭ ജല ലഭ്യതകളും വിവിധ മേഖലകൾക്കുള്ള ജല ആവശ്യകതയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നദികളുടെ വൃഷ്ടിപ്രദേശത്തെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് ജല ലഭ്യത കണക്കാക്കിയിരിക്കുന്നത്. ഓരോ വിഭാഗങ്ങളുടേയും മൺസൂൺ ലഭ്യതയും നോൺ മൺസൂൺ ലഭ്യതയും കണ്ടുപിടിച്ച് അതിൽ നിന്നും ആകെ വാർഷിക ലഭ്യതയും കണക്കാക്കിയിട്ടുണ്ട്.

(സി) നാഷണൽ വാട്ടർ ഡവലപ്പ്മെന്റ് ഏജൻസിയുടെ 66-ാം നമ്പർ ടെക്നിക്കൽ സ്റ്റഡി റിപ്പോർട്ടിൽ വൈപ്പാറിനും കന്യാകുമാരിക്കും മദ്ധ്യേയുള്ള നദികളുടെ 75% ആശ്രയിക്കാവുന്ന മൊത്തവാർഷിക ഉപരിതല ജല ലഭ്യത 3820 മില്യൻ ക്യുബിക് മീറ്റർ എന്നും 50% ആശ്രയിക്കാവുന്ന മൊത്തവാർഷിക ഉപരിതല ജല ലഭ്യത 4408 മില്യൻ ക്യുബിക് മീറ്റർ എന്നും വിലയിരുത്തിയിട്ടുണ്ട്.

(ഡി) എല്ലാവിധ ഉപയോഗങ്ങൾക്കും ശേഷം 75% ആശ്രയിക്കാവുന്ന മൊത്ത വാർഷിക ലഭ്യതയിൽ 1605 മില്യൻ ക്യുബിക് മീറ്റർ ജലമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഇ, എഫ്) ഇല്ല. കേരളത്തിന്റെ പ്രശ്നങ്ങളോട് ബന്ധപ്പെട്ട വാദമുഖങ്ങളാണ് ഇപ്പോൾ പ്രസക്തമായി കണക്കാക്കുകയും ഉന്നയിക്കുകയും ചെയ്തിട്ടുള്ളത്.

## അന്യ സംസ്ഥാനങ്ങളിൽനിന്നും അയ്യപ്പഭക്തന്മാരെ സ്വീകരിക്കാൻ നടപടി

*29 [209] ശ്രീ. ടി. എൻ. പ്രതാപൻ:

„ എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന അയ്യപ്പ ഭക്തന്മാരെ സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ വിമാനത്താവളങ്ങളിലും റയിൽവേ സ്റ്റേഷനുകളിലും ടൂറിസം വകുപ്പ് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവർക്ക് ഇടത്താവളങ്ങളിലെത്തുന്നതിനും തുടർന്നുള്ള യാത്രയ്ക്കും ടൂറിസം വകുപ്പ് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) കേരളത്തിലെ വിമാനത്താവളങ്ങളിലും പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിലും ടൂറിസം വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ടൂറിസം വകുപ്പ് പ്രത്യേക സൗകര്യങ്ങളൊന്നും ചെയ്തിട്ടില്ല.

## എല്ലാവർക്കും ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യം

*30 [210] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ശുദ്ധജലമെത്തിക്കുക എന്ന ലക്ഷ്യം എന്നത്തേയ്ക്ക് സാദ്ധ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും ഇപ്പോൾ എത്ര ശതമാനം പേർക്ക് ശുദ്ധജലം എത്തിക്കാൻ കഴിയുന്നു എന്നും ബാക്കിയുള്ളവർക്ക് കൂടി ശുദ്ധജലമെത്തിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ വർഷവും എത്ര വീതം ശുദ്ധജലവിതരണ സംരംഭങ്ങൾക്ക് രൂപം നൽകുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) 2006-07-ഓടുകൂടി മിതമായ തോതിലെങ്കിലും എല്ലാവർക്കും ശുദ്ധജലമെത്തിക്കാൻ ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ സംസ്ഥാനത്ത് 63% ആളുകൾക്ക് ശുദ്ധജലം നൽകുന്നുണ്ട് (ഗ്രാമീണ ജനതയ്ക്കു 59%-വും നഗരവാസികൾക്ക് 79%-വും). ബാക്കിയുള്ളവർക്ക് ശുദ്ധജലമെത്തിക്കാനായി കേരള വാട്ടർ അതോറിറ്റി നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.† ഇതുകൂടാതെ കേരളാ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി വഴിയും സെക്ടർ റിഫോംസ് പദ്ധതിയിൻ കീഴിലും സ്വജൽധാരാ പദ്ധതിയനുസരിച്ചും പഞ്ചായത്തുകൾ മുഖേനയും ചെറുകിട ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ഇതേ ലക്ഷ്യപ്രാപ്തിക്കായി നടപ്പാക്കി വരുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഓരോ വർഷവും പരമാവധി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## (2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വൈദ്യുതി നിരക്കുവർദ്ധന

1 [871] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുതി നിരക്ക് ഓരോ സ്ലാബിലും എന്ത് തുക വീതമായിരുന്നു എന്ന് വിശദമാക്കാമോ;

(ബി) ഇതിനകം വൈദ്യുതി നിരക്ക് എത്ര തവണ വർദ്ധിപ്പിക്കുകയുണ്ടായി;

(സി) നിരക്ക് വർദ്ധനയിലൂടെ ഓരോ ഘട്ടത്തിലും ബോർഡ് പ്രതീക്ഷിച്ച അധിക വരുമാനം വർഷത്തിൽ എത്ര കോടിയുടേതായിരുന്നു;

(ഡി) വർദ്ധനയിലൂടെ ലക്ഷ്യം വച്ച വരുമാന വർദ്ധന കൈവരിക്കുകയുണ്ടായോ; എങ്കിൽ ഈ സർക്കാർ തീരുമാനമെടുത്ത ഓരോ ചാർജ്ജ് വർദ്ധനയെ തുടർന്നും ഇതിനകം ലഭിച്ച വരുമാന വർദ്ധനയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഓരോ സ്ലാബിലും ഉണ്ടായിരുന്ന നിരക്കിന്റെ എത്ര ശതമാനം വീതം വർദ്ധന നിലവിലുള്ള നിരക്കിനുണ്ടെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) രണ്ടുതവണ 10-8-2001 മുതലും 1-10-2002 മുതലും

(സി) 08/2001-ലെ നിരക്കു വർദ്ധനയിലൂടെ വർഷത്തിൽ ഏകദേശം 492 കോടി രൂപയുടെ അധിക വരുമാനവും 10/2002-ലെ വർദ്ധനയിലൂടെ വർഷത്തിൽ ഏകദേശം 420 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിച്ചു.

(ഡി) ലക്ഷ്യംവച്ച വരുമാന വർദ്ധനവ് കൈവരിക്കുകയുണ്ടായി. 2000-2001-ൽ വൈദ്യുതി വിറ്റവകയിൽ ലഭിച്ച വരുമാനത്തേക്കാൾ ഓരോ സാമ്പത്തിക വർഷവും അതേ വകയിൽ ലഭിച്ച അധികവരുമാനം ചുവടെ കൊടുക്കുന്നു:

| | | |
|---|---|---|
| 2001-02 | .. | 199.21 കോടി രൂപ |
| 2002-03 | .. | 733.89 കോടി രൂപ |
| 2003-04 | .. | 985.02 കോടി രൂപ (താൽക്കാലിക കണക്ക്) |

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഓരോ സ്ലാബിലും ഉണ്ടായിരുന്ന നിരക്കിൽ നിന്നും ഇപ്പോൾ നിലവിലുള്ള നിരക്കിലുണ്ടായിട്ടുള്ള വർദ്ധനവും ശതമാനവും കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

## ജനകീയാസൂത്രണ-കേരള വികസന പദ്ധതി പ്രകാരം വൈദ്യുതീകരണ ജോലികൾ

2 [874] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, യു. സി. രാമൻ:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. അബ്ദുറബ്ബ്:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ-കേരള വികസന പദ്ധതികളുടെ ഭാഗമായി വൈദ്യുതീകരണ ജോലികൾക്കായി വർഷങ്ങൾക്കുമുമ്പ് കെ. എസ്. ഇ. ബി.-യിൽ പണമടച്ചിട്ടും കാത്തിരിക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് നിരക്കിൽ വീണ്ടും പണമടയ്ക്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുന്നതുകൊണ്ട് ഇത്തരം പദ്ധതികൾ മുടങ്ങിക്കിടക്കുകയാണെന്ന കാര്യത്തെക്കുറിച്ച് വിശദീകരിക്കുമോ;

(സി) പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അതാതുവർഷത്തെ നിലവിലുള്ള നിരക്കിൽ പണമടച്ച ജോലികൾക്ക് പുതുക്കിയ നിരക്കിൽ പണമടയ്ക്കേണ്ടതില്ല. ഇക്കാരണത്താൽ പദ്ധതികൾ മുടങ്ങിക്കിടപ്പില്ല.

(സി) ബാധകമല്ല.

## ലോഡ് ഷെഡിംഗിന്റെ സമയക്രമത്തിലെ മാറ്റം

3 [875] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോഡ് ഷെഡിംഗിന്റെ സമയക്രമത്തിൽ വരുത്തിയിട്ടുള്ള മാറ്റം (6 പി.എം.-6.30 പി. എം. എന്നതിനുപകരം 6.15. പി. എം.-6.45 പി.എം. എന്ന രീതിയിൽ) ഗാർഹിക ഉപഭോക്താക്കൾക്കും മറ്റും വ്യാപകമായ അസൗകര്യം വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സമയമാറ്റംമൂലം ടെലിവിഷൻ-സീരിയൽ പ്രേക്ഷകർക്കും മറ്റും ഉണ്ടായിട്ടുള്ള വൈഷമ്യങ്ങൾ പരിഗണിച്ച് സമയക്രമം മാറ്റുകയോ ലോഡ് ഷെഡിംഗ് പൂർണ്ണമായും ഒഴിവാക്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് അരമണിക്കൂർ ലോഡ്ഷെഡിംഗ്, വൈദ്യുതി ഉപഭോഗം ഏറ്റവും കൂടുതൽ ഉള്ള സമയമായ 6.30 പി. എം. മുതൽ 10.00 പി. എം. വരെയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ സൂര്യാസ്തമയം നേരത്തെ ആയതിനാൽ (6.00 പി. എം.-ന് അടുത്ത്) വൈദ്യുതി ഉപഭോഗം 6 പി. എം. മുതൽ വർദ്ധിക്കുന്നുണ്ട്. ഇത് കണക്കിലെടുത്താണ് താൽക്കാലികമായി ലോഡ് ഷെഡിംഗ് സമയം 6.15-6.45 എന്ന രീതിയൽ പുനഃക്രമീകരിച്ചിരിക്കുന്നത്. താൽക്കാലികമായി ഈ ചെറിയ ക്രമീകരണം ഗാർഹിക ഉപഭോക്താക്കൾക്കും മറ്റും വ്യാപകമായ അസൗകര്യം വരുത്തിയിട്ടുള്ളതായി കരുതുന്നില്ല. 2004 ഫെബ്രുവരി മുതൽ ഇത് പഴയ സമയക്രമമനുസരിച്ച് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പ്രസക്തമല്ല.

വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുവാൻ നടപടി

4 [878] ശ്രീ. തോമസ് ചാഴികാടൻ:

" കെ. നാരായണകുറുപ്പ്:

" റോഷി ആഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ വൈദ്യുതി ബോർഡ് ഏതൊക്കെ പുതിയ പദ്ധതികളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(ബി) ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാമെന്നാണ് വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നത്;

(സി) വൈദ്യുതി നഷ്ടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയിക്കാമോ;

(ഡി) കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതിയുണ്ടോ?

ഉത്തരം

(എ, ബി) ആകെ 1686.15 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക 1 മുതൽ 4 വരെ കാണുക †.

† അനുബന്ധം V

(സി) പുതിയ സബ് സ്റ്റേഷനുകൾ നിർമ്മിച്ചും ലൈനുകൾ വലിച്ചും, സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിച്ചും, കപ്പാസിറ്ററുകൾ സ്ഥാപിച്ചും പ്രസരണ മേഖലയിലെ നഷ്ടം കുറയ്ക്കാൻ നടപടിയെടുത്തുവരുന്നു.

വിതരണമേഖലയിലുള്ള നഷ്ടം കുറയ്ക്കുന്നതിന് എച്ച്. ടി: എൽ. ടി. അനുപാതം കുറയ്ക്കുക, എനർജി ഓഡിറ്റ് നടത്തുക, സബ്ട്രാൻസ്മിഷൻ ശൃംഖല മെച്ചപ്പെടുത്തുക, വൈദ്യുതി മോഷണം തടയുക, കേടായ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക എന്നീ നടപടികളാണ് സ്വീകരിക്കുന്നത്.

(ഡി) ഉണ്ട്. ഈ പരിപാടിയിൻകീഴിൽ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത്16 പ്രദേശങ്ങൾ കാറ്റിൽ നിന്നും വൈദ്യുതി (605 MW) ഉൽപ്പാദിപ്പിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനുപുറമെ ഇടുക്കി ജില്ലയിൽ രാമക്കൽ മേടിനടുത്ത് കുരുവിക്കാനം എന്ന സ്ഥലത്ത് 2 എം. ഡബ്ലിയു. ശേഷിയുള്ള ഒരു വിൻഡ് ഫാം കേന്ദ്ര പാരമ്പര്യേതര ഊർജ്ജവകുപ്പിന്റെ ഡെമോൺസ്ട്രേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ മൊത്തം ചെലവ് 950 ലക്ഷം രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 384 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നുണ്ട്. ഇതുകൂടാതെ വ്യാവസായികാടിസ്ഥാനത്തിൽ100 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് വ്യാവസായിക സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും വിഭാവനം ചെയ്തു വരുന്നു.

## ഇലക്ട്രിസിറ്റി ബോർഡ് വാങ്ങിയ മീറ്ററുകൾ

5 [880] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ ഇലക്ട്രിസിറ്റി ബോർഡ് വാങ്ങിയ മീറ്ററുകളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള എത്ര മീറ്ററുകൾ വീതം ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് ഏതെല്ലാം ഘട്ടങ്ങളിലായി വാങ്ങുകയുണ്ടായി;

(സി) മൊത്തം എത്ര കോടി രൂപയുടെ മീറ്ററുകൾ വാങ്ങുകയുണ്ടായി; ഏതെല്ലാം കമ്പനിയുടെ എത്ര മീറ്ററുകളാണ് വാങ്ങിയിട്ടുള്ളത്;

(ഡി) 2004-2005 വർഷത്തേക്ക് ആവശ്യമായി വരുന്ന മീറ്ററുകളെ സംബന്ധിച്ച് വിശദമാക്കുമോ?

### ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി, സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ ഏകദേശം 132.28 കോടി രൂപയുടെ മീറ്ററുകൾ വാങ്ങിയിട്ടുണ്ട്. ഓരോ കമ്പനിക്കും നൽകിയ ഓർഡറുകളും അവയുടെ ആകെ വില വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) 2004-2005 വർഷത്തേക്ക് ഏകദേശം ആറു ലക്ഷം സിങ്കിൾഫേസും, 50,000 ത്രീഫേസ് ഇലക്ട്രോണിക് മീറ്ററുകളും ആവശ്യമായി വരും.

† അനുബന്ധം VI, VIഎ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി ബോർഡിലെ വ്യയ ന്യൂനീകരണം

6 [881] ശ്രീ. കെ. എൻ. എ. ഖാദർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, കളത്തിൽ അബ്ദുള്ള:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിൽ കമ്പനികളുടെ ആവിർഭാവത്തോടെ വ്യയന്യൂനീകരണം വരുത്തുന്നതിനും ലാഭകരമാക്കുന്നതിനും കഴിയുമോ?

### ഉത്തരം

നിലവിലുള്ള ബോർഡിന്റെ സാമ്പത്തിക സ്ഥിതിയും ഇലക്ട്രിസിറ്റി ആക്റ്റ് 2003 അനുശാസിക്കുന്ന രീതിയിലുള്ള കമ്പനികളുടെ സാമ്പത്തിക ഘടനയും സംബന്ധിച്ച് പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഒരു കൺസൾട്ടൻസിയെ നിയമിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൺസൾട്ടൻസിയുടെ പഠനത്തിനുശേഷം മാത്രമേ പുതിയ സംവിധാനത്തിൽ എത്രത്തോളം വ്യയ ന്യൂനീകരണം വരുത്തുന്നതിനും ലാഭകരമാക്കുന്നതിനും സാദ്ധ്യതയുണ്ടെന്ന് പറയുവാൻ കഴിയുകയുള്ളൂ.

## വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

7 [882] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ് കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കുടിശ്ശിക സംഖ്യയുടെ പലിശയും, പിഴ പലിശയും ഇളവ് ചെയ്ത് കുടിശ്ശിക പിരിവ് വേഗത്തിലാക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പോലുള്ള എന്തെങ്കിലും സ്കീം നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആയത് നടപ്പാക്കാനുദ്ദേശമുണ്ടോ?

### ഉത്തരം

(എ) സംസ്ഥാനത്തു പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ് കുടിശ്ശിക 31-12-2003 വരെ 1047.824 കോടി രൂപയാണ്.

(ബി) കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്താൻ കുടിശ്ശിക ഉള്ള കണക്ഷനുകൾ വിച്ഛേദിക്കുക, റവന്യൂ റിക്കവറി നടത്തുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിമാസ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തുന്ന സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ കണക്ഷനുകൾ വിച്ഛേദിക്കുന്നുണ്ട്. എൽ. റ്റി. കൺസ്യൂമർമാരുടെ കാര്യത്തിൽ കോടതി കേസ്സുകൾ മൂലം തടസ്സപ്പെട്ടിട്ടുള്ള വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റപ്രാവശ്യം തീർപ്പുകൽപ്പിക്കൽ നടപടികൾ അദാലത്തുകൾ മുഖേന സ്വീകരിച്ചിട്ടുണ്ട്.

(സി, ഡി) വൈദ്യുതി ചാർജ് സംബന്ധിച്ചുള്ള തർക്കങ്ങളും പരാതികളും പരിഹരിക്കാൻ 1-10-2002 മുതൽ 31-12-2002 വരെയും, 1-10-2003 മുതൽ 31-12-2003 വരെയും വൈദ്യുതി ബോർഡ് നടത്തിയ അദാലത്തുകളിൽ അവസരം നൽകിയിരുന്നു. ഈ അദാലത്തുകൾ മുമ്പാകെ ലഭിച്ച അപേക്ഷകളിൽ കുടിശ്ശിക, പലിശയിളവുകളോടെ ഒറ്റത്തവണയായോ ആറുതവണകളായോ അടച്ചു തീർക്കുന്നതിന് സൗകര്യം അനുവദിക്കുകയുണ്ടായിട്ടുണ്ട്.

## ഡെപ്പോസിറ്റ് വർക്ക് ഊർജ്ജിതമാക്കാൻ നടപടി

8 [884] ശ്രീ. കോവൂർ കുഞ്ഞുമോൻ:

" എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ., എം. പി. വികസന ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഉപയോഗിച്ച് ചെയ്യേണ്ട ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ എന്തു തുകയുടെ വർക്ക് ചെയ്തുതീർക്കാൻ ഉണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ലൈൻ നീട്ടൽ, തെരുവുവിളക്ക് സ്ഥാപിക്കൽ തുടങ്ങിയ ജോലികൾക്കുള്ള കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) ഇത്തരം ജോലികൾ ചെയ്യുന്നതിൽ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇത്തരം ജോലികൾ ചെയ്യുന്നതിനുള്ള സാധനങ്ങൾ ബന്ധപ്പെട്ടവർ വാങ്ങിത്തരണമെന്ന് ഇപ്പോൾ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) ഡെപ്പോസിറ്റ് വർക്ക് പഴയപടി തുടരുവാനും ഊർജ്ജിതപ്പെടുത്തുവാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

(രൂപ ലക്ഷത്തിൽ)

| ജില്ല | എം.എൽ.എ. ഫണ്ട് | എം. പി. ഫണ്ട് | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ |
|---|---|---|---|
| തിരുവനന്തപുരം | 2.27 | .. | 289.54 |
| കൊല്ലം | 11.04 | 40.44 | 193.04 |
| പത്തനംതിട്ട | .. | 6.63 | 208.80 |
| കോട്ടയം | 12.90 | .. | 115.58 |
| എറണാകുളം | 2.829 | 0.99 | 263.88 |
| ആലപ്പുഴ | .. | 3.949 | 95.328 |
| തൃശ്ശൂർ | 37.586 | 4.69 | 127.879 |
| ഇടുക്കി | .. | 1.68 | 262.320 |
| കോഴിക്കോട് | 5.450 | 4.488 | 458.020 |
| മലപ്പുറം (മഞ്ചേരി) | 5.290 | 75.120 | 256.167 |
| പാലക്കാട് | 24.837 | 45.213 | 247.994 |
| വയനാട് (കൽപ്പറ്റ) | .. | .. | 205.318 |
| കണ്ണൂർ | .. | .. | 98.914 |
| കാസർഗോഡ് | .. | .. | 73.909 |

(ബി) സാധന സാമഗ്രികളുടെ ദൗർലഭ്യം..

(സി) ബോർഡ് ഓർഡർ നമ്പർ (എഫ്.ബി.) 1394/03(സി.ഇ.സി.പി./പി.ആർ. ജെ.സി.റ്റി./എക്സ് 2/എ.പി.ഡി.ആർ.പി./2003-04/84 തീയതി 1-10-2003) പ്രകാരം ഇത്തരം ജോലികൾ ദ്രുതഗതിയിൽ ചെയ്തുതീർക്കുവാൻ ഡെലിഗേഷൻ ഓഫ് പവറിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)†

(ഡി) വ്യവസ്ഥയില്ല. തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള സാധനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകാവുന്നതാണ്.

(ഇ) ഡെപ്പോസിറ്റ് വർക്ക് പഴയ രീതിയിൽ തന്നെയാണ് ഉള്ളത്. കാലതാമസം ഒഴിവാക്കുന്നതിന് സാധന സാമഗ്രികൾ കൂടുതലായി ലഭ്യമാക്കുവാൻ നടപടി എടുത്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പവർ ഹൈവേ

9 [885] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരീക്കോട് നിന്നും ആരംഭിക്കുന്ന പവർ ഹൈവേയുടെ നിർമ്മാണം സംബന്ധിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) പവർ ഹൈവേക്കും സബ്സ്റ്റേഷനും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ ഏത് ഘട്ടംവരെയെത്തി;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്ന് തുടങ്ങാനാവുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കെ. എസ്. ഇ. ബി. പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖാന്തിരം നടപ്പാക്കുന്ന പവർ ഹൈവേ പദ്ധതിയിൽ മൈസൂർ-അരീക്കോട്-തൃശ്ശൂർ-കൊച്ചി ഇടമൺ-തിരുവനന്തപുരം-കൂടംകുളം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് 400 കെ. വി. ലൈൻ വലിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ അരീക്കോട് ഒരു 400 കെ. വി. സബ് സ്റ്റേഷൻ പണിയാനും പവർ ഹൈവേയിൽ ഉദ്ദേശിക്കുന്നുണ്ട്.

(ബി, സി) പവർ ഗ്രിഡ് കോർപ്പറേഷൻ അരീക്കോടുള്ള 400 കെ. വി. സബ് സ്റ്റേഷനുവേണ്ടി നിലവിലുള്ള 220 കെ. വി. സബ്സ്റ്റേഷനുസമീപം സ്ഥലം നിശ്ചയിക്കുകയും അരീക്കോട്-മൈസൂർ 400 കെ. വി. ലൈനിന്റെ റൂട്ട് സർവ്വെ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പവർഗ്രിഡ് കോർപ്പറേഷൻ ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. വിദ്യുച്ഛക്തി ബോർഡിന്റെ അരീക്കോടുള്ള ഭൂമിയിൽ നിന്ന് 15 ഏക്കർ ഭൂമി വില നിശ്ചയിച്ച് പവർ ഗ്രിഡ് കോർപ്പറേഷന് കൈമാറാനായി തീരുമാനിക്കുകയും അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ ഉടമകളുടെ സ്ഥലവും ഐ. റ്റി. ഐ.-യുടെ കുറച്ച് സ്ഥലവും ഏറ്റെടുക്കാനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## വടകര മണ്ഡലത്തിലെ ഓർക്കാട്ടേരി 33 കെ. വി. സബ്സ്റ്റേഷന്റെ പ്രവൃത്തി

10 [887] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ച വടകര മണ്ഡലത്തിലെ നിർദ്ദിഷ്ട ഓർക്കാട്ടേരി 33 കെ. വി. സബ്സ്റ്റേഷന്റെ പ്രവൃത്തി നടക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സാദ്ധ്യതയുള്ള 33 കെ. വി. സബ്സ്റ്റേഷന്റെ പ്രവൃത്തി ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വടകര മണ്ഡലത്തിലെ ഓർക്കാട്ടേരി എന്ന സ്ഥലത്ത് 33 കെ. വി. സബ്സ്റ്റേഷൻ ടേൺ കീ അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള കരാർ ആൻഡ്രൂയൂൾ എന്ന കമ്പനിയുമായി 26-5-2000-ൽ ഒപ്പിട്ടു. ജോലി വളരെ മന്ദഗതിയിൽ നടക്കുന്നതുകൊണ്ട് പ്രസ്തുത കരാർ കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കി സബ്സ്റ്റേഷന്റെ നിർമ്മാണം ഡിപ്പാർട്ടുമെന്റലായി ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

വടകര മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

11 [889] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിലെ വടക്കൻ പ്രദേശങ്ങളിൽ വൈദ്യുതി നൽകിയിരുന്ന മാഹി ഫീഡറിൽ നിന്ന് ഇത് മാറ്റാനുള്ള കാരണമെന്ത്;

(ബി) ഇതു കാരണം ഈ പ്രദേശങ്ങളിലുള്ളവർക്ക് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പോണ്ടിച്ചേരി സംസ്ഥാനത്തെ മാഹി സബ്സ്റ്റേഷനിലെ ഉപകരണത്തിന്റെ തകരാർ കാരണമാണ് ഫീഡർ മാറ്റിയത്.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് നില തൃപ്തികരമാണ്.

(സി) ഓർക്കാട്ടേരി 33 കെ. വി. സബ്സ്റ്റേഷൻ, അടുത്തുതന്നെ 220 കെ. വി. സബ്സ്റ്റേഷൻ എന്നിവ സ്ഥാപിച്ച് ഈ പ്രദേശത്ത് വൈദ്യുതി വിതരണം മെച്ചപ്പെട്ടതാക്കാൻ നടപടികളെടുത്തിട്ടുണ്ട്.

ബേപ്പൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി

12 [891] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ ഒ. വൈ. ഇ. സി. തുക അടയ്ക്കാതെ വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷിച്ച എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



(ബി) ഏത് വർഷം വരെയുള്ള അപേക്ഷകർക്കാണ് ഇതേവരെ കണക്ഷൻ നൽകിയത്;

(സി) കണക്ഷൻ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വൈദ്യുതി കണക്ഷൻ ലഭിക്കാൻ പോസ്റ്റ് ആവശ്യമില്ലാത്തവർക്ക് കണക്ഷൻ നൽകാൻ ബാക്കിയുണ്ടോ;

(ഇ) എങ്കിൽ എത്ര പേർക്ക് നൽകാനുണ്ട്; ഏത് വർഷം വരെയുള്ള അപേക്ഷ കർക്കാണ് കണക്ഷൻ നൽകിയത്;

(എഫ്) ശേഷിക്കുന്നവർക്ക് എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5003.

(ബി) 3-5-1999 വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. സാധന സാമഗ്രികൾ ലഭ്യമാക്കി കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 2926 പേർക്ക് കണക്ഷൻ നൽകാനുണ്ട്. 14-8-2001 വരെ രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(എഫ്) 31-12-2002 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പോസ്റ്റുകൾ ആവശ്യമില്ലാത്ത കണക്ഷനുകൾ സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് നൽകുന്നതാണ്.

## ഷൊർണ്ണൂർ ഡിവിഷന് കീഴിലുള്ള സെക്ഷനുകളിൽ അനുഭവപ്പെടുന്ന മെറ്റീരിയൽസിന്റെ അഭാവം

13 [893] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ കെ. എസ്. ഇ. ബി. ഡിവിഷന് കീഴിലുള്ള കൊപ്പം, പട്ടാമ്പി, ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി സെക്ഷനുകളിൽ കമ്പി, പോസ്റ്റ് അടക്കമുള്ള സാധന സാമഗ്രികളുടെ അഭാവംമൂലം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, വൈദ്യുതി ലൈൻ വലി ക്കൽ, കണക്ഷൻ നൽകൽ എന്നിവ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഷൊർണ്ണൂർ ഡിവിഷനു കീഴിൽ 2001 ഏപ്രിൽ മുതൽ ഓരോ സെക്ഷനും നൽകിയ മെറ്റീരിയൽസിന്റെ വിവരം ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് മൊത്തം നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽപ്പെട്ട വർക്കുകൾക്കുള്ള സാധന സാമഗ്രികളുടെ ആവശ്യം, ഫണ്ടിന്റെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിലാണ് സാധന സാമഗ്രികൾ വാങ്ങുന്നതും, ലഭ്യമാക്കുന്നതും എന്നതിനാൽ സാധന സാമഗ്രികൾ തികയാതെ വരാറുണ്ട്.

(ബി) ഷൊർണ്ണൂർ ഡിവിഷനിലെ വിവിധ സെക്ഷനുകൾക്ക് 2001 ഏപ്രിൽ മുതൽ നൽകിയ പ്രധാനപ്പെട്ട സാധന സാമഗ്രികളുടെ ഇനം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

എം. എൽ. എ. -യുടെ പ്രാദേശിക ഫണ്ടുപയോഗിച്ച് ഷൊർണ്ണൂർ ഡിവിഷന്റെ കീഴിൽ നടത്താൻ നിർദ്ദേശിച്ച പണികൾ

14 [894] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ കെ. എസ്. ഇ. ബി. ഡിവിഷന്റെ കീഴിൽ പട്ടാമ്പി എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നടത്താൻ നിർദ്ദേശിച്ച പണികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഷൊർണ്ണൂർ കെ. എസ്. ഇ. ബി. ഡിവിഷന്റെ കീഴിൽ പട്ടാമ്പി എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് പണമടച്ച പദ്ധതികളൊന്നും പൂർത്തീകരിക്കുവാൻ ബാക്കിയില്ല. എന്നാൽ നാലു പ്രവൃത്തികൾക്കുള്ള തുകയുടേതായി ലഭിച്ച ഒരു ചെക്ക് കളക്ഷനായി പണം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല.

കെ. എസ്. ഇ. ബി.-യിലെ പെൻഷൻ ബാധ്യത

15 [896] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ഇ. ബി. വ്യത്യസ്ത കമ്പനികളാക്കി മാറ്റുന്ന സാഹചര്യത്തിൽ, യു. പി. സർക്കാർ അവിടുത്തെ വിദ്യുച്ഛക്തി ബോർഡ് വിഭജിച്ചപ്പോൾ പെൻഷൻകാരുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തതുപോലെ കേരള സർക്കാരും പെൻഷൻകാരുടെ ബാദ്ധ്യത ഏറ്റെടുക്കാൻ തയ്യാറാകുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കെ. എസ്. ഇ. ബി.-യെ കമ്പനികളാക്കി വിഭജിക്കുമ്പോൾ ആനുകൂല്യങ്ങൾ നൽകേണ്ട ഉത്തരവാദിത്വം, ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 131-ഉം 133-ഉം സെക്ഷനുകൾ പ്രകാരം സർക്കാർ അംഗീകരിക്കുന്ന കൈമാറ്റ പദ്ധതി അനുസരിച്ച് ആണ് തീരുമാനിക്കേണ്ടത്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. കൈമാറ്റ പദ്ധതി ഉൾപ്പെടെയുള്ള വൈദ്യുതി മേഖലയുടെ പുനഃസംഘടനയെപ്പറ്റി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ ദർഘാസ് ക്ഷണിച്ചിട്ടേയുള്ളൂ.

## ലൈൻമാനായി വിരമിച്ച ശ്രീ. പി. പി. പ്രസന്നകുമാറിന്റ കമ്മ്യൂട്ടേഷൻ ആനുകൂല്യം

16 [897] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കെ. എസ്. ഇ. ബി.-യിൽ നിന്നും ഇൻവാലിഡ് പെൻഷൻ വാങ്ങിയ ശേഷം കമ്മ്യൂട്ടേഷൻ ഉത്തരവ് എത്ര പേർക്ക് നൽകി; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) 1998 ജനുവരിയിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലൈൻമാനായി ഇൻ വാലിഡ് ഗ്രൗണ്ടിൽ റിട്ടയർ ചെയ്ത ശ്രീ. പി. പി. പ്രസന്നകുമാറിന് കമ്മ്യൂട്ടേഷൻ ഉത്തരവ് നൽകണമെന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) സ്റ്റേറ്റ് മെഡിക്കൽ ബോർഡും എ. ജി.-യും ശുപാർശ ചെയ്തിട്ടും കമ്മ്യൂട്ടേഷൻ കിട്ടുവാൻ അർഹതയുള്ള ശ്രീ. പി. പി. പ്രസന്നകുമാറിന് ഉത്തരവ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ശ്രീ. പി. പി. പ്രസന്നകുമാറിന് കമ്മ്യൂട്ടേഷൻ ഉത്തരവ് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആർക്കും തന്നെ നൽകിയിട്ടില്ല.

(ബി—ഡി) നിവേദനം പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കെ. എസ്. ഇ. ബി.-യുടെ ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ/ലൈൻമാൻ ഗ്രേഡ് I, II എന്നീ തസ്തികകളിൽ നിയമനം

17 [898] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യുടെ സംസ്ഥാനത്തെ വിവിധ സെക്ഷൻ ഓഫീസുകളിൽ മസ്ദൂർ/വർക്കർമാരുടെ എത്ര തസ്തികകളാണ് നിലവിൽ ഉള്ളത്;

(ബി) ഇതിൽ എത്ര തസ്തികകളാണ് നിയമനം നടത്താതെ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നത്; ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് പി. എസ്. സി.-യിലേക്ക് ഒഴിവുകൾ അവസാനമായി റിപ്പോർട്ട് ചെയ്തത് എന്നാണ്;

(സി) കെ. എസ്. ഇ. ബി.-യിൽ ലൈൻമാൻ ഗ്രേഡ് I, II-ന്റെ എത്ര തസ്തികകളാണ് വിവിധ സെക്ഷൻ ആഫീസിൽ ഉള്ളത്; സെക്ഷൻ ആഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിൽ എത്ര തസ്തികകളാണ് നിയമനം നടത്താതെ ഒഴിഞ്ഞുകിടക്കുന്നത്;

(ഡി) ഒഴിവുള്ള ലൈൻമാൻ ഗ്രേഡ് I, II തസ്തികകളിൽ പ്രൊമോഷൻ നൽകി നിയമനം നടത്തുന്നതിൽ എന്താണ് തടസ്സമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ/ലൈൻമാൻ ഗ്രേഡ് I, II എന്നീ ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കെ. എസ്. ഇ. ബി.-യുടെ വിവിധ സെക്ഷൻ ഓഫീസുകളിൽ മസ്ദൂർ/വർക്കർമാരുടെ 4151 തസ്തികകളാണ് നിലവിൽ ഉള്ളത്.

(ബി) ആകെയുള്ള 840 ഒഴിവുകളിൽ പി. എസ്. സി. അഡ്വൈസ് ചെയ്ത 606 പേർക്ക് ഉടൻ നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. വർക്കർ/മസ്ദൂർ തസ്തികയിൽ ഒഴിവുകൾ അവസാനമായി റിപ്പോർട്ട് ചെയ്തത് 15-11-2003-ലാണ്.

(സി) ലൈൻമാൻ ഗ്രേഡ് I, II തസ്തികകളിലെ മൊത്തം എണ്ണവും ഒഴിവുകളും സംബന്ധിച്ച സർക്കിൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.† സെക്ഷൻ ഓഫീസ് തിരിച്ചുള്ള കണക്ക് പിന്നീട് ലഭ്യമാക്കുന്നതാണ്.

(ഡി) ലൈൻമാൻ ഗ്രേഡ് I തസ്തികയിലെ എല്ലാ ഒഴിവുകളും 11-4-2003-ൽ പ്രൊമോഷൻ വഴി നികത്തിയിട്ടുണ്ട്. ലൈൻമാൻ ഗ്രേഡ് II തസ്തികയിൽ ഉള്ള 1666 ഒഴിവുകൾ പ്രൊമോഷൻ നൽകി നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) നടപടി സ്വീകരിച്ചു വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്

18 [899] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജോർജ് ജെ. മാത്യു:
,, ബി. വിജയകുമാർ:
,, അടൂർ പ്രകാശ്:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിന്റെ എല്ലാ വകുപ്പുകളും പ്രാബല്യത്തിൽ വന്നുവോ;

(ബി) ഇല്ലാത്തപക്ഷം ഇനി എന്തെല്ലാം വകുപ്പുകളാണ് പ്രാബല്യത്തിൽ വരാനുള്ളതെന്നും പ്രസ്തുത വകുപ്പുകൾ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള കാലതാമസമെന്താണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇല്ല.

(ബി) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിന്റെ 4, 45, 46, 47, 48 എന്നീ വകുപ്പുകളാണ് പ്രാബല്യത്തിൽ വരാനുള്ളത്. ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷം ബാക്കി വകുപ്പുകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## വരൾച്ച അഭിമുഖീകരിക്കുന്നതിനുള്ള മുൻകരുതൽ നടപടി

19 [901] ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കടുത്ത വരൾച്ചയെ അഭിമുഖീകരിക്കുന്നതിന് ജലസേചന വകുപ്പ് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എന്തു ചെലവ് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഈ വർഷത്തെ കടുത്ത വരൾച്ചയെ അഭിമുഖീകരിക്കുന്നതിനായി ജലസ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത കൂട്ടുന്നതിനും പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ അത് ചെയ്യുന്നതിനും പമ്പുസെറ്റുകൾ, മോട്ടോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുവാനും സാദ്ധ്യമായ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുന്നതിനും ഷിഫ്റ്റ് പമ്പിംഗ് ഏർപ്പെടുത്തി പമ്പിംഗ് സമയം കൂട്ടുന്നതിനും പണികൾ തീരാറായ പദ്ധതികൾ പെട്ടെന്ന് കമ്മീഷൻ ചെയ്യുവാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജലവിഭവ വകുപ്പ് 1500 ലക്ഷം രൂപയുടെയും കേരള വാട്ടർ അതോറിറ്റി 5559.81 ലക്ഷം രൂപയുടെയും ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

## ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

20 [902] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികൾ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഗുരുതരമായ പ്രതിസന്ധിയിൽ ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ നിലവിലുള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള എണ്ണം എത്രയാണെന്നും എറണാകുളം ജില്ലയിൽ വിവിധ നിയോജകമണ്ഡലങ്ങളിലുള്ള പദ്ധതികളുടെ എണ്ണവും പേരും ഓരോ പദ്ധതിയും സ്ഥാപിച്ച വർഷവും, ആയക്കെട്ട്, മോട്ടോറുകളുടെ ശേഷിയും കനാലുകളുടെ ദൈർഘ്യവും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) പമ്പ് ഓപ്പറേറ്റർമാരായും കനാൽ വാച്ചർമാരായും എത്രപേർ ആകെ ജോലി ചെയ്തുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി ചാർജ് കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഇ) 2003-04 വർഷത്തിൽ അറ്റകുറ്റപ്പണികൾക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ എത്ര രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

---

† അനുബന്ധം VII.

(എഫ്) എറണാകുളം ജില്ലയിൽ ഏതെല്ലാം അറ്റകുറ്റ ജോലികളാണ് ഇപ്പോൾ നടന്നുവരുന്നത്; ഓരോന്നിന്റെയും മതിപ്പുചെലവ് എത്രയാണ്; സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലായി ജില്ലാ ഉദ്യോഗസ്ഥർ നൽകിയ അറ്റകുറ്റ ജോലികളുടെ എത്ര നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്; എറണാകുളം ജില്ലയിൽ നിന്നും ലഭിച്ച ഇത്തരം നിർദ്ദേശങ്ങളുടെ വിശദവിവരവും ഇവ നടപ്പാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണവും അറിയിക്കാമോ;

(ജി) അടിയന്തിര പ്രാധാന്യമുള്ള അറ്റകുറ്റപ്പണികൾ ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർവ്വഹിക്കാൻ അധികാരം നൽകുന്നതടക്കമുള്ള നടപടികളുടെ ലഘൂകരണം വഴി ജലസേചന പ്രവർത്തനം തടസ്സപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(എച്ച്) നിർമ്മാണം പൂർത്തിയാകാത്ത എത്ര പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ; ഇവ പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും ഇതിനകം മുടക്കിയ തുകയുടെ വിശദവിവരവും ലഭ്യമാക്കാമോ;

(ഐ) പുതിയതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും നിർമ്മാണച്ചെലവ് എത്രയെന്നും അറിയിക്കുമോ?

ഉത്തരം

(എ—ഐ) ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികളെയും അവയുടെ അറ്റകുറ്റപ്പണികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ജില്ലാതല ഓഫീസുകളിൽനിന്നും ലഭ്യമാണ്.

## നബാർഡിന്റെ സഹായത്തോടെയുള്ള തൃശ്ശൂർ ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

21 [903] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തൃശ്ശൂർ ജില്ലയിൽ നിന്ന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിൽ വല്ലച്ചിറ, വെങ്ങിണിശ്ശേരി, നെരുവിശ്ശേരി, കിഴക്കേമന തുടങ്ങിയ പദ്ധതികൾ നബാർഡിൽ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) കൊറ്റംകോട്, ഇല്ലിക്കൽ, ഓടൻചിറ റെഗുലേറ്ററുകൾ പുതുക്കി പണിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡ് സഹായത്തോടെ ആർ. ഐ. ഡി. എഫ്. 9-ൽ തൊട്ടിപ്പാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പാഞ്ഞാൾ പഞ്ചായത്തിലെ വാഴാലിപ്പാടം എൽ. ഐ. സ്കീം, വല്ലച്ചിറ പഞ്ചായത്തിലെ വല്ലച്ചിറ എൽ. ഐ. സ്കീം, വേലൂർ പഞ്ചായത്തിലെ തയ്യൂർ എൽ. ഐ. സ്കീം, പിലാർമുഴി എൽ. ഐ. സ്കീം, കാലയിടം എൽ. ഐ. സ്കീം.

(സി) വല്ലച്ചിറ എൽ. ഐ. സ്കീം നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടതിനാൽ അവ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വെങ്ങിണിശ്ശേരി, നെരുവിശ്ശേരി, കിഴക്കേമന എന്നീ പദ്ധതികൾ നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല. വെങ്ങിണിശ്ശേരി, കിഴക്കേമന പദ്ധതികൾക്ക് 10 ലക്ഷം രൂപ വീതം എം. പി. ഫണ്ടിൽനിന്നും ലഭ്യമായതിനാൽ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കൊറ്റംകോട് റെഗുലേറ്ററിന്റെ ഷട്ടറുകളുടെ പുതുക്കിപ്പണിയുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഇല്ലിക്കൽ റെഗുലേറ്ററിന്റെ എല്ലാ ഷട്ടറുകളും ഹോയ്സ്റ്റിംഗ് അറേഞ്ചുമെന്റും പുതുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് റീ വാംപിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി അടുത്ത സാമ്പത്തിക വർഷം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓടൻചിറ റഗുലേറ്ററിന്റെ 3 ഷട്ടറുകൾ പുനർ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആയിട്ടുണ്ട്. ബാക്കി ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ അടുത്ത സാമ്പത്തിക വർഷം നടത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ഫാർമേഴ്സ് അസോസിയേഷനുകൾ

22 [904] ശ്രീ. എഴുകോൺ നാരായണൻ:

,, എൻ. ഡി. അപ്പച്ചൻ:

,, എം. മുരളി:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ഫാർമേഴ്സ് അസോസിയേഷനുകൾ രൂപവൽക്കരിച്ചിട്ടുണ്ട്;

(ബി) ഇത്തരം അസോസിയേഷനുകൾ രൂപീകരിക്കുന്നതു സംബന്ധിച്ച് നടപടി ക്രമം വ്യക്തമാക്കാമോ;

(സി) ഈ അസോസിയേഷനുകൾക്ക് വേണ്ടിയുള്ള കോംമ്പിറ്റന്റ് അതോറിറ്റികളെ നിയമിച്ചുകഴിഞ്ഞുവോ?

ഉത്തരം

(എ) ഇതുവരെ ഫാർമേഴ്സ് അസോസിയേഷനുകൾ രൂപവൽക്കരിച്ചിട്ടില്ല.

(ബി) ആക്ടനുസരിച്ചുള്ള ചട്ടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുമ്പോൾ നടപടിക്രമം നിഷ്കർഷിക്കുന്നതാണ്.

(സി) ഇല്ല.

## കല്ലട ഡാമിൽനിന്നും തുറന്നുവിട്ട വെള്ളം

23 [906] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഇ. എം. അഗസ്തി:
,, എൻ. ശക്തൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 സെപ്തംബറിൽ തെൻമലയിലെ കല്ലട ഡാമിൽ നിന്നും വെള്ളം തുറന്നു വിട്ടിട്ടുണ്ടോ;

(ബി) വെള്ളം തുറന്നുവിടുമ്പോൾ ഡാമിലെ ജലനിരപ്പ് എത്രയായിരുന്നു; വെള്ളം തുറന്നുവിട്ടശേഷം ഡാമിലുണ്ടായിരുന്ന ജലനിരപ്പ് എത്രയായി താഴ്ന്നു; വ്യക്തമാക്കാമോ;

(സി) വൈദ്യുതി ഉൽപ്പാദനത്തിനായി കെ. എസ്. ഇ. ബോർഡ് പ്രസ്തുത ഡാമിലെ വെള്ളം തുറന്നു വിടണമെന്ന് ആവശ്യപ്പെട്ടിരുന്നുവോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) അതനുസരിച്ച് വെള്ളം തുറന്നുവിട്ടുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) 2003 സെപ്തംബറിൽ ഈ ഡാമിലെ വെള്ളം തുറന്നുവിട്ടതുകൊണ്ട് എന്തെല്ലാം പൊതുതാൽപ്പര്യമാണ് സംരക്ഷിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി, ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പറമ്പിക്കുളം-ആളിയാർ പുതിയ കരാർ

24 [907] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാടുമായി നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കാൻ ധാരണയായിട്ടുണ്ടോ;

(ബി) പുതിയ കരാർ എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) പുതിയ കരാർ പ്രകാരം സംസ്ഥാനത്തിന് ഉണ്ടാകാവുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) കരാർ പുതുക്കുവാൻ വ്യവസ്ഥയില്ല. എന്നാൽ പുനരവലോകനത്തിന് വ്യവസ്ഥയുണ്ട്. പുനരവലോകനത്തിന്റെ ഭാഗമായി ഉഭയസമ്മതപ്രകാരം മാറ്റങ്ങൾ വരുത്താവുന്നതാണ്. പുനരവലോകന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി, സി) പുനരവലോകന നടപടികൾ പൂർത്തിയാക്കിയതിനുശേഷമേ ഇക്കാര്യം വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

## പറമ്പിക്കുളം-ആളിയാർ കരാർ ചർച്ച

25 [908] ശ്രീ. ബിനോയ് വിശ്വം:
,, എൻ. രാജൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച് കേരള-തമിഴ്നാട് സർക്കാരുകൾ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അവസാനമായി ചർച്ച നടത്തിയതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ചർച്ചയിൽ പുതിയ ധാരണകൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ;

(സി) പുതിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ കേരളത്തിന് മുമ്പത്തേക്കാൾ ദോഷകരമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേലുള്ള പ്രതികരണം വ്യക്തമാക്കുമോ;

(ഡി) ആളിയാറിൽ നിന്നും വെള്ളം തരുന്നത് നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അവസാനമായി 4-1-2004-ന് തിരുവനന്തപുരത്തുവച്ചാണ് ചർച്ചകൾ നടന്നത്.

(ബി) പ്രസ്തുത ചർച്ചയിൽ പുതിയ ധാരണകളൊന്നും ഉണ്ടായിട്ടില്ല. നിലവിലുള്ള കരാറിൽ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ചുള്ള കാര്യങ്ങളിൽ പൂർണ്ണമായ യോജിപ്പുണ്ടായിട്ടില്ല.

(സി) ഇല്ല. ചില അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ ഒത്തുതീർപ്പ് വ്യവസ്ഥകൾക്ക് അന്തിമരൂപം കൈവന്നിട്ടില്ലാത്തതിനാൽ ആക്ഷേപങ്ങൾക്കും വിലയിരുത്തലുകൾക്കും ഇപ്പോൾ അടിസ്ഥാനമില്ല.

(ഡി) ആളിയാറിൽനിന്നും വെള്ളം തരുന്നത് നിർത്തിവച്ചിട്ടില്ല.

## <u>മലമ്പുഴയിൽ നിന്നുള്ള വെള്ളം തിരിച്ചുവിടൽ</u>

26 [909] <u>ശ്രീ. വി. കെ. ചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ഡാമിലേക്ക് വെള്ളം ലഭിച്ചിരുന്ന ഒന്നാം പുഴയിൽ തടസ്സമുണ്ടാക്കി തമിഴ്നാട് വെള്ളം തിരിച്ചുവിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജലം സംരക്ഷിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) കേരളത്തിനർഹതപ്പെട്ട എത്ര വെള്ളം തമിഴ്നാട് തിരിച്ചുകൊണ്ടുപോയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) മലമ്പുഴ ഡാമിൽ വെള്ളം കുറവ് വന്നതിനെക്കുറിച്ച് അന്വേഷിക്കാതിരുന്നത് വകുപ്പിന്റെ അനാസ്ഥ കൊണ്ടാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) മലമ്പുഴയിൽനിന്നും വെള്ളം കിട്ടാത്തതുകൊണ്ട് പാലക്കാട് ജില്ലയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. വെള്ളം തിരിച്ചുവിടുന്ന സ്ഥലം കേരളാതിർത്തിക്കുള്ളിലാണെന്ന് വ്യക്തമായി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. കേരളാതിർത്തിക്കുള്ളിലാണെങ്കിൽ തടസ്സം മാറ്റാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) പരിശോധനാവേളയിൽ മഴ ലഭ്യമല്ലാതിരുന്നതിനാൽ മേൽസ്ഥലത്ത് കാര്യമായ ജലം ഒഴുകുന്നതായി കണ്ടില്ല. അതിനാൽ എത്ര വെള്ളം തിരിച്ചുകൊണ്ടുപോകുന്നുവെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ഡി) അല്ല.

(ഇ) ഉണ്ട്.

(എഫ്) നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആളിയാർ പ്രദേശത്തെ ജലദൗർലഭ്യം

27 [910] ശ്രീ. എം. പി. ഗംഗാധരൻ:
,, പി. ടി. തോമസ്:
,, എ. പി. അനിൽകുമാർ:
,, എൻ. ശക്തൻ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആളിയാർ പദ്ധതി പ്രദേശത്ത് ആവശ്യത്തിന് വെള്ളമില്ലെന്ന് പറഞ്ഞ് ചിറ്റൂരിലേക്ക് കിട്ടാനുള്ള വെള്ളം തമിഴ്നാട് തടയുന്നുണ്ടോ;

(ബി) കേരളത്തിന് ലഭിക്കേണ്ട വെള്ളം അപ്പർ ആളിയാർ, തിരുമൂർത്തി ഡാമുകളിൽ തമിഴ്നാട് സംഭരിക്കുന്നതുകൊണ്ടാണോ ആളിയാറിൽ ജലദൗർലഭ്യം ഉണ്ടാകുന്നത്;

(സി) ഇതേപ്പറ്റി എന്തെല്ലാം അന്വേഷണം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) കേരളത്തിനു നൽകുവാൻ ആളിയാറിൽ എന്തുകൊണ്ട് ആവശ്യത്തിനു ജലമില്ലെന്നതിനെപ്പറ്റി ചിറ്റൂരിലെ കർഷക പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് അപ്പർ ആളിയാർ, തിരുമൂർത്തി ഡാമുകൾ നിർമ്മിക്കാൻ വ്യവസ്ഥയുണ്ട്. ഇവയുടെ നിർമ്മാണംകൊണ്ട് കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി കേരളത്തിന് കരാർ പ്രകാരമുള്ള ജലം ലഭ്യമാകാതിരുന്നിട്ടില്ല. അതുകൊണ്ട് പ്രസ്തുത ഡാമുകളുടെ നിർമ്മാണമാണ് ആളിയാറിലെ ജലദൗർലഭ്യത്തിന് കാരണം എന്ന നിഗമനത്തിലെത്തുവാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതേപ്പറ്റി വിശദമായ അന്വേഷണം നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. കർഷക പ്രതിനിധികൾ സ്വന്തമായി അന്വേഷണം നടത്തുന്നതിന് സർക്കാരിന് എതിർപ്പൊന്നുമില്ല.

## മുല്ലപ്പെരിയാർ വെള്ളം തമിഴ്നാട് വൈദ്യുതി ഉൽപ്പാദനത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ച്

28 [911] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, അടൂർ പ്രകാശ്:
,, ബി. വിജയകുമാർ:
,, ജോർജ് ജെ. മാത്യു:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നുള്ള വെള്ളം തമിഴ്നാട് വൈദ്യുതി ഉൽപ്പാദനത്തിന് ഉപയോഗിക്കുന്നതായി അറിയാമോ;

(ബി) എങ്കിൽ ഈ വെള്ളം ഉപയോഗിച്ച് പ്രതിദിനം എത്ര വൈദ്യുതി അവർ ഉൽപ്പാദിപ്പിക്കുന്നുവെന്നും ഇതിന്റെ പേരിൽ സംസ്ഥാനത്തിന് കിട്ടുന്ന റോയൽറ്റി എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) റോയൽറ്റി നിശ്ചയിച്ചതെന്നാണെന്നും ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്നും വ്യക്തമാക്കുമോ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആവശ്യത്തിനായി സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) അറിയാം.

(ബി) പെരിയാർ ജലമുപയോഗിച്ച് തമിഴ്നാട് 1997 മുതൽ 2002 വരെ ഉൽപ്പാദിപ്പിച്ച വൈദ്യുതിയും അതിന് കേരളത്തിന് ലഭിച്ച പ്രതിഫലവും താഴെ കൊടുക്കുന്നു:

| കാലയളവ് | ഉൽപ്പാദിപ്പിച്ച വൈദ്യുതി | ലഭിച്ച തുക |
|---|---|---|
| 12-10-1997 മുതൽ 11-10-1998 വരെ | 657479037 യൂണിറ്റ് | 11,11,258 രൂപ |
| 12-10-1998 ,, 11-10-1999 ,, | 532384742 ,, | 8,54,215 ,, |
| 12-10-1999 ,, 11-10-2000 ,, | 461408020 ,, | 7,08,373 ,, |
| 12-10-2000 ,, 11-10-2001 ,, | 490538000 ,, | 7,68,229 ,, |
| 12-10-2001 ,, 11-10-2002 ,, | 263852000 ,, | 3,61,441 ,, |

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) 29-5-1970-ൽ കേരളവും തമിഴ്നാടുമായി ഒപ്പുവച്ച പെരിയാർ ജലവൈദ്യുത അനുബന്ധ കരാർ അനുസരിച്ചാണ് മേൽത്തുക നിശ്ചയിക്കപ്പെട്ടത്. ഈ കരാറനുസരിച്ച് പ്രസ്തുത നിരക്ക് പുതുക്കലിന് വിധേയമാക്കാനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇതിനുവേണ്ടി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഓഫീസുകളുടെ പുനഃക്രമീകരണം

29 [912] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ, ആലുവ, ഭൂതത്താൻകെട്ട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഓഫീസുകൾ പുനഃക്രമീകരിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) കാലതാമസം കൂടാതെ പ്രസ്തുത പുനഃസംഘാടനത്തിന് നടപടി സ്വീകരിക്കുമോ;

(സി) ഓഫീസുകൾ ഏതുവിധത്തിലാണ് പുനഃക്രമീകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) അന്തിമ തീരുമാനം എടുത്തതിന് ശേഷമേ വിശദാംശങ്ങൾ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

മുണ്ടായ, ചങ്ങണാംകുന്ന്, പട്ടാമ്പി എന്നിവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് നടപടി

30 [913] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിലെ മുണ്ടായ, ചങ്ങണാംകുന്ന്, പട്ടാമ്പി എന്നിവിടങ്ങളിൽ ഓരോ ചെക്ക് ഡാം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അനേകം ശുദ്ധജലവിതരണ പദ്ധതികൾക്ക് വെള്ളം ലഭിക്കുന്നതിന് ഇവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുന്നത് ആവശ്യമാണെന്ന കാര്യം സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭാരതപ്പുഴയിൽ മുണ്ടായ എന്ന സ്ഥലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് 11.3 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടാമ്പി ക്രോസ്‌വേയുടെ മേൽഭാഗത്ത് തടയണയ്ക്ക് പകരം ഷട്ടറോടുകൂടിയ ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതാണ് നല്ലതെന്ന് കണ്ടെത്തിയിട്ടുണ്ട്. എലപ്പുള്ളി പഞ്ചായത്തിൽ ചങ്ങണാംകുന്നിനടുത്ത് 3540, 4320 എന്നീ ചെയ്നേജുകളിൽ ഓരോ തടയണകൾ നിർമ്മിക്കുന്നത് പരിശോധനയിലാണ്.

(ബി) ശുദ്ധജലവിതരണ പദ്ധതികൾക്ക് വെള്ളം ലഭിക്കുന്നതിന് ചെക്ക് ഡാം നിർമ്മാണം ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## പ്ലാച്ചിമടയിലെ ജലദൗർലഭ്യം

31 [914] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കകോള ഫാക്ടറി പ്രവർത്തിക്കുന്ന പ്ലാച്ചിമടയിലും പരിസരപ്രദേശത്തും അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമത്തെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഭൂഗർഭജലം എടുക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയന്ത്രണങ്ങൾ കൊക്കകോള കമ്പനി പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ ഭൂഗർഭജലത്തിൽ ആരോഗ്യത്തിന് ഹാനികരമായ മാലിന്യങ്ങൾ അടങ്ങിയിട്ടുണ്ട് എന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാഫലം ലഭ്യമാക്കുമോ; ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കൊക്കകോള കമ്പനിക്ക് മറ്റെവിടെനിന്നെങ്കിലും ജലം സംഭരിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ നിന്നാണെന്നും എന്ത് വ്യവസ്ഥയിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 2002 മാർച്ച് മാസം മുതൽ 2003 മാർച്ച് മാസം വരെ 16 സാധാരണ കിണറുകളിലും 2 കുഴൽക്കിണറുകളിലും നടത്തിയ നിരീക്ഷണത്തിൽ 9 കിണറുകളിലെ ജലവിതാനം 0.22 മീറ്റർ മുതൽ 1. 37 മീറ്റർ വരെ താഴുന്നതായും രണ്ടു കുഴൽക്കിണറുകളിലെ ജലവിതാനം 2003 ഒക്ടോബറിൽ താഴുന്നതായും കണ്ടു 2003 മാർച്ചിൽ ഒരു കിണറിൽ നിശ്ശേഷം വെള്ളമില്ലാതെയായി. മഴയുടെ കുറവുകൊണ്ടും ഫാക്ടറിയിലും അതിനു ചുറ്റുമുള്ള സ്ഥലങ്ങളിലേയും കിണറുകളിൽനിന്നും ഭൂഗർഭജലം ധാരാളമായി ഉപയോഗിക്കുന്നതുകൊണ്ടുമാണ് ജലവിതാനത്തിൽ താഴ്ച സംഭവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊക്കകോള ഫാക്ടറി പ്രതിദിനം 5 ലക്ഷം ലിറ്റർ ജലമാണ് ഉപയോഗിക്കുന്നത്. ഇതു 3 ലക്ഷം ലിറ്റർ ആയി കുറയ്ക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് (ഡബ്ളു എ/2125/03 തീയതി 19-1-2003) പ്രകാരം സി. ജി. ഡബ്ല്യു. ആർ. ഡി. എം. എക്സി. ഡയറക്ടറായ ശ്രീ. ഇ. ജെ. ജെയിംസിന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി ഭൂജലത്തിന്റെ അളവും വിനിയോഗവും സംബന്ധിച്ച പഠനം നടത്തിവരുന്നു.

(സി) ഉണ്ട്. കൊക്കകോള ഫാക്ടറിക്കകത്തും പുറത്തുമുള്ള 16 കിണറുകളിലെ വെള്ളം പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 6 എണ്ണത്തിൽ ജലകാഠിന്യം അനുവദനീയ പരിധിയിലും കൂടുതലായി കണ്ടെത്തിയിട്ടുണ്ട്. ഒരെണ്ണത്തിൽ കാൽസ്യം ക്ലോറൈഡിന്റെ അളവ് അനുവദിക്കപ്പെട്ട അളവിനേക്കാൾ കൂടുതലാണ്. ഈ പ്രദേശത്തെ ഭൂജലത്തിൽ ആരോഗ്യത്തിനു ഹാനികരമായ ലെഡ്, കാഡ്മിയം എന്നിവ അനുവദിക്കപ്പെട്ട അളവിലും താഴെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ഡി) ഭൂജലവകുപ്പ് അനുമതി നൽകിയിട്ടില്ല.

<u>ദേശീയ ജലനയം</u>

32 [915] <u>ഡോ. എ. നീലലോഹിതദാസൻ നാടാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലനയം സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഓരുവെള്ളം കയറുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ദേശീയ ജലനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അത് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ജലനയത്തിനു പൂരകമായിട്ടാണ് സംസ്ഥാന ജലനയം രൂപീകരിച്ചിട്ടുള്ളത്. ദേശീയ ജലവിഭവ കൗൺസിൽ 2002 ഏപ്രിൽ മാസത്തിൽ അംഗീകരിച്ച ദേശീയ ജലനയം അനുസരിച്ച്, ജലവിഭവശേഷി വികസന മേഖലയിൽ വിവിധ പദ്ധതികളുടെ ആവശ്യങ്ങൾ നേടുന്നതിന് താഴെ പറയുന്ന മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ട്:

1. കുടിവെള്ളം
2. ജലസേചനം
3. വൈദ്യുതോൽപ്പാദനം
4. പരിസ്ഥിതി സംരക്ഷണം
5. കാർഷിക, കാർഷികേതര വ്യവസായം
6. ജലഗതാഗതം

(ബി, സി) ഉണ്ട്. ഓരു വെള്ള ഭീഷണി തടയുന്നതിനുള്ള ഗവേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് ദേശീയ ജലനയം ഊന്നൽ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏകീകൃത ജലവിഭവ നയം

33 [916] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത ജലവിഭവ നയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നയം നടപ്പാക്കുന്നതുമൂലം ജലവിതരണ രംഗത്ത് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ജലനയം നടപ്പാക്കുന്നതോടെ 1992-ലെ ജലനയത്തിൽ എന്തൊക്കെ മാറ്റമുണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ജല ഉപഭോഗത്തിന് പരിധി നിർണ്ണയിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഇ) എങ്കിൽ നിശ്ചിതപരിധിയിൽ കൂടുതൽ ജലം ഉപയോഗിക്കുന്നവർക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സർചാർജ്ജുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) ഉണ്ട്. സംസ്ഥാനത്ത് 1992-ൽ അംഗീകരിച്ച ഒരു ജലനയം നിലവിലുണ്ട് . ഇത് പരിഷ്കരിക്കുവാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി നക്കൽ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഈ നക്കൽ ജലവിഭവ കൗൺസിൽ പരിശോധിച്ച് അംഗീകരിക്കേണ്ടതുണ്ട്. അതിനു ശേഷമേ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാൻ കഴിയൂ.

ജലനിധി പദ്ധതി നടപ്പിലാക്കാൻ നടപടി

34 [917] ശ്രീ. കെ. എൻ. എ. ഖാദർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## ജപ്പാൻ സഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതി

35 [918] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടെയുള്ള പട്ടുവം ശുദ്ധജലവിതരണപദ്ധതിയുടെ അവസ്ഥ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇന്നത്തെ പരിതഃസ്ഥിതിയിൽ പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പട്ടുവം ശുദ്ധജലവിതരണപദ്ധതി നിർവ്വഹണത്തിനുവേണ്ടിയുള്ള വിവിധ സർവ്വേ ജോലികൾ നടന്നുവരുന്നു.

(ബി) പദ്ധതി 2006-07-ഓടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## ജപ്പാൻ കുടിവെള്ള പദ്ധതി

36 [919] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ആകെ എത്ര രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും ഓരോ പ്രദേശത്തിനും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഇത് നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളെക്കുറിച്ചും അവർ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിശദമാക്കുമോ;

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതോടെ കൈവരിക്കാവുന്ന നേട്ടങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ്ലൈനുകളുടേയും വിതരണ ശൃംഖലകളുടേയും വാട്ടർ ക്വാളിറ്റിയുടേയും സർവ്വെ നടന്നുവരുന്നു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ഒരു കമ്പ്യൂട്ടർവൽകൃത പരാതിപരിഹാരസെൽ നടപ്പാക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിൽ ഒരു സെന്റർ സ്ഥാപിക്കുന്നതിലേക്ക് 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്' ക്ഷണിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽതുക 1787.45 കോടി രൂപയാണ്. ഓരോ പദ്ധതിയുടേയും അടങ്കൽതുക അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(സി) ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടന്റ്സ് കമ്പനി ലിമിറ്റഡ്, ജപ്പാൻ ലീഡ് പാർട്ണർ ആയിട്ടുള്ള റ്റി. ഇ. സി. കൺസോർഷ്യത്തെയാണ് പദ്ധതിയുടെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുള്ളത്. റ്റി. ഇ. സി. കൺസോർഷ്യം സെപ്തംബർ 1-ാം തീയതി അവരുടെ ജോലികൾ ആരംഭിച്ചു. ഇവരുടെ സെൻട്രൽ ഓഫീസ് തിരുവനന്തപുരത്തും മേഖലാ ഓഫീസുകൾ കൊല്ലം, ചേർത്തല, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു.

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ 2006-ൽ 34.88 ലക്ഷം പേർക്കും 2021-ൽ 43.30 ലക്ഷം പേർക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

(ഇ) പ്രസ്തുത പദ്ധതി 2006-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

### ഗാർഹിക ഉപഭോക്താക്കൾക്ക് പൈപ്പ് കണക്ഷൻ നൽകുന്നതിനുള്ള നിയന്ത്രണം

37 [920] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം ഗാർഹിക ഉപഭോക്താക്കൾക്ക് പൈപ്പ് കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും നഗരങ്ങളിലും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും വാട്ടർ കണക്ഷൻ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്നും വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുമേഖലകളിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് നിലവിലുള്ള ഉത്തരവുകൾ എന്തെല്ലാമാണ്; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ;

(സി) വരൾച്ച നേരിടാൻ സംസ്ഥാന ജലവിഭവ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് നഗര, ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജലവിഭവ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഗാർഹിക ഉപഭോക്താക്കൾക്ക് പൈപ്പ് കണക്ഷൻ നൽകുന്നതിൽ പുതുതായി നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. ചില പ്രദേശങ്ങളിൽ ജലക്ഷാമം നേരിടുന്ന കാലങ്ങളിൽ പുതിയ കണക്ഷൻ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്താറുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശമുൾപ്പെടെ കേരളത്തിൽ വാട്ടർ അതോറിറ്റിയുടെ പദ്ധതികളിൽ നിന്നും, ജലലഭ്യതയ്ക്കും കേരള വാട്ടർ സപ്ലൈ റഗുലേഷൻ 1991-ലെ നിയമങ്ങൾക്കും വിധേയമായി വാട്ടർ കണക്ഷനുകൾ നൽകി വരുന്നു.

---

† അനുബന്ധം VIII.

(ബി) കേരളാ വാട്ടർ സപ്ലൈ റഗുലേഷൻ 1991 ജി. ഒ. (എംഎസ്.) 318/91/എൽ. എ. ഡി. തീയതി 4-12-1991 ആന്റ് ജി. ഒ. (പി.) നമ്പർ 65/98/ഇറി. വകുപ്പ് തീയതി 20-6-1998 പ്രകാരമാണ് വാട്ടർ കണക്ഷൻ നൽകുന്നത്. പ്രസ്തുത ഉത്തരവിന്റെ കോപ്പി പരിശോധ നയ്ക്ക് ലഭ്യമാണ്.

(സി) വരൾച്ച നേരിടുന്നതിന് വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലൂടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയുമുള്ള കുടിവെള്ള പദ്ധതികൾവഴി, ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി കുടിവെള്ളമെത്തിക്കാൻ നടപടികൾ എടുക്കുന്നുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വലുതും ചെറുതുമായ പദ്ധതികൾക്ക് പുറമേ ഫണ്ടിന്റെ ലഭ്യത യനുസരിച്ച് ചെറുകിട പദ്ധതികൾ നടപ്പിലാക്കിയും സാങ്കേതികമായ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിച്ചും, വിതരണ ശൃംഖല നീട്ടിയും അഡീഷണൽ പമ്പിംഗ് ഏർപ്പെടുത്തിയും സ്രോതസ്സുകൾ വിപുലീകരിച്ചും, വാൽവുകൾ നിയന്ത്രിച്ച് ജലവിതരണം ക്രമീകരിച്ചും, ജലസ്രോതസ്സുകളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും ഒരു പരിധിവരെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ശ്രമിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായി യോജിച്ചുകൊണ്ട് ഇപ്പോൾ സ്വജൽധാരാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കേരള വികസന പദ്ധതിയുടെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾക്ക് വാട്ടർ അതോറിറ്റി സാങ്കേതിക സഹായം നൽകിവരുന്നു.

കേരളത്തിലെ നദികളിലൂടെയും അരുവികളിലൂടെയും, മഴക്കാലത്ത് ഒഴുകിവരുന്ന ജലം ഒരു പരിധിവരെ തടഞ്ഞ് നിർത്തി വേനൽക്കാലത്ത് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ചെക്ക് ഡാം (തടയണ) പദ്ധതി കൾ നിലവിലുണ്ട്. ഈ പദ്ധതിയിൻകീഴിൽ 26 തടയണകൾ കേരളത്തിന്റെ വിവിധ ജില്ലക ളിലായി പൂർത്തിയാക്കി; 6 പദ്ധതികളുടെ പണി പുരോഗതിയിലാണ്; 36 തടയണകൾക്ക് ഭരണാനുമതിക്കായി സൂക്ഷ്മ പരിശോധന നടത്തിവരുന്നു.

## ടാപ്പുകളുടെ വാടക പഞ്ചായത്തുകളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും ഈടാക്കുന്നത് സംബന്ധിച്ച്

38 [921] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടും ടാപ്പുകളുടെ വാടക പഞ്ചായത്തുകളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും ഈടാക്കുന്നത് ശരി യായ നടപടിക്രമമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) അതോറിറ്റിക്ക് കുടിശ്ശിക നൽകാനില്ലാത്ത പഞ്ചായത്തുകളിൽ നിന്നും ഈടാ ക്കിയ തുക തിരിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ബേപ്പൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകൾക്ക് ഇപ്രകാരം എത്ര തുക തിരിച്ചു നൽകേണ്ടതായുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) തിരിച്ചുനൽകാനുള്ള തുക എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) വാട്ടർ അതോറിറ്റിയുടെ ചില ശുദ്ധജല വിതരണ പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. കൈമാറ്റപ്പെട്ട ചില പദ്ധതികളിൽനിന്നും വാട്ടർ ചാർജ് കുടിശ്ശിക അതാതു പഞ്ചായത്തുകളിൽനിന്നും ലഭിക്കുവാനുണ്ട്. എന്നാൽ കുടിശ്ശിക ഇല്ലാത്തതും കൈമാറ്റം ചെയ്യപ്പെട്ടതുമായ പദ്ധതികൾക്ക് ചില പഞ്ചായത്തുകളിൽനിന്നും ഐ. ജി. രജിസ്ട്രേഷൻ മുഖേന വസ്തു കൈമാറ്റ നികുതിയിൽനിന്നും വാട്ടർ ചാർജ് ഇനത്തിൽ തുക വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്നുണ്ട്. ഇതിൽനിന്നും പ്രസ്തുത പഞ്ചായത്തുകളെ ഒഴിവാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) 31-3-2003-ലെ കണക്ക് പ്രകാരം ബേപ്പൂർ നിയോജകമണ്ഡലത്തിലെ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വാട്ടർ ചാർജ് ഇനത്തിൽ ഈടാക്കിയ അധികതുക തിരിച്ചുനൽകാനുണ്ട്:

| | | |
|---|---|---|
| ബേപ്പൂർ ഗ്രാമപഞ്ചായത്ത് | .. | 478560 രൂപ |
| ചെറുവള്ളൂർ-നല്ലളം | .. | 511858 „ |
| ഫറോക്ക് | .. | 1375012 „ |
| ഒളവണ്ണ | .. | 487345 „ |

(ഡി) കണക്കുകൾ തിട്ടപ്പെടുത്തി തുക തിരിച്ചുനൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതികൾ</u>

39 [922] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾ പ്രവർത്തനക്ഷമമാകുന്നതോടെ പ്രതീക്ഷിക്കപ്പെടുന്ന പ്രയോജനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ കൺസൾട്ടന്റായി മേൽനോട്ടം, നിർവ്വഹണം എന്നിവ ഏറ്റെടുത്തിരിക്കുന്നത് ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പദ്ധതികൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ഇ) ഈ വികസന പരിപാടി എപ്പോൾ ആരംഭിക്കുമെന്നും പൂർത്തീകരിക്കുമെന്നും വെളിപ്പെടുത്തുമോ;



LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തലസ്ഥാന മേഖലയിലെ ജലലഭ്യത തീരെ കുറവായ വട്ടിയൂർക്കാവ്, പേരൂർക്കട, തിരുമല വില്ലേജുകളിലെ ഉയർന്ന പ്രദേശങ്ങളെക്കൂടി ഈ വികസന പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുമോ?

ഉത്തരം

(എ) തലസ്ഥാന നഗരത്തിലും സമീപ പ്രദേശങ്ങളിലുംപെടുന്ന കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന വലിയതുറ, ചെറിയതുറ, ബീമാപള്ളി, മാണിക്കവിളാകം, ആശാൻ നഗർ, ബംഗ്ലാദേശ് കോളനി, പുൽത്തോട്ടം, വെട്ടുക്കാട്, വേളി, മണ്ണന്തല, നാലാഞ്ചിറ, കുടപ്പനക്കുന്ന്, പൊതുജനം ലെയിൻ, ചെട്ടിക്കുന്ന്, അവിട്ടം റോഡ്, ആയുർവ്വേദ കോളേജ്, കുന്നുംപുറം, പ്രസ്ക്ലബ്ബ് റോഡ്, മെഡിക്കൽ കോളേജ് പ്രദേശം എന്നീ സ്ഥലങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് തലസ്ഥാന നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പദ്ധതികൾ പ്രവർത്തനക്ഷമമാകുന്നതോടെ കടുത്ത ജലദൗർലഭ്യം അനുഭവപ്പെടുന്ന മേൽപ്പറഞ്ഞ പ്രദേശത്തെ ജലദൗർലഭ്യം പരിഹരിക്കാനാകും.

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയത് വിൽബർ സ്മിത്ത് അസോസിയേറ്റ്സ് (പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം-10) എന്ന സ്ഥാപനമാണ്. പദ്ധതിയുടെ നിർവ്വഹണം, മേൽനോട്ടം എന്നിവ കേരള വാട്ടർ അതോറിറ്റിയും, തലസ്ഥാന വികസന പദ്ധതിയുടെ ചുമതലയുള്ള ഓഫീസുമാണ് നോക്കുന്നത്.

(ഡി) പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ഇ) ടെണ്ടർ അവാർഡ് ചെയ്ത് ഏഴുമാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല.

റാന്നിയിൽ കുടിവെള്ളമെത്തിക്കാൻ പദ്ധതി

40 [923] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലദൗർലഭ്യമനുഭവപ്പെടുന്ന മലയോര മേഖലയായ റാന്നിയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ കുടിവെള്ള വിതരണ പദ്ധതികൾക്കായി തടയണകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) റാന്നിയിൽ ഇപ്പോൾ നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിനും ഈ പദ്ധതികളിൽനിന്ന് സാധ്യമായ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനുമുള്ള പ്രൊപ്പോസലുകൾ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടിച്ചിപ്പുഴ, തോട്ടമൺ, വടശ്ശേരിക്കര, റാന്നി-അങ്ങാടി എന്നീ പദ്ധതികളിൽ താൽക്കാലിക തടയണകളുടെ പണി തുടങ്ങിയിട്ടുണ്ട്. അടിച്ചിപ്പുഴ, തോട്ടമൺ, വടശ്ശേരി പദ്ധതികളിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## റാന്നിയിലെ കുടിവെള്ളവിതരണ പദ്ധതികൾ

41 [924] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഇനിയും കമ്മീഷൻ ചെയ്യാത്ത എത്ര കുടിവെള്ള വിതരണ പദ്ധതികളാണുള്ളത്; അവ ഏതൊക്കെ;

(ബി) ഇവ പൂർത്തീകരിക്കാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി ഇവയുടെ പണിപൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

### ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഇനിയും കമ്മീഷൻ ചെയ്യാത്ത 12 പദ്ധതികളുണ്ട്. എൻ. സി./പി.സി.-യിൽപ്പെടുന്ന 4 പദ്ധതികൾ പെരിനാട് പഞ്ചായത്തിലും റാന്നി-അങ്ങാടി പഞ്ചായത്തിൽ 3 പദ്ധതികളും റാന്നി-പഴവങ്ങാടി പഞ്ചായത്തിൽ 1 പദ്ധതിയും ഉണ്ട്. കൂടാതെ ആർ. ജി. എൻ. ഡി. ഡബ്ല്യു. എം.-ൽ ഉൾപ്പെട്ട അരയാഞ്ഞിലിമൺ, കുടമുരുട്ടി, കുറുമ്പൻമുഴി, നീരേറ്റുകാവ് എന്നീ പദ്ധതികളും കമ്മീഷൻ ചെയ്യാനുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ താമസിക്കുന്നത് വൈദ്യുതി കണക്ഷൻ ലഭിക്കാതിരിക്കുന്നതിനാലാണ്.

(സി) ഇവയിലൊക്കെ പമ്പ് സെറ്റുകൾ സ്ഥാപിച്ച് വൈദ്യുതി ലഭിക്കുന്നമുറയ്ക്ക് കമ്മീഷൻ ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ റാന്നി അങ്ങാടി പദ്ധതിയുടെ ഇൻടേക്കിലും എബനേസ്സർ എന്ന സ്ഥലത്തുള്ള ബൂസ്റ്ററിനേയും എൻ. സി./പി. സി. പദ്ധതികളിൽ ഉൾപ്പെടുത്തി കപ്പാസിറ്റി കൂടിയ പമ്പ്സെറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. 8/2004-ഓടുകൂടി മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ചേലക്കരയിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾ

42 [925] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഈ സാമ്പത്തിക വർഷം വരൾച്ചാ പദ്ധതി പ്രകാരം ഈ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ?

ഉത്തരം

(എ, ബി) ചേലക്കര, പഴയന്നൂർ, മുള്ളൂർക്കര, പാഞ്ഞാൾ, തിരുവില്വാമല, വള്ളത്തോൾ നഗർ എന്നീ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി നടപ്പാക്കുന്നുണ്ട്. പദ്ധതിയുടെ പേരുവിവരവും നിർമ്മാണഘട്ടവും അനുബന്ധം IX ആയി ചേർത്തിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി 3 പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇവയുടെ വിശദവിവരം അനുബന്ധം IX എ-യിൽ കൊടുത്തിട്ടുണ്ട്.†

(സി) ഭരണാനുമതി നൽകിയ വരൾച്ചാ ദുരിതാശ്വാസ പണികൾ താഴെപ്പറയുന്നു:

(1) എരുമത്തൊടി പൈപ്പ് എക്സ്റ്റൻഷൻ.

(2) മലേശമംഗലം റോഡിൽ കേടുപറ്റിയ ജി. ഐ. പൈപ്പ്മാറ്റി സ്ഥാപിക്കൽ.

(3) മലവെട്ടത്തെ കേടുവന്ന ജി. ഐ. പൈപ്പ് മാറ്റി സ്ഥാപിക്കൽ.

(4) കൊണ്ടാഴി ബോർവെൽ ഫ്ളഷിംഗ്, പൈപ്പ് മാറ്റി സ്ഥാപിക്കൽ.

(5) എളിത്തിപ്ര ഭാഗത്തേക്ക് പൈപ്പ് എക്സ്റ്റൻഷൻ.

(6) ഭൂതാൻ കോളനി കിണർ റിപ്പയർ.

(7) കേടുവന്ന ജി. ഐ. പൈപ്പ് മാറ്റി സ്ഥാപിക്കൽ—തോന്നൂർക്കര.

(8) തോന്നൂർക്കര—പൈപ്പ് എക്സ്റ്റൻഷൻ.

(9) 3 ബോർവെൽ റിപ്പയർ—ചേലക്കര പഞ്ചായത്ത്.

(10) 9 ഹാന്റ് പമ്പ് റിപ്പയർ—വരവൂർ പഞ്ചായത്ത്.

(11) തളി സെന്റർ കിണർ റിപ്പയർ.

(12) പാഞ്ഞാൾ—4 ഹാന്റ് പമ്പ് റിപ്പയർ.

(13) കീഴില്ലം പൈപ്പ് ദീർഘിപ്പിക്കൽ.

(14) നമ്പുള്ളികുന്ന് അഡീഷണൽ ടാപ്പ് ഫിററിംഗ്.

(15) ദേശമംഗലം—8 കിണർ റിപ്പയർ.

(16) കുറുപ്പുംതൊടി കിണർ റിപ്പയർ.

(17) കരുവാൻ കോളനി കിണർ റിപ്പയർ.

(18) മിച്ചഭൂമി കുഴൽ കിണർ—വള്ളത്തോൾ നഗർ.

(19) മാട്ടിൻമുകളിലെ 2 കിണർ റിപ്പയർ.

† അനുബന്ധം IX, IXഎ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കുണ്ടറ ശുദ്ധജല വിതരണ പദ്ധതി നവീകരിക്കുന്നതിന് നടപടി

43 [926] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ ശുദ്ധജല വിതരണ പദ്ധതി നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) നിലവിലുള്ള പദ്ധതി കാര്യക്ഷമമല്ലാത്ത സാഹചര്യത്തിൽ നവീകരണ പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് ഇനിയും ടെണ്ടർ ചെയ്യുവാൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നവീകരണ പദ്ധതി നടപ്പാക്കുന്നതിന് നബാർഡ് സഹായം തേടിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിലുള്ള നബാർഡിന്റെ തീരുമാനം സർക്കാരിന് ലഭ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) നബാർഡ് സഹായം ലഭ്യമാകുന്നില്ലെങ്കിൽ എൽ. ഐ. സി., ഹഡ്കോ തുടങ്ങിയ മറ്റ് ഏതെങ്കിലും സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ നവീകരണ പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 1742 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പദ്ധതിക്ക് ധനസഹായം ലഭിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും പമ്പിംഗ് മെയിനുലുണ്ടായിരുന്ന ചോർച്ച നിവാരണം ചെയ്യുകയും വോൾട്ടേജ് ബൂസ്റ്ററുകൾ സ്ഥാപിച്ച് പമ്പിംഗ് മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) തേടിയിരുന്നു.

(ഡി) കുണ്ടറ ശുദ്ധജലവിതരണ പദ്ധതി നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടെയാണ് നടപ്പിലാക്കിയത്. മറ്റു ധനകാര്യസ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികൾക്ക് നബാർഡ് ധനസഹായം നൽകുന്നതിന് വിമുഖത പ്രകടിപ്പിച്ചു. ആയതിനാൽ പ്രസ്തുത ധനസഹായം ലഭിച്ചില്ല.

(ഇ) എൽ. ഐ. സി.-യിൽനിന്നും എസ്റ്റിമേറ്റ് തുകയുടെ ഉദ്ദേശം 40 ശതമാനമേ വായ്പയായി ലഭിക്കുകയുള്ളു. പദ്ധതിയിൽ നിന്നും കാര്യമായ വരുമാനം പ്രതീക്ഷിക്കാത്തതിനാൽ ഹഡ്കോ സഹായം ലഭ്യമാക്കാനും പ്രയാസമാണ്. നബാർഡിന്റെ ആർ. ഐ. ഡി. എഫ്. X-ൽ ഉൾപ്പെടുത്തി സാങ്ഷൻ ലഭിക്കുന്നതിന് പദ്ധതി വീണ്ടും സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ശുദ്ധജല പദ്ധതി

44 [927] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വിവിധ ഏജൻസികൾ മുഖേന ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ശുദ്ധജല കുടിവെള്ള പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏജൻസികൾ ആരെല്ലാമെന്നും എത്രപേർക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണെന്നും ഇതിന് എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(സി) "സ്വജൽധാരാ" പദ്ധതിയിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് കരിമ്പ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന തമ്പുരാൻചോല കുടിവെള്ള പദ്ധതിയും ചെർപ്പുളശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളെല്ലാംതന്നെ കേരളാ വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കിയത്. തമ്പുരാൻചോല കുടിവെള്ള പദ്ധതിയുടെ പ്രയോജനം 600 പേർക്കും ചെർപ്പുളശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള ശുദ്ധജലവിതരണപദ്ധതിയുടെ പ്രയോജനം 950 പേർക്കും ലഭിക്കുന്നു. തമ്പുരാൻചോല കുടിവെള്ള പദ്ധതിക്ക് 3 ലക്ഷം രൂപയും ചെർപ്പുളശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 0.62 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) "സ്വജൽധാരാ" പദ്ധതിയിൽ ശ്രീകൃഷ്ണപുരം മണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിനെയാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

## കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ, എലത്തൂർ എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതി

45 [928] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ, എലത്തൂർ എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണപദ്ധതിയുടെ ജലസംഭരണ കേന്ദ്രമായ വാഹേൽ ചീപ്പിൽ ചില പ്പോൾ ഉപ്പുവെള്ളം കയറുന്ന കാര്യം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ജപ്പാൻ സഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുന്ന എലത്തൂർ, തലക്കളത്തൂർ പഞ്ചായത്തുകളിൽ നിലവിലുള്ള പൈപ്പ്ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുവാൻ എന്തെങ്കിലും നിർദ്ദേശം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) ചീർപ്പിൽ ഉപ്പുവെള്ളം കയറുമ്പോൾ പരിഹാര നടപടികൾ സ്വീകരിക്കുന്നത് പഞ്ചായത്താണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള വി. സി. ബി. (വെന്റഡ് ക്രോസ് ബാർ) നിയന്ത്രിച്ച് ഉപ്പുവെള്ളം കയറുന്നത് തടയാൻ പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെടാറുണ്ട്.

(സി) ജപ്പാൻ സഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ എലത്തൂർ, തലക്കളത്തൂർ പഞ്ചായത്തുകളിൽ വിതരണ ശൃംഖല വ്യാപിപ്പിക്കുന്നതിനും നിലവിലുള്ളവയുടെ നവീകരവും വിഭാവനം ചെയ്തിട്ടുണ്ട്.

## തൃക്കരിപ്പൂരിലെ എൽ. ഐ. സി. സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി

46 [929] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ എൽ. ഐ. സി. സഹായത്തോടെയുള്ള എളേരി ആന്റ് അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതിയുടെ വിവിധ നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കാമോ?

## ഉത്തരം

(എ) ഈ പദ്ധതിക്കുവേണ്ടിയുള്ള ഭൂതലടാങ്കിന്റെ പണി പൂർത്തിയായി. സ്രോതസ്സിന്റെ പ്രവൃത്തി ഈ മാസം ടെണ്ടർ ചെയ്യുന്നതാണ്. ശുദ്ധീകരണ ശാലയുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള രേഖകൾ (N.I.T) തയ്യാറാക്കി വരുന്നു. മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷമേ ബാക്കിയുള്ള ഘടകങ്ങളുടെ പണി ആരംഭിക്കുകയുള്ളൂ.

(ബി) 5/2005-ൽ കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ചേർപ്പ് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ശുദ്ധജല വിതരണ പദ്ധതി

47 [930] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷന്റെ കീഴിൽ ചേർപ്പ് നിയോജകമണ്ഡലത്തിൽ വരുന്ന ചാഴൂർ, താന്ന്യം, ചേർപ്പ്, വല്ലച്ചിറ അവിണിശ്ശേരി പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഏതു വരെയായി എന്നറിയിക്കാമോ;

(ബി) തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള കൂർക്കഞ്ചേരി, പാറളം പഞ്ചായത്തുകളിലെ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിന്റെ നിർമ്മാണ പുരോഗതി എന്തായെന്നും വിശദമാക്കാമോ;

(സി) തൃശ്ശൂർ കോർപ്പറേഷനിൽ കൂർക്കഞ്ചേരി മേഖലയായി പുതിയ പദ്ധതി നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ് തുടങ്ങുവാനുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ചേവൂർ, മർത്താക്കര ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതി, ഊരകം ആന്റ് അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ളപദ്ധതി, അവിണിശ്ശേരി പഞ്ചായത്ത് എൻ. സി./ പി. സി. കുടിവെള്ള പദ്ധതി, ചാഴൂർ, താന്ന്യം എൻ. സി. എച്ച്. കുടിവെള്ളപദ്ധതി, ചാഴൂർ താന്ന്യം എം. പി. എൽ. എ. ഡി. കുടിവെള്ള പദ്ധതി എന്നിവയാണ് ചാഴൂർ, താന്ന്യം, ചേർപ്പ്, വല്ലച്ചിറ, ആവിണിശ്ശേരി പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾ. ഇതിൽ ചേവൂർ, മർത്താക്കര ത്വരിത നഗര ശുദ്ധജലവിതരണ പദ്ധതി, ഊരകം ആന്റ് അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതി എന്നീ പദ്ധതികളുടെ സ്രോതസ്സിന്റെ പണികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. ഈ രണ്ട് സ്കീമുകൾക്കും വേണ്ടിയുള്ള പൊതുവായ ശുദ്ധീകരണ ശാലയുടെ പണികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. അവിണിശ്ശേരി പഞ്ചായത്ത് എൻ. സി. /പി. സി. കുടിവെള്ള പദ്ധതിയുടെ പണികളുടെ എസ്റ്റിമേറ്റുകൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ചാഴൂർ, താന്ന്യം, എൻ. സി. എച്ച്. കുടിവെള്ള പദ്ധതിയുടെ ഇൻടേക്ക് വെല്ലിന്റെ പണി തുടങ്ങുകയും മോട്ടോർ പമ്പ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. താന്ന്യം പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചാഴൂർ, താന്ന്യം എം. പി. എൽ. എ. ഡി. കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തിയായി.

(ബി) കൂർക്കഞ്ചേരി പഞ്ചായത്ത് ഇപ്പോൾ തൃശ്ശൂർ കോർപ്പറേഷനിൽ ഉൾപ്പെടുന്നതിനാൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് തൃശ്ശൂർ കോർപ്പറേഷൻ ശുദ്ധജല വിതരണ പദ്ധതിയിൽനിന്നുമാണ് ജലം ലഭ്യമാക്കുന്നത്. പുതിയ പദ്ധതികളൊന്നും നിർമ്മാണ

ഘട്ടത്തിലില്ല. പാറളം പഞ്ചായത്തിലും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതികളുടെ 2.5 ലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല, 5.47 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക്, പമ്പിംഗ് മെയിൻ, ജലവിതരണ പൈപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്ലാന്റ് മുതൽ ടാങ്ക് വരെയുള്ള 1500 മീറ്റർ കാസ്റ്റ് അയേൺ പൈപ്പിന്റെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 8000 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്.

(സി) കൂർക്കഞ്ചേരി, കണിമംഗലം എന്നീ സെൻസസ് ടൗണുകളിലേയ്ക്കും തൃശ്ശൂർ കോർപ്പറേഷനിലെ പുല്ലഴി, വിയ്യൂർ, അയ്യന്തോൾ, അരനാട്ടുകര, വിൽവട്ടം, പുറനാട്ടുകര എന്നീ സെൻസസ് ടൗണുകളിലേയ്ക്കും ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ് തുടങ്ങുവാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം തുടങ്ങുന്നതാണ്.

## അഴിയൂർ പഞ്ചായത്തിൽ ആവിഷ്കരിച്ച കുടിവെള്ള പദ്ധതി

48 [931] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ സ്കീം പ്രകാരം വടകരയിലെ അഴിയൂർ ഗ്രാമപഞ്ചായത്തിൽ മുഴുവൻ ശുദ്ധജലമെത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി എവിടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ടെക്നോളജി മിഷൻ സഹായത്തോടെ വടകര താലൂക്കിലെ അഴിയൂർ ഗ്രാമ പഞ്ചായത്തിലെ 44,250 പേർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിക്ക് 635 ലക്ഷം രൂപ മതിപ്പുചെലവിൽ 2000-മാണ്ടിൽ ഭരണാനുമതി നൽകി. പദ്ധതിക്ക് 2002-ൽ 700 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതിയും 2003-ൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 700 ലക്ഷം രൂപ അടങ്കൽ തുകയായി വിഭാവനം ചെയ്ത ഈ പദ്ധതിക്ക് തുക അപര്യാപ്തമായതിനാൽ ചില സാങ്കേതിക മാറ്റങ്ങൾ വരുത്തേണ്ടിവന്നു. ഈ മാറ്റങ്ങളുടെ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതി 2005 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ പ്രവർത്തനങ്ങൾ**

49 [932] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

2006 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**പട്ടാമ്പി, നെല്ലായ-കുലുക്കല്ലൂർ, ഷൊർണ്ണൂർ കുടിവെള്ളപദ്ധതികൾ പൂർത്തീകരിക്കാൻ നടപടി**

50 [933] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പട്ടാമ്പി, നെല്ലായ-കുലുക്കല്ലൂർ, ഷൊർണ്ണൂർ എന്നീ കുടിവെള്ളപദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ)

| പദ്ധതി | | പൂർത്തിയാക്കുന്ന വർഷം |
|---|---|---|
| (1) പട്ടാമ്പി ശുദ്ധജലവിതരണ പദ്ധതി | .. | 12/2005 |
| (2) നെല്ലായ-കുലുക്കല്ലൂർ | .. | 12/2005 |
| (3) ഷൊർണ്ണൂർ | .. | 2/2004 |

(ബി) കാലതാമസത്തിനുള്ള കാരണങ്ങൾ താഴെപറയുന്നവയാണ്:

(1) പട്ടാമ്പി ശുദ്ധജലവിതരണ പദ്ധതി.—ഈ പദ്ധതിയുടെ ജലസ്രോതസ്സിന്റെയും ജലസംഭരണിയുടെ നിർദ്ദിഷ്ട സ്ഥലത്തിന്റെയും വ്യതിയാനംമൂലം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്.

(2) നെല്ലായ-കുലുക്കല്ലൂർ ശുദ്ധജലവിതരണ പദ്ധതി.—ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം കിട്ടാനുള്ള കാലതാമസം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ കാലതാമസം വരുത്തിയിട്ടുണ്ട്.

(3) ഷൊർണ്ണൂർ ശുദ്ധജലവിതരണ പദ്ധതി.—ഈ പദ്ധതി LIC സഹായത്തോടുകൂടിയുള്ളതാണ്. നിർദ്ദിഷ്ട സ്ഥലങ്ങൾ യഥാസമയം കിട്ടാതെ വന്നതുകൊണ്ട് പദ്ധതിയുടെ അടങ്കൽതുക വർദ്ധിക്കുകയും എൽ. ഐ. സി.-യിൽനിന്ന് അധികം തുക ലഭിക്കാതെ വരികയും ചെയ്തു. സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ബാക്കി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

## മഴവെള്ളം ശേഖരിക്കുന്നതിന് പദ്ധതി

51 [934] ശ്രീ. ജോണി നെല്ലൂർ:
„ ഉമേഷ് ചള്ളിയിൽ:
„ എ. എൻ. രാജൻബാബു:
„ കെ. കെ. ഷാജു:
„ ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഴവെള്ളം ശേഖരിക്കുന്നതിനുള്ള പദ്ധതി സന്നദ്ധ സംഘടനകൾവഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

## ഉത്തരം

കേരള വാട്ടർ അതോറിററി നടപ്പാക്കിവരുന്ന 'വർഷ' മഴവെള്ളക്കൊയ്ത്തു പദ്ധതിയുടെ പണികൾ സന്നദ്ധ സംഘടനകൾവഴിയാണ് നടപ്പാക്കുന്നത്.

## എപ്പിഗ്രാഫി ഇൻസ്റ്റിറ്റ്യൂട്ട്

52 [935] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ കീഴിൽ എപ്പിഗ്രാഫി പഠിപ്പിക്കുന്നതിനുള്ള ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ടോ; എങ്കിൽ എവിടെയാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിൽ എപ്പിഗ്രാഫി പഠന സംബന്ധമായ എന്തൊക്കെ ജോലികളാണ് നടന്നതെന്ന് വിശദമാക്കുമോ;

(സി) ഇവിടെനിന്നും ഇതേ കാലയളവിൽ എപ്പിഗ്രാഫിയിൽ എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; ഉണ്ടെങ്കിൽ ഇവർ ആരൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകാരണത്താലാണ് പരിശീലനം നൽകാതിരുന്നത് എന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഈ സ്ഥാപനത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ആരെന്നും ഇദ്ദേഹത്തിന് എപ്പിഗ്രാഫി സംബന്ധമായി എന്തൊക്കെ യോഗ്യതകളാണുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനം നവീകരിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ളതെന്നുകൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേശവദാസപുരത്ത് പ്രവർത്തിക്കുന്ന ശ്രീ വിശാഖം തിരുനാൾ സ്കൂൾ ഓഫ് എപ്പിഗ്രാഫി. 1980-ൽ സ്ഥാപിതമായ പ്രസ്തുത സ്ഥാപനത്തിൽ ഒരു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ എപ്പിഗ്രാഫി (പാർട്ട് ടൈം) നടത്തുകയും, തുടർന്നുള്ള കാലഘട്ടങ്ങളിൽ പുരാരേഖാ വകുപ്പിലേയും പുരാവസ്തു വകുപ്പിലേയും ജീവനക്കാർക്ക് പരിശീലനം നൽകിവരികയും ചെയ്യുന്നു.

(ബി) കേരളത്തിൽനിന്നും ലഭ്യമായ പ്രാചീന ലിഖിതങ്ങൾ, ശിലാശാസനങ്ങളും താമ്രശാസനങ്ങളും, ചരിത്രപരവും സാമൂഹ്യപരവുമായ താളിയോലകളും ക്രോഡീകരിച്ചു കൊണ്ടുള്ള കേരളാ എപ്പിഗ്രാഫിക്കൽ സീരിസിന്റെ നിർമ്മാണത്തിനുവേണ്ട പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന പുരാരേഖാ വകുപ്പിലെ താഴെ ചേർക്കുന്ന ആറ് എൽ. ഡി. ക്ലാർക്കുമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്:

| | | |
|---|---|---|
| (1) | മിനിപോൾ | — റീജിയണൽ ആർക്കൈവ്സ്, എറണാകുളം |
| (2) | ബി. എസ്. വിനോദ് | — സെൻട്രൽ ആർക്കൈവ്സ്, തിരുവനന്തപുരം |
| (3) | റ്റി. എ. ജോൺ | — ആർക്കൈവ്സ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| (4) | എസ്. ബിജുകുമാർ | — ആർക്കൈവ്സ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| (5) | ബിജുകുമാർ ആർ. | — സ്റ്റേറ്റ് ആർക്കൈവ്സ്, തിരുവനന്തപുരം |
| (6) | ബിന്ദു ആർ. ആർ. | — സെൻട്രൽ ആർക്കൈവ്സ്, തിരുവനന്തപുരം |

(ഡി) പുരാവസ്തു വകുപ്പിലെ എപ്പിഗ്രാഫിസ്റ്റായ ശ്രീ. ജി. രാമചന്ദ്രൻ ആണ് ശ്രീ വിശാഖം തിരുനാൾ സ്ക്കൂൾ ഓഫ് എപ്പിഗ്രാഫിയുടെ മേൽനോട്ടം വഹിക്കുന്നത്. ഇദ്ദേഹം ഡിപ്ലോമ സർട്ടിഫിക്കറ്റ് ഇൻ എപ്പിഗ്രാഫി പരീക്ഷ പാസ്സായിട്ടുണ്ട്.

(ഇ) പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പുരാരേഖാ വകുപ്പിലെ ജീവനക്കാരും വകുപ്പിന്റെ പ്രവർത്തനവും

53 [936] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാരേഖാ വകുപ്പിൽ ഇപ്പോൾ എത്ര പേർ ജോലിയെടുക്കുന്നുണ്ട്; ഇവർ ആരൊക്കെയെന്നതിന്റെ തസ്തിക തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്താതിരിക്കുന്നതെന്നും എന്ത് കാരണത്താലാണിതെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രസിദ്ധീകരണങ്ങൾ ഈ വകുപ്പിന്റേതായി പുറത്തിറക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പുരാരേഖാ പ്രദർശനങ്ങൾക്കുപരിയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പുരാരേഖാ വകുപ്പ് എന്തൊക്കെ പൊതുപ്രവർത്തനങ്ങളാണ് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ഇ) പുരാരേഖാ വകുപ്പിന്റെ പക്കലുള്ള താളിയോല രേഖകൾ പൊടിഞ്ഞ് ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ സംരക്ഷിക്കുന്നതിനും പകർത്തി സൂക്ഷിക്കുന്നതിനും എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) പുരാരേഖാ വകുപ്പിൽ മൊത്തം 120 തസ്തികകൾ ഉണ്ട്. ഇതിൽ 103 പേർ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട്. ബാക്കി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. തസ്തിക തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ആർക്കിവിസ്റ്റിന്റെ രണ്ടും കൺസർവേഷൻ ആഫീസർ, എഡിറ്റോറിയൽ ആർക്കിവിസ്റ്റ്, അസിസ്റ്റന്റ് കൺസർവേഷൻ ഓഫീസർ എന്നീ വിഭാഗങ്ങളിൽ ഓരോന്നും തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. മറ്റു ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി പുസ്തകങ്ങൾ ഒന്നും വകുപ്പിന്റേതായി പുറത്തിറക്കിയിട്ടില്ല. എന്നാൽ ചില പുസ്തകങ്ങൾ ഭാഗികമായി അച്ചടിയിലാണ്. വകുപ്പിന്റെ പുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സിലാണ് അച്ചടിക്കുന്നത്. ഗവൺമെന്റ് പ്രസ്സിൽനിന്നും പുസ്തകങ്ങൾ അച്ചടിച്ചുകിട്ടുന്നതിനുണ്ടാകുന്ന കാലതാമസം കൊണ്ടാണ് അവ പ്രസിദ്ധീകരിക്കാൻ കഴിയാത്തത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പുരാരേഖാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനായി 2002 നവംബർ 17 മുതൽ 22 വരെ കൊച്ചിയിൽ പുരാരേഖാ വാരാഘോഷത്തിനോടനുബന്ധിച്ച് രേഖാ സംരക്ഷണ സെമിനാറും 2002 ഡിസംബർ 19 മുതൽ 22 വരെ തൃപ്പൂണിത്തുറ ഹിൽപാലസ്സിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിയോളജിയുടെ നേതൃത്വത്തിൽ മാരിടൈം ഹെറിറ്റേജ് ഓഫ് ഇന്ത്യ സെമിനാറും സംഘടിപ്പിച്ചു. സ്വകാര്യ വ്യക്തികളുടെ പക്കലുള്ള അമൂല്യമായ പുരാരേഖകൾ വാങ്ങുന്നതിന് ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനം നടത്തുന്നു. വിവിധ വകുപ്പുകളിൽ സൂക്ഷിച്ചിരിക്കുന്ന 25 വർഷം പഴക്കമുള്ള ഫയലുകൾ പുരാരേഖാ വകുപ്പിൽ കൊണ്ടുവരാൻ ശ്രമം നടക്കുന്നു. കണ്ണൂർ അറയ്ക്കൽ കൊട്ടാരത്തിലെ രേഖകൾ പുരാരേഖാവകുപ്പിന് കൈമാറുന്നതിനുള്ള ധാരണയിലെത്തിയിട്ടുണ്ട്. 2003 നവംബർ 17 മുതൽ 22 വരെ തിരുവനന്തപുരത്തു വച്ച് നടന്ന അന്താരാഷ്ട്ര ആർക്കൈവൽ വാരാഘോഷത്തോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. കോളേജ് വിദ്യാർത്ഥികൾക്കായി ലേഖന മത്സരം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പുരാരേഖാ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ ആർക്കൈവ്സ്, എറണാകുളം റീജിയണൽ ആർക്കൈവ്സ് എന്നിവിടങ്ങളിലാണ് പുരാരേഖകൾ സൂക്ഷിക്കുന്നത്. തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ പതിനഞ്ചാം നൂറ്റാണ്ടുമുതലുള്ള രേഖകൾ നിലവിലുണ്ട്. ഏകദേശം ഒരു കോടിയോളം വരുന്ന താളിയോലകളും മറ്റും പഴയ തമിഴ് മലയാള ലിപികളിലായതുകൊണ്ടും ഈ ഭാഷ സുഗമമായി കൈകാര്യം ചെയ്യുന്നവരുടെ അഭാവം ഇവ ക്രമീകരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളിൽ നിന്നുകൊണ്ട് ഫയലുകളിലെ പൊടി നീക്കം ചെയ്തുകൊണ്ടും രാസപദാർത്ഥങ്ങൾ ഉപയോഗിച്ചു വൃത്തിയാക്കി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള റാക്കുകളിൽ സൂക്ഷിക്കുന്നു. ഇവ സൂക്ഷിക്കുന്ന കെട്ടിടത്തിന്റെ ശോച്യാവസ്ഥ കാരണം വളരെ കുറച്ചു രേഖകൾക്ക് കേടുപാടു സംഭവിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സ് കെട്ടിടം പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിൽ പുനരുദ്ധരിക്കുന്ന പണി ത്വരിതഗതിയിൽ നടന്നുവരുന്നു. വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള മുഴുവൻ ഓലരേഖകളും ശാസ്ത്രീയ സംരക്ഷണത്തിന് വിധേയമാക്കുന്നതിന് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇന്ത്യൻ കൗൺസിൽ ഓഫ് കൺസർവേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായം തേടിയിട്ടുണ്ട്. താളിയോലകളിലെ രേഖകൾ പകർത്തി എഴുതുന്നതിന് പ്രാവീണ്യം ഉള്ളവരുടെ ഒരു പാനൽ തയ്യാറാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മലങ്കര തടാകത്തിൽ ബോട്ടിംഗ് നടത്തുന്നതിനുള്ള അപേക്ഷ

54 [937] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടിന് കീഴിൽ വരുന്ന മലങ്കര തടാകത്തിൽ ബോട്ടിംഗ് നടത്തുന്നതിന് ഇടുക്കി ടൂറിസം ഡവലപ്പ്മെന്റ് സഹകരണ സംഘം അപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന് ഉത്തരവ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് ഉത്തരവ് ആകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ബേപ്പൂർ-പട്ടർമാട്-തിരുത്തി കടൽഭിത്തി സംരക്ഷണ പ്രവൃത്തി

55 [938] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ പട്ടർമാട്—തിരുത്തി കടൽഭിത്തി സംരക്ഷണ പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച മൂന്നിൽ ഒന്നും മൂന്നും റീച്ചുകളുടെ പ്രവൃത്തിക്ക് സാമ്പത്തികാനുമതി റദ്ദാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ മുൻവർഷം അനുവദിച്ച സാമ്പത്തികാനുമതി റദ്ദാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) കടലിനോട് ചേർന്നുകിടക്കുന്ന പട്ടർമാട് തുരുത്തിന്റെ സംരക്ഷണ പ്രവൃത്തി മൂന്ന് റീച്ചുകളായി തിരിച്ചിരിക്കുന്നു. നേരത്തെ അനുമതി നൽകിയതനുസരിച്ച് ഒന്നും മൂന്നും റീച്ചുകൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. രണ്ടാമത്തെ റീച്ച് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. 2004 മാർച്ച് 31 ആകുമ്പോഴേക്കും പ്രസ്തുത പ്രവൃത്തികൾ എല്ലാം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ

56 [939] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനും വീട് വൈദ്യുതീകരിക്കുന്നതിനും ശുദ്ധജലം ലഭ്യമാക്കുന്നതിനും സാനിട്ടറി കക്കൂസുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇതനുസരിച്ച് ഓരോ ഇനത്തിലും എത്ര തുക 2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ ഗുണഭോക്താക്കൾക്കു ലഭിക്കുകയുണ്ടായി;

(സി) മേൽ പദ്ധതികൾ പ്രകാരം കണ്ണൂർ ജില്ലയിൽ ഏതെല്ലാം തീരദേശ മേഖലകളിലാണ് മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളത്;

(ഡി) കണ്ണൂർ ജില്ലയിലെ ഓരോ തീരദേശ ഗ്രാമത്തിലും എത്ര വീട് ലഭ്യമാക്കിയെന്നും എത്ര വീടുകൾ വൈദ്യുതീകരിച്ചുവെന്നും എത്ര വീടുകൾക്ക് സാനിട്ടറി കക്കൂസുകൾ നിർമ്മിച്ചു നൽകിയെന്നും എത്ര കുടുംബങ്ങൾക്ക് ശുദ്ധജല വിതരണ സൗകര്യം ലഭ്യമാക്കിയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഒരു പദ്ധതിയും, ശുദ്ധജലം ലഭ്യമാക്കുന്നതിന് ഒരു സംസ്ഥാനതല പദ്ധതിയും നിലവിലുണ്ട്. ഇവ കൂടാതെ മുൻവർഷം കേന്ദ്ര ഗവൺമെന്റ് ധനസഹായമായി അനുവദിച്ച 300 ലക്ഷം രൂപ ഉപയോഗിച്ച് 20 ശുദ്ധജല പദ്ധതികളുടെ പണി നടന്നുവരുന്നു. വീട് വൈദ്യുതീകരിക്കുന്നതിനും സാനിട്ടറി കക്കൂസുകൾ നിർമ്മിക്കാനും നിലവിൽ പദ്ധതിയില്ല.

(ബി) പദ്ധതിയുടെ പേരും ലഭ്യമായ തുകയും ചുവടെ ചേർക്കുന്നു:

| പദ്ധതിയുടെ പേര് | ലഭ്യമാക്കിയ തുക ലക്ഷത്തിൽ | | |
|---|---|---|---|
| | 2001-02 | 2002-03 | 2003-04 |
| 1. ഭവന നിർമ്മാണ പദ്ധതി | 800 | 178 | 600 |
| 2. ശുദ്ധജലവിതരണം | .. | 200 | 12 |
| 3. കക്കൂസ് നിർമ്മാണം | .. | 480 | .. |
| 4. തീരജ്യോതി പദ്ധതി | 50 | .. | .. |

(സി) കണ്ണൂർ ജില്ലയിലെ തീരദേശ മേഖലകളായ അഴീക്കോട്, മാട്ടൂൽ, ചാലിൽ ഗോപാലപ്പേട്ട, കുറിച്ചിയിൽ, പാലിശ്ശേരി, ചാലക്കോട്, കവ്വായി, പുതിയങ്ങാടി, തയ്യിൽ, കണ്ണൂർ സിറ്റി, എടക്കാട് എന്നീ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

| തീരദേശങ്ങളുടെ പേര് | എത്ര വീടുകൾ ലഭ്യമാക്കി | എത്ര വീടുകൾ വൈദ്യുതീകരിച്ചു | എത്ര വീടുകൾക്ക് കക്കൂസുകൾ നിർമ്മിച്ചു | | എത്ര കുടുംബങ്ങൾക്ക് ശുദ്ധജല വിതരണം |
|---|---|---|---|---|---|
| | | | ഡാനിഡ മോഡൽ സാനിട്ടേഷൻ | തീരസമൃദ്ധി സാനിട്ടേഷൻ | |
| അഴീക്കോട് | 16 | 30 | 25 | 7 | .. |
| മാട്ടൂൽ | 12 | 70 | 42 | 5 | .. |
| ചാലിൽ ഗോപാലപ്പേട്ട | 18 | .. | .. | 12 | 200 |
| കുറിച്ചിയിൽ | .. | .. | .. | 4 | .. |
| പുതിയങ്ങാടി | 3 | 20 | 3 | .. | .. |
| തയ്യിൽ | 8 | .. | .. | 9 | .. |
| കണ്ണൂർ സിറ്റി | 18 | .. | .. | 14 | .. |
| എടക്കാട് | 17 | 70 | 23 | 20 | .. |
| പാലിശ്ശേരി | 8 | .. | .. | 10 | 100 |
| പാലക്കോട് | 4 | .. | .. | 12 | .. |
| കവ്വായ് | 9 | 10 | 5 | 5 | .. |
| ആകെ | 113 | 200 | 98 | 98 | 300 |

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകിവരുന്ന ആനുകൂല്യങ്ങൾ

57 [940] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഏതെല്ലാം തരത്തിലുള്ള എന്തെല്ലാം ആനുകൂല്യങ്ങൾ കൊടുക്കാൻ ബാക്കി നിൽപ്പുണ്ടെന്ന് വെളിപ്പെടുത്താമോ;



LIBRARY ARCHIVES Kerala Legislative Assembly

(സി) ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ഇനിയും തീരുമാനം എടുക്കുന്നതിനായി പരിഗണനയിലിരിക്കുന്നുണ്ട്;

(ഡി) മത്സ്യകയറ്റുമതിക്കാരുടെ വിഹിതം ക്ഷേമനിധിയിലേക്ക് ലഭിക്കാതായിട്ടുണ്ടോ; എങ്കിൽ ഏതു തീയതി മുതലുള്ളതാണ് ലഭിക്കാതായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; എത്ര തുകയുടെ വിഹിതം ക്ഷേമനിധിയിൽ അടയ്ക്കുവാനായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) പെൺമക്കളുടെ വിവാഹ ധനസഹായത്തിനുവേണ്ടി 1-7-2003 മുതൽ ലഭിച്ച അപേക്ഷകൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ, 14 മാസത്തെ മത്സ്യത്തൊഴിലാളി പെൻഷൻ തുക, 10-9-2000 മുതലുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് തുക ഇവ കൊടുക്കാൻ ബാക്കിനില്പുണ്ട്.

(സി) വിവാഹ ധനസഹായത്തിനുള്ള 1700 അപേക്ഷകളും ഇൻഷ്വറൻസ് ആനുകൂല്യത്തിനുള്ള 642 അപേക്ഷകളും പരിഗണനയിലുണ്ട്.

(ഡി) ഉണ്ട്. 1-2-2002 മുതൽ ലഭിക്കാതായി. 33 കോടി രൂപയുടെ വിഹിതം.

മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നടപടി

58 [941] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയുടെ സമുദ്രാതിർത്തിക്കുള്ളിൽ വിദേശ മീൻപിടുത്ത കപ്പലുകൾക്ക് മത്സ്യബന്ധനം നടത്തുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയതായി സംസ്ഥാന ഗവൺമെന്റിന് അറിവുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കേരളത്തിലെ ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളിൽ കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ മത്സ്യബന്ധനം വഴി ലഭിക്കുന്ന മത്സ്യം കേടാവാതിരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ഭാഗമായി നിരോധിക്കപ്പെട്ട രാസവസ്തുക്കൾ ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നടത്തുന്നതിന് 11 ഇന്ത്യൻ കമ്പനികളുടെ ഇറക്കുമതി ചെയ്ത 32 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട് എന്ന് അറിയാൻ കഴിഞ്ഞു.

(ബി) ആഴക്കടൽ മീൻപിടുത്ത കപ്പലുകൾക്ക് അനുമതി നൽകിയ വിവരം ലഭിച്ചയുടനെ സംസ്ഥാന ഫിഷറീസ് വകുപ്പുമന്ത്രി ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിക്കുകയുണ്ടായി. കൽക്കട്ടയിൽ കേന്ദ്രകൃഷി മന്ത്രിയും വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഫിഷറീസ് മന്ത്രിമാരും സെക്രട്ടറിമാരും പങ്കെടുത്ത സമ്മേളനത്തിൽ കപ്പലുകൾക്ക് നൽകിയ ലൈസൻസ് റദ്ദു ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

അമിത ചൂഷണംമൂലം ഇപ്പോൾതന്നെ മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും ഫിഷിംഗ് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നവരെയും കേന്ദ്ര തീരുമാനം ദോഷകരമായി ബാധിക്കും. അതു കൊണ്ട് വൻ ട്രോളറുകളുടെ കടന്നുകയറ്റം ഒഴിവാക്കാൻ ആവശ്യമായ സമ്മർദ്ദം തുടരുന്നതാണ്.

(സി) ഇൻലാന്റ് ഫിഷ് മാർക്കറ്റുകളും കോൾഡ് സ്റ്റോറേജും സ്ഥാപിക്കുക, കോൾഡ് ചെയിൻ പദ്ധതിപ്രകാരം ഐസ് ഫ്രീസിംഗ് പ്ലാന്റ് നവീകരിക്കുക, മത്സ്യ വിതരണത്തിന് ഇൻസുലേറ്റഡ് പെട്ടികൾ വിതരണം ചെയ്യുക മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ആരോഗ്യ വകുപ്പു മുഖേനയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഭക്ഷ്യവസ്തുക്കളുടെ പരിശോധനയും അവയിൽ നിരോധിക്കപ്പെട്ട വസ്തുക്കൾ കണ്ടെത്തിയാൽ തുടർനടപടിയും സ്വീകരിക്കാറുണ്ട്.

## മത്സ്യത്തൊഴിലാളികൾക്കുള്ള പട്ടയവും ഭവന വൈദ്യുതീകരണവും

59 [942] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരും ഭൂരഹിതരുമായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) പുറംപോക്കിൽ താമസക്കാരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈവശ വസ്തുവിന് പട്ടയം നൽകുന്നതിനായി ഫിഷറീസ് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരം ലഭ്യമാക്കുമോ;

(സി) ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ പാർപ്പിട പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. പട്ടയം നൽകുവാൻ കഴിയാത്ത സ്ഥലത്ത് കൈവശരേഖ നൽകാൻ റവന്യൂ വകുപ്പ് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും സ്വന്തമായി ഭൂമിയുള്ളതുമായ മത്സ്യത്തൊഴിലാളികൾക്ക് 40,000 രൂപ വീതം വീട് വെയ്ക്കുന്നതിന് ഗ്രാന്റ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായവും സംസ്ഥാന സർക്കാരിന്റെ തുല്യവിഹിതവും ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല ബെനിഫിഷ്യറി കമ്മിറ്റി നറുക്കെടുപ്പിലൂടെയാണ്. ഇങ്ങനെ തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് പൂർത്തിയാക്കുന്ന ജോലിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതനുസരിച്ച് 40,000 രൂപ, 10,000 രൂപ വീതമുള്ള നാലു ഗഡുക്കളായി നൽകുന്നു.

(ഡി) 1999-2000 മുതൽ 2001-2002 വരെ മൂന്ന് വർഷങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ വൈദ്യുതീകരിക്കുന്നതിന് 1,000 രൂപ വീതം നൽകിയിട്ടുണ്ട്. ഈയിനത്തിൽ ഓരോ വർഷവും അനുവദിച്ച തുക താഴെ കൊടുക്കുന്നു:

| | | |
|---|---|---|
| 1999-2000 | .. | 60 ലക്ഷം രൂപ. |
| 2000-2001 | .. | 80 ലക്ഷം രൂപ |
| 2001-2002 | .. | 50 ലക്ഷം രൂപ |

ഈ പദ്ധതി ഇപ്പോൾ നിലവിലില്ല.

## മത്സ്യത്തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ്

60 [943] ശ്രീ. ബി. വിജയകുമാർ:
,, എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എഴുകോൺ നാരായണൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ മരണമടയുകയോ ഗുരുതരമായ അംഗഭംഗം സംഭവിക്കുകയോ ചെയ്യുന്നവരുടെ ആശ്രിതർക്ക് എന്ത് തുക വീതം ലഭിക്കും;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന് മത്സ്യത്തൊഴിലാളി പ്രീമിയം നൽകേണ്ടതുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആരാണ് അവർക്കുവേണ്ടി പ്രീമിയം അടയ്ക്കുന്നത്;

(ഇ) ഒരു വർഷം എന്ത് തുക ഈ ഇനത്തിൽ പ്രീമിയം അടയ്ക്കേണ്ടതായി വരുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) അനുബന്ധത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുമോ;

(ജി) ഒട്ടാകെ എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

(എ) ഉണ്ട്. ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസും മത്സ്യഫെഡ് മുഖേന പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അപകട മരണം, കാണാതാകുക, സ്ഥിരവും പൂർണ്ണവുമായ അവശത ഇവയ്ക്ക് ഒരു ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50000 രൂപയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലഭിക്കും. പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പ്രകാരം അപകടമരണത്തിനും സ്ഥിരവും പൂർണ്ണവുമായ അവശതക്ക് 1.50 ലക്ഷം രൂപയും ഭാഗികമായ അവശതക്ക് ഇൻഷ്വർ ചെയ്തതിന്റെ 50 ശതമാനവും ധനസഹായം നൽകിവരുന്നു.

(സി) ഗ്രൂപ്പ് ഇൻഷ്വറൻസിന് മത്സ്യത്തൊഴിലാളി പ്രീമിയം നൽകേണ്ടതില്ല. എന്നാൽ പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസിന് മത്സ്യത്തൊഴിലാളി പ്രതിവർഷം 45 രൂപ നിരക്കിൽ പ്രീമിയം നൽകിവരുന്നു.

(ഡി) ഗ്രൂപ്പ് ഇൻഷ്വറൻസിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രീമിയം അടക്കുന്നു.

(ഇ) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി മുഖേന നടപ്പുവർഷം 68,28,649 രൂപ പ്രീമിയം അടച്ചു. പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസിന് 20,73,870 രൂപയും പ്രീമിയം അടച്ചു.

(എഫ്) ലഭിക്കും.

(ജി) 2,63,338 പേർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ആനുകൂല്യവും 46,086 പേർക്ക് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് ആനുകൂല്യവും ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ വായ്പാകുടിശ്ശിക

61 [944] ശ്രീ. എൻ. ശക്തൻ:
,, എ. പി. അനിൽകുമാർ:
,, ലൂഡി ലൂയിസ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള ഭവന നിർമ്മാണ വായ്പ കുടിശ്ശിക എഴുതിത്തള്ളുവാൻ തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതനുസരിച്ച് പ്രസ്തുത വായ്പാ കുടിശ്ശിക എഴുതിത്തള്ളിയോ; എങ്കിൽ എത്ര തുക എഴുതിത്തള്ളി;

(സി) പ്രസ്തുത തുക എഴുതിത്തള്ളാത്തപക്ഷം അതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളാ ഫിഷർമെൻ വെൽഫെയർ കോർപ്പറേഷൻ, ഫിഷറീസ് വകുപ്പ് എന്നിവ വഴി വായ്പ എടുത്ത് കുടിശ്ശിക വന്നവർക്ക് കടാശ്വാസം നൽകാൻ തീരുമാനിച്ചിരുന്നു. കൂടാതെ ഹഡ്കോയിൽനിന്ന് മത്സ്യഫെഡ് വഴി എടുത്ത വായ്പാ കുടിശ്ശികയ്ക്ക് കടാശ്വാസം നൽകാൻ തീരുമാനിച്ചിരുന്നു.

(ബി, സി) പത്ത് ജില്ലകളിലായി നാളിതുവരെ 906.33 ലക്ഷം രൂപ കടാശ്വാസം നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഫിഷറീസ് ഓഫീസർമാരായി ഡെപ്യൂട്ടേഷൻ നിയമനം

62 [945] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഫിഷറീസ് ഓഫീസർമാരായി ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലാണോ നിയമനം നടത്തിവരുന്നത്;

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥ നിർത്തലാക്കുവാനും ഫിഷറീസ് വകുപ്പിൽ നിന്നു മാത്രം അവിടേക്ക് ആവശ്യമുള്ള ഫിഷറീസ് ഓഫീസർമാരെ നിയമിക്കുകയോ നേരിട്ട് നിയമനം നടത്തുകയോ ചെയ്യുവാനും ഉദ്ദേശമുണ്ടോ;

(സി) പ്രസ്തുത ബോർഡിലേക്ക് ആവശ്യമുള്ള ഫിഷറീസ് ഓഫീസർമാരെ നിയമിക്കുവാൻ ഫിഷറീസ് വകുപ്പിൽ ഉദ്യോഗസ്ഥരുണ്ടോ;

(ഡി) നേരിട്ട് നിയമനം നടത്തുന്നതുമൂലം ബോർഡിൽ പരിചയ സമ്പന്നരായവരെ കിട്ടുവാനുള്ള സൗകര്യം ഇല്ലാതാകുമോ;

(ഇ) പ്രസ്തുത ബോർഡിൽ ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തുന്ന രീതി തുടരുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒഴിവുവരുന്ന ഫിഷറീസ് ഓഫീസർ ഉൾപ്പെടെ എല്ലാ തസ്തികകളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തിവരുന്നത്.

(ബി) ഫിഷറീസ് വകുപ്പിൽ അധികമായി കണ്ടെത്തിയ ജീവനക്കാരെ ടി വകുപ്പിൽ തന്നെ നിലനിർത്തുന്നതിന്റെ ഭാഗമായിട്ടാണ് ഫിഷറീസ് വകുപ്പിൽ നിന്നുമാത്രമായി ഡെപ്യൂട്ടേഷൻ പരിമിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഒഴിവു വരുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ഡി) മത്സ്യ ബോർഡിൽ നേരിട്ട് നിയമനം നടത്തുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഇ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിൽ നേരിട്ട് നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഡെപ്യൂട്ടേഷൻ വഴി മാത്രമാണ് നിയമനം നടത്തിവരുന്നത്.

## ഔട്ട്ബോർഡ് എഞ്ചിനുകളുടെ പെർമിറ്റ് നൽകുന്നതും പുതുക്കുന്നതും സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തിയ നടപടി

63 [946] ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് ഔട്ട്ബോർഡ് എഞ്ചിനുകളുടെ പെർമിറ്റ് നൽകുന്നതും പുതുക്കുന്നതും സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ആറ് വർഷം തികഞ്ഞ എഞ്ചിനുകളുടെ പെർമിറ്റ് പുതുക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ തീരുമാനത്തിനെതിരെ മത്സ്യത്തൊഴിലാളികളുടെ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ മത്സ്യബന്ധനം നടത്തിക്കൊണ്ടിരിക്കുന്നവയിൽ 6 വർഷം പിന്നിട്ട ഔട്ട്ബോർഡ് എഞ്ചിനുകൾ എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്പോൾ ഔട്ട് ബോർഡ് എഞ്ചിനുകൾ വിതരണം ചെയ്യുന്നത് സ്വകാര്യ വ്യക്തികളാണോ; മത്സ്യഫെഡിന്റെ എഞ്ചിൻ വിതരണ ചുമതല എടുത്തുകളഞ്ഞത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അതെ. മത്സ്യഫെഡിന്റെ എഞ്ചിൻ വിതരണ ചുമതല എടുത്തുകളഞ്ഞിട്ടില്ല. മത്സ്യഫെഡ് വഴി എഞ്ചിൻ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തോട്ട പൊട്ടിച്ച് മീൻപിടിക്കുന്നവർക്കെതിരെ നടപടി

64 [947] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, വി. ഡി. സതീശൻ:
,, ബി. വിജയകുമാർ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരക്കടലിൽ തോട്ടയിട്ട് മീൻ പിടിക്കുന്നത് അനുവദനീയമാണോ;

(ബി) അല്ലാത്തപക്ഷം കടലിൽ തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്നവരുടെ മേൽ എന്ത് നടപടിയാണെടുക്കുന്നത്;

(സി) ഇക്കഴിഞ്ഞ ആറുമാസത്തിനുള്ളിൽ കടലിൽ തോട്ട പൊട്ടിച്ച് മീൻപിടിച്ച എത്ര സംഭവങ്ങൾ സംസ്ഥാനത്തിന്റെ തീരക്കടലിലുണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1978-ലെ എക്സ്പ്ലോസീവ്സ് അമന്റ്മെന്റ് ആക്ട് പ്രകാരം നിയമ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) മൂന്ന് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂന്ന് കേസ്സുകളും രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

## ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് അനുമതി

65 [948] ശ്രീ. സി. മമ്മൂട്ടി:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, സി. മോയിൻകുട്ടി:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് അനുമതി നൽകുന്ന കാര്യം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ബി) ഇപ്രകാരം അനുമതി നൽകുന്നതിനോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ എതിർപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ മത്സ്യബന്ധനത്തിനെ സാരമായി ബാധിക്കുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ദ്രോഹകരമായി തീരാവുന്നതുമായ ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പ്രസക്തമല്ല.

## മത്സ്യഫെഡ് വാങ്ങിയ സുസുക്കി എഞ്ചിനുകൾ

66 [951] ശ്രീ. കെ. സി. ജോസഫ്:

,, അടൂർ പ്രകാശ്:

,, എൻ. ഡി. അപ്പച്ചൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ) സുസുക്കി എഞ്ചിൻ വാങ്ങുന്നതിനെപ്പറ്റിയുള്ള മൽസ്യഫെഡ് ഫയലുകൾ ഹാജരാക്കണമെന്ന് ഫിഷറീസ് രജിസ്ട്രാർ മത്സ്യഫെഡിനോട് ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ ഇക്കാര്യം സംബന്ധിച്ച് എത്ര കത്തുകൾ മത്സ്യഫെഡിനയച്ചു; അതനുസരിച്ച് മത്സ്യഫെഡ് ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കിയോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;

(സി) എത്ര സുസുക്കി എഞ്ചിനുകൾ വാങ്ങുവാനാണ് മത്സ്യഫെഡ് തീരുമാനിച്ചിരുന്നത്;

(ഡി) നേരത്തെ സുസുക്കി എഞ്ചിൻ വാങ്ങിയത് സംബന്ധിച്ച അഴിമതി ആരോപണങ്ങൾ നിലനിൽക്കെ വീണ്ടും അത്തരം എഞ്ചിനുകൾ വാങ്ങണമെന്ന് മത്സ്യഫെഡ് തീരുമാനിക്കുവാനുള്ള കാരണമെന്ത്;

(ഇ) മുമ്പ് സുസുക്കി എഞ്ചിൻ വാങ്ങിയ നടപടിക്രമം അനുസരിച്ച് തന്നെയാണോ വീണ്ടും അതേ എഞ്ചിൻ വാങ്ങുവാൻ മത്സ്യഫെഡ് തീരുമാനിച്ചതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) ബന്ധപ്പെട്ട ഫയലുകൾ ഫിഷറീസ് രജിസ്ട്രാർ ഏറ്റെടുത്തിട്ടുണ്ട്.

(സി) 1500.

(ഡി, ഇ) സുസുക്കി കമ്പനി നേരിട്ട് എഞ്ചിനുകൾ നൽകാമെന്ന് അറിയിക്കുകയും എഞ്ചിൻ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായിരുന്നതുകൊണ്ടും ടാക്സ് ഇളവ് തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനും വേണ്ടിയാണ് എഞ്ചിനുകൾ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചത്.

<u>മത്സ്യബന്ധന വള്ളങ്ങൾക്ക് ആവശ്യമായ മണ്ണെണ്ണയുടെ ലഭ്യത</u>

67 [952] <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u>
<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ:</u>
<u>ശ്രീ. ലൂഡി ലൂയിസ്:</u>
<u>ശ്രീമതി രാധാരാഘവൻ:</u>
<u>ശ്രീ. കെ. മുഹമ്മദാലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ദിവസവും കടലിൽ പോകുന്ന യന്ത്രം ഘടിപ്പിച്ച ഒരു മത്സ്യബന്ധന വള്ളത്തിന് ഒരു മാസത്തേക്ക് ശരാശരി എത്ര മണ്ണെണ്ണ ആവശ്യമായി വരും;

(ബി) ഇപ്പോൾ സബ്സിഡിയോടുകൂടി മത്സ്യബന്ധന വള്ളങ്ങൾക്ക് പ്രതിമാസം എത്ര മണ്ണെണ്ണയാണ് നൽകുന്നത്;

(സി) മത്സ്യബന്ധന വള്ളങ്ങളിൽ ഘടിപ്പിക്കുന്ന യന്ത്രങ്ങളുടെ ആയുസ് എത്ര കാലമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ആറു വർഷത്തിനുമേൽ കാലപ്പഴക്കമുള്ള യന്ത്രം ഘടിപ്പിച്ച മത്സ്യബന്ധന ബോട്ടുകൾക്ക് സബ്സിഡിയോടുകൂടി മണ്ണെണ്ണ നൽകുവാൻ മത്സ്യബന്ധന വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1000 ലിറ്റർ.

(ബി) 10 എച്ച്. പി. വരെ പ്രതിമാസം 350 ലിറ്റർ, 11–15 എച്ച്. പി. വരെ 375, 16–40 എച്ച്. പി. വരെ 500 ലിറ്റർ. ഇപ്പോൾ ഈ അളവിന്റെ 50% മാത്രമാണ് നൽകുന്നത്.

(സി) 3 മുതൽ 6 വർഷം വരെ.

(ഡി) പ്രവർത്തന യോഗ്യമായ എല്ലാ എഞ്ചിനുകൾക്കും മണ്ണെണ്ണ അനുവദിക്കണമെന്നാണ് താല്പര്യമെങ്കിലും മണ്ണെണ്ണയുടെ ദൗർലഭ്യം നിമിത്തം അത് സാദ്ധ്യമാകുന്നില്ല. 10 വർഷം വരെ പഴക്കമുള്ള എഞ്ചിനുകൾക്ക് മണ്ണെണ്ണ നൽകണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ചുവരുകയാണ്. മണ്ണെണ്ണ നൽകുന്ന സിവിൽ സപ്ലൈസ് വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

ആലപ്പുഴ ഫിഷ്‌ലാന്റിംഗ് സെന്റർ

68 [953] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ ഫിഷ്‌ലാന്റിംഗ് സെന്റർ സ്ഥാപിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കാഞ്ഞിരംചിറയിൽ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കാനായി 17.5 ലക്ഷം രൂപ എസ്റ്റിമേററുള്ള ഒരു പ്രോജക്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ സാദ്ധ്യത വിലയിരുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**തീരദേശ മേഖലകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും ഗാർഹിക പീഡനങ്ങളും അവസാനിപ്പിക്കാൻ നടപടി**

69 [954] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരദേശ മേഖലകളിൽ മറ്റു മേഖലകളെ അപേക്ഷിച്ച് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിലും ഗാർഹിക പീഡനങ്ങളിലും വർദ്ധനവുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശ മേഖലയിലെ അതീവ ഗുരുതരമായ ഇത്തരം സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്;

(സി) തീരദേശ മേഖലയിലാകെ ഫിഷറീസ് വകുപ്പ് മുൻകൈയെടുത്തുകൊണ്ട് നിരന്തര ബോധവൽക്കരണ പരിപാടികളും നിയമസഹായ ക്യാമ്പുകളും സംഘടിപ്പിക്കുവാനും ഇത്തരം പ്രവർത്തനങ്ങളിൽ മഹിളാ സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്ത്രീകൾക്കിടയിൽ പൊതുവിൽ നിലവിലുള്ള സാമൂഹ്യ തിന്മകൾ അകറ്റാൻ ബോധവൽക്കരണ പരിപാടികൾ കേരളത്തിന്റെ മത്സ്യമേഖലയിൽ സംഘടിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 45 ക്യാമ്പുകൾ ഗ്രാമതലത്തിലും 10 ക്യാമ്പുകൾ ജില്ലാതലത്തിലും സംഘടിപ്പിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ സ്ത്രീകളെ സ്വയംസഹായ സംഘങ്ങൾ മുഖേന സംഘടിപ്പിക്കാനും കൂടുതൽ തൊഴിൽ അവസരങ്ങൾ അവർക്കു ലഭ്യമാക്കാൻ വായ്പ അനുവദിക്കാൻ ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ പരിശീലന പരിപാടി സംഘടിപ്പിക്കാനും പദ്ധതിയുണ്ട്.

(സി) സംസ്ഥാനത്തെ മത്സ്യമേഖലയിലാകെ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇവയിൽ സന്നദ്ധ സംഘടനകൾ, മഹിളാ പ്രവർത്തകർ, മത്സ്യത്തൊഴിലാളി നേതാക്കൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരെ ചേർത്തു കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും സംശയദൂരീകരണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നിയമ സഹായ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുറക്കാട് ചെല്ലാനം തീരദേശ റോഡ്

70 [955] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറക്കാട് മുതൽ ചെല്ലാനം വരെയുള്ള റോഡ് തീരദേശ റോഡ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ബി) സോണൽ മാപ്പിംഗിന്റെയും ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും ഫണ്ടിന്റെയും അടിസ്ഥാനത്തിലാണ് നിർമ്മാണത്തിനായി ഫിഷറീസ് റോഡുകൾ തെരഞ്ഞെടുക്കുന്നത്. പുറക്കാട് ചെല്ലാനം റോഡ് ഫിഷറീസ് റോഡായി നടപ്പു സാമ്പത്തിക വർഷം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

പരവൂർ-മയ്യനാട് തീരദേശ റോഡ്

71 [956] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത പരവൂർ-മയ്യനാട് തീരദേശ റോഡിന്റെ പണി എന്നാണ് ആരംഭിക്കുന്നത്;

(ബി) ഇതിന്റെ അടങ്കൽതുക എത്രയാണ്;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പു സാമ്പത്തികവർഷം ഈ റോഡു പണി ഏറ്റെടുക്കാൻ കഴിയില്ല.

വിനോദസഞ്ചാരം മെച്ചപ്പെടുത്താൻ പാക്കേജ്

72 [957] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും വിനോദ സഞ്ചാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന വിധത്തിൽ എന്തെങ്കിലും പാക്കേജ് നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും വിനോദസഞ്ചാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ടൂറിസം പാക്കേജുകൾ രൂപീകരിക്കുന്നതും നടപ്പിലാക്കുന്നതും പ്രധാന മായും സ്വകാര്യമേഖലയാണ്. കെ.റ്റി.ഡി.സി.-യും വിവിധ പാക്കേജുകൾ നടത്തുന്നുണ്ട്. ടൂറിസം വകുപ്പ് വിവിധ ടൂറിസം സർക്യൂട്ടുകൾ കണ്ടെത്തി ഈ സർക്യൂട്ടുകളിൽ ഉൾപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വഴിയോരങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പി ക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) മലമ്പുഴയുടെ വികസനം, പാലക്കാട് കോട്ടയുടെ പുനരുദ്ധാരണം, കല്പാത്തി ഹെറിറ്റേജ് വില്ലേജിന്റെ പുനരുദ്ധാരണവും വികസനവും തുടങ്ങിയ പദ്ധതികളാണ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

തീരദേശ ഗ്രാമങ്ങളിലെ ശുദ്ധജല ദൗർലഭ്യം

73 [958] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരദേശ ഗ്രാമങ്ങളിൽ മഴക്കാലത്തുപോലും ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് വർഷത്തിൽ മുഴുവൻ ദിവസങ്ങളിലും ശുദ്ധജലം ലഭ്യമാക്കുന്ന തരത്തിൽ ഓരോ തീരദേശ ഗ്രാമത്തിനും അനുയോജ്യമായ ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുവാൻ ഫിഷറീസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) തീരദേശ ഗ്രാമങ്ങളുടെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിനായി മുമ്പ് കേരളാ ജല അതോറിറ്റി തുടങ്ങിവച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ ഫിഷറീസ് വകുപ്പ് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്താം ധനകാര്യ കമ്മിഷന്റെ ധനസഹായത്തോടെയുള്ള പദ്ധതി പ്രകാരവും തീരസമൃദ്ധി പദ്ധതി പ്രകാരവും മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ഫിഷറീസ് വകുപ്പ് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ 10-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയുള്ള പദ്ധതി പ്രകാരം 72 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ഇതിനായി 725 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി വിതരണം ചെയ്തിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടപ്പു സാമ്പത്തിക വർഷത്തിൽ മാത്രം നടപ്പാക്കുന്ന തീരസമൃദ്ധി പദ്ധതി പ്രകാരം 15 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 300 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്.

(സി) കേരള ജല അതോറിറ്റി തുടങ്ങിവച്ച പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുവാൻ ഫിഷറീസ് വകുപ്പിന് ബുദ്ധിമുട്ടുണ്ട്.

## സാംസ്ക്കാരിക ടൂറിസം

74 [959] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക ടൂറിസവുമായി ബന്ധപ്പെട്ട് വിവിധ സ്കീമുകൾക്കായി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) തിരുവനന്തപുരം ജില്ലയിൽ സാംസ്കാരിക ടൂറിസത്തിനായി ഇതുവരെ എന്തു തുക അനുവദിച്ചു;

(സി) ഏതൊക്കെ പദ്ധതികൾക്കായിട്ടാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

## ഉത്തരം

(എ) 'സാംസ്കാരിക ടൂറിസം' എന്ന പ്രത്യേക തലക്കെട്ടിൽ സ്കീമുകൾക്ക് ടൂറിസം വകുപ്പ് തുക ചെലവഴിക്കുന്നില്ല. എന്നിരുന്നാലും കേരളത്തിന്റെ പൈതൃക സ്വത്തായ കലാരൂപങ്ങളുടെ ഉന്നമനത്തിനും പ്രാദേശിക പ്രാധാന്യമുള്ള ഉത്സവങ്ങൾക്കും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിവിധ മേളകൾ, വള്ളംകളി തുടങ്ങിയവയ്ക്കും ഈ വകുപ്പ് കഴിയുന്ന ധനസഹായം നൽകിവരുന്നുണ്ട്.

ഇതിനായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇതുവരെ 63,81,040 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ 5,77,000 രൂപ ചെലവഴിച്ചു.

(സി) കനകക്കുന്നിൽ സാംസ്കാരിക സായാഹ്നം, തിരുവനന്തപുരം ജില്ലയുൾപ്പെടെ സംസ്ഥാനത്തു നടന്ന വിവിധ വള്ളംകളികൾ, മേളകൾ, ഉത്സവങ്ങൾ എന്നിവയ്ക്കാണ് മേൽപ്പറഞ്ഞ തുക ചെലവഴിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇക്കോ ടൂറിസം പദ്ധതി

75 [960] ശ്രീ. എ. പി. അനിൽകുമാർ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എം. മുരളി:
,, എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) തെൻമലയിലേക്ക് കണ്ടക്റ്റഡ് ടൂർ സംഘടിപ്പിക്കുവാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ നടപ്പിലാക്കി വരുന്ന തെന്മല ഇക്കോ ടൂറിസം പദ്ധതിക്ക് പുറമെ പ്രകൃതി രമണീയമായതും ജൈവ വൈവിധ്യങ്ങളാൽ സമൃദ്ധമായതുമായ വനപ്രദേശങ്ങൾ, ശുദ്ധജല തടാകങ്ങൾ, കണ്ടൽക്കാടുകൾ, പക്ഷി സങ്കേതങ്ങൾ തുടങ്ങിയവയൊക്കെത്തന്നെ ഇക്കോ ടൂറിസം വികസിപ്പിക്കുന്നതിന് അനുയോജ്യമാണ്. ഇക്കോ ടൂറിസത്തിന് സാദ്ധ്യതയുള്ള ഈ സ്ഥലങ്ങൾ വിവിധ വകുപ്പുകളുടെ അധികാര പരിധിയിൽ ആയതിനാൽ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ടും സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ ആകർഷകമാക്കുവാനാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇക്കോ ടൂറിസം പദ്ധതി തയ്യാറാക്കി വരുന്ന മേൽപ്പറഞ്ഞ സ്ഥലങ്ങൾ കൂടാതെ ടൂറിസം വകുപ്പ് കേരളത്തിലെ എല്ലാ വന്യജീവി സങ്കേതങ്ങൾക്കും നാഷണൽ പാർക്കുകൾക്കും വേണ്ടി ഒരു ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിക്കു നൽകിക്കഴിഞ്ഞു.

(ബി) കെ.ടി.ഡി.സി. ഇപ്പോൾ തിരുവനന്തപുരത്തുനിന്ന് തെന്മലയിലേക്ക് ദിവസേന ഒരു കണ്ടക്റ്റഡ് ടൂർ നടത്തി വരുന്നു. അതിനുപുറമെ കേരളത്തിന്റെ മറ്റ് ജില്ലാ കേന്ദ്രങ്ങളിൽ നിന്നും സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ സന്ദർശകരുടെ ലഭ്യത അനുസരിച്ച് കണ്ടക്റ്റഡ് ടൂർ നടത്താൻ സന്നദ്ധരാണെന്ന് അറിയിച്ചിട്ടുണ്ട്.

സംസ്ഥാനത്തുള്ള ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

76 [961] ശ്രീ. വി. ബാലറാം:
,, ഡി. സുഗതൻ:
,, എ. സുജനപാൽ:
,, എം. എ. ചന്ദ്രശേഖരൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ കേന്ദ്രങ്ങളിലേക്ക് പ്രത്യേകിച്ച് കോവളത്തേക്ക് ഈ വർഷം വരാനിരിക്കുന്ന ചാർട്ടേഡ് ഫ്ളൈറ്റുകളിൽ രണ്ടെണ്ണം ക്യാൻസൽ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഡി) ഒരു ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ കോവളത്ത് ടൂറിസ്റ്റുകൾക്ക് വേണ്ടി അവശ്യം ഏർപ്പെടുത്തേണ്ട സൗകര്യങ്ങളിൽ ഏതെല്ലാം വിധത്തിലുള്ള കുറവുകളാണ് അവിടെ അനുഭവപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ 33 കേന്ദ്രങ്ങളെ ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഇവയെ ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്ന് പ്രത്യേകം വകതിരിച്ചിട്ടില്ല.

(ബി) സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(ഡി) ഇപ്പോൾ പ്രത്യേകിച്ച് കുറവുകളൊന്നുമില്ല എങ്കിലും ഖരമാലിന്യ നിർമ്മാർജ്ജനം, ടോയ്ലെറ്റ് സൗകര്യം, പാർക്കിംഗ് സൗകര്യം എന്നിവയ്ക്ക് പ്രാമുഖ്യം നൽകി പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 'സീറോ വേസ്റ്റ് പദ്ധതി' നടപ്പിലാക്കിവരുന്നു. ടോയ്ലെറ്റ് സൗകര്യത്തിനായി 'മൊബൈൽ ടോയ്ലെറ്റ്' സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പാർക്കിംഗിന് വേണ്ടി സ്ഥലമെടുപ്പുൾപ്പെടെയുള്ള കാര്യങ്ങൾ നടത്തിവരുന്നു. കൂടാതെ റോഡുകളും നടപ്പാതകളും നിർമ്മിക്കുകയും ഹൈമാസ്റ്റ് ലൈറ്റിംഗ് എന്നിവ ഏർപ്പെടുത്തുകയും ചെയ്തുവരുന്നു.

<u>വിനോദസഞ്ചാര വികസനം</u>

77 [962] <u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വികസനത്തിനായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം വിനിയോഗിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പ്രസിദ്ധീകരണങ്ങൾ വിവിധ തരം സി.ഡി. കാസറ്റുകൾ എന്നിവ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്;

(സി) ഇതിനായി എന്തു തുക സർക്കാർ ചെലവാക്കിയിട്ടുണ്ട്;

(ഡി) ഇവയുടെ കോപ്പികൾ ലഭ്യമാക്കുമോ;

(ഇ) ഇവ തയ്യാറാക്കിയത് ഏതെല്ലാം സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ ഏജൻസികളാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) വിനോദ സഞ്ചാര വികസനത്തിനായി കേന്ദ്ര സഹായം, വിദേശ സഹായം, സംസ്ഥാന ഗവൺമെന്റ് വിനിയോഗിക്കാനായി നീക്കിവച്ചിട്ടുള്ള തുക എന്നിവ ഉൾപ്പെടെ വകുപ്പിന് എത്ര തുക ലഭ്യമായി എന്നും എത്ര തുക വിനിയോഗിച്ചുഎന്നും വ്യക്തമാക്കുമോ;

(ജി) വിനോദ സഞ്ചാര വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് സ്വകാര്യ സംരംഭകർക്ക് സംസ്ഥാനത്ത് എവിടെയെല്ലാം അനുമതി നൽകിയിട്ടുണ്ട് എന്നും ഏതു വ്യവസ്ഥകൾ പ്രകാരമാണെന്നും വ്യക്തമാക്കുമോ;

(എച്ച്) വിനോദ സഞ്ചാര വികസനത്തിനായി ഗവൺമെന്റ് അധീനതയിലുള്ള സർക്കാർ കെട്ടിടങ്ങളും ഭൂമിയും ഏതെല്ലാം സ്വകാര്യ സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഐ) സ്വകാര്യ സംരംഭകർക്ക് നൽകിയ സർക്കാർ ഭൂമിയും കെട്ടിടങ്ങളും എന്തു വ്യവസ്ഥകൾ പ്രകാരമാണ് നൽകിയത് എന്നും പാട്ടത്തിനാണെങ്കിൽ എത്ര എന്നും എന്തു വ്യവസ്ഥകൾ പ്രകാരമാണ് നൽകിയത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-02-ൽ 29.37 കോടിയും 2002-03-ൽ 64.30 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2003-04-ൽ ഡിസംബർ 31 വരെ 24.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാരവകുപ്പ് പുറത്തിറക്കിയ ബ്രോഷറുകളുടേയും സി. ഡി.-കളുടേയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഇതിനായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബ്രോഷർ, സി.ഡി. എന്നിവ ലഭ്യത അനുസരിച്ച് ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്.

(ഇ) തിരുവനന്തപുരത്തെ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്, ഇൻവിസ് മൾട്ടി മീഡിയ എന്നിവരാണ്.

(എഫ്) ടി തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജി, എച്ച്) കോഴിക്കോട് ജില്ലയിലെ കാപ്പാട് ബീച്ച് റിസോർട്ട്, കൊച്ചി ആസ്ഥാന മായുള്ള റിനൈസൻസ് ഗ്രൂപ്പിന് പാട്ടത്തിനു നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. മറ്റൊരു കെട്ടിടവും ടൂറിസം വകുപ്പ് സ്വകാര്യ സംരംഭകർക്ക് അനുവദിച്ചിട്ടില്ല.

(ഐ) പാട്ടക്കാലാവധിയും വ്യവസ്ഥകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരാർ പരിഗണനയിലിരിക്കുന്നതേയുള്ളൂ.

## വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ വേണ്ടിയുള്ള നടപടികൾ

78 [963] ശ്രീ. സി. ടി. അഹമ്മദ് അലി:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ വേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിന്റെ ഫലമായി വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടാ യിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഇതുമൂലം ഉണ്ടായ അധിക വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിനോദ സഞ്ചാര വകുപ്പ് സംസ്ഥാനത്തേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിദേശത്തുവച്ച് നടത്തുന്ന ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കുകയും അതുവഴി കേരളത്തിലെ വിനോദ സഞ്ചാര മേഖലയെക്കുറിച്ച് വിദേശികൾക്ക് വിശദാംശം നൽകുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ചില വിദേശ ട്രാവൽ മാർട്ടുകളിൽ വിനോദ സഞ്ചാര വകുപ്പ് തദ്ദേശത്തെ പ്രമുഖരായ ടൂർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേറ്റർമാരേയും ട്രാവൽ ഏജന്റുമാരേയും ക്ഷണിച്ച് അവർക്ക് കേരളത്തെക്കുറിച്ച് ഒരു അവബോധം വളർത്തുന്നതിനുവേണ്ടി 'റോഡ് ഷോ' സംഘടിപ്പിക്കാറുണ്ട്. പ്രമുഖ വിദേശ പത്രമാധ്യമങ്ങളിൽ വിനോദ സഞ്ചാരവകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യങ്ങൾ നൽകാറുണ്ട്. പ്രമുഖ ടെലിവിഷൻ ചാനലുകളിൽ വകുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കേരളത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. ഇന്റർനെറ്റിലും വിനോദ സഞ്ചാരവകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യം നൽകിയിട്ടുണ്ട്. അന്തർദേശീയ തലത്തിലുള്ള പ്രമുഖ മാദ്ധ്യമപ്രവർത്തകരെ കേരളത്തിലേക്ക് ക്ഷണിച്ച് വരുത്തി നമ്മുടെ കേരളത്തെക്കുറിച്ചുള്ള ടൂറിസം പ്രാധാന്യം മനസ്സിലാക്കിച്ച് അതു വഴിയുള്ള പ്രചരണവും നടത്തിവരുന്നു. കൂടാതെ ടൂറിസം പ്രചരണത്തിനുവേണ്ടി www.keralatourism.org എന്ന ഒരു വെബ്സൈറ്റും ഡിപ്പാർട്ട്മെന്റിനുണ്ട്.

(ബി) 2003-ൽ (നവംബർ മാസം വരെ) കേരളത്തിലെത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 2002-നേക്കാൾ 25.1 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം താഴെപറയുന്നു:

| വർഷം | വിദേശ വിനോദ സഞ്ചാരികൾ (എണ്ണം) | മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|
| 2000 | 209933 | 3.80 |
| 2001 | 208830 | -0.53 |
| 2002 | 232564 | 11.37 |
| *2003 (നവംബർ വരെ) | 251158 | 25.10 |

(സി) വിദേശ വിനോദ സഞ്ചാരികളിൽനിന്നും 2003 നവംബർ മാസം വരെ ഏകദേശം 820 കോടി രൂപ വരുമാനമുണ്ടായതായി കണക്കാക്കുന്നു. കഴിഞ്ഞ വർഷങ്ങളിലുള്ള വരുമാനം താഴെ പറയുന്നു:

| വർഷം | വിദേശ വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനം (രൂപ കോടിയിൽ) | മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|
| 2000 | 525.3 | 26.25 |
| 2001 | 535 | 1.85 |
| 2002 | 705.67 | 31.90 |

* താൽക്കാലികം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സ്വകാര്യവൽക്കരണം

79 [964] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, പിരപ്പൻകോട് മുരളി:
,, പി. ജയരാജൻ:
,, വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ സംസ്ഥാനത്ത് അവശേഷിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ സ്വകാര്യവത്ക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളാണ് സ്വകാര്യവൽക്കരിക്കാനുദ്ദേശിക്കുന്നത്; ഇതിനകം നടപടികളായിട്ടുള്ളത് ഏതൊക്കെ;

(സി) പൊതുമേഖലയിൽ ടൂറിസം വികസിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ നയം എന്താണ്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം രംഗത്ത് പൊതുമേഖലയിൽ പുതിയ നിക്ഷേപം നടത്തുകയുണ്ടായോ എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(സി) പൊതുമേഖലയും സ്വകാര്യമേഖലയും കൂടി സംയുക്തമായി പ്രവർത്തിക്കേണ്ടുന്ന മേഖലയാണ് ടൂറിസം എന്ന് സർക്കാർ കരുതുന്നു. പൊതുമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, സ്വകാര്യ മേഖലയിൽ ടൂറിസം നിക്ഷേപം ആകർഷിക്കുന്നതിന് സഹായിയായും പ്രേരകമായും പ്രവർത്തിക്കുക എന്നതാണ് സർക്കാരിന്റെ നയം.

(ഡി) കെ.ടി.ഡി.സി.-യിൽ 401 ലക്ഷം രൂപയും ടൂറിസ്റ്റ് റിസോർട്ട് (കേരള) ലിമിറ്റഡിൽ 637.50 ലക്ഷം രൂപയും ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ 285 ലക്ഷം രൂപയും ഓഹരി മൂലധനമായി നിക്ഷേപം നടത്തിയിട്ടുണ്ട്.

## ടൂറിസ്റ്റുകളെ ഉദ്ദേശിച്ചുള്ള വള്ളംകളി

80 [965] ശ്രീ. ഇ. എം. അഗസ്തി:
,, കെ. എ. ചന്ദ്രൻ:
,, പി. ടി. തോമസ്:
,, അടൂർ പ്രകാശ്:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് കഴിഞ്ഞ ജനുവരി മാസത്തിൽ പുന്നമടക്കായലിൽ വള്ളംകളി നടത്തിയിരുന്നുവോ; ഈ വള്ളംകളി മുടങ്ങിപ്പോകുവാനുള്ള കാരണങ്ങളെന്തൊക്കെയാണ്;

(ബി) ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് വീണ്ടും വള്ളംകളി ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ വർഷത്തിൽ എത്ര പ്രാവശ്യം വള്ളംകളി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഒരു വള്ളംകളി നടത്തുന്നതിന് എന്ത് ചെലവ് വരും;

(ഡി) വള്ളംകളിയിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്ക് എന്ത് ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. ടൂറിസം വകുപ്പ് നടത്തി വരുന്ന 'ഗജമേള'-യുടെ ഭാഗമായി ജനുവരി മാസത്തിൽ പുന്നമടക്കായലിൽ ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് വള്ളംകളി നടത്തി വന്നിരുന്നു. കഴിഞ്ഞ നാലു വർഷങ്ങളായി 'ഗജമേള' നിർത്തിവച്ച സാഹചര്യത്തിൽ വള്ളംകളി മുടങ്ങിയിരിക്കുകയാണ്.

(ബി) ഗജമേളയും അതിന്റെ ഭാഗമായി വള്ളംകളിയും വീണ്ടും നടത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) 10 വള്ളങ്ങൾ പങ്കെടുക്കുകയാണെങ്കിൽ ഉദ്ദേശം 10 ലക്ഷം രൂപ ചെലവു വരും.

(ഡി) ഒരു വള്ളത്തിന് കുറഞ്ഞത് 1 ലക്ഷം രൂപയോളം ചെലവുവരും.

## കേരളത്തിൽ കഴിഞ്ഞ ഒരു വർഷം ആരംഭിച്ച ടൂറിസ്റ്റ് കേന്ദ്രങ്ങൾ

81 [966] ശ്രീ. സി. ടി. അഹമ്മദ് അലി:
,, യു. സി. രാമൻ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിൽ ആരംഭിച്ചിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതെല്ലാമാണ്;

(ബി) ടൂറിസ്റ്റുകളുടെ ബാഹുല്യം കണക്കിലെടുത്ത് ഏതെല്ലാം കേന്ദ്രങ്ങളിൽ നിലവിലുള്ള താമസസൗകര്യം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു സ്ഥലവും പ്രത്യേകമായി ടൂറിസ്റ്റ് കേന്ദ്രങ്ങളായി ആരംഭിക്കാറില്ല. എന്നാൽ ടൂറിസം സാദ്ധ്യതയുള്ള സ്ഥലത്തെ കണ്ടെത്തി അവ വികസിപ്പിക്കുന്നതിനായുള്ള നടപടികളാണ് ടൂറിസം വകുപ്പ് കൈക്കൊള്ളാറുള്ളത്. പുതുതായി 5 കേന്ദ്രങ്ങളെ ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. അവ 1. പൂവാർ, 2. മരട്, 3. കുട്ടനാട്, 4. ചേറായി ബീച്ച്, 5. ചാലക്കുടി-ആതിരപ്പള്ളി സെക്ടർ എന്നിവയാണ്.

(ബി) തിരുവനന്തപുരം, കൊച്ചി, കുമരകം, മൂന്നാർ, തേക്കടി, ആലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ ഇതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ബേക്കൽ ടൂറിസം വികസന പദ്ധതി

82 [967] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബി.ആർ.ഡി.സി. മുഖേന ബേക്കൽ ടൂറിസം വികസനത്തിന് വേണ്ടി നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ബേക്കൽ ടൂറിസം വികസന പ്രോജക്ടിന്റെ ഭാഗമായി ഏതെങ്കിലും സ്വകാര്യ സംരംഭങ്ങൾ ഇതുവരെ ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി ഇതുവരെ എത്ര നിക്ഷേപം നടന്നു;

(ഡി) ബേക്കൽ ടൂറിസം വികസനത്തിനായി തയ്യാറാക്കിയിരിക്കുന്ന തുടർ പ്രവർത്തന പദ്ധതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേക്കൽ ടൂറിസം വികസനത്തിന് ആവശ്യമായ മുഖ്യ അടിസ്ഥാന സൗകര്യമായ 70 ലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തിയാക്കി ഭാഗികമായി കമ്മീഷൻ ചെയ്തു.

വലിയപറമ്പയിൽ നാല് ഹൗസ് ബോട്ടുകൾ ഏർപ്പെടുത്തി വിനോദസഞ്ചാരികൾക്ക് വേണ്ടിയുള്ള ഹൗസ് ബോട്ട് പദ്ധതി നടപ്പിലാക്കി.

ബി.ആർ.ഡി.സി. ഏറ്റെടുത്ത ബേക്കൽ ഫോർട്ട് ബീച്ചിന്റെ സൗന്ദര്യവൽക്കരണത്തിന് ആവശ്യമായ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ലാന്റ് സ്കേപ്പിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

പഞ്ചനക്ഷത്ര/ഡീലക്സ് ഹോട്ടലുകളുടെ നിർമ്മാണത്തിനായി ബി.ആർ.ഡി.സി. വികസിപ്പിച്ചെടുത്ത ആറ് സൈറ്റുകളിൽ നാലെണ്ണവും പ്രമുഖ ഹോട്ടൽ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസോർട്ടുകളുടെ നിർമ്മാണത്തിനായി 5.282 ഹെക്ടർ ഭൂമികൂടി ഏറ്റെടുത്തിട്ടുണ്ട്.

ബേക്കൽ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി സ്വകാര്യ സംരംഭങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

(ബി, സി) ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഇതുവരെ നിക്ഷേപങ്ങളൊന്നും നടന്നിട്ടില്ല.

(ഡി) ബി.ആർ.ഡി.സി. നേരിട്ട് ടെന്റർ ക്ഷണിച്ചതനുസരിച്ച് ഉയർന്ന വാർഷിക പാട്ടം വാഗ്ദാനം ചെയ്ത താഴെ പറയുന്ന ഹോട്ടൽ ഗ്രൂപ്പുകൾക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ റിസോർട്ട് സൈറ്റുകൾ കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്:

1. ഭാരത് ഹോട്ടൽസ്, ന്യൂഡൽഹി.
2. ഹോളിഡേ ഗ്രൂപ്പ്, ഷാർജ.
3. ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ.

ഒരു മാസത്തിനകം ലൈസൻസ് ഡീഡ് എക്സിക്യൂട്ട് ചെയ്യാൻ ഇവർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. തുടർന്ന് രണ്ട് വർഷത്തിനകം നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി ഹോട്ടലുകൾ പ്രവർത്തനക്ഷമമാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

## തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പദ്ധതികൾ

83 [968] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡമനുസരിച്ചാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) പൂരങ്ങളുടെ നാട് തൃശ്ശൂർ എന്ന് കണക്കിലെടുത്ത് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾക്ക് ഒരു മാസ്റ്റർ പ്ലാനിന് രൂപം കൊടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയുടെ വികസനത്തിനായി വിശദമായ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. ഈ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഡൽഹി ആസ്ഥാനമായുള്ള കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവീസ് എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മുൻപരിചയം കണക്കിലെടുത്ത് ഷോർട്ട് ലിസ്റ്റ് ചെയ്ത ഏജൻസികളിൽ നിന്നും മത്സര ടെണ്ടറുകൾ വിളിച്ച് അവയിൽ കുറഞ്ഞ ടെണ്ടറിനാണ് ഇത് നൽകിയിട്ടുള്ളത്.

(ഡി) ഉദ്ദേശിക്കുന്നുണ്ട്.

## മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾ

84 [969] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസത്തിന് പ്രാമുഖ്യം ലഭിക്കുന്ന മലപ്പുറം ജില്ലയിലെ സ്ഥലങ്ങളെ ബന്ധിപ്പിച്ച് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

ഉണ്ട്. ഇതിനായി മലപ്പുറം ജില്ലാ കളക്ടർ സമർപ്പിച്ച പദ്ധതി പരിശോധിക്കുകയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 9.71 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അഹമ്മദാബാദിലെ സെന്റർ ഫോർ എൺവയൺമെന്റ് പ്ലാനിംഗ് എന്ന സ്ഥാപനമാണ് ഇതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

## പാലരുവി വെള്ളച്ചാട്ടത്തിന്റെയും കൊച്ചുകുറ്റാലത്തിന്റെയും വിനോദസഞ്ചാര സാദ്ധ്യതകൾ

85 [970] ശ്രീ. അടൂർ പ്രകാശ്:
,, എം. മുരളി:
,, കെ. സി. വേണുഗോപാൽ:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലരുവി വെള്ളച്ചാട്ടത്തിന്റെയും കൊച്ചുകുറ്റാലത്തിന്റെയും വിനോദസഞ്ചാര സാദ്ധ്യതകൾ ചൂഷണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇവിടെ എത്തുന്നവർക്ക് വിശ്രമിക്കുന്നതിനും പരിസര മലിനീകരണം ഉണ്ടാവാതിരിക്കുന്നതിനും എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലരുവി വെള്ളച്ചാട്ടത്തിൽ എത്തുന്ന സന്ദർശകർക്ക് വേണ്ടിയുള്ള സുരക്ഷ ഉറപ്പുവരുത്തുക, സാമൂഹ്യദ്രോഹികളിൽനിന്നും സന്ദർശകർക്കുണ്ടാകുന്ന ശല്യം ഒഴിവാക്കുക, സന്ദർശകർക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുക, ചരിത്രപരമായ അവശേഷിപ്പുകൾക്ക് മതിയായ സംരക്ഷണം ഏർപ്പെടുത്തുക എന്നീ ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി വനംവകുപ്പ് തദ്ദേശവാസികളെ ഉൾപ്പെടുത്തി വനസംരക്ഷണ സമിതി രൂപീകരിക്കുകയും 2003 ആഗസ്റ്റ് മുതൽ പാലരുവി വനസംരക്ഷണ സമിതിയുടെ സഹായത്തോടെ സന്ദർശകർക്കുവേണ്ടി തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചുകുറ്റാലത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതകൾ ചൂഷണം ചെയ്യുന്നതിനുവേണ്ടി പ്രത്യേകിച്ച് ഒന്നും ചെയ്തിട്ടില്ല.

(ബി) പാലരുവി വെള്ളച്ചാട്ടത്തിൽ എത്തുന്ന സന്ദർശകർക്ക് വേണ്ടി പാർക്കിംഗ് സൗകര്യം, ടോയ്ലറ്റ്, നടപ്പാതകൾ, മുന്നറിയിപ്പു ബോർഡുകൾ, വിശ്രമ സങ്കേതങ്ങൾ, വസ്ത്രം മാറുന്നതിനുള്ള സൗകര്യം, ഗൈഡുകൾ, പ്രാഥമിക ചികിത്സാ സഹായം എന്നീ സൗകര്യങ്ങൾ പാലരുവിയിൽ രൂപീകരിച്ച വനസംരക്ഷണ സമിതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ പരിസര മലിനീകരണം തടയുന്നതിന് വേണ്ടി മാലിന്യങ്ങളും പാഴ്വസ്തുക്കളും ശേഖരിച്ച് യഥാസമയം നീക്കം ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിക്കഴിഞ്ഞു.

## പൈതൃക സംരക്ഷണ നിയമം

86 [971] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, എഴുകോൺ നാരായണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പൈതൃക സംരക്ഷണ നിയമം കൊണ്ടുവരുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം വിധത്തിലുള്ള കാര്യങ്ങളാണ് ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുവാനുദ്ദേശിക്കുന്നത്;

(സി) എന്നേക്ക് ഇതിനുള്ള നിയമം സഭ മുമ്പാകെ വരുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) ഒരു സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണം നടത്തുമ്പോഴോ കൂട്ടിച്ചേർക്കുമ്പോഴോ പൊളിച്ചുമാറ്റുമ്പോഴോ ആ സ്ഥലത്തിന്റെ പൈതൃകമൂല്യം നിലനിർത്തുന്നതിനായി ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ സമ്മതം വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി വരുത്താനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നടന്നുവരുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ബിൽ കൊണ്ടുവരാനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചിട്ടില്ല.

## തിരുവനന്തപുരം നഗരത്തിലെ പൈതൃക പാത നിർമ്മാണം

87 [972] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ ധനസഹായത്തോടെ പൈതൃക പാത നിർമ്മിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പാതയുടെ ദൈർഘ്യവും എസ്റ്റിമേറ്റും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ നിർമ്മാണ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) വേളി-ആക്കുളം ടൂറിസ്റ്റ് വില്ലേജുകളെ നാഷണൽ ഹൈവേ ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന ശ്രീകാര്യം-ആക്കുളം-എഞ്ചിനീയറിംഗ് കോളേജ് ജംഗ്ഷൻ റോഡ് വികസനം ടൂറിസം വകുപ്പ് ഏറ്റെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിഴക്കേകോട്ടയുടെ പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. കോട്ട സംരക്ഷണം സംബന്ധിച്ച ജോലികൾ ഇപ്പോൾ നടന്നുവരികയാണ്.

(സി) ഏകദേശം മൂന്നു കി. മീ. ആണ് ദൈർഘ്യം. പൈതൃക പാതയ്ക്ക് മാത്രമായി എത്ര ചെലവ് വരുമെന്ന് കണക്കാക്കിയിട്ടില്ല. കോട്ടയുടെ സംരക്ഷണത്തിനു മൊത്തമായി 2.50 കോടി രൂപയാണ് ടൂറിസം വകുപ്പ് ആർക്കിയോളജി വകുപ്പിന് കൈമാറുന്നത്.

(ഡി) ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിനുവേണ്ടി വന്ന ചെലവ്

88 [973] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിനുവേണ്ടി ഭരണപരമായ ചെലവുകൾ ഒഴിച്ച് 2001 ഏപ്രിൽ മുതൽ ഓരോ വർഷവും ഏതെല്ലാം ഇനങ്ങളിലായി എന്തുതുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ വികസനത്തിനുവേണ്ടി ഭരണപരമായ ചെലവുകൾ ഒഴിച്ച് 2001 ഏപ്രിൽ മുതൽ മാർച്ച് 2003 വരെ ചിലവായ തുകയുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. †

തേക്കടിയിൽ കൂടുതൽ ബോട്ടുകൾ ഏർപ്പെടുത്തുവാൻ നടപടി

89 [974] ശ്രീ. എം. മുരളി:
,, ടി. എൻ. പ്രതാപൻ:
,, എം. പി. ഗംഗാധരൻ:
,, എ. സുജനപാൽ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടിയിൽ സീസൺ കാലത്ത് പ്രതിദിനം ശരാശരി എത്ര പേർ എത്താറുണ്ട്;

(ബി) തേക്കടിയിലെ ഏറ്റവും വലിയ ആകർഷണം തടാകത്തിലൂടെ ബോട്ടുസവാരിയാണോ എന്ന് വ്യക്തമാക്കാമോ;

(സി) കെ.ടി.ഡി.സി.-ക്കും വനംവകുപ്പിനും കൂടിയുള്ള ബോട്ടുകളിൽ ഒരേ സമയം എത്ര പേർക്ക് ഉല്ലാസയാത്ര നടത്താൻ കഴിയും;

(ഡി) അവിടെ കൂടുതൽ ബോട്ടുകൾ ഏർപ്പെടുത്തുന്നതിനുള്ള ബുദ്ധിമുട്ട് എന്തെന്ന് വിശദീകരിക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തേക്കടിയിൽ സീസൺ കാലത്ത് പ്രതിദിനം ഏകദേശം മൂവായിരത്തോളം സന്ദർശകർ എത്താറുണ്ട്.

(ബി) തേക്കടിയിൽ പെരിയാർ തടാകത്തിലെ ബോട്ടുസവാരി വഴി വന്യമൃഗങ്ങളെ നേരിൽ കാണാമെന്നതാണ് പ്രധാന ആകർഷണം.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കൂടുതൽ ബോട്ട് ഏർപ്പെടുത്തുന്നതിന് കെ.ടി.ഡി.സി.-ക്ക് താല്പര്യമുണ്ടെങ്കിലും വനംവകുപ്പിന്റെ അനുമതി ലഭ്യമല്ലാത്തതിനാൽ കൂടുതൽ ബോട്ട് ഏർപ്പെടുത്തുന്നതിന് നിർവ്വാഹമില്ല.

തേക്കടി തടാകത്തിലെ സുരക്ഷാ ഏർപ്പാടുകൾ

90 [975] ശ്രീ. വി. ഡി. സതീശൻ:
,, കെ. മുഹമ്മദാലി:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എൻ. ശക്തൻ:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടി തടാകത്തിലുള്ള മരക്കുറ്റികൾ ബോട്ടിൽ ഉല്ലാസയാത്ര നടത്തുന്നവർക്ക് ഭീഷണിയായി തീർന്നിട്ടുണ്ടോ;

(ബി) ഈ മരക്കുറ്റികൾ തട്ടി ബോട്ടുകൾ ചരിയാറുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) തേക്കടി തടാകത്തിൽ സുരക്ഷാ ഏർപ്പാടുകൾക്കായി എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തേക്കടി തടാകത്തിൽ ജലലഭ്യത കുറയുമ്പോൾ ബോട്ടു യാത്രയ്ക്ക് മരക്കുറ്റികൾ തടസ്സം സൃഷ്ടിക്കാറുണ്ട്.

(ബി) അപൂർവം ചില അവസരങ്ങളിൽ ബോട്ടുകൾ മരക്കുറ്റിയിൽ തട്ടി കേടുപാടുകൾ സംഭവിക്കാറുണ്ട്.

(സി) ഇപ്പോൾ പ്രത്യേക നിർദ്ദേശങ്ങളൊന്നും ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## തേക്കടി ജലാശയത്തിലെ ബോട്ട് ജെട്ടി നിർമ്മാണം

91 [976] ശ്രീ. കെ. മുഹമ്മദാലി:
,, വർക്കല കഹാർ:
,, ഇ. എം. അഗസ്തി:
,, വി. ബാലറാം:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടി ജലാശയത്തിൽ ബോട്ട് യാത്ര ചെയ്യുന്നവർക്ക് സൗകര്യമായി ബോട്ടിൽ കയറുന്നതിന് ആവശ്യമായ ജെട്ടി നിർമ്മിച്ചിട്ടുണ്ടോ;

(ബി) അത് നിർമ്മിക്കാത്തപക്ഷം അതിനുള്ള കാരണങ്ങളെന്ത്;

(സി) തേക്കടി ജലാശയത്തിൽ ബോട്ടുസവാരി ആരംഭിച്ചിട്ട് എത്ര കാലമായി;

(ഡി) അവിടെ സൗകര്യപ്രദമായ ഒരു ജെട്ടിയുടെ ആവശ്യകത ബോദ്ധ്യമായിട്ടുണ്ടോ;

(ഇ) ബോദ്ധ്യമായിട്ടുണ്ടെങ്കിൽ അവിടെ ജെട്ടി സ്ഥാപിക്കുന്നതിന് നടപടി എടുക്കാത്തതെന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ, ബി) ടൂറിസം വകുപ്പ് ജെട്ടി നിർമ്മിച്ചിട്ടില്ല.

(സി) 1966 മുതൽ കെ.ടി.ഡി.സി. തേക്കടി ജലാശയത്തിൽ ബോട്ടുസവാരി നടത്തുന്നുണ്ട്.

(ഡി) നിലവിലുണ്ടായിരുന്ന ജെട്ടി ഇപ്പോഴത്തെ സന്ദർശകരുടെ ബാഹുല്യം അനുസരിച്ച് സൗകര്യപ്രദമല്ല.

(ഇ) ടൂറിസം വകുപ്പിന് തേക്കടിയിൽ ജെട്ടി സ്ഥാപിക്കുന്നതിന് പരിപാടിയില്ല. വനംവകുപ്പാണ് ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടത്. ഈ ആവശ്യം വനംവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## ടൂറിസം വികസനാർത്ഥം വാഗമൺ പ്രദേശത്ത് ടൂറിസം വകുപ്പിന് ലഭിച്ച സ്ഥലം

92 [977] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. എൻ. പ്രതാപൻ:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനാർത്ഥം വാഗമൺ പ്രദേശത്ത് ടൂറിസം വകുപ്പിന് സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആവശ്യത്തിനായി എത്ര സ്ഥലം കിട്ടി;

(സി) അവിടെ കയ്യേറ്റം ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 611.6651 ഹെക്ടർ സ്ഥലം വാഗമൺ പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട്.

(സി) ടൂറിസം വകുപ്പിന്റെ വക സ്ഥലം ആരും കയ്യേറിയതായി വിവരം ലഭിച്ചിട്ടില്ല.

കായൽ ടൂറിസം വികസനത്തിന്റെ ഭാഗമായി കരുനാഗപ്പള്ളിയിലെ ആലുംകടവിൽ അക്വാപാർക്ക്

93 [978] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസം വികസനത്തിന്റെ ഭാഗമായി കരുനാഗപ്പള്ളിയിലെ ആലുംകടവിൽ അക്വാപാർക്ക് സ്ഥാപിക്കുന്നതിനായി സമർപ്പിക്കപ്പെട്ട പദ്ധതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) വാണിജ്യ സ്വഭാവമുള്ള പദ്ധതികളിൽ സർക്കാർ മുതൽ മുടക്കുന്നത് പലപ്പോഴും വിജയിച്ചുകാണാറില്ല. ആയതിനാൽ ഈ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത ആരായാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഹൗസ് ബോട്ടുകൾ വാടകയ്ക്ക് കൊടുത്ത നടപടി

94 [979] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂരിൽ കോഴിക്കോട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എത്ര ഹൗസ് ബോട്ടുകൾ ഇപ്പോൾ ടൂറിസ്റ്റുകൾക്കു വേണ്ടി വാടകയ്ക്ക് കൊടുക്കുവാൻ സജ്ജമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000-01, 2001-02, 2002-03 സാമ്പത്തിക വർഷങ്ങളിൽ ഹൗസ് ബോട്ടുകൾ വാടകയ്ക്ക് കൊടുത്ത വകയിൽ ഓരോ വർഷവും എന്തു തുക വീതം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) രണ്ട് ഹൗസ് ബോട്ടുകൾ ടൂറിസം വകുപ്പ് നൽകിയിരുന്നു. അവ ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

| | | | |
|---|---|---|---|
| (ബി) | 2000-2001 | .. | ഒരു തുകയും ലഭിച്ചിട്ടില്ല. |
| | 2001-2002 | .. | 1 ലക്ഷം രൂപ ലഭിച്ചു. |
| | 2002-2003 | .. | ഒരു തുകയും ലഭിച്ചിട്ടില്ല. |

പള്ളിക്കര-ചേറ്റുകുണ്ട്-അജാന്നൂർ കടപ്പുറം റോഡ് വികസന സമിതി

95 [980] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ടൂറിസം വികസനത്തിന് ഏറെ പ്രയോജനപ്പെടുന്ന പള്ളിക്കര-ചേറ്റുകുണ്ട്-അജാന്നൂർ കടപ്പുറം റോഡ്, സർക്കാരിന്റെ പരിഗണനയിലുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) ഈ റോഡിന്റെ ടൂറിസം സാദ്ധ്യതകൾ വിലയിരുത്തി അതിൻ പ്രകാരം വിശദമായ പദ്ധതികൾ സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മുൻഗണനാക്രമവും ധനലഭ്യതയുമനുസരിച്ചായിരിക്കും ഇത്തരം പദ്ധതികൾ പരിഗണിക്കുക.

കാർ ക്ലീനർ തസ്തികയിൽ സ്ഥിരം നിയമനം നടത്താൻ നടപടി

96 [981] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗ്യാരേജിൽ ഒഴിവുള്ള 5 കാർ ക്ലീനർ തസ്തികയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ആൾക്കാർ ജോലി ചെയ്യുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ദിവസക്കൂലിക്കാരെ പിരിച്ചുവിട്ട് സ്ഥിരനിയമനം നടത്തുന്നതിന് സത്വരനടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടൂറിസം ഗ്യാരേജിൽ നിലവിലുള്ള 6 കാർ ക്ലീനർ തസ്തികകളിൽ ഒരു തസ്തികയിൽ സ്ഥിരം ജീവനക്കാരൻ ജോലി ചെയ്യുന്നുണ്ട്. മറ്റ് 4 ഒഴിവുകളിൽ എംപ്ലോയ്മെന്റ് മുഖേന താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു കാർ ക്ലീനറുടെ തസ്തിക കൂടി നികത്തുന്നതിലേക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

## മന്ത്രി മന്ദിരങ്ങളിൽ ഫുൾടൈം സ്വീപ്പർ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

97 [982] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള മന്ത്രി മന്ദിരങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന 37 ഫുൾടൈം സ്വീപ്പർ തസ്തികകളിൽ ജോലി ചെയ്യുന്നവർ ദിവസക്കൂലിയടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ദിവസക്കൂലിക്കാരെ പിരിച്ചുവിട്ട് സ്ഥിരനിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി നോക്കിവരുന്ന ദിവസക്കൂലിക്കാരെ പിരിച്ചുവിട്ട് ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്തിവരികയാണ്.

## പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുള്ള പദ്ധതികളുടെ നടത്തിപ്പ്

98 [983] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, എ. കെ. ബാലൻ:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി നടത്തിപ്പിൽ ഉണ്ടായ വീഴ്ചകൾ സംബന്ധിച്ച് എന്തെല്ലാം സംഗതികൾ വെളിവായിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) പട്ടികജാതിക്കാർക്ക് വീട് വയ്ക്കാനും ഭൂമി വാങ്ങാനും പ്രത്യേകം ഘടക പദ്ധതി പ്രകാരം ചെലവഴിക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണ്;

(ഡി) ഇതിൽ ഉദ്യോഗസ്ഥരുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് മാറ്റിയ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ക്ഷേമ പദ്ധതികൾ ഓരോന്നിനുമായി വകയിരുത്തിയ തുകയും 31-12-2003-നകം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(എഫ്) 2002-03-ലെ ടി.എസ്.പി. ഫണ്ടിൽ ടി. പി. അക്കൗണ്ട്, എസ്. പി. അക്കൗണ്ട്, ഡിമാന്റ് ഡ്രാഫ്റ്റ്, ക്യാഷ് ഇനങ്ങളിലായി 31-3-2003-ൽ എന്തു തുക ബാക്കിയുണ്ടായിരുന്നു എന്ന് വിശദമാക്കാമോ;

(ജി) പ്രസ്തുത ഫണ്ടിൽ ഇപ്പോഴും അവശേഷിക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതികൾക്ക് അനുവദിക്കുന്ന പണം യഥാസമയം ട്രഷറികളിൽനിന്നും മാറി കിട്ടുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളല്ലാതെ മറ്റു വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിൽ പ്രധാനമായും അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ഓരോ മാസവും തുകകൾ മാറുന്നതിന് ധനകാര്യവകുപ്പിൽ നിന്നുള്ള "സീലിംഗ്" ലഭിക്കുന്നതിനുള്ള കാലതാമസമാണ്. വിവിധ പദ്ധതികൾക്ക് തുക മാറുന്നതിനായി മതിയായ അലോട്ട്മെന്റ് ലഭ്യമാണെങ്കിലും സീലിംഗ് സംബന്ധിച്ച ഉത്തരവ് ഓരോ മാസത്തേയും. അവസാന ആഴ്ചയിലോ ആ ആഴ്ച മദ്ധ്യത്തിലോ ലഭിക്കുന്നതിനാൽ മാസാവസാനത്തിനുമുമ്പ് ജില്ലാ/ബ്ലോക്ക് തലങ്ങളിലുള്ള പട്ടികജാതി വികസന ആഫീസർമാർക്ക് യഥാസമയം ബിൽ തയ്യാറാക്കി ട്രഷറിയിൽ നിന്നും മാറുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. കൂടാതെ പട്ടികജാതി വികസന വകുപ്പ് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കുട്ടികൾ പഠിക്കുന്ന കോളേജുകളിലെ പ്രിൻസിപ്പൽമാർ ആണ് ട്രഷറിയിൽനിന്നും മാറുന്നത്. അവർ സമർപ്പിക്കുന്ന ബില്ലുകൾ ജില്ലാ പട്ടികജാതി വികസന ആഫീസർമാർ കൗണ്ടർ സിഗ്നേച്ചർ നൽകി അലോട്ട്മെന്റ് എഴുതി നൽകിയെങ്കിൽ മാത്രമെ ട്രഷറിയിൽ നിന്നും മാറാൻ സാധിക്കുകയുള്ളൂ. മാസാവസാനം മന്തിലി സീലിംഗ് ലഭിക്കുന്നതിനാൽ യഥാസമയം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(സി) വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ നടപ്പു വർഷം തുക വകയിരുത്തിയിട്ടില്ല. എന്നാൽ മുൻവർഷം പണി പൂർത്തീകരിക്കാതിരുന്ന ഗുണഭോക്താക്കൾക്ക് 'സ്പിൽ ഓവർ' ഇനത്തിൽ 38,85,35,000 രൂപ 'കോർപ്പസ് ഫണ്ട്'-ൽനിന്നും നടപ്പുവർഷം മാറുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഭൂമി വാങ്ങാനുള്ള ധനസഹായമായി 1000 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ "2225-01-283-90-റീഹാബിലിറ്റേഷൻ ഓഫ് ലാന്റ് ലസ്" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) വ്യക്തിഗത അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടില്ല.

(ഇ) 2003-04 വർഷത്തെ പട്ടികവർഗ്ഗ ക്ഷേമ പരിപാടികൾ ഓരോന്നിനും വകയിരുത്തിയിട്ടുള്ളതും 31-12-2003 വരെ ചെലവഴിച്ചതായി കണക്കാക്കിയിട്ടുള്ളതുമായ തുകകളുടെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പ്ലാൻ പദ്ധതികളെ സംബന്ധിച്ച വിവരങ്ങളടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) 2002-03-ലെ ടി.എസ്.പി. ഫണ്ടിൽ 31-3-2003-നുശേഷം ടി. പി. അക്കൗണ്ട്, എസ്. ബി. അക്കൗണ്ട്, ഡിമാന്റ് ഡ്രാഫ്റ്റ്, ക്യാഷ് എന്നീ ഇനത്തിൽ ബാക്കിയുണ്ടായിരുന്ന തുകയെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ജി) അവശേഷിച്ചിരുന്ന തുക തിരിച്ചടച്ചിട്ടുണ്ട്.

## പിന്നോക്ക വിഭാഗ ക്ഷേമത്തിനുള്ള സമഗ്ര പ്രവർത്തനങ്ങൾ

99 [984] ശ്രീ വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ വിവിധ ക്ഷേമത്തിനും വികസനത്തിനും വിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾക്കും പാർപ്പിട വികസനത്തിനും മറ്റുമായി ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും ഇവ ഓരോന്നിനും എത്ര തുകയുടെ കേന്ദ്രസഹായം, സംസ്ഥാന സഹായം, വിദേശ സഹായം എന്നിവ ലഭിച്ചിട്ടുണ്ട്; എന്തു തുക ചെലവാക്കി എന്നതിന് വിവിധ പ്രവർത്തനങ്ങൾ ആസ്പദമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) മുകളിൽ സൂചിപ്പിച്ച ഓരോ പ്രവർത്തനങ്ങളും ഏതെല്ലാം ഏജൻസികളാണ് നടത്തിയത് എന്നും ഇതിൽ സർക്കാർ ഏജൻസികൾ ഏതെല്ലാമെന്നും സ്വകാര്യ ഏജൻസികൾ ഏതെല്ലാമെന്നും ഇവ ഓരോരുത്തർക്കും എന്തുതുക വീതം നൽകിയിട്ടുണ്ട് എന്നതുമായ സ്റ്റേററ്മെന്റ് ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പ്രവർത്തനങ്ങൾ വഴി എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ സഹായങ്ങൾ ലഭ്യമാക്കി എന്നും എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ;

(ഇ) ഈ പ്രവർത്തനങ്ങളിലെ അഴിമതികൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എന്തു നടപടികൾ സ്വീകരിച്ചു;

(എഫ്) ഇത് സംബന്ധിച്ച് എത്ര കേസുകളിൽ എന്തെല്ലാം തരത്തിലുള്ള അന്വേഷണങ്ങൾ നടക്കുന്നുണ്ട് എന്നും ഇതിൽ പ്രതികളായിട്ടുള്ളവർ ആരെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനം

100 [985] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഈ വർഷത്തെ പദ്ധതി വിഹിതം പ്ലാനിലും നോൺ-പ്ലാനിലും കൂടി എത്ര കോടി രൂപയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 31-12-2003 വരെ എത്ര കോടി രൂപ ചെലവഴിച്ചു;

(സി) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ചെലവുകളുടെ സീലിംഗ് അനുസരിച്ചുള്ള തുക ധനകാര്യ വകുപ്പിൽനിന്നും കിട്ടാത്തതുമൂലം വകുപ്പിന്റെ പ്രവർത്തനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ചെലവിനുള്ള പണം ലഭ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 255.21 കോടി രൂപ.

(ബി) 96.66 കോടി രൂപ ചെലവഴിച്ചു.

(സി) ചില സമയങ്ങളിൽ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്.

(ഡി) സർക്കാരിന്റെ സാമ്പത്തിക നില മോശമായതുകൊണ്ട് ചില സമയങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി വികസന വകുപ്പിലെ ഭവന നിർമ്മാണ പദ്ധതി

101 [986] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ച ഭവന നിർമ്മാണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സമയത്തിന് പണം അനുവദിക്കാത്തതിനാലും ധനകാര്യ വകുപ്പിൽ നിന്നും നിർണ്ണയിച്ചിട്ടുള്ള ചെലവിന്റെ സീലിംഗ് അനുസരിച്ചിട്ടുള്ള തുക ലഭിക്കാത്ത തിനാലും ഭവന നിർമ്മാണം മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ധനസഹായതുക 35,000 രൂപയിൽ നിന്നും 70,000 രൂപയായി വർദ്ധിപ്പിക്കുകയും പുതുക്കിയ പ്ലാൻ അനുസരിച്ച് 323 സ്ക്വയർഫീറ്റുള്ള വാർത്ത കെട്ടിടം നിർമ്മിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് 4525 കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുകയും ബാക്കി കെട്ടിടങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(ബി, സി) ഉണ്ട്. ധനകാര്യവകുപ്പുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരി ക്കുകയാണ്.

## പിന്നോക്ക വിഭാഗ ലിസ്റ്റിലെ ജാതിവിവര കണക്ക്

102 [987] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര വിഭാഗങ്ങളെയാണ് പട്ടികജാതി സമുദായങ്ങളുടെയും പട്ടികവർഗ്ഗ സമുദായങ്ങളുടെയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിന്റെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഇതു സംബന്ധിച്ച സമ്പൂർണ്ണ ലിസ്റ്റ് ഓരോ വില്ലേജാഫീസിലും ഇല്ലാത്ത തുകൊണ്ട് അവിടെ വിവിധ സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിനായി പോകുന്ന വിദ്യാർത്ഥി കളും ഉദ്യോഗാർത്ഥികളും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കുന്നതിന് ഓരോ വില്ലേജാഫീസിലും പ്രസ്തുത ലിസ്റ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ അരുന്ധതിയാർ സമുദായവും ചെറുമൻ സമുദായവും ഇത് സംബന്ധിച്ച് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി, സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുതുക്കിയ ലിസ്റ്റ് എല്ലാ ജില്ലാകളക്ടർമാർക്കും തഹസിൽദാർമാർക്കും ഇതിനകം അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി, ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വില്ലേജോ താലൂക്കോ മാറി താമസിക്കുന്നവർക്ക് പുതിയ സ്ഥലത്തുനിന്നും സമുദായ സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ട്.

വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ച പിന്നോക്ക വിഭാഗക്കാരുടെ കണക്ക്

103 [988] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് ആരോഗ്യം, പൊതുമരാമത്ത്, ജലവിഭവം, ഗതാഗതം, പോലീസ്, വൈദ്യുതി വകുപ്പുകളിൽ ഗസറ്റഡ് റാങ്കിൽ നിയമനം ലഭിച്ചു എന്ന് അറിയിക്കാമോ;

(ബി) പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതുമൂലം പൊതുമേഖലാ സംരംഭങ്ങൾ സ്വകാര്യവത്ക്കരിക്കുന്നതുമൂലവും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള തൊഴിൽ സാദ്ധ്യത കുറയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ വിഭാഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ സംരംഭങ്ങളിലും എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉദ്യോഗ നിയമനത്തിന് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ഭരണഘടന അനുശാസിക്കുന്ന തോതിൽ സംവരണം നൽകേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

† അനുബന്ധം X.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഇക്കാര്യം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള സ്വകാര്യ-സ്വാശ്രയ-പ്രൊഫഷണൽ കോളേജുകളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് പ്രവേശനത്തിന് സംവരണം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ജി) ഇപ്രകാരം നൽകുന്ന സംവരണം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൽകുന്നതിന് സമമായിട്ടാണോ നൽകിയിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ ലഭിച്ച വിവരങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) പവർ വകുപ്പിന്റെ കീഴിലുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ 9 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽനിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി, ഇ) സ്വകാര്യമേഖലയിലെ സംരംഭങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജോലി സംവരണത്തിന് ഭരണഘടനയിൽ വ്യവസ്ഥയില്ല.

സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനാധികാരി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ മാനേജരാണ്. ഇക്കാര്യത്തിൽ ഇടപെടുന്നതിന് സർക്കാരിന് പരിമിതികളുണ്ട്.

(എഫ്) സംവരണം നൽകിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു:

| വിഭാഗം | കോഴ്സുകൾ | അദ്ധ്യയന വർഷം | | | ആകെ |
|---|---|---|---|---|---|
| | | 2001-02 | 2002-03 | 2003-04 | |
| പട്ടികജാതി വിഭാഗം | എഞ്ചിനീയറിംഗ് | 66 | 352 | 342 | 760 |
| | മെഡിക്കൽ | 4 | 65 | 132 | 201 |
| | ആകെ | 70 | 417 | 474 | 961 |
| പട്ടികവർഗ്ഗ വിഭാഗം | എഞ്ചിനീയറിംഗ് | 2 | 12 | 11 | 25 |
| | മെഡിക്കൽ | 2 | 11 | 14 | 27 |
| | ആകെ | 4 | 23 | 25 | 52 |
| | ആകെ മൊത്തം | 74 | 440 | 499 | 1013 |

(ജി) ഇല്ല. ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിലെ കമ്പ്യൂട്ടർ പഠന പദ്ധതികൾ

104 [989] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിൽ കമ്പ്യൂട്ടർ പഠനത്തിന് ഉള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആവശ്യത്തിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുവഴി എത്രയാളുകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾ മുഖേനയാണ് കമ്പ്യൂട്ടർ പരിശീലനം നൽകിയത് എന്നതിന്റെ ജില്ല തിരിച്ചുള്ള ലിസ്റ്റ് വെളിപ്പെടുത്തുമോ;

(ഇ) ഓരോ സ്ഥാപനം മുഖേനയും എത്രയാളുകൾക്ക് വീതം പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി ക്ഷേമവകുപ്പിന്റെ കീഴിൽ കമ്പ്യൂട്ടർ പഠനത്തിന് എസ്.സി.എ. ടു എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് സൗജന്യമായി പരിശീലനം നൽകുന്ന പദ്ധതി നടപ്പാക്കിയിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഈ പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. തിരുവനന്തപുരം പി.ഇ.റ്റി.സി.-യിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്നുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം ഉപയോഗിച്ച് താഴെക്കാണിച്ചിരിക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 2001-2002 | .. | 81.53 ലക്ഷം രൂപ |
| 2002-2003 | .. | 815.00 ലക്ഷം രൂപ |

(സി) പട്ടികജാതി വികസന ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 15,849 പേർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട്. (ഇതിന്റെ കൃത്യത ഇക്കാര്യത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന അന്വേഷണത്തിലൂടെ മാത്രമേ ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ.)

(ഡി) കമ്പ്യൂട്ടർ പരിശീലനം നൽകിയ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. † (ലിസ്റ്റിന്റെ കൃത്യത ഇക്കാര്യത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന അന്വേഷണത്തിലൂടെ മാത്രമേ ഉറപ്പാക്കാൻ കഴിയുകയുള്ളൂ.)

(ഇ) ഓരോ സ്ഥാപനം മുഖേനയും പരിശീലനം ലഭിച്ചവരുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. † (ഇതിന്റെ കൃത്യത ഇക്കാര്യത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന അന്വേഷണത്തിലൂടെ മാത്രമേ ഉറപ്പാക്കാൻ കഴിയുകയുള്ളൂ.)

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കുള്ള സൗജന്യ കമ്പ്യൂട്ടർ പരിശീലനം

105 [990] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ സൗജന്യ കമ്പ്യൂട്ടർ പഠന പദ്ധതിയിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി എന്നും എത്ര പേർ പഠനം പൂർത്തിയാക്കി എന്നും എത്ര പേർ പരീക്ഷ പാസ്സായി എന്നും ജില്ല തിരിച്ച് പ്രതിവർഷമുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകുവാൻ സർക്കാർ തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഓരോ സ്ഥാപനത്തിലും എത്ര വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നുവെന്നും ഓരോ കോഴ്സിനും വിദ്യാർത്ഥി ഒന്നിന് എത്ര രൂപ നിരക്കിൽ ഫീസും സ്റ്റൈപ്പന്റും സർക്കാർ നൽകിവരുന്നു എന്നും ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) ഈ ഇനത്തിൽ നാളിതുവരെ സർക്കാർ എന്തു തുക ചെലവിട്ടു എന്നും എന്തു തുക സ്റ്റൈപ്പന്റ് ഇനത്തിലും എന്ത് തുക ഫീസ് ഇനത്തിലും ചെലവാക്കി എന്നും എത്ര കുടിശ്ശിക ഓരോ ഇനത്തിലും ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ അറിവില്ലാതെയാണോ ഉദ്യോഗസ്ഥർ തുക ചെലവിടുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ 2002-03 വർഷം മുതലാണ് പട്ടികവർഗ്ഗ കുട്ടികൾക്കുവേണ്ടി കമ്പ്യൂട്ടർ പഠന പദ്ധതി ആരംഭിച്ചത്. ഇതുപ്രകാരം തിരുവനന്തപുരം ജില്ലയിൽ 20 പേർക്ക് പ്രവേശനം നൽകുകയും 20 പേരും പഠനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇവരിൽ 14 പേർ പരീക്ഷ പാസ്സായി. വയനാട് ജില്ലയിൽ 90 പേർക്ക് പ്രവേശനം നൽകിയതിൽ 84 പേർ പഠനം പൂർത്തിയാക്കി. ഇവരുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിയ കമ്പ്യൂട്ടർ പരിശീലന പരിപാടിയിൽ പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. † പഠനം പൂർത്തിയാക്കിയവരുടെയും പരീക്ഷ പാസായവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു. (വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച കണക്കിന്റെ കൃത്യത ഇക്കാര്യത്തിൽ നടത്താനുദ്ദേശിക്കുന്ന അന്വേഷണത്തിലൂടെ മാത്രമേ ഉറപ്പാക്കാൻ കഴിയുകയുള്ളൂ.)

(ബി) സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകുവാൻ സർക്കാർ നേരിട്ട് സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെയാണ് പരിശീലനം നൽകുവാനായി തിരഞ്ഞെടുത്തത്. പരിശീലനത്തിന് തിരഞ്ഞെടുത്ത ഓരോ കുട്ടിക്കും പ്രതിമാസം 500 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകിയിരുന്നു. ഫീസിനെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പ് മുഖേന കമ്പ്യൂട്ടർ പരിശീലനം നൽകുവാൻ തിരഞ്ഞെടുത്ത സ്ഥാപനങ്ങളുടെയും അവയിൽ പ്രവേശിപ്പിച്ച കുട്ടികളുടെയും എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. † വിദ്യാർത്ഥികൾക്ക് നൽകുന്ന ഫീസിന്റെയും സ്റ്റൈപ്പന്റിന്റെയും വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. (മേൽപ്പറഞ്ഞ കണക്കിന്റെ കൃത്യത ഇക്കാര്യത്തിൽ നടത്താനുദ്ദേശിക്കുന്ന അന്വേഷണത്തിലൂടെ മാത്രമേ ഉറപ്പാക്കാൻ കഴിയുകയുള്ളൂ.)

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിൽ സർക്കാർ ഉത്തരവ് പ്രകാരമാണ് കമ്പ്യൂട്ടർ പരിശീലന പരിപാടി നടപ്പാക്കിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടില്ല.

## പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം

106 [991] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട ഇ.റ്റി. ആന്റ് ടി. എന്ന സ്ഥാപനത്തിലെ കോഴ്സ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പരിശീലനത്തിനായി ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തതും ഏത് രീതിയിലാണെന്നും ഏതെല്ലാം സ്ഥാപനങ്ങളെ ഇതിലേക്കായി പരിഗണിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ മുൻപരിചയവും അവയിലെ പഠന സൗകര്യങ്ങളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥാപനത്തിന് ഇതുവരെയായി എത്ര തുക നൽകിയിട്ടുണ്ട്;

(ഇ) ഇ. ടി. ആന്റ് ടി. എന്ന സ്ഥാപനത്തിൽ ഇതുവരെയായി ആകെ എത്ര കുട്ടികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്;

(എഫ്) അവരുടെ വിദ്യാഭ്യാസ യോഗ്യതയും അഡ്രസും കാണിക്കുന്ന ലിസ്റ്റ് വെളിപ്പെടുത്തുമോ;

(ജി) കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രഗവൺമെന്റ് എന്നു മുതൽക്കാണ് അംഗീകാരം നൽകിയതെന്നും എത്ര കാലത്തേക്കാണ് നൽകിയതെന്നും വിശദമാക്കുമോ;

(എച്ച്) ഈ സ്ഥാപനങ്ങൾക്ക് ഇപ്പോഴും കോഴ്സുകൾ നടത്താൻ അംഗീകാരം ഉണ്ടോ;

(ഐ) ഓരോ കേന്ദ്രത്തിനും അംഗീകാരം നൽകിയ തീയതിയും എത്ര കുട്ടികളെ ഓരോ കേന്ദ്രത്തിലും പഠിപ്പിച്ചിരിക്കണമെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

## ഉത്തരം

(എ) ഇല്ല. ബാധകമല്ല.

(ബി) കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് അനുയോജ്യമായ സ്ഥാപനങ്ങളെ ക്ഷണിച്ചുകൊണ്ട് ഡയറക്ടർ പത്രപരസ്യം നൽകുകയും, അതിലൂടെ ലഭ്യമായ സ്ഥാപനങ്ങളിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗ്യതാ പരിശോധന നടത്തുകയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യോഗ്യമെന്ന് ഡയറക്ടർക്ക് ബോധ്യമായ സ്ഥാപനങ്ങളെയാണ് കമ്പ്യൂട്ടർ പരിശീലനത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഇ. ടി. ആന്റ് ടി. എന്ന സ്ഥാപനത്തേയും ഇപ്രകാരം തന്നെയാണ് ഡയറക്ടർ തിരഞ്ഞെടുത്തിട്ടുള്ളത്. ഏതെല്ലാം സ്ഥാപനങ്ങളെ ഇതിലേക്കായി പരിഗണിച്ചു എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി—ഐ) വിശദമായ അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ വിശദാംശങ്ങൾ വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



കമ്പ്യൂട്ടർ പഠന പദ്ധതി

107 [992] ശ്രീ. പി. നാരായണൻ:

" എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ കമ്പ്യൂട്ടർ പഠന പദ്ധതിയിലെ ക്രമക്കേടുകളെക്കുറിച്ച് ഏതെല്ലാം തരത്തിലുള്ള അന്വേഷണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രഥമദൃഷ്ട്യാ ഏതെല്ലാം തരത്തിലുള്ള ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കമ്പ്യൂട്ടർ പഠന പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പിൽ ക്രമക്കേടുകൾ നടന്നതായി ആക്ഷേപം ഉണ്ടായിട്ടില്ല. പട്ടികജാതി വികസന വകുപ്പിൽ പരിശീലന പരിപാടിയെ സംബന്ധിച്ച് ഉയർന്ന ആക്ഷേപത്തെ സംബന്ധിച്ച് വകുപ്പ് സെക്രട്ടറി അന്വേഷണം നടത്തി. വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോദ്ധ്യമായതിനാൽ വിജിലൻസ് വകുപ്പുവഴി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ധനകാര്യ (പരിശോധനാ വിഭാഗം) വകുപ്പും അന്വേഷണം നടത്തുന്നുണ്ട്.

(ബി) സ്ഥാപനങ്ങളെ തിരഞ്ഞെടുത്തതിലും കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് സംബന്ധിച്ചും മതിയായ അധികാരമില്ലാതെ ഡയറക്ടർ ഉത്തരവിറക്കിയതുമാണ് പ്രഥമദൃഷ്ട്യാ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് ഗൈഡുകൾ വാങ്ങി നൽകുന്ന പദ്ധതി

108 [993] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് ഗൈഡുകൾ വാങ്ങി നൽകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി ഈ അദ്ധ്യയന വർഷം എത്ര രൂപ ചെലവാക്കിയെന്നും എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു എന്നതിന്റെയും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഗൈഡുകൾ വിതരണം ചെയ്യുന്ന ഏജൻസി ഏതാണെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് റാങ്ക് ഫയൽ വാങ്ങുന്നതിനായി പട്ടികജാതി വിഭാഗത്തിന് 62,40,000 രൂപ ചെലവാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന് 6,82,032 രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം ലഭിച്ച കുട്ടികളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു:

| ജില്ല | കുട്ടികളുടെ എണ്ണം | |
|---|---|---|
| | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
| തിരുവനന്തപുരം | 4000 | 295 |
| കൊല്ലം | 2000 | 99 |
| പത്തനംതിട്ട | 1500 | 65 |
| ആലപ്പുഴ | 1500 | 32 |
| കോട്ടയം | 1000 | 271 |
| ഇടുക്കി | 1000 | 565 |
| എറണാകുളം | 2000 | 91 |
| തൃശൂർ | 4000 | 72 |
| പാലക്കാട് | 6000 | 252 |
| മലപ്പുറം | 3500 | 144 |
| കോഴിക്കോട് | 1500 | 86 |
| വയനാട് | 500 | 836 |
| കണ്ണൂർ | 1000 | 184 |
| കാസർഗോഡ് | 500 | 287 |
| ആകെ | 30,000 | 3,279 |

(സി) ഐ.ഇ.റ്റി. പബ്ലിക്കേഷൻസ്, പട്ടം, തിരുവനന്തപുരം.

## ചീമേനിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കാൻ നടപടി

109 [994] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത കണക്കാക്കിവരുന്നു.

കുഴൽമന്ദത്ത് പി.ഇ.ടി.സി.-യും പോസ്റ്റ്മെട്രിക് ഹോസ്റ്റലും

110 [995] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ പട്ടികജാതി ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള പി.ഇ.ടി.സി.-യും പോസ്റ്റ്മെട്രിക് ഹോസ്റ്റലും തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഇവിടെ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ തുടങ്ങാൻ അനുവാദം നൽകുന്നതിന് കാലതാമസം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) പി.ഇ.ടി.സി.-ക്ക് പുതിയ കെട്ടിടം പണിയുന്നതിന് 2003-04 ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഭരണാനുമതിയും പ്രത്യേക അനുമതിയും ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പി.ഇ.ടി.സി.-യുടെ പ്രിൻസിപ്പലിന്റെയും മറ്റു സ്റ്റാഫുകളുടെയും നിയമനം സംബന്ധിച്ചുള്ള നടപടികൾ ഏതു ഘട്ടത്തിലിരിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.ഇ.ടി.സി. തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ തുടങ്ങാൻ അനുവാദം നൽകിയിട്ടില്ല.

(ബി) പോസ്റ്റ്മെട്രിക് ഹോസ്റ്റൽ തുടങ്ങാൻ അനുവാദം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പി.ഇ.ടി.സി. തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ കെട്ടിടം പണിയുന്നതിന് ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാൻ പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസറോട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രിൻസിപ്പാൾ നിയമനത്തിന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും പാനൽ അയച്ചുതരാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. സ്റ്റെനോഗ്രാഫി ഇൻസ്ട്രക്ടറെയും ജൂനിയർ സൂപ്രണ്ടിനേയും നിയമിച്ചിട്ടുണ്ട്. മറ്റു സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## തിരുവില്വാമല മോഡൽ സ്കൂൾ നിർമ്മിക്കുവാൻ ഭൂമി

111 [996] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുവാൻ ആവശ്യമായ ഭൂമി സൗജന്യമായി നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനം സർക്കാരിനെ അറിയിച്ചിരുന്നോ;

(ബി) എങ്കിൽ അതനുസരിച്ച് പഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ച ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായെന്ന് അറിയിക്കുമോ;

(സി) ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഈ തീരുമാനത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഗ്രാമപഞ്ചായത്തിൽനിന്നും 31-7-2003-ൽ പ്രസ്തുത തീരുമാനം സർക്കാരിന് സമർപ്പിച്ചിട്ടും അതിൻമേൽ നടപടികൾ സ്വീകരിക്കുവാൻ ഇത്രയും കാലതാമസമുണ്ടായതിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിനുവേണ്ടി 10 ഏക്കർ സ്ഥലം വിട്ടുതരാൻ സമ്മതിച്ചുകൊണ്ടുള്ള തിരുവില്വാമല ഗ്രാമപഞ്ചായത്ത് സമിതിയുടെ 14-2-2001-ലെ 7-ാം നമ്പർ തീരുമാനത്തിന്റെ പകർപ്പ് പട്ടികജാതി വികസന ഡയറക്ടർക്ക് ലഭിച്ചിരുന്നു.

(ബി, സി) തിരുവില്വാമല ഗ്രാമപഞ്ചായത്ത് വക ഭൂമിയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമല്ലെന്ന് പിന്നീട് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിനെ തുടർന്ന് വടക്കാഞ്ചേരി വില്ലേജിൽപ്പെട്ട 10 ഏക്കർ ഭൂമി ഈ ആവശ്യത്തിനായി കണ്ടെത്തുകയുണ്ടായി. ഈ സ്ഥലം പട്ടികജാതി വികസന വകുപ്പിനു വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 31-7-2003-ലെ ഗ്രാമപഞ്ചായത്ത് തീരുമാനം ലഭിച്ചതായി കാണുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ചോദ്യത്തിന്റെ (ബി)യും (സി)യും വിഭാഗത്തിനു നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## പീലിക്കോട് പഞ്ചായത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

112 [997] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പീലിക്കോട് പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിന് കൈമാറി കിട്ടിയ സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം പണിയുന്നതിനുള്ള പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി അയച്ചുതരുവാൻ ചീഫ് എഞ്ചിനീയറോടും എക്സിക്യൂട്ടീവ് എഞ്ചിനീയറോടും പട്ടികജാതി വികസന ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്ലാനും എസ്റ്റിമേറ്റും ഇതുവരെ ലഭിച്ചിട്ടില്ല.

## പോസ്റ്റ്മെട്രിക് കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിച്ചില്ലെന്ന പരാതി

113 [998] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് 2003-04 അദ്ധ്യയന വർഷത്തെ വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നുവരെയുള്ളത് നൽകി എന്ന് വെളിപ്പെടുത്താമോ;

(ബി) ആനുകൂല്യങ്ങൾ ലഭിക്കാത്തതിനാൽ ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം അവതാളത്തിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) വകുപ്പിന് നിർണ്ണയിച്ചിട്ടുള്ള ചെലവിന്റെ പ്രതിമാസ സീലിംഗ് അനുസരിച്ചുള്ള തുക ലഭ്യമാകാത്തതുമൂലമാണോ അലോട്ട്മെന്റ് ഇല്ലാത്തതുമൂലമാണോ ആനുകൂല്യങ്ങൾ നൽകാത്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) മാർച്ച് 31-നകം ഈ വർഷത്തെ ആനുകൂല്യങ്ങൾ മുഴുവൻ കൊടുത്തു തീർക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് തുടർ വിദ്യാഭ്യാസം നടത്തുന്ന ഭൂരിഭാഗം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 2003 ജൂൺ മുതൽ സെപ്തംബർ വരെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടികജാതി/ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് 2003-2004 വർഷത്തിൽ ക്ലാസ് തുടങ്ങിയ തീയതി മുതൽ നാലുമാസത്തേക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതിമാസ സീലിംഗ് അനുസരിച്ചുള്ള തുക ലഭ്യമാക്കാത്തതുമൂലവും അലോട്ട്മെന്റ് ഇല്ലാത്തതുമൂലവുമാണ് ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ കഴിയാത്തത്.

(ഡി) ഈ വർഷത്തെ അർഹമായ ആനുകൂല്യങ്ങൾ മുഴുവൻ മാർച്ച് 31-നകം കൊടുത്തുതീർക്കുവാൻ ശ്രമിക്കുന്നതാണ്.

## പിന്നോക്ക വിഭാഗങ്ങൾക്കുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകൾ

114 [999] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ട്;

(ബി) അവയുടെ ജില്ലാ/ബ്ലോക്ക് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) അവയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി ആകെ എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഓരോ ഹോസ്റ്റലിന്റെയും പ്രവർത്തനത്തിനുവേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പെട്ടെന്നുണ്ടാകുന്ന ചെലവുകൾ നിർവഹിക്കുന്നതിനും നിലവിലുള്ള സംവിധാനമെന്ത്; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി 90-ഉം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി 101-ഉം പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾക്ക് 4,27,79,000 രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾക്ക് 2003-04 സാമ്പത്തിക വർഷത്തിൽ പ്ലാൻ ബഡ്ജറ്റിൽ 35 ലക്ഷം രൂപയും നോൺ പ്ലാൻ ബഡ്ജറ്റിൽ 4,77,05,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) ഓരോ ഹോസ്റ്റലിനും പ്രത്യേകമായി തുക വകയിരുത്താറില്ല. ഓരോ ഹോസ്റ്റലിന്റെയും ചെലവിനായി നൽകേണ്ടിവരുന്ന തുക അതതു ഹോസ്റ്റലിലെ അന്തേവാസികളുടെ എണ്ണത്തിന് വിധേയമായിരിക്കും.

† അനുബന്ധം XI



LIBRARY ARCHIVES Kerala Legislative Assembly

(ഇ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. അവയുടെ അറ്റകുറ്റ പണികൾ സംബന്ധിച്ച് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവർ മുഖാന്തിരം ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ആവശ്യമായ പണികൾ നടത്തിവരുന്നു.

ക്രെഡിറ്റ് വ്യവസ്ഥയിലാണ് സാധനങ്ങൾ ലഭ്യമാകുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്നു. ഹോസ്റ്റലുകളുടെ പെട്ടെന്നുണ്ടാകുന്ന ചെലവുകൾക്കായി പെർമനന്റ് അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്.

## ആദിവാസികൾക്ക് നൽകുന്നതിനായി കേന്ദ്രസർക്കാർ വിട്ടുതന്നിട്ടുള്ള വനഭൂമിയുടെ കണക്ക്

115 [1000] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. എസ്. സുപാൽ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ എത്ര ഹെക്ടർ വനഭൂമി വിട്ടുതന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആദിവാസി കുടുംബങ്ങൾക്കായി എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) ട്രൈബൽ മിഷനെയാണോ ഇതിന്റെ ചുമതല ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ചില നിബന്ധനകൾക്ക് വിധേയമായി 7693.2257 ഹെക്ടർ വനഭൂമി വിട്ടുതരുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാംഘട്ട അനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർക്കുന്നു. †

(സി) കഴിഞ്ഞ വർഷം 1283 കുടുംബങ്ങൾക്കായി 592.38 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. ‡

(ഡി) ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അനുബന്ധമായി ചേർക്കുന്നു. §

(ഇ) ജില്ലാ ട്രൈബൽ മിഷനെയാണ് ഭൂമി വിതരണത്തിനുള്ള ചുമതല ഏല്പിച്ചിട്ടുള്ളത്.

## ആദിവാസികൾക്ക് സ്വന്തം ഭൂമി ലഭ്യമാക്കുന്ന നടപടി

116 [1001] ശ്രീ. യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കളത്തിൽ അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് സ്വന്തമായി ഭൂമി അനുവദിച്ചു നൽകാനുള്ള പദ്ധതി അനുസരിച്ച് എത്ര പേർക്ക് ഇതിനകം വനഭൂമി നൽകി;

(ബി) ഓരോ കുടുംബത്തിനും അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് അറിയിക്കുമോ;

(സി) ഇതിന് ആവശ്യമായ ഭൂമി ലഭ്യമായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി എത്ര ഏക്കർ വനഭൂമികൂടി വിട്ടുകിട്ടേണ്ടിവരും എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഇതുവരെ വനഭൂമി വിതരണം ചെയ്തിട്ടില്ല. എന്നാൽ 168 കുടുംബങ്ങൾക്ക് 400 ഏക്കർ ഭൂമിയിൽ കൈവശരേഖ നൽകിയിട്ടുണ്ട്.

(ബി) വനഭൂമി വിട്ടുനൽകിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറക്ക് ഒരു കുടുംബത്തിന് ചുരുങ്ങിയത് ഒരേക്കർ ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നത്.

---

† അനുബന്ധം XII.
‡ അനുബന്ധം XII എ.
§ അനുബന്ധം XII ബി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) കേന്ദ്ര സർക്കാരിൽനിന്നും 12196.1829 ഹെക്ടർ വനഭൂമി വിട്ടുകിട്ടാനാണ് ശ്രമിച്ചതെങ്കിലും 7693.2257 ഹെക്ടർ ഭൂമിയ്ക്കുള്ള പ്രാഥമികാനുമതി ലഭ്യമായിട്ടുണ്ട്. ഇതിനുള്ള അന്തിമ അനുമതി രണ്ടാഴ്ചക്കകം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉടൻതന്നെ 4502.9572 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കേണ്ടതുണ്ട്. വനഭൂമി വിട്ടുകിട്ടുകയും വിതരണത്തിന് ഇപ്പോൾ കണ്ടെത്തിയിട്ടുള്ള റവന്യൂ ഭൂമികൾ വിതരണം ചെയ്യാനാവുകയും ചെയ്താൽ ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ചുരുങ്ങിയത് ഒരേക്കർ ഭൂമി നൽകുന്നതിന് തികയുമെന്ന് പ്രതീക്ഷിക്കുന്നു.

## വിജിലൻസ് അന്വേഷണത്തിന് ഉത്തരവായ നടപടികൾ

117 [1002] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പിന്റെ ഏതെങ്കിലും നടപടികൾ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടികൾ സംബന്ധിച്ചാണെന്നും ഈ കേസിനാധാരമായ പരാതി സമർപ്പിച്ചതാരാണെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ, ബി) പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പിന്റെ ഒരു നടപടിയും വിജിലൻസ് വകുപ്പിന്റെ അന്വേഷണത്തിന് ഉത്തരവായിട്ടില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പു മുഖേന നടത്തുന്ന കമ്പ്യൂട്ടർ പരിശീലന പരിപാടിയുടെ നടത്തിപ്പിൽ ഉണ്ടായതായി പറയപ്പെടുന്ന വീഴ്ചകളെക്കുറിച്ച് എസ്.സി./എസ്.ടി. പ്രൊട്ടക്ഷൻ കൗൺസിൽ, തിരുവനന്തപുരം, എസ്.സി./എസ്.ടി. സ്റ്റുഡൻസ് വെൽഫെയർ സമിതി, പാലക്കാട് തുടങ്ങിയ സംഘടനകളുടെ പരാതികളുടെ അടിസ്ഥാനത്തിൽ പ്രാഥമികമായി വകുപ്പുസെക്രട്ടറി അന്വേഷിക്കുകയും, കൂടുതൽ വിശദമായ അന്വേഷണം വേണമെന്ന് തോന്നിയതിനാൽ വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിലെ ചില ക്ഷേമ പദ്ധതികളിൽ അഴിമതി കാട്ടിയെന്നാരോപിച്ച് ഹോസ്ദുർഗ് താലൂക്ക് പട്ടികജാതി വികസന ഓഫീസറായിരുന്ന ശ്രീ. പി. വി. കരുണാകരനെതിരേയും ദേവികുളം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറായിരുന്ന ശ്രീ. സി. ക്രിസ്റ്റഫർ രാജിനെതിരെയും അഞ്ചൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറായിരുന്ന ശ്രീ. എൻ. കെ. രവിക്കെതിരെയും അന്വേഷണം നടത്താൻ വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മുൻ കുഴൽമന്ദം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ശ്രീ. എൻ. മോഹൻദാസിനെതിരെ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

പട്ടിക വർഗ്ഗ വികസന വകുപ്പിൽ അട്ടപ്പാടി ഐ.റ്റി.ഡി.പി. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസറായിരുന്ന ശ്രീ. എസ്. രാധാകൃഷ്ണപിള്ള സർക്കാർ ധനം അപഹരിച്ചു എന്നാരോപിച്ച് ടി ഓഫീസിലെ ജീവനക്കാർതന്നെ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാതിയിൻമേൽ അന്വേഷണം നടത്താൻ വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വ്യാജ ജാതി സർട്ടിഫിക്കറ്റിലൂടെ സംവരണം നേടിയ കേസുകൾ

118 [1003] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ഉദ്യോഗ നിയമനത്തിനും പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനും ഉള്ള സംവരണം അനർഹമായി വ്യാജ ജാതി സർട്ടിഫിക്കറ്റിലൂടെ നേടിയ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ടെന്നും ഇതനുസരിച്ച് എത്രപേരുടെമേൽ നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) വ്യാജജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലി തട്ടിപ്പ് നടത്തിയ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ടെത്തിയിട്ടുണ്ടെന്നും അവരുടെ പേരിലും അവർക്ക് ജാതിസർട്ടിഫിക്കറ്റ് നൽകിയ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻമാരുടെ പേരിലും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ഐ.എ.എസ്., ഐ.പി.എസ്. വിഭാഗത്തിൽപ്പെട്ട ആരെങ്കിലും ഇത്തരം തട്ടിപ്പ് നടത്തി സംവരണാനുകൂല്യം നേടിയതായി തെളിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 328 കേസുകൾ. ഇതിൽ ഭൂരിപക്ഷം കേസുകളും വിവിധ കോടതികളുടെ പരിഗണനയിലായതിനാൽ കുറച്ചു കേസുകളിൽ മാത്രമെ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

(ബി) 124 കേസുകൾ. ഇതിൽ 60 ശതമാനത്തോളം കേസുകളിൽ പൂർണ്ണമായി നടപടികൾ എടുത്തുകഴിഞ്ഞു. ബാക്കിയുള്ളവയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തെളിഞ്ഞിട്ടുണ്ട്. ശ്രീ. വിശ്വനാഥപിള്ള ഐ. പി. എസ്.-നെ വ്യാജ സമുദായ സർട്ടിഫിക്കറ്റ് സമ്പാദിച്ച് ജോലി നേടിയതിന്റെ പേരിൽ സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിലുണ്ടായ കാലതാമസം

119 [1004] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ സ്കൂൾ വർഷം എന്നാണ് ലംപ്സംഗ്രാന്റ് നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ബി) സാധാരണ സ്കൂൾ വർഷം ആരംഭിച്ച് ഒരു മാസത്തിനുള്ളിൽ ലഭിക്കുമായിരുന്ന ലംപ്സംഗ്രാന്റ് ഇത്രയും വൈകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ കുട്ടികൾക്ക് ഗ്രാന്റ് ലഭിച്ചിട്ടും വളരെ പാവപ്പെട്ട കുടുംബങ്ങളിലെ ഒ.ഇ.സി.-ക്കാരായ കുട്ടികൾക്ക് ഗ്രാന്റ് ലഭിക്കാതിരുന്നതിന് എന്തെങ്കിലും വിവേചനം ഉണ്ടായതായി അറിവുണ്ടോ;

(ഡി) എങ്കിൽ ഇതിന് ഏതെങ്കിലും ഉദ്യോഗസ്ഥർ കാരണക്കാരായിട്ടുണ്ടോ;

(ഇ) ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥരുടെമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ, ബി) 30-6-2003-ൽ 148 സ്കൂളുകളിലെ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകിയിട്ടുണ്ട്. ബാക്കി 75 സ്കൂളുകളിൽ ഫണ്ടിന്റെ അഭാവം മൂലമാണ് ലംപ്സംഗ്രാന്റ് നൽകുവാൻ വൈകിയത്.

(സി) ഇല്ല. എന്നാൽ ഫണ്ടിന്റെ അഭാവത്തിൽ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട കുറച്ച് കുട്ടികൾക്ക് കൂടി തുക നൽകാനുണ്ട്. ഉടനെതന്നെ ബാക്കിയുള്ളവർക്ക് തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

## കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗം

120 [1005] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗത്തെ ഇപ്പോൾ ഏത് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മറാഠി വിഭാഗക്കാർ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉണ്ടായിരുന്നിട്ടും ത്രിതല പഞ്ചായത്തുകൾ മുഖേന നൽകിയ വീടുവെക്കുന്നതിനുള്ള ആനുകൂല്യം പൂർണ്ണമായി അവർക്ക് നൽകിയിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആനുകൂല്യം നൽകാത്തതുമൂലം ഈ വിഭാഗത്തിലെ സാധാരണക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ആനുകൂല്യം പൂർണ്ണമായി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒ. ഇ. സി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) മറാഠി വിഭാഗത്തിലെ ഭവന നിർമ്മാണ ധനസഹായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം പൂർണ്ണമായി നൽകുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

പ്ലാൻ നോൺപ്ലാൻ ഇനങ്ങളിൽ അച്ചടിവകുപ്പിന് അനുവദിച്ച തുക

121 [1006] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാരത്തിലിരുന്ന 1996-97, 1997-98, 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ അച്ചടിവകുപ്പിന് അനുവദിച്ച തുക എത്ര വീതമായിരുന്നു;

(ബി) ഓരോ വർഷവും പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ എത്ര രൂപ വീതം ചെലവഴിച്ചു;

(സി) എത്ര തുക ഓരോ വർഷവും ലാപ്സായി എന്നതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000-01, 2001-02, 2002-03 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ഇതേ ഇനങ്ങളിൽ അച്ചടിവകുപ്പിന് അനുവദിച്ച തുക എത്ര;

(ഇ) ഓരോ വർഷവും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ എത്ര രൂപ വീതം ചെലവഴിച്ചു;

എഫ്) എത്ര തുക ഓരോ വർഷവും ലാപ്സായി; ഇത് സംബന്ധിച്ച് വിശദമായ സ്റ്റേറ്റ്മെന്റ് കൂടി ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അച്ചടിവകുപ്പിന് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(തുക ആയിരത്തിൽ)

| വർഷം | നോൺ പ്ലാൻ | പ്ലാൻ |
|---|---|---|
| 1996-97 | 1,57,883 | 3,000 |
| 1997-98 | 1,90,036 | 10,000 |
| 1998-99 | 1,85,703 | 5,500 |
| 1999-2000 | 2,45,182 | 28,000 |

(ബി) ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(തുക ആയിരത്തിൽ)

| വർഷം | നോൺ പ്ലാൻ | പ്ലാൻ |
|---|---|---|
| 1996-97 | 1,55,472 | 252 |
| 1997-98 | 1,81,037 | 3,100 |
| 1998-99 | 1,87,528 | 1,953 |
| 1999-2000 | 2,43,863 | 28,113 |

(സി) ഓരോ വർഷവും ലാപ്സായ തുക (സറണ്ടർ ചെയ്തത്) ചുവടെ ചേർക്കുന്നു:

(തുക ആയിരത്തിൽ)

| വർഷം | നോൺ പ്ലാൻ | പ്ലാൻ |
|---|---|---|
| 1996-97 | 2,411 | 2,748 |
| 1997-98 | 8,999 | 6,900 |
| 1998-99 | ലാപ്സായില്ല | 3,547 |
| 1999-2000 | 1,319 | ലാപ്സായില്ല |

(ഡി) 2000-01, 2001-02, 2002-03 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

(തുക ആയിരത്തിൽ)

| വർഷം | നോൺ പ്ലാൻ | പ്ലാൻ |
|---|---|---|
| 2000-01 | 2,54,160 | 10,500 |
| 2001-02 | 2,68,572 | 11,300 |
| 2002-03 | 2,33,187 | 3,000 |

(ഇ) ചെലവായ തുക ചുവടെ ചേർക്കുന്നു:

(തുക ആയിരത്തിൽ)

| വർഷം | നോൺ പ്ലാൻ | പ്ലാൻ |
|---|---|---|
| 2000-01 | 2,52,317 | 7,825 |
| 2001-02 | 2,02,425 | 2,323 |
| 2002-03 | 2,20,045 | 2,004 |

(എഫ്) ലാപ്സായ തുക ചുവടെ ചേർക്കുന്നു:

(തുക ആയിരത്തിൽ)

| വർഷം | നോൺ പ്ലാൻ | പ്ലാൻ |
|---|---|---|
| 2000-01 | 1,843 | 2,675 |
| 2001-02 | 66,147 | 8,977 |
| 2002-03 | 13,142 | 996 |

### ഗവൺമെന്റ് പ്രസ്സ് ജീവനക്കാരുടെ ഓവർടൈം കുടിശ്ശിക

122 [1007] ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലെ ജീവനക്കാർക്ക് ഏതുവർഷം മുതലുള്ള ഓവർടൈം വേതനം കുടിശ്ശികയായിട്ടുണ്ട്;

(ബി) ഇത്രയധികം കുടിശ്ശിക വരാനുള്ള കാരണമെന്ത്;

(സി) സമയബന്ധിതമായി പൂർത്തിയാക്കേണ്ടതില്ലാത്ത ഏതെങ്കിലും ജോലിക്ക് ഈ കാലഘട്ടത്തിൽ ഓവർടൈം ജോലി ചെയ്യിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ജോലി ചെയ്ത വകയിലാണ് ജീവനക്കാർക്ക് ഓവർടൈം കുടിശ്ശികയുണ്ടായിട്ടുള്ളത്;

(ഇ) ഇപ്പോഴുള്ള ഓവർടൈം കുടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2001 മുതലുള്ള ഓവർടൈം തുക ഭാഗികമായി കുടിശ്ശികയായിട്ടുണ്ട്.

(ബി) ആവശ്യമായ ഫണ്ട് ലഭ്യമല്ലാതിരുന്നതാണ് കുടിശ്ശികയ്ക്കു കാരണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഫണ്ട് ലഭിക്കുന്ന മുറക്ക് ഓവർടൈം കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

## (3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

### പത്താം പഞ്ചവത്സര പദ്ധതിയിലെ ഊർജ്ജവികസന സമീപനം

123 [862] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവത്സര പദ്ധതിയിലെ ഊർജ്ജ വികസന സമീപനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സമീപനത്തിനനുസരിച്ച് ഒന്നും രണ്ടും വർഷ പരിപാടികളിൽ (2002-03, 2003-04) ഉൾപ്പെടുത്തിയിരുന്നവ ഏതൊക്കെയാണ്;

(സി) പ്രസ്തുത പരിപാടികളുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) ഈ രണ്ട് വർഷങ്ങളിലായി ഊർജ്ജോല്പാദന രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ പുരോഗതി എത്രയാണ്;

(ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പത്താം പഞ്ചവത്സര പദ്ധതിയിലെ ഊർജ്ജ വികസനത്തെക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ഉല്പാദന മേഖല:—പത്താം പദ്ധതിക്കാലത്ത് ആകെ 440.35 എം. ഡബ്ല്യു. സ്ഥാപിതശേഷിയുള്ള 18 ജല വൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടെ 161 എം.ഡബ്ല്യു. സ്ഥാപിതശേഷിയുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

പ്രസരണ മേഖല:—പത്താം പദ്ധതിക്കാലത്ത് 1800 കി.മീ. ഇ.എച്ച്.ടി. ലൈനുകൾ, പന്ത്രണ്ട് 220 കെ. വി. സബ്സ്റ്റേഷനുകൾ, എഴുപത്തിരണ്ട് 110 കെ. വി. സബ് സ്റ്റേഷനുകൾ, പതിനഞ്ച് 66 കെ. വി. സബ് സ്റ്റേഷനുകൾ, നൂറ്റിയിരുപത് 33 കെ. വി. സബ് സ്റ്റേഷനുകൾ എന്നിവ നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിതരണ മേഖല: എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വൈദ്യുതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 20 ലക്ഷം കണക്ഷനുകൾ നൽകാനും 9500 കി.മീ. 11 കെ. വി. ലൈൻ നിർമ്മിക്കാനും 27500 കി. മീ. എൽ.റ്റി. ലൈൻ വലിക്കാനും 10,000 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും ഒരു ലക്ഷം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനും 10 ലക്ഷം കേടായ മീറ്ററുകൾ മാററിസ്ഥാപിക്കാനും പത്താം പദ്ധതിക്കാലത്ത് ലക്ഷ്യമിട്ടിരിക്കുന്നു.

മേൽപ്പറഞ്ഞവ കൂടാതെ പഴയ ജലവൈദ്യുത പദ്ധതികളുടെ നവീകരണവും, പുനരുദ്ധാരണ പണികളും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. പള്ളിവാസൽ (37.5 എം. ഡബ്ലിയു.) ചെങ്കുളം (48 എം. ഡബ്ലിയു.) പന്നിയാർ (30 എം. ഡബ്ലിയു.) പദ്ധതികളുടെ പണി പൂർത്തിയായി. നവീകരണ പുനരുദ്ധാരണ പണികൾ പൂർത്തിയാകുമ്പോൾ ശബരിഗിരി പദ്ധതിയിടെ സ്ഥാപിതശേഷി ഇപ്പോഴുള്ള 300 എം. ഡബ്ലിയു.-ൽ നിന്നും 335 എം. ഡബ്ലിയു. ആകും. നേര്യമംഗലം, പെരിങ്ങൽകുത്ത്, കുറ്റ്യാടി എന്നീ പദ്ധതികളുടെ നവീകരണ പുനരുദ്ധാരണ ജോലികളും പത്താം പദ്ധതിക്കാലത്ത് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി, ഡി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

(ഇ) ഉണ്ട്.

(എഫ്) 1. പദ്ധതികൾക്ക് വേണ്ടിയുള്ള കേന്ദ്ര അനുമതികൾ ലഭ്യമാക്കുന്നതിന് വൈദ്യുതി ബോർഡിൽ ഒരു പ്രത്യേക എൻവയോൺമെന്റ് സെൽ നിലവിലുണ്ട്.

2. സമയബന്ധിതമായി തീർക്കാവുന്ന പദ്ധതികൾ കണ്ടെത്തി പ്രോജക്ട് മാനേജർമാരുടെ കീഴിലാക്കുകയും അവർക്ക് ആവശ്യമായ അധികാരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

3. എല്ലാ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും കോർപ്പറേറ്റ് ഓഫീസിൽ നിരന്തരമായി നിരീക്ഷിച്ചുവരുന്നു.

## വൈദ്യുതി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ പദ്ധതി

124 [864] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തമാണോ; ഇല്ലെങ്കിൽ ഇതിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നത്;

† അനുബന്ധം XIII.

‡ അനുബന്ധം XIII എ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു; വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വീണ്ടും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സ്വയം പര്യാപ്തമല്ല. പത്താം പദ്ധതിക്കാലത്ത് 440.35 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ 161 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. കേന്ദ്ര പൂളിൽ നിന്നും 470 മെഗാവാട്ട് പത്താം പദ്ധതിക്കാലത്ത് ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രണ്ടുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു. 10-8-2001 മുതൽ 25%-ഉം 1-10-2002 മുതൽ ഏകദേശം 20% എന്ന നിരക്കിലായിരുന്നു വർദ്ധനവ്.

(സി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാന മെടുക്കേണ്ടത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്. 2004-05 വർഷത്തെ സംബന്ധിച്ച് വൈദ്യുതി ബോർഡ് സമർപ്പിച്ച നിർദ്ദേശങ്ങൾ കമ്മീഷന്റെ പരിശോധന യിലാണ്. കമ്മീഷന്റെ തീരുമാനത്തിനനുസൃതമായി മാത്രമേ വൈദ്യുതി നിരക്കുകളിൽ മാറ്റം വരുത്തണമോയെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളു.

വൈദ്യുതി ഉല്പാദന സ്ഥാപിത ശേഷി

125 [866] ഡോ. തോമസ് ഐസക്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതുതായി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സ്ഥാപിത ശേഷി വർദ്ധന ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ എത്ര മെഗാവാട്ടിന്റേതാണ്;

(ബി) ലക്ഷ്യമിട്ട പദ്ധതികളെ സംബന്ധിച്ച് വിശദമാക്കാമോ; ഈ സർക്കാർ ഇതിനകം എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുകയുണ്ടായി; അവ ഏതൊക്കെ പദ്ധതികളിലൂടെയാണ്;

(സി) വൈദ്യുതി ഉപഭോഗം ഏറ്റവും അധികമുള്ള സമയത്ത് സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ആവശ്യകത എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിൽ സംസ്ഥാനത്തുള്ള സ്വന്തം പദ്ധതികളിൽ നിന്ന് മാത്രമായി എന്തു വിഹിതം ഇപ്പോൾ ലഭ്യമാണ്;

(ഇ) സംസ്ഥാനത്ത് വീണ്ടും ലോഡ് ഷെഡിംഗ് പ്രഖ്യാപിക്കേണ്ടിവന്ന സാഹചര്യം എന്തായിരുന്നു?

ഉത്തരം

(എ) ഉണ്ട്. പത്താം പദ്ധതി കാലയളവിൽ (2002-2007) 440.35 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാനും സ്വകാര്യ പങ്കാളിത്തത്തിൽ 161 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) പത്താം പദ്ധതിക്കാലത്ത് (2002-07) പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ ഇവയാണ്:

| | പദ്ധതി | സ്ഥാപിതശേഷി (മെഗാവാട്ടിൽ) |
|---|---|---|
| 1. | ആതിരപ്പള്ളി | 163 |
| 2. | ബാരാപ്പോൾ | 21 |
| 3. | ഭൂതത്താൻ കെട്ട് | 16 |
| 4. | ചെമ്പുകടവ് 1 & 2 | 6.45 |
| 5. | കാരിക്കയം | 15 |
| 6. | കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ | 100 |
| 7. | കുറ്റിയാടി ഓഗ്മെന്റേഷൻ (223 m.u.) | .. |
| 8. | കുറ്റിയാടി ടെയിൽ റേസ് | 3.75 |
| 9. | കുറ്റിയാടി ഡൈവേർഷൻ (37 m.u.) | .. |
| 10. | ലോവർ മീൻമുട്ടി | 3.5 |
| 11. | മലങ്കര | 10.5 |
| 12. | മീൻവല്ലം | 3 |
| 13. | നേര്യമംഗലം എക്സ്റ്റൻഷൻ | 25 |
| 14. | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 |
| 15. | ഉള്ളുങ്കൽ | 7 |
| 16. | വടക്കെപ്പുഴ ഡൈവേർഷൻ (12 m.u.) | .. |
| 17. | വഴിക്കടവ് ഡൈവേർഷൻ (24 m.u.) | .. |
| 18. | ഉറുമി 1 & 2 | 6.15 |
| | | 440.35 |

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞവ കൂടാതെയുള്ള ചെറുകിട വൈദ്യുത പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. † ഈ സർക്കാർ ഇതിനകം താഴെപ്പറയുന്ന പദ്ധതികളുടെ സ്ഥാപിതശേഷി 36.1 മെഗാവാട്ടായി വർദ്ധിപ്പിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| 1. | കുത്തുങ്കൽ (പ്രൈവറ്റ്) | 21 | മെഗാവാട്ട് |
| 2. | മലമ്പുഴ | 2 .5 | ,, |
| 3. | ചെമ്പുകടവ് I | 2 .7 | ,, |
| 4. | ചെമ്പുകടവ് II | 3.75 | ,, |
| 5. | ഉറുമി I | 3.75 | ,, |
| 6. | ഉറുമി II. | 2.40 | ,, |
| | | 36 .10 | ,, |

(സി) 2200 മെഗാവാട്ട്.

(ഡി) 1437 മെഗാവാട്ട്.

(ഇ) മഴയുടെ ദൗർലഭ്യം കാരണം ജലവൈദ്യുതി ഉല്പാദനം കുറഞ്ഞതിനാൽ ഏർപ്പെടുത്തിയ ലോഡ് ഷെഡ്ഡിംഗ് ഇപ്പോഴും തുടർന്നുവരുന്നു.

## സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനങ്ങൾ

126 [867] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ച സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ കമ്മീഷൻ ഇതിനകം ഏറ്റെടുത്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

† അനുബന്ധം XIV.

LIBRARY ARCHIVES Kerala Legislative Assembly

1. സംസ്ഥാന വൈദ്യുത ഉല്പാദന-പ്രസരണ-വിതരണ നിരക്കുകളും വൈദ്യുതി കടത്തിക്കൊണ്ടുപോകുന്നതിന് (വീലിംഗ്) മൊത്തമായും ചില്ലറയായും ഉള്ള നിരക്കുകളും നിശ്ചയിക്കുക.

2. വൈദ്യുതി വിതരണ ലൈസൻസികളുടെ വൈദ്യുതി വാങ്ങലും അതിന്റെ കൈകാര്യം ചെയ്യലും നിയന്ത്രിക്കുക, സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്ന വിദ്യുച്ഛക്തി ഉല്പാദന കമ്പനികളിൽ നിന്നോ ലൈസൻസികളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ വാങ്ങുന്ന വൈദ്യുതിയുടെ വില നിശ്ചയിക്കുക.

3. സംസ്ഥാനത്തിനകത്തെ വൈദ്യുതിയുടെ പ്രസരണവും കടത്തിക്കൊണ്ട് പോക്കും (വീലിംഗ്) സുസാദ്ധ്യമാക്കുക അഥവാ സൗകര്യപ്രദമാക്കുക.

4. സംസ്ഥാനത്ത് വൈദ്യുതി പ്രസരണം, വിതരണം, വിപണനം എന്നിവയ്ക്ക് വേണ്ടി അപേക്ഷിക്കുന്നവർക്ക് അതിനുള്ള ലൈസൻസ് നൽകുക.

5. സഹ ഉല്പാദനം (കോ-ജനറേഷൻ) പുനരുപയോഗിക്കാവുന്ന മാർഗ്ഗങ്ങളിൽ കൂടിയുള്ള വൈദ്യുതി ഉല്പാദനം എന്നിവ പ്രോത്സാഹിപ്പിക്കുകയും അവയെ പവർഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനും വൈദ്യുതി വിപണനം സാദ്ധ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

6. ലൈസൻസികളും ഉല്പാദകരും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുക.

7. 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിന്റെ ഉദ്ദേശങ്ങൾ സാദ്ധ്യമാക്കുന്നതിനുവേണ്ട ഫീസ് ചുമത്തുക.

8. സംസ്ഥാന ഗ്രിഡ് കോഡ് നിർണ്ണയിക്കുക.

9. ലൈസൻസികളുടെ സേവനത്തിന്റെ മേന്മയും, വിശ്വസ്തതയും, തുടർച്ചയും സംബന്ധിച്ച മാനദണ്ഡം നിശ്ചയിക്കുകയോ പ്രാബല്യത്തിൽ വരുത്തുകയോ ചെയ്യുക.

10. സംസ്ഥാനത്തിനകത്തെ വൈദ്യുതി വ്യാപാരത്തിന്റെ ട്രേഡിംഗ് മാർജ്ജിൻ ആവശ്യമെങ്കിൽ നിശ്ചയിക്കുക.

11. വൈദ്യുതി വ്യവസായരംഗത്തെ മത്സരം, കാര്യക്ഷമത, മിതവ്യയം മുതലായ കാര്യങ്ങളിൽ സർക്കാരിനാവശ്യമായ ഉപദേശം നൽകുക.

12. വൈദ്യുതി വ്യവസായ രംഗത്തെ മുതൽമുടക്കിന് പ്രോത്സാഹനം നൽകുക.

13. സംസ്ഥാനത്ത് വൈദ്യുതി വ്യവസായ മേഖലയിൽ പുനഃസംഘടനയ്ക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുക.

14. വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ വ്യാപാരത്തെ സംബന്ധിച്ചും സർക്കാർ ആവശ്യപ്പെടുന്ന മറ്റു കാര്യങ്ങളെക്കുറിച്ചും ആവശ്യമായ ഉപദേശങ്ങൾ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. ഇലക്ട്രിസിറ്റി ബോർഡ് സമർപ്പിച്ച 2003-04 വർഷത്തെ മൊത്തം വരവ് ചെലവ് കണക്കുകളുടെ രൂപരേഖ പരിശോധിച്ച് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ബോർഡിന്റെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

2. ബോർഡ് സമർപ്പിച്ച 2004-05 വർഷത്തെ മൊത്തം വരവ് ചെലവ് കണക്കുകളുടെ രൂപരേഖ കമ്മീഷൻ സൂക്ഷ്മ പരിശോധന നടത്തിക്കൊണ്ടിരിക്കുന്നു.

3. ഇന്ത്യൻ അലൂമിനിയം കമ്പനിക്ക് ഇലക്ട്രിസിറ്റി ബോർഡിന്റെ ലൈനുകൾ ഉപയോഗിച്ച് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഹർജി വാദം കേട്ട് തീർപ്പ് കല്പിച്ചിട്ടുണ്ട്.

4. സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചു. ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടിയുള്ള കമ്മിറ്റിയുടെ ആദ്യയോഗത്തിലെ തീരുമാനങ്ങളും ശുപാർശകളും ആവശ്യമായ നടപടികൾക്ക് വേണ്ടി ബോർഡിനെ അറിയിച്ചിട്ടുണ്ട്.

5. താഴെപ്പറയുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച ഹർജികളിൽ കമ്മീഷൻ വാദം കേട്ട് തീർപ്പ് കല്പിച്ചു:

(i) മാതാ അമൃതാനന്ദമയി മഠം, കൊല്ലം.

(ii) ടെക്നോ പാർക്ക്, തിരുവനന്തപുരം.

(iii) ചെക്കിടിക്കാട് പച്ച കോ-ഓപ്പറേറ്റീവ് ബാങ്ക്, ആലപ്പുഴ.

(iv) ബിനാനി സിങ്ക്, ടി. സി. എം., കേരള. എച്ച്. ടി. ആന്റ് ഇ. എച്ച്. ടി. ഇൻഡസ്ട്രിയൽ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷൻ, കൊച്ചി.

(v) കമ്മീഷന് ലഭിച്ച മറ്റ് രണ്ട് ഹർജികൾ കമ്മീഷന്റെ പരിഗണനയിലാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തുന്നതിന് നടപടികൾ

127 [869] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ ഒരുമിച്ച് പൊതുമേഖലയിൽ നിലനിർത്തണം എന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൽ എന്തെല്ലാം സംഗതികളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്;

(സി) അവ ഓരോന്നും സംബന്ധിച്ച സർക്കാരിന്റെ സമീപനം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രിസിറ്റി ആക്ട് 2003-ന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ, ഇലക്ട്രിസിറ്റി ബോർഡിനെ സർക്കാർ ഉടമസ്ഥതയിലുള്ള ഏക കമ്പനിയായി നിലനിർത്തണമെന്നും, ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വേണ്ടിവരുന്ന കൈമാറ്റ പദ്ധതി തയ്യാറാക്കുന്നതിനു മുമ്പായി, ആഫീസർമാരുടെ സംഘടനകൾ ഉൾപ്പെടെയുള്ള വൈദ്യുതി മേഖലയിലെ ബന്ധപ്പെട്ട എല്ലാവരുമായും സർക്കാർ വിശദമായ ചർച്ചകൾ നടത്തി അതിൽ ഉരുത്തിരിയുന്ന ആശയങ്ങൾ പരിശോധിച്ച്, പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ വിധത്തിൽ യുക്തമായ തീരുമാനങ്ങൾ എടുക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി, ഡി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വിവിധ വകുപ്പുകൾക്ക് അനുസൃതമായി സംസ്ഥാന വൈദ്യുതി മേഖലയെ അതാത് സംസ്ഥാന സർക്കാരുകൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. അതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കൺസൾട്ടന്റിന്റെ റിപ്പോർട്ട് പരിഗണിക്കുമ്പോൾ മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളും പരിഗണിക്കുന്നതാണ്.

## എൻ.ടി.പി.സി. ഉൾപ്പെടെയുള്ള വിവിധ നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വൈദ്യുതിയുടെ വിഹിതം

128 [870] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ.ബി., എൻ.ടി.പി.സി. ഉൾപ്പെടെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തുതുക വീതം നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) എൻ.ടി.പി.സി. ഉൾപ്പെടെയുള്ള വിവിധ നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വൈദ്യുതിയുടെ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന് അർഹമായ വിഹിതം ഇപ്പോൾ പൂർണ്ണമായും ലഭിച്ചു വരുന്നുണ്ടോ;

(ഡി) കായംകുളം നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും കെ.എസ്.ഇ.ബി എടുക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന വ്യവസ്ഥകൾ എന്താണ്; ഇതിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വൈദ്യുതി വാങ്ങിയ വകയിൽ വൈദ്യുതി ബോർഡ് എൻ.ടി.പി.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് മാസാമാസങ്ങളിൽ കൃത്യമായി തുകകൾ കൊടുക്കാറുണ്ട്. എന്നാൽ ജൂൺ 2001 വരെ എൻ.ടി.പി.സി.-ക്ക് നൽകുവാനുണ്ടായിരുന്ന 315 കോടി രൂപയുടെ കുടിശ്ശികയുടെ ബാക്കി 156.69 കോടി രൂപയാണ് 31-12-2003-ലെ കണക്ക് പ്രകാരം കൊടുക്കേണ്ടത്.

(ബി) എൻ.ടി.പി.സി. ഉൾപ്പെടെ വിവിധ നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വൈദ്യുതിയുടെ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ലഭിക്കുന്നുണ്ട്.

(ഡി) ഇല്ല. കായംകുളം നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഒരു വിഹിതം തമിഴ്നാടിന് കൊടുക്കാനുണ്ട്. ഇതു സംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന വ്യവസ്ഥകൾ താഴെപ്പറയുന്നു:

(1) എൻ.ടി.പി.സി.-യുടെ കായംകുളം നിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 50% തമിഴ്നാടിന് നൽകുന്നു.

(2) ഈ വൈദ്യുതി കായംകുളത്തുനിന്നും നൽകുന്നതിനുപകരം കേരളത്തിനു ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ നിന്നും നേരിട്ട് തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് (ടി.എൻ.ഇ.ബി.) നൽകുകയാണ്.

(3) കായംകുളം നിലയത്തിന്റെ ഫിക്സഡ് ചാർജിന്റെ 50%വും തമിഴ്നാട് എടുക്കുന്ന വൈദ്യുതിയുടെ എനർജി ചാർജും എൻ.ടി.പി.സി.-ക്ക് ടി.എൻ.ഇ.ബി. നൽകുന്നു.

(4) കായംകുളം നിലയത്തിന്റെ ശേഷിയുടെ 80% എങ്കിലും ലഭ്യമാക്കിയാൽ മാത്രമേ എൻ.ടി.പി.സി. 100% ഫിക്സഡ് ചാർജ് ഈടാക്കുകയുള്ളൂ.

(5) കായംകുളം നിലയത്തിന് എൻ.ടി.പി.സി. ഇൻകംടാക്സ് ഈടാക്കുന്നത് സംബന്ധിച്ച് സി.ഇ.ആർ.സി.-യുടെ തീരുമാനം കെ.എസ്.ഇ.ബി.-ക്കും ടി.എൻ.ഇ.ബി.-ക്കും ബാധകമായിരിക്കും.

(6) കായംകുളം നിലയത്തിലെ വൈദ്യുതിക്ക് നൽകേണ്ടിവരുന്ന ഡ്യൂട്ടിയുടെയും ലെവികളുടെയും 50% ടി.എൻ.ഇ.ബി. വഹിക്കും.

കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതി പങ്കുവയ്ക്കുന്നതിനുള്ള വ്യവസ്ഥകൾക്ക് 31-3-2005 വരെയാണ് കാലാവധി പറഞ്ഞിട്ടുള്ളത്. ഈ കാലാവധിക്കുള്ളിൽ ഒരു മാറ്റം ഉദ്ദേശിക്കുന്നില്ല.

† അനുബന്ധം XV.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പ്രസരണ-വിതരണ-ഉല്പാദന രംഗങ്ങളിൽ വൈദ്യുതി ബോർഡിനുണ്ടായ മൂലധന ചെലവ്

129 [879] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഓരോ വർഷവും വൈദ്യുതി പ്രസരണ-വിതരണ-ഉല്പാദന രംഗങ്ങളിൽ വൈദ്യുതി ബോർഡിനുണ്ടായ മൂലധന ചെലവ് സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പ്രസ്തുത ഇനത്തിൽ മൂലധന ചെലവ് എത്രയായിരുന്നു;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ബോർഡിന്റെ മൊത്തം സാമ്പത്തിക ബാദ്ധ്യത എത്ര കോടിയുടേതായിരുന്നു; ഇപ്പോൾ അത് എത്ര കോടിയുടേതായി വർദ്ധിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-2003 വരെ ഓരോ വർഷവും വൈദ്യുതി പ്രസരണ-വിതരണ-ഉല്പാദന രംഗങ്ങളിൽ വൈദ്യുതി ബോർഡ് നടത്തിയ മൂലധന ചെലവ് സംബന്ധിച്ച കണക്കുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഉല്പ്പാദന-പ്രസരണ വിതരണ രംഗങ്ങളിൽ ബോർഡ് നടത്തിയ മൂലധന ചെലവ് സംബന്ധിച്ച കണക്കുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(സി) വൈദ്യുതി ബോർഡിന്റെ 2000-01-ലെ വാർഷിക കണക്ക് പ്രകാരം സർക്കാർ വായ്പ ഉൾപ്പെടെ 31-3-2001-ലെ മൊത്തം സാമ്പത്തിക ബാധ്യത (ലോൺ ലയബലിറ്റി) 4571.40 കോടി രൂപയാണ്. 31-3-2003-ലെ കണക്ക് പ്രകാരം മൊത്തം സാമ്പത്തിക ബാധ്യത (ലോൺ ലയബലിറ്റി) 5094.16 കോടി രൂപയാണ്.

## കടയ്ക്കൽ 33 കെ. വി. സ്റ്റേഷന്റെ നിർമ്മാണം

130 [886] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടയ്ക്കൽ 33 കെ.വി. സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത 33 കെ.വി. സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും;

(സി) ഈ പദ്ധതിയുടെ ഗുണഫലം ഏതെല്ലാം പ്രദേശത്ത് ലഭിക്കും;

(ഡി) ഇതിന് വേണ്ടി വരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കിളിമാനൂർ കടയ്ക്കൽ 33 കെ. വി. ലൈൻ വലിക്കുന്നതിനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതയിലുള്ള കുറവുമൂലം ലൈൻ നിർമ്മാണത്തിൽ കാലതാമസം നേരിട്ടുവെങ്കിലും ഇപ്പോൾ പണി പുരോഗമിച്ചുവരുന്നു. പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ഏകദേശം 75 ശതമാനം പൂർത്തിയായിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2004 ഏപ്രിൽ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിലമേൽ, മടത്തറ, കണ്ണൻചിറ, ചെല്ലിമുക്ക്, കുമ്മിൾ തുടങ്ങിയ കടയ്ക്കൽ സബ്ഡിവിഷന്റെ പരിധിയിൽ വരുന്ന എല്ലാ പ്രദേശങ്ങളിലുമുള്ള ഏകദേശം 30,000-ൽ പരം ഉപഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കും.

(ഡി) 303 ലക്ഷം രൂപ.

## കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

131 [888] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ എത്ര പുതിയ സബ്സ്റ്റേഷനുകളും, ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ഓരോന്നിനും എന്തുതുക ചെലവാകുമെന്നും എന്നേക്ക് പണി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി എട്ട് 33 കെ.വി. സബ്സ്റ്റേഷനുകളും, പതിമൂന്ന് ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇവയിൽ ഓരോ സബ്സ്റ്റേഷനും ചെലവാകുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു:

| 33 കെ.വി. സബ്സ്റ്റേഷൻ | ചെലവാകുന്ന തുക (കോടിയിൽ) |
|---|---|
| 1. അനന്തപുരം | 2.01 |
| 2. ബദിയടുക്ക | 2.01 |
| 3. ബേലൂർ | 1.81 |
| 4. പെർള | 2.15 |
| 5. തൃക്കരിപ്പൂർ | 2.41 |
| 6. വെസ്റ്റ് എളേരി | 1.28 |
| 7. നീലേശ്വരം | 3.31 |
| 8. കാസർഗോഡ് ടൗൺ | 2.01 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇവയിൽ നീലേശ്വരവും കാസർഗോഡ് ടൗണും ഒഴികെയുള്ളവയുടെ പണി ആരംഭിച്ചിട്ടുണ്ട്. നീലേശ്വരം സബ്സ്റ്റേഷന്റെ നിർമ്മാണം മാർച്ചിൽ ആരംഭിക്കുന്നതാണ്. കാസർഗോഡ് ടൗൺ സബ്സ്റ്റേഷന്റെ സ്ഥലമെടുപ്പ് പൂർത്തിയായതിനുശേഷം ജോലി ആരംഭിക്കുന്നതാണ്. ഇതു കൂടാതെ ഡിസ്ട്രിബ്യൂഷൻ മേഖലയിൽ 218 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നുണ്ട്. ഇതിന് 204.48 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത പണി പുരോഗമിച്ചുവരുന്നു.

(ബി) ലോക ബാങ്കിന്റെ സഹായത്തോടുകൂടി പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

## ഇടുക്കി ജില്ലയിൽ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് സ്കീം വർക്കുകൾ

132 [890] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് സ്കീമിൽ എത്ര വർക്കുകൾ ആണ് ഇനി തീരാനുള്ളത്; സെക്ഷൻ തിരിച്ചുള്ള മുൻഗണനാ ലിസ്റ്റ് ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര വർഷമായി ഇവ തീർപ്പ്കൽപ്പിക്കാതെ കിടക്കുന്നു; ഇവ തീർക്കുന്നതിന് ആവശ്യമായ മെറ്റീരിയൽസ് എത്ര വേണമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) തൊടുപുഴ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തൊടുപുഴ നമ്പർ 1, നമ്പർ 3, കരിമണ്ണൂർ, മൂലമറ്റം, വണ്ണപ്പുറം മേഖലകളിലായി എത്ര വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് സ്കീമുകൾ പണി തീരാനുള്ള ലിസ്റ്റിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ; അവയുടെ മുൻഗണനാക്രമം വെളിപ്പെടുത്തുമോ;

(ഡി) ഇടുക്കി എ.ഇ.-യുടെ കീഴിൽ എത്ര വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് സ്കീം പണി തീർക്കാൻ ഉണ്ട്, ഇവ ഏതെല്ലാം വർക്കുകളാണ്; മുൻഗണനാക്രമം വ്യക്തമാക്കാമോ; ഇതിന് ഓരോന്നിനും എത്ര മെറ്റീരിയൽസ് വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 182 വർക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ബി) 9/95 മുതൽ 1/04 വരെ (വസ്തുവിലൂടെ ലൈൻ കടന്നു പോകുന്നത് സംബന്ധിച്ച് തർക്കം നിലവിലുണ്ടായിരുന്നതിനാൽ 7/94 മുതൽ തീർപ്പു കൽപ്പിക്കാതെ കിടന്ന ഒരു വർക്ക് ഇപ്പോൾ പുരോഗമിച്ചു വരുന്നു). ഈ പണികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

| | | |
|---|---|---|
| തൊടുപുഴ നമ്പർ 1 | .. | 1 മുതൽ 16 വരെയുള്ള ജോലികൾ |
| തൊടുപുഴ നമ്പർ 2 | .. | 17 മുതൽ 26 വരെയുള്ള ജോലികൾ |
| കരിമണ്ണൂർ | .. | 27 മുതൽ 31 വരെയുള്ള ജോലികൾ |
| മൂലമറ്റം | .. | 40 മുതൽ 59 വരെയുള്ള ജോലികൾ |
| വണ്ണപ്പുറം | .. | 32 മുതൽ 39 വരെയുള്ള ജോലികൾ |

മുൻഗണനാക്രമത്തിലാണ് നൽകിയിട്ടുള്ളത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇടുക്കി എ.ഇ.-യുടെ കീഴിലുള്ള വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം 21 എണ്ണം പണി തീർക്കാനുണ്ട്. വർക്കുകളുടെ വിവരവും മുൻഗണനാക്രമവും അനുബന്ധം 1-ൽ സീരിയൽ നമ്പർ 60 മുതൽ 80 വരെയായി നൽകിയിരിക്കുന്നു. ഈ ജോലികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

## ബാലുശ്ശേരി സെക്ഷനിൽ ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ

133 [892] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സെക്ഷനിൽ എത്ര അപേക്ഷകർക്ക് കണക്ഷൻ നൽകുവാൻ ബാക്കിയുണ്ട്;

(ബി) ഇപ്പോൾ ഏത് വർഷം ലഭിച്ച അപേക്ഷകളിലാണ് കണക്ഷൻ നൽകി വരുന്നതെന്ന് വെളിപ്പെടുത്താമോ?

## ഉത്തരം

(എ) 1660.

(ബി) വിവിധ വിഭാഗങ്ങളിൽ താഴെ പറയുന്ന തീയതികൾ വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

വിശദവിവരം

(1) സാധാരണ മുൻഗണനാ പ്രകാരം പോസ്റ്റുകൾ ആവശ്യമുള്ളവ— മേയ് 1999 വരെ.

(2) സാധാരണ മുൻഗണനാ പ്രകാരം പോസ്റ്റുകൾ ആവശ്യമില്ലാത്തവ— നവംബർ 2001 വരെ.

(3) പോസ്റ്റുകൾ ആവശ്യമുള്ള ഒ.വൈ.ഇ.സി. കണക്ഷനുകൾ— സെപ്റ്റംബർ 2003 വരെ.

(4) പോസ്റ്റുകൾ ആവശ്യമില്ലാത്ത ഒ.വൈ.ഇ.സി. കണക്ഷനുകൾ— സെപ്റ്റംബർ 2003 വരെ.

(5) പോസ്റ്റുകൾ ആവശ്യമുള്ള ഒ.റ്റി.പി. കണക്ഷനുകൾ —മാർച്ച് 2000 വരെ.

(6) പോസ്റ്റുകൾ ആവശ്യമില്ലാത്ത ഒ.റ്റി.പി. കണക്ഷനുകൾ നവംബർ 2003 വരെ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി ബോർഡ് ജീവനക്കാരുടെ പെൻഷൻ

134 [895] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ പെൻഷൻ സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇത്തരമൊരു മാറ്റത്തിനുള്ള ശുപാർശ ഏത് ഏജൻസിയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരുടെ പെൻഷൻ സംവിധാനത്തെക്കുറിച്ച് ബോർഡിലെ ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ:

(എഫ്) ജീവനക്കാരുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി വന്നിട്ടുള്ള നിർദ്ദേശങ്ങൾ തള്ളിക്കളയാൻ നടപടി കൈക്കൊള്ളുമോ?

### ഉത്തരം

(എ) ഇല്ല.

(ബി—എഫ്) പ്രസക്തമല്ല.

## കേന്ദ്രാനുമതിക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന ജലസേചന പദ്ധതികൾ

135 [900] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കേന്ദ്ര അനുമതിക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും ജലസേചന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; ഇതിന് അടങ്കൽ തുക എത്ര; സംസ്ഥാനത്ത് ഇതിനാവശ്യമായ വിഭവസമാഹരണം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര ജലസേചന പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്;

(ഡി) ഏതു വർഷത്തിലാണ് ഇവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ എത്ര ജലസേചന പദ്ധതികൾ നിർമ്മാണത്തിലിരിക്കുന്നു; അവ ഏതെല്ലാം;

(എഫ്) ഇവ ഓരോന്നും ഏതു വർഷത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചവയാണ്; ഇവ എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് കണക്കാക്കുന്നത്;

(ജി) ഇവയുടെ ഒറിജിനൽ എസ്റ്റിമേറ്റ് എത്രയായിരുന്നു; ഇവയ്ക്കോരോന്നിനുംവേണ്ടി ഇതുവരെ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട്; ഇപ്പോൾ ഓരോന്നിന്റെയും എത്ര ശതമാനം പണി തീർന്നിട്ടുണ്ട്;

(എച്ച്) നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കാൻ എത്ര കോടി രൂപ വേണ്ടിവരും;

(ഐ) ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് വിദേശ സഹായം ലഭിക്കുന്നു; എത്ര വീതം, ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നുമാണ് സഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേന്ദ്ര അനുമതിക്കുവേണ്ടി നേരത്തെ സമർപ്പിച്ചിരുന്ന ഇടമലയാർ, അട്ടപ്പാടി എന്നീ പദ്ധതികൾ മാറ്റങ്ങളോടുകൂടി വീണ്ടും സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് കേന്ദ്രജലവിഭവ മന്ത്രാലയം തിരിച്ചയയ്ക്കുകയുണ്ടായി. കേന്ദ്ര അനുമതിക്കായി ഇപ്പോൾ വേറെ പുതിയ പദ്ധതികൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനുവേണ്ടി ജലസേചന പദ്ധതികൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് വൻകിട ഇടത്തരം പദ്ധതികളൊന്നും കമ്മീഷൻ ചെയ്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ, എഫ്)

| | പദ്ധതി | ആരംഭിച്ച വർഷം | പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന വർഷം |
|---|---|---|---|
| 1. | മൂവാറ്റുപുഴ | 1974 | 2004 |
| 2. | ഇടമലയാർ | 1981 | 2007 |
| 3. | കാരാപ്പുഴ | 1977 | 2005 |
| 4. | ബാണാസുര സാഗർ | 2000 | 2006 |
| 5. | റഗുലേറ്റർ കം ബ്രിഡ്ജ്, തൃത്താല | 1999 | 2005 |
| 6. | റഗുലേറ്റർ കം ബ്രിഡ്ജ്, ചമ്രവട്ടം | 1983 | അതോറിറ്റി രൂപീകരിച്ചിട്ടുണ്ട് |
| 7. | കുരിയാർകുറ്റി-കാരപ്പാറ | 1995 | കോടതി വിധി പ്രകാരമുള്ള പണികൾ 2004-05-ൽ പൂർത്തിയാകും. |
| 8. | അട്ടപ്പാടി | 1970 | പ്രാരംഭദശയിൽ |

LIBRARY ARCHIVES Kerala Legislative Assembly

കല്ലട, പഴശ്ശി, കാഞ്ഞിരപ്പുഴ എന്നിവ വൈന്റിംഗ് അപ് പദ്ധതികളിൽ ഉൾപ്പെടുത്തിയവയാണ്. ഈ പദ്ധതികളുടെ പണികൾ തീർത്തിടത്തുവച്ചു പൂർത്തിയാക്കുവാനും നിർമ്മിച്ച കനാലുകളിൽക്കൂടി ജലസേചന സൗകര്യം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(ജി)

| | പദ്ധതി | ഒറിജിനൽ തുക | ചെലവായ തുക | പൂർത്തിയായ ശതമാനം |
|---|---|---|---|---|
| 1. | കല്ലട | 13.28 കോടി | 660 കോടി | 95% |
| 2. | കാരാപ്പുഴ | 760 ലക്ഷം | 19698.84ലക്ഷം | 80% |
| 3. | ബാണാസുര സാഗർ | 1137.07 ലക്ഷം | 1195.35 ലക്ഷം | 20% |
| 4. | റഗുലേറ്റർ കം ബ്രിഡ്ജ്, തൃത്താല | 1900 ലക്ഷം | 1892.37 ലക്ഷം | 85% |
| 5. | റഗുലേറ്റർ കം ബ്രിഡ്ജ്, ചമ്രവട്ടം | 7000 ലക്ഷം | 396.13 ലക്ഷം | പ്രാരംഭ ദശയിൽ |
| 6. | കാഞ്ഞിരപ്പുഴ | 365 ലക്ഷം | 11177.79 ലക്ഷം | 100% |
| 7. | കുരിയാർകുറ്റി | 1000 ലക്ഷം | 1366.17 ലക്ഷം | കോടതി നിർദ്ദേശിച്ച പണിയുടെ 50% |
| 8. | പഴശ്ശി | 442 ലക്ഷം | 15620.97 ലക്ഷം | 100% |
| 9. | അട്ടപ്പാടി | 476 ലക്ഷം | .. | പ്രാരംഭ ദശയിൽ |
| 10. | മൂവാറ്റുപുഴ | 48.086 കോടി | 438.42 കോടി | 75% |
| 11. | ഇടമലയാർ | 17.85 കോടി | 142.18 കോടി | 41% |

(എച്ച്)

| | പദ്ധതി | | വേണ്ടിയിരുന്ന തുക |
|---|---|---|---|
| 1. | മൂവാറ്റുപുഴ | .. | 185 കോടി |
| 2. | ഇടമലയാർ | .. | 320 ,, |
| 3. | കാരാപ്പുഴ | .. | 30 ,, |
| 4. | ബാണാസുര സാഗർ | .. | 37 ,, |
| 5. | റഗുലേറ്റർ കം ബ്രിഡ്ജ്, തൃത്താല | .. | 16 ,, |
| 6. | റഗുലേറ്റർ കം ബ്രിഡ്ജ്, ചമ്രവട്ടം | .. | 120 ,, |
| 7. | കുരിയാർകുറ്റി-കാരപ്പാറ | .. | 183 ,, |
| 8. | അട്ടപ്പാടി | .. | 161 ,, |
| 9. | പഴശ്ശി | } | |
| 10. | കാഞ്ഞിരപ്പുഴ | } | 12 ,, |
| 11. | കല്ലട | } | |

LIBRARY ARCHIVES Kerala Legislative Assembly

(ഐ) മേൽപ്പറഞ്ഞ പദ്ധതികൾക്കൊന്നും വിദേശ സഹായം ലഭിക്കുന്നില്ല.

മത്സ്യഫെഡ് വാങ്ങിയ സുസുക്കി എഞ്ചിനുകൾ

136 [949] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. മോഹൻകുമാർ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, കെ. മുഹമ്മദാലി:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ നിലവിലുള്ള ഡയറക്ടർ ബോർഡ് വരുന്നതിന് മുമ്പ് സുസുക്കി എഞ്ചിൻ എന്ത് വിലയ്ക്കാണ് വാങ്ങിയിരുന്നത്;

(ബി) അന്ന് കമ്മിറ്റ്മെന്റ് ചാർജ്ജിനത്തിൽ എത്ര തുക വീതം ഓരോ എഞ്ചിനും നൽകിയിരുന്നു;

(സി) സുസുക്കി എഞ്ചിൻ വാങ്ങരുതെന്ന ഗവൺമെന്റിന്റെ വിലക്ക് നിലവിലിരുന്നപ്പോൾ ആ എഞ്ചിൻ വാങ്ങുന്നതിന് നൽകിയ ഓർഡർ അനുസരിച്ച് ഒരു എഞ്ചിന്റെ വില എത്ര വരുമായിരുന്നു;

(ഡി) പ്രസ്തുത ഓർഡർ അനുസരിച്ച് വാങ്ങുന്ന എഞ്ചിന് കമ്മിറ്റ്മെന്റ് ചാർജ്ജ് നൽകേണ്ടതുണ്ടായിരുന്നുവോ;

(ഇ) ഇല്ലാത്തപക്ഷം എഞ്ചിന്റെ വിലയിൽ എത്ര കണ്ട് കുറവുണ്ടായിരുന്നു;

(എഫ്) ജപ്പാനിൽ ഉൽപ്പാദിപ്പിക്കുന്ന എഞ്ചിനുപകരം തായ്‌ലണ്ടിലെ സുസുക്കി യൂണിറ്റിൽ നിന്നാണ് എഞ്ചിൻ നൽകുന്നതെന്ന് സുസുക്കി കമ്പനി അറിയിച്ചിരുന്നുവോ;

(ജി) പ്രസ്തുത യൂണിറ്റിലെ എഞ്ചിന് വിലക്കുറവുണ്ടായിരുന്നുവോ; ഉണ്ടെങ്കിൽ മത്സ്യഫെഡിന് അതനുസരിച്ചുള്ള വിലക്കുറവ് അനുവദിച്ചിരുന്നുവോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മത്സ്യഫെഡിന്റെ നിലവിലുള്ള ഡയറക്ടർ ബോർഡ് വരുന്നതിന് മുമ്പ് ചെന്നൈയിലുള്ള ഹൈഡ്രോ ഇംപക്സ് എന്ന കമ്പനി വഴിയാണ് എഞ്ചിൻ ഇറക്കുമതി നടത്തി വന്നിരുന്നത്. 2001 ആഗസ്റ്റ് മാസം ഒപ്പിട്ട ധാരണാപത്രമനുസരിച്ച് സുസുക്കി 9.9 എച്ച്.പി. എഞ്ചിന് 39,900 രൂപ നിരക്കിലും, 2002 ഫെബ്രുവരി മുതൽ എഞ്ചിൻ ഒന്നിന് 41,800 രൂപയ്ക്കുമാണ് ഇറക്കുമതി നടത്തിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 7-8-2001-ലെ ധാരണാപത്രമനുസരിച്ച് എഞ്ചിനൊന്നിന് 2,850 രൂപയും 13-2-2002-ലെ ധാരണാപത്രമനുസരിച്ച് എഞ്ചിനൊന്നിന് 4,750 രൂപയും കമ്മിറ്റ്മെന്റ് ചാർജ്ജിനത്തിൽ നൽകിയിട്ടുണ്ട്.

(സി) സുസുക്കി എഞ്ചിൻ വാങ്ങുന്നതിന് വിലക്കുണ്ടായിരുന്നപ്പോൾ എഞ്ചിൻ വാങ്ങുന്നതിന് ഓർഡർ നൽകിയിരുന്നില്ല. എന്നാൽ പ്രൊവിഷണൽ ഓർഡറായി നൽകിയ എഞ്ചിന്റെ വില 38,760 രൂപയായിരുന്നു. വിലക്ക് നീക്കാതെവരുന്ന സാഹചര്യത്തിൽ പ്രസ്തുത ഓർഡർ എപ്പോൾ വേണമെങ്കിലും ക്യാൻസൽ ചെയ്യാൻ കഴിയുന്നതാണ്.

(ഡി) നൽകേണ്ടതുണ്ടായിരുന്നില്ല.

(ഇ) ആകെ വിലയിൽ എഞ്ചിനൊന്നിന് 3,040 രൂപയുടെ കുറവുണ്ടായിരുന്നു. ഇതു കൂടാതെ ഹൈഡ്രോ ഇംപക്സ് കമ്പനി മത്സ്യഫെഡിന് നൽകാനുണ്ടായിരുന്ന കുടിശ്ശികയിൽ കമ്മിറ്റ്മെന്റ് ചാർജ് ഒഴികെയുള്ള തുക മത്സ്യഫെഡ് വാങ്ങുന്ന 1500 എഞ്ചിനുകളിൽ ഓരോന്നിനും 1,900 രൂപ ഫിഷിംഗ് റിബേറ്റായി എഞ്ചിനുകൾ വാങ്ങുന്ന മുറയ്ക്ക് നൽകാമെന്ന് സുസുക്കി കമ്പനി സമ്മതിച്ചിരുന്നു.

(എഫ്) മത്സ്യഫെഡ് വാങ്ങുന്ന 9.9 എച്ച്.പി. എഞ്ചിനുകൾ തായ്‌ലണ്ടിൽ ഉൽപ്പാദിപ്പിച്ച് നൽകുമെന്ന് കമ്പനി അറിയിച്ചിരുന്നില്ല.

(ജി) ചോദ്യം (എഫ്)-ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## സുസുക്കി കമ്പനിയുടെ ഔട്ട്ബോർഡ് എഞ്ചിൻ വാങ്ങുന്നതിനുള്ള വിലക്ക്

137 [950] ശ്രീ. പി. ടി. തോമസ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. മോഹൻകുമാർ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് സുസുക്കി കമ്പനിയുടെ ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങരുതെന്ന് വിലക്കിയതെന്നാണ്; ഈ വിലക്ക് നിലനിൽക്കുമ്പോൾ പ്രസ്തുത എഞ്ചിൻ വാങ്ങാൻ കരാറുണ്ടാക്കിയിട്ടില്ലെന്ന് മത്സ്യഫെഡ് ചെയർപേഴ്സൺ പ്രസ്താവിച്ചിട്ടുണ്ടോ; പ്രസ്തുത പ്രസ്താവന വസ്തുതകൾക്ക് നിരക്കുന്നതാണോ;

(ബി) ആദ്യഘട്ടത്തിൽ എത്ര എഞ്ചിൻ വാങ്ങാൻ മത്സ്യഫെഡിന്റെ നിലവിലുള്ള ഡയറക്ടർ ബോർഡ് തീരുമാനിച്ചു; അതെന്നായിരുന്നു;

(സി) പ്രസ്തുത എഞ്ചിനുകൾക്കുള്ള താൽക്കാലിക ഓർഡർ എന്ന് നൽകി; കരാർ ഏത് തീയതിക്കുള്ളിൽ സ്ഥിരപ്പെടുത്തണമെന്ന് സുസുക്കി കമ്പനി ആവശ്യപ്പെട്ടു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതനുസരിച്ച് കരാർ സ്ഥിരപ്പെടുത്താൻ മത്സ്യഫെഡ് ഡയറക്ടർ ബോർഡ് എന്ന് തീരുമാനിച്ചു; ഈ തീരുമാനം സുസുക്കി കമ്പനിയെ എന്നറിയിച്ചു;

(ഇ) കരാർ സ്ഥിരപ്പെടുത്തിയത് സംബന്ധിച്ച് സുസുക്കി കമ്പനിയുടെ മത്സ്യ ഫെഡിനോട് ഉള്ള പ്രതികരണം എന്തായിരുന്നു;

(എഫ്) ഇതെല്ലാം നടന്നത് എഞ്ചിൻ വാങ്ങുന്നതിന് വിലക്കുള്ള സമയത്താ യിരുന്നുവോ;

(ജി) സ്ഥിരപ്പെടുത്തിയ ഓർഡർ നൽകിയതിനും സുസുക്കി കമ്പനി സ്ഥിരം ഓർഡർ ആവശ്യപ്പെട്ടതിനും സ്ഥിരം ഓർഡറിനു സുസുക്കി കമ്പനി നൽകിയ പ്രതികരണത്തിനും ഉപോൽബലകമായ എഴുത്തുകുത്തിന്റെ കോപ്പി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങരുതെന്ന് 18-11-2002-ൽ സർക്കാർ മത്സ്യഫെഡിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത വിലക്ക് 4-7-2003-ൽ നീക്കുകയുണ്ടായി. എന്നാൽ 6-8-2003-ൽ വീണ്ടും ഇറക്കുമതിക്ക് വിലക്ക് ഏർപ്പെടു ത്തുകയും 15-10-2003-ൽ പ്രസ്തുത വിലക്ക് നീക്കുകയും ചെയ്തു. മത്സ്യഫെഡി നെക്കുറിച്ച് വസ്തുതകൾക്ക് നിരക്കാത്ത വാർത്തകൾ പത്രദ്വാരാ പ്രസിദ്ധീകരിച്ചു കൊണ്ടിരുന്ന സാഹചര്യത്തിലാണ് ചെയർപേഴ്സൺ വിലക്ക് നിലനിൽക്കെ കരാർ ഒപ്പിട്ടിട്ടില്ലായെന്ന് പ്രസ്താവന നൽകിയത്; പ്രസ്തുത പ്രസ്താവന വസ്തുതകൾക്ക് നിരക്കുന്നതാണ്.

(ബി) ആദ്യഘട്ടത്തിൽ 375 എണ്ണം 9.9 എച്ച്.പി. സുസുക്കി എഞ്ചിനുകൾ വാങ്ങുന്നതിനുള്ള പ്രൊവിഷണൽ ഓർഡർ നൽകാൻ എക്സിക്യൂട്ടീവ് കമ്മിറ്റി 26-6-2003-ൽ തീരുമാനിച്ചു.

(സി) 375 എണ്ണം 9.9 എച്ച്.പി. സുസുക്കി എഞ്ചിനുകൾക്കുള്ള പ്രൊവിഷണൽ ഓർഡർ 27-6-2003-ന് നൽകുകയുണ്ടായി. ടി ഓർഡർ 10-7-2003-നു മുമ്പ് സ്ഥിരീകരി ക്കണമെന്ന് കമ്പനി അറിയിച്ചിരുന്നു.

(ഡി) 27-6-2003-നു കമ്പനിക്കു നൽകിയ പ്രൊവിഷണൽ ഓർഡർ 10-7-2003-ന് സ്ഥിരീകരിച്ച നടപടി 11-7-2003-നു കൂടിയ പർച്ചേസ് കമ്മിറ്റി അംഗീകരിച്ചു. ഓർഡർ സ്ഥിരീകരിച്ചതായി 10-7-2003-നും 11-7-2003-നും സുസുക്കി കമ്പനിയെ അറിയിച്ചിട്ടുണ്ട്.

(ഇ) കമ്പനി 11-7-2003-നു കരാർ സ്ഥിരീകരിച്ചതായി കത്ത് മത്സ്യഫെഡിനു നൽകി.

(എഫ്) 4-7-2003-നു ഇറക്കുമതിക്കുള്ള വിലക്ക് മാറി കിട്ടിയതിനുശേഷമാണ് 375 എഞ്ചിനുകൾക്ക് നൽകിയിരുന്ന പ്രൊവിഷണൽ ഓർഡർ സ്ഥിരീകരിച്ച് കത്തയച്ചത്.

(ജി) മത്സ്യഫെഡിൽ നടന്ന എഞ്ചിൻ ഇറക്കുമതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നു വരുന്നതിനാൽ ഇതുസംബന്ധിച്ച രേഖകൾ ഹാജരാക്കാൻ നിർവ്വാഹമില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## II. ശ്രദ്ധക്ഷണിക്കൽ

### (1) പി. എസ്. സി. റാങ്ക് ജേതാക്കളായ തൊഴിൽരഹിതരുടെ പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ : സർ, സർക്കാർ സർവ്വീസിൽ തസ്തികകൾ വെട്ടിക്കുറച്ചും ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കാതെയും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാതെയും ചട്ടം മറികടന്നുകൊണ്ട് സ്വന്തക്കാരേയും

9.30 A.M.] പാർശ്വവർത്തികളെയും നിയമിച്ചുകൊണ്ടുള്ള നടപടികൾമൂലവും 50 ലക്ഷത്തോളം വരുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ തീരാദുരിതത്തിലായിരിക്കുന്നു. സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം രാജ്യത്തെ ഏറ്റവും കൂടിയ തൊഴിലില്ലായ്മ നിരക്ക് കേരളത്തിന്റേതാണ്, 20.77 ശതമാനം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ സ്വകാര്യ മേഖലയേക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ പൊതുമേഖലയിലാണ്. ഏറ്റവും വലിയ തൊഴിൽദായകനായ സർക്കാർ ഇപ്പോൾ തൊഴിൽ അന്തകനായി മാറിയിരിക്കുകയാണ്. 2002 ജനുവരി മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിയമന നിരോധനം പിൻവലിക്കുന്നതായി സർക്കാർ പ്രഖ്യാപിച്ചപ്പോൾ തൊഴിൽ രഹിതർ ആശ്വാസത്തിലായിരുന്നു. എന്നാൽ ഇതിനകം 11,868 തസ്തികകളാണ് റദ്ദാക്കിയത്. 17,135 തസ്തികകൾ റദ്ദാക്കാനാണ് സെന്തിൽ കമ്മിറ്റി ശുപാർശ ചെയ്തത്. 80,000 തസ്തികകൾ അധികമാണെന്നും അതൊക്കെ റദ്ദാക്കണമെന്നുമാണ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശം. അതിന്റെ അടിസ്ഥാനത്തിൽ തസ്തിക റദ്ദാക്കുമെന്ന ഭീഷണി നിലനിൽക്കുകയാണ്. തസ്തിക റദ്ദാക്കികൊണ്ട് നിയമന നിരോധനം നീക്കിയാൽ തൊഴിൽരഹിതർക്ക് യാതൊരു പ്രയോജനവും അതുമൂലമുണ്ടാകില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളിലായി 71,708 ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പൊതുമേഖലാ സ്വകാര്യവൽക്കരണ നയംമൂലം പി.എസ്.സി. നിയമന പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും 45,000 ജീവനക്കാർക്ക് തൊഴിൽ നഷ്ടമായിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുപോലും അറിയാതെ വിവിധ വകുപ്പുകളിൽ പിൻവാതിലിലൂടെ 31,864 പേരെ ഇതിനകം നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നും അഡ്വൈസ് ചെയ്തവരെ നിയമിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പി.എസ്.സി. റാങ്ക് ജേതാക്കൾ ഹൈക്കോടതിയിൽ ആയിരത്തോളം ഒ.പി.-കൾ ഫയൽ ചെയ്തു. ആ ഒ.പി.-യിൽ സിംഗിൾ ബെഞ്ച് വിധി തൊഴിൽരഹിതർക്ക് അനുകൂലമായപ്പോൾ പി.എസ്.സി.-വഴിയുള്ള നിയമനത്തിനെതിരായി സർക്കാർ അപ്പീൽ പോയി. ഇത്തരത്തിലുള്ള 40 അപ്പീലുകൾ ഹൈക്കോടതിയിൽ പെന്റിംഗിലാണ്. വൈദ്യുതി ബോർഡിൽ ഇപ്പോഴും 3 വർഷത്തേയ്ക്ക് നിയമന നിരോധനമാണ്. വൈദ്യുതി ബോർഡിലെ 82/2002/ഇ.എസ്.റ്റി. VI-4485/2001-ാം നമ്പർ ഉത്തരവിൽ പറയുന്നത് ഇപ്രകാരമാണ് The Board imposes a total ban on all new appointments and creation of posts for the next three years. കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ തസ്തികയിൽ മാത്രം ഇപ്പോൾ 2450 ഒഴിവുകളുണ്ട്. അത് നികത്തുന്നില്ല. കെ.എസ്.എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ്, പ്യൂൺ എന്നീ തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും 1744 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചതായി ചോദ്യത്തിനുള്ള മറുപടിയിൽ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. പോലീസിൽ കോൺസ്റ്റബിൾ തസ്തികയിൽ ഒന്നാം ബറ്റാലിയൻ 400, 4-ാം ബറ്റാലിയൻ 500, എം.എസ്.പി. 600 എന്നിങ്ങനെ ഒഴിവുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സേനയിൽ 10 ശതമാനം വനിതകളെ നിയമിക്കുമെന്ന് മുൻസർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചതാണ്. ഇങ്ങനെ വന്നാൽ ഇനിയും 2900 പേരെ വനിതാ പോലീസിൽ റിക്രൂട്ട് ചെയ്യേണ്ടതാണ്. ആ മേഖലയിലും റിക്രൂട്ട്മെന്റ് നടക്കുന്നില്ല. എൽ.ഡി. ക്ളർക്ക്, അദ്ധ്യാപകർ എന്നീ തസ്തികകളിൽ ഇപ്പോൾ സംസ്ഥാനത്താകെ എണ്ണായിരത്തോളം ഒഴിവുകളുണ്ട്. എക്സൈസ് ഗാർഡ് തസ്തികയിൽ 300 ഒഴിവുകളുണ്ട്. പരീക്ഷ തുടങ്ങിയിട്ടും സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നില്ലെന്നാണ് പത്ര റിപ്പോർട്ട്. അഡ്വൈസ് മെമ്മോ പിൻവലിക്കില്ലെന്ന് പി.എസ്.സി. പറയുന്നു. ഈ സംസ്ഥാനത്ത് തൊഴിൽരഹിതരോട് ഗവൺമെന്റ് എടുക്കുന്ന നിലപാടിതാണ്. നവംബർ 19-ന് സർക്കാർ ഇറക്കിയ G.O.(P) No. 34/2003 ഉത്തരവിൽ The Department will assess vacancies carefully based on orders on abolition of posts. Such vacancies may be reported to the Public Service Commission after 1-12-2003 എന്നാണ് പറയുന്നത്. ഇതിൽ 'may be'എന്നാണ്. അതുകൊണ്ടുതന്നെ നിയമനാധികാരികളായിട്ടുള്ള വകുപ്പ് അധികൃതർ വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ അതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് കത്തുകൾ അയയ്ക്കുകയാണ്. അത്തരത്തിലുള്ള 2600-ഓളം ഫയലുകൾ കെട്ടിക്കിടക്കുകയാണ്. Abolish ചെയ്തതും redeploy ചെയ്തതുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവിൽ പറയുന്നത് Post abolished not vacant will be treated ....... shall be എന്നാണ്. അതുപോലെതന്നെ redeployment-നെ സംബന്ധിച്ച് shall be considered such redeployment എന്നാണ്. അപ്പോൾ അതു രണ്ടും 'shall be'എന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നുള്ളത് 'may be' എന്നുമാണ് പറയുന്നത്. അപ്പോൾ ഈ ഉത്തരവുകൾ തന്നെ അവ്യക്തമാണ്. അതുകൊണ്ട് മുഴുവൻ തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തിരമായ നടപടി എടുക്കുന്നില്ലെങ്കിൽ കേരളത്തിലെ അരക്കോടിയോളം വരുന്ന തൊഴിൽരഹിതരായ ചെറുപ്പക്കാർ ദുരിതത്തിലാകും. ഈ സർക്കാരിന്റെ നടപടികൾക്കെതിരായി മാർച്ചു മാസം 1-ാം തീയതി മുതൽ കേരളത്തിലെ കരുത്തുറ്റ യുവജനപ്രസ്ഥാനമായ ഡി.വൈ.എഫ്.ഐ. സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഇതുസംബന്ധിച്ചുള്ള സർക്കാരിന്റെ തീരുമാനം പ്രഖ്യാപിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങൾ ഈ ഗവൺമെന്റ് ഏറ്റവും അടിയന്തിര പ്രാധാന്യം കൽപ്പിച്ച് പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരുന്ന അവസരത്തിലാണ് 1999-ൽ ആദ്യമായി ഇവിടെ നിയമന നിരോധനം ഏർപ്പെടുത്തിയത്. ഭരണം മാറി പുതിയ ഗവൺമെന്റ് വന്നപ്പോഴും ആദ്യ വർഷം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി തുടർന്നതിനാൽ മുൻ ഗവൺമെന്റ് തുടർന്നു വന്ന നിയമന നിരോധനവും നിയന്ത്രണങ്ങളും ഈ സർക്കാരും തുടരുകയല്ലാതെ മറ്റുമാർഗ്ഗമില്ലായിരുന്നു. പക്ഷെ ഈ രാജ്യത്ത് തൊഴിൽരഹിതരായ ചെറുപ്പക്കാരുടേയും യുവജന സംഘടനകളുടേയും, സാധാരണ ജനങ്ങളുടെയും അഭിലാഷം മാനിച്ചുകൊണ്ട് ഗവൺമെന്റ് ഉറച്ച ഒരു തീരുമാനമെടുത്തു. എന്തെല്ലാം പ്രയാസങ്ങളുണ്ടെങ്കിലും ഉദ്യോഗം ആഗ്രഹിക്കുന്ന തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ മനസ്സിൽ സംഘർഷമുണ്ടാക്കുന്ന ഈ നിയമനത്തിനുള്ള നിയന്ത്രണങ്ങളും മറ്റും തുടരുന്നത് ശരിയല്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമന നിരോധനവും നിയന്ത്രണങ്ങളും പൂർണ്ണമായും എടുത്തു കളഞ്ഞിരിക്കുകയാണ്. ഈ വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കും അറിയാം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമരം പ്രഖ്യാപിച്ച ഡി.വൈ.എഫ്.ഐ.-കാർക്കും അറിയാം. അവർക്ക് എന്തെങ്കിലും തെറ്റിദ്ധാരണയുണ്ടെങ്കിൽ ഇനിയും അവരുമായി സംസാരിക്കാൻ തയ്യാറാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയാണെങ്കിൽ ഡി.വൈ.എഫ്.ഐ.-യുടെ സമരം ആവശ്യമില്ല. കാരണം കേരളത്തിൽ ഇന്ന് നിയമന നിരോധനം ഇല്ല. ഇല്ലാത്ത ഒരു കാര്യത്തിനുവേണ്ടിയുള്ള സമരത്തിൽ നിന്നും ഡി.വൈ.എഫ്.ഐ. പിൻമാറണമെന്നാണ് എനിക്ക് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്. അവർക്ക് എന്തെങ്കിലും തെറ്റിദ്ധാരണയുണ്ടെങ്കിൽ, അവർക്ക് എന്നെ വന്നു കാണാം. എത്ര സമയമെടുത്ത് വേണമെങ്കിലും അവരോട് കാര്യങ്ങൾ വിശദീകരിക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്യാം. സമരം പ്രശ്നപരിഹാരത്തിനാണെങ്കിൽ പ്രശ്നമില്ലെന്ന് ബോധ്യം വന്നാൽ അവർ സമരം പിൻവലിക്കട്ടെ. അതുകൊണ്ട് അവരോട് എന്നെ വന്നു കാണാൻ നിങ്ങൾ നിർദ്ദേശിക്കുക. ഞാൻ അവരുമായി ചർച്ചയ്ക്ക് തയ്യാറാണ്. അപ്പോൾ ഈ പ്രശ്നം പരിഹരിക്കുകയും തെറ്റിദ്ധാരണ ഒഴിവാക്കുകയും ചെയ്യാം. ഞാൻ എപ്പോൾ വേണമെങ്കിലും ചർച്ചയ്ക്ക് തയ്യാറാണ്. താങ്കൾ കൂട്ടിക്കൊണ്ടുവന്നാലും മതി. അവരുടെ എല്ലാ തെറ്റിദ്ധാരണകൾക്കും പരിഹാരമുണ്ടാക്കാം. അതുകൊണ്ട് വെറുതെ ഈ ചൂടുകാലത്ത് സമരം ചെയ്ത് ചെറുപ്പക്കാരുടെ ആരോഗ്യം നഷ്ടപ്പെടുത്തേണ്ട എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഏതുനിമിഷം വേണമെങ്കിലും അവരോട് ചർച്ചയ്ക്ക് തയ്യാറാണ്. പരസ്യമായി അസംബ്ലി ഹാളിൽവച്ച് ക്ഷണിക്കുന്നു. ഒന്നുകിൽ അസംബ്ളിയിൽ വച്ചു കാണാം. അല്ലെങ്കിൽ സെക്രട്ടറിയറ്റിൽ വച്ച് കാണാം അതുമല്ലെങ്കിൽ എന്റെ വീട്ടിൽവച്ച് ചർച്ച ചെയ്യാം. അവരുടെ സംശയങ്ങളെല്ലാം ദൂരീകരിക്കാം. ആവശ്യമില്ലാതെ സമരം വേണ്ടെന്ന് പറയുക, സമരമൊഴിവാക്കാൻ പറയുക. വിവിധ വകുപ്പുകളിലായി മൊത്തം 17195 തസ്തികകൾ അധികമായതിനാൽ 3570 തസ്തികകൾ നിർത്തലാക്കിക്കൊണ്ടും 2915 തസ്തികകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ടും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞു. ബാക്കി തസ്തികകളും കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുകയോ Supernumerary ആയി പ്രഖ്യാപിക്കുകയോ ചെയ്യുന്നതാണ്. അല്ലാതെ നിരോധനമല്ല. ഒന്നുകിൽ Deployment അല്ലെങ്കിൽ Supernumerary അപ്പോൾ ആ സംശയം മാറിയല്ലോ? എന്നോട് സംസാരിച്ച സംശയങ്ങൾക്കെല്ലാം പരിഹാരമുണ്ടാകും. വെറുതെ ആവശ്യമില്ലാതെ സമരത്തിന് പോകേണ്ട. 1-12-2003 മുതൽ പി.എസ്.സി. മുഖേനയുള്ള നിയമനത്തിൽ ഏർപ്പെടുത്തിയിരുന്ന നിരോധനം പിൻവലിക്കുകയും വകുപ്പുകളിൽ നിലവിലുള്ള എല്ലാ ഒഴിവുകളും ശ്രദ്ധാപൂർവ്വം കണക്കാക്കി 1-12-2003 മുതൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പുമേധാവികൾക്ക് കർശനമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുൻപ് കാലാവധി തീരുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടേയും കാലാവധി 31-3-2004 വരെ ദീർഘിപ്പിക്കുവാൻ പി.എസ്.സി.യോട് സർക്കാർ അഭ്യർത്ഥിക്കുകയും, ഈ നിർദ്ദേശം തത്വത്തിൽ കമ്മീഷൻ അംഗീകരിക്കുകയും പി.എസ്.സി. അയച്ചു തന്ന കരട് വിജ്ഞാപനം പുനഃപരിശോധന നടത്തുകയും അതിൻമേൽ തുടർനടപടി ത്വരിതഗതിയിൽ നടന്നു വരുകയും ചെയ്യുന്നു. ചില ലിസ്റ്റിന്റെ കാര്യത്തിൽ പി.എസ്.സി. അല്പം സംശയം പറഞ്ഞിട്ടുണ്ട്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മാത്രമേ നിയമനം നടത്താവൂ എന്നും റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലെങ്കിൽ പി.എസ്.സി.-യിൽ നിന്നും പ്രസ്തുത തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലില്ല എന്ന് സർട്ടിഫിക്കറ്റ് വാങ്ങിയതിനുശേഷമേ എംപ്ലോയ്മെന്റ്

എക്സ്ചേയ്ഞ്ച് മുഖേന നടപടി സ്വീകരിക്കാവൂ എന്നും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി മാത്രമേ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഒഴിവുകൾ നികത്താൻ പാടുള്ളൂ. ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിലോ സർക്കാർ വകുപ്പുകളിലോ കരാർ അടിസ്ഥാനത്തിലോ ദിവസക്കൂലി അടിസ്ഥാനത്തിലോ പിൻവാതിൽ നിയമനം നടത്തുന്നതായി ഔദ്യോഗികമായി വിവരം ലഭിച്ചിട്ടില്ല. പക്ഷേ ഗവൺമെന്റിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി പി.എസ്.സി. ലിസ്റ്റ് ഉള്ളപ്പോൾ ആ ലിസ്റ്റിൽ നിന്നും ആളെ എടുക്കാതെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ പിൻവാതിലിൽകൂടി നിയമനം നടക്കുന്നതായി പരാതി കിട്ടിയാൽ തീർച്ചയായിട്ടും അത് പരിശോധിക്കുന്നതാണ്. അങ്ങനെയുള്ള വകുപ്പു മേധാവികളോട് അതിന് വിശദീകരണം ചോദിക്കും എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. ന്യായമായി പി.എസ്.സി.-യിൽ കൂടി ജോലി കിട്ടാനുള്ള കേരളത്തിലെ തൊഴിൽരഹിതരായ ആളുകളുടെ അവകാശത്തെ—പൊതുമേഖലാ വ്യവസായസ്ഥാപനത്തിലായാലും കൊള്ളാം, ഡിപ്പാർട്ടുമെന്റിലായാലും കൊള്ളാം— ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ അട്ടിമറിക്കാൻ ശ്രമിച്ചാൽ അവർക്കെതിരായി കർശനമായ നടപടി സ്വീകരിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പുതരാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, ഏതായാലും അവസാനം അങ്ങ് പറഞ്ഞ ധീരമായ നടപടിയെ ഞാൻ പിന്താങ്ങുന്നു. ഞാൻ അങ്ങയെ വെല്ലുവിളിച്ചു പറയുന്നു, ഇവിടെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ 4066..................

**Mr. Speaker:** No....No....There is no further explanation. You can ask a question. അല്ലാതെ ഒന്നും വേണ്ട.

ശ്രീ. എം. വി. ജയരാജൻ: എന്നാൽ അങ്ങ് ഗ്യാരന്റിയെടുത്താൽ മതി. അങ്ങേയ്ക്ക് ഈ ഉത്തരം സഭ കഴിഞ്ഞിട്ട് ഞാൻ തരാം. എന്നിട്ട് അങ്ങ് ഇതിൽ പറയുന്ന കാര്യം ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കുമെന്ന് ഉറപ്പു വരുത്തിയാൽ മതി. അങ്ങയിൽ എനിക്ക് വിശ്വാസമാണ്.

**Mr. Speaker:** You give it in writing.

ശ്രീ. എം.വി. ജയരാജൻ: അങ്ങയിൽ എനിക്ക് വിശ്വാസമാണ്.

**Mr. Speaker:** You give it in writing.

ശ്രീ. എം. വി. ജയരാജൻ: പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കേ 1294 അസിസ്റ്റന്റുമാരേയും 450 പ്യൂൺമാരേയും നിയമിച്ചു എന്നതിന്റെ പേരിൽ നടപടിയെടുക്കാൻ അങ്ങ് മുൻകൈയെടുക്കും എന്നതുകൊണ്ട് ഞാൻ പറയുന്നില്ല. ഇലക്ട്രിസിറ്റി ബോർഡിൽ ഞാൻ ഇവിടെ വായിച്ച നിയമനനിരോധനം മൂന്നു വർഷത്തേക്ക് നിലനിൽക്കുന്നു എന്ന് പ്രഖ്യാപിച്ച ബോർഡ് ഓർഡർ 82/2002-ന്റെ പശ്ചാത്തലത്തിലും കോഴിക്കോട് സർവ്വകലാശാലയ്ക്ക് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ശ്രീ. മോഹൻദാസ് അയച്ച നിയമനനിരോധനം തുടരുന്നു എന്ന സർക്കുലറിന്റെ പശ്ചാത്തലത്തിലും ഈ സർക്കുലർ എല്ലാം റദ്ദാക്കണമെന്നും എല്ലാ ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കണമെന്നുമുള്ള ഒരു പ്രത്യേക നിർദ്ദേശം എല്ലാ ഡിപ്പാർട്ടുമെന്റ് മേധാവികൾക്കും അങ്ങ് നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ഏതായാലും എനിക്ക് വളരെ സന്തോഷമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറെക്കുറിച്ച് സംശയം പറഞ്ഞുകൊണ്ട് അവിശ്വാസപ്രമേയത്തിൽ ഒപ്പിട്ട അങ്ങ് തന്നെ ഈ സഭയിൽ ആകെ അങ്ങേക്ക് വിശ്വാസം സ്പീക്കറെ മാത്രമാണ് എന്ന് പറഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. അപ്പോൾ അവിശ്വാസപ്രമേയത്തിൽ ഒപ്പിട്ട ഒരു വോട്ട് കുറഞ്ഞു.

(ബഹളം)

മി. സ്പീക്കർ : ഓർഡർ...........ഓർഡർ.................

മി. സ്പീക്കർ : നമ്മൾ ആ Contraversy യിലേക്ക് പോകേണ്ട..

(ബഹളം)

മി. സ്പീക്കർ : അതിന്റെ പ്രസംഗം ഇപ്പോൾ വേണ്ട. ഓർഡർ ............ഓർഡർ

ശ്രീ. എ. കെ. ആന്റണി : ഞാൻ ഒരു ഫലിതം പറഞ്ഞതല്ലേ? ഏതായാലും പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ ആ ലിസ്റ്റിൽ നിന്നും നിയമനം നടത്താതെ പുറംവാതിലിൽകൂടി നിയമനം നടത്താൻ പാടില്ല എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഉറച്ച തീരുമാനം. ഈ തീരുമാനം അട്ടിമറിക്കുന്നതായി വ്യക്തമായ ആക്ഷേപം ഉണ്ടെങ്കിൽ എഴുതി തരുക. തീർച്ചയായും അത് പരിശോധിക്കാം. കുറ്റം ചെയ്തവരോട് വിശദീകരണം ചോദിക്കുന്നതായിരിക്കും. അത് പരിശോധിക്കുന്നതായിരിക്കും.

(2) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള അനാശാസ്യ പ്രവർത്തനങ്ങളേയും മയക്കുമരുന്നു മാഫിയകളേയും തടയേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേക്ക് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിൽത്തന്നെ വളരെ മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ കേരളത്തിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന 13-ഉം 14-ഉം വയസ് മാത്രം പ്രായമായ കുട്ടികളെ മയക്കു മരുന്ന് നൽകിയും പോക്കറ്റ്മണി കൊടുത്തും സിനിമയ്ക്ക് ടിക്കറ്റ് എടുത്തു കൊടുത്തും മറ്റു രീതിയിലുമൊക്കെ സ്വാധീനിച്ചും ഭീഷണിപ്പെടുത്തിയും പ്രകൃതിവിരുദ്ധ ലൈംഗികതയ്ക്കും തെറ്റായ കാര്യങ്ങൾക്കും വേണ്ടി പ്രലോഭിപ്പിക്കുന്ന ഗൂഢസംഘം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും പരിസരത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇതിന് ധാരാളം തെളിവുകൾ ഈ അടുത്ത കാലത്ത് ലഭിക്കുകയുണ്ടായി. കേരളത്തിലെ ഒരു പ്രധാനപ്പെട്ട പത്രമായ 'മാധ്യമം' പത്രത്തിൽ ഒരു ലേഖകൻ ഇത് സംബന്ധിച്ച് ഒരു വലിയ പരമ്പര തന്നെ പ്രസിദ്ധീകരിച്ചിരുന്നു. സ്കൂൾ വിദ്യാർത്ഥികളെ പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും തട്ടിക്കൊണ്ടുപോയി പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സ്വവർഗ്ഗരതിക്കാരുടെ റാക്കറ്റ് എല്ലാ സ്ഥലത്തും പ്രവർത്തിക്കുന്നു എന്നതിന്റെ ധാരാളം തെളിവുകൾ ഈ അന്വേഷണത്തിൽ നിന്നും കിട്ടിയിട്ടുണ്ട്. ഇക്കൂട്ടർ സ്കൂൾ പരിസരങ്ങൾ, ബസ്സ്റ്റാന്റുകൾ, തിയേറ്ററുകൾ എന്നിവിടങ്ങൾ എല്ലാം കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ കടകൾ കേന്ദ്രീകരിച്ചും പ്രവർത്തനം നടക്കുന്നുണ്ട്. കേരളത്തിൽ തൃശൂർ, കോഴിക്കോട് അതുപോലെ മലപ്പുറം ജില്ലയിലെ തിരൂർ, പൊന്നാനി, മഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് അതിന് ധാരാളം തെളിവുകൾ കിട്ടിയിട്ടുണ്ട്. പക്ഷേ പോലീസ് ഇതിന്



LIBRARY ARCHIVES Kerala Legislative Assembly

കാര്യമായ നടപടി സ്വീകരിക്കാത്ത ഒരു അവസ്ഥയുണ്ട്. ഇത് വളരെ വേദനാജനകമാണ്. പ്രകൃതിവിരുദ്ധ ലൈംഗികതയ്ക്ക് കേളികൊട്ടിയിരുന്ന ഒരു സമൂഹം പണ്ടുകാലത്ത് നിലനിന്നിരുന്നതായും പിന്നീട് ദൈവം അവരെ ശക്തമായി ശിക്ഷിച്ചിരുന്നതായും ബൈബിളിലും ചരിത്രങ്ങളിലും നമ്മൾ വായിച്ചിട്ടുണ്ട്. Education is not civilisation. കേരളത്തിലെ ജനങ്ങൾ educated ആണ്. പക്ഷേ അവർ അതിനനുസരിച്ച് സിവിലൈസ്ഡ് ആണോ അല്ലയോ എന്നുള്ള കാര്യം സംശയാസ്പദമാണ്. നമ്മുടെ ഭാവി പൗരൻമാരായിട്ടുള്ള നല്ല കുട്ടികളെ വഴി തെറ്റിക്കുന്ന ഒരു സാഹചര്യം വേണ്ടത്ര ഗൗരവം നൽകി ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്. ഷൂസേ സരമാഗു എന്ന് പറയുന്ന നോബൽപ്രൈസ് ജേതാവായ സാഹിത്യകാരൻ 'Gospel according to Jesus' എന്ന് പറയുന്ന നോബൽപ്രൈസ് നേടിയ അദ്ദേഹത്തിന്റെ നോവലിൽ ദൈവവും സാത്താനും ജീസസും ഒരേ വള്ളത്തിൽ സഞ്ചരിക്കുന്ന ഒരു രംഗം വരച്ചുകാണിക്കുന്നുണ്ട്. അതുപോലെ വിദ്യാഭ്യാസവും അറിവും സ്വഭാവരൂപീകരണവും നടക്കുന്ന സ്ഥലത്തുതന്നെ പ്രകൃതിവിരുദ്ധ ലൈംഗികതയും മയക്കുമരുന്നു പ്രയോഗവും ഒക്കെ ഒരുമിച്ച് നടക്കുന്ന കേന്ദ്രങ്ങളായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറുന്നത് വളരെ വേദനാജനകമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് ഇതിനെതിരെ ചില നടപടികൾ സ്വീകരിക്കണം. സ്കൂൾ പരിസരത്ത് സംശയാസ്പദമായ സാഹചര്യത്തിൽ കോമ്പൗണ്ടിനകത്തും പുറത്തും വന്നുപോകുന്ന ആളുകളെ നിരീക്ഷിക്കുന്നതിന് ആവശ്യമായ ശക്തമായ സംവിധാനം പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. എന്റെ സ്നേഹിതൻ ശ്രീ. മമ്മൂട്ടി ഇവിടെ പറയുകയുണ്ടായി, അവിടെ പി.ടി.എ. പരിശോധിച്ചപ്പോൾ വിദ്യാഭ്യാസ സ്ഥാപനത്തിൽ പുറത്തുനിന്നുള്ള ചെറിയ കുട്ടികളെ ആ സ്കൂളിലെ യൂണിഫോം ധരിപ്പിച്ചിട്ട് സ്കൂളിനകത്ത് അയച്ച് മയക്കുമരുന്നു വിൽപ്പന നടത്തുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന്. അങ്ങനെ സ്കൂൾ യൂണിഫോം ഉപയോഗിച്ച് മയക്കുമരുന്ന് വിൽപ്പനക്കാർ കുട്ടികളെ സ്വാധീനിക്കുന്നു. അത് തടയുവാൻ പി.ടി.എ.-യുടെ സഹായ സഹകരണത്തോടുകൂടി ഒരു സെക്യൂരിറ്റി സംവിധാനം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഏർപ്പെടുത്താനുള്ള നിർദ്ദേശം കൊടുക്കണം.

അതുപോലെ സ്കൂൾ പരിസരത്ത് നിരുപദ്രവകരമാണെന്ന് നമ്മൾ കരുതുന്ന ഒരുപാട് കടകൾ ഉണ്ട്. അവയെല്ലാം ഉപദ്രവകാരികളാണ്. ഇങ്ങനെയുള്ള കടകളൊക്കെ നിരോധിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണം. അതുപോലെ തന്നെ മോറൽ എഡ്യൂക്കേഷൻ നൽകാനുള്ള സംവിധാനം ഉണ്ടാകണം, അത് വിദ്യാഭ്യാസ സ്ഥാപനത്തിൽ നടത്തണം. നമുക്കറിയാം, ലോകത്ത് അടുത്തകാലത്ത് മൈക്കിൾജാക്സനെപോലെ വളരെ വലിയ സംഗീതജ്ഞരായിട്ടുള്ള ആളുകൾവരെ ഇത്തരം കേസ്സുകളിൽ കുടുങ്ങിയപ്പോൾ യാതൊരു ദാക്ഷിണ്യവുമില്ലാതെ ശിക്ഷിക്കാനും നടപടിയെടുക്കാനും ആ രാജ്യങ്ങളിലെ കോടതികൾ തയ്യാറായി. ഇവിടെ നിസ്സാരമായ സംഗതിയാണ്, പ്രകൃതിവിരുദ്ധത എന്ന മനോഭാവമാണുള്ളത്. അനവധി കുട്ടികൾ മരിച്ചിട്ടുണ്ട്, അനവധി കുട്ടികളെ കാണാതായിട്ടുണ്ട്, ഇത് നിസ്സാരമായ ഒരു സംഭവമല്ല. സ്ത്രീപുരുഷ ലൈംഗികത വരുമ്പോൾ മാത്രം ശക്തിയായി കേസ് എടുക്കുകയും സ്വവർഗ്ഗരതിയാകുമ്പോൾ അവ അവഗണിക്കേണ്ടുന്ന ഒരു കാര്യമാണെന്ന് കരുതുകയും ചെയ്യുന്നു. പോലീസ് തന്നെ പല

സ്ഥലത്തും ഇതിന് കൂട്ടുനിൽക്കുന്നുണ്ടോ എന്നുള്ള സംശയവും ഉണ്ട്. ഇപ്പോൾ അടുത്ത ദിവസങ്ങളിൽ മഞ്ചേശ്വരത്തും തൃശ്ശൂരുമൊക്കെ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായി. പോലീസ് ആരെയും അറസ്റ്റ് ചെയ്യുന്നില്ല, നടപടികൾ സ്വീകരിക്കുന്നില്ല. ഇന്ത്യൻ പീനൽ കോഡിൽ 377-ാം വകുപ്പ് ശക്തമായി ശിക്ഷ പ്രതിപാദിച്ചിട്ടുള്ള ഒരു സംഗതിയാണ് ഈ പ്രകൃതിവിരുദ്ധ ലൈംഗികത. പക്ഷെ അതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ നല്ല പൗരൻമാരെ വാർത്തെടുക്കുന്ന അറിവിന്റെ കേന്ദ്രമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാം ധാർമ്മിക മൂല്യമുള്ള കുട്ടികൾ വളർന്നുവരാനും അവർ വഴിതെറ്റാതിരിക്കാനും അവർ മയക്കുമരുന്നിന്റെ അടിമകളാകാതിരിക്കുവാനും ആ തലമുറ പ്രകൃതിവിരുദ്ധ ലൈംഗികതയുടെ തലമുറ ആകാതിരിക്കുവാനും ഉള്ള ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കേരളത്തിലെ സമൂഹ മനഃസാക്ഷി ഉണർന്നു പ്രവർത്തിക്കേണ്ട ഗൗരവതരമായ ഒരു സാമൂഹ്യ തിൻമയിലേക്കാണ് ബഹുമാനപ്പെട്ട മെമ്പർ ആദ്യമായി ഈ സഭയുടെ ശ്രദ്ധക്ഷണിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പറുടെ സാമൂഹ്യ പ്രതിബദ്ധത മനസ്സിലാക്കുന്നു. അതിനെ ബഹുമാനിക്കുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് അംഗീകരിക്കുന്നു. പക്ഷെ മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സെക്സ് റാക്കറ്റ്, മയക്കുമരുന്നു മാഫിയ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾമൂലം വിദ്യാർത്ഥികൾ വഴിതെറ്റിപ്പോകുന്നത് ശരിയാണെങ്കിലും ഈ പ്രവണത ക്രമാതീതമായി കേരളത്തിൽ വർദ്ധിച്ചുവരുന്നു എന്ന അഭിപ്രായം ഗവൺമെന്റിനില്ല. ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന കാര്യം മഫ്റ്റിയിലും മറ്റും പോലീസുകാരെ നിയോഗിച്ച് നിരീക്ഷിച്ചു വരുന്നുണ്ട്. ചില പരാതികൾ കിട്ടിയതിനെത്തുടർന്ന് അത്തരം നിരീക്ഷണങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുമുണ്ട്. ജില്ലകളിൽ സ്കൂൾ അധികൃതർ, രക്ഷകർത്താക്കൾ, പൗരപ്രമുഖർ എന്നിവരുടെ സഹായത്തോടെ വിവരങ്ങൾ ശേഖരിച്ച് അന്വേഷണങ്ങൾ നടത്തുന്നുണ്ട്. സ്കൂളുകളിലും കോളേജുകളിലും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലും പാർക്കുകൾ, വാക്ക്‌വേകൾ എന്നിവിടങ്ങളിലും മഫ്റ്റി പോലീസുകാരെയും ക്രൈം സ്ക്വാഡിൽപ്പെട്ടവരെയും നിയോഗിച്ച് അന്വേഷണങ്ങൾ നടത്തിവരുന്നുണ്ട്. ഈ അന്വേഷണം കുറച്ചുകൂടി ഊർജ്ജിതപ്പെടുത്തുവാൻ തീർച്ചയായും നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഈ വിഷയത്തിൽ ഇതിനകം കേരളത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ എത്ര ഇൻസിഡന്റ്സ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്നും ഒന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ അതിനുള്ള വിശദമായ ഉത്തരം തയ്യാറാക്കിത്തരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## III. സബ്മിഷൻ

### (1) പത്തനംതിട്ട ജില്ലയിലെ പന്നിക്കുഴി ചെന്നീർക്കര അമ്പലത്തുപാട് പി.സി.ജി. ഭവനിലെ മറിയാമ്മയുടെ കൊലപാതകം

ശ്രീ. രാജു എബ്രഹാം: സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ടാണ് ഞാൻ ഒരു അടിയന്തിരപ്രമേയത്തിന് ഇത് തന്നിരുന്നത്. ഭർത്താവും മക്കളും ഗൾഫിലുള്ള പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര പുത്തൻവീട്ടിൽ മറിയാമ്മ (55 വയസ്സ്) ഇന്നലെ ഉച്ചയോടെ വീടിനുള്ളിൽ വെട്ടേറ്റ് മരിക്കുകയുണ്ടായി. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല, ഇതുസംബന്ധിച്ച് ഇന്നത്തെ ഇന്റർനെറ്റ് എഡിഷൻ ഒന്നാം പേജിൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും മലയാളം പത്രങ്ങളിലും എല്ലാം വാർത്തകൾ വന്നിരിക്കുകയാണ്. വിദേശ മലയാളികൾ ഭീതിയിലാണ്. പ്രത്യേകിച്ചും പത്തനംതിട്ട ജില്ലയിൽ ഏതാണ്ട് 30 ശതമാനത്തിലധികം കുടുംബങ്ങളിലും ഒന്നുകിൽ ഭാര്യ മാത്രം, അല്ലെങ്കിൽ മാതാപിതാക്കൾ മാത്രമാണുള്ളത്. എനിക്ക് ഈ സഭയിൽ തന്നെ തന്നിട്ടുള്ള ചോദ്യത്തിനുത്തരമായി അങ്ങ് ഇതുസംബന്ധിച്ച് നടപടിയെടുക്കും എന്നുപറഞ്ഞിട്ടുണ്ട്. ജില്ലയിലെ പ്രത്യേക അവസ്ഥയും പറഞ്ഞിട്ടുണ്ട്. ഈ ജില്ലയിൽ ഉയർന്നുവരുന്ന കൊലപാതകങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സബ്മിഷനിലൂടെ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ അങ്ങ് കർശന നടപടിയെടുക്കും എന്ന് സൂചിപ്പിച്ചിരുന്നു. പക്ഷെ ഒരു നടപടിയും അങ്ങ് സ്വീകരിച്ചതായിട്ട് കാണുന്നില്ല. കേരളത്തിൽ പതിനായിരക്കണക്കിന് കുടുംബങ്ങൾ, അവരുടെ ബന്ധുക്കൾ വിദേശങ്ങളിൽ ഉള്ളതുകാരണം തനിയെ താമസിക്കുന്നവരായി ഉണ്ട്. പ്രവാസി മലയാളികളൊക്കെ ഭീതിയിലാണ്. ഇന്ന് കേരളം ബ്ലേഡ് മാഫിയകളും, ഗുണ്ടകളും ഭരിക്കുന്ന ഒരു കാലഘട്ടത്തിലേക്ക് വന്നിരിക്കുന്നു എന്ന് കേരളത്തിലെ എല്ലാ ദിനപത്രങ്ങളും ഇവിടെ പറയുകയാണ്. അത്തരം ഒരു സാഹചര്യത്തിൽ ഈ സംഭവത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പൊതുവായി പ്രശ്നം പറഞ്ഞതല്ലാതെ അടിയന്തിരപ്രമേയത്തിനാധാരമായ കാര്യത്തെക്കുറിച്ച് കാര്യമായി ഇവിടെ വിശദീകരിച്ചിട്ടില്ല. പത്തനംതിട്ട ജില്ലയിൽ മാത്രമല്ല, കേരളത്തിലെമ്പാടും ഇതുപോലുള്ള അക്രമസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ കൂടുതൽ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിനുവേണ്ടി ആവശ്യമായ സ്ഥലങ്ങളിലെല്ലാം സ്പെഷ്യൽ സ്ക്വാഡുകളെ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ താങ്കൾ ഇന്നത്തെ സബ്മിഷനിൽ പറഞ്ഞ കാര്യം ഞാൻ വിശദീകരിച്ചിട്ടില്ല, അത് വിശദീകരിക്കാം. പത്തനംതിട്ട പന്നിക്കുഴി, ചെന്നീർകര ചിറക്കരോട്ടു വീട്ടിൽ ഫിലിപ്പിന്റെ ഭാര്യ 48 വയസ്സുള്ള മറിയാമ്മ ഫിലിപ്പിനെ 28-1-2004-ന് പകൽ 12.45 മണിയോടെ ആരോ ഒരാൾ ഗുരുതരമായി വെട്ടി പരിക്കേൽപ്പിച്ചശേഷം ഓടിപ്പോയി. ഇത് കണ്ട് അയൽവക്കത്തുള്ളവർ ഓടിക്കൂടി മറിയാമ്മ ഫിലിപ്പിനെ ചികിൽസയ്ക്ക് മുളക്കുഴ സെഞ്ചുറി ആശുപത്രിയിലേക്ക് കൊണ്ടുപോയി എങ്കിലും അവർ മരണപ്പെട്ടു. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 448, 302 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 67/2004 നമ്പരായി പത്തനംതിട്ട പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ സംഭവസ്ഥലം സന്ദർശിക്കുകയും, പോലീസ് നായയെ സംഭവസ്ഥലത്ത് കൊണ്ടുവന്ന് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. വിരലടയാള വിദഗ്ദ്ധൻമാർ സംഭവസ്ഥലത്ത് എത്തി തെളിവ് ശേഖരിച്ചിട്ടുള്ളതും മറ്റ് ശാസ്ത്രീയ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റാന്വേഷണ സങ്കേതങ്ങൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പോസ്റ്റ്മോർട്ടം പരിശോധനയ്ക്കായി മൃതശരീരം മുളക്കുഴ സെഞ്ചുറി ആശുപത്രിയിൽ സൂക്ഷിച്ചിട്ടുണ്ട്. പത്തനംതിട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വളരെ അടിയന്തിരമായി കേസ് അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഇന്നു രാവിലെയും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) തൃശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം പ്രവർത്തിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം പ്രവർത്തനരഹിതമായിട്ട് ആഴ്ചകളോളമായി. ഈ സബ്മിഷൻ കൊടുത്തതിനുശേഷം ഒരു ഡോക്ടറെ അവിടെ നിയോഗിച്ചു എന്നത് ശരിയാണ്. അതുകൊണ്ട് ന്യൂറോ സർജറി വിഭാഗത്തിന്റെ വാതിൽ തുറക്കുന്നുണ്ട്, പക്ഷെ ചികിൽസ നടക്കുന്നില്ല. അതുകൊണ്ട് വളരെ ഗൗരവതരമായ ഈ സ്ഥിതിവിശേഷത്തിൽ ഉടനടി ഇടപെട്ട് മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം കാര്യക്ഷമമായി പ്രവർത്തനം നടത്താൻവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ന്യൂറോ സർജറി വിഭാഗം എന്നുപറയുന്നത് ഒരു സ്കാൻ കാറ്റഗറിയാണ്. ഇന്നിപ്പോൾ കേരളത്തിൽ ന്യൂറോ സർജറി വിഭാഗത്തിൽ പ്രൊഫസർമാരേയും, അസോസിയേറ്റ് പ്രൊഫസർമാരേയും, ലക്ച്ചറർമാരേയും, അസിസ്റ്റന്റ് പ്രൊഫസർമാരെയുമൊക്കെ ലഭിക്കാൻ വളരെ പ്രയാസമാണ്. തൃശൂർ മെഡിക്കൽ കോളേജിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഒരു ന്യൂറോ അസോസിയേറ്റ് പ്രൊഫസറെ തൃശൂർ മെഡിക്കൽ കോളേജിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഡി.പി.സി. ഇപ്പോൾ അടുത്തുതന്നെ ചേരുകയാണ്. ഡി.പി.സി. ചേർന്നുകഴിഞ്ഞ് പ്രൊമോഷൻ ലഭിക്കുമ്പോൾ ആളുകളെ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകില്ല. പി.എസ്.സി.-യിൽ നിന്ന് ആറു പേരുടെ അഡ്വൈസ് ലഭിച്ചിട്ടുണ്ട്. ആറ് ആൾക്കാരെ ലഭിച്ചുകഴിഞ്ഞാൽ നാല് ആൾക്കാരെ തൃശൂർ മെഡിക്കൽ കോളേജിൽ നിയമിക്കുന്നതാണ്. ബാക്കിയുള്ള രണ്ട് ആൾക്കാരെയാണ് മറ്റു മെഡിക്കൽ കോളേജുകളിലേക്ക് വിടുന്നത്. അങ്ങനെ ഈ പ്രശ്നം പരിഹരിക്കാമെന്നാണ് ഗവൺമെന്റ് ധരിക്കുന്നത്.

(3) തീരദേശ നിയമംമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. സി. കെ. നാണു: സർ, ഒരു നിയോജകമണ്ഡലത്തിൽ തന്നെ കടലോരത്ത് ചില പഞ്ചായത്തുകളിൽ മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ ഇട്ടു കൊടുക്കുന്നു, തൊട്ടടുത്ത പഞ്ചായത്തിലെ മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ ഇട്ടു കൊടുക്കുന്നില്ല. ഈ പ്രശ്നം പല പ്രാവശ്യം നിയമസഭയിൽ ഗൗരവമായി ചർച്ച ചെയ്തതാണ്. ഏതാനും ദിവസം മുമ്പ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പട്ടയം നൽകുവാൻ കഴിയാത്ത സ്ഥലത്ത് കൈവശരേഖ നൽകാൻ റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് തീരുമാനിച്ചിട്ടുണ്ട് എന്നുപറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ വീടുകൾക്ക് നമ്പർ നൽകുവാനുള്ള നടപടി നീക്കിക്കിട്ടുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ് എന്നുപറയുന്നു. പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഔദ്യോഗികമായി ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം നൽകാതെ ഒരു കാരണവശാലും എന്തിവിടെ പറഞ്ഞാലും അവർ നമ്പർ ഇട്ടുകൊടുക്കാൻ പോകുന്നില്ല. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. അവർ പാവപ്പെട്ടവരാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലം തന്നെ കടലോരത്തായതുകൊണ്ട് മന്ത്രിക്കുപോലും പലപ്പോഴും അനുഭവപ്പെടുന്ന ഒരു പ്രശ്നമാണ്. അപ്പോൾ ഇതിനൊരു ശാശ്വതമായ പരിഹാരം കാണണം. ഇപ്പോൾ വേണ്ടത് താൽക്കാലികമായി വൈദ്യുതി ലഭിക്കാനും, റേഷൻകാർഡ് ലഭിക്കാനും ആ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് അവസരം ഉണ്ടാക്കണം. അതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, നഗരസഭകളെ C. R. Z. II-ലും പഞ്ചായത്തുകളെ C. R. Z. III-ലും ഉൾപ്പെടുത്തി ചില നിബന്ധനകൾക്ക് വിധേയമായി ഉറവുടമകൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് താമസിക്കാനുള്ള അനുവാദം

10.00 A.M.] നൽകിയിട്ടുണ്ട്. C. R. Z. III-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ 200 മീററർ മുതൽ 500 മീറ്ററിനുള്ളിൽ മൽസ്യത്തൊഴിലാളികൾ വീട് വച്ചാൽ നമ്പർ കൊടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെയല്ലാതെ നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് നമ്പർ കൊടുക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് 21-ാം തീയതി കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഗൗരവമായി ചർച്ച ചെയ്തിട്ടുണ്ട്. C. R. Z. III എന്നുള്ളത് C. R. Z. II ആക്കി മാറ്റാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(4) ചെറുകിട കളിമൺ വ്യവസായികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, തൃശ്ശൂർ ജില്ലയിലെ ചെറുകിട കളിമൺ വ്യവസായികൾ ഇന്ന് വളരെ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുകയാണ്. ധാരാളം പേർ കെ.എഫ്.സി.-യിൽ നിന്നും അതുപോലെതന്നെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിട്ടുള്ളത് തിരിച്ചടയ്ക്കാത്തതുമൂലം ജപ്തി നടപടികൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. ഈ അടുത്ത കാലത്തായി രണ്ടു മൂന്നു കളിമൺ വ്യവസായികൾ എന്റെ നിയോജകമണ്ഡലത്തിൽ ആത്മഹത്യ ചെയ്തു. ഈ ലോൺ ഒരു ലോങ് ടേം ലോൺ ആയി മാറ്റിയെടുക്കുക, കുറേക്കൂടി ഇൻസ്റ്റാൾമെന്റ് അനുവദിക്കാനുള്ള അവസരമുണ്ടാക്കുക. ഇപ്പോൾ പരമ്പരാഗതമായ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ മുഴുവൻ അർദ്ധപട്ടിണിക്കാരാണ്. വീടും പുരയിടവുമൊക്കെ പണയപ്പെടുത്തിയാണ് അവർ ഈ ലോണൊക്കെ എടുത്തിട്ടുള്ളത്. അതുകൊണ്ട് ഒരു സാവകാശം കിട്ടത്തക്കവിധത്തിൽ ഒന്നോ രണ്ടോ കൊല്ലംവരെയെങ്കിലും മൊറോട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് ഈ ലോൺ തിരിച്ചടയ്ക്കുന്നതിന് സാവകാശം ഉണ്ടാക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ലോണിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കാം. നമുക്ക് അത്തരത്തിലുള്ള ഒരു ആനുകൂല്യം വലിയ പട്ടിണിക്കാരായ ആളുകൾക്ക് കൊടുക്കണമെന്നുണ്ടെങ്കിൽ പോസിറ്റീവായിട്ട് ലോണിന്റെ കാര്യം ആലോചിക്കാം, ഈ വ്യവസായത്തിൽ വന്നിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചില പ്രശ്നങ്ങളുണ്ട്. അതിന് പരിഹാരമെന്ന നിലയിൽ വ്യവസായത്തിനാവശ്യമായ മണ്ണെണ്ണ, വൈദ്യുതി എന്നിവ നൽകിക്കൊണ്ട് cluster ഏർപ്പെടുത്താൻ പ്രൊപ്പോസൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുമായിട്ട് ഈ വിഷയം സംസാരിക്കാം.

(5) ഉമയനല്ലൂർ സർക്കാർ പ്രിന്റിംഗ് പ്രസ്സിന് സ്വന്തമായ കെട്ടിടവും കട്ടിംഗ് മെഷിനും ലഭ്യമാക്കാൻ നടപടി

ശ്രീ. എ. എ. അസീസ്: സർ, ഉമയനല്ലൂർ സർക്കാർ പ്രിന്റിംഗ് പ്രസ്സ് ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നാളിതുവരെ ഈ പ്രസ്സിന്റെ പ്രവർത്തനത്തിന് കട്ടിംഗ് മെഷീൻ വാങ്ങിയിട്ടില്ല. ഇപ്പോൾ പ്രിന്റിംഗ് കഴിഞ്ഞതിനുശേഷം പുറത്തുകൊടുത്താണ് കട്ടിംഗ് ജോലികൾ ചെയ്തുവരുന്നത്. ഉമയനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ടിൽ പ്രസ്സ് കെട്ടിടം പണിയാൻ ശിലാസ്ഥാപനം നടത്തിയിട്ട് വർഷങ്ങളായി. കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടില്ല. കെട്ടിടം പണി ആരംഭിക്കാനും കട്ടിംഗ് മെഷീൻ വാങ്ങാനും അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): സർ, ഉമയനല്ലൂർ സർക്കാർ പ്രിന്റിംഗ് പ്രസ്സിന്റെ കെട്ടിട നിർമ്മാണത്തിനായി അച്ചടി വകുപ്പിന്റെ കീഴിൽ നാലേക്കറോളം ഭൂമിയുണ്ട്, 2001-ൽ അവിടെ പ്രസ്സ് പ്രവർത്തനം ആരംഭിച്ചുവെങ്കിലും തസ്തികകൾ ഒന്നും സൃഷ്ടിച്ചിരുന്നില്ല. എന്തായാലും പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറോട് എസ്റ്റിമേറ്റ് തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പുതുതായി കട്ടിംഗ് മെഷീൻ വാങ്ങാൻ ഫണ്ട് ലഭ്യമല്ല. മണ്ണന്തലയിലുള്ള ഗവൺമെന്റ് പ്രസ്സിൽ നിന്ന് ഒരു സെമി ആട്ടോമാറ്റിക് കട്ടിംഗ് മെഷീൻ അങ്ങോട്ടു കൊണ്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കു കെട്ടിടം പണി ആരംഭിക്കുന്നതാണ്.

(6) ഉടുമ്പൻചോല താലൂക്കിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കാൻ നടപടി

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഉടുമ്പൻചോല താലൂക്ക് വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ പ്രത്യേകിച്ച് രാമക്കൽമേട്, നെടുങ്കണ്ടം പഞ്ചായത്ത്, കരുണാപുരം, പാമ്പാടുംപാറ പഞ്ചായത്തുകളിലും, തമിഴ്നാടിന്റെ ബൗണ്ടറി പ്രദേശങ്ങളിലും വർഷങ്ങളായി കാര്യമായ മഴ ലഭിക്കുന്നില്ല. ഈ വർഷം വരൾച്ച വളരെ രൂക്ഷമായിരിക്കുകയാണ്. അവിടെ കുഴൽക്കിണറാണ് ഏക ആശ്രയം. കുടിവെള്ളത്തിന്റെ ഈ പ്രശ്നം പരിഹരിക്കണം. പക്ഷെ വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് ഈ കുഴൽക്കിണർ കുഴിക്കാൻ പാടില്ലായെന്നു പറഞ്ഞ് റവന്യൂ വകുപ്പു സെക്രട്ടറിയുടെ ഒരു ഉത്തരവ് നിലനിൽക്കുകയാണ്. ഞാൻ ഇതു സംബന്ധിച്ച് മിനിസ്റ്റർക്ക് ഒരു കത്തു നല്കിയിരുന്നു. അതിന് അനുകൂലമായ സമീപനമൊക്കെ എടുത്തിട്ടുണ്ടെങ്കിലും റവന്യൂ വകുപ്പു സെക്രട്ടറിയുടെ ഉത്തരവ് തിരുത്തിയെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. അതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കുടിവെള്ള ക്ഷാമമുള്ളിടത്തെല്ലാം ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നുണ്ട്. കുടിവെള്ളത്തിന് ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. അതിനകത്ത് ഫണ്ടിന്റെ പ്രശ്നമേയില്ല. വെള്ളം കൊടുത്തുകൊള്ളാം. പിന്നെയുള്ളത് കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച്

"Restoration or repair of immediate nature of the damaged infrastructure" എന്നാണ് പറയുന്നത്. ഏതായാലും നിലവിലുള്ള കുളങ്ങളും കിണറുകളും renovate ചെയ്യാനുള്ള പണം നൽകാം. Extra-ordinary situation വരികയാണെങ്കിൽ സ്ട്രിക്ട് കംപ്ലയൻസ് എന്നുള്ളത് മാറ്റി, കുഴൽക്കിണറുകൾ കുഴിക്കുകയെന്ന നയപരമായ തീരുമാനത്തെപ്പറ്റി ആലോചിക്കാം. പക്ഷെ ഇപ്പോൾ നിലവിലുള്ളത് റിനൊവേഷനാണ്. അതിന് ആവശ്യമായ പണം തരാം.

(7) അടൂർ താലൂക്കിൽ വരൾച്ചാ ദുരിതാശ്വാസത്തിന് അടിയന്തിര സഹായം ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിരൂക്ഷമായ വരൾച്ചയെക്കുറിച്ചാണ് എനിക്ക് അങ്ങയുടെ മുൻപിൽ അവതരിപ്പിക്കാനുള്ളത്. സർ, അടൂർ താലൂക്ക് അതിരൂക്ഷമായ വരൾച്ചബാധിത പ്രദേശമായിട്ട് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ മന്ദഗതിയിലാണ് നീങ്ങുന്നത്. 5 പഞ്ചായത്തും മുനിസിപ്പാലിറ്റിയും അടങ്ങുന്ന എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷക്കാലത്തിനിടയ്ക്ക് ഉണ്ടായിട്ടുള്ളതിനേക്കാൾ ഏറ്റവും രൂക്ഷമായ കൊടിയ വരൾച്ചകൊണ്ട് ആളുകൾ ബുദ്ധിമുട്ടുകയാണ്. സർ, ഗവൺമെന്റിന്റെ ഒരു തീരുമാനംകൊണ്ട് ഈ പുതിയ വർക്കുകൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. ഒരു പൈപ്പ് എക്സ്ടെൻഷനുവേണ്ടി 50 മീറ്റർ പോലും പൈപ്പ് എക്സ്ടെൻഷൻ അനുവദിക്കുകയില്ല എന്ന സർക്കാർ നിലപാടു കാരണം 50 മീറ്ററിനകത്തുള്ളവർക്കും അതിന്റെ ഗുണഫലം അനുഭവിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് പത്തനംതിട്ട ജില്ലയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുകയോ ഏറ്റവും രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾക്ക് പ്രയോറിറ്റി കൊടുക്കുകയോ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ കഴിഞ്ഞ 14-ാം തീയതി ജില്ലാ കളക്ടർമാരുടെ ഒരു യോഗം ഞാൻ വിളിക്കുകയുണ്ടായി. അതിനകത്ത് ക്ലാരിഫിക്കേഷൻ നൽകിയിട്ടുണ്ട്. കുറച്ച് ദൂരത്തിൽ പൈപ്പ് കണക്ഷൻ ആവശ്യമായി വന്നാൽ അത് വാട്ടർ അതോറിറ്റി ചെയ്യേണ്ടതാണ്. കുറെ ദൂരത്തേക്ക് ഏതെങ്കിലും ഒരു പൈപ്പ് കണക്ഷന് ആവശ്യമെങ്കിൽ ഇതിൽപ്പെടുത്തി ചെയ്യാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ഭൂഗർഭടാങ്ക് വേണമെങ്കിൽ നിർമ്മിക്കുന്നതിനും വെള്ളം ശേഖരിക്കുന്നതിനും വേണ്ടിയുള്ള ടാങ്കുകൾ നിർമ്മിക്കുന്നതിനും ഒക്കെയുള്ള, ചെറിയ വർക്കുകളെ സംബന്ധിച്ച് ആവശ്യമായ ഫണ്ട് കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല. പത്തനംതിട്ട ജില്ലയ്ക്ക് ഏഴരക്കോടി രൂപ കൊടുത്തിട്ടുണ്ട്. രൂപയില്ലാത്ത പ്രശ്നമില്ല. രൂപ എല്ലാ ജില്ലകൾക്കും അവയിലബിൾ ആക്കിയിരിക്കുകയാണ്. എവിടെയൊക്കെ ബുദ്ധിമുട്ടുണ്ടോ അവിടെയൊക്കെ അവ പരിഹരിക്കാനായിട്ടുള്ള നടപടികൾ സ്വീകരിക്കുകയാണ്.

## IV. റിപ്പോർട്ട് സമർപ്പണം

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2004-ലെ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: 2004-ലെ കേരള ടോൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയർമാനുവേണ്ടി പ്രസ്തുത കമ്മിറ്റി അംഗമായ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. എ. സുജനപാൽ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, പിന്നോക്ക സമുദായക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## V. ക്രമപ്രശ്നം

### ബി.എഡ്. കോളേജുകളുടെ ലിസ്റ്റ് റദ്ദാക്കുന്നത് സംബന്ധിച്ച സത്യവാങ്മൂലം

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാനൊരു ക്രമപ്രശ്നം ഉന്നയിക്കാൻവേണ്ടി അങ്ങേക്ക് എഴുതിത്തന്നിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ബി.എഡ്. കോളേജുകളുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഇന്നലെ ഈ സഭയിൽ പറഞ്ഞത് ആവശ്യമെങ്കിൽ ഹൈക്കോടതി പറഞ്ഞാൽ എൻ.ഒ.സി. പിൻവലിക്കാമെന്നാണ്. അല്ലാതെ ബി.എഡ്. കോളേജിന്റെ ലിസ്റ്റ് മുഴുവൻ റദ്ദാക്കുമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: റദ്ദാക്കിയെന്ന് പറഞ്ഞിട്ടില്ല എന്നാണദ്ദേഹം പറഞ്ഞത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 27-1-2004-ന് ഉന്നത വിദ്യാഭ്യാസ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ഹൈക്കോടതിയിൽ രണ്ടാമത് സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുള്ളത് 64 കോളേജുകൾക്ക് എൻ.ഒ.സി. നൽകിയത് സംബന്ധിച്ച ലിസ്റ്റ് റദ്ദാക്കാൻ തീരുമാനിച്ചതായി അറിയിക്കുന്നു എന്നാണ്.

മി. സ്പീക്കർ: റദ്ദാക്കിയെന്ന് പറഞ്ഞിട്ടില്ല. ........(ബഹളം)...... I heard you. What is Jayarajan ?........... റദ്ദാക്കിയെന്ന് പറഞ്ഞിട്ടില്ല. യേസ്, യേസ്...

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പ്രിൻസിപ്പൽ സെക്രട്ടറി കൊടുത്ത സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്നത് 64 കോളേജുകളുടേയും ലിസ്റ്റ് റദ്ദാക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നാണ്.

മി.സ്പീക്കർ: കേട്ടു, I heard you...Yes... Nothing will go in record..... Order. .......Order....... Nothing will go in record......Yes........

ശ്രീ. എം. വി. ജയരാജൻ: സർ, രണ്ട് ഗൗരവമായ പ്രശ്നങ്ങളാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 21-ാം തീയതിതന്നെ ഈ വിഷയം ഉയർന്നു വന്നിരുന്നു. 21-ാം തീയതി തന്നെയാണ് സർക്കാർ ഇതു സംബന്ധിച്ച തീരുമാനം എടുക്കുന്നത്. 64 ബി.എഡ്. കോളേജുകളുടെ എൻ.ഒ.സി. റദ്ദാക്കണം. അതിന് ഈ ഫ്ളോറിൽ വന്നപ്പോൾ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അത്തരത്തിലൊരു തീരുമാനം എടുത്തില്ല. വീണ്ടും ഈ നിയമസഭയിൽ അങ്ങനെ ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. എൻ.ഒ.സി. റദ്ദാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ? ഇക്കാര്യത്തിൽ നയപരമായൊരു തീരുമാനം ഈ സഭാ സമ്മേളനത്തിൽ എടുത്തിട്ടുണ്ടോ? ഇവിടെ അത് വീണ്ടും ഉന്നയിച്ചു. ഇന്നലെ വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ അത്തരം ഒരു തീരുമാനം എടുത്തിരുന്നു. കോടതി ആവശ്യപ്പെടുന്നപക്ഷം എൻ.ഒ.സി. റദ്ദാക്കാൻ ഞങ്ങൾ തയ്യാറാണ് എന്നാണ് പറഞ്ഞത്. അഫിഡവിറ്റിന്റെ കോപ്പി എന്റെ കൈയിലുണ്ട്. (ഒരു പേപ്പർ ഉയർത്തിക്കാണിക്കുന്നു) Laser Nadar Educational and Research Foundation—Petitioner, State of Kerala and others—Respondents അതിനകത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ. മോഹൻദാസ് ഒപ്പിട്ട് കൊടുത്തിട്ടുണ്ട്. ആ അഫിഡവിറ്റിൽ രണ്ടാമത്തെ പേജിൽ ഈ വാചകം തന്നെ പറയുകയാണ്. അതിൽ പറയുന്നത്, Government have considered the matter and have decided to cancel the N.O.C.'s granted to 64 applicants had review ...........(ബഹളം)...............decided എന്നാണ്. ഇതിൽ നാടകീയമായ...........(ബഹളം)..............

മി. സ്പീക്കർ: ഡിസൈഡഡെന്നും ക്യാൻസൽഡെന്നും പറയുന്നത് രണ്ടും രണ്ടാണ്.

ശ്രീ. എം. വി. ജയരാജൻ: ഇതിൽ നാടകീയമായ ചില രംഗങ്ങൾ കൂടിയുണ്ട്. രാവിലെ 11.00 മണിക്ക് ആ അഫിഡവിറ്റ് ഫയൽ ചെയ്തു. അഫിഡവിറ്റിൽ കോടതിയലക്ഷ്യ നടപടികളിൽനിന്നും എന്നെ ഒഴിവാക്കണമെന്നും കോടതിയോട് ഞാൻ മാപ്പപേക്ഷിക്കുന്നു എന്നും മാത്രമാണ് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി മോഹൻദാസ് പറഞ്ഞത്. ആ അഫിഡവിറ്റ് പോരാ എന്നുള്ളതുകൊണ്ടാണ് 4.00 മണിക്ക് വീണ്ടും ഈ വാചകം കൂടി ചേർത്തത്. Government have considered the matter and have decided...

മി. സ്പീക്കർ: ഒരിക്കൽ പറഞ്ഞതല്ലേ പിന്നെ എന്തിനാ വീണ്ടും പറയുന്നത്?

ശ്രീ. എം. വി. ജയരാജൻ: അത്തരമൊരു പശ്ചാത്തലത്തിൽ ധാർമ്മികമായി ആ സ്ഥാനത്തിരിക്കാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അർഹതയില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിച്ചു. തുടർച്ചയായി ഈ സഭയെ തെറ്റിദ്ധരിപ്പിച്ചു എന്ന് മാത്രമല്ല, അതോടൊപ്പം കോടതിയേയും തെറ്റിദ്ധരിപ്പിച്ചു. ഇങ്ങനെ നിയമസഭയോടും ജനങ്ങളോടും അനാദരവ് കാട്ടിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ആ സ്ഥാനത്തിരിക്കാൻ പറ്റുമോ? ഇതൊരു ഗൗരവമായ കാര്യമാണ്. ഇത് ഈ സഭയോട് കാണിക്കുന്ന അനാദരവാണ്. അങ്ങയുടെ റൂളിംഗിനോടുതന്നെയുള്ള അവഹേളനമാണ്. ഇത് സംബന്ധിച്ച് വ്യക്തമായി വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറുപടി പറയണം. ......................(ബഹളം)...........

മി. സ്പീക്കർ: അതെനിക്ക് കേൾക്കാം. അവർ പറയുന്നത് എനിക്ക് കേൾക്കാം. അത് നിങ്ങളാണോ തീരുമാനിക്കുന്നത്? ........(ബഹളം)...............

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: സർ, ഞാൻ ഒരു ക്രമപ്രശ്നം ഉന്നയിക്കുന്നു. ഈ സഭയിൽ തെറ്റായ ഒരു കീഴ്വഴക്കം ........(ബഹളം)............... ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ point of order ഉന്നയിക്കാനുള്ള അവകാശം എനിക്കുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞാൽ മാത്രമേ ഞാൻ ഉരിക്കൂ. ........(ബഹളം)...............

മി. സ്പീക്കർ: Please sit down. Please resume your seat. Order.......... Order, ........(ബഹളം)...............റൂൾ 303(4) No debate shall be allowed on a point of order, but the Speaker may, if he thinks fit, hear members before coming to a decision. The Speaker may hear members. മെമ്പേഴ്സിന്റെ അഭിപ്രായം അറിഞ്ഞതിനുശേഷമാണ് ഡിസിഷൻ.

LIBRARY ARCHIVES Kerala Legislative Assembly

........(ബഹളം).............. ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ പഠിച്ചതിനുശേഷമാണോ സഭയിൽ വരുന്നത്. സഭയുടെ വിലപ്പെട്ട സമയം കളയരുത്. ........(ബഹളം).............. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടാണ് അസംബ്ലി കൂടുന്നത്. റൂളൊക്കെ പഠിച്ചിട്ടുവേണം സഭയിൽ ബഹളമുണ്ടാക്കാൻ. ........(ബഹളം).............. No point of order. Please resume your seat.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇവിടെ തെറ്റായ ഒരു കീഴ്വഴക്കത്തിന് ഈ സഭ സാക്ഷ്യം വഹിക്കുന്നതുകൊണ്ട് മാത്രമാണ് ഞാൻ പറയുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, സബ്ജുഡീസ് ആയിട്ടുള്ള കാര്യം, കോടതിയുടെ പരിഗണനയിലിരിക്കുന്നതായ ഒരു കാര്യം സഭാതലത്തിൽ ഡിസ്കസ് ചെയ്യുന്നത് ശരിയല്ല. രണ്ടാമത് പറഞ്ഞ കാര്യം, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യവും കോടതിയുടെ സ്റ്റേറ്റുമെന്റും തമ്മിൽ വൈരുദ്ധ്യമുണ്ടെങ്കിൽ അത് സീറോ-അവറിൽ ഡിബേറ്റ് ചെയ്യപ്പെടേണ്ട കാര്യമില്ല. നിയമസഭയുടെ ചട്ടപ്രകാരം ഉന്നയിക്കാൻ വേദി വേറെയുണ്ട്: പ്രിവിലേജ് കമ്മിറ്റിയിലാണ് അത് ഉന്നയിക്കേണ്ടത്. അവിടെ ഉന്നയിക്കുന്നതിന് പകരം തെറ്റായ വഴിയിലൂടെ ഉന്നയിച്ചതിനെയാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ........(ബഹളം)..............

മി. സ്പീക്കർ: Yes, Yes. Please resume your seat.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, സ്വാശ്രയ മേഖലയിൽ ബി.എഡ്. കോളേജുകൾ തുടങ്ങാൻ സർക്കാർ എൻ.ഒ.സി. നൽകിയ നടപടി പുനഃപരിശോധിക്കാൻ, ഗവൺമെന്റ് തയ്യാറാണെന്ന് അഡ്വക്കേറ്റ് ജനറലിനെ അറിയിക്കാൻ 2004 ജനുവരി 21-ാം തീയതി കൂടിയ മന്ത്രിസഭായോഗം ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി അഡ്വക്കേറ്റ് ജനറലുമായി ചർച്ച നടത്തിയപ്പോൾ ലഭിച്ച നിയമോപദേശത്തിന്റെ വെളിച്ചത്തിൽ സർക്കാർ നൽകിയ എൻ.ഒ.സി.-കൾ റദ്ദാക്കാനും, എൻ.ഒ.സി. നൽകിയ നടപടി പുനഃപരിശോധിക്കാനും കോടതി നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രഷ് എൻ.ഒ.സി.-കൾ നൽകാനുമുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കാനും സർക്കാർ സന്നദ്ധമാണെന്നും ഹൈക്കോടതിയിൽ സത്യവാങ്മൂലം വഴി അറിയിച്ചിട്ടുണ്ട്.

മി. സ്പീക്കർ: What is the Cabinet decision?

ശ്രീ. നാലകത്ത് സൂപ്പി: സ്വാശ്രയമേഖലയിൽ അനുവദിച്ച ബി.എഡ്. കോളേജുകളെ സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ ആവശ്യമാണെങ്കിൽ ബി.എഡ്. കോളേജിന് എൻ.ഒ.സി. കൊടുത്ത നടപടി പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാണെന്ന് അഡ്വക്കേറ്റ് ജനറലിനെ അറിയിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച് ........(ബഹളം).............. ഇത് സംബന്ധിച്ച് കോടതിയേയോ സഭയേയോ തെറ്റിദ്ധരിപ്പിക്കാനുള്ള യാതൊരു ഉദ്ദേശ്യവുമില്ലായിരുന്നു. ........(ബഹളം) ..............

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങൾ പറയുന്നതൊന്നും രേഖയിൽ കാണില്ല. ........................(ബഹളം)................ശ്രീ. പി. ടി. തോമസ് .................(ബഹളം)............................

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭ വിട്ട് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു).

LIBRARY ARCHIVES Kerala Legislative Assembly

# VI. ധനകാര്യം

## 2004-05 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)

ശ്രീ. പി. ടി. തോമസ്: സർ, ഈ ബഡ്ജറ്റ് നിർദ്ദേശം കേരളത്തിന്റെ സാമ്പത്തിക സാഹചര്യങ്ങൾ യഥാർത്ഥത്തിൽ വിലയിരുത്തിക്കൊണ്ട് മുന്നോട്ട് വച്ചിട്ടുള്ളതാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ യാഥാർത്ഥ്യബോധത്തോടുകൂടി സമീപിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജറ്റിന്റെ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. റവന്യൂ ചെലവ് 50% ഉം റവന്യൂ വരുമാനം 41% ഉം റവന്യൂ കമ്മി 9% ഉം എന്നതാണ് നമ്മുടെ ബഡ്ജറ്റിന്റെ പൊതുവായ ഒരു ചിത്രം. റവന്യൂ ചെലവ് കുറച്ചുകൊണ്ടും റവന്യൂ വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും കമ്മി പടിപടിയായി കുറച്ചുകൊണ്ടുവന്ന് നല്ല ഒരു ബഡ്ജറ്റിലേക്ക് ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോഴേക്കും എത്തിച്ചേരാൻ കഴിയുന്ന ശ്രദ്ധേയമായ നടപടിക്രമങ്ങളാണ് ഈ ബഡ്ജറ്റ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സർ, ഇപ്പോൾ വാക്കൗട്ട് നടത്തി പോയിരിക്കുന്ന സ്നേഹിതൻമാർ ഭരിക്കുമ്പോൾ നികുതി അഡ്വാൻസായി പിരിച്ചും പണം ചെലവഴിക്കാതെ

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ടി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചുമൊക്കെ ചില കണക്കിലെ കൃത്രിമങ്ങളാണ് നടത്തിയത്. അവർ കേരളത്തിന്റെ സമ്പദ്ഘടനയെ ജനങ്ങളുടെ മുൻപിൽ യാഥാർത്ഥ്യബോധം ഉൾക്കൊള്ളാതെയാണ് ചിത്രീകരിച്ചിരുന്നത്. ഈ ഗവൺമെന്റ്, പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധേയമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നുവെന്ന് പറയുവാൻ പ്രത്യേകം സന്തോഷം ഉണ്ട്. 12-ാം ധനകാര്യ കമ്മീഷനിൽ കേരളത്തിന്റെ കേസ് ഭംഗിയായി വാദിക്കുവാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെ സേവന മേഖലയിലുണ്ടായ പുരോഗതി കണക്കിലെടുക്കണമെന്നും, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മേഖലകളിലുണ്ടായ പുരോഗതിക്ക് അനുസരണമായുള്ള പങ്കാളിത്തം കേരളത്തിന് നൽകിയേ തീരൂയെന്ന ശ്രദ്ധേയമായ നിർദ്ദേശം ധനകാര്യ കമ്മീഷന്റെ മുൻപിൽ വയ്ക്കാൻ കഴിഞ്ഞുവെന്നുള്ളത് വളരെ നല്ല കാര്യമാണ്. സർ, അതോടൊപ്പം ജനസംഖ്യാ വർദ്ധനവിന് അനുകൂലമായി സോഷ്യൽ സെക്യൂരിറ്റി രംഗത്ത് നാം നേടിയിരിക്കുന്ന നേട്ടങ്ങൾ കണക്കിലെടുത്തുകൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയെ സഹായിക്കാൻ ധനകാര്യ കമ്മീഷൻ മുന്നോട്ട് വരണമെന്ന ആവശ്യവും നമുക്ക് മുന്നോട്ട് വയ്ക്കാൻ കഴിഞ്ഞുവെന്നുള്ളത് നാളെകളിൽ ധനകാര്യ കമ്മീഷനിൽ നിന്ന് കൂടുതൽ ചോദിച്ച് വാങ്ങാനുള്ള ശ്രദ്ധേയമായ ഒരു മാർഗ്ഗമായി ഞാൻ കാണുകയാണ്. പ്രയാസങ്ങൾക്കിടയിലും 5 ഡി.എ. കുടിശ്ശിക കൊടുത്ത ഒരു സർക്കാരാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. നിയമന നിരോധനം പിൻവലിക്കുകയും അതുപോലെതന്നെ 5 ഡി.എ. കുടിശ്ശിക കൊടുക്കുകയും ചെയ്തുകൊണ്ട് പ്രയാസങ്ങൾക്കിടയിലും മുന്നോട്ട് പോകാൻ കഴിഞ്ഞ ഈ ഗവൺമെന്റിനെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. ദേശീയ വളർച്ചാ നിരക്ക് 4.3% ആയി നിലനിൽക്കുമ്പോൾ 6.3% വളർച്ചാ നിരക്ക് പ്രകടിപ്പിക്കാൻ കഴിഞ്ഞ ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ ധനസംബന്ധമായ മാനേജ്മെന്റിനെ നമുക്ക് അംഗീകരിക്കാതിരിക്കാൻ കഴിയില്ല. ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലും അതോടൊപ്പംതന്നെ ആകസ്മിക ബാദ്ധ്യതകൾ ഏറ്റെടുക്കാനുള്ള പരിധി നിശ്ചയിച്ചുകൊണ്ടുള്ള ബില്ലും അവതരിപ്പിച്ചുകൊണ്ട് വളരെ ശ്രദ്ധേയമായ ചില പ്രവർത്തനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ദൂരവ്യാപകമായ പ്രത്യാഘാതം ഉളവാക്കുന്ന നടപടികൾക്ക് ഈ ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്. ഒരു ആരോഗ്യകരമായ ബഡ്ജറ്റ് എന്നുപറയുന്നത്, റവന്യൂ ചെലവ് കുറച്ചുകൊണ്ട് വരിക, മൂലധന നിക്ഷേപം കൂട്ടുക, ടോക്കൺ പ്രൊവിഷനടക്കമുള്ള അല്ലെങ്കിൽ ടി.പി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതടക്കമുള്ള നടപടിക്രമങ്ങൾ നിരുത്സാഹപ്പെടുത്തുക തുടങ്ങിയ നടപടികളാണ് ആരോഗ്യകരമായ ബഡ്ജറ്റിന്റെ മുഖമുദ്ര. റവന്യൂ ചെലവ് കുറച്ചുകൊണ്ടുവരാനുള്ള സാഹചര്യങ്ങൾ ഗൗരവതരമായി നാം പരിശോധിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ മൂലധന ചെലവ് നാം വർദ്ധിപ്പിക്കണം. ഇന്ന് അനുവദിച്ചിരിക്കുന്ന മൂലധന ചെലവിൽ നിന്ന് നമുക്ക് മുന്നോട്ട് പോകാൻ കഴിയണം. അതുപോലെതന്നെ ടോക്കൺ പ്രൊവിഷൻ വച്ച് കണക്കിൽ കാണിക്കുന്ന കൃത്രിമങ്ങൾ നമുക്ക് മാറ്റണം. ടി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ട് ഇടതുപക്ഷമുന്നണിയുടെ കാലത്ത് ജനകീയാസൂത്രണത്തിന്റെ ഫണ്ട് മാറ്റി മറിച്ചു. ആ നടപടിയിൽ നിന്നും കരകയറാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. സെയിൽസ് ടാക്സിന്റെ rate of growth പ്രത്യേകിച്ച് other commodities-ന്റെ നികുതി വർദ്ധനവ് കഴിഞ്ഞ രണ്ട് വർഷവും 23% ത്തിൽ നിർത്താൻ കഴിഞ്ഞുവെന്നുള്ളത് വളരെ വലിയ നേട്ടമാണ്. Other commodities-ന്റെ സെയിൽസ് ടാക്സിൽ നികുതി വരുമാനത്തിൽ 23% വർദ്ധനവ് നിലനിർത്തികൊണ്ട് പോവുക എന്നുപറഞ്ഞാൽ ഇൻഡ്യയിലെ മറ്റേതൊരു സംസ്ഥാനത്തിനും കഴിയാത്ത ഉന്നതമായ നേട്ടമാണ്. ആ നേട്ടമുണ്ടാക്കിയ ഗവൺമെന്റിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. മലയോര തീരദേശ വികസന അതോറിറ്റിക്ക് വേണ്ടി പണം മാറ്റിവയ്ക്കാനും അതുപോലെതന്നെ ഹിൽ ഹൈവേക്ക് പ്രത്യേകമായ ശ്രദ്ധ കേന്ദ്രീകരിക്കുവാനും കാർഷിക മേഖലയ്ക്ക് ആശ്വാസം പകരാനുമൊക്കെ ബഡ്ജറ്റിൽ നടപടി സ്വീകരിച്ച ഈ ഗവൺമെന്റിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇവിടെ ഒരു തെറ്റിദ്ധാരണ കടന്നുവന്നിരിക്കുകയാണ്. കാർഷിക മേഖലയ്ക്ക് ഈ ഗവൺമെന്റ് എന്തോ ഉപദ്രവം ചെയ്തുവെന്ന മട്ടിലാണ്. എന്താണ് വസ്തുത? കോമ്പൗണ്ടിംഗ് വകുപ്പിൽ യാതൊരു കൈകടത്തലും നടത്തിയിട്ടില്ല. അതുപോലെതന്നെ 20 മുതൽ 60 വരെ എന്ന സെയിൽസ് ടാക്സ് റേറ്റ് 10 മുതൽ 50 വരെ എന്നാക്കി മാറ്റുമ്പോൾ രണ്ടര കോടി രൂപ കുറവുണ്ടാകുമെന്ന് പറയുമ്പോൾ കർഷകരുടെ മേൽ ഒരു ഭാരമാണ് അടിച്ചേൽപ്പിക്കുന്നത് എന്നുപറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? കാർഷിക മേഖലയിൽ എന്ത് നേരത്തെയുണ്ടായിരുന്നോ അത് നിലനിർത്തുകയാണ് ചെയ്തത്. നേരത്തെ എന്തായിരുന്നു? ശ്രീ. വിശ്വനാഥമേനോൻ മന്ത്രിയായിരിക്കുമ്പോൾ 20 ഹെക്ടർ വരെയുള്ളതിന് കോമ്പൗണ്ടിംഗ് ഏർപ്പെടുത്തി. ബഹുമാന്യനായ ഉമ്മൻചാണ്ടി 125 ഹെക്ടർ വരെ ഏർപ്പെടുത്തി. ബഹുമാനപ്പെട്ട ശിവദാസമേനോൻ 500 ഹെക്ടർ വരെ നിലനിർത്തി. ആ സിസ്റ്റത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. അപ്പോൾ കാർഷിക മേഖലയ്ക്ക് എന്തോ ഒരു അപകടം വരുത്തിവച്ചു എന്നൊരു പ്രചരണതന്ത്രം അഴിച്ചുവിടാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്. ആ പ്രചരണം യാഥാർത്ഥ്യബോധം ഉൾക്കൊള്ളുന്നതല്ല. 40,000 രൂപ വരെ ഇപ്പോഴും നികുതി ഏർപ്പെടുത്തിയിട്ടില്ല. 40,000 രൂപയ്ക്ക് മുകളിൽ 50,000 രൂപ വരെ 20%. അത് പുതുക്കിയ നിരക്കിൽ ബാധകമല്ല. കാർഷിക മേഖലയിൽ ഒരു തെറ്റിദ്ധാരണ പരത്തുവാൻ ഇവർ ബോധപൂർവ്വം ശ്രമിക്കുകയാണ്. എനിക്ക് ഒരു കാര്യം ഇവിടെ പറയാനുള്ളത്, കാർഷിക മേഖലയുടെ വളർച്ചയ്ക്ക് വേണ്ടി കുറേ ശ്രദ്ധേയമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചേ പറ്റൂ. ഇക്കണോമിക് റിവ്യൂ, 2003 പേജ് 50, ഒരു കണക്ക് ഞാൻ വായിക്കാം. 1999-ൽ ഒരു ക്വിന്റൽ നെല്ലിന് വരുമാനം 684 രൂപയായിരുന്നുവെങ്കിൽ അത്

LIBRARY ARCHIVES Kerala Legislative Assembly

653 രൂപയായി കുറഞ്ഞിരിക്കുന്നു. 100 തേങ്ങയുടെ വില 476 രൂപ ആയിരുന്നത് ഇന്ന് കുറഞ്ഞ് 470-475 രൂപ ആയി നിൽക്കുകയാണ്. അടയ്ക്കയുടെ വില 100-ന് 75 രൂപ ആയിരുന്നത് 32 രൂപ ആയി മാറിയിരിക്കുകയാണ്. അതുപോലെതന്നെ കശുവണ്ടിക്ക് ക്വിന്റലിന് 3638 രൂപ ആയിരുന്നത് 2718 രൂപ ആയി കുറഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ വാഴപ്പഴത്തിന്റെ വിലയും കുറഞ്ഞിരിക്കുകയാണ്. പാവപ്പെട്ട കർഷകരുടെ ആശ്രയമായ കപ്പയുടെ വിലയും കുറഞ്ഞിരിക്കുകയാണ്. അതുപോലെ ഇഞ്ചിക്ക് ക്വിന്റലിന് 6393 രൂപയുണ്ടായിരുന്നത് 4137 രൂപയായി കുറഞ്ഞിരിക്കുകയാണ്. കുരുമുളക്, പ്രത്യേകിച്ച് ഇടുക്കി, വയനാട് അടക്കമുള്ള മലയോര കർഷകരുടെ ഏറ്റവും വലിയ ആശ്രയമായ കുരുമുളകിന് 1999-ൽ ക്വിന്റലിന് 20,505 രൂപയായിരുന്നത് ഇന്ന് അത് 4737 രൂപയായി കുറഞ്ഞിരിക്കുകയാണ്. റബ്ബറിന്റെ നിലയും വ്യത്യസ്തമല്ല. ചില വിലക്കയറ്റം ഉണ്ടായി എങ്കിലും 99-ന് അടുത്ത് എത്തി നിൽക്കുന്നുവെന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് കാർഷിക മേഖലയുടെ ഉന്നമനത്തിന് വേണ്ടി ഗൗരവമായ നടപടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, എന്റെ സുഹൃത്ത് വായിച്ച കണക്കുകൾ ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവിന്റെ കാര്യങ്ങളാണ്. എല്ലാത്തിനും വില കുറയുകയാണ്. ഇവിടെ മന്ത്രി പറഞ്ഞതെല്ലാം വില കൂടുകയാണെന്നാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ മന്ത്രിയുടെ കണക്ക്...............

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട നാദാപുരം മെമ്പറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് എക്കണോമിക് റിവ്യു പരിപൂർണ്ണമായിട്ട് വായിക്കുമ്പോൾ അങ്ങയുടെ സംശയം തീരും. ഞാൻ വളരെ പ്രധാനപ്പെട്ട, അങ്ങേക്ക് കൂടി താല്പര്യമുള്ള കാര്യമാണ് പറയുന്നത്. അതായത് കേരളത്തിന്റെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുക്കാൻ കുറെക്കൂടി ശ്രദ്ധ ബഹുമാനപ്പെട്ട ഗവൺമെന്റ് കാണിക്കണമെന്ന കൃഷിക്കാരുടെ ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. സർ, ലോകത്തുള്ള എല്ലാ ആളുകൾക്കും പെൻഷൻ ഉണ്ട്. കേരളത്തിലെ സമ്പദ്ഘടനയെ നിയന്ത്രിക്കാൻ ഏറ്റവും കൂടുതൽ പങ്ക് വഹിക്കുന്ന കൃഷിക്കാർക്ക് ഒരു പെൻഷൻ പദ്ധതി ആവിഷ്കരിച്ചാൽ എന്താണ് കുഴപ്പം? സർ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കൃഷിക്കാർക്ക് പെൻഷൻ ഏർപ്പെടുത്താനുള്ള ധീരമായ ഒരു നടപടിയുണ്ടാകണം. അതുപോലെ തന്നെ ഈ ഉൽപ്പന്നങ്ങൾക്ക് വില കുറയുന്ന സാഹചര്യത്തിൽ അതിനെ അതിജീവിക്കാൻ കഴിയുന്ന രീതിയിൽ സഹകരണ ബാങ്കുകളുടെ ലോൺ സിസ്റ്റത്തിൽ കാലോചിതമായ മാറ്റം വരുത്തി വിലകുറയുമ്പോഴും വില കൂടുമ്പോഴുമുള്ള വ്യത്യാസമനുസരിച്ച് കൃഷിക്കാരനെ സഹായിക്കാനുള്ള വ്യക്തമായ നടപടിയുണ്ടാകണം. പാവപ്പെട്ട കൃഷിക്കാരെ സഹായിക്കാനുള്ള ധീരമായ നടപടി കുറെക്കൂടി ശക്തമായി ഗവൺമെന്റ് എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഏലം ഉല്പാദനത്തിന്റെ ഒരു കണക്ക് എടുക്കാം. 21 ശതമാനം ഏലം ഉല്പാദനം ഇന്ത്യയിൽ കുറഞ്ഞപ്പോൾ ഇന്ത്യയോട് കോമ്പീറ്റ് ചെയ്യുന്ന ഗോട്ടിമാലയിൽ 14 ശതമാനം ഏലം ഉല്പാദനം വർദ്ധിക്കുകയാണ്. ഗോട്ടിമാലയിൽ ഉൽപ്പാദിപ്പിക്കുന്ന 73 ശതമാനം ഏലവും കയറ്റുമതി ചെയ്യുമ്പോൾ നമ്മൾ കേവലം 8 ശതമാനം മാത്രമേ കയറ്റി അയയ്ക്കുന്നുള്ളൂ. അതുകൊണ്ട് കാർഷിക മേഖലയിൽ പുതിയ ഒരു ശ്രദ്ധ ഉണ്ടാകണം. ആ തരത്തിൽ ഗൗരവതരമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമീപനത്തിന് ഈ ഗവൺമെന്റ് മുന്നോട്ട് വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ചോദിക്കുകയാണ്; ഇവിടെ അല്പം മുമ്പ് എന്റെ സ്നേഹിതൻ ശ്രീ. ജയരാജൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലും ഭീഷണിപ്പെടുത്തുന്ന സ്വരത്തിൽ പി.എസ്.സി. റാങ്ക് ജേതാക്കളായ തൊഴിൽരഹിതരുടെ പ്രശ്നങ്ങളെപ്പറ്റി പറയുകയുണ്ടായി. ബഹുമാനപ്പെട്ട ജയരാജന് ആത്മാർത്ഥതയുണ്ടെങ്കിൽ മുഖ്യമന്ത്രിയെയാണോ ഭീഷണിപ്പെടുത്തേണ്ടത്? കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടാകാത്ത ക്രമക്കേടുകൾ നടത്തി, കേരളത്തിലെ ചെറുപ്പക്കാരുടെ ആശ തകർത്ത ഏറ്റവും അഴിമതിക്ക് കൂട്ട് നിൽക്കുന്ന പി.എസ്.സി.-യുടെ നടപടിക്കെതിരെ സമരം ചെയ്യാനല്ലേ നിങ്ങൾ ഡി.വൈ.എഫ്.ഐ.-ക്കാരെ പറഞ്ഞു പ്രേരിപ്പിക്കേണ്ടത്? സർ, അങ്ങനെ ഒരു സമരം നടത്താൻ ഇവർ തയ്യാറുണ്ടോ? എസ്. ഐ. സെലക്ഷൻ, എക്സൈസ് ഗാർഡിന്റെ സെലക്ഷൻ, ഹോമിയോ ഡോക്ടർമാരുടെ കാര്യം എന്നു വേണ്ട ഓരോ ജില്ലയിലെയും പി.എസ്.സി. എൽ.ഡി. ക്ലാർക്കിന്റെ ലിസ്റ്റിൽ ഏറ്റവും ഗുരുതരമായ ക്രമക്കേട് നടത്തിയിട്ട് "കമാ" എന്നൊരു അക്ഷരം പി.എസ്.സി. ചെയർമാനെതിരെ മിണ്ടാൻ ധൈര്യമില്ലാത്ത എന്റെ സ്നേഹിതൻ ജയരാജൻ സ്ഥലത്തില്ല. ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നു നിങ്ങൾ മുഖ്യമന്ത്രിക്കെതിരെ എന്ത് ഉമ്മാക്കി കാട്ടി ഭയപ്പെടുത്താനാണ്? നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ-ഡി.വൈ.എഫ്.ഐ. തെറ്റുകൾക്ക് എതിരെ സമരം ചെയ്യുന്നവരാണെന്നാണല്ലോ ഒരു ധാരണ? ഞാൻ വിനയപൂർവ്വം പ്രതിപക്ഷത്തെ സ്നേഹിതന്മാരോട് ചോദിക്കുന്നു പി.എസ്.സി. ആഫീസിന് മുമ്പിൽ ഒരു സാദാ സത്യാഗ്രഹം നടത്താൻ നിങ്ങൾ തയ്യാറുണ്ടോ? നിങ്ങൾ അഴിമതിക്കെതിരെ ഇങ്ങനെ പറഞ്ഞു കൊണ്ടിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, എന്താണ് ഇവർ പറയുന്നത്. ഇവർ പറയുന്നത്, ഇന്നലത്തെയും മിനിഞ്ഞാന്നത്തെയും പ്രസംഗങ്ങളുടെ മുഖ്യ കണ്ടൻസ് എന്ന് പറയുന്നത് വിദ്യാഭ്യാസ മേഖല മുഴുവൻ അടിയറവച്ചുവെന്നാണ്. എവിടെയാണ് വിദ്യാഭ്യാസ മേഖലയെ അടിയറവച്ചത്? ഞാൻ വിനയപൂർവ്വം ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ്. കേരളത്തിൽ നിലവിൽ ഉണ്ടായിരുന്ന ഏതെങ്കിലും ഒരു മെഡിക്കൽ/ എഞ്ചിനീയറിംഗ് സീറ്റോ അതുപോലെയുള്ള മറ്റ് ഏതെങ്കിലും ഒരു സീറ്റ് ഈ ഗവൺമെന്റ് വെട്ടിക്കുറച്ചോ? നിലവിലുള്ള ഒരൊറ്റ സീറ്റുപോലും വെട്ടിക്കുറയ്ക്കാതെയാണ് പുതിയ സീറ്റുകൾ കൊണ്ടുവന്നത്. വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിച്ചിരിക്കുന്നു എന്നു പറയുന്നതിൽ എന്താണ് അർത്ഥം? സർ, ഞാൻ ചോദിക്കട്ടെ, ഇവിടെ മാർക്ക് കിട്ടാതെ 5 ലക്ഷവും 10 ലക്ഷവും 20 ലക്ഷവും വച്ച് കൊടുത്ത് മെഡിസിനും എഞ്ചിനീയറിംഗിനും കേരളത്തിന് വെളിയിൽ, കർണ്ണാടകയിലും തമിഴ്നാട്ടിലും ആന്ധ്രയിലും പോയി പഠിച്ച് മിടുക്കന്മാരായി വരുന്ന ആളുകൾക്ക് കേരള പി.എസ്.സി.-യിൽ ടെസ്റ്റ് എഴുതുന്നതിന് തടസ്സമില്ല. ഗവൺമെന്റ് ആശുപത്രിയിൽ ജോലി കിട്ടുന്നതിന് തടസ്സമില്ല. എഞ്ചിനീയറായി പ്രവർത്തിക്കുന്നതിന് തടസ്സമില്ല. എന്നാൽ 50 ശതമാനം മെരിറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വന്നത് എന്തോ വലിയ അപരാധമാണെന്ന് ചിത്രീകരിക്കുന്നതിന്റെ അടിസ്ഥാനം എന്താണ്? അതുമാത്രമല്ല, ഇന്നലെ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു, ഞങ്ങൾ ഇലക്ട്രിസിറ്റി കൂടുതൽ ഉല്പാദിപ്പിച്ചുവെന്ന്. 1800 മെഗാവാട്ട് ഉല്പാദിപ്പിച്ചുവെന്ന് ഇവിടെ രണ്ട് മൂന്ന് ബഹുമാനപ്പെട്ട മെമ്പർമാർ പ്രതിപക്ഷത്ത് നിന്ന് പറയുകയുണ്ടായി. ഞാൻ ചോദിക്കട്ടെ, ഇടതുപക്ഷ മുന്നണിയുടെ കാലത്ത് തുടങ്ങിയ ഏതെങ്കിലും ഒരു പദ്ധതിയിൽ നിന്ന് ഒരു യൂണിറ്റ് വൈദ്യുതി അവർ ഉല്പാദിപ്പിച്ചോ? അവരുടെ ഗവൺമെന്റ് അധികാരത്തിൽ കയറി

LIBRARY ARCHIVES Kerala Legislative Assembly

15 ദിവസം കഴിഞ്ഞപ്പോൾ അല്ലെങ്കിൽ ഒരു മാസം കഴിഞ്ഞപ്പോൾ ലോവർ പെരിയാർ കമ്മീഷൻ ചെയ്തു. അതിന്റെ നേട്ടം ഇടതുപക്ഷമുന്നണിക്ക് ആണെന്ന് പറയുന്ന ഇത്രയും വലിയ വങ്കത്തമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.......യെസ്..........

ശ്രീ. പി. ടി. തോമസ്: സർ, എനിക്ക് 16 മിനിറ്റുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: 13 മിനിറ്റാണുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, 16 മിനിറ്റാണ് സർ.

മി. ഡെപ്യൂട്ടി സ്പീക്കർ: 13 മിനിറ്റുണ്ട്. You please.....

ശ്രീ. പി. ടി. തോമസ്: അയ്യോ, എനിക്ക് എഴുതി തന്നിരിക്കുന്നത് അങ്ങനെയല്ലല്ലോ സർ.

മി. ഡെപ്യൂട്ടി സ്പീക്കർ: എനിക്ക് ചെയറിൽ ഇരുന്ന് കാര്യമെ പറയാനൊക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് പറയുകയാണെങ്കിൽ ഞാൻ അത് സമ്മതിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് തെറ്റ് പറയുന്നത് എന്തിന്?

ശ്രീ. പി. ടി. തോമസ്: സർ, സോറി സർ. 15 വർഷമായി പാരീസിലെ ചാൾസ് ഡിഗാൾ വിമാനത്താവളത്തിൽ പുറത്ത് പോകാൻ കഴിയാതെ അകപ്പെട്ടിരിക്കുന്ന മെർഹാൻ ഹരീമി നസീമി എന്ന് പറയുന്ന ആൽബർട്ടിന്റെ ഒരു കഥ അടുത്ത ദിവസങ്ങളിൽ പത്രങ്ങളിൽ വരികയുണ്ടായി. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥിതിയും അതുതന്നെയല്ലേ സർ, ശ്രീ. എം. പി. പരമേശ്വരൻ—ഇവിടെ വലിയ ചർച്ചകൾ നടക്കുകയാണ്—എന്റെ സ്നേഹിതൻ ഡോക്ടർ തോമസ് ഐസക് അമേരിക്കൻ **** ചാരനാണെന്നാണ് മാർക്സിസ്റ്റുകാർ പറയുന്നത്. എനിക്ക് അങ്ങനെ ഒരു വിശ്വാസമില്ല. തോമസ് ഐസക്കിന് അങ്ങനെയൊരു ചാരനാകാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ മാർക്സിസ്റ്റുപാർട്ടിയുടെ ഉന്നതരായ നേതാക്കൾ കേരളം മുഴുവൻ പറഞ്ഞു നടക്കുന്നു അദ്ദേഹം അമേരിക്കൻ ചാരനാണെന്ന്. എം. പി. പരമേശ്വരന്റെ "ചർച്ച ചെയ്യേണ്ട പ്രശ്നങ്ങളും ഉത്തരം തേടേണ്ട ചോദ്യങ്ങളും" എന്ന രേഖയിൽ അദ്ദേഹം ചില ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. ആദർശവാദിയായ കമ്മ്യൂണിസ്റ്റ് എന്ന ആശയം ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ സ്വാധീനമുള്ള നേതാക്കളാൽ പരിഹസിക്കപ്പെടുന്നു എന്ന് പറയാമോ?

ശ്രീ. എ. കെ. ബാലൻ: സർ, മാർക്സിസ്റ്റുകാർ ഡോക്ടർ തോമസ് ഐസക്കിനെ **** സി.ഐ.എ ഏജന്റ് ആണെന്നു പറഞ്ഞു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. അങ്ങനെ എവിടെയും പറഞ്ഞിട്ടില്ല. എന്നുമാത്രമല്ല ഈ ഹൗസിനെ മിസ് ലീഡ് ചെയ്യാൻ ബോധപൂർവ്വം ബഹുമാനപ്പെട്ട മെമ്പർ ഈ രൂപത്തിൽ പരാമർശിക്കുന്നത് സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല. .......................(ബഹളം).......................

**** ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം പ്രസ്തുത ഭാഗം നിയമസഭാ രേഖയിൽ നിലനിർത്തി. (ഫയൽ നം. 158/EB/2004/Leg. dated 3-2-2004.)

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്......

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗ് വേണം...............................(ബഹളം)................................

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.........പ്ലീസ്.............

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ................(ബഹളം)................

മി. ഡെപ്യൂട്ടി സ്പീക്കർ: No......No.....Please.......P. T. Thomas........

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് പറയുന്നത്. സർ......സർ...സഖാവ്.........

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് പതിവായിട്ട് ഇവിടെ പറയുന്നതാണ്. പ്ലീസ്............ പ്ലീസ്............യെസ്..........യെസ്.........( ബഹളം)..........

ശ്രീ. പി. ടി. തോമസ്: ശ്രീ. എം. പി. പരമേശ്വരൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്......

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്........യെസ്........

ശ്രീ. പി. ടി. തോമസ്: സർ, അവർ ബഹളം വയ്ക്കാനുള്ള ഒരു കാരണമാണ് ഞാൻ പറയുന്നത്.......... സർ.......എം. പി. പരമേശ്വരൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. ആദർശവാദിയായ കമ്മ്യൂണിസ്റ്റ് എന്ന ആശയം ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ സ്വാധീനമുള്ള നേതാക്കളെ പരിഹസിക്കപ്പെടുന്നുണ്ടെന്ന് പറയാമോ? തൊഴിലാളി ഭരണകൂടങ്ങളും..................(ബഹളം)................

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.................... പ്ലീസ്..........അത് പരിശോധിക്കാം.........

ശ്രീ. പി. ടി. തോമസ് : അവരുടെ പാർട്ടികളും ഏറെക്കുറെ അസ്തമിക്കാറായിരിക്കുന്നത് എന്തുകൊണ്ട്? യഥാർത്ഥ ജനാധിപത്യത്തിന്റെ അഭാവമാണോ ഇതിന് കാരണം. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമെന്ന സങ്കൽപം ഇപ്പോഴും ശരിയാണോ? സർ, പാർട്ടിക്ക് അയവ് ഏറിയതും തദനുസൃതമായ സംഘടനാ സംവിധാനമില്ല............

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്.........യെസ്......ശ്രീ. തോമസ് പ്ലീസ്.............

ശ്രീ. പി. ടി. തോമസ് : മാറ്റത്തിനുള്ള ശേഷി നഷ്ടമാകുന്നു..........

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്....... യെസ്.........(ബഹളം)..........

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പറയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്........യെസ്.......

ശ്രീ. പി. ടി. തോമസ് : കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ, ഞാൻ നേരത്തെ പറഞ്ഞ ചാൾസ് ഡിഗാൾ വിമാനത്താവളത്തിൽ അകപ്പെട്ട നസീമി എന്നു പറയുന്ന ആ തടവുകാരനെ പോലെ സംഘടനാപരമായ ജീർണ്ണതയും മൗലികവാദത്തേക്കാൾ പാർട്ടി സ്വയം അധഃപതിച്ചിരിക്കുന്നു. പ്രായോഗികവാദിയായ കമ്മ്യൂണിസ്റ്റ്, അയാൾ കൂടുതൽ പ്രായോഗികവാദിയായി.........



LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്........

ശ്രീ. പി. ടി. തോമസ്: ഒടുവിൽ ജലത്തിലെ മൽസ്യം എന്നതിനു പകരം ജലം തന്നെയായി മാറി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...................

ശ്രീ. പി. ടി. തോമസ്: എന്നാണ് സഖാവ് എം. പി. പരമേശ്വരൻ പറഞ്ഞിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്........

ശ്രീ. പി. ടി. തോമസ്: ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം, പ്ലീസ്.......

ശ്രീ. പി. ടി. തോമസ്: സർ, അങ്ങേക്ക് എന്തോ ഒരു വിരോധം ഉള്ളതുപോലെ തോന്നുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: എനിക്കോ.. കൊള്ളാം....... വിരോധമുണ്ടെങ്കിൽ ഇരിക്കുകയില്ലല്ലോ....

ശ്രീ. പി. ടി. തോമസ്: സർ, 1970-ൽ ............ അവർ ബഹളം ഉണ്ടാക്കുന്നതിൽ അർത്ഥമില്ല സർ. ജയകൃഷ്ണൻ മാസ്റ്ററെ കൊന്ന പ്രതിയെ ശിക്ഷിച്ചപ്പോൾ സെഷൻസ് ജഡ്ജി ചന്ദ്രദാസിനെ കൊല്ലും എന്ന് പറഞ്ഞ് പ്രകടനം നടത്തിയ പാർട്ടിക്കാരല്ലേ സർ.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...... യെസ്.......

ശ്രീ. പി. ടി. തോമസ്: അവർ ഈ ബഹളം ഒക്കെ ഉണ്ടാക്കുന്നതിൽ അത്ഭുതം ഉണ്ടോ സർ. ലോകത്തെ ഏറ്റവും വലിയ ക്രൂരത നടന്നിട്ടുള്ളത്......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്........... conclude................. പ്ലീസ്.........

ശ്രീ. പി. ടി. തോമസ്: ലോകത്തെ ഏറ്റവും വലിയ ക്രൂരത നടന്നിട്ടുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പേരിലാണ് സർ. സ്റ്റാലിന്റെ കാര്യമാണെങ്കിലും ശ്രീ. ബിനോയ് വിശ്വത്തിന് അറിയാം. അതുപോലെ മാവോസേതുങ്ങിന്റെ സാംസ്കാരിക വിപ്ലവത്തിലാണെങ്കിലും ഏറ്റവും വലിയ കൂട്ടക്കൊല നടന്നത് അവിടെയാണ് സർ..........

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...........യെസ്..........

ശ്രീ. പി. ടി. തോമസ്: .......... 1970-ൽ 90 ലക്ഷം ആളുകൾ ഉണ്ടായിരുന്നു കമ്പോഡിയായിൽ. 16 വർഷം കഴിഞ്ഞു കണക്കെടുത്തപ്പോൾ 75 ലക്ഷമായി .......

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതൊക്കെ പഴയ കഥയല്ലേ.... പ്ലീസ്..........

ശ്രീ. പി. ടി. തോമസ്: 'പോൾപോർട്ടിന്റെ' ഭരണത്തിൽ അവിടുത്തെ കൊല വയലുകളെ സംബന്ധിച്ച "യേൽ" സർവ്വകലാശാലയിൽ നടന്ന പഠനം ടൈം മാഗസിൻ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതിൽ പറഞ്ഞിരിക്കുന്നു 'പ്രേ-ഗബ്ബ' എന്നു പറയുന്ന ജില്ലയിൽ 1245 .....................(ബഹളം)..........................

മി. ഡെപ്യൂട്ടി സ്പീക്കർ: Please.........please resume your seat...........please......

ശ്രീ. പി. ടി. തോമസ്: കൂട്ട ശ്മശാനങ്ങൾ കണ്ടെത്തിയിരിക്കുന്നു.......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......... പ്ലീസ്............

ശ്രീ. പി. ടി. തോമസ്: ഏറ്റവും ഭീകരമായ സംഭവം............

മി. ഡെപ്യൂട്ടി സ്പീക്കർ: Yes......yes.....please conclude........please resume your seat..........please resume your seat..... Sri. M. Kumaran......... M. Kumaran......please.

ശ്രീ. പി. ടി. തോമസ്: ഒന്ന് അവസാനിപ്പിക്കാൻ സമയം തരണം സർ.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...... പ്ലീസ്.........

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കാം. ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം സർ..... ഞാൻ ഇത് ചൂണ്ടിക്കാണിച്ചത് മറ്റൊന്നും കൊണ്ടല്ല. ഇവർ വലിയ ഒച്ചയിൽ, വിപ്ലവ പാർട്ടിയിൽ ............(ബഹളം)..................

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്........ യെസ്..........

ശ്രീ. പി. ടി. തോമസ്: അതിന് കടകവിരുദ്ധമായി പെരുമാറുകയും ചെയ്യുന്നു എന്നുള്ളതുകൊണ്ടാണ്.

ശ്രീ. എം. കുമാരൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. പ്രധാനമായും ഭരണനവീകരണം (എം.ജി.പി.) പറയുന്നത് ഭരണച്ചെലവ് കുറയ്ക്കണമെന്നാണ്. എന്നാൽ ഈ ബഡ്ജറ്റ് ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച സമയത്ത് ഈ നിയമനിർമ്മാണ സഭയിൽ ആകെ 20 മന്ത്രിമാരാണ് ഉണ്ടായിരുന്നത്. എന്നാൽ ബഡ്ജറ്റിനെക്കുറിച്ചുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗം അവസാനിക്കുന്നതോടുകൂടി ഒരു വകുപ്പു കൂടി കൂട്ടിക്കൊണ്ട് 21-ാമത്തെ ഒരു മന്ത്രികൂടി പ്രത്യക്ഷപ്പെടുന്ന ഒരു സാഹചര്യമാണ്. ഒരു വകുപ്പുമന്ത്രിയെക്കൂടി ഉൾപ്പെടുത്തുന്നതോടുകൂടി അതിന്റെ സാമ്പത്തിക ബാദ്ധ്യത കൂടി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള ഒരു സംശയം ജനങ്ങൾക്കുണ്ട്. അതുമാത്രമല്ല, മാദ്ധ്യമങ്ങളെല്ലാം ആ പ്രത്യേക നാടകത്തെ വീക്ഷിക്കുന്നുണ്ട്. അതിലെ വിവിധ കഥാപാത്രങ്ങളെക്കുറിച്ചും അവർ അവതരിപ്പിക്കുന്ന രംഗവിധാനത്തെക്കുറിച്ചും വിചിത്രമായ സംഭവങ്ങളെക്കുറിച്ചുമൊക്കെ ഈ സംസ്ഥാനത്തെ ജനങ്ങൾ വീക്ഷിക്കുന്നുണ്ട്. അതുകൊണ്ട് ബഡ്ജറ്റിലെ ഭരണ നവീകരണത്തിൽ പറയപ്പെടുന്ന പ്രധാന ഭാഗം ചെലവ് ചുരുക്കണമെന്നുള്ളതാണ്. നിങ്ങൾ എം.ജി.പി.-യിൽ പറയുന്ന കാര്യം ശ്രദ്ധിക്കാൻ തയ്യാറാകാത്ത ഒരു അവസ്ഥയാണുള്ളത്. അതുപോലെ ആസൂത്രണ ബോർഡിന്റെ തീരുമാനം ഇവിടെ വളരെ വിശദമായി തന്നെ പറയുന്നുണ്ട്. അതായത് വർദ്ധിച്ചു വരുന്ന റവന്യൂകമ്മി, തിരിച്ചുവരുന്ന മാരകരോഗങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസ നിലവാരത്തകർച്ച, വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവ് എന്നിങ്ങനെയുള്ള മാരക വിപത്തുകൾ ഈ സംസ്ഥാനത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ള സമയത്തുപോലും നല്ല രീതിയിൽ പ്രതികരിക്കാനോ അല്ലെങ്കിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാനോ ഈ ഗവണ്മെന്റ് തയ്യാറാകാതെ ഐ.ടി. എന്നുപറയുന്ന ഒരു യുഗത്തിലേക്ക് ഈ സംസ്ഥാനത്തെ നയിക്കുകയാണ്. ഐ.ടി. ഞങ്ങൾ എതിർക്കുന്നില്ല. ഐ.ടി. അതിന്റെ തനത് രൂപത്തിൽ ഈ സംസ്ഥാനത്ത് നടപ്പിലാക്കണം. ഐ.ടി. മേഖലയെ ഉയർത്താനുള്ള സാമൂഹ്യ പശ്ചാത്തലം ഈ സംസ്ഥാനത്തുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടിണിയും ദാരിദ്ര്യവും മാരക രോഗങ്ങളും ഈ സംസ്ഥാനത്ത് പിടിപെട്ടിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടിണി പാവങ്ങളെ ഉദ്ധരിക്കാൻ വേണ്ടി ഈ ബഡ്ജറ്റിൽ എന്തുണ്ടെന്ന് വകുപ്പുമന്ത്രിക്ക് അറിയാൻ വയ്യാത്ത ഒരു അവസ്ഥയുണ്ട്. അതുമാത്രമല്ല, വരാൻപോകുന്ന തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് പൊടുന്നനെ ഉണ്ടാക്കിയ ഒരു ബഡ്ജറ്റാണെന്ന് എല്ലാവരും ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. അതിനപ്പുറത്ത് നിങ്ങൾ ദാരിദ്ര്യത്തിലും പട്ടിണിയിലും കഴിയുന്ന ജനങ്ങളെ ഉദ്ധരിക്കാൻ ഇതിൽ പ്രധാനമായിട്ടുള്ള സൗജന്യങ്ങളൊന്നും നൽകാതെയാണ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. അതുപോലെ മാരകമായ രോഗങ്ങളെന്ന് പറഞ്ഞല്ലോ. ആരോഗ്യ പരിപാലന രംഗത്ത് ഏറ്റവും കൂടുതൽ തളർച്ച അനുഭവപ്പെടുന്ന ഒരു സംസ്ഥാനമാണിത്. വൈദ്യശാസ്ത്രത്തിനുപോലും കണ്ടെത്താൻ കഴിയാത്ത രോഗങ്ങളാണ് വീണ്ടും വീണ്ടും നമ്മുടെ സംസ്ഥാനത്ത് എത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ നിന്ന് ഇല്ലായ്മ ചെയ്തുവെന്ന് കരുതപ്പെട്ടിരുന്ന പല രോഗങ്ങളും വീണ്ടും അതേരൂപത്തിൽതന്നെ എത്തിക്കൊണ്ടിരിക്കുന്നു. ആരോഗ്യ വകുപ്പാണെങ്കിൽ അത് കണ്ടില്ലെന്ന് നടിക്കുന്ന സമീപനവുമായാണ് മുന്നോട്ട് പോകുന്നത്. ഇവിടെ ഡോക്ടർമാരില്ല, മരുന്നുകളില്ല. മരുന്നുകൾ ഉണ്ടെങ്കിൽ തന്നെ അതിൽ കൃത്രിമം കാണുന്നു. അതിലൊക്കെ അഴിമതിയുണ്ടെന്ന് ഭരണപക്ഷത്തുള്ള ആളുകൾപോലും ചിത്രീകരിക്കുന്നുണ്ട്. ആരോഗ്യ രംഗത്തുള്ള ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ബഡ്ജറ്റിലോ ആരോഗ്യ വകുപ്പുമന്ത്രിയോ തയ്യാറാകാത്ത സാഹചര്യമാണുള്ളത്. ഈ സംസ്ഥാനത്ത് 14 ജില്ലകളുണ്ട്. അതിൽ ഏറ്റവും അവസാനമായി രൂപീകരിച്ചത് കാസർഗോഡ് ജില്ലയാണ്. കാസർഗോഡ്, പത്തനംതിട്ട, വയനാട് എന്നീ മൂന്ന് ജില്ലകളിലും ആവശ്യത്തിനുള്ള ഡോക്ടർമാരെ നിയമിക്കാത്തതിന് ചോദ്യോത്തര സമയത്ത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത് പോസ്റ്റ് ക്രിയേഷൻ നടത്തണമെന്നാണ്. ഈ സംസ്ഥാനം രൂപീകരിച്ച ശേഷം ഇതുവരെയും ആയുർവ്വേദ രംഗത്ത് ഡോക്ടർമാരെ നിയമിക്കാൻവേണ്ടി പോസ്റ്റ് ക്രിയേഷൻ നടത്താത്ത ജില്ലകളുണ്ടെങ്കിൽ അത് ഈ മൂന്ന് ജില്ലകളാണ്. ഇവിടെയാണ് പട്ടികജാതി/പട്ടികവർഗ്ഗക്കാരും ആദിവാസികളും കൂടുതലുള്ള പ്രദേശങ്ങൾ. ഏറ്റവും കൂടുതൽ പട്ടിണി പാവങ്ങളുള്ള പ്രദേശങ്ങളാണ്. അവിടെ ആരോഗ്യരംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പോസ്റ്റ് ക്രിയേഷൻ പോലും നടത്താൻ കഴിയാത്ത ഒരു അവസ്ഥ നിലനിൽക്കുന്ന സമയത്ത്, ആരോഗ്യ രംഗത്തെ വളർച്ച എന്താണെന്ന് പറയാൻ പറ്റില്ല. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ പോലുള്ള പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. വയനാട് ജില്ലയിലാണ് പട്ടികജാതി ആദിവാസികൾ ഏറ്റവും കൂടുതലുള്ളത്. വയനാട് ജില്ലയിലെ ആദിവാസികളെ നിർബന്ധിച്ച് വന്ധ്യംകരണം നടത്തുന്ന ക്രൂരമായ സമീപനമാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്തിനാണ് ആ പട്ടിണി പാവങ്ങളോട് ഇത്തരത്തിലുള്ള ക്രൂരകൃത്യങ്ങൾ ചെയ്യുന്നത് എന്ന് അറിയാനുള്ള ആഗ്രഹമുണ്ട്. സാമൂഹ്യക്ഷേമമെന്നു പറയുമ്പോൾ ഇത്തരത്തിലുള്ള, അടിത്തട്ടിലുള്ള ആളുകളെ ഉദ്ധരിക്കാൻ വേണ്ടിയുള്ളതാണ്. അവർക്കുള്ള റേഷൻ സബ്സിഡി കൊടുക്കാത്ത ഒരു അവസ്ഥയുണ്ട്. റേഷൻ സബ്സിഡി കൊടുത്തതിൽതന്നെ അഴിമതി കൊടികുത്തി വാഴുന്നു. ഇത്തരത്തിലുള്ള കൃത്യവിലോപം നടക്കുന്ന ഈ സാഹചര്യത്തിൽ അതൊന്നും കണ്ടില്ലെന്നു നടിച്ചുകൊണ്ടുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചുവരുന്നത്. ഇടതുപക്ഷത്തേയും ഭരണപക്ഷത്തേയും അംഗങ്ങൾ ഏറ്റവും കൂടുതൽ പറഞ്ഞ കാര്യമാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. കേരളത്തിലെ എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബസ്സുകളും സംരക്ഷിക്കാനുള്ള ബാദ്ധ്യത ഏറ്റെടുക്കണം. പ്രധാനമായും ആ ഡിപ്പാർട്ടുമെന്റിന് പണം കൊടുക്കാത്ത ഒരു അവസ്ഥയുണ്ട്. കെ.എസ്.ആർ.ടി.സി. ഏറ്റവും കൂടുതൽ വളർന്ന് പന്തലിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണെന്ന് എല്ലാപേരും പറയുന്നുണ്ട്. എന്നാൽ അതിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. ഏറ്റവും കൂടുതൽ ഓടിക്കൊണ്ടിരുന്ന ഷെഡ്യൂളുകൾപോലും നിർത്തലാക്കിക്കൊണ്ടിരിക്കുന്നു. ബസ്സുകൾ കട്ടപ്പുറത്ത് വയ്ക്കുന്നു. ആവശ്യമായ ടൂൾസ് പോലുമില്ലാത്ത ഒരു അവസ്ഥയാണ് അവിടെയുള്ളത്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ സംരക്ഷണത്തിന് ഏറ്റവും കൂടുതൽ പണം നീക്കിവയ്ക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഏറ്റവും കൂടുതൽ തീരദേശങ്ങളുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ തീരപ്രദേശങ്ങളുണ്ട്. മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളുമെടുത്ത് ജീവിക്കുന്ന തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ സർക്കാർ ഫണ്ട് അനുവദിക്കണം. അതോടൊപ്പംതന്നെ മറ്റൊരു കാര്യം പറഞ്ഞിട്ടുള്ളത് കേരളത്തിലെ 140 എം.എൽ.എ.മാർക്കും പ്രത്യേകിച്ച് തീരപ്രദേശത്തുള്ള എം.എൽ.എ.മാർക്ക് തീരദേശ റോഡുകൾ നിർമ്മിക്കാൻവേണ്ടി ഫിഷറീസ് വകുപ്പ് ഫണ്ട് അനുവദിക്കുന്നുണ്ട്. ആ ഫണ്ട് അനുവദിക്കുമ്പോൾ കഴിഞ്ഞ വർഷത്തെ പണി പൂർത്തീകരിക്കുന്നതിനുവേണ്ടി കുറേക്കൂടി പണം നീക്കിവയ്ക്കണം. ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u> : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഞാൻ ഈ ബഡ്ജറ്റിനെ ഒരു "above average budget" എന്ന് വിശേഷിപ്പിക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ 5 വർഷത്തെ ഫിനാൻസ് മാനേജുമെന്റുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ബഡ്ജറ്റ് "Top Rank" ആണ്. കേരളംനേടിയെടുത്തിട്ടുള്ള നേട്ടങ്ങളുടെ സസ്റ്റെയ്നബിലിറ്റി ഉറപ്പുവരുത്തുന്ന കാര്യത്തിലും കേരളം നേടിയെടുത്ത നേട്ടങ്ങളിൽ നിന്ന് പുറകോട്ട് പോകുന്ന പ്രവണതയിൽ നിന്ന് തടഞ്ഞുനിർത്തുന്ന കാര്യത്തിലും നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ വച്ച് നോക്കുമ്പോൾ ഈ ബഡ്ജറ്റ് ഒരു ആവറേജ് ബഡ്ജറ്റ് മാത്രമാണ്. ഭൗതിക സൗകര്യ വികസനത്തിന്റെ കാര്യത്തിൽ ഇത് തീർച്ചയായും ഒരു ആവറേജ് ബഡ്ജറ്റാണ്. ന്യൂനപക്ഷ പിന്നോക്ക ജനവിഭാഗങ്ങൾ അർപ്പിച്ച വിശ്വാസം പരീക്ഷിക്കുന്ന കാര്യത്തിൽ ഈ ബഡ്ജറ്റും ഗവണ്മെന്റും ബിലോ ആവറേജാണ്. ഈ പാരാമീറ്റേഴ്സ് ആണ് ഇതിനെ ഒരു just above average budget എന്ന് വിശേഷിപ്പിക്കാൻ കാരണം. ഈ ബഡ്ജറ്റ് തയ്യാറാക്കാനെടുക്കുന്ന സമീപനത്തെക്കുറിച്ചാണ് ആദ്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ഇവിടെ എല്ലാ മന്ത്രിമാർ ഭരിച്ചപ്പോഴും പ്രിപ്പറേഷൻ സംവിധാനം കൺവെൻഷണൽ സമ്പ്രദായമാണ്. കൺവെൻഷണൽ സമ്പ്രദായത്തിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുപകരം സയന്റിഫിക് സംവിധാനത്തിലേക്ക് ഇവിടത്തെ ബഡ്ജറ്റ് പ്രിപ്പറേഷൻ പോയിട്ടില്ല എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. നമ്മൾ എന്താണ് ചെയ്യുന്നത്? ബർത്ത്ഡേ ആഘോഷിക്കാൻ കുട്ടികളെ കൊണ്ടുവരുന്ന സമയത്ത് പുത്തൻ ഉടുപ്പുമിട്ട് സുഗന്ധദ്രവ്യങ്ങളും പൂശി കാലിൽ കിലുങ്ങുന്ന പാദസരങ്ങളും അണിയിച്ച് കയ്യിൽ എന്തെങ്കിലും ശബ്ദമുണ്ടാക്കുന്ന ടോയ്സും കൊടുത്ത് പറഞ്ഞയയ്ക്കുന്നതു പോലെയാണ് നമ്മൾ ഓരോ ബഡ്ജറ്റിനേയും സമീപിച്ചത്. ഞാൻ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗമായി പ്രവർത്തിച്ചിരുന്ന കാലത്ത് എനിക്ക് കാണാൻ സാധിച്ച ഒരു കാര്യം പാസ്സാക്കിക്കൊടുത്ത സംഖ്യ ചെലവാക്കില്ല, ചെലവാക്കാൻ വേണ്ടി കൊടുത്തത് ചെലവാക്കും, ദുർവ്യയം ചെയ്യും. മാർച്ച് 31-ന് ഒരു നെട്ടോട്ടമാണ്. ഈ പരമ്പരാഗത സുഖക്കേടുകളിൽ നിന്ന് നമ്മുടെ ഫിനാൻസ് മാനേജുമെന്റിനെ രക്ഷിക്കുന്ന

കാര്യത്തിൽ ഫലപ്രദമായ നടപടി ഉണ്ടായിട്ടില്ല. നമ്മുടെ ബഡ്ജറ്റ് സംവിധാനം എങ്ങനെയാണ്? It is an incremental approach. കഴിഞ്ഞ കാലത്ത് എന്താണോ ആ ചെലവുകൾ അങ്ങനെ തന്നെ carry forward ചെയ്യുകയാണ്. അതിനുപകരം Zero based budget-നെക്കുറിച്ച് ഇവിടെ ഒരുപാട് കാലമായി സാമ്പത്തിക വിദഗ്ദ്ധന്മാർ സംസാരിക്കുന്നുണ്ട്. ശ്രീ. വി. പി. സിംഗ് ധനകാര്യ മന്ത്രിയായിരുന്ന സമയത്ത് പാർലമെന്റിൽ അവതരിപ്പിച്ച ഫിസ്ക്കൽ റിഫോംസ് ഡോക്യുമെന്റിൽ അദ്ദേഹം സജസ്റ്റ് ചെയ്തത് Zero based budget ആണ്. എന്താണ് Zero based budget? Zero based budget-ൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ incremental approach-നുപകരം എല്ലാറ്റിനും നവീനമായ ഒരു സംഗതിയുണ്ട്. മറ്റൊരു കാര്യം അത് അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുകയാണ്. നമ്മൾ ഇത്ര പണം ചെലവാക്കുന്നു അതിന്റെ റിട്ടേൺ ഇത്ര എന്നതിനെ സംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്. വൈകിയെങ്കിലും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയട്ടെ, കൺവെൻഷണൽ അപ്രോച്ചിനു പകരം Zero based budget പ്രിപ്പറേഷനിലേക്കൊക്കെ നീങ്ങേണ്ട കാലമായി. കേരളം ഇൻഡ്യയ്ക്ക് മാതൃകയാകേണ്ട സംസ്ഥാനമാണ്. ആ രീതിയിൽ ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവണ്മെന്റ് ധാരാളം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനമാണ് വികലാംഗരുടെ കാര്യത്തിൽ ചെയ്തത്. വകുപ്പുമന്ത്രി തന്നെ ഇവിടെയുണ്ട്. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. വികലാംഗ പെൻഷൻ 110 രൂപ എന്നത് 150 രൂപ ആക്കി. വികലാംഗരുടെ ക്ഷേമത്തിനായി നിയമത്തിൽ ഒരു ഇംപ്ലിമെന്റേഷൻ നടത്തിയത് കേരളത്തിൽ ആദ്യമായാണ്. അത് റെക്കാർഡാണ്. 800 വികലാംഗർക്ക് സ്പെഷ്യൽ ക്വാട്ടയിൽ നിയമനം നൽകി. 400 വികലാംഗർക്ക് നിയമനം നൽകാൻ പോകുന്നു. ദീർഘകാലമായി സർവ്വീസിലുണ്ടായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്താനുള്ള നടപടിയെടുത്തു. തീർച്ചയായും ആർദ്രതയുള്ള ഒരു ഗവണ്മെന്റായി ഞാൻ ഈ ഗവണ്മെന്റിനെ കാണുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിച്ച സമയത്ത് ആത്മഹത്യാ മുനമ്പിലായിരുന്നു കേരളത്തിലെ കൃഷിക്കാരെല്ലാം. ആ കർഷകരെ കൊണ്ടുവന്ന് എവിടെ ഉയർത്തി എന്നു ചോദിച്ചാൽ Economic News Digest-ൽ കേരള യൂണിവേഴ്സിറ്റിയുടെ അഗ്രിക്കൾച്ചർ വിഭാഗത്തിന്റെ സർവ്വേ റിപ്പോർട്ടിൽ പറയുന്നുണ്ട്. സമയ ചുരുക്കം കാരണം ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. B.A. Prakash, Director, Coconut Cultivation Unit, Kerala University. അദ്ദേഹത്തിന്റെ നിഗമനം ഉണ്ടല്ലോ, എന്താണ്? Coconut price has increased 67% in a 20 month period from April, 2002 to November, 2003. അതുപോലെ During the same 20 month period the average price realisation for natural rubber also increased 67%.ചെറിയ കാര്യമാണോ? കേരളത്തിന്റെ കാർഷിക രംഗത്തെ പുതിയ പ്രതീക്ഷയാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. അതുപോലെ തന്നെയാണ് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്. ഗൗരവമായിട്ട് ഇതിനെപ്പറ്റി ചിന്തിക്കുന്നതാണ്. ഗ്ലോബലൈസേഷന്റെ ഫലമായി നമ്മുടെ കാർഷിക രംഗത്ത് വന്നുകൊണ്ടിരിക്കുന്ന അപകട സാദ്ധ്യതകളെ തരണം ചെയ്യുന്നതിനു വേണ്ടിയുള്ള ധാരാളം കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്. ടൂറിസം മന്ത്രി ഇവിടെ ഇരുപ്പുണ്ട്. അദ്ദേഹത്തെ അഭിനന്ദിക്കാൻ സത്യത്തിൽ വാക്കുകളില്ല. കേരളം ഇന്ത്യയ്ക്ക് മാതൃകയാകുന്ന ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറുകയാണ്. അവാർഡുകൾ വാരിക്കൂട്ടിയിട്ടാണ് നമ്മുടെ ടൂറിസം മന്ത്രി പോന്നിട്ടുള്ളത്. കേരളത്തിൽ വലിയ തോതിലുള്ള World Travel Tourism Council-ൽ membership കിട്ടുന്ന, partnership കിട്ടുന്ന ആദ്യത്തെ സംസ്ഥാനമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കേരളം ഉയരുകയാണ്. ടൂറിസ്റ്റ് ഫ്ളോ ആണ് കേരളത്തിലേക്ക് വന്നു കൊണ്ടിരിക്കുന്നത്. ഭൂമിയിൽ സ്വർഗ്ഗം ഉണ്ടെങ്കിൽ അത് കാശ്മീരാണെന്ന് ഒരിക്കൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു. എങ്കിൽ ഇൻഡ്യയിലെ സ്വർഗ്ഗമായി കേരളത്തെ കാണുന്ന വിധത്തിൽ കേരളം ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറുന്നു എന്നത് സന്തോഷമുള്ള കാര്യമാണ്. ഹൗസ് ബോട്ടിനൊക്കെ ലക്ഷ്വറി ടാക്സ് ഈടാക്കുന്ന കാര്യം പുനരാലോചിക്കേണ്ടതാണ്. സത്യത്തിൽ ഈ ഹൗസ് ബോട്ടുകളൊക്കെ കണ്ടിട്ടാണ് ആളുകൾ ഇങ്ങോട്ട് വരുന്നത്. വല്ലവരും ഇങ്ങോട്ട് വരികയാണെങ്കിൽ അവർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വിധത്തിലുള്ള നടപടികൾക്ക് മുതിരാതെ പകരം വേറെ ആ രംഗത്ത് അവർക്കുവേണ്ടി മറ്റെന്തെങ്കിലും കൂടുതൽ സൗകര്യങ്ങൾ ചെയ്യാൻ പറ്റുമോ എന്ന് നോക്കണം. ഐ.റ്റി. രംഗത്ത് വമ്പിച്ച മാറ്റം വരികയാണ്. ഐ.റ്റി. റെവല്യൂഷൻ വരികയാണ്. ഇൻഡ്യയിലെ ആദ്യത്തെ കമ്പ്യൂട്ടർ സാക്ഷരതയുള്ള സംസ്ഥാനം എന്ന നിലയിൽ കേരളം ഉയരുകയാണ്. windows-ന്റെ മലയാളം വേർഷൻ വരാൻ പോകുകയാണ്. അത് വിപ്ലവാത്മകമായ മാറ്റത്തെ സൂചിപ്പിക്കുകയാണ്. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് എന്റെ സുഹൃത്തുക്കൾ അൽപ്പം മുൻപ് ഇവിടെ സംസാരിച്ചു, എന്നിട്ട് അവർ സഭയിൽ നിന്ന് ഇറങ്ങിപ്പോയി. നിങ്ങൾ ശ്രീ. നാലകത്തു സൂപ്പിയെ ആക്ഷേപിച്ച് അദ്ദേഹം രാജി വയ്ക്കണമെന്ന് പറഞ്ഞിട്ട് പോയി. ഞാൻ നിങ്ങളോട് ചോദിക്കുകയാണ് നിങ്ങൾക്ക് വല്ല ആത്മാർത്ഥതയുമുണ്ടോ? ഈ വസ്തുത നിങ്ങൾ കാണുന്നുണ്ടോ? കേരളത്തിൽ നിങ്ങൾ നോക്കൂ. 7 എം.ബി.ബി.എസ്. കോളേജുകൾ, 6 ദന്തൽ കോളേജുകൾ, 9 ബി.ഫാം കോളേജുകൾ, 28 ബി.എസ്സി. നഴ്സിംഗ് കോളേജ്, 5 ബി.എച്ച്.എം.എസ്, 10 ബി.എ.എം.എസ്. എം.ബി.എ., ഇതിന്റെ പ്രളയം നടക്കുന്നില്ലേ? ഇതിനിടയിൽ 84 ബി.എഡ്. കോളേജുകളുടെ കാര്യത്തിലുള്ള അപാകതയാണ്. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്റെ സഹപ്രവർത്തകൻ ശ്രീ. നാലകത്ത് സൂപ്പിക്ക് എതിരായിട്ട് ആരോപണം ഉന്നയിച്ചു. 15 കോടി ഉറുപ്പികയുടെ ആരോപണം. സി.പി.ഐ.ലെ സുഹൃത്തുക്കൾ ചിന്തിക്കണം. സി.പി.ഐ.(എം)-ലെ സുഹൃത്തുക്കൾ പറന്നുപോകുന്ന പക്ഷിയുടെ പേരിൽ പോലും ആരോപണം ഉന്നയിക്കുന്നത് കൗതുകകരമായ കാര്യമാണ്. ഇപ്പോഴല്ലേ നിങ്ങൾ സൂപ്പിക്ക് എതിരായിട്ട് ആരോപണം ഉന്നയിക്കുന്നത്. കേരള രാഷ്ട്രീയത്തിൽ ധവളിമ പരത്തിയിരുന്ന രാഷ്ട്രീയ നേതൃത്വത്തിന് ഉടമയായിരുന്നു എം.എൻ. ഗോവിന്ദൻ നായർ. ആ എം. എൻ. ഗോവിന്ദൻ നായർക്ക് എതിരായിട്ട് സി.പി.ഐ. (എം)-കാർ എന്താണ് ഉന്നയിച്ചത്. ഒൻപത് അഴിമതി ആരോപണങ്ങളാണ് പഴയ കമ്യൂണിസ്റ്റ് സഹപ്രവർത്തകർ പറഞ്ഞത്. ശ്രീ. അച്ചുതാനന്ദൻ, സി.ബി.സി. വാര്യർ, വി. വി. കുഞ്ഞമ്പു, ടി. എം. വിജയൻ, എന്നീ മാർക്സിസ്റ്റ്കാരും, കെ.എസ്.പി. സെക്രട്ടറി ജോൺ മഞ്ഞൂരാനും ആയിരുന്നു ആരോപണങ്ങൾ ഉന്നയിച്ചത്. ആരോപണങ്ങൾ മുഴുവനും ഇവിടെ പറയുമ്പോൾ സി.പി.ഐ.-ലെ സുഹൃത്തുക്കൾക്ക് അത് കേട്ടുനിൽക്കാൻപോലും സാധിക്കില്ല. കാരണം അത്രയ്ക്ക് വേദന ഉളവാക്കുന്നതാണ്. എം. എൻ. ഗോവിന്ദൻ നായരുടെ ചിരി പോലെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതവും. എനിക്ക് ഇത് ഓർമ്മ വരാൻ കാരണം സൂപ്പിയുടെ അനുജന് സ്ക്കൂൾ കൊടുത്തു എന്ന് നിങ്ങൾ പറഞ്ഞില്ലേ; അന്ന് എന്താണെന്നറിയാമോ നിങ്ങൾ ഉന്നയിച്ച ആരോപണം. അഞ്ച് ലക്ഷം ഇലക്ട്രിക് ബൾബുകൾക്ക് തോഷിബാ ആനന്ദിന് കരാർ നൽകി ഏഴു ലക്ഷം രൂപ നഷ്ടം ഉണ്ടാക്കി എന്നാണ്. വെളിയം ഭാർഗ്ഗവന്റെ ഭാര്യാ സഹോദരൻ എം. പി. അശോകന് വെള്ളാ്വണി കാർഷിക കോളേജിൽ Plant Paediatrics എന്ന ഇല്ലാത്ത കോഴ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

പി.എച്ച്.ഡി.-ക്ക് പ്രവേശനം നൽകാനും, പ്രതിമാസം 175 ഉറുപ്പിക സ്റ്റൈപ്പെന്റും ഗവേഷണ ചെലവും നൽകാനും സർവ്വകലാശാലയിൽ സമ്മർദ്ദം ചെലുത്തി എന്നുമുള്ള ആരോപണം. നിങ്ങൾ പറയുന്ന ആരോപണത്തിൽ സത്യസന്ധത ഇല്ലെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ്. എം.എൻ. ഗോവിന്ദൻ നായരുടെ പേരിൽ അടക്കം നിങ്ങൾ ആരോപണം ഉന്നയിച്ചു. അതിൽ ജീവിച്ചിരിക്കുന്ന ഏക ആൾ ശ്രീ. അച്ചുതാനന്ദനാണ്. അപ്പോൾ നിങ്ങൾക്ക് ആരെപ്പറ്റിയും എന്തും പറയാം. നിങ്ങൾക്ക് വലിപ്പവും ഇല്ല ചെറുപ്പവും ഇല്ല. അതുകൊണ്ടാണ് നിങ്ങൾ ശ്രീ. സൂപ്പിയെപ്പറ്റി പറയുന്നത്. ഞങ്ങൾ പറയുന്നത് കോളേജ് കൊടുത്തതിൽ അപാകതയുണ്ടെങ്കിൽ തിരുത്താം. ഞാൻ പറയുന്നത് നിങ്ങൾക്ക് അഴിമതി ആരോപണം ഒരു സ്റ്റൈൽ മാത്രമാണ്. ഞങ്ങളുടെ ഗവൺമെന്റിന് പോരായ്മകളുണ്ട്. ഞങ്ങളുടെ ഗവൺമെന്റ് നട്ടുച്ചയ്ക്ക് ഗ്രഹണം ബാധിച്ചതുപോലെയാണ്. ഞങ്ങളുടെ ഗവൺമെന്റ് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷെ എന്താന്നുവച്ചാൽ ഉച്ചക്ക് ഇതിന് ഗ്രഹണം ബാധിച്ചുപോയി. നിങ്ങൾക്ക് ഒരു വിചാരം ഉണ്ടായി ഇതിന് ഇരുട്ട് പിടിച്ചു എന്ന്. നിങ്ങൾ ചൂട്ട് പിടിക്കുകയാണ്. ഇല്ല. ഈ ഗ്രഹണത്തിൽ നിന്ന് മോചനം നേടും. വീണ്ടും ഈ സൂര്യന് പ്രകാശം ഉണ്ടാകും എന്ന കാര്യത്തിൽ തർക്കമില്ല. നിങ്ങൾ വിചാരിച്ചു ഇരുട്ടായിപ്പോയി എന്ന്, യാതൊരു രക്ഷയുമില്ല എന്ന്. അങ്ങനെ വരാൻ പോകുന്നില്ല. അതു മാത്രമല്ല നമ്മുടെ സി.പി.ഐ. (എം)-കാര് കാത്തുനിൽക്കുകയാണ്. കെണിവച്ച് കാത്തുനിൽക്കുകയാണ്. ഞാൻ നിങ്ങളോട് പറയട്ടെ കെണിവച്ച് കാത്തു നിൽക്കേണ്ട കേരളത്തിലെ ജനങ്ങൾ തീർച്ചയായിട്ടും യു.ഡി.എഫ്.-ൽ അർപ്പിച്ച വിശ്വാസം പരിരക്ഷിച്ചുകൊണ്ട് തന്നെ മുന്നോട്ട് പോകും എന്നുള്ളതാണ്. നമുക്ക് വലിയ പ്രതീക്ഷയുണ്ട് പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ കാര്യത്തിൽ. ഞാനും പോയിരുന്നു പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ മുൻപിൽ, ഞങ്ങളുടെ പാർട്ടിക്കുവേണ്ടി മൊഴി കൊടുക്കാൻ. ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്ന ഒരു കാര്യം ഈ പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ തന്നെ വിഭവശേഷി ഡിവൈഡ് ചെയ്യുന്ന തത്വത്തിൽ ഉറച്ചു നിൽക്കുന്നതുകൊണ്ട് വലിയ കാര്യമുണ്ടോ? ഞാൻ പറയുന്നത് ഇത് മാത്രം ആകരുത് പാരാ മീറ്റേഴ്സ്, പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ആകട്ടെ കേന്ദ്രത്തിന്റെ മറ്റു കാര്യങ്ങൾ ആകട്ടെ വിഭവശേഷി വിതരണം ചെയ്യുന്ന സമയത്ത് എടുക്കേണ്ട പാരാ മീറ്റേഴ്സിന്, ഒന്ന് ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ ആയിരിക്കണം. മറ്റൊരു കാര്യം എന്നു പറയുന്നത് സെക്കന്റ് ജനറേഷൻ പ്രോബ്ളം. ഒരു പ്രോബ്ലം കേരളത്തിൽ ഉണ്ട്. നമുക്ക് വിദ്യാഭ്യാസം കൂടുതലുണ്ട്. അതിന്റെ ഫലമായിട്ട് തൊഴിലില്ലായ്മ കൂടുതലുണ്ട്. അൺ എംപ്ലോയിഡായിട്ടുള്ള എജ്യുക്കേറ്റഡ് യൂത്ത് ഇവിടെ കൂടുതലുണ്ട്. Life expectancy കൂടുതൽ ആയതിന്റെ ഫലമായിട്ട് വാർദ്ധക്യം ഒരു പ്രശ്നമായി തീർന്നിട്ടുണ്ട്. ഇതുപോലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കാര്യത്തിൽ ഒരു വെയിറ്റേജ് വേണം. ഒന്ന് ജിയോഗ്രാഫിക്കൽ ഡിസ് അഡ്വാന്റേജ്. ഇൻഡ്യയുടെ തെക്കേ അറ്റത്ത് നിൽക്കുന്ന സംസ്ഥാനം എന്ന നിലയിൽ നമുക്ക് പ്ലസ് പോയിന്റ് തരണം. നമുക്ക് വെയ്റ്റേജ് തരേണ്ട കാര്യമുണ്ട്. ഇത്തരം കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതായിരുന്നില്ലേ? ഇവിടെ പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ മാത്രം ഡിവൈഡ് ചെയ്യുക എന്നുള്ള തത്വം നിൽക്കുന്നതിനു പകരം ഈ പാരാ മീറ്റേഴ്സ് കൂടി ചർച്ച ചെയ്യുന്ന കാര്യം വളരെ ഗൗരവമായിട്ട് എടുക്കണം. ചർച്ച ചെയ്യേണ്ട കാര്യം എന്നു പറയുന്നത് കേരള മോഡൽ ഇവിടെ വളരെ ഗൗരവമായിട്ട് ചർച്ച ചെയ്യുകയാണ്. വളരെയധികം വികാസം ഉണ്ടായിട്ടുണ്ട്. പക്ഷെ നമ്മൾ ഒരു കാര്യം കാണേണ്ടത് പതിനഞ്ചു മുതൽ 29 വയസ്സുവരെയുള്ള ആളുകളുടെ കൂട്ടത്തിൽ തൊഴിൽ ഇല്ലായ്മ നമ്മുടെ സംസ്ഥാനത്ത് വമ്പിച്ച തോതിൽ ഉയരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞ കണക്ക് പ്രകാരം 2002-ൽ എസ്.എസ്.എൽ.സി.-യുടെ മേലുള്ള തൊഴിലില്ലാത്തവരുടെ എണ്ണം 29.68 ലക്ഷം ആയിരുന്നു. എങ്കിൽ ഇപ്പോൾ അത് 31.29 ലക്ഷമായി കൂടുകയാണ്. 1698 മെഡിക്കൽ ഗ്രാജുവേറ്റ്സ് ആയിരുന്നു നമുക്ക് ഉണ്ടായിരുന്നതെങ്കിൽ അതിപ്പോൾ 2003 ആയപ്പോഴേക്കും 4070 ആയിട്ട് shoot up ചെയ്തിരിക്കുകയാണ്. അതുപോലെ വേറൊരപകടം ഉണ്ടാകാൻ പോകുന്നത് ഗൾഫ് നാടുകളിൽ നിന്ന് ആളുകൾ ഇപ്പോൾ മടങ്ങി വരികയാണ്. ഇതിന്റെയെല്ലാം ഇടയിൽ വമ്പിച്ച തോതിലുള്ള സെക്കന്റ് ജനറേഷൻ പ്രോബ്ലം നമ്മുടെ സംസ്ഥാനത്ത് വരികയാണ്. ഇതിനെ തരണം ചെയ്യാൻ വേണ്ടി ഈ പൊടിക്കൈ കൊണ്ട് കാര്യമുണ്ടോ? നമ്മൾ ഇപ്പോൾ ഇവിടെ പറഞ്ഞിട്ടുണ്ട് അൻപതിനായിരം ആളുകൾക്ക് ഉദ്യോഗം എന്ന്. പണ്ട് ഇടതുപക്ഷവും പറഞ്ഞിരുന്നു. അവരുടെ അഞ്ചു കൊല്ലത്തെ ഭരണം കഴിഞ്ഞാൽ പിന്നെ പണിക്ക് ആളേയും തിരഞ്ഞ് തമിഴ്നാട്ടിലേക്ക് പോകും എന്നുള്ള രീതിയിലാണ് അവർ പറഞ്ഞിരുന്നത്. നടന്നിട്ടില്ല. ഇവിടെ ഗൗരവമായിട്ട് കാണേണ്ട ഒരു കാര്യമുണ്ട്. ഇവിടെ ഗ്ലോബലൈസേഷൻ വരുന്നു. ബോംബെ സമ്മേളനമൊക്കെ കഴിഞ്ഞതിനുശേഷം, ഗ്ലോബലൈസേഷനെപ്പറ്റി, തീർച്ചയായിട്ടും ഒരു അപകടം തന്നെയാണ്. പക്ഷെ ബുദ്ധിയുള്ളവർ ചെയ്യേണ്ടത് എന്താണ്. ഗ്ലോബലൈസേഷൻ യാഥാർത്ഥ്യം ആയിത്തീർന്നിട്ടുണ്ട്. ഗ്ലോബലൈസേഷൻ യാഥാർത്ഥ്യം ആയിത്തീർന്ന സാഹചര്യത്തിൽ Indianisation of Globalisation നടക്കില്ല. കാരണം ഇൻഡ്യാ ഗവൺമെന്റ് ഗ്ലോബലൈസേഷൻ പറഞ്ഞതിനേക്കാൾ ഉദാരമാണ്. പിന്നെ ചെയ്യേണ്ടത് എന്താണ്. Keralisation of Globalisation- നല്ല സാധ്യതയുണ്ട്. കേരളത്തിന് ഗ്ലോബലൈസേഷന്റെ പ്രതിസന്ധി തരണം ചെയ്യുന്ന കാര്യത്തിലും അതിന്റെ നന്മകൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിലും knowledge based economy ആയി ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വലിയ പങ്ക് വഹിക്കാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല. സാമ്പത്തിക വിദഗ്ദ്ധൻമാർ ഒരു പുതിയ പദം ഇംഗ്ലീഷിൽ കൊണ്ടുവന്നിരിക്കുകയാണ് ഗ്ലോബലൈസേഷൻ. ഗ്ലോബലൈസേഷൻ പ്ലസ് ലോക്കലൈസേഷൻ. ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത് കേരളത്തെ ആഗോളവൽക്കരണത്തിന്റെ വിപത്തിൽ നിന്ന് തടയണം. ആഗോളവൽക്കരണത്തിന്റെ നന്മ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിയുന്നതിനുള്ള ഒരു ദിശാബോധമാണ് നമുക്ക് വേണ്ടത്. അത് വച്ചുകൊണ്ട് നമ്മൾ കാണേണ്ട പല കാര്യങ്ങളും ഉണ്ട്. ഇപ്പോൾ നമുക്കറിയാം നമ്മുടെ നാട്ടിൽ ലോക നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. ലോക നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ നമുക്ക് അതിലേക്ക് ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച നയത്തിൽ കയറ്റുമതിയുടെ കാര്യം പറഞ്ഞിട്ടുണ്ട്. നമ്മുടെ സ്ഥിതി എന്താണ്.

കയറ്റുമതിയുടെ ട്രെൻഡ് നോക്കുന്ന സമയത്ത് പേടിപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. 1998-ൽ 89.4 % ആയിരുന്നു എക്സ്പോർട്ട് എങ്കിൽ അത് 73.7% ആയി കുറഞ്ഞിരിക്കുന്നു. സീ ഫുഡ് എക്സ്പോർട്ടും കുറഞ്ഞിരിക്കുകയാണ്, 24.2%. അല്പം മെച്ചമായി നിൽക്കുന്നത് കൊച്ചിൻ പോർട്ടിൽ നിന്നുള്ള സ്പൈസസ്, കാഷ്യു തുടങ്ങിയവയുടെ എക്സ്പോർട്ടാണ്. നമ്മൾ ചെയ്യേണ്ടത് ഉൽപ്പാദനം വർദ്ധിപ്പിക്കുകയാണ്. ഉൽപ്പാദനത്തിന്റെ കാര്യത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്നത് ഇവിടുത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നുള്ളതാണ്. ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ജനകീയാസൂത്രണം പോലെ പല സംഗതികളുമുണ്ടായിട്ടുണ്ട്. ഒരു കാര്യം ഉണ്ട്. എന്തെല്ലാം വിവാദങ്ങൾ

11.00 A.M.] ഉണ്ടായിരുന്നാലും ശരി, ആരോപണം ഉണ്ടായിക്കോട്ടെ, ഈ നാടിന്റെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ നടപടിയാണ് ഡീസെൻട്രലൈസേഷന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഇടതുപക്ഷ മുന്നണിയുടെ കോൺട്രിബ്യൂഷനുണ്ട്. ഞങ്ങളുടെ കോൺട്രിബ്യൂഷനുണ്ട്. പക്ഷേ controversy is dearer than food for Malayalees എന്നാരോ പറഞ്ഞിട്ടുണ്ട്. അതുപോലെ ഇല്ലാത്ത വിവാദം നമ്മൾ ഉണ്ടാക്കുകയാണ്. ഞാൻ പറയുന്നത് ഗൗരവമായി കാണണം. രണ്ട് ഫൈനാൻസ് കമ്മീഷനുകൾ ഉണ്ടായിട്ടുണ്ട്. ശ്രീ. ഏബ്രഹാം ചെയർമാനായ ഫൈനാൻസ് കമ്മീഷൻ അതിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു ഫൈനാൻസ് കമ്മീഷനെ വച്ചു. ഈ രണ്ട് കമ്മീഷനുകളും ശരിക്ക് പറഞ്ഞാൽ പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച അധികാര വികേന്ദ്രീകരണമാണ് ശുപാർശ ചെയ്തത്. ഏബ്രഹാം കമ്മീഷൻ 69 ശുപാർശകൾ പറഞ്ഞിട്ടുണ്ട്. അതിൽ ചിലത് നടപ്പിലാക്കി. ബാക്കി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അപ്പോയ്ന്റ് ചെയ്തിട്ടുള്ള രണ്ടാമത്തെ കമ്മീഷന് വച്ചു. അവർ നല്ല റെക്കമെന്റേഷൻ വച്ചു. പക്ഷേ ഇതുവരെയും വെളിച്ചം കണ്ടിട്ടില്ല. നമ്മുടെ ഗവൺമെന്റിന്റെ കൈയിൽ ഈ ശുപാർശകൾ ഉണ്ട്. കമ്മീഷൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്താണ്? ശരിക്ക് നോക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞല്ലോ വെളിച്ചവും കാറ്റും കടക്കുന്ന ബഡ്ജറ്റ് എന്ന്. വെളിച്ചവും കാറ്റും കടക്കുന്ന കൂട്ടത്തിൽ ഈ ശുപാർശകൾകൂടി കടത്തണം എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഒരു കാര്യം കൂടി സൂചിപ്പിച്ചോട്ടെ. നിശബ്ദ വിപ്ലവം അരങ്ങേറുകയാണ് കേരളത്തിൽ. കുടുംബശ്രീ വികസിപ്പിച്ച് എടുക്കേണ്ട ആശയമാണ്. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞു നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ക്യാബിനറ്റിന്റെ മുമ്പാകെയുണ്ടെന്ന്. അത് സ്വാഗതം ചെയ്യുന്നു. ഒരു കാര്യമുണ്ട്. റിപ്പോർട്ട് കിട്ടിയിട്ട് 2 കൊല്ലവും 2 മാസവുമായി. ഇനിയിപ്പോൾ വച്ചു താമസിപ്പിക്കരുത്. മലബാറിൽ ഒരു ശൈലിയുണ്ട്. മൂക്കുകൊണ്ട് താളം ചവിട്ടിയാൽ മൂന്നു നാഴിക എന്ന്. 2 കൊല്ലവും 2 മാസവുമായി റിപ്പോർട്ട് ക്യാബിനറ്റിന്റെ മുമ്പിൽ പോയിട്ട്. ജനങ്ങൾക്ക് പ്രതീക്ഷയുണ്ട്. അവരെ നിരാശരാക്കരുത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഞങ്ങളെപ്പറ്റിയൊക്കെ ധാരാളം പറഞ്ഞു. മി. അച്ചുതാനന്ദൻ സംസാരിച്ച സമയത്ത് മതേതര മുന്നണിയിൽ ലീഗ് ഉണ്ടാകുമോ എന്ന അത്ഭുതത്തേക്കുറിച്ച് അദ്ദേഹം പറഞ്ഞു. ഞാൻ നിങ്ങളോട് പറയട്ടെ. മതേതര മുന്നണിയിൽ ശരിക്ക് സ്ഥാനം കിട്ടാൻ അർഹതയുള്ളത് ഞങ്ങൾക്കാണ്. നിങ്ങൾ വരികയാണെങ്കിൽ അസോസിയേറ്റ് മെമ്പറായി കൂടെ നിർത്താം. നിങ്ങളെ അതിന്റെയുള്ളിൽ കയറ്റാൻ പറ്റില്ല. നിങ്ങളുടെ സമീപനം അതാണ്. മാറാട് പ്രശ്നം അടക്കമുള്ള കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. മുസ്ലീം ലീഗ് എന്നും അതിന്റെ മതേതര ശൈലി നിലനിർത്തിയിട്ടുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞപ്പോൾ സോണിയ ഗാന്ധി ഉണ്ടാക്കാൻ പോകുന്ന മുന്നണിയിൽ ലീഗ് ഉണ്ടായിരിക്കും എന്നുള്ള ധ്വനിയിലാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയുമോ കരുണാനിധിയുടെ മുന്നണിയിൽ ചേർക്കാൻ വേണ്ടി ഹർകിഷൻ സിംഗ് സുർജിത് ഡൽഹിയിൽ നിന്ന് തമിഴ്നാട്ടിൽ വന്ന് ആ മുന്നണിയിൽ ലീഗ് ഉണ്ടെന്നു പറഞ്ഞിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ പറയുന്നത് നിങ്ങൾ ഒരു കാര്യം ചെയ്യണം. പ്രായോഗികത നിങ്ങൾക്കുണ്ടാകണം. ഞങ്ങളുടെ പാർട്ടി കോൺഗ്രസ് മുന്നണിയിലാണ്. കാരണം ഞങ്ങൾക്ക് വ്യക്തമായ ബോധ്യമുണ്ട് കാവിപ്പടയിൽ നിന്ന് ഇൻഡ്യയെ രക്ഷിക്കാൻ, വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളിൽ നിന്ന് ഇൻഡ്യയെ രക്ഷിക്കാൻ കോൺഗ്രസിനെ മുന്നിൽ നിർത്തിക്കൊണ്ടുള്ള രാഷ്ട്രീയ പരീക്ഷണമല്ലാതെ മറ്റൊന്നും വിജയിക്കാൻ പോകുന്നില്ല. നിങ്ങൾ എപ്പോഴും പറയുന്നതല്ലെ മൂന്നാം മുന്നണി, മൂന്നാം മുന്നണി എന്ന്. നിങ്ങൾക്കറിയാമല്ലോ നടക്കില്ലെന്ന്. ശരിക്കും വക്ക് പൊട്ടിയതും വര വീണതുമായ ഗ്രാമഫോൺ പോലെയാണ് മാർക്സിസ്റ്റ് പാർട്ടി. പാടിയതുതന്നെ പാടിക്കൊണ്ടിരിക്കുകയും മറ്റ് ട്രാക്കിലേയ്ക്ക് കയറിപ്പോകാൻ വഴി കാണാതെ നട്ടം തിരിയുകയും ചെയ്യുന്ന അവസ്ഥയാണ് അവർക്ക്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ നടപ്പില്ലാത്ത മൂന്നാം മുന്നണിയെ പറ്റിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞങ്ങളുടെ പാർട്ടി ചെറിയ പാർട്ടിയാണ്. നിങ്ങളുടേതുപോലെ വലിയ പാർട്ടിയല്ല. ചെറിയ പാർട്ടിയാണെങ്കിൽ പോലും ഇവിടുത്തെ മതേതരത്വത്തിന് ഞങ്ങൾ വലിയ സംഭാവന നൽകിയിട്ടുണ്ട്. നിങ്ങൾ പറയുന്നതുപോലെ വലിയ വലിയ കാര്യങ്ങളൊന്നും ഞങ്ങൾ പറയാറില്ല. ഞാൻ ഓത്തു പള്ളിക്കൂടത്തിൽ പഠിച്ച കാലം തൊട്ട് ഇന്നുവരെ രണ്ട് ലോകങ്ങളെപ്പറ്റിയേ കേട്ടിട്ടുള്ളു. ഒന്ന് ഇഹലോകം, ഒന്ന് പരലോകം. നിങ്ങളുടെ കാലത്താണ് നാലാം ലോകത്തെപ്പറ്റി കേൾക്കുന്നത്. നിങ്ങൾ പ്രായോഗിക രാഷ്ട്രീയത്തിലേയ്ക്ക് തിരിച്ചു വരണം. മുസ്ലീം ലീഗിനെപ്പോലെ മതേതര സങ്കല്പം എടുക്കുന്ന പ്രസ്ഥാനത്തെ താഴ്ത്തിക്കെട്ടാൻ ശ്രമിച്ചാൽ ഈ നാട് ക്ഷമിക്കില്ല. ഈ ബഡ്ജറ്റ് പ്രായോഗികമായ ബഡ്ജറ്റാണ്. Above average ആണ്. ഇനി വരാനിരിക്കുന്ന ബാക്കി ഭാഗം above average-ൽ നിന്ന് top rank -ലേയ്ക്ക് കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് സാധിക്കുമെന്ന ഉത്തമ വിശ്വാസം എനിക്കുണ്ട് അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി അനുകൂലിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽപെട്ട് നട്ടംതിരിഞ്ഞിരുന്ന ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ കഴിഞ്ഞ 32 മാസം കൊണ്ട് വളരെയേറെ ഉണർവ് ഉണ്ടാക്കാൻ കഴിഞ്ഞ ഒരു സർക്കാരാണ് യു.ഡി.എഫ്. സർക്കാർ. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ആഭ്യന്തര ഉൽപ്പാദന വളർച്ചാ നിരക്ക്, ദേശീയ തലത്തിലുള്ള നിരക്ക് 4% ആണെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് 6% ആയി ഉയർന്നിട്ടുണ്ട്. അതുപോലെ തന്നെ സംസ്ഥാനത്തെ ആളോഹരി വരുമാനം 11,388 രൂപയാണെങ്കിൽ ദേശീയ തലത്തിൽ 11,010 രൂപ മാത്രമാണ്. ദേശീയ തലത്തിലുള്ള ഉൽപ്പാദന വളർച്ചാ നിരക്കും, അതോടൊപ്പം തന്നെ ആളോഹരി വരുമാന നിരക്കും നോക്കുകയാണെങ്കിൽ കേരളം ഇന്ന് മുൻപന്തിയിലാണെന്ന് കാണാൻ കഴിയും. ഈ സാഹചര്യം ഒരുക്കാൻ കേരളത്തിൽ ഇന്ന് ഭരിക്കുന്ന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാന കാരണം നമ്മുടെ കാർഷിക മേഖലയിലെ ഉണർവു തന്നെയാണ്. കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരുന്ന കാലഘട്ടം, ഏതാണ്ട് 5,6 വർഷക്കാലം, കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗം പൂർണ്ണമായും തകർന്ന ഒരു സാഹചര്യം നമുക്ക് കാണുവാൻ കഴിഞ്ഞു. കഴിഞ്ഞ ഇടതുപക്ഷ മുന്നണിയുടെ ഭരണ കാലത്ത് സംസ്ഥാനത്തെ സാമ്പത്തിക മേഖലയ്ക്ക് ദുരിതമായിരുന്നു; അന്ന് പാവപ്പെട്ട തൊഴിലാളികൾക്ക് തൊഴിലവസരം ഇല്ലായിരുന്നു. അതുമാത്രവുമല്ല ഉള്ള തൊഴിലവസരങ്ങൾക്ക് തന്നെ ന്യായമായ കൂലി ലഭിച്ച സാഹചര്യവും ഇല്ലായിരുന്നു; അതിന്റെയെല്ലാം

അടിസ്ഥാന കാരണം കേരളത്തിന്റെ കാർഷിക മേഖല അന്ന് തകർന്നടിഞ്ഞിരുന്നു എന്നുള്ളതുതന്നെയാണ്. ഇന്ന് കാർഷിക മേഖലയിൽ ഉണർവുണ്ടായിട്ടുണ്ട്. കുറേ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പൂർണ്ണമായും തകർച്ചയിൽ നിന്ന് മോചനം നേടി എന്നു പറയുന്നില്ല. പക്ഷേ കാർഷിക മേഖലയെ കൂടുതൽ പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ പുതിയ കാർഷിക വിളകൾ, പുതിയ കാർഷിക രീതികൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാൻ ഗവൺമെന്റ് കൂടുതൽ താൽപ്പര്യം കാണിക്കണം എന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

തൊഴിലില്ലായ്മ പൂർണ്ണമായി പരിഹരിക്കാൻ നമുക്ക് സാധിച്ചു എന്നുപറയുവാൻ കഴിയുകയില്ല. പക്ഷേ സർക്കാർ മേഖലയിലാണ് എല്ലാ തൊഴിലുകളും എന്ന ചിന്ത ഇന്നും നിലനിൽക്കുന്നു. ഏറ്റവും ചുരുങ്ങിയത് ഇടതുപക്ഷ മുന്നണിയിലുള്ള ബഹുമാന്യ അംഗങ്ങൾ ചിന്തിക്കുന്നു എന്നുള്ളതിന്റെ തെളിവാണ് സർക്കാർ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് ആക്കംകൂട്ടണമെന്നുള്ള ആവശ്യം ഈ നിയമസഭയിൽ ഉന്നയിച്ചത്. സർക്കാർ മേഖലയിലുള്ള തൊഴിലവസരങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഇനി പാവപ്പെട്ട അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് മുന്നോട്ടു പോകാനുള്ള സാഹചര്യമില്ല. ഈ വസ്തുത നമുക്ക് മനസ്സിലാക്കാൻ കഴിയണം. കൂടുതൽ തൊഴിലവസരങ്ങൾ മറ്റ് രംഗങ്ങളിൽ കണ്ടെത്തുവാനും, സ്വകാര്യ മേഖലയിലാണെങ്കിൽ കൂടി ഈ രംഗത്തേയ്ക്ക് കൂടുതൽ പ്രോൽസാഹനം നൽകുവാനും നമുക്ക് കഴിയേണ്ടതുണ്ട്. ഇന്ന് ഇരുപതു ശതമാനത്തിലേറെ നമ്മുടെ സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ നിലനിൽക്കുന്നു എങ്കിൽ, അത് ഇൻഡ്യയിലെ ഏറ്റവും കൂടിയ നിരക്കാണ് എന്ന വസ്തുതയും വിസ്മരിക്കാൻ കഴിയുകയില്ല. ഈ രീതിയിൽ കേരളം പോകുമ്പോൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഏറ്റവും കൂടുതൽ സാധ്യതയുള്ള ഒരു മേഖലയാണ് ടൂറിസം മേഖല. കഴിഞ്ഞ വർഷം നിയമസഭാസമിതി ഇൻഡ്യയിലെ പല സ്ഥലങ്ങളിലും പഠന പര്യടന പരിപാടി നടത്തിയപ്പോൾ കേൾക്കുവാൻ കഴിഞ്ഞ ഒരു വാചകമുണ്ട്: കേരളം പോലെ ടൂറിസത്തിന് ഇത്രയേറെ സാധ്യതയുള്ള മറ്റൊരു സംസ്ഥാനവുമില്ല എന്നുള്ളതാണ്. ഇന്ന് അറിയപ്പെടുന്ന ടൂറിസ്റ്റ് ഹബ് ആയി അല്ലെങ്കിൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി കേരളം മാറിയിരിക്കുന്നു. ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തിനും ഈ തലത്തിലേയ്ക്ക് വളരുവാനോ, ഉയരുവാനോ കഴിഞ്ഞിട്ടില്ല. പക്ഷേ കഴിഞ്ഞ രണ്ടര വർഷക്കാലത്തിനിടയിൽ ഈ സംസ്ഥാനത്തുണ്ടായ പുരോഗതി ആർക്കും നിഷേധിക്കാൻ കഴിയുകയില്ല; തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചു; വിദേശ ടൂറിസ്റ്റുകളുടെ ഒഴുക്ക് വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടായി. അതുവഴി വിദേശനാണ്യം കൂടുതലായി ലഭിക്കുന്ന സാഹചര്യം ഉണ്ടായി. സാധ്യതകൾ പഠിച്ചും സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും ഈ രംഗത്തേയ്ക്ക് കൂടുതൽ നേട്ടങ്ങളുണ്ടാക്കാൻ ഇനിയും നമുക്ക് കഴിയും. നമുക്ക് നമ്മുടേതായ പൈതൃകം എന്നു പറയുന്നത് പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ചു നൽകിയ പ്രകൃതി സൗന്ദര്യമാണ്. അത് പൂർണ്ണമായും വിനിയോഗിക്കുവാനും അവിടേയ്ക്ക് കൂടുതൽ തദ്ദേശ/വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുവാനും കഴിയുന്ന വിധത്തിലുള്ള പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയണം. അതിനുള്ള സാഹചര്യം ഉണ്ടാകണം. എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത് മറ്റൊരു കാര്യം കൂടിയാണ്; ടൂറിസം മേഖലയിൽ കൂടുതൽ അവസരങ്ങൾ ഉണ്ടാക്കുമ്പോൾ അതിന് പ്രാദേശികമായ സാധ്യതകൂടി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ഒരുക്കണം. ടൂറിസം മേഖലയിൽ വലിയ തുക മുടക്കി വിനോദ സഞ്ചാരം നടത്തുവാൻ കഴിയുന്നവർക്ക് മാത്രം വിനിയോഗിക്കാൻ കഴിയുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. പ്രാദേശിക ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്ന സാഹചര്യം കുറവായി കാണുന്നു. അതിന് മാറ്റമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങളെക്കുറിച്ച്കൂടി ചുരുങ്ങിയ സമയത്തിനുള്ളിൽ പറഞ്ഞുകൊള്ളാം. പൊതുമരാമത്ത് വകുപ്പിന് ഇപ്പോൾ അനുവദിച്ചിരിക്കുന്നത് 39 കോടി രൂപയാണ്. അതിൽ തന്നെ 6 കോടി രൂപ അനാമത്ത് ചെലവുകൾക്കാണ്; പാലങ്ങളും മേജർ ഡിസ്ട്രിക്ട് റോഡുകളും പണിയുന്നതിനായി മാറ്റിവച്ചിരിക്കുന്നത് 33 കോടി രൂപ മാത്രമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും ഈ നിയമസഭയിലെ മഹാഭൂരിപക്ഷം വരുന്ന എം.എൽ.എ.-മാർ ഒപ്പിട്ട ഒരു നിവേദനം കൊടുത്തിട്ടുണ്ട്. നമ്മുടെ നാട്ടിലെ പാലങ്ങളും റോഡുകളും പണിയുന്നതിന് കൂടുതൽ തുക അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി കെ.എച്ച്.ഡി.പി.-ക്ക് 200 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. നല്ല കാര്യം തന്നെയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അങ്ങനെ ഉണ്ടായിരുന്നില്ല. പക്ഷേ ആ 200 കോടി രൂപയും ഒരൊറ്റ വർഷംകൊണ്ട് വിനിയോഗിക്കാൻ കഴിയുമോ എന്ന് എനിക്ക് സംശയമുണ്ട്. അങ്ങനെയാണെങ്കിൽ കെ.എച്ച്.ഡി.പി.-ക്ക് മാറ്റിവച്ചിരിക്കുന്ന തുക മുഴുവൻ മാറ്റണമെന്നല്ല ഞാൻ പറയുന്നത്. ഈ തുക വേണ്ട രീതിയിൽ റീ അറേഞ്ച് ചെയ്തിട്ടെങ്കിലും മേജർ, ഡിസ്ട്രിക്ട് റോഡുകൾക്കും മറ്റ് വർക്കുകൾക്കും ഉപയോഗിക്കത്തക്കരീതിയിൽ 100 കോടി രൂപയെങ്കിലും മാറ്റിവയ്ക്കണം. ഇന്ന് ഈ സംസ്ഥാന ഗവണ്മെന്റിന്റെ ഇമേജ് വർദ്ധിപ്പിച്ചിരിക്കുന്നത് പൊതുമരാമത്ത് വർക്കുകൾ കാര്യക്ഷമമായി നടക്കുന്നു എന്നതുകൊണ്ടാണ്. നല്ല റോഡുകളും, പാലങ്ങളും, യാത്രാസൗകര്യങ്ങളും ഉണ്ടെങ്കിൽ ജനങ്ങൾ തൃപ്തരാണ് എന്നതിൽ യാതൊരു സംശയവുമില്ല. അതുപോലെ നബാർഡിന്റെ ഏതാണ്ട് 250 കോടിയോളം രൂപ ആർ.ഐ.ഡി.എഫ്.-ൽ വിനിയോഗിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. ഇപ്പോൾ നബാർഡിന്റെ വർക്കുകളുടെപോലും ബില്ലുകൾ വളരെയേറെ പെന്റിംഗ് ആകുന്നുണ്ട്. നബാർഡിന്റെ വർക്കുകൾ തീർന്നാൽ പോലും മാസങ്ങളോളം ഈ ബില്ലുകൾ പേമെന്റ് നടത്താൻ കഴിയുന്നില്ല. റീ-ഇംബേഴ്സ് ചെയ്ത് കിട്ടേണ്ടതുണ്ട്. ആ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മെഡിക്കൽ കോളേജുകൾക്കായി മാറ്റിവച്ചിരിക്കുന്ന തുകയും അപര്യാപ്തമാണ്. കോട്ടയം മെഡിക്കൽ കോളേജിൽ ഒരു മാസം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്ന് അവിടെ നിർമ്മാണോൽസവം എന്ന പേരിൽ തുടങ്ങിവച്ചത് ഏതാണ്ട് 31 കോടി രൂപയുടെ വർക്കുകളാണ്. ചരിത്രത്തിൽ ആദ്യമായാണ് കോട്ടയം മെഡിക്കൽ കോളേജിൽ ഇത്രയേറെ തുക ചെലവഴിക്കാൻ ഒരു സാഹചര്യമുണ്ടായത്. പക്ഷേ ഈ വർഷത്തെ ബഡ്ജറ്റിൽ അതിനായി മാറ്റിവച്ചിരിക്കുന്നത് രണ്ട് കോടി നാൽപ്പത്തി ഏഴ് ലക്ഷം രൂപ മാത്രമാണ്. തുടങ്ങിയ വർക്കുകൾ പൂർത്തിയാക്കുന്നതിനുപോലും ഈ തുകകൊണ്ട് സാധിക്കുകയില്ല.

കോട്ടയം ദന്തൽ കോളേജ് നമ്മൾ വളരെയേറെ കഷ്ടപ്പെട്ട് നേടിയെടുത്തതാണ്. പല ശക്തികളും ഇതിനെതിരായി പ്രവർത്തിച്ച് അതിന്റെ അംഗീകാരം ലഭിക്കുന്നതിന് തടസ്സം നിന്നു. പക്ഷേ ഗവണ്മെന്റും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമൊക്കെ ഉണർന്നു പ്രവർത്തിച്ചതുകൊണ്ട് കിട്ടിയതാണ് കോട്ടയം ദന്തൽ കോളേജ്. ആ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ വർഷം ഒരു പൈസ പോലും മാറ്റി വച്ചിട്ടില്ല. കഴിഞ്ഞ വർഷം ഏതാണ്ട് 50 ലക്ഷം രൂപയോളം ഉണ്ടായിരുന്നു. അതിന് മുമ്പുള്ള വർഷം 25 ലക്ഷം രൂപയുണ്ടായിരുന്നു. ഈ വർഷംതന്നെ അതിനാവശ്യമായ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കിയില്ലായെങ്കിൽ ദന്തൽ കോളേജിന്റെ അംഗീകാരം നഷ്ടപ്പെടാനാണ് സാധ്യത. ഈ സാഹചര്യത്തിൽ കോട്ടയം ദന്തൽ കോളേജിന് ഏറ്റവും ചുരുങ്ങിയത് ഒരു 50 ലക്ഷം രൂപയെങ്കിലും ഈ വർഷത്തെ ബഡ്ജറ്റിൽ മാറ്റിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷികമേഖലയിൽ ഉണർവ് ഉണ്ടായ ഒരു സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. പക്ഷേ അതൊടൊപ്പംതന്നെ കാർഷികമേഖലയെ തളർത്തുന്ന തരത്തിൽ ഇന്ന് വരൾച്ച രൂക്ഷമായ പ്രശ്നമായിരിക്കുന്നു. കോട്ടയം ജില്ലയിലും അതിന്റെ പടിഞ്ഞാറൻ മേഖലയിലും ഏതാണ്ട് 3587 ഹെക്ടറിലെ നെൽകൃഷി പൂർണമായും നശിച്ച ഒരു സാഹചര്യ മുണ്ടായിരിക്കുന്നു. അതുമൂലം ഏതാണ്ട് 13 കോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. വരൾച്ചമൂലം ഉണ്ടായിട്ടുള്ള വലിയ നഷ്ടം കൃഷിക്കാരെ തളർത്തിയിരിക്കുന്നു. ഈ കൃഷിക്കാർക്ക് ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നുകൂടി വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ഉമേഷ് ചള്ളിയിൽ</u> : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പൂർണമായി പിന്തുണയ്ക്കുകയാണ്. ഈ സർക്കാരിന്റെ സാമ്പത്തിക പരിഷ്കരണ നടപടികളുടെ ഭാഗമായി സർക്കാരിന്റെ ക്രാന്തദർശകത്വം നിറഞ്ഞ, ആസൂത്രിതമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഈ നാടിനെ സുശക്തമായ ഒരു അവസ്ഥയിലേയ്ക്ക് നയിക്കും എന്ന പ്രത്യാശയാണ് എനിക്കുള്ളത്. ദുർബല വിഭാഗങ്ങളുടെ ഉയർച്ചയ്ക്കും സുരക്ഷിതത്വത്തിനുംവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. തൊഴിലില്ലാതെ അലയുന്ന ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ പ്രശ്നങ്ങൾക്കും കർഷകരുടെ പ്രശ്നങ്ങൾക്കും ഈ ബഡ്ജറ്റ് വളരെയധികം ആശ്വാസം പകരുന്നു. ഭരണനവീകരണ പ്രവർത്തനങ്ങൾക്കു വേണ്ടി നീക്കിവച്ചിട്ടുള്ള തുക ജനങ്ങൾക്ക് ഉപകാരപ്രദമാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനത്തിനും ആസൂത്രിതമായ ഇത്തരം നീക്കങ്ങൾക്കും ഭരണപ്രതിപക്ഷങ്ങളിൽനിന്നും ബോധപൂർവ്വമായ ചില നടപടികൾ കൂടി വേണം എന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ നാളിതുവരെയുള്ള വികസനപ്രവർത്തനങ്ങളിൽ വേണ്ടത്ര ഫലപ്രാപ്തിയില്ലാതെ പോകുന്നതിന്റെ പിറകിലുള്ള ചില കാര്യങ്ങൾ പറയാൻ ഉദ്ദേശിക്കുന്നു. ഇതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് വികസന വിരോധം. ഇത് വേണ്ടത്ര ഫലപ്രദമായി നേരിടുന്നതിന് യു.ഡി.എഫ്. സർക്കാർ വിജയിച്ചിട്ടില്ല എന്ന് എനിക്ക് ഈ അവസരത്തിൽ പറയേണ്ടി വന്നിരിക്കുന്നു. കഴിഞ്ഞ ദിവസം ഈ അസംബ്ലിയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ പ്രസംഗത്തിലെ വാക്കുകളാണ് എന്റെ മനസ്സിൽ വരുന്നത്. ചൈനയിലെ സർക്കാർ എന്തെങ്കിലും വിചാരിച്ചാൽ അത് നടപ്പിലാക്കും. അത് 100 ശതമാനം ശരിയാണ്. അവിടെ മന്ത്രിമാരും മറ്റും മുമ്പ് പലപ്പോഴും സൂചിപ്പിച്ചിട്ടുള്ള വികസന വിരോധം പൂർണമായും രാഷ്ട്രീയാടിസ്ഥാനത്തിലുള്ളതല്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഞാൻ എന്റെ അനുഭവത്തിൽ നിന്നും പറയുന്നതാണ്. നമ്മുടെ വികലമായ വികസനം പരിപോഷിപ്പി ക്കുന്നതിനുമാത്രമാണ് പ്രതിപക്ഷം ഇവിടെ ഗണ്യമായി സംഭാവന ചെയ്യുന്നത്. ഈ കാര്യത്തിൽ സർക്കാരിന്റെ പ്രശ്നങ്ങളും പ്രചരണ സംവിധാനങ്ങളും ഫലപ്രാപ്തിയിൽ ആകുന്നില്ല എന്ന് ഞാൻ പറയാൻ കാരണം എന്റെ മണ്ഡലത്തിലെ ചില സംഭവ വികാസങ്ങളാണ്. കേരളത്തിൽ വികസന വിരുദ്ധമായി നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളുടെ ഒരു ക്രോണിക് അവസ്ഥയാണ് എന്റെ മണ്ഡലമായ കൊടുങ്ങല്ലൂരിൽ നടന്നുകൊണ്ടിരിക്കുന്നത്. ഒരു തരത്തിലുള്ള വികസന പരിപാടികളും അവിടെ നടത്താനാകാത്ത സ്ഥിതിയാണ്. ശ്രീ. എ. കെ. ആന്റണിയുടെ മണ്ഡലത്തിൽ ഈ അടുത്തകാലത്ത് ക്ളിങ്കർ ഗ്രൈന്റ് യൂണിറ്റ് എന്ന ഒരു പൊതുമേഖലാസ്ഥാപനം പ്രവർത്തനമാരംഭിച്ചു. അതിന്റെ ട്രയൽ റൺ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ

സർക്കാരിന്റെ കാലഘട്ടത്തിൽ എം.ഒ.യു. ഒപ്പുവയ്ക്കുകയും 2001-ൽ അതിന്റെ ബി.ഒ.ടി. എഗ്രിമെന്റ് ഒപ്പുവച്ചതുമായ 115 കോടി രൂപയുടെ ഒരു തുറമുഖവും ക്ളിങ്കർ ഗ്രൈന്റ് യൂണിറ്റും എന്റെ മണ്ഡലത്തിലും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതായിരുന്നു. പക്ഷേ ഇന്നത്തെ പ്രതിപക്ഷമായ അന്നത്തെ ഭരണപക്ഷത്തിന്റെ തീരുമാനത്തിന്റെയും രൂക്ഷമായിട്ടുള്ള എതിർപ്പിന്റെയും ഭാഗമായിട്ട് കൊടുങ്ങല്ലൂരിൽ ആ പദ്ധതിക്ക് ഇന്നും തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടില്ല. മലിനീകരണത്തിന്റെ കാര്യം പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ആ പദ്ധതി കൊടുങ്ങല്ലൂരിൽ വരാതിരിക്കാനാണ് അവർ ശ്രമിക്കുന്നത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമായ ചേർത്തലയിലാണ് ഇപ്പോൾ ആ പൊതുമേഖലാസ്ഥാപനം പ്രവർത്തിക്കുന്നത്. അവിടെ ജനങ്ങൾക്ക് മലിനീകരണത്തിന്റെ പ്രശ്നം ഉണ്ടെങ്കിൽ കൊടുങ്ങല്ലൂരിൽ പണി തുടങ്ങാതിരിക്കുന്നതിലും അത് നിർത്തലാക്കുന്നതിലും എനിക്ക് ഏറെ സന്തോഷമുണ്ട്. പക്ഷേ ചേർത്തലയിൽ പ്രശ്നമുണ്ടാകുന്നില്ല എങ്കിൽ തീർച്ചയായും അങ്ങനെയുള്ള ഒരു വലിയ പദ്ധതി, ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ കിട്ടുന്ന ക്ളിങ്കർ ഗ്രൈന്റ് യൂണിറ്റ് എന്റെ മണ്ഡലത്തിലും വരാനുള്ള നടപടി സ്വീകരിക്കണം. പലവട്ടം ഇത് ഞാൻ സർക്കാരിന്റെ മുമ്പിൽ ആവശ്യപ്പെട്ടു. ഇതുവരെ നടപടികളൊന്നും ഉണ്ടായിട്ടില്ല. വീണ്ടും ഞാൻ ഇത് ആവശ്യപ്പെടുകയാണ്. എതിർപ്പിന്റെ കാര്യത്തിൽ ഞാൻ പ്രതിപക്ഷത്തെ മാത്രമല്ല കുറ്റം പറയുന്നത്. ഒപ്പം തല്പരകക്ഷികളും അതിന്റെകൂടെ കൂടുന്നുണ്ട്. ഇല്ല എന്ന് ഞാൻ പറയുന്നില്ല. പക്ഷേ അതിന്റെ വസ്തുതാപരമായ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. രണ്ടാമത്തെ പ്രശ്നം, എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗിച്ചുകൊണ്ട് തീരദേശ ഭൂമിയിലേയ്ക്ക് കുടിവെള്ളം കൊണ്ടുവരാനുള്ള ഒരു വലിയ പദ്ധതിക്ക് തുടക്കം കുറിച്ചു. ശ്രീ. പ്രതാപന്റെ മണ്ഡലത്തിൽ നിന്നുമാണ് കുടിവെള്ളം എത്തിക്കുന്നത്. അതിനെ ശക്തമായിട്ട് എതിർത്തുകൊണ്ട് മൂന്ന് പഞ്ചായത്തുകൾ പ്രമേയം അവതരിപ്പിച്ചു. ഇടതുപക്ഷ കക്ഷികളുടെ പഞ്ചായത്തുകളിലാണ് ഇത് മൂന്നും. കൊടുങ്ങല്ലൂരിലെ എല്ലാ പഞ്ചായത്തും മുനിസിപ്പാലിറ്റിയും ഭരിക്കുന്നത് ഇടതുപക്ഷ കക്ഷികളാണ്. കുടിവെള്ളം കൊടുങ്ങല്ലൂരിലേയ്ക്ക് എത്തിക്കാനുള്ള നടപടിക്കെതിരെ നിൽക്കുന്നു. എല്ലാ വികസനത്തേയും എതിർക്കുന്ന ഒരു നടപടിയുണ്ട്. പിൽഗ്രിം ടൂറിസത്തിനുപറ്റിയ സ്ഥലമാണ് കൊടുങ്ങല്ലൂർ. അത് തുടങ്ങാനുള്ള നടപടിയെടുക്കുന്നുണ്ട് എന്ന് ഈ അടുത്തകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോടുപറഞ്ഞു.. .......എന്റെ മണ്ഡലത്തിലുള്ള ഏഷ്യാ ഭൂഖണ്ഡത്തിലെ ആദ്യത്തെ ചേരമാൻ ജുമാമസ്ജിദ്........മുഹമ്മദ്നബി ജീവിച്ചിരുന്ന കാലത്ത് കൊടുങ്ങല്ലൂരിൽ ഉണ്ടായിരുന്ന പള്ളി എന്റെ പഞ്ചായത്തിലാണ്. ആ പള്ളിയുടെ വികസനത്തിനുവേണ്ടി ഒരു കോടി രൂപ കേന്ദ്രഫണ്ട് അനുവദിച്ചുതന്നിരിക്കുന്നു എന്ന് കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി എന്നെ വിളിച്ചുപറഞ്ഞു. പിറ്റേദിവസം മുതൽ പ്രതിപക്ഷ കക്ഷികൾ അവിടെ ശക്തമായിട്ടുള്ള സമരങ്ങൾ നടത്തി. പള്ളി സർക്കാർ ഏറ്റെടുക്കുകയാണ് എന്നുപറഞ്ഞ് പ്രചരണങ്ങൾ അഴിച്ചുവിട്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. അതിന് തുടക്കം കുറിക്കുന്ന ദിവസം ബഹുമാനപ്പെട്ട മന്ത്രി കൊടുങ്ങല്ലൂരിൽ എത്തി എല്ലാ കാര്യങ്ങളും തുറന്നു പറയുകയാണ് ചെയ്തത്. വ്യക്തമായിട്ട് എല്ലാ മേഖലയിലേയും വികസനത്തെ എതിർക്കുന്ന ഒരു അവസ്ഥ എന്റെ മണ്ഡലത്തിലുണ്ട്. അത് മൊത്തം കേരളത്തിലും ഉണ്ട്. ആ വികസന നയത്തിനെതിരെ ശക്തമായി പ്രതികരിക്കുന്ന ആർജ്ജവം ഉള്ള ഒരു യു.ഡി.എഫ്. സർക്കാരാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടത് എന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം, പാരമ്പര്യ വ്യവസായങ്ങൾ നിലനിർത്തണം. അതിനെ സംരക്ഷിക്കണം. അതിന് കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് ഇവിടെ പറഞ്ഞു. എന്റെ മണ്ഡലത്തിൽ പത്തമ്പതു വർഷമായിട്ട് വ്യവസായങ്ങളെ ശക്തമായി എതിർക്കുന്ന ഒരവസ്ഥയുണ്ട്. ഉദാഹരണത്തിന് കക്ക നീറ്റുന്ന വ്യവസായത്തെ ഇന്നും മലിനീകരണം എന്നുപറഞ്ഞുകൊണ്ട് എതിർക്കുന്നു. പാരമ്പര്യ വ്യവസായങ്ങളെ എതിർക്കുന്ന തന്ത്രവുമായിട്ട് യു.ഡി.എഫ്. സർക്കാരിനെതിരായാണ് കടന്നുവരുന്നത്. ഒരു ഒറ്റപ്പെട്ട ദ്വീപിലാണ് ഈ വ്യവസായം. ആ വ്യവസായത്തിനെതിരെ ശക്തമായി പ്രതികരിക്കുന്ന ഒരവസ്ഥയുണ്ട്. ഈ ഗൂഢലക്ഷ്യങ്ങളെ തീർച്ചയായിട്ടും സർക്കാർ തിരിച്ചറിയണം. ശ്രീ. കോടിയേരി പറഞ്ഞ വാക്കുകളുടെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് സർക്കാർ നടപടിയെടുക്കണം. ഒരു കാര്യം കൂടി, കൊല്ലം മുതൽ കൊടുങ്ങല്ലൂർ വരെയുള്ള ദേശീയ ജലപാത, വികസനപ്രവർത്തനത്തിന്റെ ഭാഗമായി മണ്ണ് ഡ്രെഡ്ജ് ചെയ്യുന്ന പണി കഴിഞ്ഞയാഴ്ച അവിടെ തുടങ്ങിയതാണ്. ആ മണ്ണ് കടലിലേയ്ക്ക് ഡ്രെഡ്ജ് ചെയ്യാൻ പാടില്ല എന്നുപറഞ്ഞുകൊണ്ട് ശക്തമായിട്ട് എതിർത്തുകൊണ്ട് അവിടെ സമരങ്ങൾ നടത്തുകയാണ്. വികസനത്തെ എതിർക്കുന്ന ഇത്തരം നടപടികൾ കണ്ടില്ല എന്ന് നടിക്കുന്ന ഒരു സമീപനം സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകരുത്. അതോടൊപ്പം ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത് നയങ്ങളെക്കുറിച്ചാണ്. വിദേശ മദ്യത്തിന്റെ വില കുറയ്ക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ചാരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം അടച്ചുപൂട്ടിയ കള്ള്ഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നടപടി ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ടും, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ പൂർണ്ണമായി പിൻതുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ : ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിൻതാങ്ങുകയാണ്. ഇതൊരു വികസനോന്മുഖമായ ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് കാര്യമാത്രമായ പ്രസംഗങ്ങളോ, അല്ലെങ്കിൽ ആക്ഷേപങ്ങളോ ഈ നിയമസഭയിൽ പ്രതിപക്ഷം ഉന്നയിച്ചതായി കണ്ടില്ല. ഇവിടെ കേട്ട ആക്ഷേപം ഇതൊരു ജനപ്രിയ ബഡ്ജറ്റാണെന്നാണ്. ഇത് പാർലമെന്റ് ഇലക്ഷന് വോട്ട് കിട്ടാനുള്ള ബഡ്ജറ്റാണെന്നു പറഞ്ഞു. പിന്നെ എന്താണ് വേണ്ടത് ? ജനവിരുദ്ധമായ നയങ്ങൾ കുത്തി നിറച്ച ബഡ്ജറ്റ് വേണോ. നമ്മുടെ രാജ്യത്തെ തൊഴിലാളികളുടെ, സാധാരണ ജനങ്ങളുടെ, കയർ പിരിക്കുന്നവരുടെ, കശുവണ്ടി തൊഴിലാളികളുടെ താൽപ്പര്യങ്ങളുമായി നീതി പുലർത്തുന്ന ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റിനെ അടിമുടി പരിശോധിച്ചാൽ ഇത് മനസ്സിലാക്കാൻ കഴിയും. അങ്ങനെയുള്ള ഒരു ബഡ്ജറ്റിനെ നമ്മുടെ നാട്ടിലെ പ്രതിപക്ഷങ്ങൾ യോജിച്ചു നിന്നുകൊണ്ട് അനുകൂലിച്ച് പാസ്സാക്കേണ്ടതാണ്. കഴിഞ്ഞ 5 വർഷക്കാലം ഈ സർക്കാർ വരുന്നതിനു മുമ്പ് കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നട്ടെല്ല് ഒടിച്ചതായിരുന്നു നമ്മുടെ സമ്പദ്ഘടന. തകർന്ന് തരിപ്പണമാക്കിയ നമ്മുടെ സമ്പദ്ഘടനയെ പിടിച്ചു നിർത്താൻ അതിനെ മുന്നോട്ടു നയിക്കാൻ കഴിഞ്ഞ ഒരു സർക്കാരാണ് ഈ സർക്കാർ. കഴിഞ്ഞ സർക്കാർ ഉണ്ടാക്കിയ ബാധ്യതകൾ പലതും തീർക്കാത്തതുപോലെയാണ് ചിലയാളുകളുടെ ആക്ഷേപം കേട്ടാൽ തോന്നുന്നത്. കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള 1704 കോടി രൂപ ഈ സർക്കാർ കൊടുത്തുതീർത്തു. പണി തീർത്തിട്ട് നിങ്ങൾ ഒരു പൈസയും കൊടുത്തില്ല. കായിക താരങ്ങളുടെ സമ്മാനത്തുക പോലും നിങ്ങൾ കൊടുത്തില്ല. അതിന് രണ്ടര കോടിരൂപ കൊടുത്തു. ഇത്രയും വിശേഷപ്പെട്ട സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നോ? ലോട്ടറിയടിച്ചവർക്ക് സമ്മാനം കൊടുത്തില്ല. ആ കാശുപോലും തട്ടി മാറ്റിവച്ചു. ഏഴര കോടി രൂപ ലോട്ടറി അടിച്ചതിന് സമ്മാനം കൊടുത്തത് ഈ സർക്കാരാണ്. ഇവിടെ അഴിമതി ആരോപണങ്ങൾ പലതും ഉന്നയിച്ചു. 9,000 പ്ലസ് ടു അദ്ധ്യാപകരെ രായ്ക്കുരാമാനം കൈക്കൂലി വാങ്ങിച്ച് എടുത്തുവെന്ന് നാറിയ ആക്ഷേപമായിരുന്നു. ആ 9,000 പേരെ നിയമിച്ചോ? അവരുടെ ആരുടേയും ശമ്പളം കൊടുത്തില്ല. ആ ശമ്പളം കൊടുക്കാൻ ഈ സർക്കാർ വേണ്ടിവന്നു. അങ്ങനെ എത്ര കാര്യം. ഇവിടെ തൊഴിലാളി ക്ഷേമനിധി ബോർഡുകളുണ്ട്. വലിയ തൊഴിലാളി സ്നേഹികളാണ്. ഈ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പലതിന്റേയും കാര്യം എന്താണ്? സർക്കാരിന്റെ ഒരു പൈസ കോൺട്രിബ്യൂഷനില്ല. ചിലതിൽ തൊഴിലാളി വിഹിതം മാത്രമേയുള്ളൂ. ചിലതിൽ ഉടമയുടെ വിഹിതവും കൂടെയുണ്ട്. ആ ഭരണ കാലത്ത് മുഴുവൻ പൈസ അടിച്ചുമാറ്റി. പല ക്ഷേമനിധി ബോർഡിന്റേയും ബാധ്യത തിരിച്ചുകൊടുത്തത് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോഴാണ്. ഇങ്ങനെ എത്രയെത്ര ബാധ്യതകൾ. ഈ ബഡ്ജറ്റിന്റെ പ്രത്യേകത എന്താണ്? പ്രത്യേക തൊഴിൽദാന പദ്ധതിക്ക് 127 കോടി രൂപ, കുടുംബശ്രീക്ക് 50 കോടി രൂപ. സ്ത്രീ ശാക്തീകരണം നമ്മുടെ രാജ്യത്ത് യാഥാർത്ഥ്യമായിരിക്കുന്ന ഈ കാലയളവിൽ 50 കോടി രൂപ അനുവദിച്ച ഈ സർക്കാരിനെ എങ്ങനെയാണ് അനുകൂലിക്കാതിരിക്കുക. ക്ലീൻ കേരള പ്രോജക്ട്, പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം, ഇന്ത്യാ രാജ്യത്ത് ഇപ്പോൾ ഒരു പ്രത്യേകമായ കാലഘട്ടമാണ്. ലക്കും ലഗാനവുമില്ലാതെ പൊതുമേഖലാ വ്യവസായങ്ങളെ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര ഗവണ്മെന്റും, പശ്ചിമ ബംഗാൾ ഉൾപ്പെടെയുള്ള ഇന്ത്യയിലെ ചില സംസ്ഥാനങ്ങളും ഉണ്ട്. ഒരു സംസ്ഥാന ഗവണ്മെന്റ് പറയുകയാണ് ലാഭത്തിലോടുന്ന ഒറ്റ വ്യവസായവും സ്വകാര്യവൽക്കരിക്കുകയില്ല എന്ന്. ഈ കേരളത്തിലെ സർക്കാരല്ലാതെ മറ്റേതെങ്കിലും ഒരു സർക്കാർ അങ്ങനെ ചെയ്തിട്ടുണ്ടോ? അതുപോലെ നമ്മുടെ പരമ്പരാഗത മേഖല.............

ശ്രീ. ടി. പി. രാമകൃഷ്ണൻ: അങ്ങ് സ്വകാര്യവൽക്കരണത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ. പശ്ചിമ ബംഗാൾ ഗവണ്മെന്റ്, സ്വകാര്യ മേഖലയ്ക്ക് കൊടുത്തിട്ടുള്ള ഏതെങ്കിലും ഒരു പൊതുമേഖലാ വ്യവസായം പറയാമോ?

ശ്രീ. വർക്കല കഹാർ: ധാരാളമുണ്ട്. ഒന്ന് പറയാം. വെസ്റ്റ് ബംഗാൾ ഇലക്ട്രോണിക്സ്. 'വെബെൽസ്' എന്നാണ് അതിന്റെ പേര്. കേരളത്തിലെ കെൽട്രോൺ പോലെ വെസ്റ്റ് ബംഗാളിലുള്ള സ്ഥാപനം, പൊതുമേഖലയിലുള്ളത് വിറ്റ് കാശാക്കി. ഇനി എത്രയെണ്ണം വേണം.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറയുന്നത്, വെസ്റ്റ് ബംഗാളിലെ കാര്യമല്ല. കേരളത്തിലെ കാര്യമാണ്. കാറൽ മാർക്സ് എന്നു പറയുന്ന മാർക്സിയൻ ചിന്താഗതിക്കാരൻ കേരളത്തിലെ കമ്മ്യൂണിസത്തിനു വേണ്ടി മാത്രമായിട്ടാണ് 'മൂലധനം' എഴുതിയത് എന്നാണ് കമ്മ്യൂണിസ്റ്റുകാർ പറഞ്ഞുകൊണ്ടിരിക്കുന്നത്. ബംഗാളിലെ കാര്യമല്ല, ചൈനയിലെ കാര്യവുമല്ല കേരളത്തിൽ ഒന്നും നടക്കുകയില്ല. അവിടെ എല്ലാം ആകാം. കാറൽ മാർക്സ് കേരളത്തിനുവേണ്ടി മാത്രം ഉണ്ടാക്കിയതാണോ ഈ കമ്മ്യൂണിസം?

ശ്രീ. വർക്കല കഹാർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. കാറൽ മാർക്സും എംഗൽസും ഉൾപ്പെടെയുള്ള താടിക്കാരുടെ പടം ഇപ്പോൾ എവിടെയും വയ്ക്കുന്നില്ല. ഇപ്പോൾ ദേശാഭിമാനിക്ക് ഫണ്ട് പിരിക്കാൻ ശ്രീനാരായണഗുരുദേവനെപ്പോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

വരെയാണ് ഉപയോഗിക്കുന്നത്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ തകർന്ന് തരിപ്പണമായി. കയർ മേഖലയെ രക്ഷിക്കുന്നതിനു വേണ്ടി 5 കോടി രൂപ. കൈത്തറിക്ക് 9.7 കോടി രൂപ. നെൽകൃഷി വികസനത്തിന് 108 കോടി രൂപ. എനിക്ക് ഒരു നിർദ്ദേശം പറയാനുള്ളത് നമ്മുടെ രാജ്യത്ത് ഇൻഫർമേഷൻ ടെക്നോളജി വികസിക്കണം. അതൊക്കെ ശരിയാണ്. ഒരു ലക്ഷം പേർക്ക് അല്ലെങ്കിൽ 10 ലക്ഷംപേർക്ക് തൊഴിൽ കിട്ടണം. നമ്മുടെ ജനസംഖ്യയുടെ 80 ശതമാനം കൃഷിക്കാരാണ്. ആ കൃഷിയെ രക്ഷിക്കാൻ കൂടുതൽ നടപടികളും സഹായങ്ങളും ഉണ്ടാകണം. കേരകൃഷിക്ക് 9.75 കോടി രൂപ. വാനില കൃഷിക്ക് 2 കോടി രൂപ. അഗതികൾക്കും അവശ ജനവിഭാഗങ്ങൾക്കും 50 കോടി രൂപ. മുതിർന്ന പൗരന്മാർക്കുള്ള സ്നേഹതീരം പദ്ധതിക്ക് 1 കോടി രൂപ. മംഗല്യ ഇൻഷ്വറൻസ് പദ്ധതിയുടെ കാര്യം ഇവിടെ പറഞ്ഞു. പൂട്ടികിടക്കുന്ന തേയില തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് ഗവണ്മെന്റ് ഏറ്റെടുക്കുന്നു. സുരക്ഷാ ഹൗസിംഗ് സ്കീം, അവശ കലാകാരന്മാർക്കും, ബാർബർമാർക്കും, അലക്കുതൊഴിലാളികൾക്കും ക്ഷേമപദ്ധതി. നിങ്ങൾക്കും ഈ ആനുകൂല്യം കിട്ടും. കാരണം നാട്ടുകാരെ അലക്കുന്നത് നിങ്ങളാണ്. അതുകൊണ്ട് നിങ്ങൾക്കും അതിന്റെ ആനുകൂല്യം കിട്ടും. നിത്യോപയോഗ സാധനങ്ങൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടായിരുന്ന 50 കോടി രൂപ, 60 കോടി രൂപയാക്കി മാറ്റി. റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കാര്യം ഇവിടെ പറഞ്ഞു. അതോടൊപ്പം ഈ പറഞ്ഞ 39.8 കോടി രൂപ നമ്മുടെ റോഡുകൾക്ക് പര്യാപ്തമല്ല. ഫണ്ട് കൂട്ടണം. തലസ്ഥാന വികസനത്തിന് 40.25 കോടി രൂപ ഈ വർഷം മാറ്റിവച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ഒരു ഗവണ്മെന്റും ചെയ്യാത്ത ഒന്നാണ് ഈ തലസ്ഥാന നഗരിയെ മനോഹരമാക്കുന്നതിന് വേണ്ടിയുള്ള നടപടി. പ്രതിപക്ഷം ഇവിടെ പല കാര്യങ്ങളും വിമർശിക്കുകയുണ്ടായി. ഈ ധനകാര്യ ചർച്ചകളിലും അതുപോലെതന്നെ എല്ലാ ചർച്ചകളിലും ഇവർ വിടാതെ പറയുന്ന ഒന്നാണ് ഏ.ഡി.ബി.യുടെ ആക്ഷേപം. ഇന്നലെ കവർ മാറിപ്പോയി എന്നുവരെ ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞതു കേട്ടു. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുതൽ ശ്രീ. ടി. കെ. ദേവകുമാർ വരെയുള്ളവർ എല്ലാ പ്രസംഗങ്ങളിലും ചരമോപചാര പ്രസംഗങ്ങളിൽവരെ ഏ.ഡി.ബി.-യെ ഉദ്ധരിക്കാറുണ്ട്. ഏ.ഡി.ബി. എന്ന പേര് കേട്ടാൽ പ്രതിപക്ഷനേതാവിന്റെ മസില് പെരുകും. ഏ.ഡി.ബി. എന്ന വാക്കുകൾ അദ്ദേഹത്തിന് ഗർജ്ജനമായിമാറും. ഏ.ഡി.ബി. എന്ന വാക്ക് കേട്ടാൽ അദ്ദേഹത്തിന്റെ കണ്ണ് ചുവക്കും. അത് കേൾക്കുമ്പോൾ ആവേശം വർദ്ധിക്കും. അവർ കൈകൊണ്ടല്ല കമ്പ് കൊണ്ടുപോലും ഏ.ഡി.ബി.-യെ തൊടുകയില്ല. ബഡ്ജറ്റ് മാറ്റി ഏ.ഡി.ബി.ക്ക് അയച്ചുകൊടുത്തു എന്നുവരെ ഒരു സഹോദരൻ ഇവിടെ പറഞ്ഞു. ഏ.ഡി.ബി.യെക്കുറിച്ച് ആക്ഷേപം പറഞ്ഞിട്ട് ഒരു ഉപദേശംകൂടി പ്രതിപക്ഷ നേതാവ് നൽകി. ധനകാര്യ വകുപ്പുമന്ത്രിക്ക് രാജ്യ സ്നേഹമുണ്ടെങ്കിൽ ഏ.ഡി.ബി. സഹായം വേണ്ടെന്ന് അദ്ദേഹം പ്രഖ്യാപിക്കണം, കുറഞ്ഞ പലിശയ്ക്ക് കിട്ടുന്ന സ്ഥലത്തുനിന്ന് ഞാൻ പണം എടുത്തുകൊടുക്കാം എന്നാണ്. പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം ഓർമ്മയുണ്ടോ? ഏ.ഡി.ബി. സ്കീം കൊണ്ടുവന്ന മദാമ്മയുടെ കയ്യിലിരിക്കുന്ന ബ്രീഫ്കേസ് മന്ത്രീ, നിങ്ങൾക്കുവേണ്ടിയുള്ളതല്ലേ? ഞാൻ പഴയ ഒന്നുരണ്ട് കാര്യങ്ങളിലേയ്ക്ക് കടക്കാം. ഇവിടെ ശ്രീ. പി. ടി. തോമസ് പറഞ്ഞപ്പോൾ ഡോ. തോമസ് ഐസക് വെറുതേ ആക്ഷേപം പറയുന്നുവെന്ന് പറഞ്ഞു. ദേശാഭിമാനി പത്രാധിപൻ ശ്രീ. എം. എൻ. വിജയൻ അദ്ദേഹത്തെക്കുറിച്ച് മിനിഞ്ഞാന്ന് കറുത്തപൂച്ചയെന്ന് പറഞ്ഞു......................... അതൊക്കെ ടി.വി.യിൽ കണ്ടുകാണും. 1999-2000-ൽ ശ്രീ. ടി. ശിവദാസമേനോന്റെ ബഡ്ജറ്റ് പ്രസംഗം, അതിൽ

പേജ് നമ്പർ 8-ൽ ഒരു കാര്യം പറയുന്നുണ്ട്. 'അധികാര വികേന്ദ്രീകരണ കാര്യത്തിൽ നമ്മൾ കാണിച്ച ശുഷ്കാന്തി വിദേശരാജ്യങ്ങളും അന്തർദേശീയ ഏജൻസികളും ഏറെ പ്രകീർത്തിച്ചിട്ടുണ്ട്. നമ്മളുടെ ഈ സംരംഭങ്ങളെക്കുറിച്ച് ഗവേഷണം നടത്തിയ സ്വിസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സർക്കാരിന്റെ ഇത്തരം യത്നങ്ങൾക്കുള്ള സഹായമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് ഒരു ത്രിവത്സര സഹായ പദ്ധതിയുടെ സമ്മതി ലഭിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് അവരിൽ നിന്നും 12 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു'. പൂച്ച പുറത്തായതാണ്. കറുത്തപൂച്ച. അതുപോലെ ഏഷ്യൻ വികസന ബാങ്ക് എന്ന ഹെഡ്ഡിംഗിൽ പറയുന്നത്, 'കേരളത്തിനുള്ള വിദേശ സഹായം (പുറമേ നിന്നുള്ള സഹായം), തുലോം (തികച്ചും) കുറവാണ്. അത്തരം സഹായങ്ങൾ ചെലവ് കുറഞ്ഞ ധനാഗമമാർഗ്ഗമാണ്. ശരാശരി പലിശനിരക്കുപോലും ഒമ്പത് ശതമാനത്തിനടുത്താണ്. തിരിച്ചടവ് വ്യവസ്ഥകൾ ലളിതവും ദീർഘകാലാടി സ്ഥാനത്തിലുള്ളതുമാണ്. അത്തരം സഹായങ്ങൾ നേടുന്നതിന് നമ്മൾ പരിശ്രമിക്കുന്നുണ്ട്. സംസ്ഥാനങ്ങൾക്ക് സഹായം നൽകാനുള്ള ഏഷ്യൻ വികസന ബാങ്കിന്റെ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. അത്തരം സാമ്പത്തിക സഹായത്തിനായി മദ്ധ്യപ്രദേശിനേയും ഗുജറാത്തിനേയും, മാത്രമേ ഇതുവരെ തെരഞ്ഞെടുത്തിട്ടുള്ളൂ. അടുത്ത നാലുവർഷത്തിനുള്ളിൽ നാലായിരം കോടി രൂപയിൽ കുറയാത്ത സഹായം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു'. അതുപോലെതന്നെ 2000-2001-ലെ ബഡ്ജറ്റിൽ പറയുന്ന കാര്യം കേൾക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: വായിക്കണ്ട. ബഡ്ജറ്റിൽ ഇങ്ങനെ പറയുന്നുണ്ടെന്ന് പറഞ്ഞാൽ മതി.

ശ്രീ. വർക്കല കഹാർ: 'ഏഷ്യൻ വികസന ബാങ്കിൽ നിന്ന് കാര്യമായ സാമ്പത്തിക സഹായം കേരളത്തിന്റെ വികസനത്തിന് ലഭിക്കാൻ സാധ്യതയുണ്ടെന്ന കാര്യം ഞാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ ഇൻഡ്യയുടെ ആണവ പരീക്ഷണത്തിന്റെ ഫലമായി ഏർപ്പെടുത്തപ്പെട്ട ഉപരോധം ഈ സഹായത്തിന് കാലവിളംബം സൃഷ്ടിച്ചു. എന്നാൽ ഏ.ഡി.ബി. നമ്മുടെ ഗവൺമെന്റുമായുള്ള ചർച്ച പുനരാരംഭിച്ചിട്ടുണ്ട്'. മറ്റൊരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കടം വാങ്ങുന്നതിനെക്കുറിച്ചാണല്ലോ ഇവിടത്തെ ഏറ്റവും വലിയ ആക്ഷേപം. കണക്കറ്റ് കടം വാങ്ങുന്നുണ്ടെന്ന വിമർശനം പലപ്പോഴും ഉയരാറുണ്ട്. മൂലധന നിക്ഷേപത്തിനായി കടം വാങ്ങുന്നത് കുറ്റമാണോ? സാമ്പത്തിക പുരോഗതിക്കുവേണ്ടി പണം സ്വീകരിക്കുന്നത് കുറ്റമാണോ? അവശ്യം നിലനിൽക്കേണ്ട അടിസ്ഥാന മേഖലകളിൽ നിക്ഷേപിക്കുന്നതിന് പണം കടം വാങ്ങുന്നത് കുറ്റമാണോ? പ്രതിപക്ഷത്തിന് ഇപ്പോഴും അത് തെറ്റാണെന്ന് തോന്നുന്നില്ലെങ്കിൽ സംസ്ഥാനത്ത് മുമ്പ് ഒരിക്കലും കൈവരിക്കുവാൻ സാധിക്കാത്ത രീതിയിലുള്ള വളർച്ചാ നിരക്ക് കൈവരിക്കുന്നതിന് ഞങ്ങൾ ശ്രമിക്കുന്നു. ഒരു കാര്യം, ദേശീയ ശരാശരി രണ്ട് ശതമാനം ഗ്രോത്ത് റേറ്റുകൂടിയിരിക്കുന്നു. കടവും കൂടും. ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇവിടെ ചില സ്നേഹിതന്മാർക്ക് വർക്കലയിൽ ഡെവലപ്മെന്റ് അതോറിറ്റി ഉണ്ടാക്കുമെന്ന് ബഡ്ജറ്റിൽ വന്ന നിർദ്ദേശ ത്തെക്കുറിച്ച് ആക്ഷേപമാണ്. എല്ലാപേർക്കും ആക്ഷേപം അതിനെക്കുറിച്ചായിരുന്നു. ഞാൻ ഒരു കാര്യം മാത്രം പറയുകയാണ്. 2002 മാർച്ചിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്, In view of the high tourism potential of Varkala, we

LIBRARY ARCHIVES Kerala Legislative Assembly

propose to integrate the various services provided by Government agencies so as to optimize results and attract more tourists. സമഗ്രമായ പദ്ധതിയുണ്ടാക്കുമെന്ന് അന്നുതന്നെ പറഞ്ഞിരുന്നു. പിതൃബലിതർപ്പണ സ്ഥലമായ പാപനാശവും ചരിത്ര പ്രസിദ്ധമായ ശ്രീജനാർദ്ദനസ്വാമി ക്ഷേത്രവും സമദർശനത്തിന്റെ സന്ദേശവാഹകനായ ഗുരുദേവ സമാധിയുമുള്ള സ്ഥലമാണ് ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായി തീർന്നത്. അങ്ങനെയുള്ള വർക്കലയ്ക്കുവേണ്ടി ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുമെന്നും, അവിടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഡെവലപ്മെന്റ് അതോറിറ്റി ഉണ്ടാക്കുമെന്നും പറഞ്ഞത് ചിലർക്കൊന്നും മനസ്സിലാവില്ല. അതിന് ഒരു കോടി രൂപ പോര. അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ഫണ്ട് ആവശ്യമാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ബഹുമാനപ്പെട്ട മെമ്പർ വർക്കലയിൽ ഈ വർഷം ഒരു പദ്ധതി പ്രഖ്യാപിച്ചതിനെക്കുറിച്ച് പ്രസംഗിച്ചപ്പോൾ കഴിഞ്ഞവർഷവും ഇത് പ്രഖ്യാപിച്ചു. അത് നടപ്പിലാകാത്തത് കൊണ്ടാണോ അദ്ദേഹം വീണ്ടും ഇവിടെ ഉന്നയിക്കുന്നത് എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്.

ശ്രീ. വർക്കല കഹാർ: അതല്ല. വർക്കലയ്ക്ക് കൊടുത്തത് അനൗദ്യോഗികമായിപ്പോയി, എന്തോ തെറ്റായിപ്പോയി എന്ന് ചില ആളുകൾ പറഞ്ഞു. ചില പ്രതിപക്ഷ നേതാക്കന്മാർ പറഞ്ഞു. 'വാനരന്മാർ എന്തറിയുന്നു വിളോ' എന്നു ഞാൻ പറയുന്നില്ല. പക്ഷേ ഒരു കോടി രൂപ പോരാ. ഒരു വികസന അതോറിറ്റി വർക്കലയ്ക്കുവേണ്ടി രൂപീകരിക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ച ഗവൺമെന്റിനെയും ധനകാര്യ വകുപ്പുമന്ത്രിയേയും ഞാൻ അഭിനന്ദിക്കുന്നു. ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ആമുഖത്തിൽ പറയുന്നത്, കേന്ദ്രത്തിൽ വർഗ്ഗീയതയുടെയും ഫാസിസത്തിന്റെയും കറുത്ത ശക്തികൾ കൈയടക്കുന്നതിന് നാം സാക്ഷ്യം വഹിക്കുന്നു എന്നാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് ഇൻഡ്യയിലെ പാവപ്പെട്ടവരുടെ പ്രശ്നം പരിഹരിക്കുന്നതിന് ഇവിടെ രൂപീകരിച്ച ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയറുകൾ ഓരോന്നോരോന്നായി വിറ്റഴിക്കുവാൻ ഒരു വകുപ്പിനെ, മന്ത്രിയെ കേന്ദ്ര ഗവൺമെന്റിന്റെ ചരിത്രത്തിൽ ആദ്യമായി നിശ്ചയിച്ചിരിക്കുകയാണ്. ഒരു ധനാകാര്യ മന്ത്രി എന്ന നിലയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്ന അവസരത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സാമൂഹ്യമായ പ്രശ്നങ്ങളെ വളരെ ഗൗരവമായി ഇവിടെ അവതരിപ്പിച്ച കൂട്ടത്തിൽ പൊതുമേഖലകളെ തകർക്കുന്നതിന് എതിരെ താങ്കൾ ആമുഖമായി ഒരു വാക്ക് എന്തുകൊണ്ട് പറഞ്ഞില്ല?

സർ, രണ്ടാമത്, നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ കാര്യം പറഞ്ഞു. അതു പറയുന്ന അവസരത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലില്ലായ്മ എളുപ്പവഴികൊണ്ടോ നല്ല പ്രസംഗം കൊണ്ടോ പരിഹരിക്കാൻ സാധിക്കുകയില്ല. തൊഴിലില്ലായ്മ പരിഹരിക്കാൻ സഹായകരമായ രൂപത്തിൽ ഇവിടത്തെ കുടിൽ വ്യവസായ മേഖല, ചെറുകിട വ്യവസായ മേഖല തുടങ്ങിയ വ്യവസായ മേഖലയിൽ എന്തു മുതൽ മുടക്കുന്നു, മുതൽ മുടക്കുന്നതിന്റെ അടിസ്ഥാനത്തിൽ എത്ര ആളുകൾക്ക് ജോലി ലഭിക്കാൻ സാധ്യതയുണ്ട് എന്നുള്ളതിനെ സംബന്ധിച്ച് വസ്തുതകൾ വേണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ പ്രധാനപ്പെട്ട മേഖല കാർഷിക മേഖലയാണ്. പ്രത്യേക ചില സാഹചര്യങ്ങളുടെ ഫലമായി നാളികേരത്തിനും റബ്ബറിനും കുറച്ചു വില വർദ്ധിച്ചു. എന്നാൽ കഴിഞ്ഞ കുറേ ദിവസങ്ങളായി നാളികേരത്തിന് വിലയിടിവുണ്ടായി. നാളികേരത്തിന്റെ വിലയിടിവിന്റെ ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനാണ്. അതു പറയുന്നില്ല. നാളികേരത്തിന് ചിലപ്പോൾ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് 50% മാത്രമാണ് വില വർദ്ധിച്ചത്. നാളികേരത്തിന് വില വർദ്ധിച്ചപ്പോൾ, ഏതാണ്ട് പഴയതിനേക്കാളും 50% മാത്രമാണ് കേരളത്തിലെ കൃഷിക്കാർക്ക് ലഭിച്ചത്. മണ്ഡരി, മറ്റു രോഗങ്ങൾ എന്നിവ മൂലമാണ് കുറഞ്ഞത്. നാളികേരത്തിന്റെ വില വർദ്ധനവിൽ ചെറിയൊരു പങ്ക് മാത്രമേ സംസ്ഥാന ഗവൺമെന്റിനുള്ളൂ. ഞാൻ ആക്ഷേപിക്കുന്നില്ല. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് രാജ്യത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എന്ന നിലയ്ക്ക് എത്ര മാത്രം ഫണ്ട് ആ മേഖലകളിൽ അനുവദിക്കാൻ സാധിച്ചു? അതാണ് ഒരു ധനകാര്യമന്ത്രിയുടെ വിജയം. മറ്റുള്ള പല മേഖലകളുടെയും സ്ഥിതി നോക്കിയാൽ രാജ്യത്തിലെ ഭൂരിപക്ഷം ആളുകളും കാർഷികമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ആ മേഖലയെ ഒരു ഗവൺമെന്റ് എങ്ങനെ കൈകാര്യം ചെയ്യുന്നു? ലോകത്തുള്ള പല രാജ്യങ്ങൾ സാമ്പത്തികമായ മേഖലയിൽ പലതും വിശകലനം ചെയ്യുന്ന അവസരത്തിൽ നമ്മെപ്പോലെ അവികസിത രാജ്യങ്ങളായിരുന്ന പലയിടത്തും ഗ്രാമീണ മേഖലയിൽ കൂടുതൽ കൂടുതൽ പണം ചെലവഴിച്ചതിന്റെ ഫലമായി, രാജ്യത്തിന് ഫലപ്രദമായ രൂപത്തിൽ ഉപയോഗിക്കാൻ സാധിച്ചതുകൊണ്ട് കൂടുതൽ വരുമാനം വർദ്ധിപ്പിച്ചതിന്റെ കണക്കുകൾ നമുക്ക് കാണാൻ സാധിച്ചു. അതുപോലെ നമ്മളെപ്പോലുള്ള വളർന്നുവരുന്ന പല രാജ്യങ്ങളുടേയും കണക്കുകൾ പരിശോധിക്കണം. അത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കാൻ സന്നദ്ധമാകാത്ത ഒരു ഗവൺമെന്റിന്റെ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. നീലവെള്ളത്തിൽ വീണ കുറുക്കനെപ്പോലെ സുന്ദരമാണ് ഈ ബഡ്ജറ്റ്. വീണ്ടും ഈ കുറുക്കൻ വെള്ളത്തിൽ വീണാൽ തനിസ്വരൂപം പുറത്തുവരും. എ.ഡി.ബി.-ക്കാരന്റെ വികൃതരൂപം വ്യക്തമാക്കുന്ന ഒരു ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. കേരളത്തിലെ ഏറ്റവും താഴേക്കിടയിൽ ജീവിക്കുന്നവരും ജോലിയെടുക്കുന്നവരുമായിട്ടുള്ള മേഖലയായ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനുള്ള ഒരു തുകയും ഈ ബഡ്ജറ്റിൽ കണ്ടില്ല. 95%-ത്തോളം സ്ത്രീ തൊഴിലാളികൾ മാത്രം പണിയെടുക്കുന്ന കശുവണ്ടി മേഖലയിൽ 32 മാസത്തിനകം 11 ദിവസം മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. കശുവണ്ടിത്തൊഴിലാളികളുടെ കണ്ണീർ കാണാൻ, കണ്ണീരൊപ്പാൻ അപ്പുറത്തിരിക്കുന്ന 101 കൗരവപ്പടയ്ക്ക് കഴിയില്ല. കശുവണ്ടിത്തൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങൾ, അവരുടെ ബുദ്ധിമുട്ടുകൾ, അവരുടെ ഐശ്വര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ, അൽപ്പം സംസാരിക്കാൻപോലും ആർക്കും കഴിയുന്നില്ല. വളരെയേറെ ദയനീയമായിട്ടുള്ള സ്ഥിതിയാണ്. 32 മാസത്തിൽ 11 ദിവസമാണ് ആ തൊഴിലാളികൾക്ക് പണി കൊടുത്തിട്ടുള്ളത്. ഇതിൽകൂടുതൽ നാണക്കേടുണ്ടോ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിച്ചപ്പോൾ കശുവണ്ടിത്തൊഴിലാളികളുടെ പുരോഗതിക്കുവേണ്ടി റിലീഫ് ഫണ്ട് സ്വരൂപിക്കാൻ തീരുമാനം എടുത്തിരുന്നു. ഈ ഗവൺമെന്റ് വന്നശേഷം ആ തീരുമാനമൊക്കെ കാറ്റിൽ പറത്തിയ ഒരു സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനം മാറിയിരിക്കുന്നു. കോഴി നികുതിയിനത്തിൽ കിട്ടേണ്ട 87 കോടിരൂപ

LIBRARY ARCHIVES Kerala Legislative Assembly

എവിടെ പോയി? സെക്കന്റ്സ് വ്യാപിച്ചതോടെ ബിവറേജസ് കോർപ്പറേഷൻ മുഖേന ലഭിക്കേണ്ടിയിരുന്ന കോടിക്കണക്കിന് രൂപയിൽ അൽപ്പം കുറവുവന്നു. ഫിനാൻഷ്യൽ മാനേജ്മെന്റാകെ തകർന്നു തരിപ്പണമായി കിടക്കുകയാണ്. പൂവിൽ നിന്ന് തേൻ ശേഖരിക്കുന്നതുപോലെ നികുതി പിരിച്ച് ധനാഢ്യൻ ആകുമെന്ന് അദ്ദേഹം പറഞ്ഞിരുന്നെങ്കിലും ഇപ്പോഴും പിച്ചക്കാരനായി മാറിയിരിക്കുകയാണ്. അതല്ലേ നമുക്ക് കാണാൻ കഴിയുന്നത്. കേരളത്തിലെ എല്ലാവരേയും സംരക്ഷിക്കുമെന്ന് പറഞ്ഞ് അവതരിപ്പിച്ച ബഡ്ജറ്റ്, എ.ഡി.ബി. സായിപ്പന്മാരും മലയാളമറിയാത്ത മറ്റു വിദേശികളും എഴുതിക്കൊടുത്ത ബഡ്ജറ്റല്ലേ ഇത്? അങ്ങ് ഒരു രാഷ്ട്രീയക്കാരനല്ലേ? കേരളത്തിലെ പൊതുപ്രവർത്തകനല്ലേ? അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റ് വളരെ തരംതാണ ഒരു ബഡ്ജറ്റാണ്. കോഴ ഗവൺമെന്റ് നിരന്തരം ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. കഴിഞ്ഞ വർഷവും ബഡ്ജറ്റ് അവതരിപ്പിച്ചു. ഒന്നും തന്നെ നടപ്പിലാക്കിയില്ല. നടപ്പിലാക്കിയില്ലായെന്നു മാത്രമല്ല, പുത്തൻ നയങ്ങൾപോലും ഇല്ലാത്ത ഒരു ഗവൺമെന്റാണ് കഴിഞ്ഞ 32 മാസക്കാലമായി നമ്മെ ഭരിക്കുന്നത്. കേരളത്തിലെ ഒരു പ്രധാനപ്പെട്ട പ്രശ്നം കുടിവെള്ളമാണ്. ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി കേഴുകയാണ്. പ്രത്യേകിച്ച് കൊല്ലം ജില്ല. കൊല്ലം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഏതെങ്കിലും ഒരു പദ്ധതി ഈ ബഡ്ജറ്റിൽ ഉണ്ടോ? കേരളത്തിൽ പ്രകൃതി കനിഞ്ഞു നൽകിയിട്ടുള്ള, പ്രകൃതിരമണീയമായ കുടിവെള്ള സ്രോതസ്സായ ശാസ്താംകോട്ട ശുദ്ധജലതടാകം എന്റെ താലൂക്കിലാണ്. കേരളത്തിലെ വിവിധ ജില്ലകളിൽ ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടിയുള്ള പ്രധാനപ്പെട്ട സ്രോതസ്, അതിന്റെ ആഴം കുറഞ്ഞ് കുറഞ്ഞ് കുടിനീർക്ഷാമം വന്നിരിക്കുകയാണ്. ശുദ്ധജലക്ഷാമം മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. അതൊന്നും കണ്ടില്ലായെന്നു നടിക്കുന്ന ഒരു ഗവൺമെന്റാണിത്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ നഖശിഖാന്തം എതിർക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ധനകാര്യ വകുപ്പിലെ കണക്കപ്പിള്ളമാർ തയ്യാറാക്കിയ കള്ളക്കണക്കുകളുടെ ഒരു വാറോലയാണ് ഈ ബഡ്ജറ്റ്. അതിന്റെ ബാക്കിപത്രം പരിശോധിച്ചാൽ ആറു മാസത്തിനുള്ളിൽ കേരള സർക്കാർ ലിക്വിഡേറ്റ് ചെയ്യേണ്ട ഒരു അവസ്ഥ വരും. മാണി സാറിന്റെ കമ്മി ബഡ്ജറ്റിന്റെ സൂത്രപ്പണിയൊന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിൽ ചെയ്തിട്ടില്ല. പക്ഷേ അത് ശരിക്കും നമ്മൾ പഠിച്ചിട്ടുണ്ടെങ്കിൽ കേരളത്തിന്റെ തകർച്ചയുടെ ഒരു ഭയാനകചിത്രമാണ് ഈ ബഡ്ജറ്റിൽ വരച്ചുകാട്ടുന്നത്. ധനകമ്മിയുടേയും റവന്യൂ കമ്മിയുടേയും തോത് വച്ചുനോക്കുമ്പോൾ കടക്കെണിയുടെ പാതാളത്തിലാണ് നമ്മൾ താഴ്ന്നുകൊണ്ടിരിക്കുന്നത്. ഭരണനവീകരണത്തിന്റെ പേരിൽ എ.ഡി.ബി.-യിൽ നിന്ന് ബ്ലേഡ് പലിശയ്ക്ക് പണം കടം വാങ്ങി ദീവാളി കുളിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. സാമ്പത്തിക അച്ചടക്കം തകർന്നതാണ് ഇപ്പോഴത്തെ ഫിനാൻഷ്യൽ ഡിസാസ്റ്ററിന്റെ മുഖ്യകാരണം. കഴിഞ്ഞ ബഡ്ജറ്റിലെ ഏതെങ്കിലും ഒരു വാഗ്ദാനം നടപ്പിലാക്കാൻ കഴിഞ്ഞോ? പാൽ കൊടുക്കാമെന്നു പറഞ്ഞ് ചെറിയ കുട്ടികളെ പറ്റിച്ചില്ലേ? 15 ലക്ഷം യുവാക്കൾക്ക് തൊഴിൽ കൊടുക്കാമെന്നു പറഞ്ഞിട്ട് പോലീസിന്റെ തൊഴിയല്ലേ കൊടുത്തത്? കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുമെന്ന് പറഞ്ഞെങ്കിലും പാട്ടക്കാരെല്ലാം ഇപ്പോഴും സർക്കാരിനെ പറ്റിച്ചു കടക്കുകയാണ്. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബിൽ എവിടെ പോയി? ഈ ബഡ്ജറ്റിൽ വിദേശ മലയാളികൾക്ക് വേണ്ടി, നോർക്കയ്ക്കു വേണ്ടി ആകെ 3 കോടി രൂപയാണ് നീക്കിവച്ചത്. നമ്മുടെ മന്ത്രിമാർ വിദേശയാത്ര നടത്താൻ ഇതിനേക്കാളും വളരെ

LIBRARY ARCHIVES Kerala Legislative Assembly

വലിയ സംഖ്യ ചെലവഴിക്കുന്നുണ്ട്. 25,000 കോടി രൂപ ഒരു വർഷം നമ്മുടെ കേരളത്തിലേക്ക് അയച്ച് കേരളത്തെ പട്ടിണിക്കിടാതെ നോക്കുന്ന പ്രവാസികളെ ഇൻസൾട്ട് ചെയ്യുന്നതിന് തുല്യമാണ് ഇത്. 'നോർക്ക' വകുപ്പിനേയും അതിന്റെ മന്ത്രിയേയും നോക്കുകുത്തിയാക്കി നോക്കെത്താ ദൂരത്തിലേക്ക് വലിച്ചെറിഞ്ഞിരിക്കുകയാണ്. സമവായം, സമന്വയം, സമാധാനം എന്നൊക്കെ പറഞ്ഞ് ചില പ്രസ്താവനകൾ നടത്തുന്നതല്ലാതെ പ്രവാസികൾക്ക്, 'നോർക്ക' വകുപ്പിന് കാര്യമായിട്ടൊരു പ്രയോജനവും ലഭിച്ചിട്ടില്ല. ഗവൺമെന്റിന്റെ വികലമായ മുഖച്ഛായ നന്നാക്കാൻ പി.ആർ.ഡി. ചെലവാക്കുന്ന പരസ്യപ്രചാരണങ്ങളുടെയത്രയെങ്കിലും സംഖ്യ നോർക്കയ്ക്ക് അനുവദിച്ചു കൊടുക്കണം. നമ്മുടെ പ്രവാസി വകുപ്പിന് ഫണ്ട് അലോക്കേഷൻ കിട്ടുന്നില്ലായെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നിർബന്ധിപ്പിച്ച് ഗൾഫിൽ കൊണ്ടുപോകണം. അതിന് പ്രവാസി വകുപ്പുമന്ത്രി മുൻകൈ എടുക്കണം. അദ്ദേഹത്തിന് അവിടത്തെ ലേബർ ക്യാമ്പ് കാണിച്ചുകൊടുക്കണം, അവിടത്തെ മലയാളികളുടെ കഷ്ടപ്പാടിനെക്കുറിച്ച് വിവരിച്ചുകൊടുക്കണം. അങ്ങനെയാകുമ്പോൾ ഉറപ്പായിട്ടും അടുത്ത പ്രാവശ്യമെങ്കിലും ഫണ്ട് അലോക്കേഷൻ കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. പ്രവാസികൾ സ്ഥിരമായി മടങ്ങിവരുമ്പോൾ അവിടെ ഉപയോഗിച്ചിരുന്ന കാറുകൾക്ക്—പുതിയ കാറല്ല, വിൽക്കാൻ വേണ്ടി കൊണ്ടുവരുന്നതല്ല, ഉപയോഗിച്ചിരുന്ന കാറുകൾക്ക്—എൻട്രി ടാക്സുണ്ട്, സെയിൽസ് ടാക്സുണ്ട്, അവ ഒഴിവാക്കിക്കൊടുത്ത് അവരോട് കരുണ കാണിക്കണം. വൈദ്യുതി, വെള്ളം, ബസ് എന്നിവയ്ക്ക് ചാർജ് കൂട്ടി ജനങ്ങളെ കൊള്ളയടിക്കാനുള്ള തീരുമാനമൊന്നും ഈ ബഡ്ജറ്റിൽ ഇല്ല. പക്ഷേ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ വരുന്ന ഇരുട്ടടിയെക്കുറിച്ച് ഓർക്കുമ്പോൾ തന്നെ ഞാൻ ഞെട്ടുകയാണ്. ഞാൻ ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. സുജനപാൽ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയിൽ കാര്യമായ മാറ്റം വരുത്തിക്കൊണ്ട് സമ്പദ്ഘടനയെ ഒരു take off stage -ലേക്ക് എത്തിക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചു എന്നുള്ളത് എന്തായാലും ധനകാര്യ വകുപ്പുമന്ത്രിക്കും ഈ ഗവൺമെന്റിനും അഭിമാനിക്കാവുന്ന ഒരു വസ്തുതയാണ്. ഇവിടെ പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചതിൽ കാര്യമായ വിമർശനമൊന്നുമുണ്ടായില്ല. അടിസ്ഥാന രഹിതങ്ങളായിട്ടുള്ള കുറെ ആരോപണങ്ങൾ ഉന്നയിച്ചു എന്നുള്ളതല്ലാതെ ഈ ഗവൺമെന്റ് കൈവരിച്ച സാമ്പത്തിക നേട്ടങ്ങളെ സംബന്ധിച്ച ഒരു നിഷ്പക്ഷ വിലയിരുത്തലുണ്ടായില്ല എന്നുള്ളത് വളരെ ഖേദകരമാണ്. ഇപ്പോൾ ആഭ്യന്തരോല്പാദനം 2002-2003-ൽ 6.1% എന്ന എടുത്തുപറയാവുന്ന വളർച്ചാ നിരക്ക് കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സാധിച്ചു. ദേശീയ വളർച്ചാ നിരക്കിനേക്കാൾ ഏതാണ്ട് 2% അധികമാണത്. ഇത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പ്രശസ്തമായിട്ടുള്ള ഒരു നേട്ടമാണ്. കഴിഞ്ഞ വെറും 18 മാസക്കാലത്തിനുള്ളിൽ 4% വളർച്ചാ നിരക്ക് കൈവരിക്കാൻ സാധിച്ചു. ഇത് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക രംഗത്തെ മെച്ചപ്പെടുത്തിയെന്ന് മാത്രമല്ല, കേരളത്തെ സംബന്ധിച്ചിടത്തോളം വികസന കാര്യങ്ങളിൽ ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കാൻ ഗവൺമെന്റിന് സാധിച്ചുവെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. എം.എൽ.എ.-മാർക്ക് പ്രാദേശിക വികസന ഫണ്ട് ഏർപ്പെടുത്തി എന്നുള്ളത് ചില്ലറ കാര്യമാണോ? കേരളത്തെ സംബന്ധിച്ചിടത്തോളം 140 നിയോജകമണ്ഡലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് 140 കോടിരൂപ ചെലവഴിക്കാൻ സാധിച്ചു. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് എം.എൽ.എ. ഫണ്ട് കഴിഞ്ഞ ബഡ്ജറ്റിൽ 50 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത് ഈ ബഡ്ജറ്റിൽ അത് ഒരുകോടി രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളതാണ്. കാരണം പ്രാദേശിക വികസനമാണ് ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എടുത്തുപറയാവുന്ന ഏറ്റവും വലിയ നേട്ടം. മൂന്നുവർഷം കഴിഞ്ഞപ്പോഴേക്കും ഏതാണ്ട് ഒരുകോടി രൂപ ഓരോ നിയോജകമണ്ഡലത്തിലും ചെലവഴിക്കാൻ സാധിച്ചു. ഈ ബഡ്ജറ്റിലെങ്കിലും ഇപ്പോൾ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ ഒരു കോടിരൂപയാക്കി വർദ്ധിപ്പിക്കണം. എങ്കിൽ വരുന്ന രണ്ടുവർഷ കാലത്തിനുള്ളിൽ ഏതാണ്ട്—രണ്ടുകോടി രൂപ—എം.എൽ.എ.-മാരുടെ വികസന ഫണ്ട് ഉപയോഗപ്പെടുത്തി പ്രാദേശിക വികസനം നടത്താൻ സാധിക്കും. ഇന്നു രാവിലെ ശ്രീ. പി. ജയരാജൻ വലിയ ആക്ഷേപമായി പറഞ്ഞിട്ടുള്ളത് തസ്തികകൾ വെട്ടിക്കുറയ്ക്കുന്നു എന്നാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ 5 വർഷക്കാലത്തിനുള്ളിൽ 1,10,007 പേർക്കാണ് ഒട്ടാകെ തൊഴിലവസരങ്ങളുണ്ടാക്കിയത്. പക്ഷേ ഈ യു.ഡി.എഫ്. ഗവൺമെന്റ് രണ്ട്-രണ്ടര വർഷക്കാലത്തിനുള്ളിൽ ഏതാണ്ട് 62,156 പേർക്ക് ഇവിടെ ജോലി നൽകിയിട്ടുണ്ട്. ഇത് രേഖകൾ സൂചിപ്പിക്കുന്നതാണ്. വെറുതെ അടിസ്ഥാനമില്ലാത്ത കാര്യങ്ങളെപ്പറ്റി പറയാമെന്നുള്ളതല്ലാതെ ഈ യാഥാർത്ഥ്യങ്ങൾ വളച്ചൊടിച്ച് ആടിനെ പട്ടിയാക്കുന്ന രീതിയിലുള്ള പ്രചരണമാണ് നിങ്ങൾ എല്ലാകാലത്തും നടത്തിയിട്ടുള്ളത്, ഇപ്പോഴും നടത്തുന്നത് അതുതന്നെയാണ്. യു.ഡി.എഫ്. ഗവൺമെന്റ് രണ്ട്-രണ്ടര വർഷക്കാലത്തിനുള്ളിൽ ഏതാണ്ട് 62,156 പേർക്ക് ഇവിടെ ജോലി നൽകിയിട്ടുണ്ട് എന്നുള്ളത് ഗവൺമെന്റിന്റെ ഔദ്യോഗിക കണക്കാണ്.

ശ്രീ. പി. ജയരാജൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സുജനപാൽ പറയുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം ഇത്രയും ആളുകൾക്ക് തൊഴിൽ കൊടുത്തിട്ടുണ്ടെന്നാണ്. ഇത് 2002 ജനുവരി 16-ന് ഫിനാൻസ് (എസ്.എസ്.) ഡിപ്പാർട്ടുമെന്റ് ഇറക്കിയിട്ടുള്ള ഒരു വെബ്സൈറ്റിന്റെ കോപ്പിയാണ്. അതിൽ പറയുന്നത് Hereafter all vacancies in Government Departments and P.S.U's including Autonomous Institutions, Statutory Undertakings, Welfare Fund Boards and Apex Societies should be filled up only after obtaining prior approval of the first Committee mentioned in para III above എന്നുപറഞ്ഞാൽ 2002 ജനുവരി മാസം മുതൽ മുഴുവൻ നിയമനങ്ങളും നിരോധിച്ചതിനു ശേഷം ഈ അടുത്തകാലത്തു മാത്രമാണ് ആ നിരോധനം ..........................(ബഹളം)..................................

ശ്രീ. എ. സുജനപാൽ: എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് നിയമന കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. ജയരാജൻ പറഞ്ഞത് ശരിയാണ്, പക്ഷേ ഇവിടെ നിയമനത്തിന് വിലക്കുണ്ടായിട്ടില്ല. പി.എസ്.സി. അപ്പോയിന്റുമെന്റ് നടത്തിയ കണക്കാണ് 62,156 പേർക്ക് ഈ ഗവൺമെന്റ് ഈ സമയത്തിനുള്ളിൽ ഇവിടെ നിയമനം നൽകി എന്നുള്ളത്. ഈ ഗവണ്മെന്റ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. എങ്കിൽപ്പോലും പരമാവധി വേക്കൻസികൾ ഫിൽ ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറായി എന്നുള്ളത് ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

നേട്ടമാണ്. ഇവിടെ ശ്രീ. വർക്കല കഹാർ പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തിരുന്നില്ല എന്നു പറഞ്ഞു. 9000 പ്ലസ് ടു അദ്ധ്യാപകർക്കാണ് നിങ്ങൾ നിയമനം നൽകിയത്. ആ 9000 പേർക്കും ശമ്പളം കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. പല കുടിശ്ശികകളും കൊടുത്തു തീർത്തത് ഈ ഗവൺമെന്റല്ലേ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ എം.എൽ.എ.-മാരുടെ ശമ്പളത്തിന്റെ കുടിശ്ശിക കൊടുത്തുതീർത്തത് ഈ ഗവൺമെന്റല്ലേ? ഇതൊക്കെ സത്യമല്ലേ? കാർഗിൽ രക്തസാക്ഷികൾക്ക്, ദേശീയ ഐക്യത്തിനുവേണ്ടി ജീവാർപ്പണം ചെയ്ത ജവാന്മാർക്ക് റീത്ത് സമർപ്പിച്ചതിനുള്ള പൈസ കൊടുത്തത് ഈ ഗവൺമെന്റല്ലേ? ഇതൊക്കെ ഫാക്ടല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: അത് കൊടുത്തല്ലേ തീരൂ. കഴിഞ്ഞ ഗവൺമെന്റ് ചെയ്തത് ഇപ്പോൾ കൊടുക്കണം, ഇനി അടുത്തുവരുന്നവർ ഇപ്പോഴുള്ളത് കൊടുക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കാർഗിൽ ജവാന്മാരുടെ കാര്യം ഇവിടെ പലപ്പോഴും ഉന്നയിച്ചതാണ്. ഒരുകാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, ഗുജറാത്തിൽ ഭൂകമ്പത്തിനിരയായവരെ, അതിൽ അപകടം പറ്റിയവരെ സഹായിക്കാനും അവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, നായനാർ സർക്കാർ, 50.5 കോടി രൂപ സമാഹരിച്ചതിൽ ഒരു ചില്ലിക്കാശ് കൊടുത്തോ?

ശ്രീ. എ. സുജനപാൽ: അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ നിയമസഭയിൽ പറഞ്ഞതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ ഫണ്ടും ഈ ഗവൺമെന്റിന്റെ കാലത്തു സമാഹരിച്ച ഫണ്ടും മുഴുവനും കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ നിയമസഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം വികസന കാര്യങ്ങളിൽ ടൂറിസ്റ്റുമേഖല കൈവരിച്ച വികസനം അത്ഭുതകരമല്ലേ? ഇപ്പോൾ ദേശീയ തലത്തിൽ തന്നെ ഒട്ടനവധി പുരസ്കാരങ്ങൾ നേടാൻ ഈ ഗവൺമെന്റിനു സാധിച്ചു. ഒട്ടനവധി ടൂറിസ്റ്റു പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള കോടിക്കണക്കിന് ഫണ്ട് സ്വരൂപിച്ചുകൊണ്ട് ഒട്ടനവധി വികസന പ്രവർത്തനങ്ങൾ കൈവരിക്കാൻ ടൂറിസം മേഖലയ്ക്ക് സാധിച്ചു. അതുപോലെ ഐ.ടി. മേഖലയിൽ പുതിയ അവസരങ്ങളുണ്ടാവുകയല്ലേ? ഐ. ടി. മേഖലയെ സംബന്ധിച്ചിടത്തോളം ഇന്ന് Cyber Capital എന്നു പറയുന്നത് ബാംഗ്ലൂർ ആണെങ്കിൽപ്പോലും അത് കേരളമായി വരാനുള്ള എല്ലാ സാഹചര്യവുമുണ്ട്. പക്ഷേ അതിനനുസരിച്ചുള്ള ഒരു വികസന സംസ്കാരം നമ്മൾ വളർത്തിയെടുക്കണം. വിദേശത്തുനിന്നും ഒട്ടനവധി ഐ. ടി. കമ്പനികൾ കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, കാരണം വിദേശമൂലധനം ഇവിടെ നിക്ഷേപമുണ്ടാക്കുകയാണ്. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വാസ്തവത്തിൽ ആഗോളവൽക്കരണത്തിന്റെ ദോഷഫലങ്ങളാണുണ്ടായത്. ഗുണപരമായ അംശങ്ങൾ ഉപയോഗപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. ആ പാളിച്ചകളെ തിരുത്തുകയാണ് ഈ ഗവൺമെന്റ്. അമർത്യാസെന്നിനെപ്പോലെയുള്ള സാമ്പത്തിക ശാസ്ത്രജ്ഞർ പറയുന്നത് ഈ ആഗോളവൽക്കരണം ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞു. ആഗോളവൽക്കരണത്തെ നിഷേധാത്മകമായി കണ്ടിട്ട് കാര്യമില്ലായെന്നാണ്. ആഗോളവൽക്കരണത്തിന്റെ ഗുണപരമായ അംശങ്ങൾ ദേശീയ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഉൾക്കൊള്ളാൻ ശ്രമിക്കുക എന്നുമാത്രമാണ് എനിക്കുപറയാനുള്ളത്. അപ്പോൾ ആ ഒരു കാഴ്ചപ്പാട് ഉൾക്കൊള്ളാൻവേണ്ടി കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർക്ക് സാധിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

LIBRARY ARCHIVES Kerala Legislative Assembly

ബംഗാളിലേയും ചൈനയിലേയും കാര്യം പലപ്പോഴും ഇവിടെ ചർച്ചാവിഷയമായതാണ്. എന്തുകൊണ്ട് കേരളത്തിലെ കമ്മ്യൂണിസ്റ്റുപാർട്ടികൾ വളരെ സങ്കുചിതമായിട്ടുള്ള കാഴ്ചപ്പാടുകൾ കേരളത്തിന്റെ വികസന കാര്യത്തിൽ കൈക്കൊള്ളുന്നുവെന്നു എനിക്കു മനസ്സിലാകുന്നില്ല. ഡോ. തോമസ് ഐസക്കിനെപ്പോലെയുള്ള ആളുകൾ വിദേശ ഏജൻസികളുടെ സഹായത്തോടുകൂടി ഇവിടെ ജനകീയാസൂത്രണം നടത്തിയെന്നുള്ള ആക്ഷേപങ്ങൾ ഉയർന്നു വരികയുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ: അതൊക്കെ ഇവിടെ പറഞ്ഞ കാര്യങ്ങളല്ലേ?

ശ്രീ. എ. സുജനപാൽ: ഞങ്ങൾ ആരേയും കുറ്റം പറഞ്ഞതല്ല. മാർക്സിസ്റ്റു പാർട്ടിക്കാർ തന്നെ ഡോ. തോമസ് ഐസക്കിനെതിരായി ഉന്നയിച്ചിട്ടുള്ള ഒരു കാര്യമാണ്. 'പാഠം' മാസികയിൽ വന്നിട്ടുള്ള കാര്യമാണ്. കേരളത്തിൽ ഒട്ടനവധി

12.00 Noon] വിവാദങ്ങൾ ഉണ്ടാക്കിയ പ്രശ്നമല്ലേ? വാസ്തവത്തിൽ ഗവൺമെന്റ് അതിനെക്കുറിച്ച് അന്വേഷിക്കേണ്ടതല്ലേ? ജനകീയാസൂത്രണത്തിൽ വിദേശ ഫണ്ട് വന്നോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കേണ്ടതല്ലേ? 'പാഠം' മാസികയിൽ, മാർക്സിസ്റ്റ് പാർട്ടിയുടെ ഉന്നതരായിട്ടുള്ള ബുദ്ധിജീവികൾ നടത്തുന്ന മാസികയിൽ പറഞ്ഞിട്ടുള്ള ആരോപണമാണ്. Centre for Development Studies എന്ന പഠന ഗവേഷണ സ്ഥാപനത്തിനും ശാസ്ത്രസാഹിത്യ പരിഷത്ത് എന്ന മഹാപ്രസ്ഥാനത്തിനും 16 കോടി രൂപയുടെ വിദേശസഹായം കിട്ടി. മുൻ ഇടതുസർക്കാർ നടപ്പാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനത്തേയും വിദേശ funding agency-കളേയും പണം നൽകി സഹായിച്ചു. കുത്തക മുതലാളിത്തത്തിന്റെ ഉയർന്ന രൂപമായ അമേരിക്കൻ സാമ്രാജ്യത്വം നൽകിയതാണ് ഈ പണമെന്നാണ് ഡോ. തോമസ് ഐസക്കിന്റെ പേര് ഉൾപ്പെടുത്തിക്കൊണ്ട് പാഠത്തിന്റെ ഉത്തരവാദിത്വപ്പെട്ടവർ, മാർക്സിസ്റ്റ് പാർട്ടിയുടെ ബുദ്ധിജീവികൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപം. മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം അവരുടെ കച്ചവടം മാറിവരുന്നത് വളരെ നല്ലതാണ്. സ്വാഗതാർഹമായ കാര്യമാണ്. ഈ കാര്യങ്ങൾ ബോദ്ധ്യപ്പെടാൻ കുറെ കാലം പിടിക്കുമെന്നുള്ളതാണ് മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചുള്ള ഒരു വലിയ ആക്ഷേപം. കാലത്തിനനുസരിച്ച് മാറാൻ സാധിക്കണം. ഐ. ടി. മേഖലകളുടെ വികസനത്തെക്കുറിച്ച് നമ്മൾ പറയുകയുണ്ടായി. പണ്ട് കമ്പ്യൂട്ടർ കൊണ്ടുവരുന്നതിന് എതിരായി സമരം നടത്തിയ ആളുകളല്ലേ ഇവർ? കേരളത്തിലെ പുതിയ തലമുറ അതു മനസ്സിലാക്കുമ്പോൾ അവർ നമ്മെ ആക്ഷേപിക്കുകയില്ലേ? കേരളത്തെപ്പോലെ വിദ്യാസമ്പന്നരുള്ള ഒരു സംസ്ഥാനത്ത്, കമ്പ്യൂട്ടറിനെതിരെ ഇവർ സമരം നടത്തി എന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ കാലം മാറി. കമ്പ്യൂട്ടർ വികസനം ഇന്നൊരു പ്രധാന ഘടകമായി മാറി. ഐ.ടി. മേഖലയെ സംബന്ധിച്ചിടത്തോളം കേരളത്തിന് ഒരുപാടു വികസന സാധ്യതകളുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, ഐ.ടി.-യെ ആരും എതിർക്കുന്നില്ല. പരമ്പരാഗത മേഖലയെ വളർത്താൻ ഇവിടെ പണമുണ്ട്. അതിനെക്കുറിച്ചാണ് പറയേണ്ടത്.

ശ്രീ. എ. സുജനപാൽ: പഴയതും പുതിയതും കൂടിയുള്ള ഒരു സമന്വയമാണ് ഇവിടെ ആവശ്യമായിട്ടുള്ളത്. പാരമ്പര്യ വ്യവസായങ്ങളേയും ആധുനിക കാലഘട്ടത്തിന് അനുയോജ്യമായി വരുന്ന മാറ്റങ്ങളേയും ഉൾക്കൊണ്ടുകൊണ്ട് പുതിയൊരു വികസന സംസ്കാരത്തെ വളർത്തിയെടുക്കാൻ വേണ്ടിയാണല്ലോ ഈ ഗവൺമെന്റ് ശ്രമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗതമായ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ ആധുനിക കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്കൂടി ഉൾക്കൊണ്ടുവേണം നാം മുന്നോട്ടു പോകേണ്ടത്. ആധുനികയുഗത്തിന് അനുയോജ്യമായ രൂപത്തിൽ നമ്മൾ മാറണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനം, അതുണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ വളരെ അത്ഭുതകരമാണ്. പ്ലാനിംഗിന്റെ കാഴ്ചപ്പാടു തന്നെ ഇപ്പോൾ മാറിയിട്ടില്ലേ? ഇപ്പോൾ പഞ്ചവൽസരപദ്ധതി എന്നു പറയുന്നതിന്റെ പ്രസക്തിതന്നെ നഷ്ടപ്പെട്ടില്ലേ? അഞ്ചുകൊല്ലംകൊണ്ട് ടെക്നോളജി മാറുകയല്ലേ ചെയ്യുന്നത്? ആധുനിക കാഴ്ചപ്പാടനുസരിച്ച് 5 വർഷംകൊണ്ട് ചെയ്യേണ്ട കാര്യങ്ങൾ ഇപ്പോൾ 5 മാസംകൊണ്ട് ചെയ്തുതീർക്കുകയാണ്. വികസനത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, വികസനത്തിനു വേഗത പോരെന്നു തോന്നും. ഓരോ കാര്യങ്ങളും തീരുമാനിച്ചു കഴിഞ്ഞാൽ അതു നടപ്പാക്കുന്നില്ല. നടപ്പാക്കാൻ ഒരുപാടു കാലതാമസം ഉണ്ടാകുന്നു. വികസന കാര്യങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ഈ ഗവൺമെന്റ് ഒരുപാടു കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എനിക്കു പറയാനുള്ളത് ഞാൻ പ്രതിനിധീകരിക്കുന്ന മലബാറിന്റെ തലസ്ഥാനമെന്നു വിശേഷിപ്പിക്കാവുന്ന കോഴിക്കോട് നഗരത്തെക്കുറിച്ചാണ്. തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് പുതിയ ചില പദ്ധതികളൊക്കെ ആവിഷ്കരിച്ചിട്ടുണ്ട്. നല്ല കാര്യമാണ്. വർക്കലയുടെ വികസനത്തിനുവേണ്ടിയും ഒരുപാടു പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പക്ഷേ മലബാറിനോടു കാണിക്കുന്ന അവഗണന എന്നു ഞാൻ പറയുന്നില്ല, എങ്കിലും അർഹമായിട്ടുള്ള പ്രാതിനിധ്യം, സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഒരു പരിഗണനയും മലബാറിനു ലഭിച്ചിട്ടില്ല എന്നൊരു ആക്ഷേപം എനിക്കുണ്ട്. മലബാറുകാരായ മുഖ്യമന്ത്രിമാർ ഭരിച്ചിരുന്നപ്പോഴും ഇങ്ങനെയുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. എന്താണ് അതിനു കാരണമെന്ന് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഫണ്ട് അലോക്കേഷന്റെ കാര്യത്തിൽ, മലബാർ മേഖലയ്ക്കുണ്ടായ അവഗണനയെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അന്വേഷിക്കണം. മലബാറിന്റെ വികസനത്തിനുവേണ്ടി ഒരു പ്രത്യേക ഫണ്ട് നീക്കിവയ്ക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. നഗരവികസനത്തിൽ ഒട്ടനവധി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഒട്ടനവധി വിദേശ സഹായങ്ങൾ ലഭിക്കുന്നുണ്ട്. കോഴിക്കോട് നഗരത്തിന്റെ ചേരി നിർമ്മാർജ്ജനത്തിനുവേണ്ടി എ.ഡി.ബി.-യുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ ചേരിനിർമ്മാർജ്ജനത്തിനുവേണ്ടി എ.ഡി.ബി. തെരഞ്ഞെടുത്ത രണ്ടാമത്തെ നഗരം കോഴിക്കോടാണ്. അവിടെ എ.ഡി.ബി.-ക്കാർ വന്നിറങ്ങിയപ്പോൾ, അവർക്കെതിരായി സമരം ചെയ്തത് ശ്രീ. മത്തായി ചാക്കോ ഉൾപ്പെടെയുള്ള ഡി.വൈ.എഫ്.ഐ.-ക്കാരായിരുന്നു. എ. ഡി.ബി.-ക്കാരെ തടയാൻ പോയതും ഇവരായിരുന്നു. കോഴിക്കോട് കോർപ്പറേഷൻ ഭരിക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ മേയറും അവിടത്തെ ഭരണകക്ഷിയെന്നു പറയുന്നത് മാർക്സിസ്റ്റുകാരുമാണ്. കോഴിക്കോട് നഗരത്തിലെ ചേരിനിർമ്മാർജ്ജനത്തിനുവേണ്ടി, നഗരവികസനത്തിനുവേണ്ടി എ.ഡി.ബി.-യുടെ ഫണ്ടുലഭിക്കുന്നു എന്നുള്ളത് ഒരു വലിയ കാര്യം തന്നെയാണ്. പക്ഷേ അതൊന്നും നിഷേധാത്മകമായി കണ്ടിട്ടു കാര്യമില്ല. ഇവിടെ മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ച് എല്ലാം നിഷേധാത്മകമായി കാണുന്ന കൂട്ടത്തിൽ കോഴിക്കോടിന്റെ വികസനത്തെപ്പോലും അവർ അങ്ങനെ കണ്ടു എന്നുള്ളത് ഒരു വസ്തുതയാണ്. നഗരവികസനങ്ങളുടെ കാര്യത്തിൽ കുറെക്കൂടി ഒരു പരിഗണന കോഴിക്കോടിനും മലബാറിനും ലഭിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കു തന്നെ നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

അറിയാവുന്ന കാര്യമാണ് ഞാൻ പറയാൻ പോകുന്നത്. കോഴിക്കോട് പൂർത്തിയാകാത്ത മൊയ്തുമൗലവി സാഹിബിന്റെ ഒരു സ്മാരകമുണ്ട്. ധനകാര്യവകുപ്പുമന്ത്രി നേരിട്ടുവന്നു കണ്ടിട്ടുള്ള കാര്യമാണ്. അതിനകത്ത് 50 ശതമാനം ഗവൺമെന്റ് ഫണ്ടും ബാക്കി 50 ശതമാനം പ്രാദേശികമായി കളക്ടറുടെ നേതൃത്വത്തിൽ പിരിച്ചെടുക്കുന്ന ഫണ്ടും പബ്ളിക് കോൺട്രിബ്യൂഷൻ ഫണ്ടും എം.പി. ഫണ്ടും. എം.എൽ.എ. ഫണ്ടുമാണ്. ഗവൺമെന്റ് നൽകാനുള്ള ഫണ്ട് കഴിയുന്നതുംവേഗത്തിൽ നൽകാനുള്ള നടപടികൾ ധനകാര്യവകുപ്പ് കൈക്കൊള്ളണം എന്നാണ് എനിക്കു പറയാനുള്ളത്. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, ക്ളീൻ കേരളാ പദ്ധതിക്ക് വളരെയധികം മുൻഗണന നൽകുന്നു എന്നുള്ളതാണ് ഈ ബഡ്ജറ്റിനെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട ഘടകം. പരിസ്ഥിതി സംരക്ഷണത്തിനു മുൻതൂക്കം നൽകുന്ന രൂപത്തിലുള്ള ഒരു നയം ഈ ഗവൺമെന്റ് ആവിഷ്കരിക്കണം. അതുപോലെ ശാസ്ത്രീയമായ ഒരു പോരായ്മ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ ഉണ്ട്. അതിനു ശാസ്ത്രീയമായിട്ടുള്ള സെല്ലുകൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ ഇറിഗേഷൻ, ഫോറസ്റ്റ്, പി. ഡബ്ള്യൂ.ഡി. ഇലക്ട്രിസിറ്റി തുടങ്ങിയ വകുപ്പുകളിൽ ഈ പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് പ്രത്യേകമായിട്ടുള്ള പഠനം നടത്തണം. ഇവിടെ സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഒരു പരിസ്ഥിതി വകുപ്പില്ല എന്നുള്ളത് ഒരു പോരായ്മയായി വന്നിരിക്കുകയാണ്. അതുംകൂടി ചൂണ്ടിക്കാണിക്കുകയാണ്. അടുത്ത ബഡ്ജറ്റിലെങ്കിലും ഇതിനൊക്കെ പരിഹാരമുണ്ടാകുന്ന രൂപത്തിലുള്ള നിർദ്ദേശം ഉണ്ടാകണം. കാലത്തിനനുസരിച്ചു മാറാൻ കേരളത്തിനു സാധിക്കണം. ആ രൂപത്തിലുള്ള ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കാൻ ഈ ബഡ്ജറ്റിലൂടെ സാധിച്ചു എന്നുള്ളതിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും അഭിനന്ദനം അർഹിക്കുന്നു. ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. തോമസ് ഐസക്: സർ, ഏതാണ്ട് ശൂന്യമായ ട്രഷറി ബെഞ്ചുകളോട് ഈ ബഡ്ജറ്റ് ചർച്ചയുടെ അവസാനത്തെ പ്രസംഗം നടത്തേണ്ട ഒരു സ്ഥിതിയാണ്. അത് ഇന്നത്തെ രാഷ്ട്രീയ സ്ഥിതിയുടെ പ്രതിഫലനമാണ്. ഇന്നത്തേതല്ല ഏതാണ്ട് ഒരു വർഷമായി കേരളത്തിലെ സ്ഥിതി വിശേഷം ഇതാണ്. ഇതിൽ നിന്ന് എന്നാണ് ഈ നാടിന് ഒരു മോചനമെന്നുള്ളതിനെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. സമയമുണ്ടെങ്കിൽ ഞാൻ അവസാനം അതിലേക്ക് വരാം. ഇപ്പോൾ ബഡ്ജറ്റിന്റെ പ്രസക്തമായിട്ടുള്ള ചില കാര്യങ്ങൾ ഉന്നയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. അപ്പുറത്തിരിക്കുന്നവർ പ്രസംഗിച്ചപ്പോൾ, ഇന്നത്തെ പ്രസംഗത്തിൽപ്പോലും ഉയർന്നുവന്ന ഒരു മറുചോദ്യമുണ്ട്. നിങ്ങൾ എന്തിനെയാണ് എതിർക്കുന്നത് അഗതി പെൻഷനെയാണോ, അക്ഷയ പരിപാടിയെയാണോ, കുടുംബശ്രീക്ക് പണം നൽകിയതിനെയാണോ? അല്ല. ഈ പരിപാടികളെയൊന്നും ഞങ്ങൾ എതിർക്കുന്നില്ല. ചിലതിൽ നമുക്ക് എതിർപ്പുണ്ട്. ഉദാഹരണത്തിന് കുടുംബശ്രീ സംവിധാനം വഴി പച്ചക്കറി കൃഷി നടത്തുന്നതിനു വേണ്ടി പാട്ട സമ്പ്രദായത്തിൽ നിയമ നിർമ്മാണം നടത്തുന്നു. അതിൽ നമുക്ക് എതിർപ്പുണ്ട്. നിങ്ങൾ എന്റെ മണ്ഡലത്തിലോട്ട് വന്നാൽ രണ്ടാഴ്ച കഴിയുമ്പോൾ ആയിരമേക്കർ സ്ഥലത്ത് 1500 ഗ്രൂപ്പുകൾ ഈ നിയമമൊന്നും വേണ്ടാതെ കൃഷി ചെയ്യുന്നത് കാണിച്ചു തരാം. അപ്പോൾ അത് നാട്ടിൽ നടക്കുന്നുണ്ട്. ഇത് കേരളത്തിൽ സാർവത്രികമായി കൊണ്ടിരിക്കുകയാണ്. പാട്ടവും കൊടുക്കണ്ട. അവിടെ നടപ്പിലാക്കുന്ന നാളികേര ബോർഡിന്റെ സ്കീം പ്രകാരം ബോർഡിൽ നിന്നും ധനസഹായമായി കിട്ടുന്ന, 35,000

LIBRARY ARCHIVES Kerala Legislative Assembly

രൂപയിൽ പകുതി തെങ്ങിൻതോപ്പ് ഉടമസ്ഥനും പകുതി സ്വയം സഹായ സംഘത്തിനും കൊടുക്കുന്നു. അവർ സഹകരിച്ചുപോകുന്നു. ഇപ്പോൾ ഇവിടെ ഒരു പുതിയ നിയമം കൊണ്ടുവന്ന് നാട്ടിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു പരിപാടിയെ നശിപ്പിക്കാനല്ലാതെ സഹായിക്കാൻ പറ്റുമോ? അപ്പോൾ ഇങ്ങനെയുള്ള ചില കാര്യങ്ങളിൽ കേസ് ബൈ കേസായിട്ടുള്ള തർക്കമെല്ലാതെ ഈ പുതിയ സ്കീമുകളെ ഒന്നിനെയും എതിർക്കാൻ ഞങ്ങൾ ഇല്ല. പക്ഷെ ചെയ്യേണ്ടുന്ന കാര്യങ്ങൾ ചെയ്യാതെ ഇത്തരത്തിലുള്ള സ്കീമുകൾ പ്രഖ്യാപിക്കുന്നതിനോട് ഞങ്ങൾക്ക് എതിർപ്പുണ്ട്. ഉദാഹരണത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ 600 കോടി രൂപ ഭരണ നവീകരണത്തിനു വേണ്ടി പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷിക്ക് എത്രയുണ്ട്? കൃഷിക്കും അനുബന്ധ മേഖലകൾക്കും കൂടി 290 കോടി രൂപയാണ് വച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ പ്രസംഗിച്ചപ്പോൾ ഫിഷറീസ് മേഖലയ്ക്ക് പണമില്ലെന്നു പറഞ്ഞ് വിലപിക്കുന്നത് കേട്ടു. ഫിഷറീസ് അടക്കമുള്ള കൃഷിക്കും അനുബന്ധ മേഖലയ്ക്കും കൂടി 290 കോടി രൂപയാണ്. കഴിഞ്ഞ വർഷം 323 കോടി രൂപ. കഴിഞ്ഞ വർഷം പ്ലാനിന്റെ 6.5 ശതമാനമാണ് നീക്കിവച്ചതെങ്കിൽ ഈ വർഷം 5.3 ശതമാനം. 9-ാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷം നിങ്ങളാണ് നടപ്പിലാക്കിയത്. ആയിക്കോട്ടെ, 9-ാം പഞ്ചവൽസര പദ്ധതിയുടെ അടങ്കലിന്റെ 8.7 ശതമാനം കൃഷിക്കും അനുബന്ധ മേഖലയ്ക്കും നീക്കിവച്ചപ്പോൾ ഈ വർഷത്തെ ബഡ്ജറ്റിൽ 5.3 ശതമാനമാണ്. ഇത് മതിയോ? കാർഷിക മേഖലയെക്കുറിച്ച് എന്തൊരു വേവലാതിയാണ് എല്ലാപേർക്കും. നെൽക്കൃഷിക്ക് ചെറിയ ഒരു സ്കീം 10 കോടി രൂപയുടേത്, നല്ലത്. പക്ഷെ അതുമതിയോ? 290 കോടി രൂപ മതിയോ? എന്നുള്ളതാണ് എന്റെ ചോദ്യം. പണം ഇല്ലാഞ്ഞിട്ടല്ല. പണമില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഭരണ നവീകരണത്തിനായി 600 കോടി രൂപ നീക്കിവച്ചത്. ഈ ഭരണ നവീകരണ പദ്ധതിക്കകത്തുള്ള കാര്യം എന്താണെന്ന് ആർക്കെങ്കിലും വിശദീകരിക്കാമോ? കഴിഞ്ഞ തവണ അവതരിപ്പിച്ച് പാസ്സാക്കിയ ബഡ്ജറ്റിൽ സോഷ്യൽ ആഡിറ്റിന് 5 കോടി രൂപ. സിറ്റിസൺ ചാർട്ടറിന് 5 കോടി രൂപ. എന്തായാലും ഈ ബഡ്ജറ്റിൽ അത് 50 ലക്ഷമാക്കി ചുരുക്കിയിട്ടുണ്ട്. അപ്പോൾ കഴിഞ്ഞ വർഷം 5 കോടി രൂപ എങ്ങനെയാണ് വകയിരുത്തിയത്? ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായ സ്കീമുകൾക്ക് പണം വകയിരുത്തുന്നത് അതിന്റെ ഉള്ളടക്കം നോക്കിയിട്ടാണോ? 127 കോടി രൂപയുടെ സ്വയം തൊഴിൽ പരിപാടി എങ്ങനെ നടപ്പിലാക്കാൻ പോകുന്നുവെന്ന് ആർക്കെങ്കിലും ഒന്ന് പറഞ്ഞുതരാമോ? ഞാൻ വാർഷിക പദ്ധതിയുടെ പ്ലാൻ document മുഴുവൻ പരിശോധിച്ചു നോക്കി. എങ്ങും വിശദീകരിച്ചിട്ടില്ല. സമഗ്ര സാമൂഹ്യ സുരക്ഷിത പരിപാടിക്ക് 50 കോടി രൂപ നിങ്ങൾ മാറ്റിവച്ചിട്ടുണ്ടല്ലോ, എന്താണ് ഈ പരിപാടിയെന്ന് ആർക്കെങ്കിലും വിശദീകരിച്ചു തരാൻ പറ്റുമോ? ഇതാണ് സ്ഥിതി. എന്താണ് പരിപാടിയെന്നു പോലും അറിയാത്ത സ്കീമുകൾക്കുവേണ്ടി വാരി കോരി പണം വയ്ക്കുമ്പോൾ കൃഷിക്ക് പണം ഇല്ല. പരമ്പരാഗത വ്യവസായത്തിന് പണമില്ല.

ശ്രീ. കെ. സി. ജോസഫ്: ബഡ്ജറ്റ് പ്രസംഗത്തിൽ ഏതെങ്കിലുമൊരു സ്കീമിന്റെ വിശദാംശം പറയാറുണ്ടോ. വിശദാംശങ്ങൾ പിന്നീട് ശരിയാക്കും. ബഡ്ജറ്റ് പ്രസംഗത്തിൽ തുക മാത്രമേ അലോട്ട് ചെയ്യുകയുള്ളൂ. അതാണ് സാധാരണ പതിവ്.

ഡോ. തോമസ് ഐസക്: ശ്രീ. കെ. സി. ജോസഫ് അങ്ങനെയല്ല, ബഡ്ജറ്റ് പ്രസംഗത്തിൽ വിശദീകരിക്കുകയില്ലെങ്കിലും ബഡ്ജറ്റ് പ്രസംഗത്തിന് അനുബന്ധമായി തരുന്ന വാല്യങ്ങളുണ്ട്. അതാണ് പ്ലാൻ ഡോക്കുമെന്റ്, അതിൽ ഓരോ സ്കീമിനെക്കുറിച്ചും

LIBRARY ARCHIVES Kerala Legislative Assembly

രണ്ടും മൂന്നും പാരഗ്രാഫുകളിൽ വിശദീകരണം നൽകും. ഞാൻ പറഞ്ഞത് ഈ സ്കീമുകളെക്കുറിച്ചുള്ള വിശദീകരണം ഇല്ല എന്നാണ്. കഴിഞ്ഞ തവണയും ഇല്ല. നമ്മൾ ഒരു വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ അതിന് വകയിരുത്തുന്ന പണം എന്തിനുവേണ്ടി എന്നുപോലും അറിയാത്ത സ്കീമുകൾക്ക് വയ്ക്കുന്നു. ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെയുണ്ട് പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിൽ എന്താണ് ചെയ്യേണ്ടതെന്ന് അറിയാമല്ലോ? കേരളത്തിൽ ഏതാണ്ട് 500 കോടി തൊണ്ട് ഉണ്ട്. ഇവിടെ 100 കോടി തൊണ്ടല്ലേ ഉപയോഗിക്കുന്നുള്ളൂ. 250 കോടി തൊണ്ട് ഇവിടന്ന് ശേഖരിക്കാൻ കഴിഞ്ഞാൽ ഇവിടത്തെ വ്യവസായം നടക്കും. കുടുംബശ്രീക്ക് നൂറു കോടിയോളം രൂപ വച്ചിരിക്കുന്നു, നല്ലത്. അതിൽ 25 കോടി രൂപ എന്തെന്നറിയാത്ത സ്വയം തൊഴിൽ പരിപാടിക്കു വയ്ക്കുന്നതിനു പകരം എന്താണെന്നറിയുന്ന തൊണ്ട് ശേഖരിക്കാൻ വയ്ക്കുന്നതല്ലേ കൂടുതൽ നല്ലത്? ഒരു തൊണ്ടിന് 10 പൈസ വച്ച് നൽകിയാൽ കുടുംബശ്രീ ശേഖരിക്കത്തില്ലേ. ഈ നാട്ടിലെ തൊഴിലാളികൾക്ക് അറിയാവുന്ന ഒരു തൊഴിലല്ലേ അത്? ആ പാവങ്ങൾ എങ്ങനെയെങ്കിലും തൊണ്ട് തല്ലിയും കയർ പിരിച്ചും ജീവിക്കുകയില്ലേ? പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികൾ തകരുമ്പോൾ, അവർക്കു വേണ്ടിയാണ് നിങ്ങൾ സേഫ്റ്റി നെറ്റ് ഉണ്ടാക്കാൻ പോകുന്നത്. അവരെ ഇനി സോപ്പുണ്ടാക്കാനും ചീപ്പുണ്ടാക്കാനും പഠിപ്പിക്കാൻ പോകുകയാണ്. അവർക്ക് ഇപ്പോൾ ഒരു പണി അറിയാമല്ലോ? ഈ നാട്ടിലെ പാവപ്പെട്ടവർ ജീവിക്കുന്നത് കയർ വ്യവസായത്തിലും കൈത്തറി വ്യവസായത്തിലും മൽസ്യം പിടിച്ചുമൊക്കെയാണ്, അവർക്കറിയാവുന്ന ഒരു പണിയുണ്ടല്ലോ. അപ്പോൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പണം അവർക്ക് അറിയാവുന്ന തൊഴിലിനെ നിലനിറുത്തികൊണ്ടുപോകുന്നതിന് നീക്കിവയ്ക്കേണ്ടതല്ലേ? പണം ഉണ്ടല്ലോ, ഇല്ലാഞ്ഞിട്ടല്ലല്ലോ? ഉള്ള പണത്തിൽ നിന്നും ഒരു ചെറിയ തുക നീക്കിവയ്ക്കേണ്ടേ? കഴിഞ്ഞ വർഷം 11 കോടി 50 ലക്ഷം രൂപ കയർ വ്യവസായത്തിനുവേണ്ടി നീക്കിവച്ചപ്പോൾ അതു സംബന്ധിച്ച് ഇവിടെ സബ്മിഷൻ ഉന്നയിച്ചു. അന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു കൂട്ടിക്കൊടുക്കുമെന്ന്. ഇപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കയർ വ്യവസായത്തിനുള്ളത് 9 കോടി 40 ലക്ഷം രൂപ.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ മേഖലയിൽ 45 കോടി രൂപയാണ് മാറ്റി വച്ചത്. 9-ാം പദ്ധതിയുടെ അവസാന വർഷത്തെ വാർഷിക പദ്ധതിയിലും 46 കോടി രൂപയുണ്ടായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിങ്ങളെ കുറിച്ചുള്ള രണ്ട് പുസ്തകം ഉണ്ട്.............

മി. സ്പീക്കർ : ഓർഡർ.........ഓർഡർ.......... തിരുവഞ്ചൂർ രാധാകൃഷ്ണൻ Please resume your seat...... he is not yeilding.....

Thomas Issac continue.........

ഡോ. തോമസ് ഐസക്: ഞാൻ ഇവിടെ ഗൗരവതരമായിട്ടുള്ള ഒരു പ്രശ്നം ഉന്നയിക്കുകയാണ്. ഇവിടെയിരിക്കുന്ന മുഴുവൻ അംഗങ്ങളുടെയും മുന്നിൽ വയ്ക്കുകയാണ്. ഇവിടെയിരിക്കുന്ന ആർക്കും എതിരഭിപ്രായമില്ല, വ്യത്യസ്ത അഭിപ്രായമില്ല. മുൻഗണന നൽകേണ്ടത് കൃഷിക്കാണ്. മുൻഗണന നൽകേണ്ടത് ദാരിദ്ര്യ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാർജ്ജന പരിപാടിക്ക് ആയാലും ഈ പാവപ്പെട്ടവർ ജീവിക്കുന്ന പരമ്പരാഗത വ്യവസായത്തിലാണ്. അതിൽ തർക്കമുള്ള ആരും ഉണ്ടാവില്ല. പക്ഷെ എന്തുകൊണ്ട് നമുക്ക് ബഡ്ജറ്റിൽ പണമില്ല.

..............................(ബഹളം)..............................

മി. സ്പീക്കർ: ഓർഡർ...........ഓർഡർ...........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഉണ്ട്. സ്വാഭാവികമായി ഇവിടെ ഒരു ഡിബേറ്റ് നടക്കുമ്പോൾ ഡിബേറ്റിനകത്തുള്ള ചില പ്രശ്നങ്ങൾ ചോദിച്ചു എന്ന് വരും. പാർലമെന്ററി മര്യാദയനുസരിച്ച് ഇങ്ങോട്ടും ചോദിക്കും അങ്ങോട്ടും ചോദിക്കും. ഞാൻ ഒരു ചോദ്യം ചോദിക്കുമ്പോൾ അശ്ലീലത്തോടുകൂടി അപ്പുറത്തുനിന്നും ആളുകൾ വിളിച്ചു പറഞ്ഞത് പാർലമെന്ററി മര്യാദയിൽ ചേർന്നതാണോ?

..............................(ബഹളം)..............................

മി. സ്പീക്കർ: അദ്ദേഹത്തിനെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അനുവദിച്ചു കൂടേ?

..............................(ബഹളം)..............................

മി. സ്പീക്കർ: നിങ്ങളെല്ലാം പ്രതിപക്ഷ നേതാവും ഉപനേതാവും ഇല്ലാത്ത ദിവസം നോക്കിയിരിക്കുകയായിരുന്നോ?

..............................(ബഹളം)..............................

**Mr. Speaker:** Dr. Thomas Issac, you please continue....... Your time is running.....................അദ്ദേഹത്തിന്റെ സമയം പോവുകയാണ്. നിങ്ങൾ അദ്ദേഹത്തിന്റെ സമയം കളയാതിരിക്കൂ.

ഡോ. തോമസ് ഐസക്: സർ, ഞാൻ ചോദിക്കുന്ന ഒരു ചോദ്യം, പണം ഉണ്ടായിട്ടും എല്ലാ രാഷ്ട്രീയ കക്ഷികളും അംഗീകരിക്കുന്ന ഈ മുൻഗണന എന്തുകൊണ്ട് ബഡ്ജറ്റ് പ്രൊപ്പോസലിൽ പ്രതിഫലിക്കുന്നില്ല എന്നുള്ളതാണ്. അതിന് ഒറ്റ ഉത്തരമേയുള്ളൂ. എപ്പോഴും ഇപ്പുറത്ത് ideological blinkers-നെക്കുറിച്ചാണല്ലോ അപ്പുറത്ത് ideological blinkers പറയുന്നത്. ഈ പദ്ധതിയിൽ ഫിനാൻസിംഗിന്റെ ഗണ്യമായ untide funds ആണ്. ആ പണം എന്തിനുവേണ്ടി വിനിയോഗിക്കുന്നു എന്നുള്ളതിനെ മുൻകൂട്ടി തന്നെ ഈ നിയമസഭയുടെ അഭിപ്രായം അറിയാതെ, ജനങ്ങളുടെ താല്പര്യങ്ങൾ അറിയാതെ തീരുമാനിച്ചു കഴിഞ്ഞിട്ടുള്ളതാണ്. എന്താണെന്ന് അറിഞ്ഞുകൂടെങ്കിലും ഭരണ നവീകരണ പദ്ധതിക്കു മാത്രമേ ചെലവഴിക്കാൻ പറ്റുകയുള്ളൂ. ഇന്നലെ ശ്രീ. ആര്യാടൻ ചോദിച്ചല്ലോ എ.ഡി.ബി. ബഡ്ജറ്റ് എന്തുകൊണ്ട് വന്നില്ല? ഞങ്ങൾ അതെ, എന്ന് പറയാൻ കാരണം, നിങ്ങളും ഞങ്ങളും എല്ലാം അംഗീകരിച്ചാൽപോലും അത് നടപ്പാക്കുന്നതിന് പണം ഇല്ലെങ്കിലും പണം ഉണ്ടെങ്കിലും നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ്. സർ, മറ്റൊരു പ്രധാനപ്പെട്ട പ്രശ്നത്തിലേക്ക് ഞാൻ കടക്കുകയാണ്. 4800-ൽ ചില്വാനം കോടി രൂപയുടെ ഈ പദ്ധതി നടപ്പാക്കുന്നതിന് കഴിയുമോ? ശ്രീ. ആര്യാടൻ പറഞ്ഞ ആ കാര്യത്തോട് എനിക്ക് പൂർണ്ണമായും യോജിപ്പാണ്. ഈ പദ്ധതി നടപ്പാവില്ല. നടപ്പാകുമെന്നതിന് എന്താണ് തെളിവ്? Cumulative Deficit 750 കോടി രൂപയാണ്. അത് എങ്ങനെ കണ്ടെത്താം?

LIBRARY ARCHIVES Kerala Legislative Assembly

നോട്ട് അച്ചടിക്കാൻ പറ്റില്ലല്ലോ? പ്ലാൻ കട്ട് ചെയ്യുക എന്നുള്ളതല്ലാതെ നിങ്ങൾക്ക് എന്താണ് പോംവഴി Medium Term Fiscal Policy & Strategy Statement with Medium Term Fiscal Plan for Kerala . അതിൽ കൃത്യമായി എഴുതി വച്ചിട്ടുണ്ട്. All major schemes under the Tenth Plan will be subjected to a rigorous and critical analysis in the coming days. This should help in assessing whether several ongoing schemes can be justified in terms of priority, expected impact and life time cost. Given the under-funding towards maintenance spending and rundown of capital assets we would conduct a mid-term review of the Xth Plan to work out an affordable Plan size....... അപ്പോൾ ഈ പ്രഖ്യാപിച്ചിരിക്കുന്ന വാർഷിക ബഡ്ജറ്റിൽ എത്ര ശതമാനമാണ് കട്ട് ചെയ്യാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒന്നു പറയുമോ? ഇത്തവണത്തെപ്പോലെ 1/3 ആണോ? അങ്ങനെ കട്ട് ചെയ്തു കഴിയുമ്പോൾ ബാക്കി എത്ര സ്കീമുകൾ നിലനിൽക്കുമെന്ന് അങ്ങ് ഒന്ന് വിശദീകരിച്ചാൽ നന്നായിരിക്കും. യഥാർത്ഥത്തിൽ എന്താണ് നടക്കുന്നത്? കഴിഞ്ഞ മൂന്നു വർഷമായിട്ട് പദ്ധതി ചെലവ് എന്താണ്? ഇപ്പോൾ നടപ്പുവർഷത്തിൽ 4425 കോടി രൂപയുടെ പദ്ധതി നിയമസഭ അംഗീകരിച്ചു. നടപ്പാകുമെന്ന് പ്രതീക്ഷിച്ചിരുന്നത് 3529 കോടി രൂപ. എ.ഡി.ബി.-യിൽ നിന്നും കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്ന 600 കോടി രൂപ കിട്ടിയില്ലെങ്കിൽ പദ്ധതിയുടെ സ്ഥിതി എന്തായിരിക്കും? ഇവിടെ നിയമസഭ 3750 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചു. ഡൽഹിയിൽ പോയി പ്ലാനിംഗ് കമ്മീഷനുമായി ചർച്ച ചെയ്തു. 4,026 കോടി രൂപയായിട്ട് അത് കൂട്ടി. എന്നിട്ട് സി.എ.ജി. തന്നെ പറയുന്നത് 3,732 കോടി രൂപയെന്നാണ്. അതിൽ പഞ്ചായത്ത് തിരിച്ചുപിടിച്ച 600 കോടി രൂപ ഇപ്പോഴും എക്സ്പെന്റിച്ചറായിട്ട് വരുകയാണ്. Liability-യിൽ മാറ്റം വരുത്തി ഉൾക്കൊള്ളിച്ചിരിക്കുകയല്ലേ, ഈ 600 കോടി രൂപ കിഴിച്ചു കഴിഞ്ഞാൽ 2-ാം വർഷം എത്രയാണ് പ്ലാൻ? ഇപ്പോൾ നിരന്തരമായിട്ട് പദ്ധതി വെട്ടിക്കുറയ്ക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണ കാലത്തെ ഓരോ വർഷത്തേയും കണക്ക് ഞാൻ സമയക്കുറവുകൊണ്ട് വായിക്കുന്നില്ല. ആ അഞ്ചു വർഷത്തേക്ക് ഈ നിയമസഭ അംഗീകരിച്ച പ്ലാൻ 14,893 കോടി രൂപ. നടപ്പാക്കിയത് 15,714 കോടി രൂപ. 2000-2001-ൽ മാത്രമാണ് അംഗീകൃത പ്ലാനിനേക്കാൾ കുറച്ച് ചെലവ് വന്നിട്ടുള്ളത്. അപ്പോൾ പ്രസക്തമായ ഒരു ചോദ്യം ഉണ്ട്. എങ്കിൽ പിന്നെ എങ്ങനെയാണ് 6.1% സാമ്പത്തിക വളർച്ച നേടിയത് എന്നുള്ളത് പ്രസക്തമായ ഒരു ചോദ്യമാണ്. അതാണ് നിരന്തരമായി ചോദിച്ചുകൊണ്ടിരിക്കുന്ന ചോദ്യം. അതിനുള്ള മറുപടി, 2002-2003-ൽ മാത്രമല്ല 6.1 % വളർച്ച എന്നുള്ളതാണ്.

മി. സ്പീക്കർ: ഞാൻ അങ്ങേക്ക് 5 മിനിട്ട് കൂടി തരാമെന്ന് പറഞ്ഞത് കൂടി ഉൾപ്പെടുത്തിയിട്ട് ഇനി രണ്ട് മിനിട്ട് സംസാരിക്കാം.

ഡോ. തോമസ് ഐസക്: എനിക്ക് രണ്ട് മിനിട്ടുകൊണ്ട് സംസാരിക്കാൻ താല്പര്യമില്ല.

മി. സ്പീക്കർ: നിങ്ങൾ ബഹളമൊന്നും ഉണ്ടാക്കിയിട്ട് കാര്യമില്ല. ഡോക്ടർ എന്നോട് നേരത്തേ പറഞ്ഞു എനിക്ക് 5 മിനിട്ട് കൂടുതൽ തരണമെന്ന് ഞാൻ ഡോക്ടറോട് പറഞ്ഞു അങ്ങേക്ക് അഞ്ചു മിനിട്ട് തരുന്നതാണെന്ന്. അതനുസരിച്ച് ആ അഞ്ചു മിനിട്ടു കൂടി കൂട്ടിയിട്ട് തീരാൻ രണ്ട് മിനിട്ട് ഉണ്ടെന്നാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

............................(ബഹളം)............................

മി. സ്പീക്കർ : നിങ്ങൾ എത്ര ബഹളം ഉണ്ടാക്കിയാലും ഒരു പ്രയോജനവുമില്ല.

ഓർഡർ.................. ഓർഡർ..............No... No... Please resume your seat.... Yes.....Minister, No...No... This is not fair. Yes Minister you continue..........Yes....Yes... വളരെ graceful ആയിട്ട് ചെയർ പെരുമാറിയാലും നിങ്ങൾ ഈ രീതിയിൽ പെരുമാറുന്നത് വളരെ വേദനാജനകമാണ്. വളരെ കർശനമായിട്ട് ഞാൻ ഇവിടെ സമയം നിയന്ത്രിച്ചുകൊണ്ടിരുന്നിട്ടും ഡോ. തോമസ് ഐസക്കിന് സംസാരിക്കാൻ സമയം തരണമെന്ന് അദ്ദേഹം എന്നോട് പറഞ്ഞപ്പോൾ ഞാൻ വളരെ gracefulആയിട്ട് അദ്ദേഹത്തോട് പറഞ്ഞു 5 മിനിട്ടു കൂടി തരാമെന്ന് ആ സമയം കൂടി കൂട്ടിയിട്ടാണ് ഇപ്പോൾ 2 മിനിട്ട് എന്ന് പറഞ്ഞത്. അതിന് നിങ്ങൾ ബഹളമുണ്ടാക്കിയാൽ you won't appreciate any graceful decision from the Chair. പൊളിറ്റിക്സ് കൊണ്ട് മാത്രം നിങ്ങൾക്ക് അന്ധത ബാധിച്ചിരിക്കുന്നു. കണ്ണ് കാണാൻ വയ്യാതാകുന്നു.

............................(ബഹളം)............................

(ഡോ. തോമസ് ഐസക്കിന് സംസാരിക്കാൻ കൂടുതൽ സമയം അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാന്യരായ മെമ്പർമാർ സംസാരിച്ചപ്പോൾ കഠിനമായ വരൾച്ചയെ സംബന്ധിച്ച് പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വരൾച്ച പരിഹരിക്കുന്നതിന് ആവശ്യമായ അസിസ്റ്റൻസ് വേണമെന്ന് പലതവണ പറഞ്ഞു. കേരള സംസ്ഥാനത്ത് ഈ വർഷം കഠിനമായ വരൾച്ചയാണ് നമുക്ക് അനുഭവപ്പെടുന്നത്. ഈ വർഷം നമുക്ക് 1359 കോടി രൂപയുടെ വരൾച്ചയുടെ കെടുതി ഉണ്ടായിട്ടുള്ളതായിട്ടാണ് കണക്കാക്കപ്പെടുന്നത്. വരൾച്ചയുടെ കെടുതിക്കുവേണ്ടി 1359 കോടി രൂപയുടെ കേന്ദ്രസഹായത്തിനു നമ്മൾ അപേക്ഷിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിൽ നിന്ന് യാതൊരു സഹായവും ഉണ്ടായിട്ടില്ലായെങ്കിൽപോലും സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിയിൽ ഒതുങ്ങി നിന്നുകൊണ്ട് ഈ വരൾച്ചാക്കെടുതികളെ സംബന്ധിച്ചിടത്തോളം അവ പരിഹരിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അതിനാവശ്യമായ ധനസഹായം നൽകിക്കൊണ്ടിരിക്കുകയുമാണ്. ഒരു കാര്യം ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നത്, ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി സബ്മിഷൻ സമയത്ത് ഒരു ചെറിയ സൂചനയേ നൽകിയുള്ളൂ. വരൾച്ച സംബന്ധിച്ച് ഒരാശങ്കയും മെമ്പർമാർക്ക് ആവശ്യമില്ല. ഏതു പ്രദേശത്ത് കുടിവെള്ളം ആവശ്യമാണെന്ന് ശ്രദ്ധയിൽപ്പെടുത്തിയാലും ആ പ്രദേശങ്ങളിൽ മുഴുവൻ എത്രരൂപ മുടക്കിയായാലും ടാങ്കറുകളിൽ വെള്ളം എത്തിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. അതിനുള്ള നിർദ്ദേശം കളക്ടർമാർക്ക് കൊടുത്തിട്ടുണ്ട്. എവിടെയെങ്കിലും പൈപ്പ്ലൈൻ എക്സ്റ്റൻഷൻ ചെറിയ തോതിൽ വേണമെങ്കിലും തരും. എവിടെയെങ്കിലും അണ്ടർഗ്രൗണ്ട് ടാങ്കുകൾ നിർമ്മിക്കണമെങ്കിലും Surface ടാങ്കുകൾ നിർമ്മിച്ച് വെള്ളം ശേഖരിക്കണമെങ്കിലും തീർച്ചയായിട്ടും ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്. കളക്ടർമാർക്ക് അതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെട്ടത് നമുക്കെല്ലാവർക്കും അറിയാം, ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ നേതൃത്വത്തിൽ ക്യാബിനറ്റ്



LIBRARY ARCHIVES Kerala Legislative Assembly

സബ്കമ്മിറ്റി പാലക്കാട് ജില്ലയിൽ പോകുകയും അവിടെയുള്ള മെമ്പർമാരുമായും കർഷക പ്രതിനിധികളുമായും വരൾച്ചാ രംഗത്ത് എടുക്കേണ്ട നടപടികളെപ്പറ്റി ആലോചിക്കുകയും പ്രാഥമികമായ എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 214 കോടി രൂപയുടെ നഷ്ടമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വയനാട് ജില്ലയിൽ 132 കോടി രൂപയുടെ നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഞങ്ങൾ പാലക്കാട് ജില്ലയിൽ ചർച്ചചെയ്ത സന്ദർഭത്തിൽ തന്നെ on the Table ആറേകാൽ കോടി രൂപ അവിടെവച്ച് പ്രഖ്യാപിക്കുകയുണ്ടായി. വയനാട് ജില്ലയെ സംബന്ധിച്ച് ഒരു സ്പെഷ്യൽ ഡിസ്കഷൻ ഈ 31-ാം തീയതി വച്ചിരിക്കുകയാണ്. ജില്ലാ കളക്ടറുടെ കോൺഫറൻസ് 30-ാം തീയതിയുണ്ട്. അവിടെവച്ച് ഒരു പൊതുവായിട്ടുള്ള ചർച്ചയുണ്ട്. ഞാൻ കഴിഞ്ഞ 13-ാം തീയതി ജില്ലാ കളക്ടർമാരുടെ ഒരു യോഗം വിളിച്ചു, അവിടെ വരൾച്ചയെപ്പറ്റി സ്പെഷ്യലായിട്ടുള്ള ഒരു ഡിസ്കഷൻ നടന്നു. ഇനി 30-ാം തീയതി കൂടുന്ന ജനറൽ ചർച്ചയ്ക്ക് കളക്ടർമാരെ മുഖ്യമന്ത്രി വീണ്ടും വിളിച്ചിരിക്കുന്നു അവിടെയും ഒരു പ്രധാനപ്പെട്ട അജണ്ടയായി ഞങ്ങൾ ഇത് ചർച്ചചെയ്യും. 31-ാം തീയതി വീണ്ടും വയനാട് ജില്ലയെ സംബന്ധിച്ച് പ്രത്യേകമായ ചർച്ചയുണ്ട്. വയനാട് ജില്ലയ്ക്ക് നഷ്ടം എത്രയുണ്ടോ ആ നഷ്ടം നികത്തിക്കൊടുക്കുവാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. സർക്കാർ അതിന് തയ്യാറാണ്, അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും, അതിനാവശ്യമായ തുക മാറ്റിവയ്ക്കും. ബഹുമാനപ്പെട്ട ചാഴികാടൻ ഇവിടെ സംസാരിച്ചപ്പോൾ കോട്ടയം ജില്ലയിൽ ഉണ്ടായ കൃഷിനാശം പ്രത്യേകിച്ച് ഓരുവെള്ളത്തെ സംബന്ധിച്ച് പറഞ്ഞു. ഓരുവെള്ളമല്ല, അല്ലാതെ തന്നെ വരൾച്ചകൊണ്ട് ഉണ്ടായിരിക്കുന്ന കൃഷിനാശം 12 കോടി രൂപയുണ്ട് എന്ന് ജില്ലാകളക്ടർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയെ സംബന്ധിച്ചും ഉണ്ടായിരിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം കൃഷിക്കാർക്ക് എത്തിക്കും എന്ന് ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഞാൻ ഉറപ്പുനൽകുകയാണ്. ഞാൻ ഏതാനും ജില്ലകൾ മാത്രം സൂചിപ്പിച്ചു എന്നേയുള്ളൂ, ഇതനുസരിച്ച് ഏത് ജില്ലയിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന കൃഷിനാശത്തെ സംബന്ധിച്ചിടത്തോളം അതുപോലെ തന്നെ മറ്റു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കകത്തു നിന്നുകൊണ്ട് അതിനുള്ള പരിഹാരം ഉണ്ടാക്കും എന്ന് സഭയ്ക്ക് ഉറപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ Calamity Relief Fund, എന്നുപറയുന്നത് ഒരു വർഷം 77 കോടി രൂപയാണ്, 59 കോടി രൂപ എല്ലാ വർഷവും ധനകാര്യ കമ്മീഷന്റെ അവാർഡ് അനുസരിച്ച് നമ്മുടെ സറ്റേറ്റിന് കിട്ടും. അതിൽ 18 കോടി രൂപ നമ്മുടെ സ്റ്റേറ്റിന്റെ കോൺട്രിബ്യൂഷൻ ഉണ്ട്. ഇത് രണ്ടുംകൂടി കൂട്ടിയതാണ് 77 കോടി രൂപയുടെ Calamity Relief Fund. അത് റിവോൾവിംഗ് ഫണ്ടാണ്. അപ്പോൾ ഈയടുത്ത ദിവസം എങ്ങനെയോ നിർഭാഗ്യവശാൽ ചോദ്യത്തിന് വന്ന ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ പത്രങ്ങളിലെല്ലാം വന്നു 12 കോടി രൂപ സംസ്ഥാന ഗവൺമെന്റ് 2001-2002 വർഷങ്ങളിൽ ലാപ്സാക്കി എന്ന്. അത് തെറ്റാണ്. ഞാൻ വീണ്ടും ഈ സഭയിൽ ക്ലാരിഫൈ ചെയ്യുകയാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചിട്ടുള്ള ഒരു തുകയും ലാപ്സായിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഒരു തുകയും ലാപ്സായിട്ടില്ല. നേരെമറിച്ച് ഇവിടെ ചെയ്തിരിക്കുന്ന നല്ല ആരോഗ്യകരമായ ഒരു കീഴ്വഴക്കമുണ്ട്. ഞാൻ എല്ലാവർഷവും ചെയ്യുന്നത് Calamity Relief Fund-ൽ നിന്നുള്ള തുക ആദ്യമേ അഡ്വാൻസായിട്ട് കളക്ടർമാർക്ക് കൊടുക്കും. ഒരു വലിയ തുക അങ്ങ് കൊടുക്കുകയാണ്. ഇന്ന് ഞാൻ പറഞ്ഞു പത്തനംതിട്ട കളക്ടർക്ക് ഏഴര കോടി രൂപ കൊടുത്തിട്ടുണ്ട് എന്ന്. ആദ്യമായി അഡ്വാൻസ് തുക കളക്ടർമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കും. പക്ഷേ വർഷാവസാനം അവർ നോക്കുമ്പോൾ ചില ജില്ലകളിൽ ചിലപ്പോൾ അൽപ്പം രൂപ മിച്ചം വന്നു എന്നുവരാം. ആ മിച്ചം വരുന്നത് വർഷാവസാനം സറണ്ടർ ചെയ്യും. എങ്ങോട്ടാ സറണ്ടർ ചെയ്യുന്നത്, ലാപ്സാകുകയല്ല, ആ തുക റിവോൾവിംഗ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുകയാണ്. അല്ലാതെ ആവശ്യമില്ലാതെ നമുക്ക് ചെലവഴിക്കാൻ പറ്റില്ലല്ലോ. ഓരോ ജില്ലയിലും ചിലപ്പോൾ ടെക്നിക്കലായിട്ടുള്ള റീസൺ കൊണ്ട് ചില പദ്ധതികൾ നടന്നു എന്നുവരില്ല. ചിലപ്പോൾ നോംസ് അനുസരിച്ച് അത് കൊടുക്കാൻ പറ്റി എന്നുവരില്ല. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച് ചെലവഴിക്കാൻ പറ്റാതെ വരും. അങ്ങനെയുള്ള സാങ്കേതികമായ ചില കാരണങ്ങളാൽ ചിലപ്പോൾ ഒരു ജില്ലയിൽ കുറച്ച് രൂപ മിച്ചം വന്നു എന്നുവരാം. അങ്ങനെ ചെലവഴിക്കാതെ മിച്ചംവരുന്ന തുക വർഷാവസാനം വീണ്ടും വീണ്ടും സി.ആർ.എഫ്.-ലേക്ക് തിരിച്ചടയ്ക്കുകയാണ്. പിറ്റേ വർഷം സി.ആർ.എഫ്.-ൽ ഇങ്ങനെ വീണ്ടും കൊടുക്കും. അപ്പോൾ വീണ്ടും അങ്ങോട്ട് തുക കൊടുക്കും. ചെലവഴിക്കാതെ മിച്ചംവരുന്ന തുക ഇങ്ങോട്ട് തിരിച്ചടയ്ക്കും. ഇത് റിവോൾവിംഗ് ഫണ്ടാണ്. അങ്ങനെ 2001-2002, 2002-2003 വർഷങ്ങളിൽ പതിനാല് ജില്ലകളിലായി കണക്കാക്കുമ്പോൾ 12 കോടി രൂപ വർഷാവസാനം മിച്ചം ഉണ്ടായിരുന്നത് സാങ്കേതികമായ കാരണങ്ങളാൽ ചെലവഴിക്കാൻ കഴിഞ്ഞില്ല. മിച്ചമുണ്ടായിരുന്ന ആ തുക തിരിച്ച് റിവോൾവിംഗ് ഫണ്ടിലേക്ക് സറണ്ടർ ചെയ്തതാണ്, ലാപ്സായ തുക എന്നുപറഞ്ഞ് പത്രങ്ങളിൽ കണ്ടത്. കുരുടൻ ആനയെ കണ്ടതുപോലെയാണ്. ഇങ്ങനെയങ്ങ് വ്യാഖ്യാനിച്ചുപോയാൽ എങ്ങനെയാ? ഒറ്റ പൈസ ലാപ്സായി പോയിട്ടില്ല. റിവോൾവിംഗ് ഫണ്ടിൽ ഈ തുകയുണ്ട്. അതുകൊണ്ടാണ് ധൈര്യമായി ഞാൻ ഈ നിയമസഭയിൽ പറയുന്നത് എവിടെ കുടിവെള്ളം വേണം, അവിടെ കുടിവെള്ളം എത്തിക്കാം. അതുകൊണ്ട് ഒറ്റക്കാര്യം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കുടിവെള്ളം ഇല്ലാതെ ഒരൊറ്റ കുടുംബവും വലയുവാൻ പാടില്ല, അതിനുവേണ്ടി എന്തു നടപടിയും സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാണ്. അതുകൊണ്ട് വീണ്ടും പറയുന്നു ഒറ്റ തുക പോലും, ഒരു പൈസപോലും ലാപ്സായിട്ടില്ല. നമ്മുടെ റിവോൾവിംഗ് ഫണ്ടിലേക്ക് ഇതൊരു അഡ്ജസ്റ്റ്മെന്റ് മാത്രമാണ്. ഇതൊരു അക്കൗണ്ടിംഗ് മാത്രമാണ്. വർഷാവസാനം പത്തുലക്ഷം രൂപ ഒരു ബില്ലിൽ മിച്ചമുണ്ടെങ്കിൽ ഇത് റിവോൾവിംഗ് ഫണ്ടിലേക്ക് വരവു വയ്ക്കും, തിരിച്ച് വീണ്ടും ഏപ്രിൽ മാസം ആദ്യത്തെ ആഴ്ചയിൽ തിരിച്ചുകൊടുക്കും. ഈ പ്രക്രിയയാണ് നടന്നുകൊണ്ടിരിക്കുന്നത്. കേന്ദ്രം assistance ഒന്നും തന്നിട്ടില്ല. സ്വാഭാവികമായി പത്താം ധനകാര്യ കമ്മീഷനിലെ റെക്കമെന്റേഷൻസ് അനുസരിച്ച് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കൊടുക്കുന്ന National Calamity Relief Fund-ൽ നിന്നും State Calamity Relief Fund-ലേക്ക് കൊടുക്കുന്ന തുക നമുക്ക് വന്നിട്ടുണ്ട് എന്നല്ലാതെ കേന്ദ്രം ഒരു തുകപോലും ഒരൊറ്റ പൈസപോലും കേന്ദ്രത്തിന്റെ അസിസ്റ്റൻസ് ഉണ്ടായിട്ടില്ല. അങ്ങനെയിരിക്കെ കേന്ദ്രം തന്ന തുക ലാപ്സാക്കി എന്നുപറഞ്ഞാൽ, കേന്ദ്രം തന്നതും ലാപ്സായില്ല, സംസ്ഥാനത്തിന്റെയും ലാപ്സായില്ല. ഒരു തുകയും ലാപ്സായില്ല എന്ന് ഞാൻ അറിയിക്കട്ടെ. ഇത് വലിയ ദുഃഖകരമായ ഒരു കാര്യമാണ്. സംസ്ഥാനത്തെ ആളുകൾ വിചാരിക്കും ഈ തുക മുഴുവൻ ലാപ്സാക്കി കളഞ്ഞല്ലോ, പാഴാക്കി കളഞ്ഞല്ലോ എന്ന്. അതുകൊണ്ട് ഞാൻ സഭയെ സത്യാവസ്ഥ അറിയിച്ചു എന്നുമാത്രമേയുള്ളൂ. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് വരൾച്ച ദുരിതാശ്വാസ രംഗത്ത് ആശ്വാസം നൽകുന്നതിന് മുഖ്യ പരിഗണന നൽകിയിട്ടുണ്ട്, ആ പരിഗണന ഇനിയും ഉണ്ടാകും എന്ന് ഞാൻ ഉറപ്പ് പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: അങ്ങ് ഇവിടെ ലോറിയിൽ വെള്ളം കൊടുക്കും, അണ്ടർ ഗ്രൗണ്ട് ടാങ്ക് പണിയാൻ പണം കൊടുക്കുമെന്നൊക്കെ പറഞ്ഞു, ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം കേടായിക്കിടക്കുന്ന മോട്ടോറിന് പകരം വയ്ക്കാനോ നന്നാക്കാനോ പണം ഇല്ലെന്നുള്ളതാണ്. കേടായി കിടക്കുന്ന മോട്ടോറിന് പണമനുവദിക്കാൻ ഒരു നടപടിയുണ്ടാകണം.

ശ്രീ. കെ. എം. മാണി: കേടായ പൈപ്പിന്റെ ലിസ്റ്റ് പി. ടി. തോമസ് കളക്ടർക്ക് കൊടുക്കാമെങ്കിൽ, മുഴുവൻ പൈപ്പും നന്നാക്കാൻ എത്ര രൂപ വേണമോ അത് തരാം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കുടിവെള്ളം ലോറികളിൽ എവിടേയും എത്തിച്ചുകൊടുക്കുമെന്ന് പറയുകയുണ്ടായി. ഇടുക്കിയിൽ ഒരു സ്ഥലത്തും കുടിവെള്ളം എത്തിച്ചുകൊടുക്കാൻ സാദ്ധ്യമല്ല, ലോറികളിൽ വെള്ളം എത്തിച്ചുകൊടുക്കുകയെന്നുള്ളത് അപ്രായോഗികമാണ്. കുഴൽക്കിണർ കുഴിക്കുകയെന്നുള്ളതും അപ്രായോഗികമാണ്. അതുകൊണ്ട് ഇടുക്കിയിൽ ജനങ്ങൾക്ക് വെള്ളം കൊടുക്കുന്നതിന് കുഴൽക്കിണർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും ക്രമീകരണം ആ ജില്ലയുടെ ഘടനയനുസരിച്ച് ചെയ്യുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം.

ശ്രീ. കെ. എം. മാണി: സർ, ലോറികളിൽ വെള്ളം കൊടുക്കുമെന്നു പറഞ്ഞാൽ ലോറി പോകാവുന്ന സ്ഥലങ്ങളിൽ വെള്ളം കൊടുക്കുമെന്നാണ്. ഇപ്പോൾ ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞ ഒരു പ്രത്യേകത, എക്സ്ട്രാ ഓർഡിനറി സിറ്റ്വേഷനാണ്. ആ സിറ്റ്വേഷന്റെ അടിസ്ഥാനത്തിൽ അവിടെ പുതിയ കുളം നിർമ്മിക്കണമെങ്കിൽ പ്രത്യേകമായ സ്പെഷ്യൽ അസിസ്റ്റൻസ് നൽകാൻ തയ്യാറാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ): സർ, ഈ പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ച് ഗവൺമെന്റ് അത് അവഗണിക്കുകയാണ്, യാതൊന്നും ചെയ്തിട്ടില്ല, ചെയ്യുന്നതിനുള്ള നടപടിയെടുത്തില്ല, ബഡ്ജറ്റിൽ കൊടുത്തിട്ടുള്ള പ്രൊവിഷൻ ചെലവഴിക്കുന്നുമില്ല എന്നാണ് ഡെപ്യൂട്ടി സ്പീക്കറും പ്രതിപക്ഷവും പറഞ്ഞത്. കയർ വ്യവസായത്തെ സംബന്ധിച്ചാണ് പ്രധാനമായിട്ടും ശ്രീ. തോമസ് ഐസക്ക് ഇവിടെ സംസാരിച്ചത്. കയർ വ്യവസായത്തിൽ കഴിഞ്ഞ കൊല്ലം ഉൾക്കൊള്ളിച്ചിരുന്ന പണം സ്റ്റേറ്റ് പ്ലാൻ 12 കോടി രൂപ, സെൻട്രൽ പ്ലാൻ 3½ കോടി രൂപ മൊത്തം പതിനഞ്ചര കോടി രൂപയായിരുന്നു. എക്സ്പെൻഡിച്ചർ—കഴിഞ്ഞ പ്രാവശ്യം ഒരു പൈസയും ചെലവായിട്ടില്ല എന്നു പറഞ്ഞത് ശരിയല്ല. കൂടുതൽ എക്സ്പെൻഡിച്ചറാണ് ഉണ്ടായത്. അതുകൊണ്ട് ഈ വ്യവസായത്തെ ഗവൺമെന്റ് അവഗണിക്കുകയാണ്, ബാക്കിയുള്ള വ്യവസായത്തിനുള്ള പ്രാധാന്യം കയർ വ്യവസായത്തിൽ കൊടുക്കുന്നില്ല എന്നുള്ള നിലയിൽ പറയുന്നത് ശരിയല്ല. മൂന്നു കൊല്ലത്തെ ബഡ്ജറ്റ് എമൗണ്ട് ഞാൻ പറയാം. ആദ്യത്തെ കൊല്ലം 2002-2003-ൽ State Plan ഷെയർ 10 കോടി രൂപ സെൻട്രൽ അസിസ്റ്റൻസ് രണ്ടു കോടി രൂപ. ഇതിനുപുറമെ ഒരു സ്പെഷ്യൽ അസിസ്റ്റൻസായി 2002-2003-ൽ സെൻട്രൽ ഗവൺമെന്റിൽ നിന്ന് അഞ്ചു കോടി രൂപ മുഖ്യമന്ത്രി ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ കിട്ടി, അതുൾപ്പെടെ 17 കോടി രൂപയായിരുന്നു. കഴിഞ്ഞ 2003-2004-ൽ സ്റ്റേറ്റ് പ്ലാൻ തുക പന്ത്രണ്ട് കോടി പത്തു ലക്ഷം രൂപ, സെൻട്രൽ അസിസ്റ്റൻസ് മൂന്നു കോടി അങ്ങനെ മൊത്തം 15 കോടി 10 ലക്ഷം ആണ്. അതാണ് ഞാൻ പറഞ്ഞത്, കഴിഞ്ഞ പ്രാവശ്യം പത്ത് കോടി രൂപ കയ്യിലുണ്ടായിരുന്നപ്പോൾ പതിനേഴ്

LIBRARY ARCHIVES Kerala Legislative Assembly

കോടി ചെലവാക്കി. ഇതിനുപുറമേ പണം കുറഞ്ഞുപോയി കുറഞ്ഞുപോയി എന്നുപറഞ്ഞ് സ്റ്റേറ്റ് പ്ലാനിന് പുറമേ ലോക്കലായിട്ട് പണം ചെലവാക്കുന്നുണ്ട്. ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പണത്തിൽ പഴയകാലത്ത് ഉണ്ടായിരുന്ന തുക ലോക്കൽ പ്ലാൻ അസിസ്റ്റൻസിലെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ജില്ലാ കൗൺസിലുകളിലേക്കുമായി പോകുന്നതായിട്ടുള്ള പണം ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതുകൊണ്ടാണ് പണം കുറവായിട്ടു വരുന്നത്. ഈ കൊല്ലത്തെ പണം സ്റ്റേറ്റ് പ്ലാൻ ഷെയർ 16 കോടി രൂപ, സെൻട്രൽ 50 പേർസെന്റ് അസിസ്റ്റൻസ് 3 കോടി, 100 പെർസെന്റ് അസിസ്റ്റൻസ് 555 ലക്ഷം. മൊത്തം 24.55 ലക്ഷമാണ്. ഇതിനുംപുറമെ special package-ൽ കിട്ടിയ പണം 16 കോടി രൂപ Rebate കുടിശ്ശിക തീർത്തു. 8 കോടി രൂപ special ആയി distress purchase-ന് നീക്കിവച്ചു. ഇതിനുപുറമേ ലോക്കൽ പ്ലാൻ അസിസ്റ്റൻസ് വേറെ വിധത്തിൽ പോകുന്നുണ്ട്. ഇതാണ് ബഡ്ജറ്റ്. ഈ വ്യവസായത്തിന്റെ പ്രാധാന്യവും ഈ വ്യവസായം കൊണ്ട് ജീവിക്കുന്ന തൊഴിലാളികളുടെ എണ്ണം വച്ചു നോക്കുമ്പോൾ പണം അപര്യാപ്തമാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കയർ വ്യവസായത്തിലുള്ള പ്രധാനമായ പ്രശ്നം ചകിരിയുടെ ദൗർലഭ്യമാണ്. ചകിരിയില്ല. ഇത് ഒരു ദിവസമോ, രണ്ടു ദിവസമോ. 3 കെല്ലമോ കൊണ്ട് സംഭവിച്ച കാര്യമല്ല. ശ്രീ. തോമസ് ഐസക്ക് അന്ന് communist പാർട്ടിയിൽ ഉണ്ടോയെന്ന് അറിഞ്ഞുകൂടാ. ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അംഗമായിരുന്ന കാലത്താണ്, സർ ഒരു കാലത്ത് സ്ത്രീകൾ തൊണ്ട് തല്ലുമായിരുന്നു. കൈകൊണ്ട് തല്ലുമായിരുന്നു. കാലാന്തരത്തിൽ അതിന് മാറ്റം വന്നു. മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ചകിരി തല്ലാതായി. മെഷിനറികളായി, മെഷിനറിക്ക് എതിരായിട്ടുള്ള communist party-കളും തൊഴിലാളി union-കളും സമരം നടത്തിയതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ നാട്ടിൽനിന്ന് തൊണ്ട് തല്ലലും, ചകിരിയുണ്ടാക്കലും തമിഴ്നാടിന്റെ ബോർഡറിലേക്കുപോയി. നമ്മൾ ദീർഘകാലമായി ഒരു പത്തുപതിനഞ്ച് കൊല്ലമായിട്ട് ചകിരി കൊണ്ടുവരാൻ ആശ്രയിക്കുന്നത് തമിഴ്നാട്ടിനെയാണ്. തമിഴ്നാട്ടിൽ നിന്നാണ് ചകിരി വന്നുകൊണ്ടിരിക്കുന്നത്. തമിഴ്നാട്ടിൽ കയർ porduction വ്യവസായം പുരോഗമിക്കാതിരുന്ന അവസരത്തിൽ മുഴുവൻ ചകിരിയും നമുക്കു കിട്ടുമായിരുന്നു. അവിടെ തടുക്ക് ഫാക്ടറിയുണ്ട്, കയർ matting ഫാക്ടറിയുണ്ട്. ഇവിടത്തെപ്പോലെ വലിയ ഫാക്ടറികൾ വന്നുതുടങ്ങിയിരിക്കുന്നു. അതുകൊണ്ട് ചകിരി കിട്ടാൻ കുറച്ചു പ്രയാസം നേരിടുന്നു. അതിനുംപുറമെ ആ സംസ്ഥാനത്ത് വരൾച്ചയുണ്ട്, വരൾച്ചമൂലം ഒരുപാട് തെങ്ങിന്റെ മണ്ടയറ്റുപോയി. തേങ്ങ കുറഞ്ഞു. Mite രോഗം വന്നു. തേങ്ങ കുറഞ്ഞു, ചകിരി കുറഞ്ഞു, ആ ചകിരി കുറഞ്ഞ കാലത്ത് ഇവിടുത്തെ തൊഴിലാളികളെ രക്ഷിക്കാൻ നമ്മൾ ഒന്നും നോക്കിയില്ല. ഈ ഗവൺമെന്റ് (സംസ്ഥാന ഗവൺമെന്റ്) ലക്ഷദ്വീപിൽനിന്ന് തൊണ്ടിന് ഒരു കിലോയ്ക്ക് ഒരു രൂപ ഇരുപത് പൈസാ വച്ച് നൂറ് ടൺ തൊണ്ട് ഇറക്കുമതി ചെയ്യുന്നതിനുവേണ്ടി അനുവാദം കൊടുത്തു. ജനുവരി 20 മുതൽ ഇവിടെ തൊണ്ട് ഇറക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അഡ്വാൻസ്ഡ് ലൈസൻസ് വച്ച് ചകിരി ശ്രീലങ്കയിൽ നിന്ന് വാങ്ങുന്നതിനുള്ള അനുവാദത്തിനുവേണ്ടി കേന്ദ്രത്തിന് എഴുതി. ശ്രീലങ്കാ ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും തമ്മിലുള്ള എഗ്രിമെന്റിൽ ചകിരിയും തൊണ്ടും കയറും ഒന്നും ഉൾപ്പെടുത്തിയില്ല. അതുകൊണ്ട് അത് ഇറക്കുമതി ചെയ്യാൻ അനുവാദം തരാൻ പറ്റില്ലായെന്നു പറഞ്ഞ് കേന്ദ്രഗവൺമെന്റ് നമ്മുടെ അപേക്ഷ തള്ളി. സർ, ഞങ്ങളിപ്പോൾ കയർഫെഡിനോടും കയർ കോർപ്പറേഷനോടും import for re-export എന്നുള്ള വിധത്തിലുള്ള നടപടികൾ വച്ച് ശ്രീലങ്കയിൽ നിന്ന് ചകിരി ഇറക്കുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആവശ്യമുള്ള ചകിരി ഇവിടെ വരത്തക്ക വിധത്തിലുള്ള നടപടികളും, ഇതിനുപുറമെ ഈ ഗവൺമെന്റ് ചകിരി വാങ്ങുന്നതിനുവേണ്ടി കർണ്ണാടകാ ഗവൺമെന്റുമായിട്ട് എഗ്രിമെന്റായി, കർണ്ണാടക ഗവൺമെന്റ് നമ്മൾ സാധാരണ പിരിക്കുന്ന ചകിരി 12 രൂപയ്ക്കും ബ്രൗൺ ഫൈബറിന് 9 രൂപയ്ക്കും എഗ്രിമെന്റായി. അഞ്ച് ലോഡ് വന്നുകഴിഞ്ഞു. എത്ര വേണമെങ്കിലും അവർ തരാമെന്നു പറഞ്ഞു. പണത്തിന് വളരെ ബുദ്ധിമുട്ടുണ്ടാകും, ഇല്ലായെന്നുള്ളതല്ല, എനിക്ക് തോന്നുന്നത് ചില വസ്തുതകൾ ഞാൻ പറയുമെന്ന് വിചാരിച്ചാണ് അദ്ദേഹം ഇറങ്ങിപ്പോയത്. ഈ ഗവൺമെന്റ് വന്ന അന്നുമുതൽ തുടങ്ങിയതാണ് ഈ സമരം. ചെറുകിടക്കാർ കൊടുത്ത വില കുറവായി രുന്നു. അതുകൊണ്ട് 3 ശതമാനം വില കൂട്ടിക്കൊടുത്തു. ഡിപ്പാർട്ട്മെന്റ് വാങ്ങിച്ചു കൊടുക്കണമെന്നുവരെ പറഞ്ഞു. ഈ ഡിപ്പാർട്ടുമെന്റ് എല്ലാ മുതലാളിമാരേയും കണ്ടു, സർ, അതു ഞാൻ നിഷേധിച്ചു, ഡിപ്പാർട്ടുമെന്റിന് പറ്റുകയില്ല. ലേബർ ഡിപ്പാർട്ടുമെന്റിനോട് ആലോചിക്കാൻ പറഞ്ഞു. അതുപോലെ തന്നെ ഡിപ്പോ സമ്പ്രദായം നിർത്തണം എന്ന സമരത്തിൽ ശ്രീ. ബാബു ദിവാകരനും ഞാനും കൂടി, conference വിളിച്ചും ഞങ്ങൾ ചർച്ച ചെയ്ത്, ഡിപ്പോ സമ്പ്രദായം നിറുത്തുന്നതിനുവേണ്ടിയുള്ള നടപടികളെടുത്തു. പക്ഷേ പ്രൈവറ്റ് പാർട്ടി ഡിപ്പോ നിർത്തിയപ്പോൾ ശ്രീ. തോമസ് ഐസക്കിന്റെ പാർട്ടി തന്നെ ഇപ്പോൾ ഡിപ്പോ നടത്തുന്നു. കുറഞ്ഞ വിലയ്ക്ക് വാങ്ങാൻ ഒരു കമ്മിറ്റി രൂപീകരിച്ചു. ശ്രീ. തോമസ് ഐസക്കായിരുന്നു അതിന്റെ കൺവീനർ. അദ്ദേഹം മുതലാളിമാരെക്കണ്ട് രണ്ടുകോടി രൂപ പിരിച്ചു. ആ രണ്ടുകോടി രൂപ എങ്ങനെ വിതരണം ചെയ്തു എന്ന് ഗവണ്മെന്റിനറിയില്ല. പാർട്ടി ഓഫീസിൽക്കൂടിയാണ് വിതരണം ചെയ്തത്. ഇന്നും പരാതി നിലനിൽക്കുന്നു. രണ്ടാമത് ഡിപ്പോ സമ്പ്രദായം നിറുത്തി. Private വ്യക്തികൾ നടത്തിയിരുന്ന ഡിപ്പോ നിറുത്തി. എന്നാൽ ഇപ്പോൾ തോമസ് ഐസക്കാണ് ഡിപ്പോ നടത്തുന്നത്. ഞാനത് പറയുമെന്ന് കരുതിയിട്ടാകും ഡോക്ടർ തോമസ് ഐസക് എഴുന്നേറ്റ് പോയത്. ഡോക്ടർ തോമസ് ഐസക് ആയതുകൊണ്ടാണ് ജോയിന്റായിട്ടുള്ള സമരം നടത്തുന്നതിന് ആഹ്വാനം കൊടുത്തിട്ട്, എ.ഐ.ടി.യു.സി. അതുപോലെ സി.പി.ഐ. സമരത്തിൽനിന്നും പിൻമാറിയത്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ കാര്യങ്ങൾ പലതും ഈ ഗവണ്മെന്റ് ചെയ്തു. ആലപ്പുഴയിൽ സി.ഐ.ടി.യു. അടക്കമുള്ളവർ സമരത്തിലാണ്. ആ സമരത്തിൽനിന്നും മാറി ഐ.എൻ.ടി.യു.സി.-യും എ.ഐ.ടി.യു.സി.-യും വേറെ നിൽക്കുകയാണ്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, തൊണ്ടില്ലാത്തതുമൂലം പണിയില്ലാത്ത അവസ്ഥ വന്നിരിക്കുന്നു. അതൊരു വ്യാപകമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതുമായി ബന്ധപ്പെട്ട് ട്രേഡ് യൂണിയൻ നേതാക്കളേയും എം.എൽ.എ.-മാരേയും എല്ലാപേരേയും വിളിച്ചുവരുത്തി എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കണം. അഞ്ചു കോടി രൂപയുടെ പാക്കേജുകൊണ്ട് യാതൊരു പ്രയോജനവുമില്ല. പാക്കേജ് നിർബന്ധമായും വർദ്ധിപ്പിച്ചില്ലെങ്കിൽ കാര്യമൊന്നും നടക്കുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇക്കാര്യത്തിൽ കാരുണ്യം കാണിക്കണമെന്ന് അങ്ങ് ആവശ്യപ്പെടുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, കോൺഫറൻസ് ഞാൻ വിളിക്കാം. തൊണ്ടില്ല. ചകിരിയില്ല. ചിറയിൻകീഴ്, തിരുവനന്തപുരം പ്രദേശങ്ങളിൽ തൊണ്ട് കൈകൊണ്ട് തല്ലുന്നുണ്ട്. പല സ്ഥലത്തും തൊണ്ട് കൈകൊണ്ട് തല്ലുന്നില്ല. മെഷിണറിയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മെഷിണറികൾ മലബാറിലാണ് ഉണ്ടാക്കിയത്. 58 മെഷിണറികൾ കയർഫെഡാണ് ഉണ്ടാക്കിയത്. ആ 58 മെഷിണറികളിൽ അഞ്ചെണ്ണം ഒഴിച്ച് ബാക്കിയുള്ളവയെല്ലാം പ്രവർത്തിക്കാത്ത വിധത്തിലുള്ള മോശം മെഷിണറിയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ മെഷിണറികൾ നന്നാക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കാൻ തീരുമാനിച്ചു. അതിനുപുറമേ തൊണ്ട് തല്ലാൻ പ്രൈവറ്റ് വ്യക്തികൾക്ക്, ഡീ-ഫൈബറിംഗ് യൂണിറ്റുകൾക്ക് ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചു. അതിന്റെ file sanction-നുവേണ്ടി finance-ൽ കിടക്കുന്നു. ആവശ്യമുള്ളവർക്ക് വരാം. കോ-ഓപ്പറേറ്റീവ് സൊസൈറ്റികളോടുള്ള വിരോധം കൊണ്ടല്ല. കയർ രംഗത്ത് സൊസൈറ്റികളിൽ പലതും അതിന്റെ നേതാക്കൻമാർക്കും, ബോർഡ് അംഗങ്ങൾക്കും ജീവനക്കാർക്കും മാത്രമായി. സൊസൈറ്റികൾ വർക്ക് ചെയ്തതിന്റെ അനന്തരഫലമാണ് കയർ രംഗത്ത് സൊസൈറ്റികളുടെ അധഃപതനവും പ്രവർത്തന രാഹിത്യവും. ഇപ്പോൾ കയർ ബോർഡ് ഒരു തീരുമാനം എടുത്തിട്ടുണ്ട്. കുടുംബശ്രീക്ക് കയർ രംഗത്തുള്ള മറ്റ് self help group-കൾ തൊണ്ട് സംഭരിച്ച് കൊടുക്കുന്നതിന് ഒരു തൊണ്ടിന് 15 പൈസ വച്ച് കൊടുക്കാമെന്ന് പറഞ്ഞു. അതിൽ സന്തോഷമാണ്. അത് നടപ്പിലാക്കുന്നത് ഞങ്ങൾ എല്ലാപേരുടേയും തീരുമാനമാണ്. അതിന് കേന്ദ്ര ഗവൺമെന്റ് സാങ്ഷൻ തന്നിട്ടില്ല. സാങ്ഷൻ തരുമ്പോൾ അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കും. ചകിരി പ്രധാനമായിട്ടുള്ള വസ്തുവാണ്. ആവശ്യമായ തൊണ്ടില്ലാതെ വരാം. ഞാൻ പറഞ്ഞതുപോലെ കർണാടകയിൽ നിന്നും വരുന്നുണ്ട്. ലക്ഷദ്വീപിൽനിന്നും നൂറ് ടണ്ണിന് ഓർഡർ എടുത്തു. 20-ാം തീയതി ഇത് വരുമെന്ന് പറഞ്ഞു. കർണ്ണാടകയിൽ നിന്ന് 5 വാഗൺ വന്നുകഴിഞ്ഞു. ആവശ്യമായ നടപടികൾ എടുക്കുകയാണെങ്കിൽ ഗവൺമെന്റിന് ഇല്ല എന്നുള്ളതില്ല. കയർ രംഗത്തെ പ്രശ്നം ചെറിയ പ്രശ്നമല്ല. അവിടെ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇന്നത്തെ നിലയിൽ പഴയ കാലത്തേതുപോലെയുള്ള കയർ വന്നാൽ പുറത്താരെങ്കിലും വാങ്ങുമോ? ഇപ്പോൾ മുതലാളിമാരുടെ വലിയ ഫാക്ടറികളിൽ എയർ കണ്ടിഷൻ ചെയ്ത മുറികളിലാണ് കയർ സൂക്ഷിക്കുന്നത്. ആർ ആന്റ് ഡി കയർ രംഗത്ത് ഇല്ലാത്തതിനാൽ വലിയ ബുദ്ധിമുട്ടാണ്. ചെറുകിടക്കാർക്ക് ഞങ്ങൾ ഐ.സി.എ.ആറിനെക്കൊണ്ട് കയറിന് R & D start ചെയ്യാൻ സംഘടിതശ്രമം നടത്തിനോക്കി. അവരെ അടുക്കാൻ ഒക്കുകയില്ല. കയർ ഇൻഡസ്ട്രിയാണ്. ഇൻഡസ്ട്രിയെന്ന നിലയിലാണ് കയറിനെ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നത്. അത് ഉൾപ്പെടുത്താൻ ഒക്കില്ല എന്ന് പറഞ്ഞു തള്ളി. ആർ.ആന്റ് ഡി. തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികളുമായി സീ. ഡോട്ടിന്റെ കീഴിൽ അതിനാവശ്യമായിട്ടുള്ള സ്ഥലവും Research centre തുടങ്ങുന്നതിനുള്ള നടപടികളും എടുത്തു. കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ പരമ്പരാഗത വ്യവസായമാണ്. നാലര ലക്ഷം കുടുംബങ്ങൾ കഴിയുന്ന വ്യവസായമാണ്. ഈ വ്യവസായം നിലനിർത്താൻ പണം ആവശ്യമാണ്. അപേക്ഷിച്ചിട്ടുള്ള finance തരുന്ന മുറയ്ക്ക് കയർ വകുപ്പ് ആവശ്യമായ നടപടികളെടുക്കും. മൽസ്യരംഗത്ത് പ്രതിസന്ധി വന്നാൽ ഉടൻ ആളുകൾ കയർ രംഗത്തേയ്ക്കാണ് പോകുന്നത്. ഇന്ന് കയർ പിരിക്കുന്നതിനുള്ള യന്ത്രവൽകൃത റാട്ട് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റുംകൂടി ഫ്രീയായിട്ട് കൊടുക്കാൻ സെൽഫ് ഫൈനാൻസിംഗ് യൂണിറ്റുണ്ടാക്കി 30 ദിവസത്തെ ട്രെയിനിംഗ് നടത്തി തുടങ്ങിയിട്ടുണ്ട്. ഒമ്പത് ദിവസം കൊണ്ടൊന്നും പഠിക്കില്ല. അതുകൊണ്ട് ട്രെയിനിംഗ് ഒരു മാസമാക്കാൻ തീരുമാനിച്ച് സ്ത്രീകൾക്ക് വീടുകളിൽ റാട്ട് കൊടുക്കുന്നതിനുള്ള ശ്രമം നടത്തുന്നു. ആ വിധത്തിൽ ഒരു വശത്ത്. മറുവശത്ത് അഞ്ചുതെങ്ങ് തൊണ്ട് പിരിക്കുന്നവർ വൈക്കം തൊണ്ട് പിരിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

വൈക്കം തൊണ്ട് പിരിക്കുന്നവർ ആറാട്ടുവഴി തൊണ്ട് പിരിക്കില്ല. എല്ലാ തൊഴിലാളികളും എല്ലാ വിധത്തിലുമുള്ള തൊണ്ടും പിരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ, സീ ഡോട്ടിൽ കൂടി ട്രെയിനിംഗ് സ്റ്റാർട്ട് ചെയ്ത് കയർ വ്യവസായം, ഞാൻ മുമ്പ് പറഞ്ഞതുപോലെ കയർ വ്യവസായം പരമ്പരാഗത വ്യവസായമാണ്. കയർ വ്യവസായം തെങ്ങു കൃഷി പോലെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. കയറും തെങ്ങും തേങ്ങയുമെല്ലാം നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. ഈ വ്യവസായം നശിക്കാൻ അനുവദിക്കില്ല. അത് പുരോഗതിയിലേക്കെത്തിക്കുന്നതിനു വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും ചെയ്യും. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കും. ബഡ്ജറ്റിൽ കൊടുത്തിരിക്കുന്നത് അഞ്ചു കോടി രൂപയാണ്. നമ്മുടെ തൊണ്ടു ഉപയോഗിക്കാൻ Defibering unit കൾ private മേഖലയിലും തുടങ്ങണം, പണമാണ് പ്രശ്നം. വ്യവസായത്തിന്റെ പ്രാധാന്യവും ഇതിൽ ഉൾപ്പെട്ട നാലര ലക്ഷം തൊഴിലാളികളെ നിലനിർത്താൻ ആവശ്യമായ പണവും കിട്ടിയാൽ നമുക്ക് മുന്നോട്ടു പോകാം. അതിന് Dept. അപേക്ഷ കൊടുത്തിട്ടുണ്ട്. സഹായം കിട്ടുമെന്ന് പ്രതീക്ഷിക്കാം.

## VII. വ്യക്തിപരമായ വിശദീകരണം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): കഴിഞ്ഞ മാസം 19-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ എനിക്കെതിരായി ചില ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. ഈ ആരോപണത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഉൾപ്പെടുത്തിയിരുന്നു. 21-ാം തീയതി മുഖ്യമന്ത്രി തന്നെ ഇതിനെല്ലാം മറുപടി പറഞ്ഞതു കൊണ്ടാണ് ഞാൻ പ്രത്യേകമായി മറുപടി പറയാതിരുന്നത്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തിപരമായി ഒരു വിശദീകരണം നൽകുന്നത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണനും മറ്റംഗങ്ങളും ഈ സഭയിൽ ഉന്നയിച്ച എല്ലാ ആരോപണങ്ങളും ഞാൻ നിഷേധിക്കുന്നു. അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന നടപടി വളരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് പൂർത്തിയാക്കിയത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സമർപ്പിച്ച സർവ്വേ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രാഥമിക പട്ടിക പുറത്തിറക്കി. ആക്ഷേപങ്ങൾ കേട്ടശേഷമാണ് അവസാന പട്ടിക പുറത്തിറക്കിയത്. സ്കൂളുകളുടെ അംഗീകാരത്തിനായി ഈ സഭയിലെ രണ്ടു ഭാഗത്തുള്ളവരും ശുപാർശ ചെയ്തിട്ടുണ്ട്. പാർട്ടി നേതാക്കൻമാരും ശുപാർശ ചെയ്തിട്ടുണ്ട്. ശുപാർശ ചെയ്യുന്നത് തെറ്റാണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ ആരുടെയെങ്കിലും ശുപാർശയുടെ പേരിൽ അംഗീകാരം നൽകാനോ നൽകാതിരിക്കാനോ ഞാൻ ആർക്കും ഉത്തരവ് നൽകിയിട്ടില്ല. ആരുടെയെങ്കിലും ശുപാർശ ആരെങ്കിലും എവിടെയെങ്കിലും എഴുതിവെച്ചിട്ടുണ്ടെങ്കിൽ എനിക്കതിന് ഉത്തരവാദിത്വമില്ല. ഇതിനെ സംബന്ധിച്ച് ഉന്നയിച്ച ആരോപണങ്ങൾ ശക്തിയുക്തം നിഷേധിക്കുന്നു. ബി.എഡ്. കോളേജുകാർക്ക് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് മെത്രാപ്പൊലീത്ത ഉന്നയിച്ച പരാതി ഇപ്പോൾ ലോകായുക്തയുടെ പരിഗണനയിലാണ്. മറ്റൊരു പരാതി വിജിലൻസ് എൻക്വയറി കമ്മീഷന്റെ മുമ്പിലുമാണ്. അന്വേഷണം നടക്കട്ടെ. ഇക്കാര്യത്തിലും എനിക്കെതിരായ ആരോപണങ്ങൾ ഞാൻ നിഷേധിക്കുന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 75 സ്ഥാപനങ്ങൾക്കു പുറമേ പ്രശസ്തമായ അഞ്ച് സ്ഥാപനങ്ങൾക്കുകൂടി എൻ.ഒ.സി. നൽകാവുന്നതാണെന്ന് മന്ത്രിസഭ തീരുമാനിച്ചിരുന്നു. എന്നാൽ യോഗ്യതയുള്ള കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു എന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭയിലെ സഹപ്രവർത്തകരുമായി ആലോചിച്ച് 21 സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി. 2004-05 വർഷത്തേയ്ക്ക് പരിഗണിക്കാമെന്ന ധാരണയിലാണ് ഈ പട്ടിക തയ്യാറാക്കിയതും. അടുത്ത മന്ത്രിസഭായോഗത്തിൽ റാറ്റിഫിക്കേഷന് സമർപ്പിക്കാമെന്നും ധാരണയുണ്ടായിരുന്നു. 2003 ഡിസംബർ മാസം 31-ാം തീയതിയിലാണ് മന്ത്രിസഭായോഗം കൂടിയിരുന്നത്. അന്ന് അഞ്ചു മണിക്ക് മുമ്പായി എൻ.സി.ടി.ഇ.-ക്ക് എൻ.ഒ.സി. നൽകുന്ന സ്ഥാപനങ്ങളുടെ പട്ടിക നൽകേണ്ടിയിരുന്നതുകൊണ്ടാണ് മന്ത്രിസഭയുടെ റാറ്റിഫിക്കേഷന് വിധേയമായി 21 സ്ഥാപനങ്ങളുടെ പട്ടികകൂടി എൻ.സി.ടി.ഇ.-ക്ക് നൽകിയത്. എന്നാൽ അടുത്ത മന്ത്രിസഭായോഗത്തിനുമുമ്പായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് കേസ് വരികയും കോടതി നിശ്ചയിച്ച 75 എണ്ണത്തിന് പുറമേ 21 സ്ഥാപനങ്ങൾക്ക് നൽകിയ എൻ.ഒ.സി. കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. തുടർന്ന് നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് 21 സ്ഥാപനങ്ങൾക്കുള്ള എൻ.ഒ.സി. പിൻവലിച്ചത്. സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. വ്യക്തികൾ ആരെന്ന് നോക്കിയല്ല മറിച്ച് വിദ്യാഭ്യാസ ഏജൻസികൾ ഒരുക്കിയിട്ടുള്ള ഭൗതിക സൗകര്യങ്ങൾ വിലയിരുത്തിയാണ് വിദഗ്ദ്ധ സമിതി പട്ടിക തയ്യാറാക്കിയത്. പ്രിൻസിപ്പൽ സെക്രട്ടറി കെ. മോഹൻദാസും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ചുമതല വഹിക്കുന്ന ശ്രീ. കെ. കെ. ശാന്തകുമാറും കോടതി അലക്ഷ്യം നടത്തിയതായി കോടതി പറഞ്ഞിട്ടില്ല. 8-4-2003-ലെ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം റിലേറ്റീവ് മെരിറ്റ്സിനെ അടിസ്ഥാനപ്പെടുത്തി 75 സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഇതിൽ ലംഘനം നടത്തിയാണ് 75 സ്ഥാപനങ്ങൾ തെരഞ്ഞെടുത്തതെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കോടതിയലക്ഷ്യത്തിന് വിധേയമാകേണ്ടിവരും എന്നാണ് പറഞ്ഞിട്ടുള്ളത്. അക്കാര്യത്തിൽ വിശദമായ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. പെരിന്തൽമണ്ണയിൽ അൽ ഇഹ്സാൻ എഡ്യൂക്കേഷണൽ ട്രസ്റ്റിന് എൻ.ഒ.സി. നൽകിയത് സംബന്ധിച്ച ആക്ഷേപം ഉന്നയിക്കുകയുണ്ടായി. ഈ ട്രസ്റ്റിൽ എന്റെ സഹോദരൻ അംഗമായിപ്പോയി എന്നുള്ളത് ഈ ട്രസ്റ്റിന് എൻ.ഒ.സി. നൽകുന്നതിന് അയോഗ്യതയാകുമോ? എൻ.ഒ.സി. നൽകിയതുമായി ബന്ധപ്പെട്ട നിരുത്തരവാദപരമായ ആരോപണങ്ങളെ ഞാൻ അടിസ്ഥാനപരമായി നിഷേധിക്കുന്നു. ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് കഴിഞ്ഞ ഒരു മാസമായി എനിക്കെതിരായി മീഡിയക്കാരും മറ്റെല്ലാപേരും ഉന്നയിക്കുന്നത്. എനിക്കതിൽ യാതൊരു ബന്ധവുമില്ല. സത്യസന്ധമായി നീതിപൂർവ്വകമായി മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ. കൂടുതലായി എനിക്ക് ഒന്നും പറയാനില്ല.

## ധനകാര്യം (തുടർച്ച)

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-05-ലെ ബഡ്ജറ്റിന്റെ മൂന്ന് ദിവസത്തെ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ പ്രതിപക്ഷം ഇല്ലാതെ പോയത് വലിയ കഷ്ടമായിപ്പോയി. ഈ മൂന്ന് ദിവസവും പ്രതിപക്ഷം പറഞ്ഞ കാര്യങ്ങൾക്ക് മറുപടി കേൾക്കേണ്ടത് അവരുടെ ജനാധിപത്യ മര്യാദയായിരുന്നു. പക്ഷേ എന്തുകൊണ്ടാണ് പോയതെന്ന് അറിഞ്ഞുകൂടാ. ആര് തീരുമാനിച്ചുവെന്ന് അറിഞ്ഞുകൂടാ. പ്രതിപക്ഷവും ഭരണകക്ഷിയുമെന്നൊക്കെ പറഞ്ഞാൽ പാർലമെന്ററി ഡെമോക്രസിയിൽ ഭരണകക്ഷിയേക്കാൾ കൂടുതൽ ഉത്തരവാദിത്തം വേണം പ്രതിപക്ഷത്തിന്. ഇത് "പൊട്ടകുളത്തിൽ പുളവൻ ഫണീന്ദ്രൻ കാട്ടാളരിൽ കാപ്പിരി കാമദേവൻ" എന്ന് പറഞ്ഞ പോലെയാണ്. ആര് തീരുമാനിച്ചു? ശ്രീ. അച്ചുതാനന്ദൻ ഇവിടെയില്ല, ശ്രീ. കോടിയേരി ഇവിടെയില്ല, പിന്നെ ആരാണുള്ളത്? അതാണ് "പൊട്ട കുളത്തിൽ പുളവൻ ഫണീന്ദ്രൻ കാട്ടാളരിൽ കാപ്പിരി കാമദേവൻ" എന്ന് പറയാനുള്ള കാരണം. ഞാൻ ആരെയും പരിഹസിച്ചുകൊണ്ട് പറയുകയല്ല. ഖേദം കൊണ്ട് പറയുകയാണ്. സങ്കടം കൊണ്ട് പറയുകയാണ്. ഇത്ര നിരുത്തരവാദപരമായ ഒരു പ്രതിപക്ഷം........

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ: പ്രതിപക്ഷ നേതാവിന് സ്റ്റോക്ക് ഇറക്കാൻ വളരെ ബുദ്ധിമുട്ടാണ് പ്രതിപക്ഷം ഇല്ലാത്തതുകൊണ്ട് അല്ലെങ്കിൽ പല സ്റ്റോക്കും ഇറങ്ങുമായിരുന്നു.

ശ്രീ. കെ. ശങ്കരനാരായണൻ: 1957-നുശേഷം കേരള നിയമസഭ ഇങ്ങനെ കണ്ടിട്ടില്ല. ഇ. എം. ശങ്കരനമ്പൂതിരിപ്പാട് പ്രതിപക്ഷ നേതാവായി ഇരുന്നിട്ടുണ്ട്. ശ്രീ. ഇ. കെ. നായനാർ പ്രതിപക്ഷ നേതാവായി ഇരുന്നിട്ടുണ്ട്. പല പ്രതിപക്ഷ നേതാക്കൻമാരും നമ്മുടെ യു.ഡി.എഫ്.-ൽ മുഖ്യമന്ത്രിമാരായിരുന്നിട്ടുണ്ട്. മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിട്ടുണ്ട്. Do they have any responsibility to the people? എനിക്ക് മനസ്സിലായില്ല. ഞാനൊന്നും കേട്ടില്ല, ആരും കേട്ടില്ല. കുറച്ച് കടലാസുകളൊക്കെ ചുരുട്ടിയെറിഞ്ഞ് ഞാനിതാ പോകുന്നുവെന്ന് പറഞ്ഞ് പോയി. "പുള്ളി സംക്രാന്തിയും ബാപ്പയും കൂടി ഒരു കെട്ടിമറിച്ചിൽ" ഇതാണോ അതിന്റെ ശരി?

മന്ത്രിസഭയിലെ അംഗങ്ങളെല്ലാവരും കൂടി വളരെ ആലോചിച്ച് തയ്യാറാക്കിയതാണ് 2004-05ലെ ബഡ്ജറ്റ്. മുഖ്യമന്ത്രി ആദ്യമേ പറഞ്ഞിരുന്നു, ഒരു വികസന വർഷമായിട്ട് നമുക്ക് 2004-05 കൊണ്ടുവരണമെന്ന്. ബുദ്ധിമുട്ടുകളെന്തൊക്കെ ഉണ്ടായാലും കേരളത്തിന്റെ ചരിത്രത്തിൽ 1957-ന് ശേഷം ഇത്രയധികം ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക്, കഞ്ഞി കുടിക്കാനില്ലാത്തവർക്ക്, നടക്കാൻ വയ്യാത്തവർക്ക്, ഇരിക്കാൻ വയ്യാത്തവർക്ക്, കണ്ണ് കാണാത്തവർക്ക്, കാൽ ഇല്ലാത്തവർക്ക് ആനുകൂല്യം ചെയ്ത ഒരു ബഡ്ജറ്റ് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. 1957-നുശേഷം ഇങ്ങോട്ട് പരിശോധിച്ചു കണ്ടില്ല. മൂന്ന് ദിവസം ഘോരഘോരം പ്രസംഗിച്ചു. എന്താ മറുപടി പറയുന്നതെന്ന് കേൾക്കാൻ ഒരു മര്യാദ വേണ്ടേ? സ്പീക്കർ ഒന്നും പറഞ്ഞില്ലല്ലോ? സ്പീക്കറോട് വൈരാഗ്യമുണ്ടെങ്കിൽ 9-ാം തീയതി വച്ചിട്ടുണ്ടല്ലോ, അപ്പോൾ പറഞ്ഞാൽ പോരേ? ഇപ്പോൾ വേണോ അത്? അടുത്ത ജൻമം എന്തെങ്കിലുമാകുമെന്ന് വിചാരിച്ചിട്ട് ഇപ്പോൾ ഭക്ഷണം തുടങ്ങണോ? എന്റെ ജീവിതത്തിൽ എനിക്ക് ആരോടും വൈരാഗ്യമില്ല. നേരത്തെ മുഖ്യമന്ത്രി പറഞ്ഞു, ധനകാര്യമന്ത്രിക്ക് ടെൻഷനില്ല എന്ന്. എനിക്ക് ടെൻഷനേയില്ല. എന്തെങ്കിലും ഉണ്ടെങ്കിലല്ലേ ടെൻഷൻ വേണ്ടൂ. ഈ രാജ്യത്ത് പല കാര്യങ്ങളും നടന്നിട്ടുണ്ട്, ഇന്നലെ നടന്നിട്ടുണ്ട്, ഇന്ന് നടക്കുന്നുണ്ട്, നാളെ നടക്കും. അതിനൊക്കെ നമ്മൾ ടെൻഷനടിച്ചാൽ നേരത്തെ ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞ കൂട്ടത്തിൽ, ഈ രാജ്യത്ത് കയർ ബാക്കിയുണ്ടാകില്ല. ബഡ്ജറ്റ് എന്നുപറയുന്നത്, കേരളത്തെ സംബന്ധിച്ചിടത്തോളം, മൂന്നര കോടി ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത്ര ആനുകൂല്യം ചെയ്തിട്ടുള്ള ബഡ്ജറ്റ് കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. അതിന് എന്റെ സഹപ്രവർത്തകരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എല്ലാവരും സഹായിച്ചിട്ടുണ്ട്. ഞാൻ അത്ര പ്രഗത്ഭനല്ല എന്ന് എല്ലാവരും പറയുന്നുണ്ട്. ആരാണ് പ്രഗത്ഭൻമാരെന്ന് എനിക്ക് മനസ്സിലായില്ല. വഴിയിൽകൂടി പോകുന്ന ആളുകളൊക്കെ ധനകാര്യത്തെക്കുറിച്ച് സംസാരിക്കുന്നു. അവർ പറയുന്നത് കേട്ടാൽ തോന്നും ജ്ഞാനപീഠം കയറിയവരാണെന്ന്. അത് കയറണമെങ്കിൽ തന്നെ പലതും ബാക്കി വച്ചിട്ടാണ് കയറിയിരിക്കുന്നത്. ബഡ്ജറ്റ് പ്രസംഗത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ വന്ന പ്രധാനപ്പെട്ട വിമർശനമെന്ന് പറയുന്നത്, ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള കാര്യങ്ങൾ മുഴുവൻ നടപ്പിലാക്കുന്നില്ല, ലാപ്സാകുന്നു വെന്നുള്ളതാണ്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ഒരു കമ്മിറ്റിയെ തീരുമാനിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുമായി ആലോചിച്ച് ആരൊക്കെയാണ് ആ കമ്മിറ്റിയിൽ വേണ്ടതെന്ന് തീരുമാനിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ വളരെയധികം കാര്യങ്ങൾ പറഞ്ഞു. എന്റെ വിചാരം അദ്ദേഹത്തിന് ഹൈദ്രാബാദിൽ ഇരുന്ന് നമ്മൾ ഇവിടെ നിന്ന് പറയുന്നത് കേൾക്കാൻ സാധിക്കുമെന്നുള്ളതാണ്. അതിന് സാധിക്കട്ടെ. മെമ്മോ കൊടുക്കുന്നുവെന്ന് പറഞ്ഞു. മെമ്മോ തുടങ്ങിയത് 1998-ലാണ്. ഈ ബഡ്ജറ്റ് തയ്യാറാക്കിയത് മുൻകാലത്തെ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയും കൂടുതൽ കൃത്യതയോടുകൂടിയുമാണ്. അതാണ് എല്ലാ സർക്കാരുകളും അവലംബിച്ചിട്ടുള്ളതെന്ന് രേഖകൾ വ്യക്തമാക്കുന്നത്. ഉദാഹരണത്തിന് 11-ാം ധനകാര്യ കമ്മീഷനിൽ സമർപ്പിച്ച റവന്യൂ ഫോർകാസ്റ്റ് പ്രകാരം 2000-01, 2001-02 വർഷങ്ങളിലെ ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള റവന്യൂ വരുമാന തുക താഴെപ്പറയും പ്രകാരമാണ്. അവർ ഇത് കേൾക്കാൻ ഇരിക്കേണ്ടതായിരുന്നു. റവന്യൂ വരുമാനം-കമ്മീഷന് സമർപ്പിച്ച കണക്ക് 2000-01-ൽ 9015 കോടി രൂപയും, 2001-02-ൽ 9862 കോടി രൂപയും ആയിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റ്—2000-01-ൽ 10,170 കോടി രൂപയും 2001-02-ൽ 10,833 കോടി രൂപയും ആയിരുന്നു. അന്ന് ഈ വ്യത്യാസങ്ങളൊക്കെയുണ്ടായിരുന്നു. റവന്യൂ ചെലവിന്റെ കാര്യത്തിലായാലും ഈ വ്യത്യാസമുണ്ടായിരുന്നു. റവന്യൂ ചെലവ് 2000-01-ൽ 14966 കോടി രൂപയും 2001-02- ൽ 16835 കോടി രൂപയും ആയിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-01-ൽ 12,121 കോടി രൂപയും, 2001-02-ൽ 13,366 കോടി രൂപയുമാണ്. അന്നും ആ വ്യത്യാസമുണ്ടായിരുന്നു. പക്ഷേ ആ വ്യത്യാസങ്ങളൊക്കെ മറന്നു പറഞ്ഞതാണ്. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ശ്രീ. സൂപ്പി ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നുകഴിഞ്ഞതിനുശേഷമാണ് വിദ്യാഭ്യാസ മേഖല open up ചെയ്തത്— ഉണർവുണ്ടായത്. മെഡിക്കൽ കോളേജുകളും, എൻജിനീയറിംഗ് കോളേജുകളും, നഴ്സിംഗ് കോളേജുകളും അനുവദിക്കുകവഴി പാവപ്പെട്ട കുട്ടികൾക്ക് ഇവിടെത്തന്നെ പഠിക്കാവുന്ന സ്ഥിതിവിശേഷമുണ്ടായി. ഇവിടത്തെ കുട്ടികൾ കർണ്ണാടകയിലും തമിഴ്നാട്ടിലും ആന്ധ്രയിലും പോകാത്ത സ്ഥിതിവിശേഷം വന്നപ്പോൾ അസൂയയാണ്. അസൂയ അല്ലാതെ വേറെ യാതൊന്നുമില്ല. അല്ലെങ്കിൽ ഇതിന് മറുപടി പറയണ്ടേ?

എന്താണ് ഇന്ത്യാരാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ നടത്തുന്ന പരിഷ്ക്കരണം കേരളത്തിൽ നടപ്പിലാക്കുമ്പോൾ ഇവർക്ക് ചൊറിച്ചിലെന്ന് മനസ്സിലാകുന്നില്ല. ഇതൊക്കെ കേൾക്കാൻ മടിച്ചാണ് അവർ എണീറ്റ് പോയത്. ഞാൻ വായ്ക്ക് രുചിയായി നാലെണ്ണം പറയണമെന്നു വിചാരിച്ചിരുന്നതാണ്. 2001-02-ലെ റവന്യൂ കമ്മി 2606 കോടി രൂപയായി പിടിച്ചു നിർത്താൻ ഈ സർക്കാരിന് സാധിച്ചു. 2002-03-ൽ റവന്യൂ കമ്മി 4119 കോടി രൂപയായി വർദ്ധിച്ചു എന്നുള്ളത് ശരിയാണ്. കുടിശ്ശിക ബാധ്യത ഏതാണ്ട് മുഴുവനായിതന്നെ കൊടുത്ത് തീർത്തു. വൈദ്യുതി ബോർഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കാനുണ്ടായിരുന്ന 1158 കോടി രൂപ കൊടുത്തുതീർത്തു. വൈദ്യുതി ബോർഡിന് നൽകിയ സബ്സിഡി 556.46 കോടി രൂപ, ജീവനക്കാരുടെ 9-10 മാസത്തെ പെൻഷൻ ആനുകൂല്യങ്ങൾ 1000 കോടി രൂപയായിരുന്നു. എന്തുകൊണ്ട് റവന്യൂ കമ്മിയെന്നുള്ളതിന്, ഞാൻ കാര്യങ്ങൾ പറയുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 1997-ൽ നടപ്പിലാക്കിയ ശമ്പളപരിഷ്ക്കരണ കുടിശ്ശിക ഇനത്തിൽ 800 കോടി രൂപ ഞങ്ങൾ കൊടുത്തു തീർത്തു. 2003 - 04 ലെ റവന്യൂ കമ്മി സംസ്ഥാന ജീവനക്കാരുടെ മൊത്തം 16 ശതമാനം ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിനുശേഷവും 3676 കോടി രൂപയായി പിടിച്ചു നിർത്താൻ സാധിച്ചു. ആദ്യം 17 ശതമാനം ഡി.എ. കൊടുത്തു. ഇപ്പോഴാണ് 10 ശതമാനം കൊടുത്തത്. 16-ഉം, 10-ഉം, 26-ഉം ശതമാനം ഡി.എ. കേരളത്തിന്റെ ചരിത്രത്തിൽ, രണ്ട് വർഷക്കാലത്തിനുള്ളിൽ കൊടുത്തിട്ടുള്ള ഗവൺമെന്റ് ശ്രീ. എ. കെ. ആന്റണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റാണ്. മറ്റൊരു ഗവൺമെന്റും ഇതിനുമുമ്പ് കൊടുത്തിട്ടില്ല. ഇത് കൊടുത്തിട്ടാണ് റവന്യു കമ്മി എന്നു പറയുന്നത്. ഇത് ഇല്ലായിരുന്നുവെങ്കിൽ! ഇവർ ദിവസേന സെക്രട്ടേറിയറ്റിന് മുമ്പിൽ ഈ സർക്കാർ ഉദ്യോഗസ്ഥന്മാരെ വിളിച്ചിരുത്തി സമരം ചെയ്യുകയില്ലേ? കഴിഞ്ഞ വർഷം അവർ സമരം ചെയ്തപ്പോൾ ഇവിടുത്തെ മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും ഞങ്ങളുടെയും ഈ നാട്ടിലുള്ള സർവ്വ ജീവികളുടെയും പേര് വിളിച്ചില്ലേ? ഏതെങ്കിലും പേര് വിളിക്കാൻ ബാക്കിവച്ചോ ?

മി. സ്പീക്കർ: അത് ഇനിയും വിളിക്കും.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, 2004-05-ൽ റവന്യുകമ്മി 4707 കോടി രൂപയായി കണക്കാക്കിയിരുന്നു. 2003-04-നെ അപേക്ഷിച്ച് 1031 കോടി രൂപയുടെ വർദ്ധനവ് ഇതിൽ വരുന്നതാണ്. 2004-05-ലെ വാർഷിക പദ്ധതി അടങ്കൽ 4800 കോടി രൂപയാണ്. സംസ്ഥാന പദ്ധതിയുടെ 60-65 ശതമാനം റവന്യു ചെലവ് ഇനത്തിലാണ്. ഏകദേശം 3000 കോടി രൂപയുടെ റവന്യു ചെലവ് പദ്ധതിയിനത്തിൽ ഉൾപ്പെടുന്നു. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന 1350 കോടി രൂപ ഗ്രാന്റും ഉൾപ്പെടും. നടപ്പ് സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ മാത്രം 2378.13 കോടി രൂപ വേണമെന്നാണ് കണക്കാക്കുന്നത്. 2004-05 ൽ ഇത് 3778.98 കോടി രൂപയായി കുത്തനെ വർദ്ധിക്കുകയാണ്. 1040.84 കോടി രൂപയുടെ വർദ്ധനവ് മുൻകാലങ്ങളിൽ സർക്കാർ ഏറ്റെടുത്ത കടങ്ങളുടെ പലിശ മാത്രമല്ല കെ.എസ്.ഇ.ബി., കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കാനുള്ള 1158 കോടി രൂപയുടെ ബാധ്യത ഈ സർക്കാർ ഏറ്റെടുക്കുകയും ഇത്രയും തുകയുടെ ബോണ്ട് 8 ശതമാനം പലിശ നിരക്കിൽ ഇഷ്യു ചെയ്യുകയും ചെയ്തു. ഈ ഇനത്തിലെ പലിശ ബാധ്യതയും ഇതിൽ ഉൾപ്പെടുന്നു. സർക്കാർ ജീവനക്കാരുടെ ശമ്പളയിനത്തിൽ ഈ വർഷം 4697.36 കോടി രൂപയാണ് ചെലവ്. 2004-05-ൽ ഇത് 5878.37 കോടി രൂപയാകുമെന്നു കണക്കാക്കുന്നു. ഡി.എ. കൂടി കൂട്ടുമ്പോൾ അത് പെൻഷൻകാർക്കും ബാധകമാണ്. അതുകൊണ്ടാണ് നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ഇവിടെ ആരെയും ജോലിയിൽ പ്രവേശിപ്പിക്കുന്നത് നിരോധിച്ചിട്ടില്ല എന്നു പറഞ്ഞത്. പി.എസ്.സി.യുടെ കണക്ക് പ്രകാരം 62,000 പേർക്ക് പുതുതായി ഈ രണ്ടര വർഷക്കാലം കൊണ്ട് നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. പി.എസ്.സി.യുടെ കണക്ക് തെറ്റാകുമോ? അവിടെ വേറെ ചില കണക്കുകളിൽ തെറ്റുണ്ട്. ഈ കണക്ക് തെറ്റാകാൻ മാർഗ്ഗമില്ലല്ലോ? ഈ ടോട്ടൽ ഡി.എ. എന്നു പറയുമ്പോൾ 812 കോടി രൂപ വരുന്നു. ഇത് വേണ്ടെന്നുവച്ചില്ല ഗവൺമെന്റ്. ഈ മൂന്നിനങ്ങളിലെ അധിക ചെലവ് 2004-05 ൽ റവന്യു കമ്മി വർദ്ധിക്കാനുള്ള സാഹചര്യമുണ്ടാക്കും. അതിന് വേറെ അഡ്ജസ്റ്റുമെന്റ്സ് ഉണ്ടാക്കാൻ നമുക്ക് സാധിക്കും. ഫിനാൻഷ്യൽ മാനേജ്മെന്റ് സ്ട്രിക്റ്റാക്കികൊണ്ടു പോയാൽ നമുക്ക് ചെയ്യാൻ സാധിക്കും. പക്ഷേ ഇവിടെയുള്ള ഒരു പ്രശ്നം ചെലവ് ഒരു ഭാഗത്തും കുറയ്ക്കാൻ നിവൃത്തിയില്ല. ഇനി ഈ രാജ്യത്ത് ആർക്കെങ്കിലും പെൻഷൻ കിട്ടാനുണ്ടോ എന്നുള്ളതിന് ഒരു രഹസ്യാന്വേഷണം നടത്തുകയാണ്. ഇവരൊക്കെ റോഡിലൂടെ വീൽചെയറിൽ ഇരുന്ന് കൈയും കാലും ഇല്ലാതെ പോകുന്നത് കണ്ടപ്പോൾ കണ്ണിൽ ചോരയല്ല വന്നത്, കണ്ണ് നനഞ്ഞുവന്നതുകൊണ്ടാണ് 110 രൂപ എന്നത് 150 രൂപയാക്കി വർദ്ധിപ്പിച്ചത്. ഇത് സഹിക്കാൻ സാധിക്കുകയില്ല എന്നുവച്ചാൽ ഇവരെയൊക്കെ പറയേണ്ട ഭാഷ എന്താണ്. ഞാൻ പറയുന്നില്ല. അതിനാണ് കുറ്റം, അതിനാണ് എതിർപ്പ്. അതിനാണ് ഈ ബഡ്ജറ്റിനോട് എതിർപ്പ്. ഓൺലൈൻ ലോട്ടറിയെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവർ ഇവിടെ യാതൊരു ലൈസൻസുമില്ലാതെ ഇവിടെ വന്നു തോന്നിയമാതിരി ചെയ്തപ്പോൾ അതിന് ഒരു നിയമം കൊണ്ടുവന്നു. അത് നിയമപരമായി കേന്ദ്ര ഗവൺമെന്റുമായിട്ട് ആലോചിച്ച് അതിന് ഒരു ചിട്ടയുണ്ടാക്കാനേ ആലോചിക്കുന്നുള്ളു. അതുകൊണ്ട് നമ്മുടെ പേപ്പർ ലോട്ടറിക്ക് യാതൊരു കുഴപ്പവും വന്നിട്ടില്ല. പേപ്പർ ലോട്ടറിയുടെ വില്പന കൂടുകയാണ് ചെയ്തിരിക്കുന്നത്. എ.ഡി.ബി.-യെക്കുറിച്ച് ഞാൻ പറയുന്നില്ല. അത് ഡോക്ടർ തോമസ് ഐസക്ക് ഉണ്ടായിരുന്നെങ്കിൽ പറയാമായിരുന്നു. കാരണം അദ്ദേഹവും ശ്രീ. ശിവദാസമേനോനും കൂടിയിട്ടാണല്ലോ ആദ്യം എ.ഡി.ബി. ഇവിടെ വന്നപ്പോൾ കഞ്ഞി കൊടുത്തതും കാപ്പി കൊടുത്തതും വെള്ളം കൊടുത്തതും മദ്യം കൊടുത്തതും ഇറച്ചി കൊടുത്തതും, അവർ ആണല്ലോ എ.ഡി.ബി.-യെ പൂവിട്ട് പൂജിച്ചുകൊണ്ട് വന്നത്. ഞങ്ങൾ കൊണ്ടുവന്നതല്ലല്ലോ. അതിനെക്കുറിച്ച് ഇനി പറയേണ്ട കാര്യമില്ല. അത് പറഞ്ഞിട്ട് വലിയ പ്രയോജനമില്ല. 1991-ലെ പബ്ലിക്ക് അക്കൗണ്ടിലെ മിച്ചം 325 കോടി രൂപ. 1995-96-ൽ ഇത് 373 കോടി രൂപയായി. വർദ്ധനവ് വെറും 48 കോടി രൂപ. 2001 പബ്ലിക്ക് അക്കൗണ്ടിലെ മിച്ചം 1907 കോടി രൂപ അതായത് 1996 മുതൽ 2001 വരെയുള്ള 5 വർഷക്കാലയളവിൽ 1534 കോടി രൂപ മാത്രമാണ്. 2001-02-ലെ വാർഷിക പദ്ധതിയിൽ 315 കോടി രൂപയായി നിജപ്പെടുത്തുകയും തൻവർഷം 2531 കോടി രൂപ പദ്ധതി ഇനത്തിൽ ചെലവാക്കുകയും ചെയ്തു. 2001-02-ൽ പബ്ലിക്ക് അക്കൗണ്ടിലെ മിച്ചം 434.14 കോടി രൂപയാണ്. 2002-03-ൽ 4026 കോടി രൂപയായി നിജപ്പെടുത്തുകയും പബ്ലിക്ക് അക്കൗണ്ട് ട്രാൻസർ ക്രഡിറ്റ് ഒന്നും തന്നെ ചെയ്യാതെ 3943.93 കോടി രൂപ ചെലവാക്കുകയും ചെയ്തു. അതായത് അടങ്കലിന്റെ 97.96 ശതമാനം. ഇത് മുൻ വർഷത്തെക്കാൾ ചെലവിൽ 1413 കോടി രൂപയുടെ വർദ്ധനവ് കാണിക്കുന്നു. ഫസ്റ്റ് ക്ലെയിമാണ്. In the history of Kerala, 2001, 2002, 2003-ൽ വാർഷിക പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. ബുക്ക് അഡ്ജസ്റ്റുമെന്റിലൂടെ മറിച്ച് യഥാർത്ഥ ചെലവ് നടത്തിയാണ് യു.ഡി.എഫ്. സർക്കാർ ഇത് മുന്നോട്ട് കൊണ്ടുപോയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതാത് മാസങ്ങളിൽ പണം കൊടുക്കാൻ എടുത്ത തീരുമാനം ഈ ഗവൺമെന്റിന്റേതാണ്. അതിന് ട്രഷറി നിയന്ത്രണമൊന്നും വച്ചിട്ടില്ല. ഇവിടെ പി.എസ്.സി.-യെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞു. എൽ.ഡി.എഫ്. സർക്കാർ രണ്ടര വർഷക്കാലംകൊണ്ട് 54,000 പേർക്കും 5 വർഷംകൊണ്ട് 1,10,000 പേർക്കുമാണ് നിയമനം നൽകിയത്. എന്നാൽ ഈ സർക്കാർ 2003 നവംബർ 30 വരെ മാത്രം 62,000 പേർക്ക് പി.എസ്.സി. അപ്പോയിന്റ്മെന്റ് നൽകിയിട്ടുണ്ട്. ഇത് പി.എസ്.സി. തന്നിട്ടുള്ള കണക്കാണ്.

ക്ഷേമ പെൻഷനുകൾ ഒരുപാട് ബാക്കി വച്ചിരുന്നു. വിധവ-അഗതി പെൻഷൻ 659 ലക്ഷം രൂപ, വാർദ്ധക്യകാല പെൻഷൻ 205 ലക്ഷം രൂപ, കർഷകത്തൊഴിലാളി പെൻഷൻ 2900 ലക്ഷം രൂപ, തൊഴിൽ രഹിതവേതനം 6060 ലക്ഷം രൂപ മുൻസർക്കാർ കുടിശ്ശികയാക്കിയ പെൻഷനുകളിൽ ആറു മാസത്തെ കുടിശ്ശിക 2002-ൽ നൽകി. ശേഷിക്കുന്ന മുഴുവൻ കുടിശ്ശികയും തീർത്ത് നൽകാൻ 2003 മാർച്ചിൽ ഉപധനാഭ്യർത്ഥന വഴി 96 കോടി രൂപ അനുവദിച്ചു നൽകി. നടപ്പ് സാമ്പത്തിക വർഷം വിവിധ സാമൂഹ്യ പെൻഷനുകൾ നൽകാൻ മാത്രം 150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വികലാംഗർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, അവിവാഹിതരും 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകളുടെ പെൻഷൻ, സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ എന്നിവ 2003 ഡിസംബർ 31 വരെയുള്ളത് വിതരണം ചെയ്യുന്നതിന് തുക അനുവദിച്ചു കഴിഞ്ഞു. പശ്ചിമബംഗാളിൽ 31-3-2003 വരെയുള്ള പൊതുകടം 77,588

കോടി രൂപയാണ്. 2002-03-ൽ കേരളത്തിന്റെ പദ്ധതി തുക 426 കോടി രൂപ. 2000-ൽ കേരളത്തിൽ 4040.85 കോടി രൂപ വിൽപന നികുതി ഇനത്തിൽ പിരിച്ചെടുത്തപ്പോൾ പശ്ചിമബംഗാളിൽ പിരിച്ചെടുത്തത് 3502 കോടി രൂപയാണ്. ഇതൊക്കെ ഇവർക്ക് മനസ്സിലാകാത്ത ഒരു കാര്യമാണ്. 2001-02-ൽ കേരളത്തിലെ റവന്യൂ കമ്മി 2605 കോടി രൂപ, പശ്ചിമ ബംഗാളിൽ 8856 കോടി രൂപ. കേരളത്തിൽ 28.77 ശതമാനം പശ്ചിമബംഗാളിൽ 55 ശതമാനം. 2001-2002-ൽ കേരളത്തിലെ ധനകമ്മി 3269 കോടി രൂപ, പശ്ചിമബംഗാളിൽ 10,804 കോടി രൂപ. 2000-01-ൽ നികുതി വരുമാനം എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 7455.86 കോടി രൂപ. 2002-03-ൽ 9017.76 കോടി രൂപയാണ് യു.ഡി.എഫ്. സർക്കാർ പിരിച്ചെടുത്തത്. വർദ്ധനവ് 1561 കോടി രൂപയാണ്. ഇത് കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ്. ശമ്പളം, പെൻഷൻ, പലിശ എന്നിവ റവന്യൂ വരുമാനത്തിന്റെ 94 ശതമാനത്തിൽ പിടിച്ചുനിർത്താൻ കഴിഞ്ഞ രണ്ട് വർഷവും സർക്കാരിന് കഴിഞ്ഞു. നടപ്പു സാമ്പത്തിക വർഷം സർക്കാർ ജീവനക്കാർക്ക് 11 ശതമാനം ഡി.എ. കൊടുക്കാൻ സാധിച്ചു. എ.ജി.യുടെ ആഡിറ്റ് ഫിഗർ ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ സൂചിപ്പിച്ചു. പ്ലാൻ റവന്യൂ ചെലവിൽ 110 കോടി രൂപയുടെ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞു. 2000-2001-ൽ റവന്യൂ അക്കൗണ്ടിൽ ഈ പദ്ധതിക്ക് 1940.9 കോടി രൂപ. 2002-2003-ൽ ഇതേ അക്കൗണ്ടിൽ ചെലവഴിച്ചത് 3054.24 കോടി രൂപയാണ്. വർദ്ധനവ് എ.ജി.യുടെ കണക്ക് പ്രകാരം 1113.75 കോടി രൂപയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് വളരെയധികം വിമർശനങ്ങൾ വന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് വളരെ വ്യക്തമായി ഗവൺമെന്റെടുത്ത തീരുമാനം ലാഭത്തിൽ നടക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനവും വിൽക്കില്ല എന്നുതന്നെയാണ്. പക്ഷേ, ഇത് മുഴുവൻ കടത്തിലേക്ക് പോവുകയാണ്. ഇവിടെ ജിം-നെക്കുറിച്ചൊക്കെ ഘോരഘോരം പ്രസംഗിക്കുന്നു, ജിം പരാജയപ്പെട്ടു. എന്തൊരു സന്തോഷമാണെന്ന് അറിയാമോ? വളരെ സ്നേഹിച്ച് മോഹിച്ച് കൊണ്ടുവന്ന ഭാര്യ മരിച്ചുപോയ കൂട്ടത്തിലാണ് ജിം പരാജയപ്പെട്ടതിന്റെ സന്തോഷം. എങ്ങനെ പരാജയപ്പെടാതിരിക്കും? അതിനുശേഷം ഇവർ എത്ര സമരങ്ങളാണ് നടത്തിയിട്ടുള്ളത്? ഇന്നത്തെ പത്രത്തിൽ ഇൻഫോസിസിന്റെ ഒരു പരസ്യമുണ്ട്. കേരളത്തിൽ നിന്ന് ജോലിക്ക് ആളെ എടുക്കാൻവേണ്ടി എങ്ങനെ വരും? ഇതാണ് ടൈപ്പ് എങ്കിൽ പിന്നെ വരുമോ? ഇതൊരു സംസ്ഥാനത്തിന് ചേർന്നതാണോ? ഇവർ ഇനി ഭരിക്കാൻ വന്നാൽ ഇവർക്ക് ഭരിക്കാൻ പറ്റുമോ? ഞാൻ ഒരു കാര്യം പറയാം. ഇവർക്ക് ദൈവശിക്ഷയാണ്. ഇവർ ഇനി കേരളത്തിൽ ഭരിക്കില്ല. ഇവർ ഇങ്ങനെ ഉരുകി ഉരുകി പോകും. ഇപ്പോൾ വലിയ സങ്കടമാണ്. ബി.ജെ.പി. അധികാരത്തിൽ വരും, ബി.ജെ.പി. വർഗ്ഗീയ കക്ഷിയാണ് എന്ന് ഞാൻ രാഷ്ട്രീയം പറഞ്ഞു എന്നുള്ളതാണ് അച്ചുതാനന്ദന്റെ വലിയ ആക്ഷേപം. അച്ചുതാനന്ദൻ കേട്ടില്ലായെങ്കിലും ഞാൻ പറയുന്നു, ബി.ജെ.പി.-യെക്കുറിച്ച് നഖശിഖാന്തം ഈ ഗവൺമെന്റും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം വിമർശിക്കും. അതിന് ആര് എന്തു പറഞ്ഞാലും ശരി. മതനിരപേക്ഷത എന്നുപറഞ്ഞാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രമാണോ? ഞങ്ങളെ സംബന്ധിച്ചിടത്തോളം മുസ്ലീം ലീഗ് ഇല്ലാത്ത ഒരു മുന്നണി ഇല്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം, ഇത് പറയാൻ ഇവർ ആരാണ്? ഈ തെരഞ്ഞെടുപ്പ് വന്നാൽ കോയമ്പത്തൂരിൽ പോയാൽ ഞാനും അച്ചുതാനന്ദനും ഒന്നിച്ച് പ്രസംഗിക്കണം. പാവം സി.പി.ഐ.-ക്കാരെക്കുറിച്ച് നമ്മൾ വിമർശിക്കുന്നത് ശരിയല്ല. അവിടെ നാലെണ്ണം ഉണ്ടായിരുന്നത് ഇപ്പോൾ ഒന്നായി കുറഞ്ഞിരിക്കുന്നു. 2006-07-ഓടെ സംസ്ഥാനത്തിന്റെ ധനകമ്മി മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 2 ശതമാനമായി കുറച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരും. അതിനുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്. കയർ മേഖല നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് നബാർഡിന്റേയും എൻ.സി.ഡി.സി.യുടേയും സഹായത്തോടുകൂടി ഒരു പുനരുദ്ധാരണ പാക്കേജ് സഹകരണ മേഖലയിൽ നടപ്പാക്കുമെന്ന് ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന് സർക്കാർ വിഹിതമായി വകകൊള്ളിച്ച 5 കോടി രൂപയ്ക്ക് പുറമേ ആ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് 5 കോടി രൂപ കൂടി നീക്കിവയ്ക്കുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിച്ച് എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ 126–ാം ഖണ്ഡികയിൽ പ്രത്യേകിച്ച് സുരക്ഷ ഹൗസിംഗ് സ്കീം മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കുന്നതിനായി സബ്സിഡിയായി 20 കോടി രൂപ നീക്കിവയ്ക്കുന്നു. കാർഷികാദായ നികുതിയെക്കുറിച്ച്, അഡീഷണൽ ടാക്സിനെക്കുറിച്ച് ഞാൻ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ വളരെ ക്ലാരിറ്റിയോടുകൂടി തന്നെയാണ് പറഞ്ഞത്. കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ്. സർക്കാർ വന്നതിനുശേഷം നന്മയല്ലാതെ ഒരു തിന്മയും ചെയ്തിട്ടില്ല. വരൾച്ചയ്ക്ക് വേണ്ടി മാത്രമാണ് ഈ ബഡ്ജറ്റിൽ 50 കോടി രൂപ നീക്കി വച്ചത്. കടാശ്വാസത്തിന് വേണ്ടി 25 കോടി രൂപ പിന്നെയും നീക്കി വച്ചു. ഇതെല്ലാം ചെയ്തിട്ടും പിന്നെയും ഒന്നും ചെയ്തിട്ടില്ല എന്നുപറഞ്ഞാൽ എവിടെയാണ് ഇവർ ഈ ബഡ്ജറ്റ് വായിച്ചത്? അതോ ബഡ്ജറ്റിൽ ഞാൻ പറഞ്ഞ പേജ് കഴിഞ്ഞ് വേറെ ഏതെങ്കിലും പേജുണ്ടോ? കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ടാക്സിന്റെ കാര്യത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. കൃഷിക്കാർക്ക് ദ്രോഹം ചെയ്യുന്ന ഒരു കാര്യവും ചെയ്യരുത്.

മി. സ്പീക്കർ: കൃഷിക്കാർ ഇന്ന് കൊടുക്കുന്ന ടാക്സിൽ നിന്ന് ഒരു പൈസയും കൂടുതൽ കൊടുക്കേണ്ടി വരില്ലേ?

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ പറയാം. കാർഷികാദായ നികുതി പരിഷ്കരിച്ചുകൊണ്ടുള്ള ബഡ്ജറ്റ് നിർദ്ദേശം യഥാർത്ഥത്തിൽ കർഷകർക്ക് ഗുണകരമാണ്. ഇത് നികുതിഭാരം ലഘൂകരിക്കുന്നതിന് ഉതകുന്നതുമാണ്. തന്നെയുമല്ല, നിലവിലുള്ള കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ കൃഷിക്കാർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. സാഹചര്യം ഇതാണെങ്കിലും ബഡ്ജറ്റ് നിർദ്ദേശത്തെപ്പറ്റി കർഷകരുടെയിടയിൽ ആശങ്കകൾ സൃഷ്ടിക്കപ്പെട്ട നിലയ്ക്ക് കാർഷികാദായ നികുതി നിരക്കുകൾ പരിഷ്ക്കരിച്ചുകൊണ്ടുള്ള ബഡ്ജറ്റ് നിർദ്ദേശം ഞാൻ പിൻവലിക്കുന്നു. തത്ഫലമായി പഴയ വ്യവസ്ഥകൾ നിലനിൽക്കുന്നതായിരിക്കും. ഇതിനു പുറമേ ചെറുകിട-ഇടത്തരം കർഷകർക്ക് മറ്റ് ആനുകൂല്യം നൽകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇൻകം ടാക്സ് ആക്ടിന് ഒരു അമെന്റ്മെന്റ് സെൻട്രൽ ഗവണ്മെന്റ് കൊണ്ടുവന്നു. ആ അമെന്റ്മെന്റ് പ്രകാരം റബ്ബറിന് 35 ശതമാനവും കാപ്പിക്ക് 40 ശതമാനവും അവർ ഇൻകം ടാക്സ് ഈടാക്കുകയാണ്. ഇവിടെ മുഴുവൻ വരുമാനത്തിനും ഈടാക്കുകയാണ്. ഇപ്പോൾ അങ്ങ് പറഞ്ഞതിന്റെ അർത്ഥം മുഴുവൻ ഈടാക്കുമെന്നല്ലേ? അതായത്, അത് കഴിച്ചുള്ളതിനാണ് വേണ്ടത്. അത് 20 ശതമാനം മുതൽ 60 ശതമാനം ആയിരുന്നു നേരത്തെ ഉണ്ടായിരുന്നത്. അത് ഇപ്പോൾ ബഡ്ജറ്റ് പ്രസംഗത്തിൽ 10 ശതമാനം മുതൽ 50 ശതമാനം വരെയായി കുറച്ചു. അത് എടുത്തുകളഞ്ഞാൽ 20 ശതമാനം മുതൽ 60 ശതമാനം വരെ വരില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

